Sri. Krushnamritham

Reading
Room

F 195

1858

# പശ്ചിമയൂറോപ്പിൽ ഒരു ഭാരതീയന്റെ പൎയ്യടനം

ഒന്നാം ഭാഗം.


എ. എസ്സ്. പഞ്ചാപകേശയ്യർ,

എം. എ. (ആക്സൺ), ഐ. സി. എസ്സ്.


പരിഭാഷകൻ,

പി. ദാമോദരൻപിള്ള ബി. എ.


(പകൎപ്പവകാശം, എസ്സ്. ആർ. വി. പ്രസ്സ്, കൊല്ലം.)


വില അണ 12.

Printed at
The Sri Rama Vilas Press, Quilon.
1108.

ഗ്രന്ഥകാരന്റെ

# മുഖവുര.

---

മനുഷ്യൻ ദേശാടനംചെയ്യാത്ത ഒരു കാലം ഒരുപക്ഷെ ഇല്ലാതിരുന്നിരിക്കണം. തന്റെ സഞ്ചാരാനുഭവങ്ങളെപ്പററി അവൻ പറയാതിരുന്ന കാലം ഉണ്ടായിട്ടില്ലെന്നുള്ളതു് തീച്ച്യയാണു്. ഈ ശാരദത്തമായ വാഹനം അഥവാ വെറും കാലുമാത്രമേ ആദ്യം അവനു സഞ്ചാരോപകരണമായുണ്ടായിരുന്നുള്ളു. എന്നാൽ പരിഷ്കാരാഭിവൃദ്ധിയോടുകൂടി ആളുകൾ ചുമക്കുന്ന പല്ലക്കു്, കുതിര, കഴുത, തടികുഴിച്ചുണ്ടാക്കിയ പാത്തി (the dug-out)) വള്ളം, മൃഗങ്ങൾ വലിക്കുന്ന വണ്ടി, രണ്ടോ നാലോ കുതിരയെ പൂട്ടുന്ന ആഡംബരപൂണ്ണമായ രഥം, ടാം, വിമാനം, എന്നിവ ഓരോന്നായി ഉണ്ടായി. സഞ്ചാരോപകരണങ്ങൾ കൂടുതൽ കൂടുതൽ പരിഷ്കരിക്കപ്പെട്ടതനുസരിച്ച ദേശാടനത്തിന്റെ അളവു് അതിമാത്രം വദ്ധിച്ചു. പക്ഷെ ആദിമകാലങ്ങളിലും അതു് തീരെ അസാധാരണമായിരുന്നില്ല. സഞ്ചാരിയുടെ യാത്രാവിവരങ്ങൾ അയാളുടെ ഗ്രാമക്കാർ നിന്നിമേഷരായി കേട്ടുകൊണ്ടിരിക്കുക പതിവായിരുന്നു സമീപവാസിയായ പ്രഭുവോ, രാജാവോ, അയാളെ വിളിച്ചുവരുത്തി സഞ്ചാരകഥകൾ പറയിക്കുക എന്നുള്ളതു് ഒട്ടും അപൂവ്വമായിരുന്നില്ല. അപരിചിതദേശങ്ങളെപ്പററിയുള്ള കഥകൾ കേൾക്കുന്നതിൽ മനുഷ്യൻ എക്കാലത്തും ഉൽക്കടമായ ഔൽസുക്യം പ്രദർശിപ്പിച്ചിട്ടുണ്ടു്. വിനോദങ്ങൾ വളരെ കുറവായിരുന്ന ആ പഴയ കാലങ്ങളിൽ സഞ്ചാരികൾ അത്യന്താഭപക്ഷിതമായ വിനോദനിദാനങ്ങളായിരുന്നു. ചിലപ്പോൾ മറെറാരു ഉദ്ദേശത്താലും അവർ തങ്ങളുടെ അനുഭവങ്ങളെ വണ്ണിക്കുക പതിവായിരുന്നു. അതായതു് തന്നിമിത്തം മററു സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കാൻ അവർ ശ്രമിച്ചുവന്നിരുന്നു. കച്ചവടക്കാർ, യോദ്ധാക്കൾ, തിർത്ഥയാത്രക്കാർ എന്നിവരായിരുന്നു ആദിമകാലങ്ങളിലെ ദേശസഞ്ചാരികൾ. ഇവ

രിൽ കച്ചവടക്കാരും, യോദ്ധാക്കളും തങ്ങളുടെ മാർഗ്ഗങ്ങൾ രഹസ്യമായി വച്ചുകൊണ്ടിരിക്കുന്നതിൽ തല്പരന്മാരായിരുന്നു. പ്രാചീന കാലങ്ങളിൽ വാണിജ്യമാർഗ്ഗങ്ങളും, സൈനികമാർഗ്ഗങ്ങളെന്നപോലെ തന്നെ സ്പർദ്ധാപൂർവം കാത്തു സൂക്ഷിച്ചുവന്നു. എന്നാൽ തീർത്ഥാടനക്കാർക്കു തങ്ങളുടെ വഴികളെ ഒളിക്കേണ്ട കാര്യമൊന്നുമുണ്ടായിരുന്നില്ല. അതിമനോഹരമായ ചില സഞ്ചാരവിവരണങ്ങൾ തീർത്ഥയാത്രക്കാരുടേതുമാണ്. ഫാഹിയൻ, ഹ്യൂൻഷാംഗ്, ഇററ്സിങ്ങ് എന്നിവരെ ഇൻഡ്യാക്കാർ ഉടനടി ഓർക്കും. പക്ഷെ തീർത്ഥയാത്രക്കാർ ആത്മീയവിഷയങ്ങളെപ്പററിമാത്രം ശ്രദ്ധിക്കുന്നവരാകയാൽ സാധാരണ മർത്ത്യർ ഒരുപക്ഷെ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്ന ശുദ്ധ ഭൗതികകാര്യങ്ങളെപ്പററി എഴുതാൻ അവർ കനിയുന്നതു ചുരുക്കമാണ്. അനന്തരശതാബ്ദങ്ങളിൽ, അജ്ഞാതഭൂവിഭാഗങ്ങളെ അനാവരണംചെയ്യുക എന്നതിനെത്തന്നെ ജീവിതവൃത്തിയായി സ്വീകരിച്ചവരും, ലോകസഞ്ചാരികളും മററും ഉണ്ടാകയും, അവർ തങ്ങളുടെ അനുഭവങ്ങളെ രേഖപ്പെടുത്തിത്തുടങ്ങുകയുംചെയ്തു. ഈയിടെയായി ഇത്തരം ഗ്രന്ഥങ്ങൾ എഴുതുന്നതിൽ ഒരു ഉദ്ദേശംകൂടിയുണ്ട്. ഭിന്നരാജ്യങ്ങൾതമ്മിൽ കൂടുതൽ അറിയുന്നതിനാൽ അവ പരസ്പരം ഒരു സൗഹാർദ്ദബന്ധം പരിപാലിക്കണമെന്നുള്ളതാണ് ആ ഉദ്ദേശം.

അനേകം ഇംഗ്ലീഷുകാർ ഇൻഡ്യയിലെ അവരുടെ പരിചയാനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ തങ്ങളുടെ ജീവിതത്തെപ്പററി ഇൻഡ്യാക്കാരാരും എഴുതിയിട്ടില്ല. പാശ്ചാത്യലോകത്തിലെ വിദൂരസ്ഥലങ്ങളിൽ ഒരു ആചാരനിഷ്ഠയുള്ള ഹിന്ദുവിനുണ്ടാകുന്ന യഥാർത്ഥാനുഭവങ്ങൾ എന്തെല്ലാമെന്ന് അറിയാൻ ആഗ്രഹിച്ച ചില സ്നേഹിതന്മാരുടെ ഹൃദയപൂർവ്വമായ അപേക്ഷയനുസരിച്ചാണ് ഈ പുസ്തകം എഴുതിയിട്ടുള്ളതു്. ആ അനുഭവങ്ങൾ ഉണ്ടായപ്രകാരം, കഴിയുംമട്ട് മറവികൂടാതെ ഞാൻ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒടുവിലത്തെ മൂന്ന് അദ്ധ്യായങ്ങളിൽ കാണുംപോലെ, ഞാൻ എവിടെയെല്ലാം അനുമാനചർച്ചകൾക്ക് ഭാവിച്ചിട്ടുണ്ടോ, അവിടെയെല്ലാം ഞാൻ കണ്ട സംഗതികളെ

ആസ്പദമാക്കി നിഷ്പക്ഷമായ തീരുമാനത്തിലെത്താൻ കഴിവുള്ളിടത്തോളം ശ്രമിച്ചിട്ടുമുണ്ട്.

സഞ്ചാരോപകരണങ്ങളുടെ അത്ഭുതാവഹമായ അഭിവൃദ്ധിയാൽ ലോകം ദിനംതോറും ചുരുങ്ങിച്ചുരുങ്ങിവരുന്നു. വിമാനം ലണ്ടൻനഗരത്തെ കറാച്ചിയിൽനിന്നു നാലുദിവസത്തെ മാത്രം വഴിക്കപ്പുറമാക്കിയിരിക്കുന്നു. പാശ്ചാത്യലോകം പൗരസ്ത്യലോകത്തോടു അടുക്കുംതോറും അതിനെ കൂടുതൽ അടുത്തറിയേണ്ട ആവശ്യം ദുർന്നിവാരമായിത്തീരുന്നു. വിവേചനബുദ്ധി ഉപയോഗിക്കാതെ, പാശ്ചാത്യമായിട്ടുള്ളതിനെയെല്ലാം കേവലം നന്നാണെന്ന് അഭിമാനിക്കുന്നതു്, പൗരസ്ത്യമായിട്ടുള്ളതിനെയെല്ലാം അതേപ്രകാരം പുച്ഛിക്കുന്നതുപോലെതന്നെ ദോഷകരമാകുന്നു. ശുദ്ധമേ നിർദ്ദോഷവും, ശുദ്ധമേ ദോഷപൂർണ്ണവും ആയ രാജ്യങ്ങൾ കേവലം സുശീലരും, കേവലം ദുശ്ശീലരും ആയ ആളുകളെപ്പോലെതന്നെ അപൂർവ്വമാകുന്നു. ലോകത്തിൽ നന്മതിന്മകൾ മിശ്രമായിരിക്കുന്നു. അതിനാൽ നന്മ കൂടുതലായി കാണപ്പെടുന്ന ഒരു ദേശത്തെ നാം നന്നാണെന്നു വിധിക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യലോകത്തെപ്പററിയുള്ള ശരിയായ ഒരു ജ്ഞാനം അന്യായമായി അതിനെ സ്തുതിക്കയോ, പഴിക്കയോ ചെയ്യുന്നതിൽനിന്നു നമ്മെ വിനിവർത്തിപ്പിക്കുന്നു. ഈ പുസ്തകം പാശ്ചാത്യലോകത്തെപ്പററി ഭാരതീയൎക്കു് ഒരു അറിവുനല്കുന്നതിനു് ഉപകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബെറാംപൂർ (ഗഞ്ചാം) 1—2—1929. } എ. എസ്സ്. പി. അയ്യർ (ഒപ്പ്) എം എ. ഐ. സി. എസ്.

പരിഭാഷകന്റെ

# മുഖവുര.

"കാളിദാസന്റെ ആശയം ഏതുവിധം മലയാളഭാഷകൊണ്ടു് പ്രതിപാദിച്ചാൽ വായനക്കാരുടെ ഹൃദയംഗമമായി സ്ഫുരിക്കുമോ, ആ വിധം ഭാഷപ്പെടുത്തുകയെന്നല്ലാതെ, വൃത്താനുവൃത്തം, പദാനുപദം, എന്നും മററും പറയാറുള്ള തർജ്ജമയ്ക്കു പുറപ്പെട്ടിട്ടില്ല," എന്നു ഏ. ആർ. തിരുമേനി, "ഭാഷാകുമാരസംഭവത്തി"ന്റെ മുഖവുരയിൽ പറയുന്നു.

തർജ്ജമ ചെയ്യുന്ന വിഷയത്തിൽ മുകളിൽകാണിച്ച ആ മഹാനായ ഭാഷാശാസ്ത്രജ്ഞന്റെ രീതി തന്നെയാണു് എനിക്കും മാതൃകയായിത്തീൎന്നിട്ടുള്ളതു്.

തന്നിമിത്തം ഈ തർജ്ജമയിൽ ധാരാളം സ്വാതന്ത്ര്യം പ്രയോഗിക്കാൻ ഇടയായിട്ടുണ്ടു്. പക്ഷെ ഈ ഗ്രന്ഥം ഒരുതരത്തിലും ഒരു "സ്വതന്ത്രതർജ്ജമ"യല്ല.

നിരന്തരപ്രയോഗംകൊണ്ടു സാധുത്വം സിദ്ധിച്ചുപോയ അനേകം പ്രയോഗവൈകല്യങ്ങൾക്കു ഞാൻ ഇതിൽ ഇടംകൊടുത്തിട്ടുണ്ടു്. ഇങ്ങനെ ചെയ്തതിനു സമാധാനം പറയണമോ എന്നു ഞാൻ ശങ്കിക്കുന്നു. ചില പണ്ഡിതന്മാൎക്കു് ഇതു രുചിക്കുകയില്ലെന്നു് അറിയായ്കയല്ല. പക്ഷെ അവർ എന്റെ ഈ സ്വാതന്ത്ര്യത്തെ ക്ഷമിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. തർജ്ജമയെപ്പററി എനിക്കു് ഇത്രമാത്രമേ പറയാനുള്ളു.

എന്നെ ഈ തർജ്ജമയ്ക്കു് പ്രേരിപ്പിച്ചതു്, എന്നോടു് എപ്പോഴും സഹോദരവാത്സല്യത്തോടുകൂടി പെരുമാറിയിട്ടുള്ള ശ്രീമാൻ കെ. ജി. ശങ്കർ അവർകളാണു്. "മലയാളരാജ്യ"ത്തിൽ തർജ്ജമ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന അവസരത്തിൽ മൂലഗ്രന്ഥകാരനായ ശ്രീമാൻ പഞ്ചാപകേശയ്യരവർകൾ ഒന്നിലധികം പ്രാവശ്യം പ്രശംസാപരമായ അഭിപ്രായം എഴുതിഅയച്ചു് എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻപോററി അവൎകൾ തന്റെ അവതാരികയിൽ ഞാൻ അർഹിക്കാത്തവിധം ചില പ്രശംസകൾ ചെയ്തിരിക്കുന്നതു് എന്റെ ഹൃദയത്തെ കുളുൎപ്പിക്കാതിരിക്കുന്നില്ലെന്നു തുറന്നുപറയാം.

ഇവർ മൂവരോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ അഞ്ജലിപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പരിഭാഷകൻ.

# അവതാരിക.

സാക്ഷാൽ ജി. പരമേശ്വരൻപിള്ളയുടെ 'ലണ്ടൻ ആൻഡ് പാരീസ് ത്രൂ ഇൻഡ്യൻ സ്പെക്ടക്കിൾസ്' എന്ന ഗദ്യകാവ്യമാണു് അത്രവളരെ ഒക്കെ കേട്ടിരുന്ന ആ മഹാനഗരങ്ങളെക്കുറിച്ചു് ഞാൻ ആദ്യം വായിച്ച പുസ്തകം. അതു് എത്ര ജിജ്ഞാസയോടുകൂടിയാണു മദിരാശിയിൽനിന്നു വരുത്തിയതു് എന്നും എത്ര ആസക്തിയോടും കൗതുകത്തോടും കൂടിയാണു വായിച്ചുതീർത്തതു് എന്നും ഇപ്പോഴും ഞാൻ ഓർക്കുന്നു. ഉത്സാഹപൂർവം തുള്ളിക്കളിക്കുന്ന അതിലെ ഭാഷ, പ്രതിപാദിതങ്ങളായ വിഷയങ്ങളോടു പഞ്ചസാര പാലിനോടു് എന്നപോലെ സ്വഹകരിച്ചു എന്നേ എത്രമാത്രം ആഹ്ളാദിപ്പിച്ചു എന്നു ഞാൻ ഓർക്കുന്നു. പാശ്ചാത്യനഗരങ്ങളെപ്പററി വിവരിക്കുന്ന വേറൊരു പുസ്തകം അത്രയും ആവേശത്തോടും കൗതുകത്തോടും അതിൽപിന്നെ ഞാൻ വായിച്ചതു്, ശ്രീമാൻ എ. എസ്സ്. പി. അയ്യരുടെ ഈ കൃതിയത്രെ. വിഷയങ്ങളുടെ വൈപുല്യംകൊണ്ടും പ്രതിപാദനസമ്പ്രദായംകൊണ്ടും ഭാഷകൊണ്ടും മററും അതിലും അധികമായ ഒരു ആഹ്ളാദം ഇതിൽനിന്നു് എനിക്കു ലഭിക്കയും ചെയ്തു. അതു് ഒരു സഞ്ചാരിയുടെ നോട്ടുകളും ഇതു് ഒരു യുവവിദ്യാർത്ഥി സമ്പാദിച്ച വിജ്ഞാനത്തിൻെറ വിവരണങ്ങളും ആകുന്നു.

സാധാരണ വർത്തമാനപ്പത്രങ്ങളിൽ സംഗതിയോ സന്ദർഭമോ നോക്കാതെ, വായനക്കാരുടെ മനോഭാവത്തേ ഗൗനിക്കാതെ പത്രസ്ഥലത്തേമാത്രം പരിഗണിച്ചു് എവിടെയെങ്കിലും വെട്ടിമുറിച്ചു് കഷ്ണംകഷ്ണമായി പ്രസിദ്ധംചെയ്യാറുള്ള പുസ്തകങ്ങളെ അവയിൽനിന്നു് ഞാൻ വായിക്കപതിവില്ല. അതിനു വേണ്ട ക്ഷമ എനിക്കില്ല. എന്നാൽ 'പശ്ചിമയൂറോപ്പിൽ ഒരു ഭാരതീയൻെറ പര്യടനം' മലയാളരാജ്യത്തിൽ ആ വിധം പ്രസിദ്ധം ചെയ്തുതുടങ്ങിയപ്പോൾ അതിൻെറ പേരു് എന്നേ ബലാൽ ആകർഷിച്ചു. ആദ്യഭാഗം വായിച്ചുനോക്കിയതോടുകൂടി എൻെറ ആ പതിവു ഞാൻ അറിയാതെ എന്നേ ഉപേക്ഷിക്കയുംചെയ്തു. ഈ ഗ്രന്ഥഭാഗങ്ങൾ പ്രസിദ്ധംചെയ്തുപോന്ന മലയാളരാജ്യത്തിൻെറ പ്രതികളെ മുടങ്ങാതെ വായിച്ചുകൊണ്ടിരുന്നു എന്നുമാത്രമല്ല, കമ്പിവാർത്തകൾക്കും ന്യൂസ്കൾക്കും രണ്ടാമത്തെ സ്ഥാനം കൊടുക്കാനേ എനിക്കു് കഴിഞ്ഞിരുന്നുമൊള്ളു.

മലയാളം തൎജ്ജിമയിൽനിന്നു് മൂലത്തിലേ ഭാഷാരസികത്തങ്ങളേ ധാരാളം ഊഹിക്കാൻ കഴിഞ്ഞതിനാൽ മൂലഗ്രന്ഥം വായിക്കാൻ അപ്പോൾതന്നെ വലിയ ഉൽക്കണ്ഠയുണ്ടായി എങ്കിലും അതു വായിച്ചുകഴിഞ്ഞാൽ ഭാഷാന്തരം വായിക്കാൻ പക്ഷേ ഉദാസീനനാവാനും അങ്ങനെ നല്ല ഒരു മലയാളംപുസ്തകം വായിക്കാനുള്ള അവസരം പൊയ്പോകാനും ഇടയായേക്കുമെന്നുപേടിച്ചു് അന്നു് ആ ആഗ്രഹത്തേ ഞാൻ അടക്കി; തൎജ്ജിമ വായിച്ചുകഴിഞ്ഞശേഷം ഒട്ടും അമാന്തിക്കാതെ മൂലഗ്രന്ഥം കൈവശമാക്കി ഒരേ ഇരുപ്പിലിരുന്നു്, എന്നുതന്നെ പറയാം, പുറംകടലാസുമുതൽ പുറംകടലാസുവരെ വായിച്ചുതീൎത്തു; എന്തെന്നില്ലാത്ത ഒരു മനസ്സുഖം അനുഭവിക്കയുംചെയ്തു. ഇതാകുന്നു ഈ പുസ്തകത്തേസംബന്ധിച്ചു എനിക്കു് വായനക്കാരെ വിനയപൂൎവ്വം അറിയിക്കാനുള്ള എന്റെ സ്വന്തം അനുഭവം.

"ഈ പുസ്തകം വായിച്ചിട്ടു അങ്ങനെ തോന്നാത്തവരെക്കുറിച്ചു് ഞങ്ങൾക്കു് അസൂയയില്ല" എന്നു് പണ്ടു വിദ്യാവിനോദിനി മയൂരസന്ദേശത്തേക്കുറിച്ചു പറഞ്ഞതുപോലെ ഇതിനേക്കുറിച്ചു പറയേണ്ട ആവശ്യമില്ല. എന്തെന്നാൽ ഇതിലേ വിഷയം ഭാരതഖണ്ഡത്തിലെ കുഗ്രാമവാസികൾപോലും അറിയാൻ അത്യാഗ്രഹത്തോടുകൂടിയിരിക്കുന്ന പശ്ചിമയൂറോപ്പാണല്ലൊ. ഇതിന്റെ വൈശിഷ്ട്യം അവിടെ അവസാനിച്ചില്ല. സ്വന്തം കണ്ണുകൾകൊണ്ടു കണ്ടു ബുദ്ധിപൂൎവ്വകം അനുഭവിച്ചിട്ടാണു് ഇതു് എഴുതിയിട്ടുള്ളതു്. എഴുതിയ ആളോ പരീക്ഷകളിൽ ഫസ്റ്റ്ക്ലാസും ഇരട്ട ഫസ്റ്റ്ക്ലാസും ലഭിച്ച ഒരു അസാമാന്യനിശിതബുദ്ധിമാൻ—അനുഭവരസികത്തം ധാരാളമുള്ള ഒരു മലയാളി—ഭാഷയോ അദ്ദേഹത്തിന്റെ കൈയിൽ അങ്ങനെ നൃത്തംചെയ്കയാണു്. അപ്രകാരമെല്ലാമുള്ള ഒരു ഗ്രന്ഥത്തിന്റെ തൎജ്ജിമയാണു് ഇതു്. തൎജ്ജിമക്കാരനാകട്ടേ മൂലത്തിന്റെ ഭംഗി ലേശം വിടാതെ അൎത്ഥപൂൎത്തിയോടെ വിവൎത്തനം ചെയ്വാൻ പാടവമുള്ള മറെറാരു മലയാളിയുമാകുന്നു.

തെക്കേമലയാളം ഡിസ്ത്രിക്ടിൽ പാലക്കാട്ടുതാലൂക്കിൽ അയലംഗ്രാമത്തിൽ ജനിച്ചു് ൧൮൯൯-ാമാണ്ടു് ജനുവരിമാസം ൨൭-ാനു- എന്ന ദിവസത്തെ ധന്യമാക്കിയ ശ്രീമാൻ എ. എസ്. പഞ്ചാപകേശയ്യരാണു് മൂലഗ്രന്ഥകാരൻ. പ്രസവിച്ചു് അമ്പതാംദിവസം കാലധൎമ്മം പ്രാപിക്കയാൽ അദ്ദേഹത്തിന്റെ ജനയിത്രിയ്ക്കു് താൻ കുടുംബത്തിനും നാട്ടിനും ചെയ്ത മഹോപകാരത്തെപ്പററി അറിയു

ന്നതിനും ശിശുവിൻെറ ഭാഗ്യാതിരേകത്തിൽ പങ്കുകൊള്ളുന്നതിനും സംഗതിയായില്ല. കാളിഅമ്മ എന്ന വിശ്വസ്തയായ ഒരു നായർധാത്രിയ്ക്കാണു് അതിനാൽ അഖിലാണ്ഡേശ്വരിഅമ്മാളിന്ന പകരം ആ ഭാഗ്യവാനായ ബാലനെ ശുശ്രൂഷിച്ചു വളൎത്തിയതിലുള്ള അഭിമാനം ലഭിച്ചതു്. ആ പുണ്യവതി ആ കൃത്യം എങ്ങനെയാണു നിൎവ്വഹിച്ചതെന്നുള്ളതു ശിശുവിൻെറ ഭാവിചരിത്രംകൊണ്ടു് അറിയാമല്ലൊ.

പഞ്ചാപകേശയ്യരുടെ അച്ഛൻ ശ്രീമാൻ എ. എസ്സ്. സുബ്രഹ്മണ്യയ്യരായിരുന്നു അദ്ദേഹത്തിൻെറ കുടുംബത്തിൽ ആദ്യമായി ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു പുറപ്പെട്ടതു്. അതിന്നു മുമ്പുള്ളവർ വേദശാസ്ത്രപുരാണാദികളിൽ വൈദുഷ്യം ലഭിച്ച പ്രശസ്തരായിരുന്നു. കുട്ടി പഞ്ചാപകേശൻ ലോക്കൽബോർഡ് ലോവർസെക്കണ്ടറി സ്കൂളിൽ ആരംഭിച്ച പാലക്കാട്ടു് ഹിന്ദു ഹൈസ്കൂളിലും തിരുവനന്തപുരത്തു് ഫോർട്ടു് ഹൈസ്ക്കൂളിലും തുടൎന്നു പഠിച്ചു് ഇംഗ്ലീഷ് സ്കൂൾലീവിങ്ങ്പരീക്ഷയിൽ ഉയൎന്ന റാങ്കിൽ ജയിച്ചു് തൻെറ ഹൈസ്ക്കൂൾവിദ്യാഭ്യാസം പൂൎത്തിയാക്കിയതിന്നുശേഷം തിരുവനന്തപുരം കാളേജിൽ ചേൎന്നു ഉന്നതവിദ്യാഭ്യാസത്തിൽ പ്രവേശിച്ചു. ബി. ഏ. പരീക്ഷയ്ക്കു് ചരിത്രവും ധനശാസ്ത്രവും ഐച്ഛികവിഷയമായി സ്വീകരിച്ചു്, അതിൽ ഒന്നാംക്ലാസിലും ഇംഗ്ലീഷിൽ ഒന്നാംക്ലാസിൽ എന്നല്ല, പ്രസിഡൻസിയിൽ ഒന്നാമനായും ജയിച്ചു്, ആൎട്ട്സ് കളേജ് വിദ്യാഭ്യാസവും പൂൎണ്ണമാക്കി. അനന്തരം മദിരാശി ലാക്കാളേജിൽ ചേൎന്നു് എഫ്. എൽ പരീക്ഷയ്ക്കും ഒന്നാംക്ലാസിൽതന്നെ വിജയം ലഭിച്ചു "......ബി. എൽ. പരീക്ഷയിലും ഒന്നാംക്ലാസിൽ ജയിച്ചു മലബാറിൽ വക്കീലന്മാരുടെ സംഖ്യ ഒരു ചതുരശ്രമൈലിന്നു പത്തിൽകുറവായി മാത്രമുള്ള വല്ല നാട്ടുംപുറത്തും വ്യവഹരിക്കണമെന്നുള്ളതിൽ കവിഞ്ഞ മഹാഭിലാഷങ്ങളൊന്നുംകൂടാതെ" ബി. എൽ. ക്ലാസിൽ പഠിത്തവും തുടങ്ങി. അങ്ങിനെയിരിക്കെ അദ്ദേഹത്തിൻെറ ജീവിതചക്രം സാധാരണയിൽ കവിഞ്ഞ ഒരു ഭാഗ്യകേന്ദ്രത്തിലേക്കു് തിരിയുകയും ശ്രേഷ്ഠനായ ഒരു സ്വന്തം ഐ. സി. എസ്സ്. ഉദ്യോഗസ്ഥനെക്കൂടി ലഭിക്കാനുള്ള ഇൻഡ്യയുടെ ശുക്രദശ ആരംഭിക്കയും ചെയ്തു.

മൂന്നുവൎഷത്തോളം ഇംഗ്ലണ്ടിൽ താമസിച്ചു് ആക്സ്ഫോർഡ് സൎവ്വകലാശാലയിലെ എം. എ. പരീക്ഷയിലും ഐ. സി. എസ്സ്. ഓപ്പൺ കാമ്പററററീവുപരീക്ഷയിലും ജയിക്കയും അതിനോടുകൂടി

ബ്രിട്ടീഷ് ദ്വീപങ്ങളിലും പശ്ചിമയൂറോപ്പിൽ പലേ നഗരങ്ങളിലും 'പര്യടനം'ചെയ്തു കണ്ടും കേട്ടും അനുഭവിച്ചും ആലോചിച്ചും ജ്ഞാനത്തേ പരിപുഷ്ടമാക്കി മിനുസപ്പെടുത്തുകയുംചെയ്തു് ഇപ്പോൾ പുരുഷപ്രാപ്തിതികഞ്ഞ നമ്മുടെ എ. എസ്സ്. പി. അയ്യർ ൧൯൨൨ ഡിസമ്പർമാസത്തിൽ ഇൻഡ്യയിൽ മടങ്ങിയെത്തി. ആ ദേഹമത്രെ പ്രസ്തുത പുസ്തകത്തിന്റെ മൂലഗ്രന്ഥകാരനായ 'ഒരു ഭാരതീയൻ'.

ആദ്യം ബെല്ലാറി അസിസ്റ്റൻറുകളക്ടർ, പിന്നീട് മുറയ്ക്കു രാജാംപേട്ട സബ്കളക്ടർ, സൗത്ത് ക്യാനറാ ആക്ടിംഗുകളക്ടർ, കണ്ണൂർ സ്പെഷ്യൽഅസിസ്റ്റൻറ് സെററിൽമെൻറാഫീസർ, ബെർഹാംപൂർ സബ്കളക്ടർ, ചിററൂർ ജുഡിഷ്യൽ പരിശീലനംകഴിഞ്ഞു് ഗുണ്ടൂർ അഡിഷനൽ ഡിസ്ട്രിക്ട് ആൻഡ് സെഷ്യൻസ് ജഡ്ജ്—ഇതാകുന്നു ഇപ്പോൾ ഈ ഒടുവിൽപറഞ്ഞ ഉദ്യോഗത്തിൽ ഇരിക്കുന്ന ആ ശ്രീമാന്റെ ഇതുവരെയുള്ള ഉദ്യോഗചരിത്രം.

ശ്രീമാൻ പഞ്ചാപകേശയ്യർ പഠിച്ചതും ദേശപര്യടനംചെയ്തതും സ്വന്തം പ്രയോജനത്തിനുമാത്രമല്ല. സ്വന്തം പ്രതിഭ ആർജ്ജിച്ച വിജ്ഞാനങ്ങളെ സ്വന്തം നാട്ടുകാൎക്കുകൂടി വിതരണംചെയ്യാൻ അദ്ദേഹം സന്നദ്ധനായി. ഉയൎന്നനിലയിലുള്ള സാഹിത്യചാതുൎയ്യവും ശക്തിയും രസികത്തവും തികഞ്ഞ ഭാഷയും അകാൎയ്യത്തിൽ അടിമകളെന്നപോലെ അദ്ദേഹത്തിനേ അനുസരിച്ചു. 'ഇൻഡ്യൻ ആഫ്ടർഡിന്നർ സ്റ്റോറീസ്,' (ഭക്ഷണാന്തരഭാരതീയകഥകൾ) 'ഇൻദിചച്ച് അഫ്ദിഡെവിൾ' (ചെയിത്താന്റെ അമ്പലത്തിൽ) 'സെൻസ് ഇൻഡക്സ് ആൻഡ് അദർസ്റ്റോറീസ്' (സെൻസ് ഇൻഡക്സും മററു കഥകളും) 'ഇൻ ഇൻഡ്യൻവിമൻ' (ഭാരതസ്ത്രീകളിൽ) 'ബാലാദിത്യ' (ബാലാദിത്യൻ) സ്റ്റോറീസ് ഫ്രം പഞ്ചതന്ത്രാ ആൻഡ് ഹിതോപദേശ (പഞ്ചതന്ത്രത്തിലേയും ഹിതോപദേശത്തിലേയും കഥകൾ) ഇങ്ങനെ കഥകളും നാടകങ്ങളും ആഖ്യായികകളും വിവരണങ്ങളും മററുമായി പല വിലയേറിയ ഗ്രന്ഥങ്ങൾ ഈ പുസ്തകത്തിനു പുറമേ അദ്ദേഹം ഇൻഡ്യയ്ക്കു ദാനംചെയ്തിരിക്കുന്നു. ഇനി ചരിത്രം സംബന്ധിച്ച എല്ലാ സംഗതികളേയും അടക്കിയും അവയേ നിർദ്ദാക്ഷിണ്യമായും നിഷ്പക്ഷപാതിത്വത്തോടും വിസ്തരിച്ചു പ്രതിപാദിച്ചും ആദികാലംമുതൽ ആധുനികകാലംവരെയുള്ള ഒരു ഇൻഡ്യാചരിത്രം അടുത്തകാലത്തു രചിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചിട്ടും ഉണ്ടു്.

ശാരീരികമായും മാനസികമായും സാന്മാൎഗ്ഗികമായും വളരെ അധഃപതിച്ചുപോയിട്ടുള്ള തന്റെ ജന്മഭൂമിയുടെ പുനരുദ്ധാരണത്തിന് കേവലം 'ഗ്രന്ഥങ്ങൾ' മാത്രം മതിയാകുന്നതല്ലെന്ന് അദ്ദേഹത്തിന്ന് ബോദ്ധ്യമാണ്. അതിനാൽ ഒരു 'അഖിലഭാരതപുനരുദ്ധാരകസംഘം'കൂടി (All India Regeneration League) അതിന്നുവേണ്ടി ഏൎപ്പെടുത്തണമെന്നു ഒരു മഹാഭിലാഷവും അദ്ദേഹത്തിന്നുണ്ട്.

ഇംഗ്ലീഷിൽ മൂലഗ്രന്ഥം രണ്ടു വാല്യങ്ങളായിട്ടാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. അതിൽ ഒന്നാം വാല്യത്തിന്റെ തൎജ്ജമയാണ് ഇതു്. ഇതിൽ ഗ്രന്ഥകൎത്താവു് ശീമയ്ക്കുള്ള തന്റെ യാത്രയുടെ പീഠികമുതൽ ആക്സ്ഫോർഡ്‌വാസംവരെയുള്ള സംഭവങ്ങളെ വിവരിച്ചിരിക്കുന്നു. ഇൻഡ്യയിൽ മടങ്ങിയെത്തുന്നതുവരെയുള്ള ശേഷംകഥ 2-ാം വാല്യത്തിലാകുന്നു. ഈ അമൂല്യസ്വത്തിന്റെ ആ ഭാഗവും മലയാളഭാഷയ്ക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

അനുഗൃഹീതനായ ഗ്രന്ഥകാരന്റെ ഭാഷാരീതിയെക്കുറിച്ചോ, പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെയോ അവയുടെ ക്രമീകരണത്തേയോ അവയ്ക്കു നിഴലും വെളിച്ചവും നൽകിയിരിക്കുന്നതിന്റെ യോജ്യതയേക്കുറിച്ചോ, എനിക്കു് വിശേഷാലൊന്നും പറയാനില്ല. എല്ലാം ഒന്നാംകിടയിൽതന്നെ കണക്കുകൂട്ടാവുന്നവയത്രെ. ഗൗരവങ്ങളായ ഭാഗങ്ങളിൽക്കൂടി കടന്നുപോകുമ്പോൾപോലും മനസ്സിന്നു ക്ഷീണംതട്ടാതെയും എന്നാൽ അതിനെ വഴിതെററിക്കാതെയും നവങ്ങളും സരസങ്ങളും സന്നദ്ധങ്ങളും അസാമാന്യകൗശലത്തോടുകൂടി പ്രയോഗിക്കപ്പെട്ടിരിക്കുന്നവയും ആയ ഫലിതസഹസ്രങ്ങൾ സന്ദൎഭസരളങ്ങളായി നക്ഷത്രങ്ങൾ എന്നപോലെ ഇതിൽ എവിടെയും പ്രകാശിക്കുന്നു. ഇതു് ഈ ഗ്രന്ഥത്തിന്റെ ഒരു വിശിഷ്ടലക്ഷണമാണു്.

ഏതു സംഗതിയെക്കുറിച്ചും സ്വാഭിപ്രായത്തേ യുക്തിപൂൎവ്വം രൂപവൽക്കരിക്കുക; മററുള്ളവരുടെ അഭിപ്രായങ്ങളെ ആദരിക്കാൻ സന്നദ്ധനെങ്കിലും അവ ആരുടെതന്നെയായാലും അതിന്നുവേണ്ടി മാത്രം സ്വാഭിപ്രായങ്ങളെ ബലികഴിക്കാതിരിക്കുക; ഭീരുത്വമോ കൂസലോ കൂടാതെ അവയെ യഥാസ്ഥാനം പ്രതിപാദനംചെയ്ക; ഗ്രന്ഥകാരന്റെ ഈ ഒരു സ്വഭാവം ഇതിൽ എങ്ങും തെളിഞ്ഞുകാണാം. ഇതു് ഇതിന്റെ മറെറാരു വിശിഷ്ടലക്ഷണമത്രെ ഭാരതീയയുവചിത്തത്തിന്നു ഇപ്പോഴത്തെ സ്ഥിതിക്കു് ഇതു ഒരു നല്ല പരിശീലനശാലയല്ലയോ?

ഈ പുസ്തകനിമ്മിതിയിൽ ഗ്രന്ഥകാരൻെറ ഉദ്ദേശം എന്തെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. "പാശ്ചാത്യദേശങ്ങൾ പൌരസ്ത്യദേശങ്ങളോടു്, വിമാനങ്ങളുടേയും മററും സഹായത്താൽ വളരെ അടുത്തുവന്നിരിക്കുന്നു. അതിനാൽ അവയെക്കുറിച്ചു കൂടുതൽ അറിയേണ്ട ആവശ്യം ഒഴിച്ചുകൂടാത്തതാകുന്നു. പാശ്ചാത്യങ്ങളായ എല്ലാററിനേയും യുക്തിപൂവ്വമല്ലാതെ ബഹുമാനിക്ക എന്നുള്ളതു്, അവയെ എല്ലാം മക്കടമുഷ്ടിയോടെ നിന്ദിക്കുന്നതുപോലെതന്നെ, ഒട്ടും നല്ലതല്ല. നല്ലതും ചീത്തയും എവിടെയും ഉണ്ടു്. അവയുടെ ഒരു മിശ്രണമാകുന്നു ലോകംതന്നെ. പാശ്ചാത്യരാജ്യങ്ങളെക്കുറിച്ചു് ശരിയായ ഒരു ജ്ഞാനം അവയെ ക്രമംകെട്ടു പ്രശംസിക്കാതിരിക്കുന്നതിനും അക്രമമായി പഴിക്കാതിരിക്കുന്നതിനും നമുക്കു ശേഷി നൽകും. അങ്ങനെയുള്ള ഒരു ജ്ഞാനം ഭാരതീയക്കു ഈ പുസ്തകം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു." ഈ ഉദ്ദേശം വേണ്ടേടത്തോളം അദ്ദേഹം സാധിച്ചിട്ടുണ്ടെന്നു് വായനക്കാരോടു എടുത്തുപറയേണ്ട ആവശ്യമില്ലല്ലൊ.

ഇനി തർജ്ജിമക്കാരനേയും തർജ്ജിമയേയും കുറിച്ചു ഒന്നുരണ്ടു വാക്കുകൂടി. ശ്രീമാൻ ദാമോദരൻപിള്ള അഞ്ചാംഫാറം മുതൽ ചരിത്രം ഐച്ഛികവിഷയമായി പഠിച്ചു് ബി. എ. ഡിഗ്രി ലഭിച്ചിട്ടുള്ള ഒരു യുവാവാണു്. അദ്ദേഹം ഏതാനും-ാമാണ്ടു് മലയാളരാജ്യത്തിൻെറ പത്രാധിപസമിതിയിൽ ഒരംഗമായി അതിൽപിന്നെ ഞായറാഴ്ചതോറും പ്രസിദ്ധംചെയ്തുവരുന്ന ലിറററി സപ്ലിമെൻറിൻെറ പ്രത്യേകാധിപത്യം വഹിച്ചു. ഇപ്പോൾ മലയാളരാജ്യത്തിനു് അഭിപ്രായത്തിനായി അയക്കപ്പെടുന്ന പുസ്തകങ്ങളെയും മററും നിരൂപണംചെയ്ക എന്ന ചുമതലയേറിയ ജോലി നിവ്വഹിച്ചുവരുകയാണു്. മലയാളസാഹിത്യസമുദ്രത്തിൽ ഇറങ്ങി പേടികൂടാതെ നീന്തിത്തുടങ്ങിയിട്ടുള്ള ഒരു യുവാവാണു് അദ്ദേഹം എന്നുകൂടി ഇവിടെ പറയാതെ തരമില്ല. പുസ്തകക്കണ്ണാടിവീടുകളുടെമേൽ കല്ലെറിയേണ്ട താനും ഒരു കണ്ണാടിവീട്ടിൽ പാക്കാൻ കൂസുന്നില്ല എന്നുള്ളതു് ഓക്കേണ്ടതാണു്.

ഇംഗ്ലീഷ്ഭാഷ കൈപ്പന്തുപോലെ സ്വാധീനമായിരിക്കുന്ന മൂലഗ്രന്ഥകത്താവു കാണിച്ചിട്ടുള്ള കൗശലങ്ങളെയും പിടിപ്പിച്ചിട്ടുള്ള ഭംഗികളെയും പ്രയോഗിച്ചിട്ടുള്ള രസങ്ങളെയും മലയാളഭാഷയുടെ ജീവചൈതന്യം കളയാതെ വിവത്തനത്തിൽ വരുത്താൻ അത്രയൊന്നും ശ്രമപ്പെടാതെ സാധിച്ചിട്ടുള്ള ഭാഷാന്തരകത്താവിൻെറ

പ്രഥമപരിശ്രമമാണെങ്കിലും ഇതു്: തജ്ജിമവ്യവസായത്തിൽ അദ്ദേഹത്തിന്റെ ഭാവി എത്ര സുശോഭനമായിരിക്കും എന്നുള്ള സങ്കല്പസുഖത്തിൽ ഞാൻ പ്രവേശിച്ചുകഴിഞ്ഞു.

ഒരു കാര്യംകൂടി. ലീലാതരംഗം മുതൽ.....................
വരെയുള്ള പുസ്തകങ്ങൾ കുട്ടികൾ പഠിക്കുന്നതു് നല്ലതായിരിക്കാം. എന്നാൽ അവർ അറിയേണ്ടവയും അറിയാൻ ആഗ്രഹപ്പെടുന്നവയും ആയ സംഗതികളെ ആസ്വാദ്യമായ രീതിയിൽ പ്രതിപാദിച്ചിട്ടുള്ളവയും അവരുടെ ബുദ്ധിയെ പ്രചോദിപ്പിച്ചു ഉൽക്കർഷത്തിലേക്കു് ഗമിക്കാൻ അത്ര കലശലായി പ്രേരിപ്പിക്കുന്നവയും ആയ ഇങ്ങനെയുള്ള പുസ്തകങ്ങൾകൂടി നിഷ്കൃഷ്ടയായി പഠിക്കാൻ അവക്കു സന്ദർഭം ഉണ്ടാക്കുന്നതു് അവക്കും നാടിനും വളരെ പ്രയോജനകരമായിരിക്കും എന്നുള്ള എന്റെ വിനീതമായ അഭിപ്രായംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. വായിക്കാൻ കൗതുകം തോന്നുന്നതു, തുടങ്ങിയാൽ അവസാനംവരെ ആ കൗതുകത്തേ നിലനിത്തുന്നതും പലതുകൊണ്ടും ചെറുപ്പക്കാരുടെ മനസ്സിൽ സ്വയം ഉണ്ടാകുന്ന ജിജ്ഞാസകളെ പൂരിപ്പിക്കാൻ പര്യാപ്തവും നമ്മുടെ വിദ്യാത്ഥികളിൽ പലരുടെയും ഭാവിജീവിതത്തെ പ്രയോജനകരമാക്കിത്തീക്കുന്നതും ആയി ഇതുപോലെയുള്ള ഒരു പുസ്തകം ഞാൻ അടുത്തകാലത്തു കണ്ടിട്ടില്ല. ഇതു് ഒരു പാഠ്യപുസ്തകമാകുമോ? ആകുന്നു എങ്കിൽ ഭാവിപൗരന്മാരുടെ ഭാഗ്യം......

എനിക്കു് അത്ര വളരെ അറിവുകളേയും ആനന്ദത്തേയും നൽകിയ ഈ പുസ്തകത്തിനു് സവ്വമംഗളങ്ങളെയും ആശംസിച്ചുകൊള്ളുന്നു.

എന്നു്,

കുളക്കട
1108 മിഥുനം 5 ാംനു

സി. എസ്സ്. സുബ്രഹ്മണ്യൻപോററി,
എം. എ.

---

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 109 | 21 | സുപ്രിദ്ധ | സുപ്രസിദ്ധ |
| 137 | 3 | കലിഹൃദയം | കലാഹൃദയം |
| ,, | 6 | വലിവേ കയറാ | വലിവേ കയറി |
| 146 | 6 | രതി | രീതി |
| 149 | 21 | സുഖദീർഘ | സുദീർഘ. |

F. 195

# പശ്ചിമയൂറോപ്പിൽ
# ഒരു ഭാരതീയന്റെ പൎയ്യടനം

## അദ്ധ്യായം ൧.

### അപ്രതീക്ഷിതമായ കത്തും ഉത്തരഫലവും.

1919 സെപ്റ്റംബർ 6-ാംതിയതി മംബലം എന്ന സ്ഥലത്തുള്ള ഞങ്ങളുടെ വസതിയിൽ തപാൽശിപായി വന്നു ഒരു കത്ത് എന്നെ ഏല്പിച്ചു. മലബാറിൽ എന്റെ ജനനസ്ഥലമായിരുന്ന അയിലം എന്ന ഗ്രാമത്തിൽനിന്ന് എന്റെ ഏററവും മൂത്ത സഹോദരൻ അയച്ചിരുന്ന കത്തായിരുന്നു അത്. പ്രസ്തുത കത്ത് പൊട്ടിച്ചപ്പോൾ, അതിനുള്ളിൽ മററൊരു കത്ത് അടക്കംചെയ്തിരിക്കുന്നതായി ഞാൻ കണ്ടു. ഇംഗ്ലണ്ടിൽ പോകുന്നതിനു ടാററാ എഡ്യൂക്കേഷൻ സ്കീം എനിക്കൊരു സ്ററുഡൻറുഷിപ്പ് നൾകിയിരിക്കുന്നതായി അതിന്റെ സിക്രട്ടറി എഴുതിയിരുന്ന കത്താണ് ഉള്ളിൽ ഇരിക്കുന്നതെന്ന് എന്റെ സഹോദരൻ അതോടൊന്നിച്ചു അടക്കംചെയ്തിരുന്ന അദ്ദേഹത്തിന്റെ കത്തിൽ പറഞ്ഞിരുന്നു. സിക്രട്ടറിയുടെ കത്തു പൊട്ടിച്ച്, സന്തോഷകരമായ ആ വാഗ്ദാനം എന്റെ സ്വന്തം കണ്ണുകൾകൊണ്ടുതന്നെ വായിച്ചപ്പോൾ എന്റെ ഹൃദയം തുടുതുടെ തുടിച്ചു. എന്റൊക്കൂടെ താമസിച്ചിരുന്നവർ വേഗം ചുററും കൂടുകയും അവരുടെ ഇടയിൽ ഉടനുടൻ കൈമാറിക്കൊണ്ടിരുന്ന ആ രണ്ടു കത്തുകളും, ഒരു നിമിഷത്തിനുള്ളിൽ പൊതുമുതലായിത്തീരുകയുംചെയ്തു. ആകസ്മികമായ ഈ ഭാഗ്യത്തെപ്പററി അവരെല്ലാവരും ഹൃദയപൂൎവ്വം എന്നെ അനുമോദിച്ചു. എന്തെന്നാൽ ഞങ്ങളാരുംതന്നെ ആ കത്ത് അപ്പോൾ പ്രതീക്ഷിച്ചിരുന്നില്ല.

എന്റെ വിദ്യാഭ്യാസജീവിതത്തിന്റെ പ്രാരംഭദശമുതൽ ഇംഗ്ലണ്ടിൽ പോകണമെന്നുള്ളത് എന്റെ മഹാഭിലാഷമായിരുന്നു. "നെൽസൺ റീഡേഴ്സ്" എന്ന ഗ്രന്ഥപരമ്പരയിലെ കൗതുകകരങ്ങളായ ചിത്രങ്ങളും "ഹൈറോഡ്സ് ആഫ്

ബ്രിട്ടീഷ്ഹിസ്റ്ററി” എന്ന ഗ്രന്ഥാവലിയിലെ മനംമയക്കുന്ന കഥകളും, പടങ്ങളും അവയോടൊപ്പംതന്നെ പാലക്കാട്ടേ ഹെഡ്അസിസ്റ്റൻറുകളക്ററരന്മാർ ആ രാജ്യത്തുനിന്നാണ് വരുന്നതെന്നുള്ള വസ്തുതയും, ആളുകളെല്ലാം വെളുത്തും, സർവ്വവസ്തുക്കളും മനോഹരമായും ഇരുന്ന ആ വിസ്മയജനകമായ രാജ്യത്തേക്ക് പോകുന്നതിനെപ്പററി സ്വപ്നം കാണാൻ എന്നെ പ്രേരിപ്പിച്ചു. ഞാൻ എല്ലാ പരീക്ഷകളിലും, ഉയന്നതരത്തിൽ വിജയം പ്രാപിച്ച്, ആർട്ട്സ്കാളജിൽ ചേന്നതോടുകൂടി, പുകപോലെ അവ്യക്തങ്ങളായിരുന്ന ഈ അഭിലാഷങ്ങൾ കൂടുതൽകൂടുതൽ പ്രബലങ്ങളാകാൻ തുടങ്ങി. 1918-ൽ ഒരു ഡബിൾഫസ്റ്റ്ക്ലാസ്സോടുകൂടി ബി എ ജയിച്ചതിനുശേഷം, ഉന്നതവിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി ഇംഗ്ലണ്ടിൽ പോകുന്നതിന് കഴിയുംവിധമെല്ലാം പ്രയത്നിക്കാൻ ഞാൻ തീച്ചപ്പെടുത്തി. എൻെറ സ്നേഹിതന്മാരിൽ രണ്ടുപേർ അവരുടെ സ്വന്തം പണംകൊണ്ട് ഇംഗ്ലണ്ടിൽ പോയിരുന്നു എന്നുള്ളത് ഈ തീച്ചയെ ബലപ്പെടുത്തുകയും ചെയ്തു. എന്നാൽ എൻെറ സ്വന്തം ചെലവിൽ ഇംഗ്ലണ്ടിൽ പോകുന്നതിന് സാധിക്കാത്ത തരത്തിലായിരുന്നു എൻെറ ധനസ്ഥിതി. ഏതെങ്കിലും സ്ററുഡൻറ്ഷിപ്പിനേയോ, അതുപോലെ സൗജന്യമായോ, കടമായോ ഉള്ള മററു വല്ല വിദ്യാത്ഥിവേതനത്തേയോ, ഞാൻ അവലംബിക്കേണ്ടിയിരുന്നു. ഞാൻ ഗവമ്മെണ്ട്അഫ്ഇൻഡ്യാസ്കാളർഷിപ്പിനും, മററനേകം സ്കാളർഷിപ്പുകൾക്കും അപേക്ഷിച്ചു. പക്ഷെ എന്നെയും മററു പല അപേക്ഷകരേയും പോലെയുള്ള ഐ. സി. എസ്. ബിരുദകാംക്ഷികൾക്കു കൊടുക്കുന്നതിനുപകരം, ഗവമ്മെണ്ടഅഫ്ഇൻഡ്യാസ്കാളർഷിപ്പ് ഒരു ഗവേഷണപണ്ഡിതന് വളരെ ഉചിതമാംവണ്ണം നൾകുകയുണ്ടായി. പ്രശസ്തമാംവണ്ണം ബിരുദസമ്പാദിച്ച ഭാരതീയവിദ്യാത്ഥികൾക്ക്, ഐ സി. എസ്സിനും, മററു പരീക്ഷകൾക്കും പഠിക്കുന്നതിനായി ഇംഗ്ലണ്ടിൽപോകുന്നതിന് ടാററാ എഡ്യൂക്കേഷൻസ്കീം, കടമായി രണ്ടു സ്കാളർഷിപ്പു കൊടുക്കുന്ന പതിവുണ്ടെന്നു എൻെറ പ്രൊഫസറന്മാരിൽ ഒരുവനിൽനിന്നു ഞാൻ ഗ്രഹിച്ചു. എൻെറ ശേഷിച്ചിരുന്ന ആശ ആ സ്കീമിൽ മാത്രമായിരുന്നു. 1918-ൽ ഞാൻ അതിൻെറ സിക്രട്ടറിക്കു ഒരപേക്ഷഅയച്ചിരുന്നെങ്കിലും, യുദ്ധവും, തൻമൂലമുള്ള രക്ഷകുറവും നിമിത്തം, അങ്ങനെ വിദ്യാത്ഥികളെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കുന്നില്ലെന്ന് അദ്ദേഹം ഒരറിയിപ്പുതന്നിരുന്നു. ഒരു സ്കാളർഷിപ്പോ, സ്ററുഡൻറ്ഷിപ്പോ കിട്ടുമെന്നുള്ള സകല ആശകളും ഇതോടെ അസ്തമിക്കയും, ഞാൻ ലാകാളേജിൽ ചേരുകയുംചെയ്തു. എഫ്. എൽ. പരീക്ഷയിൽ ജയിച്ചു, ബി. എൽ. ക്ലാസ്സിൽ ഞാൻ ചേന്നു എഫ്.

എൽ. പരീക്ഷയിലെന്നപോലെ, ബി. എൽ. പരീക്ഷയിലും ഒന്നാംക്ലാസ്സായി ജയിച്ചു്, മലബാറിൽ വക്കീലന്മാരുടെ ജനസംഖ്യ ഒരു ചതുരശ്രമൈലിനു പത്തിൽ കുറവായി മാത്രമുള്ള വല്ല നാട്ടുംപുറത്തും വ്യവഹരിക്കണമെന്നുള്ളതിൽ കവിഞ്ഞ മഹാഭിലാഷങ്ങളൊന്നും എനിക്കപ്പോഴുണ്ടായിരുന്നില്ല.

ഇംഗ്ലണ്ടിൽ പോകുന്നതിനെപ്പററി ഞാൻ അത്രത്തോളം ആശാരഹിതനായിരുന്നതിനാൽ 1919, മേ മാസത്തിൽ, തെന്നിന്ത്യയിലെ ബ്രാഹ്മണരുടെ പ്രാചീനാചാരമനുസരിച്ചു്, വളരെ ചെറുപ്പമായ 20-ാമത്തു വയസ്സിൽ ഞാൻ വിവാഹംചെയ്തു. എൻെറ പത്നിയുടെ മാതാപിതാക്കന്മാരും, ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതിലുള്ള അത്യസാദ്ധ്യതയെപ്പററി എൻെറ അഭിപ്രായംതന്നെ പങ്കുകൊണ്ടിരിക്കണം. അങ്ങനെയല്ലെങ്കിൽ, അവരുടെ പുത്രിയെ ഒരിക്കലും എനിക്കു വിവാഹംചെയ്തുതരികയില്ലായിരുന്നു. എന്തെന്നാൽ മലബാർ വളരെ ആചാരനിഷ്ഠയോടുകൂടിയിരുന്നു. ഇന്നത്തേക്കാൾ വളരെ കൂടുതലായിരുന്നു അന്നത്തെ ആചാരനിഷ്ഠ. അതിപൂർവ്വികമായ മലബാർതീരങ്ങൾ വിട്ടു് അത്യന്തം വിദൂരമായ പാശ്ചാത്യദേശങ്ങളിലേക്കു പോകുന്നതിനു്, എൻെറ ഗ്രാമത്തിൽനിന്നും, ആ താലൂക്കിൽ എൻെറ സ്ഥലത്തുനിന്നും, ആദ്യമായി മുതിരുന്ന ബ്രാഹ്മണൻ ഞാനാണു്. ആചാരനിഷ്ഠയുള്ള ബ്രാഹ്മണരെല്ലാം കാളപാനിയെ (കറുത്തകടൽ എന്നർത്ഥംവരുന്ന ഒരു ശാസ്ത്രീയനാമം) ഭയന്നിരുന്നു. കാളപാനി കടന്ന ഒരുവൻ, അവരെ സംബന്ധിച്ചിടത്തോളം ദൂരെ ഒഴിച്ചുനിർത്തേണ്ടവനാണു്. കാളപാനി കടക്കണമെന്നുദ്ദേശിക്കുന്നവർക്കു്, 1919-ൽ കണിശമായും, അധികമാരും തങ്ങളുടെ പുത്രികളെ വിവാഹംചെയ്തു കൊടുക്കുമായിരുന്നില്ല. എന്നാൽ, 1919-ൽ കാളപാനി എന്നുവച്ചാൽ 1899-ലെ കാളപാനിതന്നെയായിരുന്നില്ല. 1899-ൽ ബർമ്മയിലോ, സ്ട്രെയിററ്സെററിൽമെൻറ്സിലോ പോകുന്ന ഒരു മനുഷ്യൻ, കടൽയാത്ര ചെയ്തതിനു്, ഒരു സമുദായഭ്രഷ്ടനായി കരുതപ്പെട്ടുമായിരുന്നു. പക്ഷെ, തൻെറ സന്താനങ്ങൾക്കെല്ലാം നല്ല തോതിൽ ജീവിക്കുന്നതിനുള്ള സൌകര്യം നൽകാൻ സാമ്പത്തികമായി മലബാറിനു കഴിവുണ്ടായിരുന്നില്ല. ബർമ്മാ, പെനാങ്കു്, സിംഗപ്പൂർ, കേഡാക്, സണ്ഡാദ്വീപുകൾ എന്നിവിടങ്ങളിലെ വ്യവസായശാലകൾക്കും, റബ്ബർതോട്ടങ്ങൾക്കും, ഗുമസ്താക്കളെ ആവശ്യമുണ്ടായിരുന്നു. അരപ്പട്ടിണിക്കാരെങ്കിലും, അപദാനോൽസുകരായ മലബാർയുവാക്കളെ പ്രലോഭിപ്പിക്കത്തക്ക ശമ്പളങ്ങൾ നൽകാൻ അവ തയാറുമായിരുന്നു. അനേകം ബ്രാഹ്മണരും, മററു പലരും, ആ

സ്ഥലങ്ങളിൽ പോകയും, കുറേകാലത്തിനുശേഷം ഭാരമേറിയ പണ ക്കിഴികളുമായി തിരികെ വരുകയും ചെയ്തിട്ടുണ്ട്. പ്രശസ്തരായ ത ങ്ങളുടെ പൂർവികന്മാർ അനേക നൂററാണ്ടുകൾക്കുമുമ്പു പോയി ഉപ നിവേശംചെയ്ത സ്ഥലത്തു മാത്രമാണു് തങ്ങളും പോയതെന്നും ബ ർമ്മാ എന്നതു പവിത്രമായ ഐരാവതീനദിയോടുകൂടിയ പ്രാചീന "സുവർണ്ണഭൂമി"തന്നെയാണെന്നും, സുമാററ്റാ, ജാവാ, എന്നിവ, "നല്ല മാതൃഭൂമി" "യവം" (ബാർലി) എന്നിങ്ങനെ അർത്ഥംവരുന്ന കേവലം സംസ്കൃതപദങ്ങൾ മാത്രമാണെന്നും, സിംഗപ്പോർ എന്ന തു "സിംഹപുരം"മായിരുന്നെന്നും, മററും, വളരെ പരമാർത്ഥവും, ച രിത്രപരവും ആയ മറുപടികളാൽ ജാതിയെപ്പററിയുള്ള മനഃശങ്ക യ്ക്കു ഉപശമം ഉണ്ടായി. ഇത്തരം അതിസാമർത്ഥ്യത്തോടുകൂടിയ സമാധാനങ്ങളാലും, കർശനമായ മതകർമ്മങ്ങളുടെ ബുദ്ധിപൂർവമാ യ അനുഷ്ഠാനത്താലും, അതോടൊപ്പം, പുരോഹിതന്മാർക്ക് കൈയയ ച്ചുള്ള സംഭാവനകളാലും, 1910 ആയപ്പോഴേയ്ക്കും മലബാ റിലെ ആചാരനിഷ്ഠക്കാർ ബംഗാൾ ഉൾക്കടലിനേയും, ഇ ന്ത്യൻ മഹാസമുദ്രത്തിന്റെ ഒരു ഭാഗത്തേയും "കാളപാനി" വകുപ്പിൽനിന്നു ഒഴിവാക്കാൻ നിർബന്ധിതരായിത്തീർന്നു. അങ്ങനെ യിരിക്കെ, മഹായുദ്ധത്തിനിടയ്ക്കു അനേകം മലബാർയുവാക്കന്മാർ മെസോപ്പൊട്ടേമിയായിൽപോയി തിരികെവരുകയുണ്ടായി. കാള പാനി കടന്ന കുററത്തിനു ഇവർക്കും സമുദായഭ്രഷ്ട് നേരിട്ടു. എ ന്നാൽ, മെസോപ്പൊട്ടേമിയാ എന്നതു് ബാബിലൺ അല്ലാതെ മറെറാന്നുമല്ലെന്നും, ഹിന്ദുമതം വിദേശീയാശയങ്ങളാൽ അശുദ്ധമാ ക്കപ്പെടാതെ, അതിന്റെ പുരാതനപരിശുദ്ധിയിൽ വർത്തിച്ചിരു ന്ന കാലത്തു് അനേകം മതനിഷ്ഠക്കാരായ ഹിന്ദുക്കൾ പോയിരു ന്ന നഗരം എന്ന നിലയിൽ ജാതകകഥകളിലും, പുരാണങ്ങളിലും പറയപ്പെട്ടിരിക്കുന്ന "ബവേരു"തന്നെയാണു് ബാബിലൺഎന്നും, ആരോപെട്ടെന്നു കണ്ടുപിടിച്ചു! ഈ കണ്ടുപിടിത്തം അറേബിയൻക ടലിനേയും, കേവലം അപരിശുദ്ധമായ കാളപാനിയുടെ ലിസ്റ്റിൽ നിന്നു ഒഴിവാക്കി. അപ്പോഴേക്കു്, ആലോചനയില്ലാത്ത ചില ചെറുപ്പക്കാർക്കു്, ദക്ഷിണാഫ്റിക്കയും, കെനിയായുംകൂടി അനുവദി ക്കപ്പെട്ട സ്ഥലങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കിട്ടണമെന്നു തോ ന്നി. പുരാതനഹിന്ദുക്കൾ ഈ സ്ഥലങ്ങളിലുംപോയി ഉപനിവേ ശംചെയ്തെന്നും, അവയെ മലബാറിൽനിന്നു വേർപെടുത്തുന്നതു് ഇൻഡ്യൻമഹാസമുദ്രം മാത്രമാണെന്നും ആ സമുദ്രം കാളപാനി എന്നു പറയത്തക്കവണ്ണം ഇരുണ്ടതല്ലെന്നു് മലബാർകടൽപ്പുറ ത്തുനിന്നു നോക്കിയാൽ ആർക്കും കാണാമെന്നും അവർ പറഞ്ഞുതുട ങ്ങി. സൗജന്യങ്ങൾഅനുവദിച്ചനുവദിച്ചു ആചാരനിഷ്ഠക്കാർ കുഴഞ്ഞു.

വിപ്ലവത്തിന്റെ വേലിയേററം തടുക്കണമെന്നുതന്നെ അവർ കരുതി. പുരാതനഹിന്ദുക്കൾ ഒരിക്കലും ആഫ്രിക്കയിലോ കെനിയായിലോ പോയിട്ടില്ലെന്നു് അവയുടെ പേരുകൾകൊണ്ടുതന്നെ വെളിവാകുന്നുണ്ടെന്നും, അതുവരെ കാളപാനിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇൻഡ്യൻമഹാസമുദ്രഭാഗങ്ങൾ ഒഴിച്ചു ബാക്കിയെല്ലാം തീച്ചയായും കാളപാനിതന്നെയാണെന്നും അവർ ശക്തിയായി വാദിച്ചു. ഇൻഡ്യൻതീരത്തുനിന്നു് 200 മൈൽ അപ്പുറത്താണു് കടൽ കറുത്തിരുളുന്നതെന്നു മാമൂൽപ്രിയമുള്ള ഏതോ വിരുതനായ ഒരു ഭൂമിശാസ്ത്രജ്ഞൻ പ്രഖ്യാപനംചെയ്തതോടുകൂടി, കടൽത്തീരവാദം തവിടുപൊടിയായിപ്പോയി. 200-മൈൽ മുതൽ മാത്രമേ കടൽ ഇരുളുന്നുള്ളു എന്നുള്ള സൗജന്യം ലക്ഷദ്വീപങ്ങളിലേക്കും, മാലദ്വീപങ്ങളിലേക്കും ഉള്ള യാത്രകളെ ഉൾപ്പെടുത്തുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു. ദക്ഷിണാഫ്റിക്കയുടേയും കെനിയായുടെയും പക്ഷവാദികൾ, നിശ്ശബ്ദമായ അനുസരണയ്ക്കു കീഴ്പ്പെട്ടു തലതാഴ്ത്തേണ്ടിവന്നു. ഇതുമുതൽ ദക്ഷിണാഫ്രിക്കയിലേക്കും കെനിയായിലേക്കും, ഉയന്ന്ജാതിക്കാരായ മലബാർഹിന്ദുക്കൾചെയ്ത യാത്രകൾ അവരുടെ ഔദ്യോഗികഭാഷയിൽ ബസ്രായിലേക്കുള്ള യാത്രകളായി വിവരിക്കപ്പെട്ടുതുടങ്ങി ആചാരനിഷ്ഠക്കാർ ഈ പ്രസ്താവനകളെപ്പററി അത്രവലിയ സൂക്ഷ്മപരിശോധന ചെയ്തതുമില്ല. എന്നിരുന്നാലും ഇംഗ്ലണ്ടിലേക്കുള്ള യാത്ര ഒരു പ്രത്യേകനിലയിൽത്തന്നെയിരുന്നു. ദക്ഷിണാഫ്റിക്കയിലേക്കും, കെനിയായിലേക്കും ഉള്ള കൂലിക്കാരുടെയും ഗുമസ്താക്കളുടേയും യാത്രകളെപ്പോലെ അതു് ഒളിക്കാൻ സാധിക്കയില്ല. എത്രതന്നെ കാടുകയറിയ അഭിപ്രായഭ്രാന്തനും, പുരാതനഹിന്ദുക്കൾ ഇംഗ്ലണ്ടിനെ ഉപനിവേശംചെയ്തെന്നോ സന്ദശിച്ചു എന്നുപോലുഃമോ, പറയാൻ കഴിവുമില്ല. പ്രാചീനഹിന്ദുക്കൾ റോമായിലോ, ഏതെൻസിലോ, പോയെന്നു പറയുന്നതിനെപ്പററി ആചാരനിഷ്ഠക്കാർ ഗൌനിച്ചതേയില്ല. അന്നത്തെ കപ്പൽയാത്രക്കാരെല്ലാം, ബുദ്ധമതക്കാരോ, നാസ്തികന്മാരോ ആയിരുന്നതിനാൽ, അവരുടെ യാത്രകൾ, അത്തരം യാത്രകൾ ചെയ്തുകൂടെന്നുമാത്രമെ കാണിച്ചുകൊടുത്തുള്ളു. യൂറോപ്പിൽ ഹിന്ദുക്ഷേത്രങ്ങളോ, സംസ്കൃതനാമധേയങ്ങളോ ഇല്ലാതിരുന്നതു്, ആ സ്ഥലങ്ങളെ ഹിന്ദുക്കൾ സന്ദർശിച്ചിട്ടുണ്ടെങ്കിൽതന്നെയും, അവർ മതവിരോധികളോ, നാസ്തികരോ ആയിരുന്നു എന്നുള്ളതിനു് മലബാറിലെ മതനിഷ്ഠക്കാരായ ബ്രാഹ്മണക്കു് തക്കമെററതെളിവുമായിരുന്നു. 1919-നു മുമ്പു മലബാറിൽ നിന്നു ഇംഗ്ലണ്ടിൽ പോയിട്ടുള്ള ബ്രാഹ്മണരിൽ, ഒട്ടുമിക്കവാറും എല്ലാവക്കും തിരിച്ചെത്തുമ്പോൾ അസുഖകരമായ സമുദായപീഡനം നേരിടേണ്ടിവന്നിട്ടുണ്ടു്.

അങ്ങനെ, ഞാൻ തീരെ ഉദ്ദേശിക്കാത്ത ഒരു സന്ദർഭത്തിലാണ് ടാററായുടെ വാഗ്ദാനം വന്നുചേൎന്നതു്. ഞാൻ എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പററി എനിക്കു ലേശം സംശയമുണ്ടായില്ല. ഇംഗ്ലണ്ടിൽ പോകുന്നതിനും, എന്റെ ഉന്നതവിദ്യാഭ്യാസം തുടരുന്നതിനും, ബഹുകാലമായി സ്വപ്നം കണ്ടുകൊണ്ടിരുന്ന അവസരം വന്നുകഴിഞ്ഞു. ആചാരനിഷ്ഠക്കാരായ അനവധി ബന്ധുക്കളുടെ നിസ്സംശയമായ എതിർപ്പുണ്ടാകുമെന്നിരുന്നാലും, ഞാൻ ആ വാഗ്ദാനം സ്വീകരിക്കാൻതന്നെ ഉറച്ചു. അതിനാൽ ഞാൻ സ്ററുഡൻർഷിപ്പ സ്വീകരിച്ചിരിക്കുന്നു എന്നും, അന്നു രാത്രിതന്നെ ബാംബയ്ക്കുള്ള ട്രെയിൻ കയറുന്നു എന്നും ടാററാ എഡ്യുക്കേഷൻ സ്കീമിൻെറ സിക്രട്ടറിയെ അറിയിക്കുന്നതായി, ഏററവും അടുത്തുള്ള കമ്പിയാഫീസിൽ ചെന്നു അദ്ദേഹത്തിനു ഒരു കമ്പി അടിച്ചു.

അക്കാലത്തു, ബി. എൽ. ക്ലാസുവരെ പഠിച്ചതിനുശേഷം, ശീലങ്ങളിൽ എന്നോളം ഭാരതീയരായും, എന്നേക്കാൾ കുറച്ചു ആംഗലീകരിക്കപ്പെട്ടവരായും, വളരെച്ചുരുക്കം ഇൻഡ്യാക്കാർമാത്രമേ ഉണ്ടായിരുന്നുള്ളു. മുഴുവനെ മതനിഷ്ഠനിറഞ്ഞ ഒരു ബ്രാഹ്മണഗ്രാമത്തിൽ മതനിഷ്ഠയുള്ള ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ച എന്നെ, മുട്ടതിന്നുന്നതു ഒരു പാപമായും, പുകവലിക്കുന്നതു് ഒരു സ്വഭാവദോഷമായും, ടൈയും, കാളറും ധരിക്കുന്നതു ആഡംബരഭ്രമമായും മുടിവെട്ടുന്നതും നിത്യക്ഷൌരംചെയ്യുന്നതും ബ്രാഹ്മണ്യവിരുദ്ധമായും കരുതാൻ പഠിപ്പിച്ചിരുന്നു. യാതൊരുതരത്തിലുള്ള പാദരക്ഷയും ഞാൻ ധരിച്ചിരുന്നില്ല. റൊട്ടി ഉണ്ടാക്കുന്നതിൽ കള്ളു ചേരുന്നുണ്ടെന്നുള്ള മതപരമായ സംശയംമൂലം, മതവിശ്വാസദാർഢ്യത്തോടുകൂടി ഞാൻ അതിനെ എക്കാലത്തും ഉപേക്ഷിക്കയുണ്ടായിട്ടുണ്ടു്. കൂട്ടുകുടുംബസമ്പ്രദായത്തിൻെറയും മനുവിൻെറ നിയമങ്ങളുടേയും ശക്തിയേറിയ പക്ഷവൎത്തിയായിരുന്നു ഞാൻ. മാതാപിതാക്കന്മാരുടെയൊ, വിധവാവിവാഹസംഘടനകളുടേയോ, വഴിപിഴച്ച പ്രവൎത്തനങ്ങൾകൊണ്ടല്ലാതെ, വിധവകളുടെ സ്വമേധയാ ഉണ്ടാകുന്ന പുനർവിവാഹത്തെയോ, പുഷ്പിണിപ്രായം കഴിഞ്ഞതിനുശേഷമുള്ള വിവാഹത്തേയോ, ഞാൻ ദ്വേഷിച്ചിരുന്നില്ലെങ്കിലും, ശൈശവവിവാഹവും, നിർബന്ധിതവൈധവ്യവും, അവയെ പിൻതാങ്ങുന്നവരുടെ കൂട്ടത്തിൽതന്നെ എന്നെയും എണ്ണിയിരുന്നു അയിത്തത്തിലുള്ള എൻെറ അവിശ്വാസം, വിഭാൎയ്യന്മാർ വിധവകളെ മാത്രമേ വിവാഹംചെയ്യു എന്നു സമ്മതിച്ചില്ലെങ്കിൽ നിർബന്ധിതവൈധവ്യം വേണമെന്നും, സകലജനങ്ങളുമായി മിശ്രഭോജനം ചെയ്യണമെന്നും, ഉള്ളതിൽ എനിക്കുണ്ടായിരുന്ന വിശ്വാസം, എ

ന്നി സംഗതികളിൽ മാത്രമേ, ഞാൻ എന്റെ ഗ്രാമത്തിലുള്ള ആചാരനിഷ്ഠക്കാരായ ബ്രാഹ്മണരുമായി വിയോജിച്ചിരുന്നുള്ളു. അയിത്തത്തെ ഒരു ബീഭത്സമായ പാതകമായി എണ്ണുന്നതിനു എന്റെ പിതാവിന്റെ കാലംമുതൽ ഞാൻ പഠിച്ചിരുന്നു. എന്നുമാത്രമല്ല, അന്നു നിലവിലിരുന്ന സാമുദായികനിയമങ്ങൾക്കു വിരുദ്ധമായി അയിത്തക്കാരെ എന്റെ ഗ്രാമത്തിൽ കൊണ്ടുചെല്ലുന്നതുമൂലം ആ ഗ്രാമക്കാരുടെ കഠിനമായ അതൃപ്തി ഞാൻ സമ്പാദിക്കുകയും ചെയ്തു. ഏതൊരു വർഗ്ഗക്കാരോടും, ജാതിക്കാരോടും മിശ്രഭോജനംചെയ്യുക എന്നതിനെ അധികമായി പ്രയോഗത്തിൽ വരുത്തുന്നതിനേക്കാൾ, ഒരു സിദ്ധാന്തമെന്ന നിലയിൽ ഞാൻ അതിൽ വിശ്വസിച്ചിരുന്നു. ഇംഗ്ലണ്ടിൽ പോകുന്നതിനുമുമ്പു രണ്ടുപ്രാവശ്യംമാത്രമേ ഞാൻ ഇതരജാതിക്കാരുമായി മിശ്രഭോജനംചെയ്തിട്ടുള്ളു. അപ്പോൾതന്നെയും, ആചാരനിഷ്ഠക്കാരുടെ മതപ്രകാരം അത്രവളരെ സാരമല്ലാത്ത കാപ്പി, പലഹാരം, എന്നിവയിൽമാത്രമേ മററുള്ളവരോടൊപ്പം ഞാൻ പങ്കുകൊണ്ടതുമുള്ളു.

അതിനാൽ ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതിനുതന്നെ അവസാനമായി തീരുമാനിച്ചപ്പോൾ, ആസന്നമായ എന്റെ ആകസ്മികമാനസാന്തരത്തെ ഉദ്ദേശിച്ചു, നിത്യക്ഷൗരം, പൂർണ്ണമായ 'ക്രാപ്പ്', റൊട്ടിതിററി, എന്നിവയിൽ ദൃഢവിശ്വാസികളായിരുന്ന എന്റെ സഹവാസികൾ എന്നെ കളിയാക്കിത്തുടങ്ങി. കൂടാതെ ഇംഗ്ലണ്ടിൽ പോകുന്നവരെല്ലാം മാംസം ഭക്ഷിക്കുന്നതിനും, മദ്യം സേവിക്കുന്നതിനും, പുകവലിക്കുന്നതിനും, തയാറായിരിക്കണമെന്നു", മദ്രാസിൽ വീണ്ടുംവീണ്ടും പ്രചരിച്ചുകൊണ്ടിരുന്ന ചിലഅഭിപ്രായങ്ങൾ—അന്നും ഇന്നും ഒരുപോലെ ശുദ്ധമേ അബദ്ധവും, ഒരു പക്ഷെ അനേകം സസ്യഭുക്കുകളേയും, മദ്യവർജ്ജകരേയും, പുകവലിക്കാത്തവരേയും ഇംഗ്ലണ്ടിൽ പോകുന്നതിൽനിന്നു തടയുന്ന ചിലഅഭിപ്രായങ്ങൾ—ഞങ്ങളെ കുഴക്കി. ഇംഗ്ലണ്ടിൽ പോകുന്നതിനേപ്പററി ദുർഘടംപിടിച്ച ആ നിശ്ചയംചെയ്തദിവസം, ലഹരിമാംസാദികൾകൂടാതെ ഇംഗ്ലണ്ടിൽ ജീവിക്കാമെന്നുള്ള എന്റെ വിശ്വാസത്തിനു അനുസരണമായി ഉദ്ധരിക്കാൻ നിശ്ചിതപ്രമാണങ്ങളൊന്നും എനിക്കില്ലായിരുന്നെങ്കിലും, എന്റെ ആ വിശ്വാസം ദൃഢമായിരുന്നു, എന്നുമാത്രമല്ല, എന്റെ സഹവാസികളും എങ്ങനെയോ ആ അഭിപ്രായംതന്നെ പങ്കുകൊള്ളുകകൂടിയുണ്ടായി.

കമ്പിയടിച്ചതിനുശേഷം, ബാംബയ്ക്കുപോകാൻ തയാറാകുന്നതിലേക്കു കഷ്ടിച്ചു് ആറുമണിക്കൂർസമയംമാത്രമേ ഉണ്ടായിരുന്നു

ള്ളൂ. വളരെ അത്യാവശ്യമുള്ള ചില സാധനങ്ങൾവാങ്ങി ഞാൻ യാത്രയിൽത്തന്നെ ദത്തദൃഷ്ടിയായിരുന്നു. പലതവണ ബാംബെയിൽ പോയിട്ടുള്ളവൎക്ക മദ്രാസിൽനിന്നു് അവിടെവരെയുള്ള യാത്ര വളരെ മുഷിപ്പിക്കുന്ന ഒന്നാണു്. ജീവിതത്തിൻെറ അവസാനത്തെപ്പററി ആലോചിക്കേണ്ടതേയുള്ളൂ എന്നു പറയുന്ന ഇന്ത്യൻതത്വചിന്തകന്മാർ ജീവിതത്തെ ഏതുപ്രകാരം കരുതുന്നുവോ, അപ്രകാരമാണു് മുൻചൊന്നവർ ഈ യാത്രയെ കരുതുന്നതു്. എന്നാൽ നൂതനമായി പലതും കണ്ടുപിടിക്കുന്നതിനും, അനാവരണംചെയ്യുന്നതിനും അന്തമററ സാദ്ധ്യതകൾ നിറഞ്ഞ യാത്ര, എന്നേപ്പോലെ ആദ്യമായി ബാംബെയിൽപോകുന്ന ഒരുവനെ അപഹൃതചിത്തവൃത്തിയാക്കത്തക്കവണ്ണം അത്രമാത്രം കൗതുകകരമായി തോന്നി.

ഇതിൽ എനിക്കു വലിയ നിരാശ ഉണ്ടായതുമില്ല. തുംഗഭദ്രാ, കൃഷ്ണാ, എന്നീ നദികൾ കടന്നപ്പോൾ, എനിക്കു ഒരു മാനസോല്ലാഷം അനുഭൂതമായി ഈ പാവനനദികൾ എൻെറ പ്രതീക്ഷയ്ക്കൊത്തിരുന്നു. റെയിച്ചൂർ ഡൊാവാബിലെ റെയിൽപാതയുടെ ഇരുവശങ്ങളിലും കൂട്ടിയിട്ടിരുന്ന ഭീമാകാരങ്ങളായ ശിലാഖണ്ഡങ്ങൾ എൻെറ മനസ്സിൽ നല്ലവണ്ണം പതിയുകയും, ബാമിനി, വിജയനഗരം എന്നീ രാജ്യങ്ങളുടെ ഈ പോക്കളം എന്നിൽ ഉളവാക്കിയിരുന്ന ഔൽസുക്യത്തെ അവ വർദ്ധിപ്പിക്കയും ചെയ്തു. വാഡി എന്ന സ്ഥലത്തുവച്ചു് നൈസാമിൻെറ രാജ്യത്തിനു താരതമ്യേനയുള്ള ശൂന്യതയേയും, വിപുലതയേയും പററി എനിക്കൊരു ബോധമുണ്ടായി. അവിടെ ഞാൻ ജീവിതത്തിൽ ആദ്യമായി ഒരു മരീചിക കണ്ടു. സകല യാത്രക്കാരും അത്ഭുതത്തോടും, അവിശ്വാസത്തോടുംകൂടി അപൂൎവ്വമായ ഈ വിശിഷ്ടദർശനം നോക്കിക്കൊണ്ടിരുന്നു. അതു് അത്രമാത്രം യഥാൎത്ഥമായി തോന്നി. കർഡ്വാഡി എന്ന സ്ഥലത്തുവച്ചു മഹാരാഷ്ട്റന്മാർ ട്രെയിനിൽ കയറിത്തുടങ്ങി. എക്കാലത്തും എനിക്കു് അത്യധികമായ ബഹുമാനം തോന്നിയിരുന്ന ഈ രണോൽസുകരായ വൎഗ്ഗക്കാരെ ഞാൻ ക്ഷണനേരത്തേക്കു കണ്ടു. ദാക്ഷിണാത്യരായ തങ്ങളുടെ സഹോദരികളെ അപേക്ഷിച്ചു്, മഹാരാഷ്ട്റവനിതകൾ പുരുഷസഹായംകൂടാതെ ട്രെയിൻകയറുന്ന കാഴ്ച വിശേഷിച്ചും ചാരിതാൎത്ഥ്യജനകമായിരുന്നു പൂനാനഗരം എന്നിൽ പരശതം ചരിത്രസ്മരണകളെ ഉണൎത്തി. പക്ഷേ അരസികമായ ട്രെയിൻ മററു ജങ്ഷനിലെല്ലാം താമസിക്കുന്നിടത്തോളം മാത്രമേ പൂനായിലും താമസിച്ചുള്ളൂ. പൂനാനഗരം കാണാൻ സാധിക്കാതിരുന്നതു പരമാൎത്ഥത്തിൽ ഒരു നിരാശയായിരുന്നു. മറേറവഴിയേ ബാംബെയ്ക്കു പോയിരുന്നെങ്കിൽ കാണുമായിരുന്ന മഹാരാഷ്ട്റത്തി

ലെ പലപല ഗിരിദുർഗ്ഗങ്ങളൊന്നുംതന്നെ കാണാതിരുന്നതുമൂലവും ഞാൻ നിരാശപ്പെട്ടു. എന്നാൽ, ലോണാവ്ലാ, കല്യാണം എന്നീ സ്ഥലങ്ങൾക്കു മദ്ധ്യേയുള്ള മനോഹരമായ ഭൂവിലാസം കണ്ടപ്പോൾ ഈ നിരാശകളെല്ലാം അസ്തമിച്ചു. ശിവജിയുമായി ഉററബന്ധമുള്ള സഹ്യാദ്രിനിരകൾ എന്നിൽ ഒരിക്കലും മായാത്തവണ്ണം പതിഞ്ഞു. ഞാൻ ബാംബെയിലെത്തിയപ്പോൾ, എനിക്കു യാതൊരു ക്ഷീണവും ഉണ്ടായിരുന്നില്ല. അന്നുതന്നെ ടാററാഎഡ്യൂക്കേഷൻ സ്കീമിൻെറ സിക്രട്ടറിയുടെ അടുക്കൽപോയി പ്രാരംഭസംഗതികളെല്ലാം തീരുമാനിക്കാനുള്ള ശക്തി എന്നിൽ അവശേഷിച്ചിരുന്നു.

പൗരസ്ത്യമായ ഒരു അലസഭാവം ഉള്ള മദ്രാസിൽനിന്ന് വ്യത്യാസപ്പെട്ട്, പ്രാധാന്യേന വാണിജ്യപരവും, സാർവ്വജനീനവും ആയ ഒരു നഗരം എന്നനിലയിലാണ് ബാംബെ എൻെറ ദൃഷ്ടിപഥത്തിൽ പതിച്ചത്. മദ്രാസിലെ സ്ഥിതിയുമായി പ്രകടമാംവണ്ണം വിപര്യയപ്പെട്ടതായിരുന്നു അവിടത്തെ ജനനിബിഡത. 420 ലക്ഷം ജനങ്ങൾ അടങ്ങിയ ഒരു പ്രസിഡൻസിയുടെ തലസ്ഥാനമാണെന്നുള്ളതുകൊണ്ടത്രേ, മദ്രാസിന് അതിൻെറപ്രാധാന്യം അധികപക്ഷവും ലഭിച്ചിരിക്കുന്നത്. അവിടത്തെ തുറമുഖം ഹൈക്കോടതിയേപ്പോലെതന്നെ അറിയപ്പെടുന്നില്ല. എന്നാൽ ബാംബെയിൽ തുറമുഖമാകട്ടെ, മറെറല്ലാററിനേയും അധഃകരിച്ചുകളയുന്നു. എന്നുമാത്രമല്ല, ഹൈക്കോടതിക്കെട്ടിടങ്ങൾ, മദ്രാസിലെ ഹൈക്കോടതിക്കെട്ടിടങ്ങളോട് താരതമ്യപ്പെടുത്താനുംമാത്രമില്ലതാനും. മനുഷ്യവംശത്തിലെ ഒട്ടുമിക്കവർഗ്ഗങ്ങളും ബാംബെയിലുണ്ട്. വിശേഷരീതിയിലുള്ള തൊപ്പികളോടുകൂടിയ സർവ്വവ്യാപികളായ പാഴ്സികളും, നിരന്തരം ജീവിതവിജയികളായ ഗുജറാത്തികളും, പൗരുഷത്തോടുകൂടിയ മഹാരാഷ്ട്രന്മാരുമാണ് അവയിൽ പ്രാധാന്യംവഹിക്കുന്നത്. ബാംബെയിൽകാണുന്ന പാഴ്സികളുടെ സംഖ്യകൊണ്ട്, ജനസംഖ്യക്കണക്കിൽ പറയുന്നതിനേക്കാൾ വളരെ കൂടുതലാണ് അവരുടെ എണ്ണമെന്ന് ഒരുവൻ തീർച്ചപ്പെടുത്തുവാൻ എളുപ്പമുണ്ട്. മദ്രാസിലേയോ, മററേതെങ്കിലും തെന്നിന്ത്യൻപട്ടണത്തിലേയോ ബ്രാഹ്മണരുടെ കഥയും ഇതുതന്നെയാണ്.

ബാംബെയിൽ കാഴ്ചകാണുക എന്നതു എനിക്കു പ്രത്യേകംഹൃദയാഭിരാമമായിരുന്നു. മദ്രാസുനഗരം പരന്നുകിടക്കുന്നതിനാൽ അതിൻെറ വലിപ്പവും, ജനബാഹുല്യവും ഒരിക്കലും മുഴുവനേ അറിയാൻ സാധിക്കുന്നില്ല. എന്നാൽ ബാംബെനഗരം മനുഷ്യരുടേയും,ഭവനങ്ങളുടേയും ഒരു മഹത്തായ സംഘാതമാകുന്നു. അതുകൂടാതെ, ബാംബെ

യിലെവർഗ്ഗങ്ങൾ മദ്രാസിലെവർഗ്ഗങ്ങളിൽനിന്നു വളരെ വ്യത്യസ്തവുമാ
ണു്. പക്ഷെ ബാംബയിൽ അത്യന്തം ശക്തിയോടുകൂടി എന്റെമന
സ്സിൽ തട്ടിയതു്, വണിഗ്വരന്മാരുടെ രാജഹർമ്മ്യതുല്യമായതാമസസ്ഥ
ലങ്ങളും, അവരുടെ വേലക്കാർ അധിവസിക്കുന്ന മ്ലേഛമായ പുറം
തെരുവുകളും തമ്മിലുള്ള ഭയങ്കരമായ വ്യത്യാസമായിരുന്നു. പുറം
തെരുവുകളെ "ചാൾ" (chawl) എന്നാണു് വിളിച്ചുവരുന്നതു്. ചാ
ളുകൾ * അവിടെ ധാരാളമുണ്ടുതാനും. വെളിയിൽനിന്നു നോക്കു
മ്പോൾ ഇവ പ്രൗഢിയുള്ളവയായി തോന്നും. എന്നാൽ അകത്തേ
ക്കു് ഒന്നെത്തിനോക്കിയാൽ ആ മായാമോഹം വിട്ടുമാറുന്നതാണു്.
സാധാരണയായി ഒരൊററ മുറി മാത്രം ഉള്ള അനേകം കുടുംബങ്ങളാ
ണു് ഒരു ചാളയിൽ താമസിക്കുന്നതു്. ഈ ഒരു മുറിയിൽ ഗൃഹനാ
യകനും, കുടുംബവും അകത്തോ പുറത്തോ യാതൊരു മറവുംകൂടാതെ
ചുരുണ്ടു ഞെരുങ്ങി കിടന്നുകൊള്ളണം. പാചകം, ഭക്ഷണം, ഉറ
ക്കം, സൽക്കാരം എന്നിവയെല്ലാം ഒരേമുറിയിൽതന്നെ നടത്തേ
ണ്ടിയിരിക്കുന്നു. മുറികളെ തമ്മിൽ വേർതിരിക്കുന്ന തട്ടികൾ
തീരെ ദുർബലങ്ങളാണു്. എത്ര രഹസ്യമായി മന്ത്രിച്ചാലും അതു്
അടുത്തമുറിയിലുള്ളവക്കു കേൾക്കാം. എപ്പോഴും പരസ്യമായിട്ടാ
ണു് ഒരുവൻ ജീവിക്കുന്നതു്. വെള്ളം കിട്ടാനുള്ള വൈഷമ്യവും മ
ഹത്താകുന്നു. താഴ്ന്നതരത്തിലുള്ള ബാംബെചാളകളുടെ അശുചി
കരമായ അവസ്ഥ സ്വയം കണ്ടാൽമാത്രമെ അറിയുകയുള്ളു. ലണ്ട
നിലെ + ഈസ്റ്റെൻഡിൽ വൃത്തികേടിലും മ്ലേഛതയിലും, ബാം
ബെചാളകളെ ജയിക്കുന്ന പുറംതെരുവുകൾ ഇല്ല (ലണ്ടനിലെ
പുറംതെരുവുകളിൽ ചിലതു് ഞാൻ അടുത്തുകണ്ടിട്ടുണ്ടു) എന്നുള്ളതു
എന്റെ മനഃപൂർവ്വമായ വിശ്വാസമാകുന്നു. ഇൻഡ്യയിലെ ഉൾനാ
ട്ടുകളിൽ ഇത്രവലിയ വ്യത്യാസങ്ങൾ എനിക്കു് പരിചയമില്ലായിരു
ന്നു. അവിടങ്ങളിൽ ഏററവും നിഃസ്വനുപോലും അവന്റെ സ്വ
ന്തം കുടിലും, ഈശ്വരദത്തമായ വെളിച്ചത്തിലും, വായുവിലും ന്യായ
മായ ഒരോഹരിയും ഉണ്ടായിരിക്കും. ബാംബെയിൽ മിൽവേലക്കാർ
താമസിക്കുന്ന താഴ്ന്നതരം ചാളകളിൽ വ്യാവസായികജീവിതം
അതിന്റെ ഏററവും നികൃഷ്ടാവസ്ഥയിൽ കാണപ്പെടുന്നു ഈ
ദരിദ്രജനങ്ങളുടെ മഹാശത്രു മദ്യപാനമാണു്. ചാളകളുടെ സ
മീപത്തിൽ കള്ളുഷാപ്പുകൾക്കു യാതൊരു കുറവുമില്ല. മില്ലു

---

* തീരെ താഴ്ന്നവർഗ്ഗക്കാർ താമസിക്കുന്ന കുടിലുകൾക്കു് 'ചാള' എന്നു മലബാറി
ലും പറഞ്ഞുവരുന്നുണ്ടു്. ഇതു്, ഒരു പക്ഷെ 'ശാല' എന്നതു് രൂപാന്തരം പ്രാപിച്ച
തായിരിക്കുമോ എന്നു ശങ്കിക്കുന്നു.

+ തൊഴിലാളികൾ താമസിക്കുന്ന സ്ഥലം ലണ്ടനിൽ ഈസ്റ്റെൻഡാണു്.

കളിൽ വേലചെയ്യുന്ന സ്ത്രീകളുടെ ഇടയിൽ, കുട്ടികൾക്കു കറപ്പു കൊടുത്തു് മയക്കിക്കളയുന്ന ഏർപ്പാടു് സർവ്വസാധാരണമാകുന്നു. ഇതിനു് ആ പച്ചപ്പാവങ്ങളെ കുററപ്പെടുത്താനില്ല. അവൾക്കു നിവൃത്തിക്കുള്ള വക നേടേണ്ടിയിരിക്കുന്നു. പല മില്ലുകളും കുട്ടികളെ ഉള്ളിൽ കടത്തുകയുമില്ല. ഈ സ്ഥിതിയിൽ, പട്ടിണിയിടുക, മയക്കുക, എന്നിവയിൽ ഏതെങ്കിലും ഒന്നുമാത്രമേ കരണീയമായുള്ളു. ഒടുവിൽ പറഞ്ഞതു് വിജയിക്കുന്നു. ക്ഷണമാത്രംകൊണ്ടുള്ള കായികമായ ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതിനു് മനുഷ്യനെ എല്ലാ പരിഷ്കൃതരാജ്യങ്ങളും ശിക്ഷിക്കുമെന്നിരിക്കെ, കള്ളു്, മററു ലഹരിപദാത്ഥങ്ങൾ, എന്നിവയാൽ, മാനസികവും, സാന്മാൎഗ്ഗികവും, കാലാന്തരത്തിൽ കായികവും ആയ ആത്മഹത്യ ചെയ്യുന്നതിനു് ആ രാജ്യങ്ങളിൽ പലതും അവനെ അനുവദിക്കുന്നതു് എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ടു്.

ഇംഗ്ലണ്ടിൽ പോവുക എന്നുള്ള എന്റെ മതനിഷ്ഠയില്ലാത്ത ഉദ്ദേശത്തെ പ്രതിഷേധിച്ചുകൊണ്ടു് ബോംബെയിൽവച്ചു് എന്റെ ശാസ്ത്രുരന്റെ പക്കൽനിന്നും ശക്തിയേറിയ കത്തുകൾ കിട്ടി. മതനിഷ്ഠക്കാരുടെ ആചാരത്തിനു വിരുദ്ധമായി, എന്റെ ബാലപത്നിയെക്കൊണ്ടുപോലും, ഞാൻ കാളപാനികടക്കരുതെന്നപേക്ഷിക്കുന്ന ഒരു കത്തു് അവർ അയപ്പിച്ചു. എന്റെ പ്രവൃത്തിയെ സാധൂകരിച്ചുകൊണ്ടു്, വളരെ നിഷ്കൃഷ്ടയായി യുക്തിവാദംചെയ്തിട്ടുള്ള നീണ്ട കത്തുകൾ തയാറാക്കുന്നതിനു് ബാംബെയിലെ എന്റെ പകുതിസമയവും വിനിയോഗിക്കപ്പെട്ടു. എന്തെല്ലാം എതിരുകളുണ്ടായിരുന്നാലും ഇംഗ്ലണ്ടിൽ പോകുന്നതിനുതന്നെ ഞാൻ തീച്ചപ്പെടുത്തിയിരുന്നു എങ്കിലും, എന്റെ നടപടിയിൽ തെററില്ലെന്നു എന്റെ ബന്ധുക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനും, കഴിയുന്നപക്ഷം അവരെക്കൊണ്ടു അതു ശരിവയ്പ്പിക്കുകയോ, അതല്ലെങ്കിൽ അനുവദിപ്പിക്കുകയെങ്കിലുമോ ചെയ്യുന്നതിനും എനിക്കു മോഹമുണ്ടായിരുന്നു.

ടാററാ എഡ്യൂക്കേഷൻസ്കീമിന്റെ സിക്രട്ടറിയുമായുള്ള കൂടിക്കാഴ്ചകൾ ചുരുക്കവും, കാൎയ്യമാത്രപ്രസക്തവുമായിരുന്നു. സിക്രട്ടറി നിർദ്ദേശിക്കുന്ന ഒരു ഡാക്ടരുടെ വൈദ്യപരിശോധനക്കു ഞാൻ കീഴ്പെടണമെന്നു അദ്ദേഹം പറഞ്ഞു. എന്നെ പരിശോധിക്കുന്നതിനുമുമ്പു, തന്റെ സാധാരണഫീസെന്നു അയാൾപറഞ്ഞ 30 രൂപാ കൊടുക്കണമെന്നു്, ഇൻഡ്യാക്കാരനായിരുന്ന ആ ഡാക്ടർ എന്നോടാവശ്യപ്പെട്ടു. ഈ തുകയുടെ ആധിക്യത്തെപ്പററി ഞാൻ പ്രതിഷേധം പുറപ്പെടുവിച്ചപ്പോൾ "നിങ്ങൾ ഒരു ഐ. സി. എസ്സ്".

കാരനാകാൻപോകയാണ്. നിങ്ങൾ പണംകൊടുക്കണം'' എന്നായിരുന്നു അയാളുടെ മറുപടി. ഒരു ഡാക്ടരെ ഒററപ്രാവശ്യം കണ്ടതിന് ഞാൻ 30 രൂപാ കൊടുത്തതു് ഇപ്പോൾ ആദ്യമായിട്ടായിരുന്നു. പക്ഷെ ദുർഭാഗ്യത്താൽ ഇതു് അവസാനത്തേതായിരുന്നില്ല പരിശോധന കേവലം കുലംകഷമായിരുന്നു അതിന്റെ റിപ്പോർട്ടു താൻ സിക്രട്ടറിക്കു നേരിട്ടു അയയ്ക്കുന്നതാണെന്നു് അയാൾ പറഞ്ഞു. പരിശോധനയുടെ ഫലം എന്തെന്നു പോലും അയാൾ എന്നോടു് പറയുകയുണ്ടായില്ല. "നിങ്ങളുടെ ആരോഗ്യത്തെപ്പററി നിങ്ങൾതന്നെ അറിയേണ്ടതാണു്'' എന്നായിരുന്നു എന്റെ ചോദ്യത്തിനുള്ള അയാളുടെ മറുപടി. ഇംഗ്ലണ്ടിൽ സസ്യഭുക്കായി മാത്രം ഒരുവനു ജീവിക്കാൻ സാധിക്കയില്ലേ എന്നു ഞാൻ അയാളോടു ചോദിച്ചു. "ഇല്ലാ'' എന്നു് അയാൾ ഖണ്ഡിതമായി പറഞ്ഞു അയാൾ ഒരു ഡാക്ടരായിരുന്നതിനാലും പലതവണ ഇംഗ്ലണ്ടിൽപോയ ആളാണെന്നുള്ളതിനാലും ഈ ഉത്തരം എന്നെ അത്യധികം ഭീതനാക്കി. എന്നിരുന്നാലും വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്നുള്ള എന്റെ വിശ്വാസത്തിനു എന്നിട്ടും ഇളക്കം തട്ടിയില്ല.

സൺലൈഫ് അഷ്വറൻസു (ജീവരക്ഷാഭോഗ) കമ്പനിയിൽ, എനിക്കു ജീവരക്ഷാവ്യവസ്ഥ ചെയ്യേണ്ടിയിരുന്നു. പ്രസ്തുത കമ്പനിയുടെ വൈദ്യപരിശോധന അതിനു മുമ്പു കഴിഞ്ഞ പരിശോധനയുടെ മിക്കവാറും ഒരാവർത്തനമായിരുന്നു. എന്നാൽ ഇതുസംബന്ധിച്ചു് ഒരു നേരമ്പോക്കുണ്ടായി. എന്റെ ജനനം 1899 ജനവരി 26-ാംതീയതി ആയിരുന്നെന്നും, അതിനുശേഷം 50 ദിവസം കഴിഞ്ഞപ്പോൾ എന്റെ അമ്മ മരിച്ചെന്നും ഞാൻ പറഞ്ഞിരുന്നു. അൽപദിവസം കഴിഞ്ഞു, അമ്മയുടെ മരണത്തീയതി 1898-ലാണെന്നു എഴുതിയിരിക്കുന്നതു കണ്ടപ്പോൾ എന്റെ ഭീതി എന്തായിരുന്നു! പ്രസ്തുത കമ്പനിയുടെ ഡാക്ടർ, മുമ്പോട്ടു കണക്കുകൂട്ടുന്നതിനു പകരം, പിറകോട്ടു കണക്കുകൂട്ടിക്കളഞ്ഞു! യാതൊരവസ്ഥയിലും ഒരു മാററവും വരുത്തുന്നതല്ലെന്നു ചട്ടത്തിൽ പറഞ്ഞിരുന്നെങ്കിലും ശാരീരികമായ ഒരു അസാദ്ധ്യതയെ ശരിപ്പെടുത്തുകയാണെന്നു പറഞ്ഞുകൊണ്ടു ഡാക്ടർ, "സമ്പ്രദായത്തിൽ'' വേണ്ട മാററംവരുത്തി.

ഈ പ്രാരംഭചടങ്ങുകൾക്കു ശേഷം, പാസ്പോർട്ടു്, ഐഡെൻറിററി സർട്ടിഫിക്കററു്, നാച്ചുറലൈസേഷൻ സർട്ടിഫിക്കററു്, എന്നിവ വാങ്ങുന്നതിനു ഞാൻ മലബാറിലേക്കു പോന്നു. പാസ്പോർട്ടു് യാതൊരു വൈഷമ്യത്തിനും കാരണമായില്ല. എന്നാൽ നാച്ചുറലൈസേഷൻ സട്ടിഫിക്കററു് അങ്ങനെയല്ലായിരുന്നു.

ഇതിന്ന ശരിയായ ജനനത്തീയതി വേണ്ടിവന്നു. ജനനരജിസ്റ്ററിൽ നിന്നു കുറിച്ചെടുത്ത ഒരു ഭാഗം രക്ഷായുധമാക്കിക്കൊണ്ട്, ഞാൻ മലബാർകളക്ടറെ കോഴിക്കോട്ടുള്ള അദ്ദേഹത്തിന്റെ ആഫീസിൽ ചെന്നു കണ്ടു. വയസ്സിനെപ്പററി എന്തു തെളിവുണ്ടെന്നു അദ്ദേഹം ചോദിച്ചു. ഞാൻ ജനനരജിസ്റ്ററിൽ നിന്നു കുറിച്ചെടുത്ത ആ ഭാഗവും, എന്റെ ജനനം 1899 ജനുവരി 26-ാംതീയതിയാണെന്നു കാണിച്ച് ലാക്കാളേജ് പ്രിൻസിപ്പാൾ തന്നിട്ടുള്ള ഐഡെൻറിററി സർട്ടിഫിക്കററും അദ്ദേഹത്തെ കാണിച്ചു. എന്നാൽ, ജനനരജിസ്റ്ററിൽ നിന്നെടുത്ത കുറിപ്പിൽ ആളിന്റെ പേരു കാണുന്നില്ലെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചപ്പോൾ, ഹിന്തുക്കൾ ജനിച്ച ഉടൻ പേരിടുന്നില്ലെന്നു ഞാൻ പറഞ്ഞു.

കളക്ടറർ:—ശരി; പക്ഷെ, 26-1-1899-ൽ ജനിച്ച ശിശു നിങ്ങൾതന്നെയാണെന്ന് ഞാൻ എങ്ങനെ അറിയണം? ഒരുപക്ഷെ, അതു നിങ്ങളുടെ മൂത്തതോ ഇളയതോ ആയ സഹോദരനായിരിക്കാം.

ഞാൻ:—(അമർഷത്തോടുകൂടി) ഞാൻ ഒരു കള്ളം പറയുമെന്നു നിങ്ങൾ വിചാരിക്കുന്നോ?

കള:—(ഒരു കുലുക്കവുംകൂടാതെ) ഞാൻ ഒന്നും വിചാരിക്കുന്നില്ല. പക്ഷെ, എനിക്കു തെളിവുവേണം.

ഞാൻ: ഇതാ സർട്ടിഫിക്കററ്-

കള:—അതുപോരാ.

ഞാൻ:—പിന്നെ നിങ്ങൾ ആവശ്യപ്പെടുന്ന അസാദ്ധ്യമായ ആ തെളിവേതാണ്?

ഇതോടുകൂടി, ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതിനെ തടയാൻ അദ്ദേഹം ഉദ്ദേശിക്കുന്നതായി എന്തോ ഒരു സംശയവും എനിക്കുണ്ടായി. അപ്പോഴേക്കു്,

കള:—"ക്ഷോഭിക്കാതിരിക്കൂ. എന്നെപ്പോലെ നിങ്ങളും ഒരു മജിസ്ട്രേട്ടാകുമ്പോൾ എന്റെ വൈഷമ്യം നിങ്ങൾക്ക് അറിയാറാകും. ആകട്ടെ, നിങ്ങൾക്കു കോഴിക്കോട്ട് വല്ല ബന്ധുക്കളും ഉണ്ടോ?" എന്നു ചോദിച്ചു.

ഞാൻ ഒരു വക്കീലിന്റെ പേരുപറഞ്ഞു "നാളെ കാലത്തു പത്തുമണിക്ക് അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു എന്റെ ബംഗ്ലാവിൽ

വരണം. ഇതിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ശിക്ഷ നിങ്ങൾതന്നെയാണെന്ന് അദ്ദേഹം ഒരു സത്യവാങ്മൂലം തരട്ടെ." എന്നു അദ്ദേഹം വീണ്ടും പറഞ്ഞു. ഞാൻ അപ്രകാരം സമ്മതിക്കുകയും പിറേറദിവസം അങ്ങനെ പ്രവർത്തിക്കുകയും ചെയ്തു. സകല വിഷമവും അതോടെ തീൻറു. കളക്ടർ തടസ്സംപറഞ്ഞതെല്ലാം എത്രമാത്രം ന്യായമായിരുന്നു എന്നും എൻെറ അമർഷം എത്രത്തോളം അസാധുവായിരുന്നു എന്നും എനിക്കു് ഇന്നു മനസ്സിലാകുന്നു.

ഈ പ്രമാണങ്ങളെല്ലാം സമ്പാദിച്ചതിനുശേഷം എൻെറ ഗ്രാമക്കാരോടെല്ലാം യാത്രപറയുന്നതിനു ഞാൻ അങ്ങോട്ടുപോയി. എന്തെന്നാൽ അക്കാലത്തു എൻെറ ഗ്രാമം ഒരു ഏകസാമുദായികയോഗമായിരുന്നു. തന്നിമിത്തം എനിക്കു് എല്ലാവരോടും യാത്രാനുവാദം ചോദിക്കേണ്ടിയിരുന്നു. സ്വഗ്രാമക്കാരുടെ അനുവാദത്തോടുകൂടി കേവലം "ബൗദ്ധ"മായ കാളപാനി ആദ്യമായി കടക്കുന്നവൻ ഞാനായിരുന്നു. എന്നിരുന്നാലും അവരുടെ അനുവാദത്തെപ്പററി സ്വാഭാവികമായിത്തന്നെ അവരിൽ പലക്കും ശങ്കതോന്നിയിരുന്നു. "ആ വിലക്ഷണമായ പാശ്ചാത്യരീതികളാൽ നിങ്ങൾ മാലിന്യപ്പെടുകയില്ലായിരിക്കാം. എന്നാൽ മാംസം ഭക്ഷിക്കാതെയും മദ്യം സേവിക്കാതെയും, പുകവലിക്കാതെയും ഇംഗ്ലണ്ടിൽനിന്നു് തിരിച്ചുവന്ന ഒരൊററ ഇൻഡ്യനേപ്പോലും എനിക്കറിവില്ല" എന്നു അവരിൽ ഒരാൾ എന്നോടു പറഞ്ഞു.

ഞാൻ:—ഇംഗ്ലണ്ടിൽ പോകാത്ത എത്രയോ ഇൻഡ്യാക്കാർ മാംസം ഭക്ഷിക്കുകയും, കള്ളുകുടിക്കുകയും, പുകവലിക്കയും ചെയ്യുന്നു?

അയാൾ:—പക്ഷെ അവരെല്ലാം ഒഴിഞ്ഞുവിട്ട കൂട്ടങ്ങളാണു്. ഇൻഡ്യയിൽതന്നെയിരിക്കയാണെങ്കിൽ നിങ്ങൾ ഈവകയൊന്നും ചെയ്കയില്ല. ഇംഗ്ലണ്ടിൽ ഇതൊക്കെച്ചെയ്യാൻ നിങ്ങൾ നിർബന്ധിതനായിത്തീരുമോ എന്നുള്ള കാര്യം എനിക്കറിവില്ല. ഒരുപക്ഷേ, അവിടത്തെ ശീതോഷ്ണസ്ഥിതിയിൽ ഇതെല്ലാം വേണമായിരിക്കാം.

ഞാൻ:—അങ്ങനെ ചെയ്യുകയേക്കാൾ, ഞാൻ മരിക്കതന്നെ ചെയ്യും.

അയാൾ:—അതെ, പക്ഷെ അതു പ്രവർത്തിക്കുന്നതിനേക്കാൾ എളുപ്പത്തിൽ പറഞ്ഞുകഴിഞ്ഞു. എന്തായാലും, മാംസം, മദ്യം, പുകയില, എന്നിവയേക്കാൾ വളരെ മഹത്തരമായ ഒന്നാണു് ജീവിതം.

അന്തർവാഹിനിക്കപ്പലുകളെപ്പററി കേട്ടിരുന്ന ദുർബ്ബുദ്ധിയായ ഒരു ബന്ധുവൃദ്ധ ഇങ്ങനെ ചോദിച്ചു. "ഒരുപക്ഷെ, വല്ല കഴനാക്കപ്പലുകളും നിങ്ങളുടെ കപ്പലിനെ മുക്കിക്കളഞ്ഞെങ്കിലോ?"

ഞാൻ:—ഞാൻ കടലിനടിയിൽപോകും; അത്രതന്നെ. പക്ഷേ, അതു സംഭവിച്ചു വളരെ നാം കഴിഞ്ഞേ നിങ്ങൾ ആ വത്തമാനം അറിയുകയുള്ളു. അതുകൊണ്ടു നിങ്ങൾക്കു പുല ആചരിക്കാതെ കഴിഞ്ഞുകൂടാം. ഒരു കുളികൊണ്ടു നിങ്ങൾക്കു അതിൽനിന്നു രക്ഷപെടാം."

വൃദ്ധ:—പക്ഷേ, എന്നേക്കാൾമുമ്പേ നിങ്ങൾ മരിക്കുന്നതു ഒന്നോത്തുനോക്കുക.

ഞാൻ:—അതിലെന്താണു് ഇത്ര വിശേഷമായിട്ടുള്ളതു്? എന്നേക്കാൾ വളരെ മുമ്പേ നിങ്ങൾ ഈ ലോകത്തുവന്നു നിങ്ങളെക്കാൾ വളരെ മുമ്പേ ഞാൻ പരലോകത്തുപോകും, അത്രേയുള്ളൂ-

എൻെറ പിതാമഹൻെറ സഹോദരൻ നാംകിയ ഉപദേശം സ്വഭാവാനുസരണമായിരുന്നു. അദ്ദേഹംപറഞ്ഞു—"നാം ഇതുവരെ ആചാരനിഷ്ഠയുള്ളവരായിരുന്നു. നമ്മുടെ കുടുംബത്തിലെ ഒരംഗം ഇതാദ്യമായിട്ടാണു് കാളപാനി കടക്കുന്നതു് നമ്മുടെ കുടുംബചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തവിധം നീ ഒരിക്കൽ ഒരുകളങ്കരായി തീരുമെന്നു വിചാരിക്കുന്നതിനാലാണു് ഞാൻ അനുവദിക്കുന്നതു്. നിൻെറ ആചാരങ്ങളെല്ലാം തെററാതെ പാലിക്കുക. മാംസം, മദ്യം, പുകയില എന്നിവയിൽനിന്നൊഴിഞ്ഞു്, പഠിത്തത്തിൽമാത്രം ജാഗ്രതയായിരിക്കുക. കാളപാനികടന്നു നീ തിരികെ വരുമ്പോഴേക്കു ഞാൻ മററു പാനികളെ കടന്നിരിക്കും." ഇത്രയും പറഞ്ഞു അദ്ദേഹം എന്നെ അനുഗ്രഹിച്ചു. സാധുമനുഷ്യൻ; അദ്ദേഹത്തിൻെറ ദീർഘദർശനം ഒത്തുവന്നു. ഞാൻ ഇംഗ്ലണ്ടിൽനിന്നു തിരിച്ചെത്തുന്നതിനു വളരെമുമ്പുതന്നെ അദ്ദേഹം മരിച്ചുപോയി.. ചില അവസ്ഥയിൽ ഏററവും വിഷണ്ണതയെ ഉളവാക്കിയതും കണിശമായും വളരെ വിഷാദം ജനിപ്പിച്ചതും ആയ വേർപാടു് എൻെറ ബാലപത്നിയുമായിട്ടുള്ളതായിരുന്നു. അവൾക്കു പന്ത്രണ്ടുവയസ്സു് പ്രായവും, വെറും പ്രാഥമികമായ വിദ്യാഭ്യാസവും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇംഗ്ലണ്ടു് എവിടെയാണെന്നോ, ഞാൻ അവിടെ എന്തിനു പോകുന്നു എന്നോ അവൾക്കു രൂപമില്ലായിരുന്നു. അവളുടെ മാതാപിതാക്കന്മാർ അതിതീക്ഷ്ണമായ മതഭ്രാന്തുകയറിയവരായിരുന്നതിനാൽ, ഞാൻ ഇംഗ്ലണ്ടിൽപോകുന്നു എ

ന്നുള്ളതുതന്നെയും അവർ ഇഷ്ടപ്പെട്ടില്ല. അവരുടെ പുത്രിയെ എനിക്കു തന്നുപോയതിനെപ്പററി അവർ ഹൃദയപൂർവ്വം പശ്ചാത്താപിച്ചു. എന്നാൽ മനുവിൻെറ നിയമങ്ങൾ എൻെറ പക്ഷത്തായിരുന്നതിനാൽ അവക്ക് ഒന്നുംചെയ്യാൻ കഴിവില്ലായിരുന്നു. അവരുടെ അഭിപ്രായങ്ങളെ ഞാൻ തെല്ലും വകവച്ചില്ല. പക്ഷെ, എൻെറ ഭാൎയ്യയുടെ കാൎയ്യത്തിൽ അങ്ങിനെയല്ലല്ലോ. എൻെറ പ്രവൃത്തിപദ്ധതി ശരിയാണെന്നു അവളെ ബോദ്ധ്യപ്പെടുത്താൻ എനിക്കു ഉൽക്കണ്ഠ ഉണ്ടായിരുന്നു. അവളും ഞാനും ജീവപൎയ്യന്തം പങ്കുകാരായിരുന്നു. അഗ്നിഭഗവാൻെറ സന്നിധിയിൽവച്ച് തമ്മിൽ കൈകോൎത്ത നിമിഷംമുതൽ ഞങ്ങൾ ഏകാത്മാവായിതീൎന്നിരുന്നു. അതിനാൽ മററുള്ളവരോടുള്ളതിനേക്കാൾ കൂടുതലായ ഒരു കടമ എനിക്കു അവളോടുള്ളതായി തോന്നി. അവൾ കഠിനമായി നിലവിളിക്കുകയും, പോകരുതെന്ന് എന്നോടഭ്യൎത്ഥിക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ എന്തുചെയ്യുമായിരുന്നു എന്ന് എനിക്കു നിശ്ചയമില്ല. പിന്തിരിയാൻ വയ്യാത്തവിധം ഒരു പതനത്തിലെത്തിയിരുന്നതിനാൽ ഞാൻ മിക്കവാറും പോകുമായിരുന്നിരിക്കണം. പക്ഷെ അങ്ങിനെ ആയിരുന്നെങ്കിൽ, അതിദുസ്സഹമായ ഹൃദയവേദനയോടുകൂടി മാത്രമേ ഞാൻ പോകുമായിരുന്നുള്ളു. ഒരു ശുദ്ധമേ ആത്മീയകാൎയ്യമായ വിവാഹത്തിനുശേഷം, ഒരു ബാലപത്നിയും, അവളുടെഭൎത്താവും തമ്മിൽ ഉളവാകുന്ന വികാരോജ്ജ്വലമായ പ്രണയത്തെപ്പററി ഹൈന്ദവേതരന്മാരിൽ അധികമാൎക്കും മനസ്സിലാക്കാൻ സാധിക്കയില്ല. യഥാൎത്ഥത്തിൽ മാതൃകായോഗ്യമായ ഒരു വിവാഹബന്ധത്തിൽ, ഇരുകൂട്ടരുടേയും ഇളംപ്രായത്താലോ, അഥവാ അങ്ങനെ ആയിരുന്നിട്ടുപോലുമോ, അവർതമ്മിലുള്ള സ്നേഹം അത്യന്തം ഗാഢമായിതന്നെ കാണപ്പെടുന്നു. അവരിൽ ഓരോ ആളും മറേറ ആളിനെ തൻെറ സ്വന്തമായി കരുതുന്നു; ആദർശപുരുഷനോ, ആദൎശവനിതയോ ആയി സങ്കല്പിക്കുന്നു; തങ്ങളുടെ ക്ഷേമതാല്പൎയ്യങ്ങളെ പരസ്പരം ലയിപ്പിക്കുന്നു. ഒരു പ്രത്യേകാദ്ധ്യായത്തിൽഇതിനേപ്പററി കൂടുതൽ പൂൎണ്ണമായി വിവരിക്കാമെന്ന് വിചാരിക്കുന്നതിനാൽ,ഇവിടെ ഇതിലധികം വിസ്തരിക്കുന്നില്ല. എൻെറ ഭാഗ്യത്താൽ ഉദ്ദേശിച്ചിരിക്കാത്ത ധൈൎയ്യത്തോടുകൂടി എൻെറ പത്നി ഈ ദുർഘടഘട്ടത്തെ അഭിമുഖീകരിച്ചു. ഞാൻ പോകുന്നതുമൂലം അവളുടെ മനസ്സിടിഞ്ഞു എന്നുള്ളതു് വാസ്തവംതന്നെ. വിശിഷ്യ, കാളപാനികടന്നു, 5000 മൈൽ ദൂരെയുള്ള ഒരു വിദേശരാജ്യത്ത് പോകുന്നതിലുണ്ടാകുന്ന കായികവും, സാന്മാൎഗ്ഗികവും ആയ അപായങ്ങളെപ്പററി പലരും അവളുടെ മുമ്പിൽവച്ചു സംസാരിക്കയും ചെയ്തിരുന്നു. പക്ഷെ അവൾ കരയുകയോ, പോകരുതെന്നു എന്നോടു ആ

വശ്യപ്പെടുകയോ ചെയ്തില്ല. ഇംഗ്ലണ്ടിൽ പോകുന്നതിലുള്ള കായികവും സാന്മാൎഗ്ഗികവും ആയ അപകടങ്ങളെപ്പററി പലതും പറഞ്ഞുതന്നു പ്രസ്താവിക്കയും, അവയെല്ലാം ഒഴിഞ്ഞുകളയണമെന്ന് അപേക്ഷിക്കയും മാത്രം അവൾ ചെയ്തു. "എന്നാൽ കഴിവുള്ളതെല്ലാം ഞാനും ചെയ്യാം. അങ്ങയുടെ ക്ഷേമത്തിനുവേണ്ടി ദിവസവും കാലത്തും വൈകുന്നേരവും ഞാൻ പ്രാൎത്ഥിക്കാം" എന്നു ഒരു പുഞ്ചിരിയോടുകൂടി അവൾ പറഞ്ഞു. അവൾക്കു എന്നോടുള്ള മഹത്തായ സ്നേഹത്തിന്റെ ഈ തെളിവു കണ്ടതിനാലുള്ള തൃപ്തിയാലും പ്രാൎത്ഥനയിലുള്ള അവളുടെ ബാലിശമായ വിശ്വാസത്തിന്റെ നിഷ്ഫലതയാലും ഞാൻ മന്ദഹസിച്ചു എന്തെന്നാൽ അന്ന് ഞാൻ ആത്മികമോ, സാമ്പത്തികമോ ആയ കാൎയ്യസിദ്ധികളുള്ള യാചനയിൽ തരിമ്പും വിശ്വാസമില്ലാതെ, മതകാൎയ്യങ്ങളിൽ സംശയാത്മാവായി മദ്രാസ് സൎവ്വകലാശാലയിൽനിന്നു പുറത്തുവന്നവരുടെ ഒരു നല്ല മാതൃകയായിരുന്നു. സംസ്കാരപരമായി ഞങ്ങൾ തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. യാഥാസ്ഥിതികർക്കൊത്ത പഴയ ആശയങ്ങളോടുകൂടിയ ഒരു പഴയസമ്പ്രദായക്കാരിയായിരുന്നു അവൾ. പഴയതും, പുതിയതും ആയ ചിന്താഗതികളുടെ മദ്ധ്യത്തിലായിരുന്നു ഞാൻ. അവസാനമായി ഞാൻ അവളുടെ അടുത്തു യാത്രചോദിച്ചുപോരുമ്പോൾ, "ദിവസം മൂന്നുപ്രാവശ്യം എന്നെ ഓൎക്കണെ"മെന്നു കണ്ണുനീരോടുകൂടി അവൾ പറഞ്ഞു. "നീ എന്നെ എത്രപ്രാവശ്യം ഓൎക്കും?" എന്ന് ഞാൻ ചോദിച്ചു. "എല്ലായ്പ്പോഴും" എന്നു ഇൻഡ്യൻസ്ത്രീകൾക്ക് എത്രയോ സഹജമായരീതിയിൽ അവ്യക്തമായ അഗാധതയോടുകൂടി എന്റെ നേത്രങ്ങളിൽതന്നെ നോക്കിക്കൊണ്ട് അവൾ പറഞ്ഞു. "അങ്ങനെയാണെങ്കിൽ, നിന്നെ മൂന്നുപ്രാവശ്യംമാത്രം ഓൎക്കണമെന്നു പറയുന്നതു് എന്തുകൊണ്ട്?" എന്നു ഞാൻ തുടൎന്നുചോദിച്ചു. "അതു് അങ്ങേയ്ക്കു് പഠിത്തകാൎയ്യംകൂടി ശ്രദ്ധിക്കണമെന്നുള്ളതുകൊണ്ടാണ്. എനിക്ക് അങ്ങനെ മററു ജോലികളൊന്നുമില്ല. അതാണ് വ്യത്യാസം" എന്നവൾ മറുപടി പറഞ്ഞു. അങ്ങനെ ഞാൻ എന്റെ ബാലപത്നിയുമായി പിരിഞ്ഞു് അവളുടെ ഭവനത്തിൽനിന്നു പോന്നു. എന്റെ സങ്കല്പത്തിൽ ഇംഗ്ലണ്ടിലേക്കുള്ള യാത്ര അപ്പൊഴേതന്നെ തുടങ്ങിയിരുന്നു. ഞാൻ കഴിവുള്ളിടത്തോളം അടക്കാൻശ്രമിച്ചിട്ടും, മൂന്നുകൊല്ലത്തിൽ ചിലപ്പോൾ സ്വജനങ്ങളിൽനിന്നു പിരിഞ്ഞിരിക്കണമല്ലോ എന്നുള്ള വിചാരം തള്ളിക്കയറിവരികയും, എന്റെ ഹൃദയചക്രവാളത്തിലെ ഒരു പ്രധാനഭാഗം അതു് കൈവശപ്പെടുത്തുകയുംചെയ്തു. തമ്മിൽ പിരിഞ്ഞ ആ വിഷമഘട്ടത്തിൽ എന്നെ സങ്കടപ്പെടുത്താതിരിക്കുന്നതിനു സ്വയം അമൎത്തേണ്ടിവന്നതും തന്നെ ഗ്രസിച്ചുകളഞ്ഞതും

ആയ ഒരു ശൂന്യതാബോധം തനിക്കുണ്ടായെന്നു പിൽക്കാലത്ത് എന്റെ ഭാര്യയും എന്നോടു പറഞ്ഞിട്ടുണ്ട്.

അന്നുതന്നെ ഞാൻ ബാംബയിലേക്കുള്ള ട്രെയിൻകയറുകയും, മൂന്നു ദിവസത്തിനകം ആ സ്ഥലത്തെത്തുകയും ചെയ്തു. അടുത്ത മൂന്നുകൊല്ലത്തേക്കു റൊട്ടിയും, ഉപ്പില്ലാത്ത ഉരുളൻകിഴങ്ങും മാത്രമേ സസ്യവസ്തുക്കളായി ഇംഗ്ലണ്ടിൽ കിട്ടുകയുള്ളു എന്നു വിശ്വസിക്കപ്പെട്ടിരുന്നതിനാൽ, അവ ഭക്ഷിക്കാൻ കഴിവുണ്ടാകുന്നതിലേക്കു ചില വിവേകശാലികളുടെ ഉപദേശപ്രകാരം, ബാംബയിൽവച്ചു ഞാൻ അവ ഉപയോഗിപ്പാൻതുടങ്ങി. ഈ ആഹാരം വൈവിധ്യരഹിതമായിരുന്നു. അതു കഴിക്കുന്ന ഓരോപ്രാവശ്യവും, എനിക്ക് അതികഠിനമാംവണ്ണം മനംമറിപ്പുണ്ടായി. എന്നാൽ ഛർദ്ദിക്കുക എന്നതു ഇംഗ്ലണ്ടിൽ സസ്യഭക്ഷണം അസാദ്ധ്യമാണെന്നു കാഴ്ചക്കാർക്ക്—അവർ അനവധിയായിരുന്നു—തെളിയിച്ചുകൊടുക്കമായിരുന്നതിനാൽ, ആ മനംമറിപ്പിനെ അടക്കാൻ ഞാൻ വീരോചിതമായ യത്നംചെയ്തു. എങ്കിലും ദിവസംതോറും എന്റെ ആഹാരം കുറഞ്ഞുകുറഞ്ഞുവന്നു. ഒടുവിൽ എന്റെ ജ്യേഷ്ഠഭാര്യ ഇങ്ങനെ പറയുകയുണ്ടായി. "ഇനി ഒരു പത്തുദിവസത്തിനകം നിങ്ങൾക്കു കാപ്പിയൊഴിച്ചു ആഹാരമൊന്നും വേണ്ടിവരികയില്ല. കാപ്പികൊണ്ടുമാത്രം ഒരു മനുഷ്യൻ, വിശേഷിച്ച്, വളരെ തണുപ്പുള്ള രാജ്യമായ ഇംഗ്ലണ്ടിൽ, എങ്ങനെ ജീവിക്കും. ഇവിടെ ആയിരിക്കുമ്പോൾ നമ്മുടെ സാധാരണ ആഹാരം കഴിക്കണം. ഇംഗ്ലണ്ടിൽ പോകുമ്പോൾ പട്ടിണികിടക്കാൻ ധാരാളം സമയമുണ്ടല്ലോ" ഇതിനു ഞാൻ വഴിപ്പെട്ടില്ല. സസ്യഭക്ഷണസിദ്ധാന്തത്തിന്റെ സന്ദേശവാഹകത്വം എന്റെമേൽ പതിച്ചിരിക്കുന്നു എന്നും, ബാംബെ ഡാക്ടരുടേയും, മദ്രാസ് അഡൈ്വസറി കമ്മററിയുടെയും വാദങ്ങൾ തെററാണെന്നു തെളിയിക്കണമെന്നും എനിക്കു തോന്നി. ഇംഗ്ലണ്ടിൽ സസ്യഭക്ഷണജീവിതം സാദ്ധ്യമോ എന്നുള്ള എന്റെ ചോദ്യത്തിനു "അസാദ്ധ്യം, കുഞ്ഞേ," എന്നാണു പ്രസ്തുത അഡൈ്വസറിക്കമ്മെററിയുടെ സിക്രട്ടറി മറുപടിപറഞ്ഞത്. ഉപ്പില്ലാതെ അവിയൽപ്രായത്തിലുള്ള ഉരുളൻകിഴങ്ങും റൊട്ടിയും ചേർന്നു എത്രയും ഉന്മേഷരഹിതമായ ഈ ആഹാരം കഴിക്കുന്ന അവസരത്തിൽ, ഇംഗ്ലണ്ടിലും രുചികരമായ ഒന്നാംതരം സസ്യാഹാരം ലഭിക്കുമെന്നുള്ള കാര്യം ഞാൻ അറിഞ്ഞിരുന്നതേയില്ല. ഉപ്പുചേക്കാത്ത ഉരുളൻകിഴങ്ങിലും റൊട്ടിയിലും എന്റെ ദൃഷ്ടി പതിച്ചപ്പോൾ, എന്റെ ഹൃദയം കീഴോട്ടു താഴുകയും വേണമെങ്കിൽ ചക്ക വേരിലുംകായ്ക്കുമെന്നുള്ള പഴഞ്ചൊല്ലിനു തന്നെയും

എന്തൊക്കെയായാലും പരിമിതികളുണ്ടായിരിക്കയില്ലേ എന്നു ഞാൻ സന്ദേഹിക്കാൻ തുടങ്ങുകയുംചെയ്തു. എന്നാൽ ഈ സന്ദേഹം ആഹാരത്തിനുശേഷം അപ്രത്യക്ഷമാകയും, അടുത്ത ഭക്ഷണവേളയിൽമാത്രം വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ആ കഷ്ടകാലത്തു, ഭക്ഷണസമയത്തെ ഞാൻ വെറുക്കുകയും, ഇൻഡ്യൻപലഹാരങ്ങൾ ഇംഗ്ലണ്ടിൽ കിട്ടുകയില്ലെന്നുള്ളതിനാൽ, എൻെറ ഈ പരിശീലനകാലത്തു അവപോലും ഉപയോഗിക്കാതെ അനാവശ്യമായി സ്വയം ക്ലേശിപ്പിക്കയും ചെയ്തു. അക്കാലത്തെപ്പററി ഇപ്പോൾ ഞാൻ ഓക്കുന്നവേളയിൽ, അന്നു സഹിച്ച വലുതായ ക്ലേശത്തേയും അസൗകര്യത്തേയുംപററി എനിക്കു ആശ്ചര്യം തോന്നുന്നു. സസ്യഭക്ഷണസിദ്ധാന്തത്തിൻെറ പേരിൽ ഞാൻ ഒരു ശരിയായ രക്തസാക്ഷിയായിരുന്നു. പക്ഷെ അതു ശുദ്ധമേ അനാവശ്യമായ ഒരു രക്തസാക്ഷിത്വമായിരുന്നു.

1919 അക്ടോബർമാസം 2-ാംനു- ബാംബെയിൽനിന്നു പുറപ്പെടുന്ന എസ്സ്. എസ്സ്. നെല്ലൂർ എന്ന കപ്പലിൽ ആണ് ഞാൻ ടിക്കററെടുത്തിരുന്നതു. കുട്ടികൾ ധരിക്കാറുള്ള ചെറിയ ഹാററ്, ശവസംസ്കാരത്തിനുള്ളതെന്ന് തോന്നിക്കുന്ന ഒരു സൂട്ട്, ലങ്കോട്ടിമാതിരിയുള്ള ശരായി, നാഭിവരെമാത്രം എത്തുന്ന കോട്ട്, ടേപ്പുപോലിരുന്ന ടൈ, പോത്തിൻെറതോലുകൊണ്ടു ഉണ്ടാക്കപ്പെട്ടതെന്നു തോന്നുന്ന ഷൂസ്, എന്നിങ്ങനെ മദാമ്മമാർ വേനല്ക്കാലത്തു ധരിക്കാറുള്ള ഗൗണുകൾ ഉൾപ്പെടെ തീരെ ചേർച്ചയില്ലാത്ത കുറെ വകകൾ, ഇവയെല്ലാന്നിനും പരമാത്ഥത്തിൽ ദൂഷ്യമില്ലെന്നു ഒരുപക്ഷെ ആത്മസാക്ഷിയായി വിശ്വസിച്ചിരുന്ന് ഒരുവൻമൂലം ഞാൻ അത്യന്തം വിഡ്ഢിത്തത്തോടുകൂടിത്തന്നെ തയ്യിച്ചെടുത്തു. താൻ പലതവണ ഇംഗ്ലണ്ടിൽപോയിട്ടുണ്ടെന്നും അവിടത്തെ രീതികളെല്ലാം തനിക്കു നല്ല നിശ്ചയമാണെന്നും, ഇംഗ്ലണ്ടിൽപോകുന്ന പലരേയും താൻ ഇതുപോലെ തയ്യാറാക്കിയിട്ടുണ്ടെന്നും ആ മനുഷ്യൻ പറയുകയാൽ ഞാൻ അവയൊന്നും സൂക്ഷ്മമായി പരിശോധിച്ചില്ല. അഥവാ, അപ്രകാരം ചെയ്തിരുന്നെങ്കിൽതന്നെയും, ചേർച്ചയില്ലായ്മകളൊന്നും ഞാൻ കണ്ടുപിടിക്കുമായിരുന്നില്ല. എന്തെന്നാൽ പാശ്ചാത്യവസ്ത്രധാരണത്തിനുള്ള സാധനങ്ങൾ പരിശോധിക്കേണ്ടതെങ്ങനെയെന്ന് എനിക്കോ, എൻെറ സ്നേഹിതന്മാരിൽ ആക്കെങ്കിലുമോ, അറിവില്ലായിരുന്നു. നേരമ്പോക്കുതോന്നിക്കുന്ന നിരപരാധികളായ ഈ സാമാനങ്ങളുടെയെല്ലാം എതിരേ കാണിച്ചിരുന്ന വില കണ്ടു് ഞങ്ങൾ അന്ധാളിച്ചുപോയെങ്കിലും, ചിരിക്കാൻകൊള്ളാവുന്ന ഈ വസ്ത്രമാതൃകകളെക്കുറിച്ചുപോലും ഞങ്ങൾക്കു ബഹുമാനം

തോന്നി. "ഇംഗ്ലണ്ട് താമസത്തിനു വളരെ ചെലവുള്ള ഒരു സ്ഥലമാണ്. അതുകൊണ്ടു ഈ വസ്ത്രങ്ങൾക്കും വലിയ വിലകൊടുക്കണം" എന്നു് ഒരു സ്നേഹിതൻ പറഞ്ഞപ്പോഴേക്കു ഞങ്ങൾക്കെല്ലാം തൃപ്തിയുമായി.

---

## അദ്ധ്യായം ൨.

---

### "നെല്ലൂരി"ൻെറ യാത്ര.

മംബലത്തുവച്ചു കത്തുകിട്ടിയതിനുശേഷം അൻപതുദിവസം കഴിഞ്ഞപ്പോൾ ഞാൻ പോകുന്നതു കാണാൻ ആഗ്രഹിച്ചിരുന്ന ചില സ്നേഹിതന്മാരും ബന്ധുക്കളുമൊരുമിച്ച് ഞാൻ വിക്ടോറിയാ ടെർമിനസ്സിലേക്കു കാലത്തുള്ള ട്രെയിൻകയറി. കഴിഞ്ഞ ദിവസങ്ങളിൽ കണ്ടിരുന്ന ഉന്മേഷപൂർവ്വവും, ആഹ്ളാദഭരിതവുമായ സംസാരങ്ങളെ അപേക്ഷിച്ചു ഈ യാത്രയിൽ കേവലം മൌനംതന്നെ ഞങ്ങളുടെഇടയിൽ പരന്നിരുന്നു. അജ്ഞാതഭാവിയിലേക്കുള്ള എൻെറ എടുത്തുചാട്ടത്തെപ്പററി ഞങ്ങളിൽ ഓരോരുത്തനും ബോധമുണ്ടായിരുന്നതുപോലെ തോന്നി. ഞങ്ങളുടെ ചിന്തകൾ ബഹിർപ്രകാശിപ്പിക്കാൻ വയ്യാത്തവിധം അത്ര അഗാധമായിരുന്നു. ബലി കഴിക്കാൻ കൊണ്ടുപോകുന്ന ആടെന്നപോലെ തോന്നിക്കത്തക്കവിധം ഞാൻ ആ ശവസംസ്കാരവസ്ത്രങ്ങൾ ധരിച്ചിരുന്നു.

ആറു പ്രധാന സംഗതികൾ ഒരു ഭാരമെന്നപോലെ എൻെറ മനസ്സിനെ മർദ്ദിക്കയും. അവയുടെ അവ്യക്തതയാൽതന്നെ ദുസ്സഹമാംവണ്ണം പ്രവർത്തിച്ചുകൊണ്ടിരിക്കയുംചെയ്തു.

എൻെറകുടുംബം, സ്നേഹിതന്മാർ, ബന്ധുക്കൾ, നാട്ടുകാർ എന്നിവരെ കണിശമായും ഒരു ദീർഘകാലത്തേക്കു അഥവാ, എന്നേക്കുമായിത്തന്നെ ഞാൻ വിട്ടുപിരിയുകയാണെന്നുള്ള വിചാരമായിരുന്നു ഒന്നാമത്തെ സംഗതി. ഈശ്വരനാകുന്ന വായുവിൽ അവസാനമായി ലയിക്കുന്നതുവരെ പലതരത്തിലുള്ള കുമിളകളാട്ടുകൂടി തൻെറ അപദാനങ്ങളെ തുടരുന്ന അനശ്വരമായ ആത്മാവിനെ അവിചാരിതമായി ഏതൊരുസമയത്തും പൊട്ടിത്തുറന്നു വെളിയിൽവിട്ടേക്കാവുന്ന ഒരു ബുൽബുദം മാത്രമായി ഞാൻ കരുതുന്ന ജീവിതത്തിൻെറക്ഷണികതത്വത്തിൽ ഇന്നെന്നപോലെ അന്നും ഞാൻ ഒരു ദൃഢ

വിശ്വാസിയായിരുന്നു. എന്റെ വിദ്യാഭ്യാസത്തിനുവേണ്ടി കഴിഞ്ഞ പത്തുകൊല്ലക്കാലം വളരെദ്ദൂരെയുള്ള പല സ്ഥലങ്ങളിലുംതാമസിച്ചിരുന്നതുമൂലം എന്റെ ജനനസ്ഥലമായ ഗ്രാമത്തോട് എനിക്കുള്ള ബന്ധം അത്രതന്നെ ഗാഢമായിരുന്നില്ല. സ്നേഹിതന്മാർ, ആ പദത്തിന്റെ ശരിയായ അർത്ഥത്തിൽ, വളരെ ചുരുക്കമായിമാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ. മററുള്ളവരിൽ ഒരു വലിയ ഭൂരിപക്ഷം വെറും പരിചയക്കാരായിരുന്നു. ബന്ധുക്കൾ എനിക്ക് അനവധി ഉണ്ടായിരുന്നു എന്നുള്ളത് ശരിതന്നെ പക്ഷെ അവരിൽ എല്ലാവരേയുമോ, അവരുടെ ഒരു നല്ല ശതമാനത്തേയോ ഞാൻ സ്നേഹിച്ചിരുന്നു എന്നു നിഷ്കളങ്കമായി പറയാൻ എനിക്കു സാധിക്കയില്ല. വാസ്തവത്തിൽ ഞാൻ അവരിൽനിന്ന് കൂടുതലായി ആശിച്ചിരുന്നത്, അവരുടെ അസൂയാകുലമായ അമംഗളാശംസകളും, കരുതിക്കൂട്ടിയുള്ള വ്യാജപ്രസ്താവനകളുംകൊണ്ട് അനാവശ്യമായി എന്നെ ഉപദ്രവിക്കാതെ എന്റെ പാട്ടിനു വിട്ടേക്കണമെന്നുള്ളതു മാത്രമായിരുന്നു. പ്രത്യേകതയുള്ള ഒരു വർഗ്ഗം എന്ന നിലയിൽ എന്റെ രാജ്യക്കാർ, എന്റെ ദൃഷ്ടിയിൽ മൂർത്തരൂപം കൈക്കൊണ്ടുതുടങ്ങിയിരുന്നില്ല. ഒരു വർഗ്ഗത്തെ മറെറാരു വർഗ്ഗത്തിൽനിന്നു ഭിന്നമായോ, അഭിന്നമായോ വേർതിരിച്ചുപറവാൻ എനിക്കു കഴിയുമായിരുന്നില്ല. കാശ്മീരികൾ, പഞ്ചാബികൾ, രജപുത്രന്മാർ, യുണൈറെറഡ് പ്രാവിൻസുകാർ, ബംഗാളികൾ സെൻട്രൽപ്രാവിൻസുകാർ. ഒറിയാക്കാർ മുതലായവരെ ഞാൻ മതിയാകുംവണ്ണമുള്ള സംഖ്യയിൽ കണ്ടിരുന്നില്ല. അതിനാൽ, അന്ന് ഇൻഡ്യാക്കാരെപ്പററിയുള്ള എന്റെ ബോധത്തിന് ഒരു പ്രകടമായ മദ്രാസിലാഞ്ഛന ഉണ്ടായിരുന്നു. കാശ്മീരികൾ, പഞ്ചാബികൾ, മുതലായവർ സാമാന്യമര്യാദയെ ഉദ്ദേശിച്ച് ആ ചിത്രത്തിന്റെ അരികിൽ ഒരു സ്ഥാനം നൽകപ്പെട്ടിരുന്നു എന്നുള്ളത് വാസ്തവംതന്നെ. പക്ഷെ ആ അരിക് കേവലം നിസ്സാരമായിരുന്നു. എന്നു മാത്രമല്ല, അവർ മദ്രാസിവേഷത്തിലാണ് അവിടെ പ്രത്യക്ഷപ്പെട്ടതും. അതുകൂടാതെ, ഇൻഡ്യാക്കാരല്ലെന്ന് തിരിച്ചറിയത്തക്കവിധം ഞാൻ അത്രമാത്രം വിദേശീയരെ കണ്ടിരുന്നതുമില്ല. അങ്ങനെ എന്റെ രാജ്യക്കാരെപ്പററി നിഷേധരൂപത്തിലുള്ള ഒരു നിർവ്വചനവും എനിക്കു ലഭിക്കുമായിരുന്നില്ല. അക്കാലത്ത് ഒരു അഫ്ഗാൻകാരനെ കാണിച്ചുതന്നിട്ട്, അതൊരു പഞ്ചാബിയാണെന്ന് പറഞ്ഞിരുന്നാൽ ഞാൻ അത് വിശ്വസിക്കുമായിരുന്നു. അതുപോലെതന്നെ മറിച്ച്, ഒരു ആസ്സാംകാരനെ കാണിച്ചുതന്നിട്ട്, അതൊരു ടിബററുകാരനാണെന്നു പറഞ്ഞിരുന്നാൽ ഞാൻ അതും വിശ്വസിക്കുമായിരുന്നു. ഇങ്ങനെയൊക്കെയാണെന്നിരുന്നാലും, എന്റെ കുടുംബം, ബന്ധുക്കൾ, സ്നേഹിത

ന്മാർ, രാജ്യക്കാർ എന്നിവരുടെ അടുക്കൽനിന്ന് എന്നെ കാളപാനിക്കപ്പുറം കൊണ്ടുപോകുന്ന കപ്പലിലേക്ക് ട്രെയിൻ പാഞ്ഞുകൊണ്ടിരുന്ന ആ ഗംഭീരനിമിഷങ്ങളിൽ ഇവരെല്ലാം ഒരു നയനാനന്ദകരമായ ഭാവം കൈക്കൊണ്ടിരുന്നതായി തോന്നി. പുഷ്ഠാഢ്യവും, ആചാരനിഷ്ഠാജടിലവും, പുരോഗമനവിമുഖവും, നാശോന്മുഖവും ആയ ആ ഗ്രാമം നിമിഷനേരത്തേക്ക് ബാംബേയോ, ഇംഗ്ലണ്ടിനേയോകാൾ പ്രാധാന്യമുള്ളതായിത്തീൎന്നു. വായുസഞ്ചാരമില്ലാതെ, ഇരുളടഞ്ഞ എൻെറ ജനനമുറി, കാശിയേയും പ്രയാഗയേയുംകാൾ പവിത്രമായികലാശിച്ചു. എന്തെന്നാൽ എൻെറ ശിശുനേത്രങ്ങൾ ആദ്യമായി കണ്ട ഈശ്വരദത്തമായ ഭൂമിയുടെ ഒരംശം അതായിരുന്നു. എൻെറ ഭവനത്തോടു വളരെ സമീപിച്ചൊഴുകിക്കൊണ്ടിരുന്ന ചെറിയ പുഴ, ഞാൻ കണ്ടിട്ടില്ലാത്തതും, ഒരവസ്ഥയിലും എൻേറതെന്നു പറയാൻ നിവൃത്തിയില്ലാത്തതും ആയ ദിവ്യഗംഗയേക്കാൾ കൂടുതൽ സ്ഥലം എൻെറ ഹൃദയമണ്ഡലത്തിൽ കൈവശപ്പെടുത്തി. ഉറക്കംതൂങ്ങിയായ ശാന്തിക്കാരൻ, കുറതീക്കാത്ത മതിലുകൾ, സ്വാൎത്ഥികളായ ആരാധകന്മാർ എന്നിവയോടുകൂടിയ എൻെറ കുഗ്രാമക്ഷേത്രത്തിൻെറ ഈ വകദൂഷ്യങ്ങൾ ദീർഘമായ വേർപാടിനേപ്പററിയുള്ള ബോധത്താൽ പിൻതള്ളപ്പെട്ടുപോയതിനാൽ, അതു് ഒരു ദിവ്യസ്ഥലത്തിനു ആദൎശമായിത്തന്നെ എനിക്കു തോന്നി. ബന്ധുക്കൾ—അതെ, ബന്ധുക്കൾപോലും അത്ര ദൂഷിച്ചകൂട്ടങ്ങളല്ലെന്നു ഞാൻ വിചാരിച്ചു. കൂട്ടുകുടുംബസമ്പ്രദായത്തിൻെറ അത്യാഗ്രഹങ്ങളും ഗ്രാമീണമായ സങ്കുചിതാന്തരീക്ഷവും മററുതരത്തിൽ നന്നായിരുന്ന അവരുടെ സ്വഭാവത്തെ അല്പമൊക്കെ ദൂഷിപ്പിക്കയും, വികൃതമാക്കുകയും ചെയ്യുന്നു. അവരെല്ലാം ആന്തരാൽ നല്ലവരാണെന്നും ഞാൻ എന്നോടുതന്നെ ബോദ്ധ്യപ്പെടുത്തി. ഏതായാലും മറെറാരു ഹിന്ദുവിനും എനിക്കുള്ളതിനേക്കാൾ നല്ല ഒരു ബന്ധുവൎഗ്ഗമുണ്ടെന്നു വിചാരിപ്പാൻ ന്യായമൊന്നുമില്ല. വിവാഹങ്ങൾക്കും ശവദാഹകൎമ്മങ്ങൾക്കും അവർ കൂട്ടത്തോടെ എത്തിയിട്ടുണ്ടു്. ഒരു കൂലംകഷവിചിന്തനത്തിൽ, ബന്ധുക്കളിൽനിന്നു ഇത്രമാത്രമേ ആഗ്രഹിക്കേണ്ടതായിട്ടുള്ളു എന്നു കാണാം. കഴിഞ്ഞ കാലങ്ങളിൽ എന്തെല്ലാം ചെയ്തിരുന്നാലും ഭാവിയിൽ എന്തെല്ലാം ചെയ്യുമെന്നിരുന്നാലും, ആ അവസരത്തിൽ എത്രതന്നെ അകന്ന ബന്ധുവിനേയും ഞാൻ ഒരു ശീതളമനോഭാവത്തോടുകൂടിത്തന്നെ സ്വാഗതം ചെയ്യുമായിരുന്നു. സ്നേഹിതന്മാരേപ്പററിയും ഇതേ അനുകൂലാനുഭവംതന്നെ കാണപ്പെട്ടു. എനിക്കുണ്ടായിരുന്ന ചുരുക്കം ചില സ്നേഹിതന്മാർതന്നെയും, അവർ ചെയ്തിട്ടുള്ള അനേകം സ്നേഹവിരുദ്ധങ്ങളായ കൃത്യങ്ങളുണ്ടായിരുന്നാലും, സ്നേഹിതമാത്ര

കകളായിത്തോന്നി. പരിചയക്കാർ—വെറും പരിചയക്കാർപോലും—സ്നേഹിതാവസ്ഥയെ സമീപിക്കുന്നതായും എനിക്കു തോന്നി. അവരുടെ പരിചയം കൂടുതൽ സമ്പാദിക്കുന്നതിനു എനിക്കു സമയമുണ്ടായില്ലല്ലോ എന്നു് (അതു നന്നായിപ്പോയെന്നു് ഇന്നു ഞാൻ ഒരുപക്ഷേ മിക്കവാറുംസമ്മതിച്ചേക്കാമെങ്കിലും) അന്നു ഞാൻ മനഃപൂർവ്വം പശ്ചാത്തപിച്ചു. ഇൻഡ്യാക്കാരെന്നു നിശ്ചയമുള്ളപക്ഷം വടക്കുപടിഞ്ഞാറൻ ദേശങ്ങളിലെ താടിക്കാരനായ പഠാണിയേയും, വടക്കുകിഴക്കുള്ള ശ്മശ്രുരഹിതനായ ആസ്സാംകാരനേയും ആലിംഗനംചെയ്യത്തക്കവണ്ണം അത്രമാത്രം ഉൽകൃഷ്ടമായ മനോഭാവമാണു് എൻെറ രാജ്യക്കാരെ സംബന്ധിച്ചിടത്തോളം എനിക്കു് അന്നേദിവസം തോന്നിയതു്. എൻെറകൂടെ ഒരേമുറിയിൽ (കമ്പാർട്ടുമെൻറിൽ) ഇരുന്ന മഹാരാഷ്ട്രന്മാർ, ഗുജറാത്തികൾ, പാഴ്സികൾ, എന്നിവരിൽ ഒരുത്തനെയെങ്കിലും എനിക്കറിയാൻ പാടില്ലായിരുന്നെങ്കിലും അവരെ വിട്ടുപോകുന്നതിനുപോലും എനിക്കു് മനോവേദനതോന്നി. സഹോദരദൃഷ്ടികളോടുകൂടി ഞാൻ അവരെ നോക്കിയെങ്കിലും ആ അരസികന്മാർ യാതൊരു ഭാവഭേദവും കാട്ടിയില്ല. അതിനാൽ അവരെ വിട്ടുപിരിയുന്നതിലുള്ള സങ്കടം അവരോടു് പറയാൻ എനിക്കു സാധിച്ചില്ല.

വർഗ്ഗം, നിറം, വിശ്വാസം, എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്ന ഒരു ജനത അധിവസിക്കുന്ന അതിവിദൂരമായ ഒരു വിദേശരാജ്യത്തു് മൂന്നു കൊല്ലത്തേക്കെങ്കിലും ജീവിക്കണമെന്നുള്ള ബോധമായിരുന്നു എന്നെ രണ്ടാമതായി വ്യഥിപ്പിച്ചതു്. ആളുകളെല്ലാം വെളുത്തും, സകല വസ്തുക്കളും ആംഗ്ലേയമായും ഇരിക്കുന്ന ഒരു രാജ്യത്തു താമസിക്കുക എന്നതു് അജ്ഞാതമായ അവസ്ഥാന്തരത്തിലേക്കുള്ള ഒരു എടുത്തുചാട്ടമാകുന്നു. ഇംഗ്ലീഷുകാരുമായി എനിക്കു അതുവരെ ഉണ്ടായിട്ടുള്ള അല്പപരിചയത്തിൻെറ അവസാനഫലങ്ങൾ വിവിധങ്ങളായിരുന്നു. പ്രൊഫസറന്മാർ അതിദയാലുക്കളും നയശിഖാന്തം യോഗ്യന്മാരുമാണു്. എന്നാൽ, (ഒരൊററയാൾ ഒഴിച്ചു്) അവർപോലും ഇൻഡ്യൻപരിഷ്കാരം സ്വതസ്സിദ്ധമായിത്തന്നെ കീഴ്ത്തരമാണെന്നുള്ള അവരുടെ വിശ്വാസത്തെ ശരിക്കു പ്രകടിപ്പിച്ചു. ട്യൂട്ടൺവർഗ്ഗക്കാരിലോ, ഇടക്കാലമായി ആംഗ്ലോസാക്സൺവർഗ്ഗക്കാരിലോ പരിണമിക്കുന്ന അവരുടെ മാനവശാസ്ത്രസിദ്ധാന്തം, നമ്മുടെ കുടിൽവ്യവസായങ്ങളെ ശ്വാസംമുട്ടിച്ച അതിഭീമവും വലിയ തോതിലുള്ളതുമായ സാധനോൽപാദനത്തിലും, പാശ്ചാത്യദേശങ്ങളിൽ വെള്ളക്കാർ അംഗീകരിച്ചിട്ടുള്ള സുഖജീവിതത്തോതിലും പരിണമിക്കുന്ന അവരുടെ ധനശാസ്ത്രസിദ്ധാന്തം;നമ്മുടെഗ്രാ

മീണ്ടജീവിതത്തിന്റെ ആത്മാവിനെ ഞെരിച്ചുകൊല്ലുന്നതോടുകൂടി പാശ്ചാത്യദേശങ്ങളിലെ ലോകമഹാസാമ്രാജ്യങ്ങളിൽ പരിണമിക്കുന്ന അവരുടെ ഭരണമീമാംസാസിദ്ധാന്തം, എന്നിവ എന്റെമനം മടിപ്പിക്കുകയും,തന്നിമിത്തം, അവരുമായി യാതൊന്നിലുംയോജിക്കാനില്ലെന്നു് എനിക്കു തോന്നുകയുംചെയ്തു. പാതിരിമാരുമായി ഇത്രത്തന്നെയും എനിക്കു് യോജിക്കാനില്ലായിരുന്നു. മനുഷ്യവർഗ്ഗത്തിൽ ഒരു വലിയ ഭൂരിഭാഗവും അവസാനത്തിൽ എത്തിച്ചേരുന്നതിനു വിധിക്കപ്പെട്ടിരുന്ന നിത്യനരകാഗ്നിയിൽ നിന്നു മനുഷ്യാത്മാക്കളെ രക്ഷിക്കുന്നതിനും, ക്രിസ്തുസാമ്രാജ്യം വർദ്ധിപ്പിക്കുന്നതിനും ഉൽക്കണ്ഠയോടുകൂടി ഒന്നിലും ഒരു ലാഭേച്ഛയുമില്ലാതെ വർത്തിക്കുന്ന ഈ യോഗ്യന്മാർ, ക്രിസ്തുവിന്റെ സുവിശേഷംപരത്തുന്നതിനേക്കാൾ കൂടുതലായി ആളുകളെ മതപരിവർത്തനം ചെയ്യിക്കുന്നതിനു താല്പര്യപ്പെട്ടതിനാലും, ഹിന്ദുമതത്തെ അജ്ഞതാപൂർവം ദൂഷിച്ചതിനാലും വൈരസ്യജനകമാംവണ്ണം ചില രക്ഷാധികാരങ്ങൾ പ്രയോഗിച്ചതിനാലും എന്റെ കുട്ടിക്കാലത്തുതന്നെ എന്നിൽ ഒരു ഞെട്ടക്കം തോന്നിച്ചിരുന്നു. ആരാമങ്ങൾ ജലസേചനം ചെയ്യപ്പെടാതെ കിടക്കുമ്പോൾ എത്രയോ നദികൾ മരുഭൂമിയിൽ ആണ്ടുപോകുന്നു എന്നായിരുന്നു എന്റെ അപ്പോഴത്തെ വിചാരം. വളരെകുറഞ്ഞ ക്രൈസ്തവജനസംഖ്യയുള്ള ഇൻഡ്യയിൽപോലും അനേകം പാതിരിമാരുണ്ടു്. ഇംഗ്ലണ്ടിൽ ഇതിലും എത്രായിരംപേർ കൂടുതൽകാണും എന്നു ഞാൻ ചിന്തിച്ചു. ആ ചിന്തയാൽ ഞാൻ ഞെട്ടിപ്പോയി. ഞാൻ ക്രിസ്തുമതത്തിന്റെ ശത്രുവല്ലായിരുന്നു ബൈബിൾ വായിക്കുകയും അതിലെ പല പ്രബോധനങ്ങളെയും ഞാൻ ബഹുമാനിക്കയും ചെയ്തിരുന്നു. പക്ഷെ അതേ പ്രബോധനങ്ങൾ ഒരു പാതിരിയിൽ നിന്നു പുറപ്പെട്ടപ്പോൾ, അവയുടെ പ്രാപണത്തിനിടയിൽ അസുഖകരമായ ഒരു പാരുഷ്യം അവയ്ക്കുവന്നുകൂടുന്നു. അത്രമാത്രവുമല്ല, ഇന്ത്യയിലെ പാതിരികൾക്കു ഒരു ക്രമലുമില്ലതാനും. ഹിന്ദുക്കളുടെ ഉത്സവസ്ഥലങ്ങളിൽ അവർ നിങ്ങളുടെ വഴിയിൽ പതിയിരിക്കുന്ന രൂക്ഷമായ സംഗീതവും ഹിന്ദുമതപ്രബോധനങ്ങളെപ്പററിയുള്ള ഹൃദയശൂന്യമായ വികടവർണ്ണനകളുംകൊണ്ടു ക്ഷേത്രങ്ങളുടെ നടകളിൽവച്ചുപോലും അവർ നിങ്ങളെ പിടികൂടുന്നു. അക്കാലത്തിനുശേഷം, കഴിഞ്ഞ ഒമ്പതുകൊല്ലത്തിനകം പാതിരിമാരുടെ മനഃസ്ഥിതിക്കു ഗുണകരമായ ഒരു മാററം വന്നിട്ടുണ്ടു്. അവരിൽ ചിലർ പഠിപ്പിക്കാനെന്നപോലെ പഠിക്കാനും തുടങ്ങിയിരിക്കുന്നു. പത്തുകൊല്ലത്തിനുമുമ്പു ഹൈന്ദവസിദ്ധാന്തങ്ങളെക്കുറിച്ചു വ്യവഹരിക്കുന്ന അവസരത്തിൽ കാണാമായിരുന്ന കഴമ്പില്ലാത്ത അഭിപ്രായഘോഷകൃതിയും, സ്വമതം സ്വയമേവ പൂർണ്ണമാണെന്നുള്ള ശബ്ദകോലാ

ഫലവും ഇപ്പോൾ വളരെ കുറവാണ്. അതുമാത്രമല്ല, ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനും അദ്ദേഹത്തിനുവേണ്ടി ആളെണ്ണം കൂട്ടുന്നതിനു പകരം മനുഷ്യരുടെ ആത്മാവിനെത്തന്നെ സമ്പാദിക്കുന്നതിനും വർദ്ധമാനമായ ഒരു മോഹം കാണപ്പെടുന്നുമുണ്ട്. ബാക്കിയുള്ള ഇംഗ്ലീഷുകാർ എനിക്കു മിക്കവാറും അപരിചിതരാണ്. ഇൻഡ്യാക്കാർ തമ്മിലുള്ള തക്കങ്ങളിൽ ഇംഗ്ലീഷുദ്യോഗസ്ഥൻ ധീരനും നിഷ്പക്ഷപാതിയും ആണെന്നു കേൾവിപ്പെട്ടിരുന്നെങ്കിലും ധിക്കാരിയും, ഗൗരവസ്വഭാവിയും, ആവശ്യത്തിൽ കവിഞ്ഞ കാഠിന്യം കാണിക്കുന്നവനും ആണെന്നുള്ള കേഴ്വിയും അയാൾക്കുണ്ടായിരുന്നു. ഒരിക്കലും മാററമില്ലാത്തതും ക്ലിപ്തവും ആയ ഉയന്ന വിലകൾകൊണ്ടു ഇംഗ്ലീഷ്കച്ചവടക്കാരൻ എല്ലായിടത്തും അറിയപ്പെട്ടിരുന്നു. വിലകുറച്ചു വില്ക്കുന്ന സമീപസ്ഥനായ ഏതെങ്കിലും ഇൻഡ്യൻകച്ചവടക്കാരന്റെ പക്കൽനിന്നും വാങ്ങുന്നതിനുവേണ്ടി വല്ല സാമാനത്തിന്റേയും വിവരങ്ങൾ മനസ്സിലാക്കുന്നതിനോ, അതല്ലെങ്കിൽ കണ്ടു കൊതിതീക്കുന്നതിനോമാത്രമേ ഇടത്തരക്കാരായ ഇൻഡ്യാക്കാർ ഇംഗ്ലീഷുകാരന്റെ ഷാപ്പിൽ പ്രവേശിക്കാറുള്ളു. ഇൻഡ്യാക്കാക്കു ഇംഗ്ലീഷുപട്ടാളക്കാരൻ എന്നുവച്ചാൽ അതിരററ മര്യാദയില്ലായ്മയും, മുന്നുപിന്നാലോചിക്കാത്ത ധൈയ്യവും ഉള്ള ഒരുവനായിരുന്നു. ഇടത്തരക്കാരായ ഇൻഡ്യാക്കാർ ഒരിടത്തും ഒരിംഗ്ലീഷുപട്ടാളക്കാരനെകാണാൻ ആഗ്രഹിച്ചിരുന്നില്ല. അതിനാൽ ഇംഗ്ലീഷുകാർ മാത്രം അധിവസിക്കുന്ന ഒരു രാജ്യത്തു മൂന്നുകൊല്ലം താമസിക്കണമെന്നുള്ള വിചാരം ഒരുതരത്തിലും അത്രതന്നെ സമ്മോഹനമായ ഒന്നല്ലായിരുന്നു. എന്നിരുന്നാലും, ഇംഗ്ലണ്ടിൽപോയി അവിടത്തെ ജീവിതം എങ്ങനെയിരിക്കുമെന്നു സ്വയം കണ്ടറിയുന്നതിനു് എനിക്കു് ആശ ഉണ്ടായിരുന്നു. അതുകൂടാതെ, ഒരു ഇംഗ്ലീഷുസവ്വകലാശാലയിൽനിന്നു് ഒരു ബിരുദം സമ്പാദിക്കുന്നെങ്കിൽ അതു് എന്റെ ലൗകികഭാവിയെ വളരെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും. ഇതെല്ലാമായിരുന്നാലും, ഇംഗ്ലണ്ടിൽ ദീർഘകാലം താമസിക്കേണ്ടിവരുമെന്നുള്ളതു് അന്നു് എന്നെ അത്യധികം ഉൽക്കണ്ഠാകുലനാക്കി. എന്നാൽ, പിന്നീടു് അനുഭവപ്പെട്ടതുപോലെ അതു് കേവലം അനാവശ്യമായ ഒരു ഉൽക്കണ്ഠയായിരുന്നു.

അടുത്തതായി, ഐ. സി. എസ്സിൽ പ്രവേശനം ലഭിക്കുന്നതിനേപ്പററിയുള്ള തീച്ചയില്ലായ്മയും, തോററുപോയാലുണ്ടാകാവുന്ന നാശവും എന്നെ പീഡിപ്പിച്ചു. സ്കൂളിലും കാളേജിലും എനിക്കു് തുടരെ ഉണ്ടായിക്കൊണ്ടിരുന്ന വിജയങ്ങൾ എന്നിൽ ആത്മവിശ്വാസം ജനിപ്പിച്ചിരുന്നു. ഏതൊരു പരീക്ഷയിലും തോററുപോ

കുമെന്ന് സാരമായി ഞാൻ ഒരിക്കലും സംശയിച്ചിരുന്നില്ല. എങ്കിലും, എനിക്കുള്ളതെല്ലാം ഞാൻ ഇതിനുവേണ്ടി അപകടപ്പെടുത്തുകയാണെന്നുള്ള ഒരവ്യക്തമായ ഉൽക്കണ്ഠ ഉണ്ടായിരുന്നു. അക്കൊല്ലം ആവശ്യമുള്ളവരുടെ എണ്ണത്തിൽ ഞാനും ഉൾപ്പെട്ടുമെന്ന് എന്തു നിശ്ചയമാണുള്ളതു്? എനിക്കു പരിചയമുള്ള പരീക്ഷകളെ അപേക്ഷിച്ച് ഇതു ശുദ്ധമേ പുതിയ ഒരുതരം പരീക്ഷയാണ്. ജയിക്കുന്നതിനു ഒരു ക്ലിപ്തശതമാനമില്ല. പരീക്ഷാവിജയം എന്നുതന്നെയൊന്നില്ല ഏററവും മുന്തിനിൽക്കുന്നവരെമാത്രം സ്വീകരിക്കുന്ന ഒരു മത്സരപ്പരീക്ഷയാണിതു്. അങ്ങനെ ഏററവും മുന്തിനില്ക്കുന്നവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരിക്കുമെന്ന് എന്തുറപ്പാണുള്ളതു്? തോററുപോയാൽ എന്താണ് സംഭവിക്കാവുന്നതു്? കടമായി സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥിവേതനത്തിൻെറ തുക തിരികെ കൊടുക്കുന്നതെങ്ങനെ? ഇൻഡ്യയിൽ വല്ലകാളേജിലും എനിക്കൊരു നല്ല ഉദ്യോഗം ലഭിക്കത്തക്ക ഇംഗ്ലീഷുസർവ്വകലാശാലാബിരുദം ഉണ്ടായിരിക്കുമെന്നതു ശരിതന്നെ. പക്ഷേ അതു്, ആദ്യത്തെ ഉദ്ദേശത്തിന് കേവലം നിസ്സാരമായ ഒരു പകരം മാത്രമേ ആയിരിക്കയുള്ളൂ. പിന്നെയോ, അങ്ങനെയൊരു നല്ല ഉദ്യോഗം കിട്ടുമെന്നുള്ള ഉറപ്പുതന്നെയുമില്ല എൻെറ ലൗകികഭാവിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രധാനോദ്ദേശത്താൽ പ്രേരിതനായി ഞാനിതാ ആംഗ്ലേയരുടെ രാജ്യത്തേക്കു പോകുന്നു. അതേസമയത്തുതന്നെ ആ ആകാശക്കോട്ടയുടെ അടിസ്ഥാനം അതാ ഉലഞ്ഞുതുടങ്ങുന്നു.

ഇംഗ്ലണ്ടിൽ ഒരു സസ്യഭുക്കായി കഴിയുന്നതിനേപ്പററിയായിരുന്നു നാലാമത്തെ ഉൽക്കണ്ഠ. സസ്യഭക്ഷണസിദ്ധാന്തം യുക്തിയുക്തമായ വിചിന്തനത്തിനുശേഷം സ്വീകരിച്ച ഒരു വിശ്വാസമെന്നുള്ളതിനേക്കാൾ കൂടുതലായി, എനിക്കു് അക്കാലത്തു് എതിർചോദ്യത്തിനു വകയില്ലാത്ത ഒരു മതവിശ്വാസതത്വമായിരുന്നു. അതിന് എൻെറമേലുണ്ടായിരുന്ന പിടി ശക്തിമത്തുമായിരുന്നു. ഞാൻ ഒരു സസ്യഭുക്കല്ലാതിരിക്കുക എന്നതു് ഒരു ബ്രാഹ്മണനല്ലാതിരിക്കുന്നതിനും, കഴിഞ്ഞുപോയ എണ്ണമററ തലമുറകളിൽനിന്നും എൻെറ ബന്ധം വേർപെടുന്നതിനും തുല്യമായരുന്നു. വാസ്തവത്തിൽ മതപരവും, സാമൂഹ്യവും ആയ ആത്മഹത്യചെയ്യുന്നതിന് സമമായിരുന്നു അതു്. സസ്യഭക്ഷണസിദ്ധാന്തം ഇംഗ്ലണ്ടിൽ പ്രയോഗത്തിൽ വരുത്തുക എന്നതു് അസാദ്ധ്യമാണെന്ന് പലരും എന്നോടു പറഞ്ഞിരുന്നു. ഞാൻ അവരെയെല്ലാം പുച്ഛിച്ചെങ്കിലും ഇപ്പോൾ ഒരു സംശയം എൻെറ മനസ്സിൽ കടന്നുകൂടി. അവരെല്ലാം മഠയന്മാരും ഞാൻമാത്രം ബുദ്ധിമാനും ആയിരിക്കുമോ?

എൻെറ ജീവിതത്തിൽ ആദ്യമായി ഞാൻ ഏകാകിയായിരിക്കണമെന്നുള്ള—അതും ഒന്നോരണ്ടോ ദിവസത്തേക്കല്ല, കുറഞ്ഞപക്ഷം മൂന്നുകൊല്ലത്തേക്കെങ്കിലും അങ്ങനെയിരിക്കണമെന്നുള്ള—ദുസ്സഹമായ ചിന്തയായിരുന്നു അടുത്ത ക്ലേശഹേതു. ഇതിനുമുമ്പൊരിക്കലും, ഒരൊററദിവസംമുഴുവൻപോലും ഞാൻ അപരിചിതന്മാരുടെ ഇടയിൽ കഴിഞ്ഞുകൂടിയിട്ടില്ല. ഞാൻ അറിയുന്ന ആരെങ്കിലും എപ്പോഴും എൻെറകൂടെ ഉണ്ടായിരിക്കും. ഇപ്പോഠം ഞാൻ ഏകാകിയായിരിക്കേണ്ടിവന്നിരിക്കുന്നു. യാത്രചെയ്യാൻ ഉദ്ദേശിക്കുന്നവരിൽ ഒരുവനേപ്പോലും ഞാൻ അറിഞ്ഞിരുന്നില്ല. ഇംഗ്ലണ്ടിലും ആരെയും എനിക്കു അറിവില്ലായിരുന്നു. ഇതിനുമുമ്പൊരിക്കലും ഞാൻ ചെയ്തിട്ടില്ലാത്ത മടിശ്ശീലസൂക്ഷിപ്പു ഞാൻതന്നെ നിർവഹിക്കണമെന്നും, എനിക്കുവേണ്ടി നേരമ്പോക്കുകഠം ഞാൻതന്നെ കണ്ടുപിടിക്കണമെന്നും, സമയംകളയുന്നതിനായി ഉടനടി പുതിയ പരിചയക്കാരെ സമ്പാദിക്കണമെന്നും ആയിരുന്നു ഇതിനർത്ഥം. സ്നേഹമുള്ള ഒരു സംഘം സഖാക്കളും, ബന്ധുക്കളും എൻെറകൂടെ ട്രെയിനിൽ ഉണ്ടായിരുന്നു. രണ്ടുമണിക്കൂറിനകം അവരെല്ലാം എന്നെ വിട്ടുപിരിയുകയും, പരന്നുപരന്നുകിടക്കുന്ന മഹാസമുദ്ര ത്തിൽ ഞാൻമാത്രമായിത്തിരുകയുംചെയ്യും. കപ്പലിൽഉള്ള നിരവധി അപരിചിതന്മാർ, അത്തരം വലിയ ഒരു ആഠംക്കൂട്ടത്തിനിടയിൽ എനിക്കു് ഒരൊററ സ്നേഹിതൻപോലുമില്ലല്ലോ എന്നുള്ള സങ്കടകരമായ ചിന്തയ്ക്കു് ഹേതുഭൂതരായി എൻെറ ഏകാന്തതയെ കൂടുതൽ ദുസ്സഹമാക്കിത്തീക്കുകയേ ഉള്ളു.

കപ്പലിൽവച്ചു അടുത്തുണ്ടാകാൻപോകുന്ന പല അസൗകര്യങ്ങളെക്കുറിച്ചായിരുന്നു എൻെറ ഒടുവിലത്തെ ചിന്ത. കടൽച്ചൊരുക്കു്; സഹയാത്രക്കാരായ യൂറോപ്യന്മാരുമായി ഉണ്ടാകാവുന്ന നീരസം, കപ്പലിൽകിട്ടുന്ന ആഹാരത്തെക്കുറിച്ചുള്ള ന്യായമായ ആശങ്ക, ആഹാരംകഴിക്കുന്നതിനുള്ള വിശേഷപ്പെട്ട രീതി, എന്നിവയെല്ലാം അതിൽ ഉഠംപ്പെട്ടിരുന്നു. കടൽച്ചൊരുക്കു എന്നുകേട്ടാൽ ഞാൻ വിരണ്ടുപോകുമായിരുന്നു. (ഇംഗ്ലണ്ടിലെ സുപ്രസിദ്ധ നാവികസൈന്യാധിപനായിരുന്ന) നെൽസൺപ്രഭുപോലും ഈ സുഖക്കേടിനു അടിപെട്ടസ്ഥിതിക്കു്, മുൻചൊന്ന ബാംബെക്കാരൻതന്നതും, വയറിനുമീതെ ധരിച്ചുകൊണ്ടാൽ കടൽച്ചൊരുക്കിനു് പററിയ ഔഷധമായിരിക്കുമെന്നു ആ യോഗ്യൻ പ്രവചിച്ചിരുന്നതും ആയ കാളറാബെൽററു് എന്നു പേരുള്ള എന്തോ ഉപായം എൻെറ കൈവശമുണ്ടായിരുന്നിട്ടും ആ സുഖക്കേടിൽനിന്നു രക്ഷപെട്ടുകളയാമെന്നു ഞാൻ ആശിച്ചില്ല. ഇടവിടാതെ ഛർദ്ദിക്കുക എന്നുള്ള മിക്കവാറും തീച്ചയായ കാര്യത്തെപ്പററി വിചാരിക്കാൻ അത്രതന്നെ

കൗതുകമില്ലല്ലോ. യൂറോപ്യൻയാത്രക്കാരുമായി നീരസം ഉണ്ടാകുമെന്നുള്ള ചിന്ത അനന്തരാനുഭവദൃഷ്ട്യാ എത്രതന്നെ പുച്ഛാർഹമായിരുന്നാലും അന്നേരത്തു അതു ചിന്തനീയമായ ഒരു യഥാർത്ഥപ്രമേയം തന്നെയായിരുന്നു. തീവണ്ടികളിൽവച്ചു ഇൻഡ്യാക്കാരോടു യൂറോപ്യന്മാർ കാണിച്ചിട്ടുള്ള മുഷ്കുകളെപ്പററി ഞാൻ കേട്ടിരുന്ന പല കഥകൾമൂലം, ഈ രണ്ടു വർഗ്ഗക്കാരും എവിടെവച്ചു കാണുമ്പോഴും അത്തരം സംഭവങ്ങൾ അനിവാര്യമാണെന്നു് എനിക്കു ബോധപ്പെട്ടിരുന്നു. അസുഖപ്രദമായ നിസ്സാരസംഗതികളിൽ എപ്പോഴും കൗതുകമുള്ള ഭാവനാശക്തിയോടുകൂടിയ എൻെറ ഒരു സ്നേഹിതൻ അതേപ്പററി ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ താഴത്തെ മുറിയിലും, യൂറോപ്യൻ മുകളിലത്തെമുറിയിലും യാത്രചെയ്യാനിടയായാൽ അയാൾ മുകളിലുള്ള തൻെറ മുറിയിലേക്കു കയറിപ്പോകുമ്പോഴെല്ലാം അറിയാതെ ചെയ്കമട്ടിൽ മനഃപൂർവം നിങ്ങളെ ചവിട്ടും. നേരേമറിച്ചു, നിങ്ങൾ മുകളിലത്തെ മുറിയിലാണെങ്കിൽ നിങ്ങൾ കയറിപ്പോകുമ്പോഴെല്ലാം അയാൾ ചീത്തപറയും." ഈ വാദം അപ്പാടെ ശരിയാണെന്നു് എനിക്കു തോന്നി. നല്ല പാചകസമ്പ്രദായത്തിൻെറ ശത്രുക്കളെന്ന നിലയിൽ ഗോവാക്കാരായ പാചകന്മാരെ ഒരുവിധം ന്യായമായി വല്ലതും കഴിക്കുന്നവർ ഭയന്നിരുന്നു. മററാളുകൾക്കുള്ള വൈഷമ്യങ്ങൾകൂടാതെ ഒരു സസ്യഭുക്കെന്ന നിലയിൽ എൻെറ പ്രത്യേകവൈഷമ്യങ്ങളുംഎനിക്കുണ്ടായിരുന്നതിനാൽ ഇക്കാര്യത്തിൽ ശുഭാപ്തിവിശ്വാസത്തിനു വകയൊന്നുമില്ലായിരുന്നു. കത്തിയും മുള്ളും ഉപയോഗിക്കുന്നതിനേപ്പററിയുള്ള വിഷമപ്രശ്നവും ഉണ്ടായിരുന്നു. ശീലവിശേഷത്താൽ അവ ഉപയോഗിക്കുന്നവർക്കു അവ ഇല്ലാതിരുന്നാൽ എത്രവിഷമമുണ്ടോ, അത്രയും വിഷമം കത്തിയുംമുള്ളും ഉപയോഗിക്കാത്തവർക്കു അവ ഉപയോഗിക്കുന്ന കാര്യത്തിലുണ്ടെന്നു സാധാരണയായി ആരും മനസ്സിലാക്കുന്നില്ല. കപ്പൽകയറുന്നതിനുമുമ്പു ഒരിക്കൽപോലും ഞാൻ ഇവ ഉപയോഗിച്ചിട്ടില്ല. പരിചയമില്ലാത്ത പലതരം ആളുകളൊത്തു ഒരു മേശയുടെ ചുററും ഇരുന്നു ഭക്ഷണം കഴിക്കുന്നതുതന്നെയും ഒട്ടും കുറഞ്ഞ ഉൽക്കണ്ഠയ്ക്കല്ല കാരണമായിരുന്നതു്. വെറും അപരിചിതന്മാർ ഞാൻ ഭക്ഷിക്കുന്നതു കാണുന്നതുതന്നെയും അസുഖകരമായിരുന്നു. അവർ മത്സ്യവും മാംസവും തിന്നുന്നതു കാണുക അതിലും കഷ്ടവുമായിരുന്നു. പക്ഷെ ഇതെല്ലാം ചെയ്യേണ്ടിയിരുന്നു; ഞാൻ അതിനെല്ലാം തയാറാകേണ്ടിയുമിരുന്നു.

ഈ ചിന്തകൾ എൻെറമനസ്സിൽ പരിവർത്തനംചെയ്തുകൊണ്ടിരുന്ന അവസരത്തിൽ ട്രെയിൻ വിക്ടോറിയാടെർമിനസ്സിലേക്കു

പായുകയായിരുന്നു. ഒരിടത്തുംനില്ക്കാത്ത ആ നശിച്ച വസ്തു കഴിയുന്നതും നേരത്തേതന്നെ എന്നെ കാളപാനിയിലെത്തിക്കാൻ നിശ്ചയിച്ചുറച്ചതുപോലെ കാണപ്പെട്ടു. ഞങ്ങൾ വിക്ടോറിയാടെർമിനസ്സിൽ എത്തിയ ഉടൻതന്നെ ട്രെയിനിൽനിന്നിറങ്ങി അലക്സാൻഡ്രാഡാക്കിലേക്കു പോയി. എല്ലാ യാത്രക്കാർക്കും ഒരു വൈദ്യപരിശോധന കഴിക്കേണ്ടിയിരുന്നു. അവിടെ ഉണ്ടായിരുന്ന ഒരു ഡാക്ടരുടെ മുമ്പിൽക്കൂടി യാത്രക്കാരെല്ലാം ഓരോരുത്തരായി കടന്നുപോകണമെന്ന് ആവശ്യപ്പെട്ടിരുന്നു. അയാൾ യാത്രക്കാരുടെ ഒരു ലിസ്റ്റ്നോക്കി അതിവേഗത്തിൽ തന്റെ കൃത്യം നിർവ്വഹിച്ചു. എന്നാൽ ദ്രുതഗതിയിലുള്ള ഈ പരിശോധന അത്യന്തമായ കാര്യക്ഷമതയോടു പൊരുത്തമില്ലാത്തതായിരുന്നു. എന്റെ മുറ വന്നപ്പോൾ അയാൾ എന്റെ പേരുചോദിക്കയും, ഞാൻ ഏ. എസ്സ്. പഞ്ചാപകേശയ്യർ എന്നു് പറകയുംചെയ്തു.

അയാൾ—(ലിസ്റ്റ് നോക്കിയതിനുശേഷം) അങ്ങനെയൊരാൾ ഈ ലിസ്റ്റിൽ ഇല്ല. ഇതിൽ ഒരു ഏ. എസ്. പി. അയ്യരേ ഉള്ളൂ.

ഞാൻ—അതു ഞാനാണ്.

അ—എന്നാൽ നിങ്ങൾ ഏ. എസ്. പി. അയ്യർ എന്നു പറയണം. അല്ലാതെ, ഏ. എസ്—എന്തോന്നാ അതു്?—അയ്യർ, എന്നും മററും പറഞ്ഞു് എന്നെ കുഴക്കരുതു്.

അനന്തരം അയാൾ എന്റെ നാഡിപിടിച്ചുനോക്കി മറേറവശത്തേക്കു പോകാൻ അനുവദിച്ചു. സ്മരണീയസംഭവത്തോടുകൂടിയ ആ വൈദ്യപരിശോധനയും കഴിഞ്ഞു! പാസ്സ്പോർട്ടു പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ എന്റെ പാസ്സ്പോർട്ടിൽ വളരെ സൂക്ഷ്മദൃഷ്ടിയോടുകൂടിനോക്കി "അയിലം സുബ്രഹ്മണ്യയ്യർ പഞ്ചാപകേശയ്യർ" എന്നു് വായിക്കുകയും ലിസ്റ്റിൽ എന്റെ മുഴുവൻപേരും ചേർക്കാൻ കപ്പൽ അധികാരികളെ നിർബ്ബന്ധിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു ചോദിക്കുകയും ചെയ്തു. അവർ എന്റെ അധികാരത്തിനു വശഗരല്ലെന്നും, പോരെങ്കിൽ പേരിനു് മൂന്നുവരിമുഴുവൻ വേണമെന്നും ഞാൻ പറഞ്ഞു. "ഓ, അവർ നിങ്ങളെ വലിയ ചെലവുചുമത്തും" എന്നു വളരെ പരമാർത്ഥമായിത്തന്നെ അയാൾ പറകയും, "കടന്നുപോകാം" എന്നു് അനുവദിക്കുകയും ചെയ്തു. ഞാൻ കടന്നുപോയി.

ഞാൻ കപ്പലിന്റെ തട്ടിൽചെന്നപ്പോൾ ക്യാബിൻസ്റ്റുവേർഡ് എന്റെ മുറി കാണിച്ചുതന്നു. അതു കടലിനെ അഭിമുഖീകരി

ച്ചിരുന്നു. താഴെയോ, മുകളിലോ മററുമുറികളുണ്ടായിരുന്നുമില്ല. താഴെയും മുകളിലും ആയി രണ്ടു മുറികൾ ആ ക്യാബിനിൽ മറുവശത്തുണ്ടായിരുന്നു. പേരുകൊണ്ടു് ഊഹിക്കാവുന്നിടത്തോളം ആ രണ്ടുമുറികളും, കാഴ്ചയിൽ ഇൻഡ്യാക്കാർതന്നെ ഉപയോഗിക്കാനുള്ളതായിരുന്നതിനാൽ ഞാൻ ആശ്വസിച്ചു. മുകളിലത്തെമുറിയിൽ താമസിക്കേണ്ട ആൾ ബാംബേക്കാരനും ലിംഗായത്തുവർഗ്ഗത്തിൽ പെട്ടവനുമായ മി: ജി എന്നൊരു മാന്യനും, താഴത്തെമുറിയിൽ താമസിക്കേണ്ടതു പഞ്ചാബുകാരനും വാഹാബി വർഗ്ഗീയനും ആയ മി: എ. എന്ന മറെറാരുമാന്യനും ആയിരുന്നു. ഞാൻ ക്യാബിനിൽപ്രവേശിച്ചപ്പോൾ അവർ രണ്ടുപേരും വന്നുചേർന്നിരുന്നില്ല. എത്രനേരത്തേക്കായാലും എന്റെ സാമാനങ്ങളെ വിട്ടുപിരിയുന്നകാര്യത്തിൽ ഗുണപ്രദമായ ഒരു ഭയം എനിക്കു് എപ്പോഴും ഉണ്ടായിരുന്നു. നിത്യാവശ്യങ്ങൾക്കു് ഒഴിച്ചുകൂടാൻപാടില്ലാത്ത സാധനങ്ങൾ ഒഴിച്ചു് ബാക്കിയെല്ലാം കപ്പലിലെ ഹോൾഡിൽ സൂക്ഷിക്കണമെന്നു കപ്പൽ നിയമങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും, "യാത്രക്കാരന്റെകൂടെ" "യാത്രയിൽ ആവശ്യമുള്ളതു്" "യാത്രയിൽ ആവശ്യമില്ലാത്തതു്" എന്നിങ്ങനെ മൂന്നു പ്രത്യേകലേബൽ (സൂചനാപത്രം) എനിക്കു് നൾകിയിരുന്നെങ്കിലും, ഹോൾഡിൽ യാതൊരു സാധനവും വിശ്വസിച്ചു സൂക്ഷിക്കുകയില്ലെന്നു ഞാൻ മനസാ തീരുമാനിച്ചിരുന്നു. തന്നിമിത്തം ഞാൻ ആദ്യത്തെ രണ്ടു ലേബൽമാത്രം സാമാനങ്ങളിന്മേൽ ഒട്ടിക്കയും മൂന്നാംതരത്തിലുള്ളവയെ പിന്നീടുള്ള അത്യാവശ്യങ്ങൾക്കായി കരുതുകയുംചെയ്തു. ഞാൻ ക്യാബിനിൽകയറിയ ഉടനേ സാമാനങ്ങളെല്ലാം എന്റെ മുറിയുടെ അടിയിലാക്കുകയും പുസ്തകങ്ങൾ അടങ്ങിയിരുന്ന വലിയ ഒരു പൈൻമരപ്പെട്ടി ആ സ്ഥലം മുഴുവൻ ഭംഗിയിൽ നിറഞ്ഞു് അല്പം ഉന്തിനില്ക്കുന്നതുകണ്ടു സന്തുഷ്ടനായിത്തീരുകയും ചെയ്തു. ഈ പ്രധാനമായ പ്രാരംഭജോലി തീർന്നതിനുശേഷം, ഞാൻ മെത്തയിൽ ഇരുന്നു്, എതിരേനിൽക്കുന്ന സഖാക്കളേയും, ബന്ധുക്കളേയും പോർട്ടുഹോളിൽക്കൂടി നോക്കി. താമസിയാതെതന്നെ മി: ജി. തന്റെ വലിയ ട്രങ്കുകളുമായി അവിടെ വന്നു് താഴെയുള്ള മറേറമുറിയുടെ അടിവശവും, ക്യാബിനിന്റെ പകുതിഭാഗവും അവകൊണ്ടു നിറച്ചു. അയാൾ ഈ ഭഗീരഥപ്രയത്നം മുഴുവനാക്കി, തന്റെ ട്രങ്കുകളെ വാത്സല്യത്തോടുകൂടി നോക്കിനില്ക്കവേ, പല ആകൃതിയിലും, വലിപ്പത്തിലുമുള്ള പാക്കേജുകളുടെ ഒരു നല്ല സംഖ്യയോടുകൂടി മി: എ അവിടെ വന്നുചേർന്നു. അയാൾക്കുണ്ടായിരുന്ന സ്ഥലവും, അതിൽ കൂടുതലും സാമാനങ്ങൾകൊണ്ടു് നിറഞ്ഞുപോയെന്നു ഒരു ഗൂഢദൃഷ്ടിയോടുകൂടിത്തന്നെ അയാൾ കണ്ടുപിടിച്ചു. അയാളുടെ മുറി എന്റെവശത്തല്ലായിരുന്നതിനാൽ

അതേപ്പററി എന്നോടു വഴക്കുപറയുന്നതു ന്യായമല്ലെന്ന് അയാൾ കരുതി. എന്നാൽ അയാളുടെപങ്ക് സ്ഥലം അപഹരിച്ചതിന് അയാൾ മി: ജി-യോടു് കോപകലുഷനായിരുന്നു. രോഷംകൊണ്ടു അയാൾക്കു കുറേനേരത്തേക്കു് ഒന്നും പറയാൻസാധിച്ചില്ല. വീണ്ടും വാക്കുകിട്ടിയപ്പോൾ അയാൾ, "ഹേയ്, നിങ്ങൾ കൊടുത്തിടത്തോളംപണം ഞാനും കൊടുത്തു. പകുതിസ്ഥലത്തിന് ഞാനും അവകാശിയാണു് എനിക്കു് പകുതിസ്ഥലം തരണം" എന്നുപറഞ്ഞു, ഒരു താമസവുംകൂടാതെ മി: ജി. യുടെ ട്രങ്കുകൾ വലിച്ചുമാററിത്തുടങ്ങി. "നിങ്ങളുടെ സാമാനങ്ങളിൽ കുറേ മറേറമനുഷ്യൻെറ മുറിയുടെ അടിയിൽ വച്ചാലെന്തു്?" എന്നു മി: ജി. ചോദിച്ചു. ഇന്നതു് ഇന്നതാണെന്നറിയാനുള്ള അയാളുടെ രസികൻ വിശേഷബുദ്ധിയോടുകൂടി, "എന്തു്! അദ്ദേഹം നമ്മുടെ ഇരട്ടിത്തുക കൊടുത്തിരിയ്ക്കുമ്പോൾ അതു ന്യായമാകുമോ? കണിശമായും ഇല്ല" എന്നു് മി: എ. മറുപടിപറഞ്ഞു. അയാളുടെവശത്തു് രണ്ടുമുറി ഉണ്ടായിരിക്കേ, എൻെറ വശത്തു് ഒരു മുറിമാത്രമേ ഉണ്ടായിരുന്നുള്ളു എന്നതിൽനിന്നാണു് ഞാൻ ഇരട്ടി തുക കൊടുത്തെന്നുള്ള മി: എ-യുടെ ഈ പകിട്ടേറിയ ആശയം ഉദിച്ചതു്. ആ തെററുതിരുത്തുന്നതു് എൻെറ ഗുണത്തിനായിരിക്കയില്ലെന്നുള്ളതിനാൽ, അങ്ങനെ ചെയ്യാതിരിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കുമെന്നു ഞാനും കരുതി. തൻെറ ട്രങ്കുകളിൽ പകുതിയോളം വലിച്ചുതള്ളുന്നതു് പ്രത്യക്ഷമായ വിമ്മിഷ്ടത്തോടുകൂടിത്തന്നെ മി: ജി. നോക്കിക്കൊണ്ടുനിന്നു. ഈ സ്ഥലംമാററം കഴിഞ്ഞപ്പോൾ മി: എ-യുടെ വൈഷമ്യം ആരംഭിച്ചു. ഇപ്രകാരം വെടിപ്പാക്കിയ സ്ഥലത്തു് അയാളുടെ സാമാനങ്ങൾ എല്ലാം കൊള്ളുകയില്ല. പ്രത്യേകിച്ചു് 7½-ഇഞ്ചുനീളവും 18 ഇഞ്ചുവീതിയുമുള്ള അയാളുടെ ഒരോമനപ്പെട്ടി—ഞാൻ പിന്നീടു് കണ്ടുപിടിച്ചതുപോലെ ഒന്നാംതരം സിയാൽക്കോട്ട്ടെന്നീസ്സും ബാഡ്മിൻറനും റാക്കററുകൾഅടങ്ങിയപെട്ടി—കണിശമായും കടക്കുകയില്ല. അതിനെ ഹോൾഡിൽസൂക്ഷിച്ചാൽ അതിലെ ലോലമായ സാമാനങ്ങൾക്കു് തിച്ചയായും നാശംതട്ടും; ഏതായാലും മി: എ. അങ്ങനെയാണു് പറഞ്ഞതു്. ഞാൻ ഒരുത്തനെങ്കിലും അതു വിശ്വസിക്കുകയുംചെയ്തു. പക്ഷെ മററു നിവൃത്തിയൊന്നുമില്ലായിരുന്നു. തീരെ മനസ്സില്ലാതെ അതിനെയും, മററുചില സാമാനങ്ങളെയും വിട്ടുപിരിയാൻതന്നെ മി: എ. തീരുമാനിച്ചു. "അതിനെ ഹോൾഡിൽ സൂക്ഷിക്കേണ്ടിവന്നതു വലിയ കഷ്ടമാണു്. വല്ല നശിച്ച യാത്രക്കാരൻേറയും ഭാരമേറിയ തടി അതിൻെറ മുകളിൽ കയററിവച്ചെന്നുവരാം. അങ്ങനെയായാൽ........."ഈ വാചകം പൂർത്തിയാക്കാനുള്ള ഹൃദയം അയാൾക്കില്ലായിരുന്നു. എന്നാൽ മി: ജി. യും ഞാനും അതിൻെറ

അർത്ഥം ഗ്രഹിക്കുകയും, ആ നീണ്ട പായ്ക്കററു് ഞെരിയുന്നതിൻേറ യും, ഈ അത്യാഹിതത്തിൽ മി: എ. യുടെ ഹൃദയം തകരുന്നതി ൻേറയും ശബ്ദം മനസാ കേൾക്കുകയും ചെയ്തു. ഇവിടെ ഒരു നിവൃത്തിമാൎഗ്ഗം പറഞ്ഞുകൊടുക്കാതിരിക്കുന്നതു് മനുഷ്യോചിതമല്ലായിരിക്കും. അതിനാൽ ഞാൻ ഇങ്ങനെ ഏറ്ററുപറഞ്ഞു:—ആകട്ടെ, മി: എ. 'യാത്രയിൽ ആവശ്യമുള്ളതു്' എന്ന ഒരുലേബൽ അതിന്മേൽ ഒട്ടിച്ചാലെന്തു്? അങ്ങനെയായാൽ അതു് ആഴ്ച്ചതോറും ഇവിടെ വരുത്തി അതിൻേറ സ്ഥിതിയേപ്പററി അറിഞ്ഞു തൃപ്തിപ്പെടാമല്ലോ.

മി: എ—ഭേഷ്; അങ്ങനെയായാൽ അതു ഫോൾഡിൽ സൂക്ഷിക്കയുമില്ല. പക്ഷേ യാത്രയിൽ ഇതു് എനിക്കു് ആവശ്യമില്ലല്ലോ. ആ സ്ഥിതിക്കു് എനിക്കു് അതു വേണമെന്നു പറയുന്നതെങ്ങനെ?

ഞാൻ:—മി: എ, നിങ്ങൾ അത്രവളരെ സൂക്ഷിക്കണമെന്നില്ല. കപ്പലിൽ ആരും അങ്ങനെയല്ല, ആയിരിക്കാൻ പാടില്ലതാനും. അതുകൂടാതെ, അതിൻേറ സ്ഥിതിയേപ്പററി ആഴ്ചയിലൊരിക്കൽ നിങ്ങൾക്കു് അറിയുകയും വേണം. അതുകൊണ്ടു് ഇതിൽ എവിടെയാണു കള്ളം ഉള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

മി: എയ്ക്കു കാൎയ്യം ബോദ്ധ്യംവന്നു. അയാൾ ഒട്ടും താമസിയാതെ, പാക്കേജിൻേറ രണ്ടുവശത്തും'യാത്രയിൽ ആവശ്യമുള്ളതു്' എന്ന ലേബൽഒട്ടിച്ചു്, അതിൽത്തന്നെ ഉറവുനോക്കിക്കൊള്ളണമെന്നു ക്യാബിൻസൂക്ഷിപ്പുകാരനായ ചെറുക്കനെ ഏൎപ്പാടുചെയ്തു്, അവനെ ഏൾപ്പിച്ചു. പിന്നെയും മറെറാരു വൈഷമ്യംവന്നുകൂടി. എന്തെന്നാൽ വൈഷമ്യങ്ങൾ ദുരദൃഷ്ടങ്ങളെന്നപോലെതന്നെ, ഒററയ്ക്കു വരിക പതിവില്ലല്ലോ. ഫോൾഡിൽ അയയ്ക്കേണ്ടതായി മെ: എ. യുടേയും, ജി യുടെയും ഭാഗ്യംകെട്ട അനേകം പാക്കേജുകളുണ്ടായിരുന്നു. സാമാനങ്ങൾ യാത്രയിൽ ആവശ്യമില്ലെന്നു സമ്മതിക്കുന്നരേഖ ഉപയോഗിക്കേണ്ടിവരുമെന്നു് അവർ കരുതാതെ ഇരുന്നതുകൊണ്ടായിരിക്കാം, "യാത്രയിൽ ആവശ്യമില്ലാത്തതു്" എന്നുള്ള ഫാറങ്ങൾ അവർ വേണ്ടുവോളം ശേഖരിച്ചിരുന്നില്ല. എന്നാൽ ഭാഗ്യവശാൽ എനിക്കു യാതൊരു അസൌകൎയ്യത്തിനും കാരണമാകാതെ അവരെ സഹായിക്കാൻ കഴിയുമായിരുന്നു. ഞാൻ ഈ ഫാറങ്ങളിൽ ഒരൊററ എണ്ണംപോലും ഉപയോഗിച്ചിരുന്നില്ല. അതിനാൽ എൻേറ കൈവശം അതു ധാരാളമുണ്ടായിരുന്നു. ഒരു താമസവുംകൂടാതെ എൻേറ റെയിൽസഞ്ചി തുറന്നു്, മെ: എ-യ്ക്കും,

ജീ യുംകൂടി ഒരുമിച്ച് ആവശ്യമുള്ളതിൻെറ രണ്ടിരട്ടി ഫാറങ്ങൾ എടുത്തു് മി: ഏ-യുടെ കയ്യിൽകൊടുത്തു. മി: ഏ. അനേകം നന്ദി പറഞ്ഞിട്ടു്, തൻെറ അനാഡംബരമായരീതിയിൽ ഇപ്രകാരം ചോദിച്ചു.—ഇവയിലൊന്നുംതന്നെ നിങ്ങൾക്കു് ആവശ്യമില്ലെന്നു നിശ്ചയമുണ്ടോ?

ഞാൻ:—തീരെ ആവശ്യമില്ല. ഇതെല്ലാം അധികംവന്ന ഫാറങ്ങളാണു്.

പരമാൎത്ഥത്തിൽ അങ്ങനെയായിരുന്നുതാനും. എന്തെന്നാൽ ഞാൻ അവയൊന്നും ഉപയോഗിച്ചിരുന്നില്ല. എൻെറ മുറിയുടെ സ്ഥിതിവിശേഷത്താൽ അവയുടെ ആവശ്യവുമില്ലായിരുന്നു. അത്ര മാത്രമോ? ചില ഫാറങ്ങൾ മി: ഏ യുടെ പാക്കേജിൽ ഒട്ടിക്കാൻ ഞാൻ സഹായിക്കകൂടി ചെയ്തു! ഈ ജോലി പൂൎത്തിയായപ്പോൾ ഈ പാക്കേജുകളും, മി: ജി-യുടെ പാക്കേജുകളിൽ ഒരു നല്ലസംഖ്യയും ഹോൾഡിലേക്കു് നീക്കംചെയ്തു.

അനന്തരം, "നിങ്ങൾ എവിടെവരെ പോകുന്നു"? എന്നു് മി: ഏ. എന്നോടു ചോദിച്ചു.

ഞാൻ:—ലണ്ടൻവരെ.

മി: ഏ:—ഞാനും അങ്ങനെതന്നെ

"ഞാനും അപ്രകാരംതന്നെ" എന്നു് മി: ജി. മുരണ്ടു.

മി: ജി:—നിങ്ങൾ ഒരു മദ്രാസുകാരനാണെന്നു തോന്നുന്നു.

ഞാൻ:—നിങ്ങളുടെ കണ്ണുകൾ നിങ്ങളെ വഞ്ചിച്ചില്ല. ഞാൻ ഒരു മദ്രാസുകാരൻ തന്നെയാണു്. നിങ്ങൾ ഒരു ബാംബേക്കാരനാണെന്നു തോന്നുന്നു.

മി: ജി:—ശരിതന്നെ. ഞാൻ ബാംബേക്കാരനായ ഒരു ലിംഗായത്തുവൎഗ്ഗീയനാണു്.

മി: ഏ:—(സഗദ്ഗദം) ഞാനോ, ഞാൻ വടക്കുപടിഞ്ഞാറൻപ്രദേശത്തുകാരനായ ഒരു പഠാണിയാണു്. നാമെല്ലാവരും ഇന്ത്യാക്കാരാണെന്നുള്ളതിൽ എനിക്കു് അത്യധികം സന്തോഷം ഉണ്ടു്.

രണ്ടു യൂറോപ്യന്മാൎക്കു പകരം, മദ്രാസുകാരനായ ഒരു ബ്രാഹ്മണനോടും, ബാംബേക്കാരനായ ഒരു ലിംഗായത്തിനോടും ഒന്നിച്ചു് ഒരു കൂട്ടിലടയ്ക്കപ്പെടുന്നതിൽ വടക്കുപടിഞ്ഞാറൻദേശങ്ങളിലെ ഒരു പഠാണി കൂടുതൽ സന്തോഷം പ്രകടിപ്പിക്കുക എന്നതു് അല്പം വിശേഷമായി എനിക്കുതോന്നി. എന്നാൽ ആ ക്യാബിനിലെ എ

ന്റെ സഹവാസികൾ രണ്ടുപേരും ഇൻഡ്യാക്കാരാണെന്നുള്ളതിൽ എനിക്കും ആശ്വാസമുണ്ടായിരുന്നു. യൂറോപ്യന്മാരുടെ പെരുമാററത്തെപ്പററിയുള്ള അനാസ്പദമായ ഭീതി എന്നെപ്പോലെതന്നെ അവക്കും ഉണ്ടായിരുന്നു എന്നു പറയണം.

മി. എ:—നിങ്ങൾ എന്തിനാണു് ഇംഗ്ലണ്ടിൽ പോകുന്നതു്?

ഞാൻ:—ഐ. സി. എസ്സ്. പരീക്ഷയ്ക്കുചേരാനും, ആക്സ്ഫോർഡ് സർവകലാശാലയിൽനിന്നു് ഒരു ബിരുദം സമ്പാദിക്കുന്നതിനും

മി: ജി:—ഞാൻ പോകുന്ന കാര്യത്തിനുതന്നെ!

മി: എ:—ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതു് ബാരിസ്റ്റർപരീക്ഷയ്ക്കു് പഠിക്കുന്നതിനും, സിയാൽക്കോട്ടുതരം കളിസ്സാമാനങ്ങൾ പരസ്യംചെയ്യുന്നതിനുമാണു്. ആ നീണ്ട പാക്കേജിൽ ഞാൻ കൊണ്ടുവന്നിട്ടുള്ള ഒന്നാംതരം ടെന്നിസ്സും ബാഡ്മിന്റനും റാക്കററുകളുടെ മാതൃക കണ്ടാൽ നിങ്ങൾ വിസ്മയിച്ചുപോകും.

ഞാൻ:—മി: എം., പക്ഷേ, കളിസ്സാമാനങ്ങൾ ഉണ്ടാക്കുന്ന അനേകം വ്യവസായശാലകളുള്ള ഇംഗ്ലണ്ടിൽ സിയാൽക്കോട്ടുകളിസ്സാമാനങ്ങൾക്കു ചെലവുണ്ടാകുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? കൊല്ലക്കുടിയിൽ സൂചിവിൽക്കാൻ പോകുന്നതുപോലെയല്ലേ അതു്?

മി: എ:—അങ്ങനെയല്ല. ഒരുപക്ഷേ സാധാരണ കളിസ്സാമാനങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ പറയുന്നതു ശരിയായിരിക്കാം. എന്നാൽ ഞാൻ കൊണ്ടുപോകുന്നവ അങ്ങനെയല്ല. അതുകൂടാതെ വിലക്കുറവു് മററുള്ള സ്ഥലങ്ങളിപ്പോലെ ഇംഗ്ലണ്ടിലും ഫലപ്പെടുന്നതാണു്. സിയാൽക്കോട്ടുസാമാനങ്ങൾക്കു് വില സഹായമുണ്ടു്. വെറും സഹായവില! അതുമാത്രമല്ല, എനിക്കു വളരെ കുറച്ചു് ആർഡറുകൾ മാത്രമേ കിട്ടിയിട്ടുള്ളു എന്നു വിചാരിക്കുക. എന്നാൽ എനിക്കു് എന്തു നഷ്ടമാണുള്ളതു്? എങ്ങനെആയാലും ബാരിസ്റ്റർപരീക്ഷയ്ക്കു പഠിക്കാൻ ഞാൻ ഇംഗ്ലണ്ടിൽ പോകണം. അപ്പോൾ ഒരു ചെറിയ വ്യാപാരംകൂടെ നടത്തിയാലെന്തു്? ചെലവാക്കുന്ന ഓരോ പവനും ഒരു പെനിവീതം സമ്പാദിച്ചാലെന്തു്?

ഈ യുക്തിവാദം ആരെയും ബോദ്ധ്യപ്പെടുത്തത്തക്ക ഒന്നായിരുന്നു. പിന്നീടു് അതേപ്പററി സംസാരമുണ്ടായതുമില്ല.

"മുകളിലേക്കു വരണം. അരമണിക്കൂറിനകം കപ്പൽവിടും. വെളിയിൽനില്ക്കുന്ന നമ്മുടെ സ്നേഹിതന്മാരെ കാണാം. കപ്പൽത

ട്ടിൽനിന്നു് അവരെ വളരെ നന്നായികാണാം." എന്ന മി. എ. പറഞ്ഞതനുസരിച്ച ഞങ്ങ൦ മൂവരും മുകളിലേക്കപോകാൻ ഉത്സാഹിച്ചു. അപ്പോൾ ഞാൻ: – "മി. എ., നാം മുകളിലായിരിക്കുമ്പോ൦ വല്ലവരും ക്യാബിനിൽവന്നു് നമ്മുടെ സാമാനങ്ങ൦ മോഷ്ടിച്ചെങ്കിലോ?" എന്നുചോദിച്ചു.

മി. എ: – ഞാൻ അവനെ കൊന്നുകളയും. (അയാളുടെ അപ്പോഴത്തെഭാവം അപ്രകാരം അയാ൦ ചെയ്യുമെന്നുകാണിച്ചു)

ഞാൻ:—ഓഹോ! പക്ഷെ അവനെ പിടിച്ചാലല്ലേ അതു് സാധിക്കൂ അവൻ നമ്മുടെ സാമാനങ്ങളുമായി കരയിലായിപ്പോയാൽ, കപ്പൽ വിട്ടുകഴിയുമ്പോ൦ അവനെ പിടിക്കാനെന്തുവഴിയാണുള്ളതു്?

മി. എ:—പിന്നെ നാമെന്തുചെയ്യും? നമുക്കു മുകളിൽപോകണമെന്നുള്ളതു കണിശം.

ഞാൻ:—നമുക്കു ക്യാബിൻ പൂട്ടിയിട്ടു സൂക്ഷിക്കാൻ ക്യാബിൻസ്റ്റുവേർഡിനെ നിത്താം.

മി. എ:—ബലേ!

ഞങ്ങ൦ മണിയടിച്ചു അൻറാവോ എന്ന ക്യാബിൻസൂക്ഷിപ്പുകാരനായ പയ്യൻവന്നു. ഞങ്ങ൦ ക്യാബിൻ പൂട്ടി അതു സൂക്ഷിച്ചുകൊള്ളാൻ അവനോടു പറഞ്ഞിട്ടു് മുകളിലേക്കുപോയി.

അരമണിക്കൂർനേരത്തേക്കു ബന്ധുക്കളേയും, വിട്ടുപിരിയാറായ ഞങ്ങളുടെ പ്രിയതരമായ മാതൃഭൂമിയേയും നോക്കിക്കൊണ്ടുതന്നെ ഞങ്ങ൦ നിന്നു ഞങ്ങ൦ മൂവക്കും ഒരുപോലെ വിദേശ്യമായിരുന്ന ബാംബെനഗരം, അതിൻെറ വൈദേശികമായ പുറംപൂച്ചും, ഉപരിഗതമായ സാവ്ജനീനഭാവവും ഉണ്ടായിരുന്നിട്ടും, ഭാരതമാതാവിനെ പ്രതിനിധീകരിക്കുന്നതായി ഞങ്ങ൦ക്കു തോന്നി. ആ അരമണിക്കൂർനേരം ദ്രുതതരം പാഞ്ഞുപോയി. കപ്പലിലെ തിരക്കു്, പലതരം കെട്ടുകളുമായി കപ്പലിലേക്കു വന്നുകൊണ്ടിരുന്ന അനവധി ആളുക൦, മെയിൽസഞ്ചികളുംമററും കയററിവയ്ക്കുന്നതു്, വെളിയിലെ കശപിശശബ്ദം എന്നിവയെല്ലാം സമയം വളരെവേഗം പോകുന്നതിനു സഹായിച്ചു.

ഒഴിച്ചുകൂടാൻപാടില്ലാത്ത ആ ഘട്ടം വന്നു. കപ്പൽനങ്കൂരമെടുത്തു. വലിപ്പപാലം മാററി. കപ്പൽതട്ടിലും കരയിലും ഉള്ള മനുഷ്യർ ഉന്മത്തഘോഷങ്ങ൦ പുറപ്പെടുവിക്കയും, കൈലേസു് മുതലായവ വീശുകയും ചെയ്യുന്നതിനിടയിൽ ഒന്നോ രണ്ടോ ചൂളങ്ങളോ

ടക്കൂടി കപ്പൽ വിട്ടു. ഉടൻതന്നെ കപ്പലിന്റെ വേഗം കൂട്ടുകയും, ബാംബെയിലെ ഉന്നതങ്ങളായ എടുപ്പുകൾ ചെറുതായിച്ചെറുതായിവരികയും ചെയ്തു. ബാംബെനഗരം എന്നു വിളിക്കപ്പെടുന്ന മനുഷ്യസൃഷ്ടിയായ ആ സ്ഥാനാപഹാരിയെ ഉല്ലംഘിച്ച്, വിദൂരമായ ആ ഭൂഭാഗം പ്രത്യക്ഷമായിത്തീൎന്നു. അതിവേഗത്തിൽ—കേവലം ക്ഷണംകൊണ്ടുതന്നെ—ബാംബെപട്ടണം ചക്രവാളരേഖയിൽ ഒരടയാളംമാത്രമായി കലാശിച്ചു. ഇൻഡ്യൻകടൽതീരം, പരന്നു വളൎന്നുകൊണ്ടേയിരുന്ന സമുദ്രനീലിമയുടെ വക്കിൽ ഒരു മങ്ങിയ തവിട്ടുരേഖയായി പരിണമിച്ചു. അല്പനിമിഷങ്ങൾ കഴിഞ്ഞു്, ആ തവിട്ടുരേഖയും മറഞ്ഞു. ഞങ്ങൾ കാളപാനിയുടെ നടുവിലുമായി.

---

## അദ്ധ്യായം ൩.

---

### ബാംബെമുതൽ ഏഡൻവരെ.

ഞങ്ങൾ മൂവരും ക്യാബിനിൽ വീണ്ടും വന്നുചേൎന്നു. അപ്പോൾ ഞാൻ:—നാമിപ്പോൾ കാളപാനിയുടെ നടുവിലാണു്. (എന്റെ രണ്ടു സ്നേഹിതന്മാരും ഇതു ശരിവച്ചു.) പതിനേഴുദിവസത്തേക്കുകൂടി നാമിങ്ങനെ കഴിയേണ്ടിവരും.

മി: ഏ:—(ആ അവസ്ഥയ്ക്കു് കീഴടങ്ങിയപോലുള്ളശാന്തതയോടെ) അത്രനാളത്തേക്കോ?

ഞാൻ:—മിക്കവാറും അതിൽ കൂടുതലുമാകാം കടൽ ഒരു കണ്ണാടിപോലിരിക്കുന്നു. അതു വളരെ കൗതുകകരംതന്നെ

മി: ജി:—അതെ. പക്ഷെ ഒരുവനും കടൽച്ചൊരുക്കിൽനിന്നു രക്ഷപെടുകയില്ല.

ഞാൻ:—എനിക്കു് രക്ഷപെടാമെന്നു വിചാരിക്കുന്നു. എന്റെ കയ്യിൽ ഒരു കാളറാബെൽറ്റുണ്ടു്.

മി: ജി:—അതു് കാളറായിൽനിന്നു് രക്ഷപെടാൻ കൊള്ളാമായിരിക്കും. (ഒരു നിശ്ചയഭാവത്തിൽ) എന്നാൽ കടൽച്ചൊരുക്കിൽ നിന്നു് ഒരു മനുഷ്യനെ രക്ഷിക്കാൻ ഒന്നിനും സാദ്ധ്യമല്ല.

അയാളെ സംബന്ധിച്ചിടത്തോളം ഇതൊരു പരമാൎത്ഥമായ ദീർഘദർശനമായിരുന്നു. ഞാൻ ആ വാക്കുകളെ അത്ര വിശ്വസിച്ചില്ല. പക്ഷെ പരമദുസ്സഹമായ ചൂട്ടുമൂലം അത്യധികമായ ക്ലേശം സഹിക്കേണ്ടിവരത്തക്കവണ്ണം എന്റെ വയററിന്മീതെ ഞാൻ കാളറാബെൽട്ട് ധരിച്ചിരുന്നെങ്കിലും എനിക്കു അതേപ്പററി വലിയ വിശ്വാസമില്ലായിരുന്നു.

മി. ഏ:—ഏയ്, ആ മണി അടിക്കുന്നതു എന്തിനാണ്?

ഞാൻ:—ലഞ്ചിനായിരിക്കുമെന്നു തോന്നുന്നു.

അപ്പോഴേക്കും ക്യാബിൻ സൂക്ഷിപ്പുകാരനായ പയ്യൻ അവിടെവന്ന്, എന്റെ പഴയ ഒരു വാദ്ധ്യാർ എനിക്കു ശുഭയാത്ര ആശംസിക്കുന്ന ഒരു കമ്പിസന്ദേശം എന്നെ ഏൽപ്പിച്ചു.

മി. ഏ:—ആരെങ്കിലും എനിക്കും ഒരു കമ്പി അയച്ചിരുന്നെങ്കിൽ, എന്നു ഞാൻ ആഗ്രഹിക്കുന്നു. വെറും ആചാരമുറപ്രകാരമുള്ള ആശംസകൾക്കും ഇപ്പോൾ വളരെ വിലയുണ്ട്. ഇപ്പോൾ ഞാൻ ആദ്യമായിട്ടാണു കാളപാനിയിലായിരിക്കുന്നതു്.

മി ജി:—ഞാനും അങ്ങനെതന്നെ.

ഞാൻ:—ഞാനും അതേ സ്ഥിതിയിൽതന്നെയാണ്. കടൽ നമ്മെ എങ്ങനെ ബാധിക്കുന്നു എന്നു നാമെല്ലാം സൂക്ഷിക്കണം.

മി. ജി:—ഗുണകരമായവിധത്തിൽ ബാധിക്കുകയില്ലെന്നു എനിക്കു തീൎത്തുപറയാൻ കഴിയും.

മി. ഏ:—ദോഷമൊന്നും ഉണ്ടാകാതിരുന്നാൽ കാൎയ്യമായി.

ഞാൻ:—അജ്ഞാതമായ അവസ്ഥാന്തരത്തിലേക്കുള്ള ഒരെടുത്തുചാട്ടമാണിതു്. ആട്ടെ, നമുക്കിപ്പോൾ ലഞ്ചിനുപോകണം.

മി. ജി:—നാം പ്രത്യേകവേഷം ധരിക്കണോ?

ഞാൻ:—ഞാൻ ഇതേപടി പോകയാണ്.

മി. എ—ലഞ്ചിന് പ്രത്യേകവസ്ത്രധാരണം ആവശ്യമില്ല. (ഞങ്ങളിൽ ഏററവും ക്രുടുതലായി യൂറോപ്യൻ രീതികൾ മനസ്സിലാക്കിയിട്ടുള്ളതു് മി. എ. ആയിരുന്നു.)

ഞാൻ—എന്നാൽ നമുക്കങ്ങുപൊയ്ക്കളയാം. ഇടയ്ക്കു് ഒന്നു ചോദിച്ചുകൊള്ളട്ടെ; നിങ്ങൾ വല്ലവരും കത്തിയും മുള്ളും ഉപയോഗിച്ചിട്ടുണ്ടോ?

"ഇല്ല" എന്നു് മെ. എ. യും, ജി. യും പറഞ്ഞു.

മി. എ—കത്തിയേയും മുള്ളിനേയും കാഠം വളരെ നല്ലതാണു കൈയ്.

ഞാൻ—അതു കണിശമായും കുറേക്കൂടി കയ്യൊതുക്കം ഉള്ളതുമാണു്.

മി. എ:—വൈദ്യശാസ്ത്രം അനുസരിച്ചും അതു കൂടുതൽ നല്ലതാണു്. അതെന്തുകൊണ്ടാണെന്നു പറയാമോ?

ഞാൻ:—പറയാം. നിങ്ങഠം ഉപയോഗിക്കുന്ന കത്തിയും മുള്ളും മററുള്ളവർ ഉപയോഗിച്ചതായിരിക്കും. എന്നാൽ, നിങ്ങളുടെ കയ്യ് അങ്ങനെയല്ല. അതുകൊണ്ടു് മററുള്ളവരുടെ രോഗാണുക്കഠം നിങ്ങളെ ബാധിക്കുമെന്നുള്ള അപകടത്തിൽ ചാടുകയില്ല.

മി. എ:—ഭേഷ്, അതു കുറിയ്ക്കുകൊണ്ടു.

ഞാൻ: മി. എ, കത്തിയും മുള്ളും ഉപയോഗിക്കുന്നതിനെപ്പററി എന്തുപറയുന്നു?

മി. എ: അതു എങ്ങനെയെങ്കിലും സാധിക്കണം. ആദ്യം കുറെ മോശമായിപ്പോയെന്നുവച്ച് എന്തു വിചാരിക്കാനാണു്. ഈ യൂറോപ്യന്മാരുടെ അഭിപ്രായങ്ങളെ കണിശമായും നാം അത്ര വകവയ്ക്കാൻപോണില്ല.

ഞാൻ:- ഞാനില്ല. എന്തായാലും നാമാരുംതന്നെ കത്തിയും മുള്ളുമായിട്ടല്ല ജനിച്ചതു്.

മി. ജി:—മി. അയ്യർ, ഞാനൊരു സസ്യഭുക്കാണു്. ഞാൻ എങ്ങനെ കഴിയണം?

ഞാൻ:—ഞാനും ഒരു സസ്യഭുക്കാണു്. നമുക്കു് എങ്ങനെയെങ്കിലും കഴിഞ്ഞുകൂടണം നാം ലണ്ടനിൽ ചെല്ലുന്നതിനുമുമ്പു് വെറും അസ്ഥിയായിപ്പോകുമെന്നു തോന്നുന്നു കുറെ പഴങ്ങഠംകൂടി കൊണ്ടുവരേണ്ടതായിരുന്നു. നിർഭാഗ്യവശാൽ ഞാൻ ഒന്നും കൊണ്ടുവന്നിട്ടില്ല.

മി. ജി:—ഞാനും ഒന്നും കൊണ്ടുവന്നിട്ടില്ല. ഇനി ഇപ്പോഠം എന്തുചെയ്യണം?

ഞാൻ.—നമുക്കു് സ്ററുവേർഡിനെ കണ്ടു് ഏർപ്പാടുചെയ്യണം. അങ്ങോട്ടു പോകാം.

അങ്ങനെ ഞങ്ങൾ ഭക്ഷണമുറിയിൽ ചെന്നു. അവിടെ ക്യാംബേക്കാരനും, ഒരു പവിഴവ്യാപാരിയും ആയ മി. എം. എ ന്നൊരു സസ്യഭുക്കിനേക്കൂടി കാണുകയുണ്ടായി. ഞങ്ങൾ മൂവരും കൂടി സ്റ്റൂവേർഡിൻെറ അടുക്കൽ ചെന്നു്, ഞങ്ങൾ സസ്യഭുക്കുക ളാണെന്നും, അതിനാൽ പ്രത്യേകഏർപ്പാടുകൾ വല്ലതും ചെയ്യണമെ ന്നും പറഞ്ഞു. "ശരി, മത്സ്യംതരാൻ പാചകന്മാരോടു ഞാൻ പ റയാം" എന്നു് ആ ഇംഗ്ലീഷുകാരൻ പറഞ്ഞു.

ഞാൻ:—ഞങ്ങൾ മത്സ്യം തിന്നുകയില്ല.

അയാൾ:—(അത്ഭുതത്തോടുകൂടി) മത്സ്യം സസ്യമല്ലേ?

ഞാൻ:—അല്ല.

അയാൾ:—എന്നാൽ നിങ്ങൾക്കു് മുട്ടതരാൻ ഞാൻ അവരോടു് പറയാം.

ഞാൻ:—ഞങ്ങൾ മുട്ടയും തിന്നുകയില്ല.

അയാൾ:—(കേവലം അത്ഭുതപരവശനായി) എന്തു്, മുട്ടയും സ സ്യമല്ലേ?

ഞാൻ:—അല്ല.

അയാൾ:—നിങ്ങൾക്കു് ഉരുളൻകിഴങ്ങും ക്യാബേജും (ഒരുതരം യൂ റോപ്യൻകീര) മാത്രം തിന്നാൽ മതിയോ?

ഞാൻ:—പോര. ഞങ്ങൾ ചോറും, മററു ധാന്യങ്ങൾ പാകംചെയ്ത തും ഭക്ഷിക്കാറുണ്ടു്. പഴങ്ങളുടെകാര്യം പറയേണ്ടതുമില്ല.

അയാൾ:—ശരി. നിങ്ങൾക്കു് ഓട്ട്സ് (ഒരു ധാന്യം) പാകപ്പെടു ത്തിയതും, ചോറും, കുരുമുളകുപാനീയവും, ധാരാളം ഉരുളൻകി ഴങ്ങും ക്യാബേജും തരാം; മതിയോ?

ഞാൻ:—മതി. പക്ഷെ, ഉരുളൻകിഴങ്ങു പൊരിക്കുന്നതു കൊഴുപ്പു കൊണ്ടല്ലാതെ എണ്ണയിലായിരുന്നാൽ കൊള്ളാം. കൂടാതെ ഞങ്ങളുടെ ദേഹസ്ഥിതി ശരിയായിരിക്കുന്നതിനു് അത്യാവ ശ്യമായ പഴങ്ങൾ ധാരാളം തരുന്നതിനു് ഏർപ്പാടുചെയ്യണം.

അയാൾ:—എനിക്കു മനസ്സിലായി ഞാൻ കണ്ടിട്ടുള്ളതിൽ അങ്ങേ അററത്തെ സസ്യഭക്ഷണസിദ്ധാന്തികൾ നിങ്ങളാണു്. എ ൻെറ അഭിപ്രായം പറയുകയാണെങ്കിൽ, പാലിനെപ്പററി നി ങ്ങൾക്കു് ആക്ഷേപമൊന്നുമില്ലെങ്കിലും, അതു സസ്യമാകുന്ന തെങ്ങനെയെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഞാൻ:—പാല്, നെയ്യ്, വെണ്ണ, തൈര് എന്നിവയുടെ ഉപയോഗം, ആചാരത്താൽ അനുവദിക്കപ്പെട്ടും, മതത്താൽ ശരിവയ്ക്കപ്പെട്ടും ഇരിക്കുന്നതിനാൽ അവയെ ഞങ്ങൾ ആചാരപരവും മതപരവും ആയ സസ്യങ്ങൾ എന്നു വിളിക്കുന്നു.

സ്റ്റൂവേർഡ് ചിരിച്ചു. ഞങ്ങളുടെ സുഖസൗകര്യാദികളെപ്പററിയുള്ള അയാളുടെ ശ്രദ്ധയ്ക്കുവേണ്ടി ഞങ്ങൾ അയാളോടു നന്ദി പറഞ്ഞു പിരികയും ചെയ്തു. ഞങ്ങൾ ആവശ്യപ്പെട്ട സാധനങ്ങൾ കിട്ടുന്നതിനു് പതിനഞ്ചുമിനിട്ട് കാത്തിരിക്കേണ്ടിവന്നു. എന്നാൽ അവ കിട്ടിക്കഴിഞ്ഞപ്പോൾ, കാത്തിരുന്നതിനുംമാത്രമുള്ള മെച്ചം അവയ്ക്കില്ലായിരുന്നു. കപ്പലിലെ ഗോവാക്കാരായ പാചകന്മാർ മററുതരത്തിൽ എത്രതന്നെ യോഗ്യതയുള്ളവരായിരുന്നാലും സസ്യങ്ങൾ പാകംചെയ്യുന്നതിൽ നിപുണന്മാരായിരുന്നില്ല. പക്ഷേ ഞങ്ങൾക്കു വിശപ്പില്ലായിരുന്നതിനാൽ ഓട്ട്സ് പാകംചെയ്തതു്, ചോറു, മുതലായവയുടെ ദൂഷ്യം ഞങ്ങൾ അത്ര ഗൗനിച്ചില്ല. ചെറുനാരങ്ങായുടെ രൂക്ഷമായ പുളിസ്സ്വാദോടുകൂടിയതും, കാഴ്ചയിൽ തൊലികൊണ്ടുമാത്രം സപവർഗ്ഗത്തോടു സാമ്യംവഹിക്കുന്നതുമായ മധുരനാരങ്ങാ മാത്രമായിരുന്നു പഴമായി ഞങ്ങൾക്കു കിട്ടിയതു്. എന്നാൽ ചെറുനാരങ്ങായുടെ കാര്യത്തിൽ ഞാൻ പിന്നോട്ടുമാറുന്ന പതിവില്ലാതിരുന്നതിനാൽ ഈ പുളിയൻനാരങ്ങയിൽ മൂന്നെണ്ണം ഞാൻ തിന്നു. പിന്നീടു കുറേവെള്ളം തൃപ്തിയായി കുടിച്ചതിനുശേഷം ആചാരമുറകളൊന്നും നോക്കാതെതന്നെ ഞാൻ ഭക്ഷണമുറിയിൽനിന്നു വെളിയിൽ കടന്നു. മി: എ യും ഉടൻതന്നെ എൻെറ കൂടെ എത്തി. ഭക്ഷണകാര്യത്തിൽ പി. ആൻഡ് ഒ. കപ്പലുകളേക്കാൾ ഇററാലിയൻകപ്പലുകൾ എത്രയോ ഭേദമാണെന്നു അയാൾ ബലമായി പറയുകയുണ്ടായി.

ഞാൻ:—അതു നിങ്ങൾക്കു് എങ്ങനെ അറിയാം.

മി: എ:—ആ കപ്പലുകളിൽ യാത്രചെയ്തിട്ടുള്ള എൻെറ ചില സ്നേഹിതന്മാർ പറഞ്ഞിട്ടുണ്ടു്.

ഞാൻ:— എന്നാൽ നിങ്ങൾ ആ കപ്പലുകളിലൊന്നിൽ യാത്രചെയ്യാത്തതെന്തു്?

മി: എ:—നാം എല്ലായ്പോഴും ബുദ്ധിപൂർവ്വം പ്രവർത്തിക്കാറില്ല. ഞാൻ പി. ആൻഡ് ഒ കപ്പൽ ഇഷ്ടപ്പെട്ടതു്, അതുമൂലം ഒരുദിവസം നേരത്തേ ഇംഗ്ലണ്ടിൽ എത്താമെന്നുള്ളതിനാലും, എനിക്കു് ഇററാലിയൻഭാഷ വശമില്ലാത്തതിനാലും ആണു്.

അനന്തരം ഞങ്ങൾ കപ്പൽതട്ടിൽ പോയി അവിടെയുള്ള കസേരകളിൽ ഇരുന്നു. ചില യാത്രക്കാർ, അത്തരം കസേരകൾ തങ്ങൾക്കുവേണ്ടി കരുതുന്നതിൽ ബുദ്ധിപൂർവ്വം പ്രവൎത്തിക്കാതിരുന്നതിനാൽ, പുതിയ കസേരകളുടെ വിലയേക്കാൾ അല്പംകൂടി ഉയൎന്ന തുക കൊടുത്തു സ്റൂവേർഡിന്റെ പക്കൽനിന്നും വൃത്തികെട്ടതും, നികൃഷ്ടവും ആയ കസേരകൾ കൂലിക്കെടുക്കാൻ നിൎബ്ബന്ധിതരായിത്തീൎന്നു. കപ്പൽതട്ടിലെ സ്റൂവേർഡ് ഇത്തരം കസേരകൾ കൂലിക്കു കൊടുക്കുന്നതിലും, പലതരം കളികൾക്ക് ഏൎപ്പാടുചെയ്യുന്നതിലും അത്യന്തം വ്യാപൃതനായിരുന്നു. എത്രതരംകളികൾ കപ്പൽതട്ടിൽ നടത്താമെന്നുള്ളതു കേവലം വിസ്മയകരമാണ്. പല യാത്രക്കാരും ഇവയിൽ പങ്കുകൊണ്ടു. അത്രതന്നെ പ്രശംസാൎഹമല്ലാത്ത ഒരു സംഗതി, കപ്പലിന്റെ വേഗത്തെപ്പററി വാതുവയ്ക്കുകയാണ്. ഓരോരുത്തനും ഒരു ഷില്ലിംഗുവീതം കൊടുത്തിട്ട്, ആ ദിവസം കപ്പൽ ഏത്രമൈൽ സഞ്ചരിക്കുമെന്ന് ഊഹിച്ചുപറയണം. ഇങ്ങനെ പിരിയുന്ന തുക ശരിയായ ഉത്തരംപറയുന്നവർ തമ്മിൽ, അഥവാ, ശരിയായ ഉത്തരം ആരും പറഞ്ഞില്ലെങ്കിൽ, ശരിയോടു് ഏററവും അടുത്ത ഉത്തരം പറയുന്നവർതമ്മിൽ വീതിക്കുന്നതാണ്. ചില വിദ്വാന്മാർ ആരും അറിയാതെ കപ്പൽ ഉദ്യോഗസ്ഥന്മാരോടു ചോദിച്ച്, മിക്കവാറും ശരിയായ ഉത്തരം പറയുക പതിവാണ്. കടൽയാത്രയുടെ മുഷിപ്പൻസ്വഭാവത്താലും, നേരംപോക്കുന്നതിനു് എന്തെങ്കിലും ഉദ്വേഗം ജനിപ്പിക്കേണ്ടതു് അവശ്യാവശ്യമാകയാലും ആയിരിക്കാം ഇത്തരം ചൂതാട്ടം പുലൎന്നുവരുന്നതു്. അല്പം വ്യായാമം കിട്ടുന്നതിനായി ചില യാത്രക്കാർ കപ്പൽതട്ടിൽ വളരെവേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടുമിരുന്നു.

അന്നു ഞാൻ വേറെയും ചില ഇൻഡ്യാക്കാരെ കാണുകയുണ്ടായി. കപ്പലിൽ ഉണ്ടായിരുന്ന മററു് ഇൻഡ്യാക്കാർ, മെ. എൽ., ബി, എസ്സ്. എന്നിവരായിരുന്നു. താൻ ഒൻപതുപ്രാവശ്യം ഇംഗ്ലണ്ടിൽ പോയിട്ടുണ്ടെന്നുള്ള വാൎത്തയെ ഇങ്ങോട്ടു് ഏററുപറഞ്ഞ ഒരു പഞ്ചാബ്ഹിന്ദുവായിരുന്നു മി: എൽ. അയാൾ അത്യന്തംആംഗലീകരിക്കപ്പെട്ടിരുന്നു എന്നു മാത്രമല്ല, എപ്പോഴും ഒരു ചുരുട്ടോ സിഗരറേറാ, വായിൽവച്ചുകൊണ്ടു് ശക്തിയായ പുക വമിച്ചുകൊണ്ടിരിക്കുന്ന ഒരു നെരുപ്പോടുമായിരുന്നു. അയാൾ എന്റെ അടുത്തുവന്നു് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ ഇംഗ്ലണ്ടിൽ പോകയാണ്. അവിടെ താമസിക്കണമെന്നു വിചാരിക്കുന്നെങ്കിൽ, നിങ്ങൾ ഇംഗ്ലീഷുകാരെപ്പോലിരിക്കണം. നിങ്ങളുടെ സസ്യഭക്ഷണസിദ്ധാന്തവും, പച്ചവെള്ളംകുടിയും വിടാതെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നതെന്തു്?"

ഇംഗ്ലണ്ടിൽ പോകുന്നതു് അവിടെ ഉള്ള നല്ലതിനെ സ്വീകരിക്കുന്നതിനാണെന്നും, ചീത്തയെ വശമാക്കുന്നതിനല്ല എന്നും ഞാൻ പറഞ്ഞു.

അയാരം:—മാംസവും, മദ്യവും, രുചിച്ചുനോക്കി, അവ നല്ലതല്ലേ എന്നറിയണം.

ഞാൻ:—എനിക്കു് അവ രുചിച്ചുനോക്കാൻ ആഗ്രഹമില്ല.

അയാരം:—ഹ, ഇത്തരം മനഃസ്ഥിതിയെ ആണു് ഞാൻ വെറുക്കുന്നതു്—ഒരു വസ്തുവിനെ പരീക്ഷിച്ചുനോക്കാതെ അതു ചീത്തയാണെന്നു വിധിക്കുന്നതു്,

ഞാൻ:—നിങ്ങളുടെ വാദപ്രകാരം ഒരു നിഷ്കപടനായ മനുഷ്യനു് മോഷ്ടിക്കാൻ ശ്രമിക്കാതെ ഒരു കള്ളനെ കുററപ്പെടുത്തുന്നതോ ഒരു ചീത്ത സ്ത്രീയുടെ ചര്യകളെ പിൻതുടരാതെ ഒരു നല്ലസ്ത്രീക്കു് ആ ചീത്തസ്ത്രീയേ കുററപ്പെടുത്തുന്നതോ സാദ്ധ്യമല്ല.

അയാരം:— ഉപമകരം ഒന്നും തെളിയിക്കുന്നില്ല.

അങ്ങനെ ഞങ്ങളുടെ ആദ്യത്തെ സംഭാഷണം അവസാനിച്ചു മി: എം. വളരെ ദുർബലനും, കൃശനും ആയിരുന്നു കടൽയാത്ര അയാളുടെ മനസ്സിൻെറ സ്വാസ്ഥതയെ ആകപ്പാടെ ഇളക്കിമറിച്ചതു പോലെതോന്നി. അയാരം രഹസ്യമായി പറഞ്ഞു:—ബ്ബാംബേ കടൽപ്പുറത്തുനിന്നു നോക്കിയപ്പോരം, കടൽ ആകൎഷകമായി തോന്നി. പക്ഷേ, അതിൻെറ പകുതി ആകൎഷകത്വവും ഇപ്പോരം പൊയ്പ്പോയിരിക്കുന്നു.

ഞാൻ:—എന്താതു്? കടൽ അല്പവും ക്ഷോഭിച്ചിട്ടില്ലല്ലോ.

അയാരം:—ഇല്ല; പക്ഷേ ഈ നാററം ഭയങ്കരമായിരിക്കുന്നു. ആഹാരമോ, കേവലം ഗർഹണീയവുമാണു്.

ഞാൻ അതു് ഉടൻ സമ്മതിച്ചു. അടുത്തഭാവിയിൽ കടൽച്ചൊരുക്കിനു് ഇരയാകാനുള്ള ഒരാരം എന്നു് അയാളെ മനസ്സുകൊണ്ടു് ഞാൻ എണ്ണുകയും ചെയ്തു. എന്തെന്നാൽ കപ്പലിൻേറയും, കടലിൻേറയും ഗന്ധത്തെപ്പററി വിചാരപ്പെട്ടുകൊണ്ടിരിക്കുന്നവൻ കടൽച്ചൊരുക്കിലേക്കുള്ള രാജപാതയിലാണെന്നു് ഞാൻ ദൃഢമായി വിശ്വസിച്ചിരുന്നു, ഇപ്പോഴും വിശ്വസിക്കയും ചെയ്യുന്നു. വൈദ്യവിദ്യാഭ്യാസത്തിനു് ഇംഗ്ലണ്ടിൽപോകുന്ന ബാംബേക്കാരനായ ഒരു പാഴ്സിമാന്യനായിരുന്നു മി: ബി. അയാരം ഒരു അല്പഭാഷ

കനായിരുന്നു. ബാരിസ്റ്റർബിരുദം നേടുന്നതിന്ന് ഇംഗ്ലണ്ടിൽ പോകുന്ന ഒരു ബംഗാളിയായിരുന്നു മി: എസ്സ്. ബംഗാളിഭാഷയിൽ സംസാരിക്കാനുള്ള അതിതാല്പര്യത്താൽ ശ്വാസംമുട്ടിയാലെന്നതുപോലെ അയാരം വിമ്മിഷ്ടപ്പെട്ടുകയായിരുന്നു. പക്ഷേ രണ്ടാംക്ലാസ്സിലുള്ള മററു ഇൻഡ്യാക്കാരിൽ ആക്കുംതന്നെ ആ ഭാഷ മനസ്സിലാകാത്തതിനാൽ, അയാരം അർദ്ധോക്തിയിൽ വിരമിച്ച്, വീണ്ടും ഇംഗ്ലീഷിൽ തുടങ്ങേണ്ടിയിരുന്നു. ഒരിക്കൽ അയാരം ഇങ്ങനെ പറഞ്ഞതിൽ അത്ഭുതത്തിനു വകയില്ല. "മി: അയ്യർ, നാം എപ്പോഴും ഇംഗ്ലീഷിൽ സംസാരിക്കണമെന്നുള്ളതു് എന്തുകഷ്ടമാണ്!" ഈ മനോഭാവവിശേഷം ന്യായയുക്തമായിരുന്നെങ്കിലും എനിക്കു ഹിന്ദുസ്ഥാനി വശമില്ലാതിരുന്നതിനാലും, ഹിന്ദുസ്ഥാനിയൊഴിച്ച് ഒരു ഭാഷയേയും ഇൻഡ്യയുടെ പൊതുഭാഷയായി സങ്കല്പിക്കാൻ കഴിവില്ലാതിരുന്നതിനാലും, "അതൊരുകഷ്ടംതന്നെ, മി: എസ്സ്" എന്നു ചുരുക്കത്തിൽപറഞ്ഞു് എനിക്കു തൃപ്തിപ്പെടേണ്ടിവന്നു.

മെ: എൽ., ബി., എന്നിവർ കൂടുതൽ പ്രായംചെന്നവരായതിനാലും, ഞങ്ങളുടെ കൂട്ടത്തിൽ ചേരേണ്ടെന്നു് അവർ കരുതത്തക്കവണ്ണം ഞങ്ങരംക്കു് ഇംഗ്ലീഷുരീതികളും ആചാരങ്ങളും അപരിചിതങ്ങളായതിനാലും, അവർ ഞങ്ങളുടെ കൂട്ടത്തിൽ നിർബാധം ഇടകലരാൻ താല്പര്യപ്പെട്ടില്ല. മി: ഏ. ഞങ്ങളേക്കാളും ഒരുപക്ഷേ മെ: ബി., എൽ., എന്നിവരേക്കാളും, വളരെ പ്രായംകൂടിയ ആളായിരുന്നെങ്കിലും, അയാരം കപ്പൽത്തട്ടിൽ വരുമ്പോഴൊക്കെയും ഞങ്ങളുടെ കൂടെ ചേരാൻ കൂടുതൽ ഇഷ്ടപ്പെട്ടു. അയാരം കപ്പൽത്തട്ടിൽ വരുക എന്നുള്ളതു് ചുരുക്കമായിരുന്നു. എന്തെന്നാൽ, കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും ആഹാരംകഴിക്കുന്നതിന്നിടയ്ക്കുള്ള ദീർഘമായ സമയമെല്ലാം ക്യാബിനിലുള്ള തന്റെമുറിയിൽ കിടന്നുറങ്ങാനാണു് അയാരം കൂടുതൽ ഇഷ്ടപ്പെട്ടതു്. ഇതു കടൽച്ചൊരുക്കുകൂടാതെ കഴിക്കുന്നതിനാണെന്നു് ഞാൻ പിന്നീട് മനസ്സിലാക്കി. പക്ഷേ, കടലിനെ ഒഴിഞ്ഞുകളയാൻ ശ്രമിക്കുന്നവക്കു് മിക്കവാറും വളരെ വേഗത്തിൽ കടൽച്ചൊരുക്കു് ഉണ്ടാകുമെന്നുള്ളതിനാൽ, ഈ പതിവിനു് അടിസ്ഥാനമായ തത്വം സർവ്വമേ അബദ്ധമാകുന്നു. മെ: എൽ., ബി. എന്നിവരോടു ചേരുന്നതിനേക്കാരം കൂടുതലായി ഞങ്ങളോടുചേരാൻ മി: എ. താല്പര്യപ്പെട്ടതു് ഇംഗ്ലീഷുരീതികരം അയാരംക്കു കേവലം അപരിചിതമായിരുന്നതിനാലായിരിക്കാം.

ഞങ്ങരം അഞ്ചുപേരും കമ്പാനിയൻമുറിയിലും, ചിലപ്പോരം കപ്പലിലെ വായനശാലയിലും, മററുചിലപ്പോരം കപ്പൽത്തട്ടിലും,

ചെന്നിരിക്കുക പതിവായിരുന്നു. ഞങ്ങൾ പുകവലിക്കാത്തവരായിരുന്നതിനാൽ, പുകവലിക്കുന്നതിനുള്ള മുറിയിൽമാത്രം പോകുക പതിവില്ലായിരുന്നു. ആ മുറിയിൽ വായനശാലയും സ്ഥാപിച്ചിരുന്നതിനാൽ, ഞങ്ങൾ അവിടെയും കൂടക്കൂടെ പോകാറില്ലായിരുന്നു. ചില കപ്പലുകളിലെ വായനശാലയിൽ നല്ല പുസ്തകങ്ങൾ ഉണ്ടെങ്കിലും, ഈ വായനശാലയിൽ അധികം നല്ല ഗ്രന്ഥങ്ങളില്ലായിരുന്നു. ചായയ്ക്കു പ്രത്യേകം ചാർജ്ജുചെയ്തിരുന്നു എന്നു ഞങ്ങൾ കരുതിയിരുന്നതിനാലും, അത്രയ്ക്കുള്ളമെച്ചം അതിനില്ലാതിരുന്നതിനാലും, ഞങ്ങൾ അതു കുടിക്കാൻപോയില്ല. മെ: എൽ., ബി. എന്നിവർ ചായകഴിഞ്ഞു കപ്പൽത്തട്ടിൽ ഇരിക്കുമ്പോൾ ഞാനും, മി: എസ്സും, ഉലാത്തുകയായിരുന്നു. കപ്പലിൽ എന്തെങ്കിലും തീപിടിക്കുന്നതു യാത്രക്കാരാരെങ്കിലും കണ്ടാൽ, ഉടൻതന്നെ അയാൾ മൂന്നുപ്രാവശ്യം കപ്പൽമണിയടിക്കണമെന്ന് ഒരു നോട്ടീസ് ഞങ്ങൾ അപ്പോൾ കണ്ടിരുന്നതേയുള്ളു. മി: എൽ. തന്റെ ചുരുട്ടുകത്തിക്കുന്നതുകണ്ട ഉടനെ ഞാൻ ഒരുദ്യോഗസ്ഥനോടുകൂടി മി: എസ്സിനോട് "ഉടൻചെന്നു മൂന്നുപ്രാവശ്യം കപ്പൽമണിയടിക്കൂ" എന്നു പറഞ്ഞു.

മി: എൽ:—എന്തിനായിരിക്കാം?

ഞാൻ:—കപ്പലിൽ ഒരു തീകാണുന്നു!

"എവിടെ, എവിടെ" എന്ന് മെ: എല്ലും, ബീയും ഒരേശബ്ദമായി ചോദിച്ചു.

"നിങ്ങളുടെ ചുരുട്ടിനു തീപിടിച്ചു" എന്നു ഞാൻ മി. എല്ലിനോടു പറഞ്ഞിട്ട് അയാൾ തന്നോടുതന്നെ ചിന്തചെയ്യട്ടെ എന്നു കരുതി, മി. എസ്സിനോടുകൂടി നടന്നുകളഞ്ഞു. പിന്നീടൊരവസരത്തിൽ, അപ്പോൾ അലകളുരുണ്ടുതുടങ്ങിയിരുന്ന കടലിനെ നോക്കിക്കൊണ്ട്, കപ്പൽത്തട്ടിന്റെ ഒരു കോണിൽ ഞാൻ തനിയേ ഇരിക്കുകയായിരുന്നു. ഉടൻതന്നെ, താൻ മുകളിലോട്ടും കീഴോട്ടും പലതവണ കയറിഇറങ്ങുന്നതുമൂലം ഒരിംഗ്ലീഷ് യാത്രക്കാരൻ തന്നെ മര്യാദയില്ലാതെ ഭത്സിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് മി. എസ്സ്. വന്നു എന്നെ ഇളക്കി. ഇംഗ്ലീഷുകാരന്റെ ഈ പെരുമാററം ഏററവും അക്രമപരമാണെന്ന് എനിക്കു തോന്നുകയും, തന്നിമിത്തം സകല എതിർപ്പുകൾക്കും വിരുദ്ധമായി ഞങ്ങളുടെ അവകാശങ്ങളെ സാധൂവാക്കിത്തീർക്കണമെന്നു ഞാൻ കരുതുകയും ചെയ്തു. "ഈ പിശാചു് ഇങ്ങനെ എപ്പോഴുംകയറിയിറങ്ങുന്നതെന്തിന്?" എന്നു മി. എസ്സിനോട് ആ യാത്രക്കാരൻ പറഞ്ഞിരിക്കണമെന്നാണു തോന്നുന്നതു്. എനിക്കു പ്രത്യേകിച്ചു കാര്യമൊന്നുമില്ലായിരുന്നെങ്കിലും, ഞാൻ എ

ന്റെ ക്യാബിനിലേക്കു മനഃപൂവ്വം പോയി. കുറെ മദ്യം കൂടിപ്പോയെന്നു തോന്നിക്കുന്ന ആ മനുഷ്യൻ ഇങ്ങനെ ഉച്ചത്തിൽ വിളിച്ചു:—"ഞാൻ ഈ കുറമ്പന്മാരെക്കൊണ്ടു വിഷമിച്ചു."

ഞാൻ:—നിങ്ങളുടെ ആ വിഷമത്തിനു ഭേദമുണ്ടാകയില്ല. എന്തെന്നാൽ ഈ കുറമ്പന്മാർ അനേകലക്ഷം പേരുണ്ടെന്നു മാത്രമല്ല, അവർ അതിവേഗത്തിൽ പെരുകിവരികയുംചെയ്യുന്നു.

അയാൾ അതിഭയങ്കരമായ ക്രൗര്യത്തോടെ എന്നെ നോക്കി. പക്ഷെ ഒന്നും പറഞ്ഞില്ല. ഒരു മിനിട്ടുകഴിഞ്ഞു ഞാൻ കപ്പൽത്തട്ടിലേക്കു വന്നപ്പോൾ, "ഞാൻ ഈ ഉപദ്രവങ്ങളെല്ലാം സഹിച്ചിരിക്കുമെങ്കിൽ നശിച്ചുപോകട്ടെ" എന്ന് അയാൾ വീണ്ടുംവിളിച്ചു. "നിങ്ങൾക്ക് അതല്ലാതെ ഗത്യന്തരമില്ല. നിങ്ങൾ കൊടുത്തേടത്തോളം പണം ഞാനും കൊടുത്തു. നിങ്ങൾക്കുള്ളേടത്തോളംതന്നെ അവകാശം എനിക്കുമുണ്ടു്" എന്നു ഞാൻ പറഞ്ഞു. ഇത്രയുമായപ്പോഴേക്കു മി. എ അവിടെവന്നു ഉടനെ, "എന്തു്? ഇതെന്നെ ശല്യപ്പെടുത്താൻ വല്ല ഗൂഢാലോചനയുമാണോ?"എന്ന് ആ ഈർഷ്യാകലുഷനായ ധ്വര പറഞ്ഞുകൊണ്ടു നടന്നുകളഞ്ഞു. അതിനുശേഷം പിന്നീടൊരിക്കലും ഞങ്ങൾ കയറിയിറങ്ങുന്നതിനെപ്പററി അയാൾ പിറുപിറുത്തിട്ടില്ല.

താമസിയാതെ ഡിന്നറിനു സമയമായി. ഞാൻ ക്യാബിനിലേക്കു് ഇറങ്ങിച്ചെന്നു. മി. എ. അയാളുടെ ഡ്രസ്സ്സൂട്ടു ധരിക്കുകയായിരുന്നു. എന്റെ ഡ്രസ്സ്സൂട്ടു്, ശവസംസ്കാരത്തിനുള്ള സൂട്ടും, ഡ്രസ്സ്സൂട്ടും, ജോഡ്പൂരിസവാരിസൂട്ടും, കൂടിച്ചേർന്ന ഒരു പ്രത്യേകസൂട്ടാണെന്നു തോന്നിക്കത്തക്കവിധം അത്ര വളരെ മോശമായി ചെയ്യപ്പെട്ടിരുന്നതിനാൽ, ഞാൻ അതു ധരിക്കണമെന്നു വിചാരിച്ചില്ല. അതിനവീനമായ ഇംഗ്ലീഷ് വസ്ത്രധാരണരീതികളെപ്പററി എനിക്കു് അറിവില്ലാതെയും. വസ്ത്രധാരണത്തിലെ സൂക്ഷ്മകാര്യങ്ങളെപ്പററിയുള്ള വിമർശനങ്ങൾ മനസ്സിലാക്കാനുള്ള ബോധം ഏറെക്കുറെ എനിക്കില്ലാതെയും ഇരുന്നെങ്കിലും, ഡ്രസ്സ്സൂട്ടു് എന്നു പറയപ്പെടുന്ന എന്റെ വസ്ത്രങ്ങളെ ഡ്രസ്സ്സൂട്ടായി ധരിക്കുന്നപക്ഷം അതു് അത്യന്തം പരിഹാസ്യമായിരിക്കുമെന്നും, മററു സന്ദർഭങ്ങളിൽ ധരിച്ചാൽ അല്പംകൂടി കുറവായി മാത്രമെ അതു പരിഹാസപാത്രമാകയുള്ളൂ എന്നും, ജന്മവാസനയാലെന്നപോലെ ഞാൻ കണ്ടുപിടിച്ചു. മി. ജി. യ്ക്കു ഡ്രസ്സ്സൂട്ടു് ഇല്ലായിരുന്നു. യാത്രക്കാരിൽ അധികം പേരും ഡ്രസ്സ്സൂട്ടു ധരിച്ചുവന്നിരിക്കെ ഞാനും, മി. ജി. യും മാത്രം, സാധാരണ ഫ്ളാനൽഉടുപ്പുകൾ ധരിച്ച വേഷത്തിൽ ഭക്ഷണമുറിയിലെത്തി. എന്റെ അത്ഭുതകരമായ ഡ്രസ്സ്സൂട്ടു ധരിക്കാ

തിരുന്നതു എത്രമാത്രം ബുദ്ധിപൂർവ്വമായിപ്പോയെന്നു ഒരൊററ നോട്ടത്തിൽ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. സാധാരണ ഫ്ളാനൽശരായിയും, കോട്ടും, ധരിച്ചുകൊണ്ടു ചെല്ലുന്നതു ചില അഭിപ്രായപ്രകടനങ്ങൾക്കു കാരണമാകുമെങ്കിലും ഡ്രസ്സൂട്ട് എന്നു പറയപ്പെടുന്നവയെപ്പോലെ ചിരിയോ, പരിഹാസമോ ജനിപ്പിക്കുകയില്ല.

കടലിൽ വലിയ അലകൾ മറിഞ്ഞുതുടങ്ങി. മെ: എ., ജി., എം. എന്നിവരും ഞാനും ഒരു മേശയ്ക്കു ചുററും ഇരുന്നു. ഞങ്ങളുടെ ഭക്ഷ്യപദാർത്ഥങ്ങളിൽ പ്രധാനാവലംബസാധനമെന്നു ഞങ്ങൾ പറഞ്ഞിരുന്ന പഴങ്ങൾ ധാരാളം തരണമെന്നു പ്രത്യേകം അപേക്ഷിച്ചിരുന്നെങ്കിലും, സാധാരണ തരമുള്ള അഞ്ചു മധുരനാരങ്ങാ മാത്രമേ മേശപ്പുറത്തു വച്ചിരുന്നുള്ളു. സ്ററുവേർഡ് ചില വമ്പൻ വാഗ്ദാനങ്ങൾ ചെയ്തിരുന്നെങ്കിലും, സസ്യങ്ങൾ എന്നു പറയത്തക്കവണ്ണം ഒന്നും തന്നെ ഞങ്ങൾക്കു തന്നില്ല. ചോറു്, പുഴുങ്ങിയ ഉരുളൻകിഴങ്ങു്, പാകംചെയ്ത ക്യാബേജ് എന്നിവമാത്രമാണു് ഒരു സസ്യഭുക്കിൻെറ ഭക്ഷ്യപദാർത്ഥങ്ങളായി ഞങ്ങൾ അവിടെ കണ്ടതു്. ഞങ്ങളുടെ ആഹാരസാധനങ്ങളിൽ പലതും സ്വമേധയാതന്നെ ഞങ്ങൾ വേണ്ടെന്നു വച്ചതിനാൽ, ഇനിയും പലസാധനങ്ങളും കൂടാതെ കഴിക്കാൻ ഞങ്ങൾക്കു കഴിവുണ്ടെന്നുള്ളതായിരുന്നു സ്ററുവേർഡിൻെറ തത്വമെന്നു തോന്നുന്നു. മദ്യമാംസങ്ങൾ വിളമ്പുന്നതു് അന്നാദ്യമായി ഞാൻ കണ്ടു. മാംസം കാണുക എന്നതു് എന്നിൽ സജീവമായ ഒരു വിചികിത്സയെ എപ്പോഴുംജനിപ്പിച്ചിരുന്നു. മാട്ടിറച്ചി, ആട്ടിറച്ചി, പന്നിയിറച്ചി, പശുക്കുട്ടിയുടെ ഇറച്ചി, എന്നിവയുടെ പേരു കേൾക്കുമ്പോൾതന്നെയും, കറക്കുന്നപശുവിൻെറയോ, കരയുന്ന ആടിൻെറയോ, ഘുർഘുരിതം പുറപ്പെടുവിക്കുന്ന പന്നിയുടേയോ, തുള്ളിച്ചാടിനടക്കുന്ന പശുക്കുട്ടിയുടേയോ സ്വരൂപം എൻെറ മനസ്സിൽ പെട്ടെന്നു വന്നുചേരുന്നു. എനിക്കു പതിമ്മൂന്നു വയസ്സു പ്രായമുണ്ടായിരുന്നപ്പോൾ ഒരിക്കൽ തിരുവനന്തപുരം റസിഡൻസിയുടെ സമീപത്തു വില്പനയ്ക്കു വച്ചിരുന്ന ഇറച്ചികണ്ടു ഭയങ്കരമാംവണ്ണം ഞാൻ ഞെട്ടിപ്പോയതായി ഓർക്കുന്നു. എന്തോ ചുവന്ന നിറത്തിൽ തൂങ്ങുന്നതു ഞാൻ കണ്ടു. അത്രമാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ ഞാൻ ഞെട്ടുവാൻ അതു ധാരാളം മതിയായിരുന്നു. സസ്യഭുക്കുകൾക്കു പ്രത്യേകഭക്ഷണമേ ഉണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ല. ഞങ്ങളുടെ മേശയ്ക്കു ചുററുംതന്നെ സസ്യഭുക്കുകളായ മെ: ജി., എം. എന്നിവരും ഞാനുംകൂടാതെ സസ്യഭുക്കല്ലാത്ത മി. എ. കൂടി ഉണ്ടായിരുന്നു. മി. എയ്ക്കു് ഇറച്ചിവിളമ്പിയപ്പോൾ ഞങ്ങളുടെയെല്ലാം മുഖത്തു് അവാച്യമായ ഒരു വെറുപ്പും

വിചികിത്സയും പ്രത്യക്ഷമായിരുന്നു. ഞങ്ങൾ മുഖം തിരിച്ചുകളഞ്ഞു. ഇതു് മി. ഏയ്ക്കു് അത്രവളരെ സുഖംതോന്നിക്കുന്ന ഒരു നടപടിയല്ലായിരുന്നു അയാൾ മി. ജി. യുടെ നേരേ തിരിഞ്ഞു്, "നിങ്ങളെന്താണങ്ങനെ നോക്കുന്നതു്? മര്യാദയില്ലേ?" എന്നു കയത്തു ഞങ്ങൾ ഒന്നും മിണ്ടിയില്ല. ഞങ്ങൾ കണ്ടിച്ചതു തെററായിപ്പോയെന്നു് ഇപ്പോൾ ഞാൻ അറിയുന്നു. അന്നു് മി ഏ. അരിതിന്നിട്ടും ആശാരിച്ചിയെ കടിച്ചിട്ടും, പിന്നെയും മുറുമുറുക്കുന്നമട്ടിൽ പെരുമാറുകയാണെന്നാണു് ഞാൻ ധരിച്ചതു്. അധികം താമസിയാതെ ഞങ്ങളുടെ അടുത്തുള്ള മേശമേലെല്ലാം വൈൻകുപ്പികൾ കൊണ്ടുവന്നു വയ്ക്കുന്നതും കണ്ടു. ഇതും എനിക്കു് ഞെട്ടക്കം തോന്നിക്കുന്നതായിരുന്നു. എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ മദ്യപാനികളുടെ നടുവിലകപ്പെട്ടു. എനിക്കു വളരെ അസ്വാസ്ഥ്യംതോന്നി. ഭാഗ്യവശാൽ ഞങ്ങളുടെ മേശയ്ക്കു ചുററും ഇരുന്നവരാരുംതന്നെ മദ്യപാനശീലന്മാരായിരുന്നില്ല. അതുകൊണ്ടു് എന്റെ മേശപ്പുറത്തു് ഒരു മദ്യക്കുപ്പി ഇരിക്കുന്ന കാഴ്ച ഞാൻ കാണേണ്ടിവന്നില്ല. ഉടൻതന്നെ മറെറാരു രസകരമായ സംഭവം നടന്നു. സസ്യഭുക്കുകളായ ഞങ്ങൾക്കു വളരെ കുറച്ചുമാത്രമേ ഭക്ഷണസാധനങ്ങൾ കിട്ടിയുള്ളു. അതിനാൽ ഞങ്ങൾ മധുരനാരങ്ങായിൽ പിടികൂടി. ഞങ്ങൾക്കു നാലുപേക്കും കൂടി ആകെ അഞ്ചുനാരങ്ങയെ ഉണ്ടായിരുന്നുള്ളൂ. എനിക്കു വളരെ വിശപ്പുണ്ടായിരുന്നതിനാൽ അതിൽ രണ്ടെണ്ണം ഞാൻ തിന്നു. മി. ജി-യും രണ്ടെണ്ണം തിന്നു. മി. എം. ശേഷിച്ച ഒററ നാരങ്ങയും തിന്നു. ഭക്ഷണാവസാനത്തിൽ എത്തിയിട്ടില്ലായിരുന്ന മി. എ. കോപാക്രാന്തനായി.

അയാൾ:—(ദ്വേഷ്യസ്വരത്തിൽ)സസ്യഭുക്കുകളായ നിങ്ങൾ ഇംഗ്ലീഷുകാരേക്കാൾ കഷ്ടമാണു്. എനിക്കൊന്നും വച്ചേക്കാതെ ആ നാരങ്ങയെല്ലാം നിങ്ങൾതന്നെ തിന്നുകളഞ്ഞതു നോക്കുക!

ഞങ്ങൾ ക്ഷമായാചനംചെയ്കയും, സാധാരണയിൽകൂടുതൽ നാരങ്ങാ തരാമെന്നു സ്റവേർഡു്പറഞ്ഞിട്ടുണ്ടെന്നും ഞങ്ങൾക്കു് അതു് അത്യന്താപേക്ഷിതമായിരുന്നെന്നും പറയുകയുംചെയ്തു.

അയാൾ:—(ഗൌരവഭാവത്തിൽ) പഴത്തിന്റെ കുറവുതീക്കാനാവില്ല ഇറച്ചി.

ഞാൻ സ്റവേർഡിനെ വിളിച്ചു്, രണ്ടു മധുരനാരങ്ങാകൂടി മി. ഏയ്ക്കു് കൊടുക്കണമെന്നു പറഞ്ഞു. ആ യോഗ്യനു് അതു തിരെ രസിച്ചില്ല. എങ്കിലും അയാൾ ഞങ്ങളുടെ അപേക്ഷയനുസരിച്ചു പ്രവത്തിച്ചു. അങ്ങനെ ചെയ്യുന്നിടത്തോളംകാലം ഞങ്ങൾ

അയാളുടെ അതൃപ്തിയെ അത്ര ഗൗനിച്ചില്ല. പക്ഷെ, "ഇനിമേൽ നിങ്ങൾ നിങ്ങളുടെ പങ്കിൽ കൂടുതൽ എടുത്തുകളയരുത്" എന്നു് അയാൾ പറഞ്ഞതിനെ ഞങ്ങൾ ഗൗനിക്കുകതന്നെചെയ്തു.

ഞാൻ:—അതെങ്ങനെ? ഞങ്ങൾക്കു വളരെ കുറച്ചുമാത്രമേ വല്ലതും കിട്ടുന്നുള്ളു. പഴങ്ങളില്ലെങ്കിൽ ഞങ്ങൾ പട്ടിണിആയിപ്പോകും.

സ്റ്റൂ:—നിങ്ങൾ സ്വന്തമായി കുറേ കൊണ്ടുവരേണ്ടിയിരുന്നു.

ഞാൻ:—പക്ഷേ ഞങ്ങൾ കൊണ്ടുവന്നിട്ടില്ലല്ലൊ. അതുകൊണ്ടു് സസ്യഭുക്കുകളായ ഞങ്ങൾക്കു പഴങ്ങൾ പതിവിൽ ഇരട്ടി തരണം.

സ്റ്റൂവേ:—ഞാൻ നോക്കാം.

എന്നുപറഞ്ഞു് അയാൾ പോയി. പഴങ്ങളോ, മററു ഭക്ഷ്യങ്ങളോ വീട്ടിൽനിന്നു കൊണ്ടുവരാതിരുന്നതിനെപ്പററി ഞാൻ ഹൃദയപൂർവ്വം പശ്ചാത്തപിക്കയും, ക്രമേണയുള്ള പട്ടിണിയെ പ്രതീക്ഷിച്ചിരിക്കയുംചെയ്തു.

ഭക്ഷണം കഴിഞ്ഞുടൻ ഞാൻ കമ്പാനിയൻമുറിയിലും, കപ്പൽത്തട്ടിലുംപോയി അങ്ങുമിങ്ങും ഉലാത്തിക്കൊണ്ടിരുന്നു. ചീട്ടുകളിസംഘത്തിൽ ചേരാൻ എനിക്കു സാധിച്ചില്ല. എന്തെന്നാൽ കൾനമായ മതനിഷ്ഠയുള്ള ഞങ്ങളുടെ കുടുംബത്തിൽ ചീട്ടുകളി സപ്തപാതകങ്ങളിൽ ഒന്നായി കരുതപ്പെട്ടിരുന്നതുമൂലം എനിക്കു് അതു വശമില്ലായിരുന്നു. ഇത്രവളരെ ചൂതാട്ടത്തിനു വകനൽകിയ ഒരു കളി പഠിക്കുന്ന കാൎയ്യത്തിൽ സാന്മാൎഗ്ഗികമായ ഒരു മനംമടിപ്പു തോന്നിയതിനാൽ, അങ്ങനെ ചെയ്യുന്നതിനു എനിക്കു് ഒരു രസവും ഉണ്ടായതുമില്ല. പക്ഷെ, ഇതുകൊണ്ടു് എനിക്കു മററുള്ളവരോടുചേൎന്നു നേരംപോക്കാൻ സാധിക്കയില്ലെന്നാണു വന്നതു്. കപ്പലിലെ വായനശാല അത്ര നന്നായിരുന്നില്ലെന്നുതന്നെയല്ല, വായിക്കാൻ കൊള്ളാവുന്ന ഒരു പുസ്തകവും ഞാൻ അവിടെ കണ്ടതുമില്ല. എന്റെ മനസ്സ് പലതരം ചിന്തകളാലും, ഉൽക്കണ്ഠകളാലും, പൂൎണ്ണവുമായിരുന്നു. ഞാൻ കപ്പൽത്തട്ടിൽപോയി ആറേഴുപ്രാവശ്യം ചുററിനടന്നു. എന്നാൽ നിരുന്മേഷാവസ്ഥയിൽനിന്നു് ഉന്മേഷമുളവാക്കാനുള്ള ഈ കൃത്രിമശ്രമങ്ങളെല്ലാം പരിഹാസ്യമായ പരാജയത്തിൽ കലാശിക്കമാത്രമാണുചെയ്തതു്. തന്നിമിത്തം എന്റെ അവസാനകൈ—ഒരു ദുൎഘടാവസ്ഥയിലും എന്നെ ഇതുവരെ ഉപേക്ഷിച്ചിട്ടില്ലാത്ത ആ മറുകൃതിയായ ഉറക്കം—പ്രയോഗിക്കാൻ ഞാൻ ക്യാബിനിലേക്കിറങ്ങിച്ചെന്നു. ഉറക്കം ഒരു ദയനീയമായ സമയദുർവ്യയമാണെന്നും,

ഒരു സുഖക്കേടുപോലുമാണെന്നും, പറയുന്നതു് ഈയിടെ ചില ഡാക്ടറന്മാർക്കു ഒരു രീതിയായിത്തീൎന്നിട്ടുണ്ടു്. എന്നുമാത്രമല്ല, ഒരു വിശ്രമവുമില്ലാത്ത ഇക്കൂട്ടരിൽ ചിലർ ഉറക്കത്തെ ഉൽസൎജ്ജിച്ചിട്ടു്, നഷ്ടപ്പെട്ടുപോകുന്ന സമയത്തെ ജോലിചെയ്യുന്നതിനായി വീണ്ടെടുപ്പാൻ ചില വഴികൾ കണ്ടുപിടിക്കുന്നതിനു ശ്വാസംപോലും വിടാതെ ശ്രമിക്കയും ചെയ്യുന്നു. ഇതുകണ്ടാൽ, മനുഷ്യൻ ജനിച്ചിരിക്കുന്നതു ജോലിചെയ്യുന്നതിനല്ലാതെ മററൊന്നിനുമല്ലെന്നു തോന്നിപ്പോകും! ഉറക്കത്തെ ഉച്ചാടനംചെയ്യുന്നതായാൽ കൊലകൾ പത്തിരട്ടിയായും ആത്മഹത്യകൾ നൂറിരട്ടിയായും പെരുകുന്നതാണു്. ഉറങ്ങിക്കളയുന്നതുമൂലം പല ദുൎവിചാരങ്ങളും നിദ്രാനിമഗ്നമായിപ്പോകുന്നു. അതുപോലെ മറിച്ചു്, ക്ഷീണാത്മാക്കൾക്കു് ഏററവും മഹത്തായ ഔഷധം ബുദ്ധിമുട്ടുകളെപ്പററിയുള്ള മനുഷ്യബോധത്തെ മയക്കിക്കളയുന്ന നിദ്രയാകുന്നു. അതിനു വിരുദ്ധമായി പ്രസംഗിക്കുന്ന ഈ ഡാക്ടറന്മാർഉറക്കത്തെ അപ്പാടെ കൈവെടിഞ്ഞിട്ടുമില്ല. അവർ ഒരു മാസത്തേക്കു് അങ്ങനെ ചെയ്തിരുന്നെങ്കിൽ നിദ്രാരോഗത്തെപ്പററി, അഥവാ മഹത്തായ ഈ സമയദുൎവ്യയഹേതുവിനെപ്പററി പിന്നീടൊന്നും കേൾക്കുകയില്ലായിരുന്നു! അതുപോകട്ടെ, ഞാൻ പറഞ്ഞതുപോലെ എൻെറ അപ്രമാദമായ പ്രതിവിധി പരീക്ഷിപ്പാൻതന്നെ തീരുമാനിച്ചു ഞാൻ ക്യാബിനിലേക്കു പോയി. എൻെറ ക്യാബിനിലെ സഹവാസികളായ മെ. എ, ജി, എന്നിവർ കിടക്കയിൽ കിടക്കുന്നെങ്കിലും ഉറങ്ങിയിട്ടില്ലെന്നു ഞാൻ കണ്ടു.

മി. എ:—ഈ കപ്പലിൽ പതിനെട്ടുദിവസം കഴിച്ചുകൂട്ടുന്നതെങ്ങനെയാണു്? മി അയ്യർ, നാമിവിടെ മാതാപിതാക്കന്മാരില്ലാത്ത കുട്ടികളെപ്പോലെയാണു്.

ഞാൻ ഇതു സമ്മതിച്ചു. എങ്കിലും, "വേണമെന്നു വിചാരിച്ചാൽ അതിനൊരു വഴിയും കാണും" എന്നുപറഞ്ഞു.

മി. എ:—ഓഹോ, പക്ഷെ ഇങ്ങനെ കാൎയ്യങ്ങൾ മുന്നോട്ടുപോകയാണെങ്കിൽ രണ്ടുദിവസംകൊണ്ടു വേണമെന്നുള്ള വിചാരം തകൎന്നുപോകും. അപ്പോൾ വഴിയും ഇല്ലാതെയാകും.

ഞാൻ:—പതിനെട്ടുദിവസം ഉറങ്ങിത്തീൎക്കണം.

മി. എ:—(ഒരു ദീനഭാവത്തിൽ) നിങ്ങളുടെ ഈ പ്രായത്തിൽ നിങ്ങൾക്കു് അതു് എളുപ്പംതന്നെ. പക്ഷേ മദ്ധ്യവയസ്സുകഴിഞ്ഞ എനിക്കു് അങ്ങനെയല്ല.

ഞാൻ:—മി. ജി, നിങ്ങൾക്കു് എങ്ങിനെയിരിക്കുന്നു?

മി. ജി:—അലകളുരുളുന്നതു് എനിക്കു വളരെ വല്ലാതെ തോന്നുന്നു.

ഇവിടെ കടൽച്ചൊരുക്കു ദൃഷ്ടിപഥത്തിലെത്തിക്കഴിഞ്ഞു. പിന്നൊരക്ഷരവും ആരും പറഞ്ഞില്ല. ഞാൻ പിജാമാകൾ ധരിച്ചുകൊണ്ടു് വൈദ്യുതവിളക്കണച്ചു കിടപ്പായി. ഒരു നിമിഷത്തിനുള്ളിൽ ഞാൻ നിദ്രയാകുന്ന ഗന്ധർവ്വഭൂമിയിൽ ആയിത്തീൎന്നു. എന്റെ സ്വപ്നങ്ങൾ ഭയങ്കരങ്ങളായിരുന്നു എങ്കിലും കപ്പലിലെ ഏകാന്തതയും, വൈവിദ്ധ്യമില്ലായ്മയും, പട്ടിണിയും, എന്റെ ചിന്തകളിൽനിന്നു വിദൂരമായിരിക്കുന്നിടത്തോളംകാലം ഞാൻ അതു സാരമാക്കിയില്ല.

പിറേറദിവസം വെളുപ്പിനു് അഞ്ചുമണിക്കു് ഉണൎന്നു പണ്ടു് ആ ബാംബേക്കാരൻതന്ന അനുഗ്രഹീതങ്ങളായ കിമോണകളിൽ ഒന്നു ധരിച്ചുകൊണ്ടു് ഞാൻ കുളിമുറിയിലേക്കുപോയി. ഞാൻ പോകുന്ന വഴിയുടെ മറുവശത്തു നടന്നുകൊണ്ടിരുന്ന സ്ത്രീസ്റ്റുവേർഡു്, "ഹേ, മദാമ്മേ! ഇതിലേ പോകണം, അതെല്ലാം പുരുഷന്മാൎക്കുള്ള കുളിമുറികളാണു്" എന്നു് എന്നോടു വിളിച്ചുപറഞ്ഞു. അവൾ കണ്ണിൽനിന്നു മറഞ്ഞ ഉടൻ ഞാൻ എന്റെ ക്യാബിനിലേക്കു പാഞ്ഞു ചെന്നു്, ആ വിലയററ ഉടുപ്പുകൾ ഊരി ഒരാദരവും കാണിക്കാതെ ചുരുട്ടിക്കൂട്ടി എന്റെ സൂട്ട്കേസ്സിന്റെ അടിയിൽ തിരുകിക്കയററിവച്ചു. അതിൽപിന്നീടു് ഞാൻ അതൊരിക്കലും ഉപയോഗിച്ചിട്ടില്ല. അനന്തരം ബാംബേക്കാരന്റെ പക്കൽനിന്നും വാങ്ങിപ്പോയ തീരെ ചേച്ചയില്ലാത്ത അനേകം വസ്ത്രങ്ങളെപ്പററിയുള്ള ചിന്തയോടുകൂടി, മുഷിച്ചിലും, മാനക്കേടുകൊണ്ടുള്ള വിമ്മിഷ്ടവുംനിറഞ്ഞു ഞാൻ വീണ്ടും അവിടെ കിടന്നു. ഇങ്ങനെ വിചാരക്ലിഷ്ടനായ ഞാൻ പിന്നെയും നിദ്രാധീനനായി. ഒന്നരമണിക്കൂർ കഴിഞ്ഞു ഞാൻഉണൎന്നു വീണ്ടും കുളിമുറിയിലേക്കു ഓടിച്ചെന്നു. പക്ഷേ എല്ലാമുറിയിലും ആളുണ്ടായിരുന്നു. ഞാൻ പിജാമാ ഉടുപ്പുകൾ ധരിച്ചുകൊണ്ടു ചെന്ന വേഷത്തിൽത്തന്നെ ഒരു സോപ്പും ടവ്വലും കക്ഷത്തിൽവച്ചുകൊണ്ടു വെളിൽ നില്പായി. കുളിക്കുന്നതിനായി, എന്നാൽ തല്ക്കാലം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടു്, രണ്ടു് ഇംഗ്ലീഷുകാർ കുളിമുറികളുടെ മുന്നിൽ നില്പുണ്ടായിരുന്നു. താമസിയാതെ വേറെ മൂന്നുപേരുംവന്നു അവരോടുചേൎന്നു. അപ്പോൾ ഒരു കുളിമുറിയുടെ വാതൽത്തുറന്നു് ഒരാൾ വെളിയിൽവന്നു. ഇങ്ങനെ ഒഴിഞ്ഞമുറിയിലേക്കു ഞാൻ നടന്നുചെന്നപ്പോഴേക്കു് ആദ്യം അവിടെ ഉണ്ടായിരുന്ന രണ്ടുപേരിൽ ഒരാൾ "ക്ഷമിക്കണം ഇനി എന്റെ മുറയാണു്" എന്നുപറഞ്ഞു.

എനിക്ക് ആത്യത്ഭുതംതോന്നി. "നിങ്ങൾക്ക കുളിക്കാനും മുറകള്ളണ്ടോ"? എന്നു ഞാൻ ചോദിച്ചു.

അയാൾ:—കണിശമായും; പക്ഷേ നിങ്ങൾക്ക ധിറുതിയാണെങ്കിൽ ഈ മനുഷ്യൻെറ അനുവാദംകൂടെ വാങ്ങിക്കൊണ്ടു് കുളിക്കാം.

മററുള്ളവർ അറിയാതെ സൂത്രത്തിൽ അവൎക്കുമുമ്പു കുളിക്കാൻ ഭാവിച്ചതായി തോന്നിച്ചതിനാൽ ഞാൻ ലജ്ജിച്ചു. അനന്തരം എനിക്ക പ്രത്യേകധിറുതിയൊന്നും ഇല്ലെന്നുപറഞ്ഞിട്ടു്, കുളി ഇല്ലാതായിപ്പോകുമെന്നു കരുതി എൻെറ ക്യാബിനിലേക്ക തിരിച്ചുപോകാൻ മനസ്സില്ലാതെയും, സംഭാഷണത്തിനു് ആരുമില്ലാതെയും, എത്രനേരംവേണമെങ്കിലും നിന്നുകളയാമെന്നുള്ള മനഃസ്ഥിതിയോടുകൂടിയും ഞാൻ അവിടത്തന്നെ കാത്തുനിന്നു. ഉടൻതന്നെ രണ്ടുമുറികളുടെ വാതലുകൂടി തുറന്നു. ഞാൻ ഇതറിയാതെ വെറുതെ നില്ക്കുമ്പോൾ, രണ്ടാമതുവന്ന മൂന്നുപേരിൽ ഒരുവൻ, "ഇതാ, നിങ്ങളുടെ മുറയായി" എന്നു് എന്നോടുപറഞ്ഞു. അംഗീകൃതമായ വ്യവസ്ഥാപിതനിയമങ്ങളനുസരിച്ചു്, കുളിയുടെ മുറപോലും ക്രമീകരിച്ചിരിക്കുന്ന ഇംഗ്ലീഷുകാരൻെറ ശിക്ഷണബോധത്തേയും, രീതിക്രമത്തേയും പററി വിസ്മയിച്ചുകൊണ്ടുതന്നെ ഞാൻ ഉടൻ കുളിമുറിയിലേക്ക പാഞ്ഞു. കുളി അത്യന്തം സുഖപ്രദമായിരുന്നു. കുളിക്കുന്നതിനുള്ള ടബ്ബ് (കുളിത്തൊട്ടി) നിറയെ ചൂടുള്ള ഉപ്പുവെള്ളവും, ദേഹത്തുനിന്നു ഉപ്പുവെള്ളം കഴുകിക്കളയുന്നതിനു് ഒരുതൊട്ടി ശുദ്ധജലവും അവിടെ ഉണ്ടായിരുന്നു. യൂറോപ്യൻസമ്പ്രദായമനുസരിച്ചു് ഞാൻ ടബ്ബിൽ കുളിക്കുന്നതു് അന്നാദ്യമായിട്ടായിരുന്നെങ്കിലും, ടബ്ബ് ഒരു ചെറിയ കുളംപോലെ ഒരു പ്രയാസവുംകൂടാതെ എന്നെ ഉൾക്കൊള്ളത്തക്ക വലിപ്പമുള്ളതായിരുന്നതിനാൽ എനിക്കു് ഒരു വിഷമവുംതോന്നിയില്ല. ആദ്യം സോപ്പുകൊണ്ടു വെള്ളംമുഴവൻ വൃത്തികേടായപ്പോൾ എങ്ങനെയാണൊരുവൻ വൃത്തിയായി കുളിച്ചുകയറുന്നതെന്നു ഞാൻ ആശ്ചൎയ്യപ്പെട്ടു. പക്ഷേ, ഈ വിഷമം സാരമില്ലായിരുന്നു. ഒരു തിരിപ്പുതുറന്നു് വൃത്തികെട്ടവെള്ളം വെളിയിൽ വിട്ടിട്ടു്, ഞാൻ ടബ്ബ് വൃത്തിയാക്കി, വേറൊരു തിരിപ്പുതുറന്നു നല്ലവെള്ളം ധാരാളം ശേഖരിക്കുകയും, അങ്ങനെ കേമമായ ഒരു കുളി നടത്തുകയുംചെയ്തു. എന്നാൽ ഒരു ചെറിയതൊട്ടി ശുദ്ധജലംകൊണ്ടു കഴിച്ചുകൂട്ടുന്ന കാൎയ്യം അല്പം വിഷമമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഏതായാലും തേച്ചുകുളിദിവസം നാം എണ്ണ ഉപയോഗിക്കുന്നതുപോലെ, അത്രയും വെള്ളംകൊണ്ടു ഞാൻ കാൎയ്യം ഭംഗിയായി സാധിച്ചു.

ശരീരത്തിനു വളരെ സുഖം തോന്നിയ ആ കുളികഴിഞ്ഞു ഞാൻ തിരികെ ക്യാബിനിൽ വന്നപ്പോൾ എൻെറ സ്നേഹിതന്മാർ രണ്ടു

പേരും കിടക്കയിൽത്തന്നെ ഉണ്ടു്. ചെറുനാരങ്ങായുടെ പുളിപോലും അടുക്കാത്ത പുളിസ്സ്വാദുള്ള മധുരനാരങ്ങയും, ചെറുവിരലിനോളംമാത്രം വലിപ്പമുള്ള ഒരു വാഴപ്പഴവും, വളരെ ഘനംകുറഞ്ഞ തരത്തിലുള്ള രണ്ടുമൂന്നു ബിസ്കറ്റുകളും, ഒരു ചെറിയകപ്പു ചായയും, അടങ്ങിയ പ്രഭാതഭക്ഷണവുമായി ക്യാബിൻപയ്യനായ അൻറാവോ അപ്പോൾ അവിടെ എത്തി. എനിക്കു് നല്ലവിശപ്പുണ്ടായിരുന്നതിനാൽ എൻെറ പങ്കു് ഞാൻകഴിച്ചു അതിനുശേഷം ഞാൻ മെ: എ., ജി., എന്നിവരെ ഉച്ചത്തിൽ വിളിച്ചു് എഴുന്നേൽക്കാൻ പറഞ്ഞു. ഒടുവിൽ അവർ എഴുന്നേററുന്നു പറഞ്ഞാൽമതിയല്ലോ.

മി: എ:—(കണ്ണുതിരുമ്മിക്കൊണ്ടു്) ഇതെന്താണു്?

ഞാൻ:—അതു നിങ്ങളുടെപങ്കു രാവിലത്തെ ചായയാണു്.

മി: എ:—ചായപ്പാത്രം എവിടെ?

ഞാൻ:—(അതു ചൂണ്ടിക്കാണിച്ചുകൊണ്ടു്) അതാ—

മി: എ:—അസേ, നിങ്ങൾ കുളികഴിഞ്ഞെന്നു തോന്നുന്നല്ലോ.

ഞാൻ:—(അഭിമാനത്തോടെ) അതെ, ഞാൻ കുളികഴിഞ്ഞെന്നുമാത്രമല്ല, എൻെറപങ്കു് ചായ കുടിക്കയുംചെയ്തു നിങ്ങളുടെ ചായ ഇരുന്നാറുന്നു.

മി: എ:—ഞാൻ മുഖംകഴുകി, പല്ലുതേച്ചു്, പ്രാൎത്ഥനനടത്തിയതിനുശേഷം, ഇതു കഴിച്ചുകൊള്ളാം.

എന്നുപറഞ്ഞു് അയാൾ എഴുന്നേററു പല്ലുതേക്കുന്നതിനായി ക്യാബിനിലെ ബേസിൻെറ അടുക്കലേക്കു പോയി ഇതിനിടയ്ക്കു മി: ജി. മുകളിലുള്ള തൻെറ മുറിയിൽകിടന്നു ചില ദീനരോദനങ്ങൾ പുറപ്പെടുവിക്കയായിരുന്നു. കാൎയ്യം എന്താണെന്നു് ഞാൻ ചോദിച്ചു. "കടൽച്ചൊരുക്കു്" എന്നു മി: ജി- മറുപടിപറഞ്ഞു. ഉടൻതന്നെ അത്യന്തംവേഗത്തിൽ അയാൾ താഴെഇറങ്ങി, ക്യാബിനുവെളിയിൽ (ഛർദ്ദിക്കുന്നതിനായി) സൂക്ഷിച്ചിട്ടുള്ള തൊട്ടിയിൽചെന്നു് വയറും കുടലും എല്ലാംകൂടി ഛർദ്ദിക്കുമെന്നു് തോന്നത്തക്കവണ്ണം ഛർദ്ദിച്ചു. ഈ രംഗം എൻെറ മനസ്സിൽ ശക്തിയായി പതിയുകയും, എന്നെ അത്യധികം ഉൽക്കണ്ഠാകുലനാക്കുകയുംചെയ്തു. മി. ജി. യെ സംബന്ധിച്ചിടത്തോളം ഉദ്ദേശിച്ചതു വന്നുകൂടിക്കഴിഞ്ഞു. പക്ഷെ, അതിൽനിന്നു ആരെങ്കിലും രക്ഷപ്പെട്ടുമെന്നു ആൎക്കാണു് ഉറപ്പുപറയാവുന്നതു്? മി. ജി. യുടെ സുഖക്കേടിൻെറ വംവിനുള്ള ഉഗ്രത അല്പം ശമിച്ചപ്പോൾ അയാൾ ഭയങ്കരമാംവണ്ണം ക്ഷീണനായെങ്കിലും, ആരും കടൽച്ചൊരുക്കൽനിന്നു് രക്ഷപെടുകയില്ലെന്നുള്ള അയാളുടെ ദൃഢവിശ്വാസത്തെ ഒരു വിധത്തിൽ മന്ത്രിക്കയുണ്ടാ

യി. ഈ സിദ്ധാന്തംഎത്ര അബദ്ധമാണെന്ന് ഇന്നെനിക്കറിയാമെങ്കിലും, അപ്പോഠം ഞാൻ അതിൽ വിശ്വസിച്ചിരുന്നു. കുറെ ചെറുനാരങ്ങാക്കൂടി കൊണ്ടുപോകാത്തതിനെപ്പററി പശ്ചാത്തപിച്ചെങ്കിലും, കപ്പലിലെ മധുരനാരങ്ങാ ഏതു ചെറുനാരങ്ങയേയും ജയിക്കുമെന്നുള്ളതിനാൽ, ഞാൻ രഹസ്യമായി സ്വയംഅനുമോദിക്കയുണ്ടായി. മി. എ. ഇതിനകം ചായകുടിക്കാൻ വന്നു.

മി. എ:—ഹ, ഇതെന്തൊരു നാരങ്ങാ!

ഞാൻ:— മി. എ. നിങ്ങളുടെ നന്മയ്ക്കാണതു്. ഈ മധുരനാരങ്ങ കടൽച്ചൊരുക്കിനെ തടയും.

മി. എ:—അങ്ങനേയോ; പക്ഷെ കപ്പലിലെ യാത്രക്കാരന്റെ വിധി കട്ടപ്പംതന്നെ.

ഞാ:—സംശയമില്ല.

പിന്നീടു ഞാൻ കപ്പൽതട്ടിൽചെന്നു ഉലാത്തി. അവിടെ ഞാൻ ഗ്രിഫിത്ത്സ് എന്നു പേരുള്ള സൗഹാർദ്ദമനസ്കനായ ഒരു അയർലണ്ടുകാരനെകണ്ടു. ചില ആചാരവ്യത്യാസങ്ങളെപ്പററി അയാഠം എന്നെ ഇങ്ങനെ കളിയാക്കി. "ഇൻഡ്യയിൽ തിരിച്ചെത്തുമ്പോഠം നിങ്ങഠംക്കു എന്തു സംഭവിക്കും? നിങ്ങഠം അന്യജാതിക്കാരുടെക്കൂടെ ആഹാരംകഴിച്ചു. ഗോവാക്കാർ തൊട്ട വെള്ളംകുടിച്ചു. അവർപാകംചെയ്ത ഭക്ഷണപദാത്ഥങ്ങഠം കഴിക്കുകപോലുംചെയ്തു. നിങ്ങഠം ഒരു ചെലവേറിയ പ്രായശ്ചിത്തം കഴിക്കേണ്ടിവരും." ഞാൻ ചിരിക്കുകമാത്രംചെയ്തു. ഒരു പ്രായശ്ചിത്തവും കഴിക്കുകയില്ലെന്നു ഞാൻ പുറപ്പെട്ടപ്പോഠംതന്നെ തീരുമാനിച്ചിരുന്നു. കപ്പലിൽ സ്വിററ്സർലണ്ടുദേശീയരായ ഒരു പാതിരികുടുംബക്കാർ ഉണ്ടായിരുന്നു. ലാഡക്ക് എന്ന സ്ഥലത്തു കുറേക്കാലം താമസിച്ചതിനുശേഷം അവർ സ്വദേശത്തേക്കു മടങ്ങുകയുമായിരുന്നു. കോവണിപ്പടികളിൽ കായികാഭ്യാസങ്ങഠം കാണിക്കുന്നതിൽതന്നെ വ്യാപൃതരായിരുന്ന നല്ല ശക്തിമാന്മാരായ കുറെ കുട്ടികഠം അവക്കുണ്ടായിരുന്നു. ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും അവരുടെ ജീവിതവൃത്തിക്കൊത്തു് ഗൗരവക്കാരായി കാണപ്പെട്ടു. കമ്പാനിയൺമുറി വളരെ ചെറുതും, അടുത്തുള്ളതും ആയിരുന്നതിനാൽ, പ്രത്യേകിച്ചു്, സാമാന്യം ഉച്ചത്തിൽ നടന്ന അവരുടെ സംഭാഷണം കേഠംക്കാതെ എനിക്കു് നിവ്വാഹമില്ലായിരുന്നു.

ഭായ്യ—മററു സ്ഥലങ്ങളിലേപ്പോലെ സ്വിററ്സർലണ്ടിലും സാമാനങ്ങഠംക്കു വില ഭയങ്കരമായി വർദ്ധിച്ചിരിക്കുന്നു. യുദ്ധമാണിതിനുകാരണം.

ഭർത്താവിന്ന് ഇതോടുള്ള യോജിപ്പ് അയാളുടെ മുഖം അല്പം ദീർഘിപ്പിച്ചതുമൂലം പ്രദർശിതമായി. ഞാനും ഇതേപ്പററി ചിന്തിക്കാൻതുടങ്ങി. യുദ്ധത്തിനുമുമ്പു വിദ്യാർത്ഥികൾ ചെലവാക്കിയതിൻെറ ഇരട്ടി തുക ഞാൻ ഇപ്പോൾ ചെലവാക്കേണ്ടിയിരിക്കുന്നു എന്നു ഞാൻ വിചാരിച്ചു. ആ വിചാരം എന്നെ വ്യാകുലചിത്തനാക്കിത്തീർത്തു.

വൈകുന്നേരം 4-50-തിനു മി. എ. യുമൊന്നിച്ചു ഞാൻ കപ്പൽത്തട്ടിലായിരുന്നപ്പോൾ, മി. ഗ്രിഫിത്ത്സ് അവിടെവന്നു്. 'നിങ്ങൾ എന്താണു് ചായകുടിക്കാൻ വരാത്തതു്? പക്ഷെ, നിങ്ങൾക്കു അതു ഇഷ്ടമല്ലായിരിക്കാം' എന്നു ചോദിച്ചു.

ഞാൻ—ചായ അതിൻെറ വിലയ്ക്കൊത്തു മെച്ചമുള്ളതാണെന്നു എനിക്കു തോന്നുന്നില്ല.

ഗ്രിഫി—എന്തുവില! അതു വെറുതെകിട്ടുന്നതാണു്.

ഞാനും മി. എ-യും ഞെട്ടിപ്പോയി.

മി. എ:—അവർ നമുക്കുള്ള ചായതരാതെ നമ്മെ പററിക്കാൻ ശ്രമിക്കുന്നതു നോക്കണം! നമുക്കു ഉടൻ താഴോട്ടുപോകാം.

ഞങ്ങൾ ഒരു നൊടിയിടയിൽ താഴെ ചെന്നപ്പോൾ ചായകഴിഞ്ഞു പാത്രങ്ങളെല്ലാം മാററുന്നതുകണ്ടു. തലേദിവസംതന്നെ ഞങ്ങൾക്കൊന്നും കിട്ടിയിട്ടില്ലെന്നും, ഉടൻ ചായവേണമെന്നും ഞാൻ സ്റ്റൂവേർഡിനോടു പറഞ്ഞു. മുഖം ചുളിച്ചുകൊണ്ടു അയാൾ അതു സമ്മതിച്ചു.

അയാൾ:—ഇതു് ഇൻഡ്യാക്കാരുടെ സമയനിഷ്ഠതന്നെ.

ഞാൻ—(ലജ്ജയില്ലാതെ)അതെ. ഞങ്ങൾഅല്പംതാമസിച്ചുപോയി. പക്ഷെ അതു ഞങ്ങളെ ഇതുവരെ ഇക്കാര്യം അറിയിക്കാത്തതുകൊണ്ടാണു്. നാളെ ഞങ്ങൾ കൃത്യസമയത്തിനുവരാം.

അയാൾ:—അതു് ഞാൻ ശരിക്കു മുൻകൂട്ടി പറയാമല്ലോ.

ഞങ്ങൾക്കു് ഹൃദ്യമായ ഒരു ചായ ലഭിച്ചു. പട്ടിണിലഞ്ചിൻെറയും, ഡിന്നറിൻേറയും, കുറവ് ഇതു് നല്ലവണ്ണം പരിഹരിച്ചു, എന്നുമാത്രമല്ല, അപ്പോഴെങ്കിലും ഇതേപ്പററി അറിവുകിട്ടിയതിനു് ഞാൻ സ്വയം അനുമോദിക്കയുംചെയ്തു. പിന്നീടൊരിക്കലും കപ്പലിൽവെച്ചു ഞാൻ ഈ ചായ വിട്ടുകളഞ്ഞിട്ടില്ലെന്നു് പ്രത്യേകം പറയേണ്ടതില്ല.

കടൽ അല്പമായി ക്ഷോഭിച്ചിരുന്നെങ്കിലും, കാലാവസ്ഥ വളരെ ഹൃദ്യമായിരുന്നതിനാൽ കപ്പൽത്തട്ടിൽ ഉലാത്തുന്നതു് എനിക്കു്

സന്തോഷകരമായിരുന്നു. അവിടെ പല കളികളും നടക്കുന്നുണ്ടായിരുന്നെങ്കിലും, ഞാൻ അവയിൽ ചേരാൻചെല്ലുന്നതു് മററുള്ളവക്കു പിടിക്കയില്ലെന്നു് എനിക്കു് ആശങ്ക ഉണ്ടായിരുന്നതിനാലും, ആ കളികളൊന്നും എനിക്കു് വശമില്ലാതിരുന്നതിനാലും, ഞാൻ അതിലൊന്നിലും പംകുകൊണ്ടില്ല.

ഡിന്നർകഴിഞ്ഞു്, ഒരു ഒഴിഞ്ഞസ്ഥലത്തു കസേര വലിച്ചിട്ടു് കുറേനേരത്തേക്കു ഞാൻ അന്ധകാരത്തിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. നാലുപേർകൂടിയുള്ള ഒരുതരം ചീട്ടുകളിയിൽ ഏൎപ്പെട്ടുന്നോ എന്നു ചോദിച്ചുകൊണ്ടുവന്ന മി: ഏ. ഈ ഗാഢചിന്തയിൽനിന്നു് എന്നെ ഉണൎത്തി. ഒരു ശങ്കയുംകൂടാതെ ഞാൻ അതു നിരസിച്ചതിനുശേഷം വീണ്ടും കടലിലേക്കുതന്നെനോക്കിക്കൊണ്ടിരുന്നു. ആ ഇരുണ്ടകടൽ എനിക്കു മനോമോഹനമായി തോന്നി. ഈശ്വരൻ മത്സ്യരൂപം കൈക്കൊണ്ടു ഹയഗ്രീവനെ വധിച്ചതിനുശേഷം അളവററ ആഴത്തിൽനിന്നും വേദങ്ങളെ വീണ്ടെടുത്ത രംഗം ഞാൻ ഓൎത്തു. ഇരമ്പിക്കയറിവരുന്ന ജലപ്രളയത്തിൽനിന്നും ഭൂമിയെ രക്ഷിച്ചു്, അതിനെ മുതുകിൽ ഏന്തിയ ആ ദിവ്യകൂൎമ്മത്തെപ്പററി ഞാൻ ചിന്തിച്ചു. പാലാഴി, നാരായണൻ, എന്നൊന്നും ചലിച്ചുകൊണ്ടേയിരിക്കുന്ന കടൽ, ഈ ലോകംമുഴവൻ അനേകമനേകം മൈൽ ദൂരത്തേക്കു വെള്ളത്തിൽമുഴുകുന്നതും, പന്ത്രണ്ടു് ആദിത്യന്മാർ പ്രകാശിക്കുന്നതും ആയ കലിയുഗാന്തത്തിലെ മഹാപ്രളയദിനം, എന്നിവയെപ്പററിയും ഞാൻ ചിന്തിച്ചു. "എൻഷ്യൻറുമാരിണർ" എന്ന ആംഗലകവിതയും, "വെള്ളം വെള്ളം സൎവത്ര, തുള്ളികുടിപ്പാനില്ലത്രേ" എന്നുള്ള വരികളും എൻെറ ഓൎമ്മയിലെത്തി. ഒടുവിൽ ഈ ചിന്തകളെല്ലാം നിദ്രയിൽ കലാശിച്ചു. ഇങ്ങനെ ആനന്ദപ്രദമായ മന്ദമാരുതനേററുകൊണ്ടു ഞാൻ ഒരുമണിക്കൂറോളം ഉറങ്ങിയപ്പോൾ "കപ്പൽത്തട്ടിൽ ഉറങ്ങാനാണോ നിശ്ചയിച്ചിരിക്കുന്നതു്, സർ?" എന്നു ചോദിച്ചുകൊണ്ടു് സ്ററുവേർഡു് എന്നെ ഉണൎത്തി. അയാളുടെ ധിക്കാരംകൊണ്ടു ചോദിച്ചതാണെന്നുള്ള വിചാരത്താൽ അമൎഷത്തോടുകൂടിത്തന്നെ, "ഒരിക്കലുമല്ല" എന്നു ഞാൻ മറുപടിപറഞ്ഞു. എങ്കിലും നല്ല കാററുകിട്ടുന്നതിനായി ചിലരെല്ലാം കപ്പൽത്തട്ടിൽതന്നെ ഉറങ്ങുന്നതായി ഞാൻ കണ്ടു. മി: ഏ. അക്കൂട്ടത്തിലൊരാളായിരുന്നു. കപ്പൽത്തട്ടിലെ സ്ററുവേർഡാണു് അയാളുടെ കിടക്ക മുകളിൽ കൊണ്ടുവന്നു കൊടുത്തതു്. ഞാൻ എൻെറ ക്യാബിൻതന്നെ ഇഷ്ടപ്പെടുകയും അവിടെപ്പോയി ഉറങ്ങുകയും ചെയ്തു. ഇളകിക്കൊണ്ടേയിരിക്കുന്ന കടൽ, ചലിച്ചുകൊണ്ടേയിരിക്കുന്ന ലോകം, ഓടിക്കൊണ്ടേയിരിക്കുന്ന കപ്പൽ എന്നിവയെല്ലാം നിതാന്തരമണീയമായ ആ നിദ്രാലോകത്തിൽ ഞാൻ ഉടനടി മറന്നു.

പിറേറദിവസം രാവിലെ ഞാൻ നേരത്തേഉണന്നു കുളികഴിഞ്ഞു ചായയും കുടിച്ചു. അനന്തരം കപ്പൽത്തട്ടിലേക്കു പോകാൻഭാവിച്ചപ്പോൾ, താൻ കഴിഞ്ഞരാത്രിയിൽ കപ്പൽതട്ടിൽ സൂക്ഷിച്ചിരുന്ന ചെരുപ്പുകളിലൊന്നു കാണാനില്ലെന്നു മി: എ. അല്പം സങ്കടഭാവത്തിൽ എന്നോടു പറഞ്ഞു. മി: എൽ–നും ഒരു ചെരുപ്പു കാണാനില്ലായിരുന്നു. എന്നാൽ ഒരു ചെരുപ്പുമാത്രമായി ഒരു കള്ളനും മോഷ്ടിക്കയില്ലെന്നുള്ളതിനാൽ ഇൻഡ്യാക്കാർ കപ്പൽതട്ടിൽ ഉറങ്ങുന്നതു രസിക്കാത്ത ആരോ ഈ അധികപ്രസംഗം ചെയ്തിരിക്കണമെന്ന് ഞങ്ങളെല്ലാവരും അഭിപ്രായപ്പെട്ടു. ഒരുമണിക്കൂർ അന്വേഷിച്ചപ്പോൾ കാണാതെപോയ രണ്ടു ചെരുപ്പുകളും ഫോംഡിൽ എറിയപ്പെട്ടിരിക്കുന്നതായി കണ്ടു. മെ: എ., എൽ. എന്നിവർ പിന്നീടൊരിക്കലും കപ്പൽതട്ടിൽ ഉറങ്ങിയിട്ടില്ല.

ഇതിനുശേഷം ഒരിക്കൽ, എതിരേയുള്ള ക്യാബിനിലെ ഒരു ഇംഗ്ലീഷുകാരനോടു പുളിനാരങ്ങയെപ്പററി ഞാൻ യദൃച്ഛയാ പറഞ്ഞപ്പോൾ, രാവിലത്തെ ചായയുടെകൂടെ തനിക്കുകിട്ടിയ നാരങ്ങാ നല്ലതായിരുന്നു എന്ന് അയാൾ മറുപടിപറഞ്ഞു. ഞാൻ മി: എ. യെ ഇക്കാര്യം ധരിപ്പിച്ചപ്പോൾ അയാൾ ക്രുദ്ധനായിത്തീൎന്നു. ക്യാബിൻസ്റ്റുവേർഡിനെ വിളിച്ച് വളരെ ദേഷ്യത്തിൽ അയാൾ ഇങ്ങനെ പറഞ്ഞു:—"എടാ ചീവക്കിഴങ്ങേ, ഇവിടെവാ. (മി: എ. അൻറാവോയെ ചീവക്കിഴങ്ങെന്നാണ് വിളിക്കുന്നതു്) * ഇനിമേൽ നീ ഞങ്ങൾക്കു്, പുളിനാരങ്ങാതന്നാൽ നല്ല തൊഴി തരുന്നുണ്ട്, നോക്കിക്കോ". ഇതിനുശേഷം നാരങ്ങായുടെ ഗുണം കൂടിക്കൂടി, ഒടുവിൽ ഞങ്ങൾക്കു് ഏറെക്കുറെ പുളിയുള്ള നാരങ്ങയും, പിന്നീട് ഒരു സ്വാദുമില്ലാത്ത നാരങ്ങയും കിട്ടിത്തുടങ്ങി. സ്വാദൊന്നുമില്ലാത്ത നാരങ്ങയെ കഴുതയെന്നും, കുറേശ്ശ പുളിയുള്ളതിനെ കഴുതയും കുതിരയുംകൂടി ചേൎന്നതെന്നും ആണ് ഞാൻ പറയാറുള്ളതു്. ഈ മാററംകൊണ്ടു് ഞങ്ങളുടെ വിധി അല്പമെങ്കിലും നന്നായോ എന്നു് ഞാൻ ചിലപ്പോൾ അത്ഭുതപ്പെടുകയും ചെയ്തിരുന്നു

പ്രഭാതഭക്ഷണംകഴിഞ്ഞു ഞാൻ കപ്പൽതട്ടിൽ പോയി. പിന്നീടു് അവിചാരിതമായി ക്യാബിനിലേക്കു വന്നപ്പോൾ, അൻറാവോ എൻെറ ട്രങ്കുകളെ പണിപ്പെട്ടു പിടിക്കുന്നതായി ഞാൻകണ്ടു. "നീ ട്രങ്കുകളെ എന്തുചെയ്യുന്നു, അൻറാവോ?" എന്നു ഞാൻ ചോദിച്ചു. "ഇവിടൊക്കെ വൃത്തിയാക്കുന്നു സർ ഇന്നു പതിനൊന്നുമണിക്കു് കപ്പിത്താൻ ക്യാബിനെല്ലാം പരിശോധിക്കാൻവരുന്നു. അവ

* ഇംഗ്ലീഷിൽ ടൊമാറോ എന്നാണു കാണുന്നതു്. ഏതായാലും ഹാസ്യസംബോധനയ്ക്കു മലയാളത്തിൽ ചീവക്കിഴങ്ങായതുകൊണ്ടും വിരോധമില്ലല്ലോ.

വൃത്തികേടായിരുന്നാൽ ശിക്ഷ കിട്ടിയതുതന്നെ" എന്നു് അൻറാവോ മറുപടിപറഞ്ഞു.

ഞാൻ:—അങ്ങനെയോ?

അൻറാവോ:—(തൻെറ വൎത്തമാനം കേൾക്കാൻ ഒരുവനെ കിട്ടിയതുകൊണ്ടുള്ള സന്തോഷത്തോടെ) സർ, കപ്പിത്താന്നു് ഒരു ഞെക്കുവിളക്കുണ്ടു്. പെട്ടികൾ തുറക്കാതെ അവയുടെ ഉള്ളിലിരിക്കുന്നതൊക്കെ അതുകൊണ്ടു കണ്ടുപിടിക്കാം.

ഞാൻ:—(അവിശ്വാസത്തോടെ) ഉള്ളതുതന്നെയോ? അങ്ങനെ കണ്ടുപിടിക്കാമോ?

അൻറാ:—കണ്ടുപിടിക്കാം, സാർ. അതു മാത്രമോ, ഇന്നലെ അദ്ദേഹം അങ്ങനെ ചെയ്യുകയും ചെയ്തു.

ഞാൻ:—അദ്ദേഹം എൻെറ പൈൻപെട്ടിക്കകം കണ്ടോ?

അൻറാ:—കണ്ടു.

ഞാൻ:—എന്നിട്ടദ്ദേഹം അതിൽ എന്താണു് കണ്ടതു്?

അൻറാ:—ഞാൻ എങ്ങനെ അറിയും? അദ്ദേഹം ഞങ്ങളോടു പറയാറില്ല.

ഞാൻ:—അൻറാവോ, നിങ്ങളെപ്പോലെതന്നെ ജോലിചെയ്യുന്ന യൂറോപ്യന്മാൎക്കു കൊടുക്കുന്ന ശമ്പളമോ, അതേ ആഹാരമോ, നിങ്ങൾക്കു തരുന്നില്ലെന്നു കേൾക്കുന്നതു ശരിയാണോ?

അൻറാ:—അതേ; സാർ.

ഞാൻ:—അതു് നിങ്ങൾ എന്തിനാണു സഹിച്ചുകൊണ്ടിരിക്കുന്നതു്? ഒരേജോലി, ഒരേശമ്പളം, എന്നായിരിക്കണം ചട്ടം.

അൻ:—പക്ഷെ അങ്ങനെയല്ല. ഗോവാക്കാരായ ഞങ്ങൾക്കു് ഇപ്പോൾ കിട്ടുന്നതിൽ കൂടുതൽ ആരുതരും?

ഈ അവസാനത്തെ വാദം ഉത്തരമില്ലാത്തതുതന്നെയാണെന്നു ഞാൻ ഏററു. വീണ്ടും കപ്പൽത്തട്ടിൽപോയി ഒരു പത്തു മിനിട്ടുകഴിഞ്ഞു് ഞാനും മി. ഏ. യും കൂടി ക്യാബിനിൽ തിരിച്ചുവന്നപ്പോൾ, അൻറാവോ മുഖം ചുളിച്ചുകൊണ്ടു എന്തൊക്കെയോ ചീത്ത പറകയും, ദേഹത്തുനിന്നു എന്തിനേയോ പെറുക്കിക്കളയുകയും ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടു.

ഞാൻ:—അതെന്താണു്, അൻറാവോ?

അൻ:—മി. ജി. അദ്ദേഹത്തിൻെറ കെട്ടുകളിൽ എറുമ്പിനെ സൂക്ഷിക്കുന്നുണ്ടു്. ആ നശിച്ച ജന്തുക്കൾ എന്നെ കടിച്ചു.

ഞങ്ങൾ നല്ലവണ്ണം ചിരിക്കുകയും, അയാളുടെ മുറിയുടെ ഒരു മൂലയിൽ വച്ചിരുന്ന മധുരപലഹാരപ്പൊതിയാണ് എറുമ്പിൻെറ വാസസ്ഥാനമെന്നു മനസ്സിലാക്കുകയുംചെയ്തു. മടിമുഴുത്ത അൻറാവോയേക്കുറിച്ചു ഞങ്ങൾക്ക് ഒരനുകമ്പയും തോന്നിയില്ലെന്നുതന്നെയല്ല, അതു് അവനു കിട്ടേണ്ടതാണെന്നു കരുതുകയും ചെയ്തു. എന്നാൽ അന്നുരാത്രി മി. എ. അയാളുടെ അഭിപ്രായം മാററി. എറുമ്പുകൾ കീഴോട്ടും മേലോട്ടും സവാരിചെയ്യുന്ന ഒരു പതിവുണ്ടു്. മി. ജി. യുടെ പലഹാരപ്പൊതിയിലെ എറുമ്പുകളും ഈ നിയമത്തിനു് വ്യത്യസ്തങ്ങളല്ലായിരുന്നു. തലേരാത്രിയിൽ കപ്പൽത്തട്ടിൽവച്ചുണ്ടായ കഠിനമായ അനുഭവത്തിനുശേഷം, പാവപ്പെട്ട മി. എ. ക്യാബിനിൽ താഴെയുള്ള തൻെറ മുറിയിൽ കിടന്നുറങ്ങുകയായിരുന്നു. പാതിരാകഴിഞ്ഞു്, 1-20 ആയപ്പോഴേയ്ക്കു് ഒരു വലിയ ലഹള കേട്ടു് ഞാൻ കണ്ണു തുറന്നു നോക്കിയപ്പോൾ, മി. ജി. അയാളുടെ എറുമ്പുകളെയെല്ലാം തൻെറ മേൽ തുറന്നുവിട്ടതെന്തിനാണെന്നു ദേഷ്യപ്പെട്ടുകൊണ്ടു മി. എ. സമരപഥത്തിൽ നില്ക്കുന്നതാണു ഞാൻ കണ്ടതു്. ഈ ലഹളയിൽ ഞാൻ ഇടപെട്ടു വഴക്കു രാവിലത്തേക്കു മാററിവയ്ക്കണമെന്നു മി. എ. യോടു പറഞ്ഞു. അഹിതകാരിയായ പൊതിയേയും, എറുമ്പുകളേയും രാത്രിയിലേക്കു, പിഞ്ഞാണിത്തട്ടിൻെറ മുകളിൽ സൂക്ഷിക്കണമെന്നുള്ള വ്യവസ്ഥയിൻപേരിൽമാത്രം മി. എ. ഇതു സമ്മതിച്ചു. ഞാൻ മി. ജി. യെക്കൊണ്ടു ഇതിനു സമ്മതിപ്പിക്കയും, അങ്ങനെ ആ രാത്രി സൈ്വരവും, നിദ്രയും നേടുകയുംചെയ്തു. പിറേറദിവസം രാവിലെ വഴക്കു പുനരാലോചനയ്ക്കെടുത്തു. തനിക്കു തൻെറ മാതാവു തന്നതാണു് പലഹാരങ്ങളെന്നും, അതിൽ എറുമ്പു കയറുന്നതിനെ തടയാൻ തനിക്കു നിവൃത്തിയൊന്നുമില്ലെന്നും, ആയിരുന്നു മി: ജി. യുടെ വാദം. താൻ എറുമ്പുകളെ ക്ഷണിച്ചുവരുത്തിയില്ലെന്നും, മി: എ. ഇഷ്ടംപോലെ അവയോടു പെരുമാറുന്നതിൽ തനിക്കു വിരോധമൊന്നുമില്ലെന്നും, അയാൾ വിശദമാക്കി. ഇനി കൂടുതൽ ഭവ്യങ്ങളൊന്നും കൂടാതെ, പലഹാരപ്പൊതി കടലിൽ എറിയണമെന്നാണു മി: എ. ആവശ്യപ്പെട്ടതു്. മി: ജി. യ്ക്കു് ഇതിനു മനസ്സനുവദിച്ചില്ല. പൊതി തുറന്നു നോക്കിയപ്പോൾ, പലഹാരം പാകം ചെയ്യുന്നതിനു ഉപയോഗിച്ചിരുന്ന എണ്ണയും, നെയ്യും കനച്ചുതുടങ്ങിയിരുന്നതിനാൽ, പലഹാരവും, എറുമ്പും, എല്ലാംകൂടി കടലിൽ എറിയാൻ ഞാനും മി: ജി. യെ ഉപദേശിച്ചു. ഒടുവിൽ മി: ജി. അതു ചെയ്തു. അയാളുടെ ഈ ത്യാഗത്തിനു പ്രതിഫലമായി സൈ്വരവും ലഭിച്ചു. ഞാൻ ഒരു സസ്യഭുക്കായി കഴിയുന്നതിൽ നിർബന്ധിയായിരിക്കുന്നതിനെക്കുറിച്ചു ഈ ദിവസം മി: എ. യ്ക്കു കലശലായ വെറുപ്പു തോ

ന്നി. നമ്മുടെ ആഹാരത്തിനായി മാത്രമാണു് ഈശ്വരൻ ജന്തുക്കളെ സൃഷ്ടിച്ചിരിക്കുന്നതെന്നുള്ളതിനാൽ, ഞാൻ അദ്ദേഹത്തോടു അഹിതം പ്രവൎത്തിക്കുകയാണെന്നു അയാൾ എന്നോടു പറഞ്ഞു. "ഈശ്വരൻ നമുക്കുവേണ്ടി അവയെ സൃഷ്ടിച്ചു. അവ രസികൻ ആഹാരവും ആണു്. പിന്നെന്തുകൊണ്ടു നിങ്ങൾ അവയെ തിന്നുന്നില്ല?" എന്നു അയാൾ ചോദിച്ചു.

ഞാൻ:—ഈശ്വരൻ കുഞ്ഞുങ്ങളേയും സൃഷ്ടിച്ചു. അവ രസികൻ ആഹാരമാണെന്നും, തങ്ങൾക്കുവേണ്ടി അവയെ സൃഷ്ടിച്ചിരിക്കുന്നു എന്നും കൗണപന്മാർ (നരമാംസഭോജികൾ)കരുതുന്നു. വിശേഷിച്ചു് അവ അയൽക്കാരന്റെ കുഞ്ഞുങ്ങളാണെങ്കിൽ ആഹാരത്തിനു് രസികനാണെന്നുള്ളതിൽ അവൎക്കു സംശയമേയില്ല. അവരുടെ ഈ വാദം നിങ്ങൾ അംഗീകരിക്കുമോ?

മി. എ:—(പരിഭ്രാന്തനായി) ഇതിൽ ഒരു സാമ്യവുമില്ല. ഇതിനു മുമ്പു് ഉണ്ടായിരുന്നുമില്ല. മനുഷ്യൻ ഒരു പ്രത്യേകജീവിയാണു്. അവൻ ഒരു മൃഗമല്ല.

ഞാൻ:—പരിണാമവാദം നിങ്ങൾക്കു് എതിരായിരിക്കുന്നു ഇതുവരെ രൂപപരിവൎത്തനം പ്രാപിച്ചിട്ടുള്ളതിൽ ഏററവും ശ്രേഷ്ഠമൃഗം മനുഷ്യനാണെന്നാണു അതു പറയുന്നതു്.

മി. എ:—പരിണാമവാദംകൊണ്ടെക്കളയണം! നിങ്ങൾക്കു ഇഷ്ടമെങ്കിൽ ജീവാവസാനംവരെ സസ്യഭുക്കായിരുന്നുകൊള്ളുക.

ഞാൻ:—അതിനു നന്ദിപറഞ്ഞുകൊള്ളട്ടെ. അങ്ങനെ ഈ വാദം അവസാനിപ്പിച്ചിരിക്കുന്നു.

മി: എ:—അതെ, നിങ്ങളുടെ പരിണാമവാദമാണു് അതു് ചെയ്തതു്.

കുറെ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ, തന്റെ നെഞ്ചിനു കഠിനമായ വേദന ഉള്ളതിനാൽ കപ്പലിലെ ഡാക്ടരുടെ അടുക്കൽ പോകുന്നതിനു ഞാൻകൂടെ ചെല്ലണമെന്നു അപേക്ഷിച്ചുകൊണ്ടു് മി. എം. എന്റെ അടുക്കൽ വന്നു- ഞാൻ ഒരു മടിയുംകൂടാതെ അതിനു സമ്മതിക്കയും, രണ്ടുപേരുംകൂടി ഒന്നാംക്ലാസ് സലൂണിൽ ചെന്നു ഡാക്ടരുടെ മുറിയിൽ പ്രവേശിക്കയുംചെയ്തു. ഡാക്ടർ മെലിഞ്ഞു, ഗൗരവഭാവമുള്ള ഒരാളായിരുന്നു. അയാളുടെ കണ്ണുകളിൽ കാൎയ്യജ്ഞാനം സ്ഫുരിച്ചിരുന്നു. മി. എം-നെ കണ്ട ഉടൻ "ഹൃദയദൌൎബല്യം, ഇല്ലേ?" എന്നു അയാൾ ചോദിച്ചു.

മി. എം: അതെ.

ഞാൻ:—അതെങ്ങനെ അറിഞ്ഞു?

ഡാക്ടർ—ഇവിടെ വന്നപ്പോഴത്തെ അയാളുടെ ചുമയുടെ കാര്യം പോകട്ടെ; എങ്കിലും, വിളറി രക്തമയമില്ലാത്ത ആ മുഖം അതു വെളിപ്പെടുത്തി.

മി. എം:—ഞാൻ എന്തുചെയ്യണം?

ഡാ:—കുറെ മുട്ട തിന്നണം. നിങ്ങളുടെ ആഹാരം വളരെ മോശമാണു്.

ഞാൻ:—ഡാക്ടർ, ഞങ്ങൾ സസ്യഭുക്കുകളാണു്. ഞങ്ങൾക്കു മുട്ട തിന്നാൻ പാടില്ല

ഡാക്ടർ:—തിന്നണം, ശൈത്യമേറിയ കാലാവസ്ഥയിൽ കുറേക്കാലം താമസിക്കണമെങ്കിൽ നിങ്ങളുടെ ചോറും തുവരയുംകൊണ്ടു് വിശേഷമൊന്നുമില്ല. ഇംഗ്ലണ്ടിൽ ദീർഘകാലം താമസിക്കുമോ?

ഞാൻ:—ഉവ്വ്. കുറഞ്ഞപക്ഷം മൂന്നുകൊല്ലത്തേക്കെങ്കിലും.

ഡാക്ടർ:—അങ്ങനെയാണെങ്കിൽ നിങ്ങളും മുട്ടതിന്നാൻ നിർബ്ബന്ധിതനായിത്തീരും.

ഞാൻ:—അങ്ങനെയല്ല. എന്നെസംബന്ധിച്ചിടത്തോളം അതൊരു മതപരമായ ദൃഢവിശ്വാസമാണു്.

ഡാക്ടർ:—മതത്തേക്കാൾ മഹത്തരമാണു ജീവൻ.

ഞാൻ:—എന്തുവന്നാലും ഞാൻ മുട്ടതിന്നുകയില്ലെന്നു തീർച്ചയാണു്. അതു് പൂർണ്ണമായി വിശ്വസിച്ചുകൊള്ളുക.

ഡാക്ടർ:—ഇതു ഇംഗ്ലണ്ടിൽനിന്നു തിരിച്ചുവരുമ്പോൾ പറയുക. ഇപ്പോൾ പറയുന്നതുകൊണ്ടു വിശേഷമൊന്നുമില്ല.

അനന്തരം മി. എം-നു് അയാൾ ഒരുകുപ്പി മരുന്നും, 2–ഷില്ലിംഗ്, 6 പെൻസിൻെറ ഒരു ബില്ലും കൊടുത്തു. ഞാൻ എൻെറ ക്യാബിനിൽ തിരിച്ചെത്തിയതിനുശേഷം ഞാനും മുട്ട തിന്നേണ്ടിവരുമോ എന്നു് അത്ഭുതപ്പെട്ടു അനുച്ചതിരിഞ്ഞപ്പോൾ ലൈഫ് ബെൽട്ടു് ഉപയോഗിക്കുന്നതിനു് ഞങ്ങളെ എല്ലാവരേയും ആദ്യമായി പരിശീലിപ്പിക്കയുണ്ടായി. ഒരു മണിനാദം കേൾക്കുമ്പോൾ ഞങ്ങളെല്ലാം കപ്പൽത്തട്ടിൽ ചെല്ലേണ്ടിയിരുന്നു. അവിടെ കപ്പിത്താൻ, അദ്ദേഹത്തിൻെറ കീഴ്സിൽബന്തികൾ, കുറെ ക്യാബിൻ സ്റ്റുവേർഡുകൾ, വിദഗ്ദ്ധന്മാരെന്നു സ്വയം കരുതിയ ചില യാത്രക്കാർ, എന്നിവർ ലൈഫ്ബെൽട്ടു് ഉപയോഗിക്കുന്ന രീതി കാണിച്ചുതന്നു. കപ്പലുകളെ ഉടയ്ക്കുന്ന മൈൻ എന്ന നശീകരണ

വസ്തു കടലിൽ മറഞ്ഞുകിടപ്പുണ്ടെന്നുള്ള ഭീതി എല്ലാററിലും ഉപരിയായിരുന്ന ഒരു കാലമായിരുന്നു അതു്. തന്നിമിത്തം കപ്പലിലുള്ള ഓരോരുത്തനേയും ലൈഫ്ബെൽട്ട് ഉപയോഗിക്കുന്ന രീതി പഠിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധവച്ചിരുന്നു. ലൂസിററാനിയാ, അകിററാനിയാ എന്നീ രണ്ടു കപ്പലുകളുടെ കഥ എല്ലാവരും ഓക്കുകയും, മുങ്ങിച്ചാകുന്നതിൽനിന്നു് രക്ഷപെടാൻ ആഗ്രഹിക്കുകയും ചെയ്തു. തൻെറ ഭുജങ്ങൾക്കടിയിൽക്കൂടി ഇടുന്നതിനുപകരം മി: എസ്സ്. ലൈഫ്ബെൽട്ടിനെ ഒരു മാലപോലെ കഴുത്തിലിട്ടു. ഇതിലുള്ളവശക്കേടു് എന്തെന്നാൽ, കുനിയുമ്പോഴേക്കു് ലൈഫ്ബെൽട്ടു ഊരിപ്പോകുകയും, തന്നിമിത്തം അപകടംപററുന്ന അവസരത്തിൽ അതുകൊണ്ടു് ഒരു പ്രയോജനവും ഇല്ലാതായിത്തീരുകയും ചെയ്യുമെന്നുള്ളതാണു്. ഞങ്ങളെല്ലാം ലൈഫ്ബെൽട്ടു് ഇട്ടുകൊണ്ടു നില്ക്കുന്നതു് കപ്പിത്താൻ നടന്നു പരിശോധിച്ചു. എന്നോടു ചേൎന്നിന്ന മി. എസ്സിൻെറ അടുത്തു വന്നപ്പോഴേക്കു് അദ്ദേഹം പറഞ്ഞു. "ഇക്കണക്കിനു് നിങ്ങൾ ഇൻഡ്യയിൽ തിരിച്ചുചെന്നു് വക്കീലായി വ്യവഹരിക്കുമെന്നു് എനിക്കു തോന്നുന്നില്ല." അനന്തരം അദ്ദേഹം അതു് ശരിയായി ഇടേണ്ട ക്രമം കാണിച്ചുകൊടുത്തു.

നാലാംദിവസം ഞങ്ങൾ അറേബ്യൻതീരം വിശദമായി കണ്ടുതുടങ്ങി. പക്ഷേ അതൊരു വിശിഷ്ടദർശനമായിരുന്നില്ല. ഉള്ളിൽ വെറും മൊട്ടക്കുന്നുകളോടുകൂടിയ ആ ശൂന്യമായ സമുദ്രതീരം, കടലിൽനിന്നു നോക്കുമ്പോൾ ഇൻഡ്യയുടെ പശ്ചിമതീരം എത്രത്തോളം ആകർഷകമാണോ, അത്രത്തോളം അനാകർഷകമായിരുന്നു. ഇതൊക്കെയാണെങ്കിലും, അതു് നബിപ്രവാചകൻെറ ജന്മഭൂമിയായിരുന്നതിനാൽ ഞാൻ അതിനെ പുച്ഛഭാവത്തോടെ വീക്ഷിച്ചില്ല തുടർച്ചയായി ഓരോ നൂററാണ്ടിലും സ്വപക്ഷിവൎത്തികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു പതിമൂന്നുശതവർഷങ്ങളായി നിലനിൽക്കുന്നതും ഒരുകാലത്തു ലോകത്തെ മുഴുവൻ ഗ്രസിച്ചുകളയുമെന്നു് ഭയപ്പെടുത്തിയതും ആയ ഒരു മതവും സംസ്കാരവും, ഇവിടത്തെ ഈ മണലാരണ്യങ്ങളിൽ നിന്നു ഉൽഭൂതമായി. ഞാൻ ഇസ്ലാമിനേയും, ജീവിതസുഖങ്ങളെപ്പററിയുള്ള അതിൻെറ അഭിപ്രായദാർഢ്യത്തേയും, ഹിന്ദുമതത്തേയും, ജീവിതദുഃഖങ്ങളെപ്പററി അതിൻെറ അഭിപ്രായദാർഢ്യത്തേയുംകുറിച്ചു ചിന്തിച്ചു. അതികഠിനമായ ഒരു ജീവിതരീതിയോടു പരിചയപ്പെട്ട മണലാരണ്യസന്താനങ്ങൾക്കു ആഡംബരജീവിതം അത്യാകർഷകമായി തോന്നുന്നു എന്നും, നേരേമറിച്ചു സുഖാനുഭോഗങ്ങളിൽ അലംഭാവം വന്നുപോയ ഹിന്ദുക്കൾ സുഖവിരക്തമായ ഒരു ജീ

വിതചെയ്യുവേണ്ടി കൂടുതൽകൂടുതൽ ഉഴലുന്നു എന്നും എനിക്കു സ്പഷ്ടമായിത്തീൎന്നു. രണ്ടു ഭൂഭാഗങ്ങളുടെയും സ്വഭാവത്തിനു ഈ രണ്ടു തത്വചിന്തകൾതമ്മിലുള്ള വ്യത്യാസത്തോടു വലിയ ബന്ധമുണ്ടെന്നു ഞാൻ ആത്മഗതംചെയ്തു. "തിമിംഗലം! തിമിംഗലം!", എന്നുള്ള ഒരുവിളി എന്നെ ഈ ചിന്തകളിൽനിന്നുണൎത്തി. ഈ സമുദ്രരാജനെ ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്തതിനാൽ, അങ്ങനെ സൂചിപ്പിക്കപ്പെട്ട സ്ഥലത്തേക്കു ഞാൻ പാഞ്ഞുചെല്ലുകയും, ഒരു ജലധാര മേല്പോട്ടു കുതിയ്ക്കുന്നതു കാണുകയും ചെയ്തു. "അതാണു തിമിംഗലം" എന്നു സൗഹാൎദ്ദബുദ്ധിയായ ഒരു യാത്രക്കാരൻ എന്നോടു പറഞ്ഞു. ഉടൻ ആ ഭീമാകാരം ഉയരുകയും, ഞങ്ങൾക്കു അതിൻെറ ഒരു നല്ല ദൎശനംലഭിക്കുകയും ചെയ്തു. കപ്പിത്താൻ തൻെറ ദൂരദൎശിനിക്കണ്ണാടികൊണ്ടു അതിനെ നോക്കി. പക്ഷെ, ദൂരദൎശിനി ആവശ്യമില്ലാത്തവിധം ആ ജന്തു അത്ര വലുതായിരുന്നതിനാൽ അദ്ദേഹം അങ്ങനെ ചെയ്തതു് എന്തിനാണെന്നു കണ്ടുപിടിക്കാൻ എനിക്കു കഴിവില്ലായിരുന്നു. കപ്പലിൽനിന്നു രണ്ടുഫർലാംഗ് ദൂരംമാത്രമേ ഉണ്ടായിരുന്നുള്ളു. ഏകദേശം ഒരുമൈൽ ദൂരം ഞങ്ങളെ അനുഗമിച്ചതിനുശേഷം ആ തിമിംഗലം അപ്രത്യക്ഷമായിത്തീൎന്നു.

ഏഴാംദിവസം രാവിലെ കപ്പൽ ഏഡനിൽ എത്തുന്നതുവരെ ദിവസങ്ങൾ ഇഴഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ഏഡനിലെത്തിയപ്പോൾ, ആറുമണിക്കൂറിനകം തിരികെ വരണമെന്നുള്ള വ്യവസ്ഥയിന്മേൽ കരയ്ക്കിറങ്ങാൻ ഞങ്ങളെ അനുവദിച്ചു. യാതൊരു ചെടികളുമില്ലാതെ അറേബ്യയുടെ ഒരു യഥാൎത്ഥ പ്രതിനിധി എന്ന നിലയിൽ ശൂന്യമായ ഒരു കുന്നുംപുറം വിരസമായി ഞങ്ങളെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു പക്ഷേ ഒട്ടുവളരെ അറബികളും, നീഗ്രോകളും കപ്പൽ സംക്രമിടുന്നതുകണ്ടു ആഹ്ലാദചിത്തരായി ശബ്ദകോലാഹലം പുറപ്പെടുവിക്കുന്നുമുണ്ടായിരുന്നു. "പാൽ കറന്നെടുക്കാൻ ധാരാളം പശുക്കളേ കിട്ടിപ്പോയി", എന്നായിരുന്നിരിക്കണം അവരുടെ വിചാരം. ടാക്സികളും ഹാക്ക്നിവണ്ടികളും കരയിൽ കിട്ടുമായിരുന്നു. കപ്പലിൽ സൎവ്വത്ര ബഹളം. എല്ലാവരും കരയിലിറങ്ങാൻ തയാറാകുകയായിരുന്നു. ആറുദിവസം ഒരേരീതിയിലുള്ള കടലിൽ കഴിച്ചുകൂട്ടിയതിനുശേഷം, കരയ്ക്കു്, അതേ, അറേബ്യയിലെ കരയ്ക്കുപോലും, ഒരു മോഹനത ഉള്ളതായി കാണപ്പെട്ടു. ഞങ്ങളും കരയിലിറങ്ങുന്നതിനു ധൃതി കൂട്ടി ഏഡനിൽ കള്ളന്മാർ അനവധിയാണെന്നു അടുത്ത ക്യാബിനിലെ ഒരു സ്നേഹിതൻ പറഞ്ഞു. അതുമൂലം, ഞാൻ എൻെറ ട്രംകുകളും പെട്ടികളും ഒന്നൊഴിയാതെ പൂട്ടി. റയിൽസഞ്ചിയിലുള്ള സാധനങ്ങൾ വല്ല

വരും മോഷ്ടിച്ചേക്കുമോ എന്നു കരുതി ഒടുവിൽ അതും ഞാൻ പൂട്ടുകയുണ്ടായി. എന്നാൽ റയിൽസഞ്ചി തുറന്നു കിടക്കുമ്പോൾ അതിലെ സാമാനങ്ങൾ മോഷ്ടിക്കാൻ വരുന്ന കള്ളന്, അതു പൂട്ടിയിരുന്നാലും റയിൽസഞ്ചിയോടെ കൊണ്ടു പൊയ്ക്കളയാമല്ലോ എന്നുള്ള വ്യസനകരമായ ചിന്ത, അതു പൂട്ടി കഴിഞ്ഞ ഉടൻ എനിക്കു് ഉണ്ടായി. എങ്കിലും ഇങ്ങനെ നിസ്സാരങ്ങളായ മനശ്ശല്യങ്ങളാൽ ബുദ്ധിമുട്ടിയ ഞാൻ, "കുറെയൊക്കെ വിധിക്കു് വിട്ടുകൊടുക്കണം" എന്നു് തന്നെത്താൻ പറഞ്ഞു. ഞാൻ എന്റെ വിഷമം മി. എ. യോടു പറഞ്ഞപ്പോൾ, അയാൾ, "ഈശ്വരോരക്ഷതു. എന്റെ നീണ്ട ആ പെട്ടി ഹോൾഡിനകത്താണു്. അതാരും മോഷ്ടിക്കയില്ല" എന്നു വിളിച്ചു. അങ്ങനെ, ഏതു ദോഷത്തിനും അതിന്റെ രജതദീപ്രമായ ഒരു വശമുണ്ടു് അഞ്ചുമിനിട്ടിനകം ക്യാബിൻപൂട്ടി ഞങ്ങൾ വള്ളത്തിൽ കയറി. വീണ്ടും പതിനഞ്ചുമിനിട്ടുകഴിഞ്ഞു. നബിപ്രവാചകന്റെ ജന്മഭൂമിയിൽ ഞങ്ങൾ കാൽവയ്ക്കുകയുംചെയ്തു.

---

## അദ്ധ്യായം ൪.

---

### ഏഡനിൽനിന്നു് മാഴ്സെയിൽസിലേക്കു്.

കാഴ്ചകാണുന്നതിനു് ഞങ്ങൾ ഈരണ്ടും മുമ്മൂന്നും പേരുള്ള ഓരോ സംഘമായി പിരിഞ്ഞു. ഞാനും, മി. എസ്സും ഒരു സംഘമായി. ഞങ്ങൾ കൂലിക്കെടുത്ത ഹാക്ക്നിവണ്ടിയുടെ വണ്ടിക്കാരൻ ആദ്യം പതിനഞ്ചുരൂപാ ആവശ്യപ്പെട്ടെങ്കിലും, ഒടുവിൽ അഞ്ചുരൂപാകൊണ്ടു് അയാൾ ധാരാളം തൃപ്തിയടഞ്ഞു. ഏഡൻപട്ടണം മുഴുവൻ ചുററിക്കാണണമെന്നുള്ളതായിരുന്നു കരാർ. പ്രസ്തുത നഗരത്തിൽ യൂറോപ്യന്മാർ താമസിക്കുന്ന സ്ഥലത്താണു് ആദ്യമായി ഞങ്ങളെ അയാൾ കൊണ്ടുപോയതു്- അവിടം പതിവുപോലെ സ്വച്ഛതയും വൃത്തിയും ഉള്ളതായിരുന്നു. അനന്തരം ആളുകളുടെ ബഹളം ധാരാളമുണ്ടായിരുന്നതും, ദുർഗ്ഗന്ധം വമിക്കുന്നതും, ഈച്ചകൾ നിറഞ്ഞതും ആയ ബജാറിലേക്കു് (കമ്പോളം) ഞങ്ങൾ പോയി. ബജാർ കടന്നു്, കുറെ സിക്ക്പട്ടാളക്കാര റോന്തുചുററിക്കൊണ്ടിരുന്ന കവാത്തു സ്ഥലത്തേക്കാണു് പിന്നീടു ഞങ്ങൾ പോയതു്. സ്വന്തം രാജ്യക്കാരായ ഇവരെ കണ്ടതിൽ അനല്പമായ സന്തോഷം ഞ

ങ്ങൾക്കുണ്ടായി. പട്ടാളക്കാരിൽ ഒരുവനു ഞങ്ങളോട്ട് ഹിന്തുസ്ഥാനി
യിൽ സംസാരിക്കണമെന്നു തോന്നിയെങ്കിലും, ആ ഭാഷയിൽ കൂട്ട
തലായി ഞങ്ങൾക്കു പറയാൻ അറിയാമായിരുന്നതു് ഹിന്തുസ്ഥാനി
വശമില്ലെന്നുള്ളതു മാത്രമായിരുന്നതിനാൽ സംഭാഷണം ഉടൻ നില
ച്ചു. ഹാക്ക്നിവണ്ടിക്കാരൻ സൂത്രശാലിയായ ഒരു അറബിയായിരുന്ന
തിനാൽ, പട്ടണം മുഴുവൻ കണ്ടെന്നുപറഞ്ഞു ഞങ്ങളെ കബളിപ്പി
ക്കാൻ അവൻ കരുതി. എന്നാൽ അവന്റെ ഭാഗ്യക്കേടിനു്, ഏ
ഡനിലെ പ്രസിദ്ധപ്പെട്ട കുളങ്ങളെപ്പറ്റി ഞാൻ കേട്ടിരുന്നതിനാൽ,
ഞങ്ങളെ അങ്ങോട്ടു കൊണ്ടുപോകണമെന്നു ഞാൻ ആവശ്യപ്പെട്ടു.
"അവ വളരെ ഉള്ളിലാണു്, സാർ" എന്നു അവൻ പറഞ്ഞെങ്കിലും
അതേപ്പറ്റി ഞങ്ങൾ ചോദിച്ച ഒരു പോലീസുകാരൻ അവ മൂന്നു
മൈലിനകമാണെന്നു പറയുകയാൽ വണ്ടി അങ്ങോട്ടുവിടാൻത
ന്നെ ഞങ്ങൾ അവനെ നിർബന്ധിച്ചു. വഴിയിൽ ഞങ്ങൾ അറ
ബിനഗരം കണ്ടു. അതു ബജാറിനെക്കാൾ വളരെ വൃത്തിയുള്ളതാ
യിരുന്നെങ്കിലും, തീരെ ആകർഷകമായിരുന്നില്ല. ഭവനങ്ങൾക്കു
ശരിയായ വെളിച്ചമോ, വായുസഞ്ചാരസൗകര്യമോ ഇല്ലായിരുന്നു
എന്നു മാത്രമല്ല, ഭവനവാസികളുടെ മുഖം കാണാൻ സുഖമുള്ള
തുമല്ലായിരുന്നു. ബജാറിൽ എല്ലാവരും ഞങ്ങളെ കാണുന്നതിൽ
കുതുകികളായിരുന്നെങ്കിൽ ഇവിടെ അറബികളുടെ പുരികം ചു
ളിച്ച മുഖങ്ങളാണു ഞങ്ങൾ കണ്ടതു്. അവരുടെ സ്ത്രീകളെ
ല്ലാം വളരെ കട്ടിയുള്ള മൂടുപടംകൊണ്ടു മുഖംമറച്ചിരുന്നതു്, മൂടുപട
മില്ലാത്ത ഇൻഡ്യയുടെ പശ്ചിമതീരങ്ങളിൽനിന്നുവരുന്ന എന്നെ
പ്പോലെയുള്ള ഒരുവനു വിശേഷപ്പെട്ട ഒരു കാഴ്ചയായിരുന്നു. ഒടു
വിൽ, കുന്നുകളിൽ കുഴിച്ചുണ്ടാക്കിയിട്ടുള്ള പ്രസിദ്ധപ്പെട്ട തടാകങ്ങ
ളിൽ ഞങ്ങൾ ചെന്നുചേർന്നു. അവ കാഴ്ചയ്ക്കു അത്യന്തം ഗംഭീര
ങ്ങളായിരുന്നു എന്നു മാത്രമല്ല, അവയെ സൃഷ്ടിച്ച രാജാവിന്റെ പ
രിശ്രമം, സാമർത്ഥ്യം, സമ്പത്തു് എന്നിവയെപ്പറ്റി ഒരു ഗ്രന്ഥപ
രമ്പരയിൽ അടങ്ങുന്ന അറിവു പ്രദാനംചെയ്കയുംചെയ്തു. പക്ഷേ,
ആ രാജാവിനു ബുദ്ധിയേക്കാൾ കൂടുതലായി മനോഗുണമാണുണ്ടാ
യിരുന്നതെന്നു എനിക്കു തോന്നി. എന്തെന്നാൽ ഞങ്ങൾ കാണു
ന്ന അവസരത്തിൽ ആ തടാകങ്ങൾ ഉണങ്ങി വരണ്ടു് കിടന്നിരുന്നു
എന്നു മാത്രമല്ല, ഏഡനിൽ കിട്ടുന്ന മഴ അവയുടെ പാറപിടിച്ച
അടിത്തട്ടിന്റെ ദാഹം തീക്കാൻ തികയുകയുമില്ല. എന്നാൽ ഞാൻ
തിരിച്ചുവരുംവഴി ഇതേ തടാകങ്ങളുടെ മുക്കാൽഭാഗവും വെള്ളംനിറ
ഞ്ഞു കിടക്കുന്നതുകണ്ടു് അവയുടെ സ്രഷ്ടാവിന്റെ ബുദ്ധിശക്തിയെ
പ്പറ്റിയുള്ള എന്റെ ആദ്യത്തെ അഭിപ്രായം മാറുകയുണ്ടായി. ഏ
ഡനിൽ വെള്ളം വിലയേറിയ ഒരു വ്യാപാരസാധനമാണു്. ബജാ

റിൽ ഒരു തൊട്ടി വെള്ളത്തിനു് ഒരണ വിലനിരക്കിനു അതു് വിററു വരുകയും ചെയ്യുന്നു. ഞങ്ങഠം പോയ അവസരത്തിൽ ഈ വെള്ളം കടൽവെള്ളത്തിൽനിന്നു ശുദ്ധിചെയ്തെടുക്കുകയായിരുന്നെങ്കിലും മടങ്ങിവന്നപ്പോഠം ഇതോടൊരുമിച്ചുതന്നെ തൊട്ടിക്കു മൂന്നു പൈസ വിലവച്ചു കുളത്തിലെ വെള്ളവും വിൽക്കുന്നതു കാണുകയുണ്ടായി. പാവപ്പെട്ട ഏഡൻകാരനു് ഇതൊരു വരസിദ്ധിയായിരുന്നെന്നതന്നെയല്ല, തെരുവിലെ ജലവിതരണക്കാരുടെ പക്കൽനിന്നും സൗജന്യനിരക്കിനു വാങ്ങിയതോ, മുൻചൊന്ന കുളങ്ങളിൽനിന്നു ഒട്ടകത്തിന്റെ മേൽകയററി സ്വയം കൊണ്ടുവന്നതോ, ആയ ഈ വെള്ളം കുടിച്ച ഓരോ പ്രാവശ്യവും അവൻ അവയുടെ സ്രഷ്ടാവിനെ അനുഗ്രഹിക്കയും ചെയ്തിരിക്കണം. ഏഡനിൽ വളരെ ചുരുക്കം വൃക്ഷങ്ങളേ ഉള്ളു. ഉള്ളവതന്നെയും വളർച്ചയില്ലാതെ മുരടിച്ചവയാണു്. അതിനാൽ അവിടെ വല്ല തണലും ഉണ്ടെങ്കിൽ അതു കെട്ടിടങ്ങളുടേയും, കലുങ്കുകളുടേയും മാത്രമാകുന്നു. ഏകദേശം അറുപതു ഒട്ടകങ്ങഠം ഒരു കലുങ്കിന്റെ അടിയിൽ കിടന്നു സുഖിക്കുന്നതു ഞാൻ കണ്ടു. യാതൊരു രൂപഭംഗിയുമില്ലാത്ത ഈ ജന്തുക്കളെ ഇത്രയധികം ഒരുമിച്ചു കണ്ടതിൽ ഞാൻ വിസ്മയിച്ചു. ഞാൻ എന്റെ അത്ഭുതത്തെപ്പററി പറഞ്ഞപ്പോഠം "അതിലെന്താണു ഇത്ര അത്ഭുതം? ഒട്ടകങ്ങഠം ഞങ്ങളുടെ പശുക്കളും കാളകളുമാണു്" എന്നു വണ്ടിക്കാരൻ പ്രസ്താവിക്കയുണ്ടായി. ആ അറബിയുടെ ഈ ഉത്തരം ന്യായവും, കാര്യമാത്രപ്രസ്താവകവുമായിരുന്നു. ഒട്ടകത്തെ കാഴ്ചബംഗ്ലാവുകളിൽ കാണുന്ന ഒരപൂർവ്വമൃഗമായി ഗണിച്ചിരുന്ന ഞാൻ ഏഡനിൽ അവ കേവലം ഭാരം ചുമക്കുന്ന മൃഗങ്ങളാണെന്നുള്ള കഥ വിസ്മരിച്ചുപോയിരുന്നു. അറബികളുടെ വാസസ്ഥലത്തു ഒരു മൂലയിൽ, ഒരു വൃത്തികെട്ട മനുഷ്യൻ ഒട്ടകത്തിന്റെ പാലെന്നു പറയപ്പെട്ട മഞ്ഞനിറത്തിലുള്ള എന്തോ ഒരു ദ്രാവകം വിൽക്കുന്നതു കാണാനിടയായി. ഞങ്ങളുടെ വണ്ടിക്കാരൻ അതിനേപ്പററി സ്തുതിച്ചുകൊണ്ടു ശരിക്കു ഒരു ഭാരതംതന്നെ കാണാപ്പാഠം ചൊല്ലിക്കേഠപ്പിച്ചെങ്കിലും, അതു കുടിക്കാൻ ഞങ്ങഠംക്കു കൊതിതോന്നിയില്ല. ഏഡൻപട്ടണം മുഴുവൻ ഞങ്ങഠം ഒരിഞ്ചുപോലും വിടാതെ നല്ലവണ്ണം കണ്ടു. ഈ ചെറിയ പട്ടണത്തിൽപോലും കാണുന്ന രണ്ടു പ്രധാന മനുഷ്യവർഗ്ഗങ്ങളെപ്പററി ഞങ്ങഠംക്കു വളരെ കൗതുകം തോന്നി. അവയിലൊന്നു്. പൊക്കവും, സുമുഖതയും, ഗൗരവവും, അഭിമാനവും ഉള്ള തവിട്ടുനിറക്കാരായ അറബികളും, മറെറാന്നു ആട്ടിൻരോമംപോലെയുള്ള തലമുടി, കറുത്ത നിറം, എന്നിവയോടുകൂടി സദാപി ആഹ്ളാദചിത്തരായ സോമാലിവർഗ്ഗക്കാരുമാണു്. അല്പം ഇംഗ്ലീഷ് അറിയാമായിരുന്ന ഒരു സോമാലിയോടു്

ഞാൻ സംസാരിക്കയുണ്ടായി. "നിങ്ങളുടെ നാടേതു്?" എന്നു് ഞാൻ ചോദിച്ചു.

സോമാ:—എൻെറ അച്ഛൻെറ നാടു് ജിബൂട്ടിയാണു്. ഞാൻ ഏഡനിൽ ജനിച്ചു.

ഞാൻ:—നിങ്ങളുടെ അച്ഛനു എന്തു ജോലിയായിരുന്നു?

സോമാ: എന്നേപ്പോലെ അദ്ദേഹവും ഒരു അറബികുടുംബത്തിലെ വേലക്കാരനായിരുന്നു.

ഏഡനിൽ കുറെ പാഴ്സിഷാപ്പുകൾ കണ്ടപ്പോൾ ഞങ്ങൾ ഹൃദയാനുകൂലമാംവണ്ണം ആശ്ചര്യപ്പെട്ടു. എന്തെന്നാൽ, രാഷ്ട്രീയദൃഷ്ട്യാ ഏഡൻ ബാംബെപ്രസിഡൻസിയുടെയും, തൻമൂലം ഇൻഡ്യയുടേയും ഒരംശമായിരുന്നെങ്കിലും, അതിനെ അറേബ്യയുടെ ഒരു തുണ്ടായിട്ടാണു ഞാൻ എപ്പോഴും ഗണിച്ചിട്ടുള്ളതു്. അല്പം ചായ കഴിച്ചിട്ടു ഞങ്ങൾ കപ്പൽ കയറുന്നിടത്തേക്കു പോയി. അവിടെ വെച്ചു ഹാക്ക്നിവണ്ടിക്കാരനു കൂലികൊടുത്തയച്ചതിനുശേഷം ഒരു വള്ളത്തിൽ കയറി ഞങ്ങൾ കപ്പലിൽ ചെന്നുചേൎന്നു.

കപ്പൽ യാത്രയാരംഭിക്കുന്നതിനു പിന്നെയും ഒരു മണിക്കൂറുണ്ടായിരുന്നു. ഞാൻ ക്യാബിനിൽ ചെന്നു നോക്കിയപ്പോൾ എൻെറ സാമാനങ്ങളെല്ലാം ഭദ്രമായിരിക്കുന്നതു കണ്ടു. അനന്തരം ഞാൻ കപ്പൽത്തട്ടിൽപോയി, അവിടെ തകൃതിയായി നടന്നുകൊണ്ടിരുന്ന കച്ചവടം നോക്കിക്കൊണ്ടിരുന്നു. അറബികൾ അവരുടെ നാടൻതൊഴിൽകൊണ്ടുണ്ടാക്കിയ ഫർത്തുണിത്തരങ്ങൾ, മററു കൌതുകസാധനങ്ങൾ മുതലായവ പ്രദർശിപ്പിക്കുകയായിരുന്നു. മുകളിൽ കടന്നുവരാൻ അവരെ അനുവദിക്കാത്തതിനാൽ, സാമാനങ്ങൾ കുട്ടയിലാക്കി കയർകെട്ടി മുകളിലേക്കു വലിച്ചെടുക്കയും, ആവശ്യമില്ലാത്തവ കയർവഴി താഴെ എത്തിക്കുകയുമാണു ചെയ്തിരുന്നതു്. പണവും ഇതേമാതിരിതന്നെ താഴെ കൊടുക്കുന്നുണ്ടായിരുന്നു. ചിലപ്പോൾ പണമോ, സാമാനമോ, മറു കക്ഷിയുടെ കയ്യിൽ കിട്ടുന്നതിനുമുമ്പു കപ്പൽ വിട്ടുപോകാറുണ്ടു്. പക്ഷെ അറബികളാണു് ഇത്തരം വഞ്ചനകൾ വളരെ കൂടുതലായി ചെയ്യുന്നതു്. അതിനാൽ സാമാനങ്ങൾ ഭദ്രമായി കൈവശപ്പെട്ടുകഴിഞ്ഞതിനുശേഷമേ പണം കൈവിടാവൂ എന്നു സ്റ്റുവേർഡുകളും മററും യാത്രക്കാൎക്കു മുന്നറിവുകൊടുക്കുന്നുമുണ്ടു്.

ഉച്ചതിരിഞ്ഞു മൂന്നുമണിയായപ്പോൾ കപ്പൽ യാത്രയാരംഭിച്ചു. പിറേറദിവസം ഞങ്ങൾ ചെങ്കടലിൽ ആയി. ചൂടു് അതിഭയങ്കരമായിത്തീരുകയും, കപ്പൽത്തട്ടിൽപോലും കാററില്ലാതെ കലാശിക്കയും

ചെയ്തു. ഇരുവശവുമുള്ള മരുഭൂമികൾ ഊഷ്മാവിനെ വമിച്ചുകൊണ്ടിരുന്നു. സൂര്യോദയത്തിനും, അസ്തമയത്തിനും ഒഴിച്ച് ബാക്കി സമയമെല്ലാം അവിടത്തെ ഭൂരംഗത്തിൻെറകാഴ്ച ഏററവും നിരുന്മേഷകരമായിരുന്നു. ചെങ്കടലിലെ സൂര്യാസ്തമയം സവിശേഷം ഹൃദയംഗമമാണ്. അസ്തമയസൂര്യൻെറ ആരക്തോജ്ജ്വലമായ വർണ്ണവിശേഷവും, ചക്രവാളരേഖയുടെ അധോഭാഗത്തേക്ക് പെട്ടെന്നുള്ള പതനവും അവിസ്മരണീയമാകുന്നു. കന്യാകുമാരിയിലല്ലാതെമററാരിടത്തും ഞാൻ ഇത്തരം ഉജ്ജ്വലമോഹനമായ സൂര്യാസ്തമയം കണ്ടിട്ടില്ല. പക്ഷെ ചെങ്കടലിൽ സൂര്യോദയവും അസ്തമയവും മാത്രമേ ആകർഷകമെന്ന് പറയത്തക്കതായുള്ളു.

ഇങ്ങനെ മുഷിവുതോന്നിക്കുന്ന കുറെദിവസങ്ങൾ കഴിഞ്ഞപ്പോൾ സൂയസ്സ്തോടിൻെറ ഇങ്ങേ അററത്തുള്ള സൂയസ്സിൽ ഒരുദിവസം വെളുപ്പിന് അഞ്ചുമണിക്കു കപ്പൽ ചെന്നുചേൻ. യാത്രക്കാരാരുംതന്നെ യൂറോപ്പിലേക്കു യാതൊരു സാംക്രമികരോഗവും കൊണ്ടുപോകുന്നില്ലെന്നു ഡാക്ടർ പരിശോധിച്ചറിയേണ്ടതിലേക്ക് ഞങ്ങളെല്ലാം ഭക്ഷണമുറിയിൽ കൂടണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്തെന്നാൽ യൂറോപ്പ് ആരംഭിക്കുന്നതു് സൂയസ്സിനു പടിഞ്ഞാറുവശം മുതലാണ്. സൂയസ്സിനു കിഴക്കുവശമാണു അനന്തമായ പൗരസ്ത്യദേശം കിടക്കുന്നതു്. അതിനാൽ ഈ വെറും ചെറിയ സ്ഥലം പാശ്ചാത്യപൗരസ്ത്യവിഭാഗങ്ങളുടെ പാരമ്പരാഗതമായ അതിർത്തിയാകുന്നു. സൂയസ്സിൽ ചെല്ലുന്ന ഉടൻ, അവിടെ കപ്പൽ ചെന്നുചേന്ന തിയതിയും മണിക്കൂറും കാണിച്ചു പൂരിപ്പിച്ചയക്കുന്നതിനു് സൺലൈഫ് അഷ്വറൻസ്കമ്പനിക്കാർ എനിക്കൊരു ഫാറം തന്നിരുന്നു. ഇതു് എനിക്കു വരേണ്ടുന്ന ഡിസ്കൗണ്ടുതുക തിട്ടപ്പെടുത്തുന്നതിനാണെന്ന് പറയേണ്ടതില്ല. എന്തെന്നാൽ, ജീവസന്ധാരണവിഷയത്തിൽ സൂയസ്സിനു പടിഞ്ഞാറുവശമുള്ള രാജ്യങ്ങളിലെ ശീതോഷ്ണാവസ്ഥ ഇൻഡ്യയിലേതിനേക്കാൾ വളരെ അപായം കുറഞ്ഞതാണെന്ന് എല്ലാ ജീവരക്ഷാഭോഗക്കമ്പനികളും കരുതുകയും തന്നിമിത്തം ആ രാജ്യങ്ങളിൽ താമസിക്കുന്നകാലത്തേക്കുള്ള പ്രീമിയത്തുക അവയെല്ലാം കുറയ്ക്കുകയും ചെയ്യുന്നു. പ്രഭാതഭക്ഷണത്തിനുള്ള വേഷം ധരിച്ചുകൊണ്ടു അന്നു കാലത്തു് ഭക്ഷണമുറിയിൽചെന്നവർ ഞാനും, മി. ജി. യും മാത്രമായിരുന്നു. സ്ത്രീകളുൾപ്പെടെ ബാക്കി ഉണ്ടായിരുന്നവരെല്ലാം അവരുടെ ഉറക്കറവേഷമോ, ഡ്രസ്സിംഗ്ഗൗണോ ധരിച്ചുകൊണ്ടാണ് അവിടെ വന്നതു്. ഡാക്ടർ ആരേയും പരിശോധിക്കയുണ്ടായില്ല. ഞങ്ങളുടെ പേരെല്ലാം വിളിച്ചു്, എല്ലാവരും ഹാജരുണ്ടെന്നുകണ്ടു് തൃപ്തനായി നന്ദിപറഞ്ഞു

കൊണ്ടു്, ഞങ്ങൾ പിരിഞ്ഞുപോകുന്നതിന്നു് അനുവദിച്ചിട്ടു് അദ്ദേഹവും പോയി. പത്തുദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം കാലത്തു അഞ്ചുമണിക്കു ഭക്ഷണമുറിയിൽ ഹാജരാകത്തക്കവണ്ണം ആരോഗ്യമുള്ള യാതൊരുവനും രോഗവാഹകനല്ലെന്നു കരുതുന്നതിൽ ഒരബദ്ധവും ഇല്ലെന്നായിരിക്കാം അദ്ദേഹത്തിൻെറ ഉദ്ദേശം.

സൂയസ്സിൽ ഇറങ്ങാൻ ഞങ്ങളെ അനുവദിച്ചില്ലെന്നു തന്നെയല്ല, അവിടെ ആകർഷകമായി യാതൊന്നുമില്ലതാനും. താമസിയാതെ കപ്പൽ സുപ്രസിദ്ധമായ സൂയസ്സ്തോട്ടിൽ പ്രവേശിച്ചു. ഞങ്ങളുടെ കപ്പൽ മെയിൽ കൊണ്ടുപോകുന്നതായിരുന്നതിനാൽ, അല്പം മുമ്പുവന്ന മററു കപ്പലുകളെ അപേക്ഷിച്ചു അതിന്നുതന്നെ പ്രാഥമ്യം അനുവദിക്കയുണ്ടായി. സൂയസ്സ്തോടു കഴിച്ചുകാലത്തെ അപേക്ഷിച്ചു നോക്കുമ്പോൾ അതിൻെറ എൻജിനീയറിംഗ്വൈദഗ്ദ്ധ്യം കേവലം അത്ഭുതകരമാണു്. ഇപ്പോൾ അതിലും ആശ്ചര്യകരമായ പെനാമാതോടു് പണികഴിച്ചിരിക്കുന്നതിനാൽ, സൂയസ് തോടിൻെറ ഐന്ദ്രജാലികമഹത്വം ജനഹൃദയങ്ങളെ സ്പർശിക്കുന്നില്ല. എന്നാൽ നാം ഫെർഡിനാൻഡ് ഡി ലെസപ്സിൻെറ * കാലത്തു ജീവിച്ചിരിക്കയും, ഇപ്പോൾ ശുദ്ധമേ കഴമ്പില്ലാത്തതെന്നു തെളിയിക്കപ്പെട്ടിരിക്കുന്ന പലേതടസ്സങ്ങൾ കേൾക്കുകയും ചെയ്തിരുന്നെങ്കിൽ, അദ്ദേഹത്തിന്നുണ്ടായിരുന്ന ധൈര്യവും വിശ്വാസവും നമുക്കു മനസ്സിലാകുമായിരുന്നു. അനേകകാലങ്ങളിലെ സ്വപ്നത്തെ സാധിതപ്രായമാക്കിയതുംഎൻജിനീയറിംഗ്പദ്ധതിയിൽ ഒരു പ്രത്യേകകാലഘട്ടത്തെ അടയാളപ്പെടുത്തിയതും ആയ ഈ അജയ്യവീര്യനായ മനുഷ്യൻെറ പ്രതിമ പ്രസ്തുതകുല്യയുടെ മറേറഅററത്തുസ്ഥിതിചെയ്യുന്നു. അദ്ദേഹത്തിൻെറ സ്വഭാവത്തെതികച്ചും പ്രകടീകരിക്കത്തക്ക ഒന്നാണു് ഈ പ്രതിമ. ഒരിക്കലും ഇളക്കംതട്ടാത്ത അദ്ദേഹത്തിൻെറ നിശ്ചയശക്തി, അന്തമററ വിശ്വാസം, സർവ്വോപരി അദ്ദേഹത്തിനുള്ള ആത്മവിശ്വാസം, എന്നിവയെല്ലാം അന്യൂനമായി പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പ്രതിമയിൽ ഞാൻ കണ്ണെടുക്കാതെ നോക്കിക്കൊണ്ടുനിൽക്കുമ്പോൾ, ഇത്രവളരെ സൂക്ഷിച്ചുനോക്കാൻ അതിലെന്താണുള്ളതെന്നു മി ഗ്രിഫിത്ത്സ് എന്നോടുചോദിച്ചു.

“ആ മനുഷ്യൻ ഈ പ്രവൃത്തികൊണ്ടു് ചരിത്രം സൃഷ്ടിക്കയും ഈ മൂന്നു ഭൂഖണ്ഡങ്ങളെയുംതമ്മിൽ കൂടുതൽ ഗാഢമായ ആശ്ലേഷത്താൽ ഘടിപ്പിക്കയും ചെയ്തിരിക്കുന്നു” എന്നു ഞാൻ മറുപടി പറഞ്ഞു.

---

* ഫെർഡിനാൻഡ് ഡി ലെസപ്സ് എന്ന ദേഹമാണു സൂയസ്സ്തോടിൻെറ ജനയിതാവു്.

കഴിഞ്ഞ യുദ്ധത്തിൽ ബ്രിട്ടീഷുകാരും തുക്കികളും തമ്മിൽ എതിരിട്ട തോടിൻെറ വിഭാഗങ്ങഠം ഞാൻ കണ്ടു. ദുർഭഗദർശനമെന്നു തോന്നിക്കുന്ന സിനായിക്കുന്നു് ദൂരെനിന്നു ഞങ്ങളെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു. തോടിൻെറ ഇരുവശവും ഏതുകൃഷിക്കും നിരുപയോഗമായ മണൽനിറഞ്ഞ മരുപ്രദേശങ്ങളായിരുന്നു. ഒടുവിൽ പോർട്ട്സെഡ് എന്ന സ്ഥലത്തുചെന്നു് കപ്പൽ നങ്കൂരമിട്ടു. വീണ്ടും ഞങ്ങഠം കരയിലിറങ്ങി. ഇത്തവണയും ഞാനും മി. എസ്സും ഒരുമിച്ചു കാഴ്ചകാണാൻപോകുകയുണ്ടായി.

പോർട്ടുസെഡ് സർവ്വപ്രധാനമായും ഒരു സാർവ്വജനീനനഗരമാകുന്നു. ലോകത്തിലെ സകലരാഷ്ട്രക്കാരും അവിടെ ഉണ്ടു്. പ്രധാനപ്പെട്ട രാഷ്ട്രക്കാക്കു അവരവരുടെ പ്രത്യേക താമസസ്ഥലങ്ങളും ഉണ്ടു്. ഉദാഹരണമായി ഫ്റഞ്ചുകാർ, ഇററാലിയന്മാർ, ഗ്രീക്കുകാർ മുതലായവരുടെ താമസസ്ഥലങ്ങഠം പ്രത്യേകം പ്രത്യേകം കാണാവുന്നതാണു്. പോർട്ട്സെഡിലെ ആരംബഹളമുള്ള തെരുവുകളിൽ ഈജിപ്തുകാർ, ന്യൂബിയന്മാർ, ഇൻഡ്യാക്കാർ, ഇംഗ്ലീഷുകാർ, ഫ്റഞ്ചുകാർ, ഗ്രീക്കുകാർ, ഇററാലിയന്മാർ, ജർമ്മൻകാർ, ഡച്ചുകാർ, പോർട്ടുഗീസുകാർ മുതലായവർ തമ്മിൽ ഉരസിക്കൊണ്ടാണു നടന്നുപോകുന്നതു്. ഒരുതരത്തിൽ നോക്കുമ്പോഠം പോർട്ടുസെഡ് ഒരു നഗരമല്ല. അതൊരു വെറും താവളസ്ഥലമാകുന്നു. പഴയ ആളുകഠം പോയും, പുതിയ ആളുകഠം വന്നും ഇരിക്കുന്നതിനാൽ, അതിൻെറ ജനസംഖ്യ ദിനംപ്രതിതന്നെ മാറിക്കൊണ്ടിരിക്കുന്നു. പോർട്ടുസെഡ് സൂയസ്തോടിൻെറ ഒരു സൃഷ്ടിയാണു്. അതിൻെറ നിലനില്പിനു സൂയസ്തോടിനെത്തന്നെ അതു ആശ്രയിച്ചിരിക്കുന്നു. തോടിനെ കൈവെടിയുന്നപക്ഷം പോർട്ടുസെഡ് അപ്രത്യക്ഷമായി തീരുന്നതുമാണു്.

പോർട്ടുസെഡിൽ ചുററി നടന്നുകൊണ്ടിരിക്കുമ്പോഠം ഞങ്ങഠം ഒരു മദ്രാസുകാരൻെറ ഷാപ്പുകണ്ടു. യോഗ്യനായ അതിൻെറ പ്രൊപ്രൈററുടെ പേരു മദ്രാസുകാർക്കൊത്ത 'രാമസ്വാമി' എന്നായിരുന്നു. ഏഡൻ, ജിബ്രാൾട്ടർ, മുതലായ സ്ഥലങ്ങളിലെപ്പോലെ ഇവിടെയും സിൻഡ്, കച്ച് എന്നീ സ്ഥലത്തുകാരുടെ ഷാപ്പുകഠം അനവധി കാണപ്പെടുന്നു. ഇവരുടെ കച്ചവടം വിശേഷപ്പെട്ട അപൂർവ്വസാധനങ്ങളും, കൗതുകപദാർത്ഥങ്ങളുംകൊണ്ടാണുതാനും.

ഞങ്ങഠം ഉടൻതന്നെ തിരികെ കപ്പലിൽ എത്തുകയും, അതു യാത്രയാരംഭിക്കയുംചെയ്തു. കുറെമണിക്കൂറുകഠം കഴിഞ്ഞപ്പോഠം ഞങ്ങഠം മെഡിററേനിയൻകടലിൽ ആയിത്തീൻ. അപ്പോഴേക്കു

അറിയത്തക്ക ഒരു മാററം വന്നുകൂടി. ശീതോഷ്ണസ്ഥിതി ഉടനടി ശൈത്യമേറിയതായിത്തിരുകയും, സന്ധ്യകഴിഞ്ഞാൽപിന്നെ ഒരു പുറംകോട്ടുകൂടാതെ കപ്പൽതട്ടിൽ ചെല്ലുന്ന കായ്യം അസാദ്ധ്യമായി കലാശിക്കുകയുംചെയ്തു. ഒരു സാധാരണ കോട്ടിനേക്കാം ഇറക്കം കുറഞ്ഞതും, നമുക്കു സങ്കല്പിക്കാവുന്നതിൽ ഏററവും പരുപരുത്ത തുണികൊണ്ടു ഉണ്ടാക്കിയിട്ടുള്ളതും ആയ ചിരിക്കാൻകൊള്ളാവുന്ന എന്റെ പുറംകോട്ടു ധരിക്കാൻ ഞാൻ നിർബന്ധിതനായിത്തീൎന്നു. മററുള്ളവരുടെ പുറംകോട്ടുകളെ അപേക്ഷിച്ചു അതു അത്യന്തം പരിഹാസ്യമായി തോന്നുകയും, അനേകം പ്രതികൂലാഭിപ്രായങ്ങൾക്കു കാരണമാകുകയും, ധാരാളം ദൃഷ്ടികളെ ആകൎഷിക്കയുംചെയ്തതിനാൽ, എത്രതന്നെ ശൈത്യമുണ്ടായിരുന്നാലും, ആക്ഷും അതു കാണാൻകഴിയാത്തവണ്ണം ഇരുട്ടാകുമ്പോഴല്ലാതെ ഒരിക്കലും ഞാൻ ആ പുറംകോട്ടു ഉപയോഗിക്കയില്ലെന്നു തീർമാനംചെയ്തു. പോർട്ടുസെഡിൽനിന്നു ഒരു ഇററാലിയൻ കപ്പൽകയറി. സായാഹ്നവേളകളിൽ ഞാനും അയാളുംകൂടി കപ്പൽതട്ടിൽ ഇരുന്നു ഇൻഡ്യയേയും, ഇററലിയേയുംപററി സംഭാഷണം ചെയ്യാറുണ്ടായിരുന്നു.

മെഡിററേനിയൻകടലിൽകൂടി നേരേ മാഴ്സെയിൽസിലേക്കാണു് കപ്പൽ പോകേണ്ടിയിരുന്നതെങ്കിലും, നേർവഴിയിൽ ഒരു ജൎമ്മൻമൈൻ മറഞ്ഞുകിടപ്പുണ്ടെന്നു അറിവുകിട്ടുകയാൽ, സാധാരണ വഴിവിട്ടു സിസിലിക്കും, ഇററലിയുടെ കാൽവിരൽ എന്നറിയപ്പെടുന്ന സ്ഥലത്തിനും മദ്ധ്യേകൂടി കപ്പൽ യാത്രചെയ്യാനിടയായി. ഞാൻ സിസിലിയുടെ തീരം കാണുകയും, സിറാക്യൂസ്, കാർതേജ് എന്നിവയെ സ്മരിക്കയും ചെയ്തു. രാത്രിയായപ്പോഴേക്കു് കപ്പൽ മെസ്സീനാകടലിടുക്കു കടന്നു. അതൊരു സുന്ദരദർശനമായിരുന്നു. ഇരുവശവുമുള്ള റെജിയോ, മെസ്സീനാ എന്നീ പട്ടണങ്ങൾ രണ്ടും ദീപാവലികളാൽ ദീപ്രമായി ഒരു ഉത്സവക്കാഴ്ചയെ പ്രദാനംചെയ്തു. വരിവരിയായി കാണപ്പെട്ട ദീപങ്ങളാൽ തെന്നിന്ത്യയിലെ കാൎത്തികവിളക്കുകളെ ഞാൻ അനുസ്മരിച്ചു. ഒരുമണിക്കൂർ കഴിഞ്ഞപ്പോഴേക്കു് സ്റ്റ്രാംബൊളി എന്ന പ്രസിദ്ധമായ അഗ്നിപൎവ്വതം പൊട്ടുന്നതു ഞാൻ കണ്ടു. പൊട്ടിക്കൊണ്ടിരിക്കുന്ന ഒരു അഗ്നിപൎവ്വതം കണ്ടിട്ടില്ലാത്ത ഞങ്ങൾക്കു മനസ്സിൽ നല്ലവണ്ണം പതിയത്തക്ക ഒരു കാഴ്ചയായിരുന്നു അതു്. അഞ്ചുമിനിട്ടു കൂടുമ്പോഴൊരിക്കൽ അതിൽനിന്നു നീരാവിയും, സജീവമായ അഗ്നിശകലങ്ങളും ഉൽപതിച്ചുകൊണ്ടിരുന്നു. പിന്നിട്ടു രണ്ടുദിവസത്തിനകം കാഴ്സിക്കാ, സർഡീനിയാ എന്നീ ദ്വീപുകൾക്കു മദ്ധ്യേകൂടി കപ്പൽ കടന്നുപോയി. ഈ രണ്ടു ദ്വീപുകളുടേയും തീരങ്ങൾ കപ്പൽ

തട്ടിൽനിന്നു് വിശദമായി കാണാമായിരുന്നു. ഞാൻ ദത്തദൃഷ്ടിയായിത്തന്നെ കാഴ്സിക്കായെ നോക്കിക്കൊണ്ടിരുന്നു. നെപ്പോളിയൻ് ജനനം നൽകിയ ഭൂമി എക്കാലത്തും ഏവരുടെയും സാന്ദ്രമായ ഔൽസുക്യത്തിന്നു് വിഷയമായിരിക്കണം വളരെ ദൂരെനിന്നുപോലും അതു കാണുന്നതു എനിക്കു മഹത്തായ കൗതുകത്തിനു കാരണമായിരുന്നു. ഇരുപത്തിരണ്ടു കൊല്ലത്തേക്കു യൂറോപ്പിൻെറ ഭീതിയ്ക്കു നിദാനമായിരിക്കയും, ഈജിപ്തിനെ കീഴടക്കുകയും, വിദൂരഭാരതത്തെക്കുറിച്ചുപോലും ചില ഉദ്ദേശങ്ങൾ ആന്തരാൽ രൂപീകരിക്കയും ചെയ്ത ഒരു മനുഷ്യനെ ഈ ചെറിയ ദ്വീപു ഉല്പാദിപ്പിച്ചിരിക്കുന്നെമെന്നുള്ളതു അത്ഭുതംതന്നെയാണു്.

ദീർഘതമമായ യാത്രയും ഒടുവിൽ അവസാനിക്കതന്നെവേണം. അക്ടോബർ 12-ാംതിയതി കാലത്തു ഏകദേശം 11 മണിക്കു "നെല്ലൂർ"മാഴ്സെയിൽസിലെത്തി. പന്ത്രണ്ടുമണിയാകുമ്പോൾ യാത്രക്കാർക്കു കരയിലിറങ്ങാമെന്നും, വൈകുന്നേരം ഏഴുമണിക്കു മാഴ്സെയിൽസിൽനിന്നുള്ള സ്പെഷ്യൽട്രെയിൻ പുറപ്പെടുമെന്നും, പരസ്യംചെയ്തിരുന്നു. പേരുകൾ രജിസ്റ്റർ ചെയ്യുന്നവക്കു ലഞ്ച് നൽകുകയുണ്ടായി. മി: ഏ-യും, ഞാനും കരയിലിറങ്ങാൻ തിടുക്കപ്പെട്ടതിനാൽ പേരു രജിസ്റ്റർചെയ്യുന്ന കാര്യത്തെപ്പററി ഗൗനിച്ചില്ല. എൻെറവക സാമാനങ്ങളെല്ലാമായി ഞാൻ പന്ത്രണ്ടുമണിക്കു കരയിലിറങ്ങി. മി: ഏ. യുടെ നീണ്ട പായ്ക്കററു ഹോൾഡിലായിരുന്നതിനാൽ അതു കിട്ടുന്നതിനായി ഞങ്ങൾ ഒരു മണിക്കൂർ കാത്തുനില്ക്കേണ്ടിവന്നു. ഞങ്ങൾ രണ്ടുപേരുംകൂടിത്തന്നെ മാഴ്സെയിൽസിൽ കടക്കണമെന്നുള്ള കാര്യത്തിൽ മി: ഏ-യ്ക്കു് വലിയ നിർബന്ധമായിരുന്നതിനാൽ ഞാനും കാത്തുനിൽപ്പായി. മി. ഏ-യുടെ പായ്ക്കററു കിട്ടിയപ്പോഴേക്കു ഞങ്ങൾക്കു വിശന്നുതുടങ്ങി. കപ്പലിൽ ലഞ്ച്കിട്ടുമോഎന്നു ഞങ്ങൾ സ്ററുവേർഡിനോടു ചോദിച്ചപ്പോൾ പേരു രജിസ്റ്റർചെയ്യാത്തതുകൊണ്ടു കിട്ടുകയില്ലെന്നു അയാൾ മറുപടി പറഞ്ഞു. അതിനാൽ ഭക്ഷണം അന്വേഷിച്ചു പട്ടണത്തിൽ കടക്കാതെ ഞങ്ങൾക്കു ഗത്യന്തരമില്ലായിരുന്നു. ചുങ്കസ്ഥലത്തുവച്ചുള്ള ഞങ്ങളുടെ സാമാനങ്ങളുടെയെല്ലാം പരിശോധന കഴിഞ്ഞപ്പോൾ കുക്കിൻെറ ആളുകളിൽ ഒരുവൻവശം അവയെല്ലാം ഏല്പിച്ചിട്ടു ഒരൊററക്കുതികൊണ്ടെന്നപോലെ ഞങ്ങൾ മാഴ്സെയിൽസ്നഗരത്തിനുള്ളിലായിത്തീർന്നു.

## അദ്ധ്യായം ൫.

ലണ്ടൻവരെ.

വിഷമങ്ങൾ നേരിടുമെന്നു സ്വപ്നംപോലും കാണാതെ ഞങ്ങൾ ഹൃദയലാഘവത്തോടുകൂടി പുറപ്പെട്ടു. ആദ്യമായി വല്ല ഭക്ഷണശാലയിലും കയറി ഞങ്ങളുടെ വിശപ്പടക്കുന്നതിനും, പിന്നീടു തോമസ്കുക്കിൻെറ മാഴ്സെയിൽസ് ബ്രാഞ്ചാഫീസിൽചെന്നു മി. എ. യുടെ ഒരു ചെക്കു മാറുന്നതിനും, അയാൾക്കു വല്ല കത്തുകളുംവന്നിട്ടുണ്ടെങ്കിൽ അവ വാങ്ങുന്നതിനും, അതിനുശേഷംകാഴ്ചകൾ കാണാനായി പട്ടണം ചുററിസ്സഞ്ചരിക്കുന്നതിനും ആണു് ഞങ്ങൾ ഉദ്ദേശിച്ചതു്.

ജീവിതത്തിൽ ആദ്യമായി ഒരു യൂറോപ്യൻനഗരത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ഉത്സാഹപ്രകർഷത്തിനിടയിൽ, പോകുന്ന വഴിയെപ്പററി പ്രത്യേകമായൊന്നും സൂക്ഷിക്കാതെ ഒന്നോ രണ്ടോ റോഡുകൾ കടന്നു ഞങ്ങൾ രണ്ടു ഫർലാംഗ് ദൂരത്തോളം പോയി. അപ്പോൾ ഒരു ബസ്സ് വരുന്നതുകണ്ടു ഞങ്ങൾ അതു നിറുത്തിക്കുകയും, പ്രസന്നവദനങ്ങളോടും ദൃഷ്ടികളോടുംകൂടി ഞങ്ങളെനോക്കി മന്ദഹസിച്ചുകൊണ്ടിരുന്ന ഫ്രഞ്ചുകാരായ കുറേ സ്ത്രീപുരുഷന്മാരോടൊപ്പം അതിൽ കയറി സുഖമായി ഇരിക്കുകയുംചെയ്തു. ഒരു 'പറ പറ' ശബ്ദത്തോടുകൂടി ബസ്സ് ഓടി അരമൈൽദൂരം എത്തുന്നതിനുമുൻപു, ഉദാസീനമായി യാത്രക്കാൎക്കു ടിക്കററുകൊടുത്തുകൊണ്ടിരുന്ന കണിശമില്ലാത്ത കണ്ടക്ടർ ഞങ്ങളുടെ അടുത്തുവന്നു്, "സാറന്മാരെവിടെയാണു പോകുന്നതു്?" എന്നു ഫ്റഞ്ചുഭാഷയിൽ ചോദിച്ചു. എനിക്കു ഫ്റഞ്ചുഭാഷ അറിയാൻ പാടില്ലായിരുന്നു. മി. എ യ്ക്കു് അത്രതന്നെയും അതു വശവുമില്ലായിരുന്നു. ഞാൻ ഇംഗ്ലീഷിൽ മറുപടിപറഞ്ഞു:—"ഞങ്ങൾക്കു ആദ്യമായി ഏതെങ്കിലും ഹോട്ടലിലേക്കാണു പോകേണ്ടതു്. അതിനാൽ ഏററവും അടുത്തുള്ള ഹോട്ടലിലേക്കു രണ്ടു ടിക്കററു തന്നാൽ കൊള്ളാം."

കണ്ടക്ടർ—(ചിരിച്ചുകൊണ്ടു്) "എനിക്കു് ഇംഗ്ലീഷ് പറയാൻ വശമില്ല."

പക്ഷെ ഞങ്ങൾക്കു് അതു മനസ്സിലായില്ലെന്നു കണ്ടപ്പോൾ "ഇംഗ്ലീഷ് ഇല്ല" എന്നു വളരെ വിമ്മിഷ്ടപ്പെട്ടു് അയാൾ ഇംഗ്ലീഷിൽ പറഞ്ഞു. ഞങ്ങൾ അമ്പരന്നുപോയി. ഇംഗ്ലീഷറിയാൻ പാടില്ലാതെ ലോകത്തിൻെറ ഒരു മൂലപോലും ഇല്ലെന്നു ഞങ്ങൾ

കരുതിയിരുന്നെങ്കിലും, ഇതാ ഇംഗ്ലണ്ടിന്റെ അടുത്തരാജ്യത്തുതന്നെ ഒരു ബസ്സിന്റെ കണ്ടക്ടർക്കു ഇംഗ്ലീഷറിഞ്ഞുകൂടാ. ഞങ്ങൾ ആകപ്പാടെ ഒരു പന്തികേടുപററിയ ദുർഘടസ്ഥിതിയിലുമായി. ഞങ്ങൾക്കാവശ്യമുള്ളതെന്തെന്നു കണ്ടക്ടരെ മനസ്സിലാക്കുന്നതെങ്ങനെ? ഒരിംഗ്ലീഷുകാരനെ കണ്ടുപിടിക്കാൻ ഞങ്ങൾ ആ ബസ്സ് മുഴുവൻ ഉൽക്കണ്ഠയോടുകൂടി തിരഞ്ഞെങ്കിലും, അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. ഇംഗ്ലീഷ് അറിയാവുന്നതായി ഞങ്ങളല്ലാതെ വേറെ ഒരുത്തൻപോലും അവിടെ ഇല്ലായിരുന്നു. സൗഹാർദ്ദബുദ്ധികളായ പല ഫ്റഞ്ചുസ്ത്രീപുരുഷന്മാർ ഞങ്ങളെ സഹായിക്കാൻ ശ്രമിച്ചെങ്കിലും അതൊന്നും സഫലമായില്ല. അവർക്കു ഒരൊററ ഇംഗ്ലീഷ് വാക്കാകട്ടെ, ഞങ്ങൾക്കു ഒരൊററ ഫ്റഞ്ചുവാക്കാകട്ടെ അറിവില്ലായിരുന്നു. തന്നിമിത്തം അവരെക്കൊണ്ടു ഞങ്ങൾക്കു ഒരു പ്രയോജനവും ഇല്ലാതെവന്നു. ഇരുഭാഷകൾക്കും പൊതുവേയുള്ള പദങ്ങൾതന്നെയും ഓരോ ഭാഷയിലും വ്യത്യസ്തരീതിയിൽ ഉച്ചരിക്കുന്നതിനാൽ അവപോലും ഇരുകൂട്ടർക്കും മനസ്സിലാകയില്ലെന്നു ഓർത്തിരിക്കേണ്ടതാണു്. ഞങ്ങളുടെ വിസ്മയത്തിനും വിഷണ്ണതയ്ക്കും അതിരില്ലായിരുന്നു. എന്തൊരു വ്യാമോഹസംസർഗ്ഗത്തിലാണു ഞങ്ങൾ ജീവിച്ചിരുന്നതെന്നു ഞങ്ങൾ സ്വയം ചിന്തിച്ചു. യൂറോപ്പുഖണ്ഡത്തിൽ ഇംഗ്ലീഷിനെക്കാൾ ഫ്റഞ്ചുഭാഷകൊണ്ടു കൂടുതൽ സുഗമമായി ഒരുവനു കഴിഞ്ഞുകൂടാമെന്നു അന്നേരം ഞങ്ങൾ അറിഞ്ഞിരുന്നില്ല. അത്തരം ഒരറിവു് ഞങ്ങൾക്കു വളരെ സമാശ്വാസമരുളുകയുമില്ലായിരുന്നു. ദയാമതികളായ പലരും ദക്ഷിണഫ്റാൻസിലെ ദ്രുതഗതിയിലുള്ള ദേശ്യഭാഷയിൽ തുരുതുരെ ചോദ്യങ്ങൾ ചോദിച്ചെങ്കിലും അതിൽ ഒരക്ഷരംപോലും ഞങ്ങൾക്കു മനസ്സിലായില്ല. റോമൻകത്തോലിക്കവൈദികരുടെ സുപരിചിതമായ വേഷം ധരിച്ചിരുന്ന പ്രായമുള്ള ഒരു മാന്യൻ സകല വിഷമത്തിനും ഉപശാന്തി വന്നുപോയി എന്നുള്ള ഭാവത്തിൽ തന്റെ നീണ്ട താടിമീശ തലോടിക്കൊണ്ടു ലത്തീൻഭാഷയിൽ ഒരു ചോദ്യം ചോദിച്ചു. പക്ഷേ എന്തുചെയ്യാം; ലത്തീൻഭാഷ എഴുതുകയോ പറയുകയോ ചെയ്യുമ്പോൾ അതു ലത്തീനാണെന്നു തിരിച്ചറിയാനല്ലാതെ മറെറാന്നുംതന്നെ ആ ഭാഷയിൽ എനിക്കറിവില്ലായിരുന്നു. ഒരു അഭിഭാഷകനായിരിക്കയും, ആ നിലയിൽ പ്രാകൃതലത്തീനെങ്കിലും അറിഞ്ഞിരിക്കണമെന്നു വിശ്വസിക്കപ്പെടുകയും ചെയ്തിരുന്ന മി: എ ലത്തീൻഭാഷയെ ഫ്റഞ്ചിന്റെ മറെറാരു ദേശ്യരൂപമായി തെററിദ്ധരിക്കത്തക്കവണ്ണം, അതിനെപ്പററിയുള്ള ജ്ഞാനത്തെസംബന്ധിച്ചിടത്തോളം അത്രമാത്രം നിർദ്ദോഷിയുമായിരുന്നു. യുണൈററഡ് പ്രാവിൻസുകളിലെ നികൃഷ്ടജനങ്ങളുടെ കേവലം ഗ്രാമ്യമായ ഹിന്ദിയെ

അപേക്ഷിച്ച്, സംസ്കൃതപദബാഹുല്യം ഒരു രക്ഷാദുർഗ്ഗമാക്കിക്കൊണ്ട് ബ്രാഹ്മണപുരോഹിതന്മാർ പ്രൗഢമായ ഹിന്ദി ഉപയോഗിക്കുന്നതുപോലെ, മുൻചൊന്ന വൈദികനും മററുള്ളവരുടെ ഗ്രാമ്യമായ ഫ്റഞ്ചിനുപകരം പ്രൗഢമായ ഫ്റഞ്ച് ഉപയോഗിക്കയാണെന്നു താൻ വിചാരിച്ചുപോയെന്നു മി. ഏ. പിന്നീട് എന്നോടു പറയുകയുണ്ടായി. അതെങ്ങനെയായിരുന്നാലും പ്രായംകൂടിയ ആൾ എന്നനിലയിൽ താനാണ് ആ പൂജ്യനായ പുരോഹിതനോടു മറുപടി പറയാനുള്ള ശരിയായ ആളെന്നുള്ള വിചാരത്താൽ, "സർ, എനിക്കു ഫ്റഞ്ച് അറിയാൻപാടില്ലാത്തതിൽ വ്യസനിക്കുന്നു," എന്നു മി: ഏ. പറയുകയുണ്ടായി മററുള്ളവർക്കു മി: ഏ. പറഞ്ഞതു എന്തെന്നു് ഒരു രൂപവും ഇല്ലാതിരുന്നതിനാൽ ആ സന്ദർഭത്തിലെ നേരമ്പോക്കു ഞാൻ മാത്രമേ മനസ്സിലാക്കിയുള്ളൂ.

കുറേനേരത്തേക്കു എല്ലാം നിശ്ശബ്ദമായിരുന്നു പുരോഹിതനും, മററുള്ളവരും ആശയ്ക്കു വഴികാണാതെ ഞങ്ങളെ കയ്യൊഴിഞ്ഞിട്ടു വീണ്ടും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. ഞാൻ ഒരു പ്രായോഗികപദ്ധതിയെക്കുറിച്ചാലോചിച്ചു. കണ്ടക്ടരുടെ ടിക്കററു കെട്ടിൽ തൊട്ടുകാണിച്ചിട്ട്, രണ്ടു വിരൽമാത്രം ഉയർത്തി രണ്ടെന്നുള്ള എണ്ണം അയാളെ മനസ്സിലാക്കുകയും, പിന്നിട്ടു "ടെർമിനസ്" എന്നു പറയുകയുംചെയ്തു. എങ്ങനെയായാലും അബദ്ധം പററുതെന്നുകരുതി, ടെർമിനസ്സിലേക്കു രണ്ടു ടിക്കററു എടുക്കണമെന്നും, ഏതെങ്കിലും ഹോട്ടൽ കണ്ടാൽ ഉടൻ ഇറങ്ങണമെന്നും ആയിരുന്നു എൻെറ ഉദ്ദേശം. "ടെർമിനസ്" എന്നു പറഞ്ഞതു കണ്ടക്ടറർ മനസ്സിലാക്കുകയും, രണ്ടു ടിക്കററു തരികയുംചെയ്തു ഹോട്ടൽവല്ലതും കാണുന്നോ എന്നു ഉററുനോക്കിക്കൊള്ളാൻ ഞാൻ മി: ഏ-യോടു പറഞ്ഞു. അങ്ങനെ ഞങ്ങളുടെ ആദ്യത്തെ വിഷമപ്രശ്നത്തിനു ശുദ്ധമേ ഇൻഡ്യൻരീതിയിൽതന്നെ പോംവഴി ഉണ്ടായി. മി: ഏ-യെ തെരുവിൻെറ ഒരുവശം സൂക്ഷിച്ചുനോക്കിക്കൊള്ളുന്നതിനു ഏൎപ്പാടുചെയ്തിട്ടു ഞാൻ മറേറവശം സൂക്ഷിച്ചുകൊണ്ടിരുന്നു. പത്തുമിനിട്ടിനകം ഞങ്ങൾ നഗരമദ്ധ്യത്തിൽ ചെന്നിറങ്ങി. അനന്തരം, ഹോട്ടലെന്നു തോന്നിക്കുന്ന എന്തോ ഒന്നു കണ്ടു ഞങ്ങൾ അതിൽചെന്നുകയറി. ചിലർ അവിടെ വൈൻ കുടിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ കയറിയതോടുകൂടി അവർ തലപൊക്കി നോക്കി സരസമായി ഒന്നു പല്ലിളിച്ചുകാട്ടി. അവിടത്തെ പരിചാരകൻവന്ന്, "സാറന്മാൎക്കെന്താണു വേണ്ടതു്?" എന്നു ഫ്റഞ്ചുഭാഷയിൽ ഞങ്ങളോടു ചോദിച്ചു. പൊട്ടന്മാരും, മൂകന്മാരും ഉപയോഗിക്കുന്ന ആംഗ്യങ്ങൾകാണിച്ചാണ് ഞങ്ങൾ പറയുന്നതു് അന്യരെ ധരിപ്പി

ക്കേണ്ടതെന്ന് ഇതിനകം ഞാൻ കണ്ടുപിടിച്ചിരുന്നു. അതിനാൽ എൻെറ കൈവിരലുകൾ എല്ലാം ചേത്തു ഞാൻ ചുണ്ടിൽ തൊട്ടുവിച്ചു. മനുഷ്യവർഗ്ഗത്തിൻെറ ഈ സാർവ്വത്രികഭാഷ ഉടൻ മനസ്സിലായി. അവനും ഞാൻ കാണിച്ചതുപോലെ കാണിച്ചിട്ട് "ഇല്ല" എന്ന അത്ഥത്തിൽ തലയാട്ടി. അനന്തരം, "ഇതു മദ്യശാല, ഹോട്ടലല്ല", എന്നു പറയുകയും, അവൻ പറഞ്ഞതു് ഞങ്ങളെ ശരിയായി മനസ്സിലാക്കുന്നതിനു ഒരു ഗ്ലാസ്സ് കൊണ്ടുവന്നു കാണിക്കുകയും ചെയ്തു. പശ്ചിമയൂറോപ്പിലുള്ള ഒരു രാജ്യത്തു പരിഷ്കൃതവർഗ്ഗത്തിൽ പെട്ട രണ്ടുപേർ തമ്മിൽ ആംഗ്യഭാഷ ഉപയോഗിക്കുന്നതോത്തു് ചിരിയടക്കാൻ വയ്യാതെ എനിക്കു ശ്വാസം മുട്ടുകയും ഇംഗ്ലീഷ് മനസ്സിലാകാതെ ഭൂമിയിൽ ഒരിടവും ഇല്ലെന്നു ധൈര്യം പറഞ്ഞിരുന്ന എൻെറ ഒരു പ്രൊഫസർ അപ്പോൾ അവിടെ ഉണ്ടായിരുന്നെങ്കിൽ അയാൾ എന്തു പറയുമായിരുന്നു എന്നു് ഞാൻ വിസ്മയിക്കുകയും ചെയ്യുകയായിരുന്നു. അയാൾ അതിനുശേഷം മിക്കവാറും ഒരു മൗനവ്രതംതന്നെ സ്വീകരിക്കയും, തൻമൂലം പഴയ മുനികളെപ്പോലെയല്ലെങ്കിലും, കൂടുതൽ വിവേകിയായിത്തീരുകയും ചെയ്യുമായിരുന്നിരിക്കണം. ആഹാരം കിട്ടാതെ എൻെറ വയറു് കത്തുകയായിരുന്നതിനാൽ ആ ചിരി കേവലം കളങ്കമററതല്ലായിരുന്നു എന്നുതന്നെയല്ല, ഒരു ഫ്റഞ്ചുകാരനായ ഹോട്ടൽവേലക്കാരനെ ഞാനൊരു ശുദ്ധ സസ്യഭുക്കാണെന്നു ധരിപ്പിക്കയും, തൻമൂലം സസ്യഭക്ഷണം ലഭിക്കയും ചെയ്യുന്നതേതുവിധമെന്നു കണ്ടുപിടിക്കാൻ എനിക്കു സാധിച്ചിരുന്നതുമില്ല. ഏതായാലും ആ മദ്യശാലയിൽ താമസിക്കുന്നതുകൊണ്ടു് ഒരു വിശേഷവും ഇല്ലാതിരുന്നതിനാൽ ഞങ്ങൾ തെരുവിലേക്കിറങ്ങി. കുറെ വാരകൾ അകലെയായി ഒരു വൃദ്ധ ഇരുന്നു് അപ്പവും മധുരനാരങ്ങയും വിൽക്കുന്നതു ഞങ്ങൾ കണ്ടു. ഈ അപ്പത്തിൽ കുറെ ഞങ്ങൾ വാങ്ങി ആത്തിയോടുകൂടി തിന്നു അനന്തരം രണ്ടു കുപ്പി സിററ്റണേഡ് വാങ്ങി അതു പൊതിഞ്ഞിരുന്ന ഈററലിനിടയിൽകൂടി മുഴുവൻ മുത്തിക്കുടിച്ചു. ഞങ്ങളുടെ വിശപ്പും ദാഹവും അടങ്ങി. രണ്ടു ഫ്റാങ്ക് കൊടുത്തു പത്തു മധുരനാരങ്ങാ വാങ്ങി രണ്ടെണ്ണം ഞാൻ തിന്നുകയും, രണ്ടെണ്ണം മി: ഏ-യ്ക്കു് കൊടുക്കുകയും ചെയ്തിട്ടു്, ബാക്കി ആറെണ്ണം എൻെറ പാക്കററിൽ നിക്ഷേപിച്ചു. അതോടുകൂടി ആ പാക്കററു വീത്തു തള്ളിനിൽക്കുന്നുണ്ടായിരുന്നു. അതിനുശേഷം ഞങ്ങൾ വലിയ ആഹ്ളാദത്തോടുകൂടി കുക്കിൻെറ ബ്രാഞ്ചാഫീസ് അന്വേഷിച്ചു യാത്രതുടങ്ങി.

ഞങ്ങൾക്കാവശ്യമുള്ളതെന്തെന്നു മനസ്സിലാക്കാൻ സാധിക്കുന്ന ഒരുവനെ കണ്ടുപിടിക്കുന്നതും, അയാൾ കുക്കിൻെറ ആഫീസി

ലേക്കുള്ള വഴി പറഞ്ഞുതരുന്നതും എങ്ങനെയാണെന്നായിരുന്നു പിന്നത്തെ പ്രശ്നം. ബസ്സിൽ വച്ചുണ്ടായ അനുഭവത്തിനുശേഷം ഫ്റഞ്ചുകാരുടെ പക്കൽനിന്നും ഈ അറിവു ലഭിക്കുന്ന കാര്യത്തെപ്പററി ഞങ്ങൾക്കു വലിയ ആശയൊന്നുമില്ലായിരുന്നു. അതിനാൽ ഞങ്ങൾ ഒരിംഗ്ലീഷുകാരനെ നോക്കിത്തന്നെ നടന്നു. പക്ഷേ സഹിക്കാൻവയ്യാത്ത ധിറുതിയൊന്നും ഞങ്ങൾക്കില്ലായിരുന്നു. ഇരുവശവും ഉള്ള കടകൾ നോക്കിക്കൊണ്ടും, അവയുടെ ജന്നാലകൾകണ്ടു അത്ഭുതപ്പെട്ടുകൊണ്ടും ഞങ്ങൾ അങ്ങനെ നടന്നുപോയി. അവിടൊക്കെ ധാരാളം ആളുകളുണ്ടായിരുന്നു ദക്ഷിണഫ്റാൻസിലേയും ഇററലിയിലേയും ആളുകൾക്കു സഹജമായ പ്രസന്നത അവരിൽ പ്രത്യക്ഷവുമായിരുന്നു ഞങ്ങൾ ചില ആൾജീറിയാക്കാരേയും ട്യൂനിസ്സകാരേയുംകണ്ടെങ്കിലും, താൻ അറബിഭാഷയിൽ അതിനിപുണനാണെന്നും എല്ലാ മുസ്ലീങ്ങളും അറബി മനസ്സിലാക്കുന്നവരാണെന്നും മി. എ- വീരവാദംചെയ്തിരുന്നിട്ടും, അയാൾ പറഞ്ഞതൊന്നും അവക്കു മനസ്സിലായില്ല. ഒന്നുകിൽ ആൾജീറിയാക്കാക്കും, ട്യൂനിസ്സകാക്കും അറബിഭാഷ അറിഞ്ഞുകൂടാ; അതല്ലെങ്കിൽ മി: എ-യുടെ അറബിജ്ഞാനം അത്ര വിപുലമായിരുന്നില്ല. അയാളുടെ സജാതീയർ അത്ഭുതപ്പെട്ടു അയാളെ മിഴിച്ചുനോക്കിയതേയുള്ളു. അവരെല്ലാം ഫ്റഞ്ചുകാരായിത്തീർന്ന മുസ്ലീങ്ങളായിരിക്കണമെന്നും, മൊറോക്കോക്കാരും, ഈജിപ്തുകാരുമെങ്കിലും തൻെറ അറബി നല്ലവണ്ണം മനസ്സിലാക്കാതിരിക്കയില്ലെന്നും, അവർ പോയതിനുശേഷം മി: എ. എന്നോടു പറയുകയുണ്ടായി. ഉടൻതന്നെ അവിടെ നടന്നുകൊണ്ടിരുന്ന ഒരു സംഘം മൊറോക്കോപ്പട്ടാളക്കാരെ ഞങ്ങൾ കണ്ടു. അക്ഷീണയത്നനായ മി: എ. അവരെ സമീപിച്ചു ഗംഭീരമായി സലാംവച്ചതിനുശേഷം, കററമററ അറബിയിൽ ഒരു സംഭാഷണം ആരംഭിക്കാൻ ശ്രമിച്ചു. പക്ഷേ ഫലം മുമ്പിലത്തേതിൽനിന്നു ഒട്ടും മെച്ചമായിരുന്നില്ല. ഏതായാലും ഈ ശ്രമംകൊണ്ടു ഒരു നേരമ്പോക്കുണ്ടായി. ഫ്റഞ്ചുകാരുടെ ഉപനിവേശരാജ്യങ്ങളിൽ നിന്നു ശേഖരിച്ചുവന്ന പട്ടാളങ്ങൾക്കു്, വിശിഷ്യ; ആൾജീറിയാക്കാർ, ട്യൂനിസ്സകാർ, മൊറോക്കോക്കാർ എന്നിവക്കു് ഫ്റാൻസിനോടുള്ള ഭക്തിയെ ഭംഗപ്പെടുത്താൻ ശ്രമിച്ചുവരുന്നവരെന്നു സംശയിക്കപ്പെട്ടിരുന്ന ജമ്മൻ ചാരന്മാരെപ്പററി ഫ്റഞ്ചുകാക്കു യുദ്ധാനന്തരം അത്യുൽക്കടമായ ഭീതിയുണ്ടായിരുന്നു. ഇവരിൽ മൊറോക്കോക്കാർ ഫ്റഞ്ചുഭരണത്തിൻകീഴിലോ, സംരക്ഷണയിലോ വളരെക്കാലം കഴിഞ്ഞുകൂടിയിരുന്ന ആൾജീറിയാക്കാരേയും, ട്യൂനിസ്സകാരേയുംകാൾ കൂടുതൽ ഉൽക്ഷോഭ്യരാണെന്നു വിശ്വസിക്കപ്പെട്ടിരുന്നതിനാലും, സ്വഭാവേനതന്നെ അവർ അധികാരത്തിനു കീഴട

ങ്ങാത്ത അക്രമബുദ്ധികളായിരുന്നതിനാലും, നാമമാത്രമായിട്ടെങ്കിലും അവർ ഒരു സ്വതന്ത്രസുൽത്താന്റെ പ്രജകളായിരുന്നതിനാലും, ഫ്റഞ്ചുകാർ അവരെപ്പററി കൂടുതൽ ശ്രദ്ധിച്ചിരുന്നു തന്റെ സജാതീയരോടു ഒരു സൗഹാർദ്ദസംഭാഷണത്തിനു മി: എ. ശ്രമിച്ചതു ചില വഴിപോക്കരിലും, പോലീസുകാരിലും സംശയം ജനിപ്പിച്ചിരിക്കണം. എന്തെന്നാൽ, ഞങ്ങൾ മൊറോക്കോക്കാരുടെ അടുക്കൽനിന്നു ഒരു നൂറുവാര തികച്ചു നടക്കുന്നതിനുമുമ്പ് അടുത്തുള്ള ഒരു മദ്യശാലയിൽ നിന്നു രണ്ടു പോലീസുകാർ ഞങ്ങളുടെ മേൽ ചാടിവീണു "പേപ്പിയർ" "പേപ്പിയർ" എന്നു ചോദിച്ചു. അവർ ആവശ്യപ്പെട്ടതെന്തെന്നു മനസ്സിലാകാത്ത ഞങ്ങൾ അവരെ മിഴിച്ചുനേക്കുക മാത്രം ചെയ്തു പക്ഷെ കൂടുതൽ ഭംഗ്യങ്ങളൊന്നും ആചരിക്കാൻ നിൽക്കാതെ അവർ ഞങ്ങളുടെ പാക്കററിൽ കയ്യിട്ടു ഒരു പരിശോധന തുടങ്ങി. എന്റെ മധുരനാരങ്ങയെ ഉദ്ദേശിച്ചു ഞാൻ അല്പം ഭയപ്പെട്ടതിനാൽ, "ഇതെല്ലാം ഞാൻ വാങ്ങിയ മധുരനാരങ്ങയാണ്; അതെന്തിനാണ് എടുക്കുന്നതു" എന്നു ഞാൻ ചോദിച്ചു. ഒരൊററ ഇംഗ്ലീഷുവാക്കുപോലും മനസ്സിലാകാത്ത ആ പോലീസുകാരുടെ ചെവിയിൽ ഈ പ്രതിഷേധവും, സൂചനയും ഒന്നും കയറിയതേയില്ല. ഒരു വലിയ ജനസംഘം ഞങ്ങളുടെ ചുററും കൂടുന്നുണ്ടെന്നുകണ്ടു് അവർ ധിറുതിയിൽ പാക്കററു പരിശോധന അവസാനിപ്പിച്ചു. ഭാഗ്യവശാൽ ഞങ്ങളുടെ പാസ്പോർട്ടുകൾ ഉള്ളിലെ പാക്കററിൽ ഉണ്ടായിരുന്നു. അതു കണ്ടു ഉടൻ പോലീസുകാരുടെ ഭാവമെല്ലാം മാറി. അവരിൽ ഒരുവൻ എന്റെ പാസ്പോർട്ടു് എടുത്തു് ഉയർത്തിപ്പിടിച്ചുകൊണ്ടു് 'ഇതാ!' എന്നു മററവനോടു പറഞ്ഞു രണ്ടാമൻ ഉടൻതന്നെ മി. എ. യുടെ പാസ്പോർട്ടും എടുത്തു നാരങ്ങാസ്സുപുറമെ എന്റെ പാസ്പോർട്ടുംകൂടി ഈ പോലീസ്സുകാർ എടുത്തുകളയുമെന്നു ഭയന്നു് "ഇതെന്റെ പാസ്പോർട്ടാണു്, അതു തരണം" എന്നു ഞാൻ പറഞ്ഞു. പോലീസുകാർ പാസ്പോർട്ടിലുള്ള ഞങ്ങളുടെ ഫോട്ടോയും, ഞങ്ങളേയും നോക്കി. പിന്നിട്ടു് അവർ അതിന്റെ ഫ്റഞ്ചുവശം സൂക്ഷിച്ചു പരിശോധിച്ചു. അപ്പോഴേക്കു് അവർ അസന്നിഗ്ദ്ധമായ ക്ഷമാപണഭാവം കൈക്കൊള്ളുകയും, "ബ്രിട്ടിഷുപ്രജകൾ", എന്നു തമ്മിൽ പറയുകയും ചെയ്തു. അതിനുശേഷം അവർ ഞങ്ങളുടെ നേരേ തിരിഞ്ഞു, "ക്ഷമിക്കണം; താങ്കൾ ഏതു രാഷ്ട്രക്കാരാണെന്നു അറിവില്ലായിരുന്നു. ഞങ്ങളുടെ ഹൃദയപൂർവ്വമായ ക്ഷമാപണം സ്വീകരിച്ചാലും" എന്നു പറഞ്ഞിട്ടു്, എന്റെ നാരങ്ങാ ഉൾപ്പെടെയുള്ള ഞങ്ങളുടെ വകകളെല്ലാം തിരികെ ഏല്പിക്ക

യും, പോകാൻ ഞങ്ങളെ അനുവദിക്കയും ചെയ്തു. അവർ ഫ്റഞ്ച ഭാഷയിൽ പറഞ്ഞതിൻെറ സാരം ഞങ്ങഠം മനസ്സിലാക്കുകയും, ഞാൻ മി. ഏ യോടു ഇങ്ങനെ പറയുകയും ചെയ്തു. "ഇവർ നമ്മുടെ പാസ്പോർട്ടു കണ്ടതു് എത്ര നന്നായിപ്പോയി. ഇല്ലെങ്കിൽ നാം കണക്കററ വിഷമിക്കേണ്ടിവരുമായിരുന്നു."

മി. ഏ:—ഒരുപക്ഷെ "പേപ്പിയർ" എന്നു ചോദിച്ചതുകൊണ്ടു് നമ്മുടെ പാസ്പോർട്ടു മാത്രമായിരിക്കും അവർ ആവശ്യപ്പെട്ടതു്.

ഞാൻ—എനിക്കും അങ്ങനെതോന്നുന്നു. ഇനി നമുക്കു് കുക്കിൻെറ ആഫീസിലേക്കു പോകാം.

പിന്നെയും ഞങ്ങഠം ആഹ്ളാദചിത്തരായി മാഴ്സെയിൽസു തെരുവുകളിൽക്കൂടി നടന്നു. ഒരു വലിയ ഷാപ്പിൻെറ മുമ്പിൽ ജനാലയുടെ സമീപം പല കോമളപദാൎത്ഥങ്ങഠം നല്ല അലംകാരഭംഗിയോടുകൂടി പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നതു നോക്കിക്കൊണ്ടു് ഒരു വലിയ ജനസംഘം കൂടിയിരിക്കുന്നതു ഞങ്ങഠം കണ്ടു. അക്കൂട്ടത്തിൽ ഒരിംഗ്ലീഷുപട്ടാളക്കാരനും ഉണ്ടായിരുന്നു. ഞങ്ങഠം അയാളുടെ അടുത്തുചെന്നു നില്പുകൊണ്ടു.

അപ്പോഴേക്കു് അയാഠം "ഭംഗിയായിരിക്കുന്നു, ഇല്ലേ?" എന്നിങ്ങനെ ഞങ്ങളോടു ചോദിച്ചു.

ഞാൻ: അതെ. കുക്കിൻെറ ആഫീസെവിടെയെന്നു പറഞ്ഞുതരുമോ?

അയാഠം:—ഓഹോ! അടുത്തുതന്നെയാണു്. ഞാൻതന്നെ നിങ്ങളെ അവിടെ കൊണ്ടുപോകാം.

എന്നുപറഞ്ഞു അയാഠം നടന്നുകഴിഞ്ഞു. ഇൻഡ്യയിൽ ഞങ്ങഠം ഭയപ്പെട്ടുമായിരുന്ന ഇതേപട്ടാളക്കാരൻ ഇത്ര സന്നദ്ധതയോടുകൂടി ഞങ്ങളെ സഹായിക്കുന്നതെങ്ങനെയെന്നു ഞാൻ വിസ്മയിച്ചു. ഞങ്ങഠം ഇൻഡ്യാക്കാരാണെന്നറിഞ്ഞതിൽ അയാഠംക്കു വളരെ സന്തോഷം തോന്നുകയും, അങ്ങോട്ടു ചോദിക്കാതെതന്നെ, വെള്ളക്കാരേയും, കറുത്തനിറക്കാരേയും, തവിട്ടുനിറക്കാരേയും യുദ്ധം സമന്മാരാക്കിയിരിക്കുന്നു എന്നു പറയുകയും ചെയ്തു. മറെറങ്ങും കണ്ടിട്ടില്ലാത്ത ഒരു മുഗ്ദ്ധതയോടുകൂടി അയാഠം പിന്നെയും തുടൎന്നു:—"കറുത്തനിറക്കാരെ റൈൻനദിയുടെ തീരത്തു കാണേണ്ടിയിരുന്നു!—ജൎമ്മൻകാരുടെമേൽ അവർ കോയ്മഭരിക്കുന്നതു്. ഒരേഴുകൊല്ലത്തിനുമുമ്പു ഇതു് സാധിക്കയില്ലായിരുന്നു" ഞങ്ങഠം ഇതു സമ്മതിച്ചു. ഉടൻത

ന്നെ കുക്കിൻെറ ആഫീസ്സ് കാണുകയും, ഞങ്ങളുടെ യോധസഖാവിന് ഒരു ലോപവുംകൂടാതെ ധാരാളം നന്ദിപറഞ്ഞിട്ട് ഞങ്ങൾ അയാളെ വിട്ടുപിരിയുകയും ചെയ്തു. പക്ഷെ പിരിഞ്ഞുപോകുന്നതോടുകൂടി അയാൾ പറയുകയാണ്:—"ഹ, ഇവിടത്തെ ഈ ഫ്റഞ്ചുകാർ ഒരിക്കലും നന്നാവുകയില്ല. യുദ്ധത്തിനുശേഷവും അവൎക്കു ഇംഗ്ലീഷ് അറിഞ്ഞുകൂട. പക്ഷെ അവരുടെ നേരമ്പോക്കുള്ള ഭാഷ ഒരിക്കൽ സംസാരിക്കാൻപഠിച്ചാൽ പിന്നെ അവർ ഇപ്പോഴത്തേതിൽ പകുതിപോലും ചീത്തകളല്ലെന്നു മനസ്സിലാകും." കുക്കിൻെറ ആഫീസിൽ മി. എ. തൻെറ കാൎയ്യം ദ്രുതഗതിയിൽസാധിച്ചു. അയാൾ തൻെറ ചെക്കു കാണിച്ചു പണംവാങ്ങി. പിന്നീടു തനിക്കു കത്തുകൾ വല്ലതും വന്നിട്ടുണ്ടോ എന്നന്വേഷിച്ചു. എന്നാൽ, അയാൾ തങ്ങളുടെ പക്കൽനിന്നു ടിക്കററെടുത്തു യാത്രചെയ്താൽ വേണ്ട സഹായങ്ങളെല്ലാം ഉടനുടൻ ചെയ്തുകൊടുക്കാമെന്നു സമ്മതിക്കുന്നതും അയാളുടെ പണം ബാങ്കിൽ സൂക്ഷിക്കാൻ തങ്ങൾ എപ്പോഴും തയാറാണെന്നു അറിയിക്കുന്നതും ആയ മെസേഴ്സ് ഗ്രിൻഡ്ലേ കമ്പനിക്കാരുടെ ഒരൊററ അച്ചടിച്ച കത്തുമാത്രം വളരെനേരം തിരഞ്ഞതിനുശേഷം പൊട്ടിച്ചപടി അയാളെ ഏല്പിക്കുക ഉണ്ടായി. സാധു മി: എ. അച്ചടിച്ച ഈ നിഷ്ഠൂരത കണ്ടപ്പോൾ രോഷാവേശംകൊണ്ടു രക്തവൎണ്ണനായി ചമഞ്ഞു. സ്നേഹിതന്മാരുടേയും, സിയാൽക്കോട്ട്കളിസ്സാമാനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരുടേയും പക്കൽനിന്നും ഒട്ടനേകം കത്തുകൾ പ്രതീക്ഷിച്ചിരിക്കവേ, ആരെയെങ്കിലും സല്ക്കരിക്കാൻ പഴുതുനോക്കിയിരിക്കുന്നതെന്നു തോന്നിക്കുന്ന ഈ കമ്പനിക്കാർമാത്രം ഇതാ അവരുടെ ഏകാന്തസ്വാഗതം അയാൾക്കരുളുന്നു. പണം തരാനുള്ളവനെ അന്വേഷിച്ചു ചെല്ലുമ്പോൾ വാറണ്ടു കാണുന്നതുപോലെയായിരുന്നു ഇതു്. തന്നിമിത്തം കുക്കിൻെറ ആഫീസ് മി. എ-യ്ക്കു വളരെ വെറുത്തു ഒടുവിൽ, പല നിരാശകൾക്കു സങ്കേതമായ ആ സ്ഥലം വിട്ടു, സുപ്രസന്നമായ മാഴ്സെയിൽസ് നഗരത്തിൽ ചുററിനടക്കാൻ ഞങ്ങൾ തിരുമാനിച്ചു. മൂന്നുമണിക്കൂർനേരം ചുററിനടന്നു കാഴ്ചകണ്ടതിനുശേഷം ഞങ്ങൾ ഒരു ചായക്കടയിൽ കയറി, ധാരാളം കേക്കു (ഒരു പലഹാരം)കളടങ്ങിയ ഒന്നാംതരം ഒരു ചായ കഴിച്ചു. ഈ മോടിപിടിച്ച ഭക്ഷണത്തെ അപേക്ഷിച്ചുനോക്കുമ്പോൾ കപ്പലിലെ ചായ കാശിനു കൊള്ളാത്തതായിരുന്നു എന്നുമാത്രമല്ല, ഇതിനു ഞങ്ങൾ ഇരുവരുംകൂടി അഞ്ചു ഫ്റാങ്കു കൊടുത്തതിൽ ലേശം സങ്കടപ്പെട്ടതുമില്ല. അപ്പോഴത്തെ നാണയ വിനിമയനിരക്കു ഞങ്ങൾക്കനുകൂലവുമായിരുന്നു.

ചായ കഴിഞ്ഞപ്പോൾ ഞങ്ങൾ ഡാക്സിൽ ഞങ്ങളുടെ സാമാനങ്ങളുടെ അടുക്കലേക്ക് തിരിച്ചുപോകാൻ ഭാവിച്ചു. ഇവിടെ ഒരു വിഷമംവന്നുകൂടി. ഞങ്ങൾക്ക തിരികെ ചെന്നെത്തേണ്ട സ്ഥലത്തിന്റെ പേരെങ്ങനെ പറയും? മാഴ്സെയിൽസിൽ അതിവിസ്തൃതങ്ങളായ പല ഡാക്കുകൾ ഉണ്ടായിരുന്നതിനാൽ ഞങ്ങളുടെ ഡാക്ക് ഏതെന്നു എങ്ങനെയാണ് പറയേണ്ടതു്? എല്ലാററിലും ഉപരിയായി, ഡാക്കിലേക്ക പോകുന്ന ബസ്സിന്റെ നമ്പരെങ്ങനെയാണ കണ്ടുപിടിക്കേണ്ടതു ? ഈ വിഷമപ്രശ്നങ്ങളെപ്പററി ഞങ്ങൾ ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ആരാണ് അതുവഴിവന്നതു്! കുക്കിന്റെ ആഫീസിലേക്ക വഴികാണിച്ച ആ പട്ടാളക്കാരനല്ലാതെ മാററാരാണ്! കുക്കിന്റെ ആഫീസിലെ കാര്യങ്ങൾ തീർന്നോ എന്നും പട്ടണം കണ്ടുകഴിഞ്ഞോ എന്നും അയാൾ ഞങ്ങളോടു ചോദിച്ചു. "ഉവ്വ്" എന്നു മറുപടിപറഞ്ഞിട്ടു ഞങ്ങളുടെ പുതിയ വിഷമങ്ങൾ അയാളെ ധരിപ്പിച്ചു. അയാൾ ഒന്നു ചിരിച്ചിട്ട്, "എനിക്ക നിങ്ങളെ സഹായിക്കാൻ കഴിയും" എന്നു മറുപടി പറഞ്ഞു. അനന്തരം അയാൾ ഞങ്ങളെ മറെറാരു റോഡിലേക്ക നയിച്ചിട്ടു ഒരു പോലീസുകാരന്റെ അടുക്കൽ കൊണ്ടുചെല്ലുകയും, തുറമുഖത്തേക്കുള്ള ബസ്സിൽ ഞങ്ങളെ കയററിഅയയ്ക്കണമെന്നു അയാളെ ചട്ടംകെട്ടുകയും ചെയ്തു. "ഹാംഗർ 7" എന്ന് എഴുതിയ ഒരു കടലാസ്സുതുണ്ട്, ബസ്സിന്റെ കണ്ടക്ടരെ കാണിക്കണമെന്നുപറഞ്ഞു അയാൾ ഞങ്ങളെ ഏല്പിച്ചു. ഞങ്ങൾ നന്ദിപറയുകയും, അയാൾ ബലമായി ഞങ്ങളുടെ കൈ പിടിച്ചു കുലുക്കി പിന്നീടു കാണാമെന്നു ആശംസിക്കയുംചെയ്തു. "കാണുന്നതു ഇവിടെവച്ചല്ലെന്നു വിചാരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു ഞങ്ങൾ രണ്ടുപേരും ചിരിച്ചു. ആ ചിരിയിൽനിന്നു ഞങ്ങളും നേരമ്പോക്കുള്ളകൂട്ടരാണെന്നു കരുതിയിട്ടായിരിക്കാം, ആ പോലീസുകാരനും ഫ്റഞ്ചുഭാഷയിൽ എന്തോ പറഞ്ഞിട്ടു ചിരിച്ചതു്. ഒരു പക്ഷെ അതു അയാൾ പറയുന്ന രീതിയിലും, പിന്നീടുള്ള നടപടിയിലും അടങ്ങിയിരിക്കുന്ന വല്ല നേരമ്പോക്കമായിരുന്നിരിക്കാം. എങ്കിലും, ഞങ്ങൾക്ക ഫ്റഞ്ചുഭാഷ അറിയാൻപാടില്ലാതിരുന്നതിനാൽ അതിന്റെ രസികത്വം മനസ്സിലാക്കാൻ സാധിക്കാത്തതുമൂലം ഞങ്ങൾ ചിരിച്ചില്ല. പോലീസുകാരന്റെ ചിരി ഉടനടി അടങ്ങി. അയാൾ ഞങ്ങളെ സ്കാട്ടുലൻഡുകാരുടെ കൂട്ടത്തിൽതന്നെ മനസ്സുകൊണ്ടു എണ്ണുകയും ചെയ്തിരിക്കണം. ഏതായാലും ഇങ്ങനെ രഹസ്യമായി പററിയ പരാഭവം അയാളെ കത്തവ്യപഥത്തിൽനിന്നു വ്യതിചലിപ്പിച്ചില്ല. പ്രതികാരബുദ്ധിയാലോ, അഥവാ മററുള്ളവരുടെ ബദ്ധപ്പാടുകാണുന്നതിലുള്ള നീചമായ ഔൽ

സുകൃത്താലോ, ഞങ്ങളെ തെററായ ബസ്സിൽ കയററി അയയ്ക്കുമെന്നു ഞാൻ ഭയപ്പെട്ടെങ്കിലും, അയാറം തുറമുഖത്തേക്കുള്ള ബസ്സതന്നെ കാട്ടിത്തരുകയാണുണ്ടായതു്. ഞങ്ങറം മുൻചൊന്ന കടലാസുതുണ്ടു കണ്ടക്ടറെ കാണിക്കുകയും, അയാറം ഉടൻതന്നെ "ഹാംഗർ 7-"ലേക്കു ടിക്കററുതരികയുംചെയ്തു. ഒരു വിഷമവുംകൂടാതെ ഞങ്ങറം അവിടെ എത്തി. അവിടെ ഇറങ്ങിയ ഉടൻ ഞങ്ങളുടെ സാമാനങ്ങളെല്ലാംവച്ചിരുന്ന സ്ഥലത്തേക്കു ചെല്ലുകയും, അവ ഭദ്രമായിരിക്കുന്നതുകണ്ടു അനിർവാച്യമായ സമാധാനം അടയുകയുംചെയ്തു.

ഞങ്ങറം തിരിച്ചെത്തിയപ്പോറം വൈകുന്നേരം മണി അഞ്ചേ ആയിരുന്നുള്ളു. സ്പെഷ്യൽ ട്രെയിൻ പുറപ്പെടുന്നതു് ഏഴുമണിക്കായിരുന്നു. ഞങ്ങളുടെ സാമാനങ്ങളെല്ലാം തൂക്കിക്കുകയും അവയുടെ ചാർജ്ജായി ഞാൻ 40 ഫ്രാങ്കു് കൂടുതൽ കൊടുക്കേണ്ടിവരികയുംചെയ്തു. സാമാനങ്ങറം തൂക്കിക്കഴിഞ്ഞപ്പോറം പഴങ്ങറംമാത്രമടങ്ങിയ അത്യന്തം പ്രൗഢിയേറിയ ഒരു ഭക്ഷണം കഴിച്ചു ഞങ്ങറം ട്രെയിൻകയറാൻ തയാറായി. 7-45-നു് ട്രെയിൻ പുറപ്പെട്ടു എനിക്കും മി: ജീ ക്കും കൂടി ഒരു കമ്പാർട്ടുമെൻറു കിട്ടി. എനിക്കു താഴെയും, മി. ജീ.ക്കു് മുകളിലും ഉള്ള ഓരോ ചെറിയ മുറിയാണു് അതിൽ ലഭിച്ചതു്. അവ വളരെ സുഖപ്രദമായിരുന്നെങ്കിലും ചുരുക്കിപ്പറയുന്നപക്ഷവും അവയുടെ ചാർജ്ജു (6 പവൻ 10 ഷില്ലിംഗ്) വളരെ കൂടുതലായിരുന്നു. ഈ ട്രെയിനിനുള്ള ചാർജ്ജിൻെറ മൂന്നിലൊന്നു കൊടുത്തു കാലത്തുള്ള ട്രെയിനിൽ പാരിസിലേക്കു പോകാമെന്നുദ്ദേശിച്ചു പവിഴവ്യാപാരിയായ മി. എം. പുറകിൽ തങ്ങിക്കളഞ്ഞു. രാത്രി ശൈത്യമേറിയതായിരുന്നതിനാൽ ഞാൻ പുതപ്പുകൊണ്ടു മൂടിപ്പുതച്ചു ഉറക്കമായി. ട്രെയിനിൻെറ ചലനം നേരത്തെ ഉറക്കംവരത്തക്കവണ്ണം അനുകൂലവുമായിരുന്നു. രാവിലെ വളരെ പുലന്നു് ഞാൻ ഉറക്കമുണന്നു നോക്കിയപ്പോറം ഞങ്ങറം പാരിസിലിരിക്കുന്നു. എല്ലാവരും ചായകുടിക്കുന്നതു കണ്ടതോടുകൂടി ഞാനും ചായകുടിക്കുകയും, അതിനുശേഷം ഇടനാഴിയിൽ വർത്തമാനംപറഞ്ഞുകൊണ്ടിരുന്ന മി. ഏ മുതലായവരോടു ചെന്നുചേരുകയും ചെയ്തു. "ട്രെയിൻ മൂന്നുമണിക്കൂർ താമസിച്ചു" എന്നു് ആരോ പറഞ്ഞു.

ഞാൻ:—അപ്പോറം പൗരസ്ത്യരുടെ സമയനിഷ്ഠ അവക്കു മാത്രമല്ല, ഇല്ലേ?

"അങ്ങനെയാണെങ്കിൽ നിങ്ങളെന്തിനു് യൂറോപ്പിലേക്കു വന്നു" എന്നു് കപ്പലിൽവച്ചു ഞാൻ നാക്കുകൊണ്ടു ഒരു ദ്വന്ദ്വയുദ്ധം നടത്തിയിരുന്ന ഒരു കുടിയൻധ്വര എന്നോടു ചോദിച്ചു.

ഞാൻ:—തന്റെ ഉത്തരവിൻപ്രകാരമല്ല ഞാൻ ഇങ്ങോട്ടു പോന്നതു്.

അയാരം:—"എന്തുപറഞ്ഞു!" എന്നു് ഭീഷണിപ്പെടുത്തുന്ന ഒരു സ്വരത്തിൽ ചോദിച്ചുകൊണ്ടു് ഒരടി മുന്നോട്ടുവച്ചു.

ഞാൻ:—ഭീഷണികൊണ്ടു എന്നെ ഇവിടെവച്ചു ഭയപ്പെടുത്തിക്കളയാമെന്നു കരുതേണ്ട. ഇതു ഇൻഡ്യയല്ല. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയുടെ നാടായ ഫ്റാൻസാണിതു്. ഇൻഡ്യയിലെപ്പോലെ ഇവിടെ നിങ്ങൾക്കു് അന്യായമായ ഗുണം കിട്ടുകയില്ല. നാം തമ്മിൽ അടികൂടിയാൽ ഒരേ ജഡ്ജിയും, ജൂറിയും നമ്മെ രണ്ടുപേരെയും വിസ്തരിക്കും.

അയാരം പല്ലിറുമ്മി എന്തോ ഉച്ചരിച്ചുകൊണ്ടു കാൽ പിൻവലിച്ചു. അക്കാലത്തു ഇൻഡ്യയിലെ കോടതികളിൽ കേസ്‌വിചാരണയ്ക്കു വർഗ്ഗവ്യത്യാസം ദീക്ഷിക്കപ്പെട്ടിരുന്നതിനെ ഉദ്ദേശിച്ചാണു് ഞാൻ അങ്ങനെ പറഞ്ഞതെന്നു പ്രസ്താവിക്കണമെന്നില്ല. അല്പംകഴിഞ്ഞു മി: ഗ്രിഫിത്ത്സ് എന്റെ അടുക്കൽവന്നു "ഫ്രാൻസിൽ മാത്രമേ നീതിയുള്ളെന്നു നിങ്ങരം പറഞ്ഞതെന്താണു്? ഇംഗ്ലണ്ടു ഒരുകാലവും ഫ്റാൻസിന്റെ പിന്നണിയിലായിരിക്കയില്ലല്ലോ?" എന്നുചോദിച്ചു. കക്ഷികരം ആരെല്ലാമായിരുന്നാലും, വളരെ കണിശമായ നീതിനിഷ്ഠയോടുകൂടിത്തന്നെ നടന്നുവരുന്ന ഇംഗ്ലീഷുകോടതികളിലെ കേസുവിചാരണകളെപ്പററി ഞാൻ പിന്നീടു അറിഞ്ഞതു അയാരം പറഞ്ഞതിനെ തികച്ചും സാധൂകരിച്ചു.

അക്കൊല്ലം മഞ്ഞുകാലം നേരത്തെ ആരംഭിച്ചതുമൂലം തലേരാത്രി മഞ്ഞു പൊഴിഞ്ഞിരുന്നു. ട്രെയിൻ പാരീസ് നഗരംവിട്ടു അധികം കഴിയുന്നതിനുമുൻപു് ഞങ്ങരം എയിൻനദി കടന്നു. മഹായുദ്ധത്തിൽ കൂടുതൽ കടുംകൊല നടന്ന യുദ്ധങ്ങളിലൊന്നു ഈ നദിയുടെ തീരത്താണുണ്ടായതു്. എയിൻനദീതീരത്തിലെ യുദ്ധത്തെപ്പററി ഞാൻ ചിന്തിച്ചുകഴിയുന്നതിനുമുൻപു് ട്രെയിൻ ബ്യൂവായി എന്ന സ്ഥലം കടന്നു് അമീൻസിലെത്തിയിരുന്നു. അവിടെ പ്ലാററുഫാറത്തിന്റെ ഒരററത്തു കുറെ മഞ്ഞുകട്ടി കിടന്നിരുന്നതു് മി. ഗ്രിഫിത്ത്സ് എന്നെ ചൂണ്ടിക്കാണിച്ചു. പ്രകൃത്യാ ഉള്ള മഞ്ഞുകട്ടി അപ്പോരം ആദ്യമായിട്ടാണു കാണുന്നതെന്നുള്ളതിനാൽ ഞാൻ ട്രെയിനിൽ നിന്നു ഇറങ്ങി അതിൽ ഒരു കഷണം കയ്യിലെടുത്തു. അതു് അത്യന്തം തണുത്തിരുന്നതിനാൽ ഞാൻ അതു് ഉടനടി നിലത്തിട്ടിട്ടു എന്റെ കമ്പാർട്ടുമെൻറിൽ തിരിച്ചുവന്നു. അത്ഭുതപര

തന്ത്രനായി, അതു് ഇത്ര വിശേഷമായി തോന്നാനെന്താണെന്നു് മി: ഏ എന്നോടു ചോദിച്ചു. "മഞ്ഞുകട്ടി ഇപ്പോൾ ആദ്യമായിട്ടാണോ കാണുന്നതു്?" എന്നു് അയാൾ തുടൻ്നു.

ഞാൻ:—അതേ.

എയിൻനദിയും, അതുപോലെതന്നെ യുദ്ധത്തിൽ പ്രാധാന്യം വഹിച്ച അമീൻസും കണ്ടതോടുകൂടി അടുത്ത ഭാവിയിൽതന്നെ യുദ്ധഭൂമികളെല്ലാം കാണണമെന്നു് ഒരു തീരുമാനം—1920-ജൂലൈ മാസത്തിൽ പ്രയോഗപദ്ധതിയിൽ കൊണ്ടുവന്ന ഒരു തീരുമാനം—ഞാൻ ചെയ്തു. അബിവിൽ എന്ന സ്ഥലം കടന്നു് വൈകുന്നേരം നാലരമണിക്കു ട്രെയിൻ ബോളോണിലെത്തി സമയം വളരെ താമസിച്ചുപോയിരുന്നതിനാലും, ഇംഗ്ലീഷ് ചാനൽ ക്ഷോഭിച്ചിരുന്നതിനാലും, പിറേറദിവസംമാത്രമേ ചാനൽ കടക്കുകയുള്ളൂ എന്നും, മെയിൽബോട്ടു രാവിലെ എട്ടുമണിക്കു് ബൊളോണിൽനിന്നു പുറപ്പെടുമെന്നും അവിടെവച്ചു ഞങ്ങൾക്കറിവുകിട്ടി. അതിനാൽ ഞങ്ങൾ ബൊളോണിൽ ഇറങ്ങി, അവിടെയുള്ള രണ്ടു ഹോട്ടലുകളിലേതിലെങ്കിലും രാത്രി കഴിച്ചുകൂട്ടാൻ നിർബ്ബന്ധിതരായി. തന്നിമിത്തം ഞങ്ങൾ സാമാനങ്ങളെല്ലാമായി അവിടെ ഇറങ്ങി, വലിയ ഹോട്ടലിൽ ചെന്നുകയറി. എനിക്കും മെ: ജി., എസ്സ്., എന്നിവൎക്കുംകൂടി ഒരു മുറി കിട്ടി. ആറു ചെറിയ റൊട്ടിയും, കുറെ പാലും കഴിച്ചതിനുശേഷം ഞാൻ കിടക്കയിൽ ചെന്നുകിടന്നു ഗാഢനിദ്ര പ്രാപിച്ചു.

പിറേറദിവസം രാവിലെ ഉണൎന്നു് ഞാൻ അപ്പം, പഴങ്ങൾ, വെണ്ണ, കാപ്പി, എന്നിയവയടങ്ങിയ നല്ല ഒരു പ്രഭാതഭക്ഷണം കഴിച്ചു. അനന്തരം 1803-ൽ ഇംഗ്ലണ്ടിനെ ആക്രമിക്കാൻ ഉദ്ദേശിച്ചു് തന്റെ സൈന്യങ്ങളുമായി നെപ്പോളിയൻ പാളയമടിച്ചിരുന്ന കടൽപ്പുറത്തേക്കു എന്റെ സാമാനങ്ങളെല്ലാമെടുപ്പിച്ചുകൊണ്ടു് ഞാൻ പോയി. വളരെ ക്ലേശിച്ചു ഓരോരുത്തനായി മററുള്ള യാത്രക്കാരും അവിടെ വന്നുചേൎന്നു. ഞങ്ങളിൽ ആൎക്കുംതന്നെ പ്രസന്നത ഉണ്ടായിരുന്നില്ല. ഒരുദിവസത്തെ അപ്രതീക്ഷിതമായ താമസംമൂലം ഞങ്ങളെല്ലാം അല്പം വല്ലായ്മപ്പെട്ടിരുന്നു. ചുങ്കസ്ഥലത്തെ ഒഴിച്ചുകൂടാൻപാടില്ലാത്ത സാമാനപരിശോധനയും പാസ്പോർട്ടു് അവയുടെ ഫ്റഞ്ചുപ്രതികൾ മുതലായവയുടെ പരിശോധനയും, കഴിഞ്ഞു ഞങ്ങൾ മെയിൽബോട്ടുകയറി ഡോവറിലേക്കു പുറപ്പെട്ടു. സാധാരണ ബോട്ടു ഫോക്കസ്റ്റണിലേക്കാണു പോകുന്നതെങ്കിലും അന്നു അസൗകൎയ്യപ്രദമായ പല പരിതഃസ്ഥിതികൾ ഒരുമിച്ചുകൂടുകയാൽ ബോട്ടു ചാനൽമുറിച്ചു് ഡോവറിലേക്കു പിടിക്കുകയാണു ചെയ്തതു്. അന്നു ശൈത്യമേറിയ ഒരു ദിവസമായിരുന്നതി

നാൽ ചാനൽ ക്ഷോഭിച്ചുമിരുന്നു. പ്രസ്തുതചാനൽ സാരമില്ലെന്നുള്ള ഒരു അഭിപ്രായമാണു എനിക്കുണ്ടായിരുന്നതു്. എന്നുതന്നെയല്ല, ഒരു തടാകംപോലെ ഓളങ്ങളൊന്നുമില്ലാതെ ശാന്തമായികിടക്കുന്ന എന്തോ ഒന്നു കാണുമെന്നാണു ഞാൻ ഉദ്ദേശിച്ചിരുന്നതും. എന്നാൽ പ്രക്ഷുബ്ധമായ ആ ജലവിഭാഗം കണ്ടപ്പോഴേക്കു് ഞാൻ അല്പമായൊന്നു അമ്പരക്കുകയും, സ്പെയിൻകാരുടെ പടക്കപ്പൽക്കൂട്ടത്തിനു പററിയ വിലക്ഷണമായ തോൽവിക്കു കുറെയൊക്കെ സാധുത്വമുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു. എതിർവശത്തുള്ള ഇംഗ്ലീഷുതീരം ഒരു നോക്കു കാണുന്നതിനു ഞാൻ എൻെറ കണ്ണുകളെ വളരെ ക്ലേശിപ്പിച്ചെങ്കിലും, ഒരു മൂടൽമഞ്ഞുമൂലം എനിക്കതു സാധിച്ചില്ല. ചാനൽ കടക്കുന്നതിനു മൂന്നുമണിക്കൂർ നേരം വേണ്ടിവന്നു. അതു അല്പം ക്ഷോഭിച്ചിരുന്നതു കാണുകയാൽ ചില യാത്രക്കാർക്കുണ്ടായ ഭീതിമൂലം എനിക്കു കുറെയൊക്കെ രസംതോന്നി. ഒടുവിൽ കിഴക്കാംതൂക്കായ ഡോവർതീരം ദൃഷ്ടിപഥത്തിലെത്തുകയും, ഷേക്സ്പീയർമഹാകവിയുടെ "കിംഗ്ലീയർ" നാടകത്തിലെ, ആ സുപ്രസിദ്ധമായ രംഗം ഞാൻ അനുസ്മരിക്കയും ചെയ്തു. ഡോവർതീരം വാസ്തവത്തിൽ ഹൃദയസ്പൃക്കമാണു്. പക്ഷെ അതു പൊക്കംകൊണ്ടല്ല കിഴക്കാംതൂക്കായ ചാക്കു് (chalk) പാറകളായതുകൊണ്ടാണു്. ഡോവർ എന്നിൽ * സിങ്ക്പോട്ടുകളുടെ കാലത്തേപ്പററിയുള്ള സ്മരണയെ ഉളവാക്കി. താമസിയാതെതന്നെ ചുങ്കസ്ഥലം കണ്ടുതുടങ്ങി. ഞങ്ങൾ കപ്പലിറങ്ങി, അത്യന്തം ഭയങ്കരമായ പരിശോധനയ്ക്കടിപെട്ടു. ഇംഗ്ലീഷു ചുങ്കം ഉദ്യോഗസ്ഥന്മാർ ഫ്രഞ്ചുകാരേക്കാൾ കൎശനമായി പരിശോധന കഴിക്കയുണ്ടായി. ഞങ്ങൾ സാമാനങ്ങളെല്ലാം ഒരു നീണ്ട മുറിയിലുള്ള ബെഞ്ചിൽ കൊണ്ടുവയ്ക്കണമെന്നു അവർ ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥന്മാർ ചുററിനടന്നു പരിശോധിച്ച സാമാനങ്ങളെല്ലാം ഒരു ചാക്കുകട്ടകൊണ്ടു അടയാളപ്പെടുത്തുകയാണു് പതിവു്. അവരവരുടെ സാമാനങ്ങളെല്ലാം ആദ്യം പരിശോധിച്ചു കിട്ടണമെന്നു ഓരോരുത്തരും വെപ്രാളപ്പെട്ടപ്പോൾ ഞാൻ മാത്രം ആ നിയമത്തിനു വ്യത്യസ്തമല്ലായിരുന്നു. എൻെറ സാമാനങ്ങൾ വേഗം ബെഞ്ചിൻെറ മുകളിൽ കൊണ്ടുചെന്നു വെയ്ക്കുകയുണ്ടായി. അവയിൽ രണ്ടു സൂട്ടുകേസ്, ഒരു വലിയ പൈൻപെട്ടി, ഒരു റെയിൽസഞ്ചി, പിന്നെ കുറെ ചില്ലറ സാമാനങ്ങൾ, എന്നിവ അടങ്ങിയിരുന്നു.

---

* സിങ്ക്പോട്ട് എന്നു പറഞ്ഞിരുന്നതു് ഇംഗ്ലണ്ടിൻെറ ദക്ഷിണതീരത്തുള്ള അഞ്ചു തുറമുഖങ്ങളെയാണു്. യുദ്ധകാലങ്ങളിൽ ഈ പട്ടണങ്ങൾ സ്വന്തംചെലവിൽ കുറെ പടക്കപ്പലുകൾ സജ്ജീകരിച്ചു കൊടുക്കുന്നതിനു പ്രതിഫലമായി അവയ്ക്കു ചില പ്രത്യേകാവകാശങ്ങൾ രാജാവു അനുവദിച്ചിരുന്നു. ഇപ്പോൾ ഈ ഏർപ്പാടില്ല.

സൂട്ട്കേസിലും, പൈൻപെട്ടിയിലും എന്താണുള്ളതെന്ന് ചുങ്കംഉദ്യോഗസ്ഥൻ എന്നോടു ചോദിച്ചു.

ഞാൻ—പുസ്തകങ്ങളും വസ്ത്രങ്ങളും.

ഉദ്യോ—എല്ലാം തുറക്കണം.

ഞാൻ സൂട്ട്കേസുകളും റെയിൽസഞ്ചിയും തുറന്ന് അവയുടെ ഉള്ളിലിരുന്നതെല്ലാം കാണിച്ചു. ബാംബെക്കാരൻ തന്നിരുന്ന വിശേഷപ്പെട്ട വസ്ത്രങ്ങൾ കണ്ട് അദ്ദേഹം പുഞ്ചിരികൊണ്ടു. ഞാൻ ചുരുട്ടിക്കൂട്ടിവച്ചിരുന്നതും, മദാമ്മമാരുടെ ഡ്രസ്സിംഗ്ഗൗണെന്നു തോന്നിക്കുന്നതും ആയ വസ്ത്രങ്ങൾ എടുത്ത് ദുരൂഹമായ ഒരു ഭാവവിശേഷത്തോടുകൂടി അദ്ദേഹം അതിൽതന്നെ സൂക്ഷിച്ചുനോക്കി. അനന്തരം പൈൻപെട്ടി തുറക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. എന്നാൽ എല്ലാവശത്തും ഭദ്രമായി ആണി അടിച്ചിരുന്ന ആ പെട്ടി തുറക്കാൻ വിഷമമാണെന്നു ഞാൻ പറഞ്ഞു. "പക്ഷേ അത് എങ്ങനെയെങ്കിലും തുറക്കണ"മെന്നു പറഞ്ഞിട്ട് ഒരു പ്യൂണിനോടു ചുററികപ്രയോഗം നടത്താൻ അദ്ദേഹം ആജ്ഞാപിച്ചു.

ഞാൻ—അതിൻെറ അടപ്പു പൊട്ടിത്തുറന്നുപോയാലെന്തുചെയ്യും? പിന്നെ അതു കൊണ്ടുപോകാൻ എനിക്കു സാധിക്കയില്ലല്ലോ.

"എന്തുചെയ്യാം!" എന്നു ഇതിന് അദ്ദേഹം മറുപടിപറഞ്ഞെങ്കിലും എൻെറ മുഖം മ്ലാനമാകുന്നതുകണ്ട് വീണ്ടും ഇങ്ങനെ തുടന്നു:—"ഭയപ്പെടേണ്ട. പരിശോധനകഴിഞ്ഞു പ്രത്യേകമായി വിചാരിച്ചു നിങ്ങളുടെ പെട്ടിമാത്രം വീണ്ടും ആണിഅടിച്ചുതരാം." എന്നാൽ ഈ ഔദാര്യത്തിനു് ആവശ്യം വന്നില്ല. ചുററികകൊണ്ടുള്ള ആദ്യത്തെ അടിക്കുതന്നെ നമ്മുടെ പഴയ പൈൻപെട്ടിയുടെ ഒരുതുണ്ടു് തെറിച്ചു ദൂരെപ്പോയി. നാലിഞ്ചു നീളമുള്ള ആണിയൊന്നും ഊരുന്ന ലക്ഷണം കണ്ടില്ല. ഉദ്യോഗസ്ഥനും പ്യൂണിനും പേടിയായിത്തുടങ്ങി. കൂടുതൽകൂടുതൽ യാത്രക്കാർ അവരുടെസാമാനങ്ങളുമായി വന്നുചേരുന്നുണ്ടായിരുന്നു. തന്നിമിത്തം അദ്ദേഹം ഇങ്ങനെ പറഞ്ഞു. "നിങ്ങളുടെ സാമാനമെല്ലാം എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം. നിങ്ങൾ പറയുന്നതുപോലെ ആ പെട്ടിയിൽ പുസ്തകങ്ങൾ മാത്രമേയുള്ളു എന്ന് ഞാനും പറയുന്നു. അതു് ഇംഗ്ലണ്ടുവരെയുള്ള യാത്രയിൽ കേടുപാടൊന്നുംകൂടാതിരുന്നതാണത്ഭുതം. അതു പഴയതാണോ?"

ഞാൻ – വളരെ!

അനന്തരം രണ്ടു പോർട്ടറന്മാരെക്കൊണ്ടു് എൻെറ സാമാനങ്ങളെല്ലാം എടുപ്പിച്ചു ഞാൻ അവിടെനിന്നും പിരിഞ്ഞു. പ്രിയ

പ്പെട്ട ആ പഴയ പൈൻപെട്ടി, അതിന് സുദീർഘമായ ഒരായുസ്സുണ്ടായിരുന്ന പതിന്നാലണകൊടുത്തു് എ. ഡി. 1912-ൽ തിരുവനന്തപുരത്തുനിന്നും പഴവിലയ്ക്കുവാങ്ങിയ ആ പെട്ടി 1919-ൽ എൻെറപുസ്തകങ്ങളും വഹിച്ചുകൊണ്ടു ഇംഗ്ലണ്ടിൽപോവുകയും, ഇംഗ്ലണ്ടിൻെറ ദക്ഷിണതീരത്തിലെ സുഖവാസസ്ഥലങ്ങൾ, ഫ്രാൻസ്, ജർമ്മനി, ബൽജിയം എന്നിങ്ങനെ പലേടങ്ങളിലേക്കുള്ള യാത്രകൾക്കുശേഷം, 1922-ഡിസംബറിൽ എന്നോടൊത്തു ബാംബയിൽ മടങ്ങിഎത്തി, ഒരു വിശ്വസ്തനായ തെണ്ടിയെന്നനിലയിൽ എൻെറ സഹോദരൻെറക്കൂടെയാക്കപ്പെട്ടുകയും ചെയ്തതിനശേഷം, ഇതാ ഇപ്പോഴും വിറകുപെട്ടി എന്ന നിലയിൽ ഭഗീരഥോചിതമായ മഹാസേവനം ചെയ്യുന്നു! അതു്, അതെ, ഈ പെട്ടി, ഒരു പളപളപ്പനല്ലായിരുന്നു. എങ്കിലും അതുകഴിഞ്ഞ പതിന്നാലുസംവത്സരക്കാലം ആർഭാടരഹിതമായി അതിപ്രയോജനകരമായ വേലചെയ്യുകയായിരുന്നു. അതു കണ്ടു ചിലർ അതിൻെറ വിശ്വസ്തതയ്ക്കു കാരണമായി പൈൻതടിയുടെ ഗുണത്തേയും മററുചിലർ അതിനകത്തുള്ള തകരത്തകിടിനേയും പറയുന്നു. പക്ഷെ, ഇവ രണ്ടിൻേറയും യോജിപ്പാണ് അതിന്ന കാരണമെന്നു ഞാൻ വിചാരിക്കുന്നു

ഞാൻ ലണ്ടനിലേക്കുള്ള ട്രെയിൻകയറി. സാമാനങ്ങളൊന്നും റാക്കിൽ (ഒരുതരം ചട്ടക്കൂട്) സൂക്ഷിക്കരുതെന്നു പല വിശേഷപ്പെട്ട താക്കീതുകളും ഞാൻ കണ്ടെങ്കിലും ആ രണ്ടു ഇംഗ്ലീഷുപോർട്ടറന്മാരുടെയും ഹാർദ്ദമായ സഹകരണത്തോടുകൂടി എൻെറ സൂട്ട്കേസുകൾ രണ്ടും അതിൽതന്നെവച്ചു. പൈൻപെട്ടിട്രെയിൻമുറിയിൽ കയററിവയ്ക്കാൻ ഭാവിച്ചപ്പോഴേക്കു ഒരു ഗാർഡ്‌വന്ന്, "അതാ, ആ വലിയപെട്ടി ട്രെയിൻമുറിയിൽ വയ്ക്കരുതു്. അതു സാമാനവണ്ടിയിൽ സൂക്ഷിക്കണം" എന്നു പറഞ്ഞു അയാൾ അതു പൊക്കാൻനോക്കിയെങ്കിലും, പിടിക്കാൻ കാതോ, വക്കോ അതിനില്ലായിരുന്നു. എന്നുതന്നെയല്ല, ഭാരവും കുറച്ചൊന്നുമല്ലായിരുന്നു. അതിനാൽ, അതു ഒരു രണ്ടിഞ്ചെങ്കിലുംഉയൎന്നു അയാളെ ഒന്നു നോക്കുകപോലുംചെയ്തില്ല. "അയ്യോ!" എന്നുപറഞ്ഞു കാലിൽവീഴാതെ സൂക്ഷിച്ചുകൊണ്ടു അയാൾ അതു താഴെഇട്ടു. "ഇതൊരു ശരിയായഭാരംതന്നെ. ഇതിൽ എന്തുതന്നെയായിരിക്കാം? സ്വൎണ്ണക്കട്ടിയോ?" എന്നായാൾ തുടൎന്നുചോദിച്ചു.

ഞാൻ:—ഭയപ്പെടേണ്ട. പുസ്തകങ്ങളാണ്.

അയാൾ—വല്ല സൎവ്വകലാശാലയിലും പോവുകയായിരിക്കും. എന്നാലും, എന്തൊരു പുസ്തകച്ചുമടിതു്!

അതു സാമാനവണ്ടിയിൽ കൊണ്ടുചെന്നു വയ്ക്കാൻ ഞാൻ പോർട്ടറന്മാരോടു പറഞ്ഞു. പകിട്ടേറിയ വാർണീഷു അടിച്ചിരുന്ന ആരുടേയോ ഒരു പുതിയ ട്രങ്കിൻെറ മുകളിൽ കൊണ്ടുചെന്നു ഭംഗിയായി അവർ അതു കയററിവച്ചു. ആ പൈൻമരപ്പെട്ടി ട്രങ്കിൻെറ മുകളിലേക്കിരുന്നപ്പോഠം, ട്രങ്ക് ഒന്നു ഞെരങ്ങുകയും, അതിൻെറ ഹൃദയം തകരുന്നതുപോലെ തോന്നുകയും ചെയ്തു. അപ്പോഴേക്ക് ട്രങ്കിൻെറ ഉടമസ്ഥൻ, "ഹേയ്, എൻെറ പുതിയ ട്രങ്കിൻെറ മുകളിൽ ആ തടിയൻപെട്ടി കയററിവയ്ക്കരുതു്. വാർണീഷു പൊയ്പോകും. ഒരുപക്ഷേ ട്രങ്ക് പൊടിയുകയുംചെയ്തേക്കും" എന്നു വിളിച്ചുകൊണ്ടു വണ്ടിയിൽ ചാടിവീണു് എൻെറ ഓമനയെ എടുത്തുമാററാൻ ശ്രമിച്ചു. പക്ഷെ അതു വളരെ ഭാരമുള്ളതായിരുന്നതിനാൽ എൻെറ രണ്ടു പോർട്ടറന്മാരേയും അയാഠം സഹായത്തിനു വിളിച്ചു. അവർ രണ്ടുപേരുംകൂടി പൈൻപെട്ടി എടുത്തു താഴെവച്ചു് ട്രങ്കിനു ആപൽമോചനം നഠംകുകയും, അല്പം ചില നിറംമാററങ്ങളോടുകൂടി അതു രക്ഷപെടുകയും ചെയ്തു. പിന്നീടു പൈൻപെട്ടിയുടേയും ട്രങ്കിൻേറയും സ്ഥാനങ്ങഠം പരസ്പരം മാററുകയുണ്ടായി. അല്പനിമിഷങ്ങഠം കഴിഞ്ഞപ്പോഠം ട്രെയിൻ പുറപ്പെട്ടു. ഇംഗ്ലണ്ടിലെ ഉഠംനാടുകളുടെ കാഴ്ചകണ്ടു് ഞാൻ എൻെറ കണ്ണുകഠംക്കു് പരമാനന്ദം നഠംകി. കാൻറർബറി, റോച്ചസ്റ്റർ, മുതലായ പഴയ ചരിത്രപ്രസിദ്ധങ്ങളായ നഗരങ്ങഠം ഞങ്ങഠം കടന്നുപോയി. ഒരുമണിക്കൂറിനുശേഷം ഞങ്ങഠം ഞങ്ങളുടെ യാത്രാലക്ഷ്യത്തിലെത്തി. ട്രെയിൻ നിൽക്കുകയും, പോർട്ടറന്മാർ കൂട്ടംകൂട്ടമായി അതിൽ കയറുകയും, "വിക്ടോറിയാ", "വിക്ടോറിയാ", എന്നുള്ള വിളികഠം കേഠംക്കുകയും ചെയ്തതോടുകൂടി ഞങ്ങഠം ജനാലയിൽകൂടി വെളിയിലേക്കു നോക്കിയപ്പോഠം, ടാക്സിവണ്ടികഠം, ക്യാബുകഠം, ലോറികഠം, എന്നിവയുടെ ഒരു മഹാസമൂഹം ഞങ്ങളുടെ ദൃഷ്ടിയിൽപെട്ടു. ഞങ്ങഠം ലണ്ടൻനഗരത്തിൻെറ നടുവിലായിരുന്നു.

---

## അദ്ധ്യായം ൩.

---

### 21 ക്രാംവെൽറോഡു്.

കഴിയുന്നതും നേരത്തേ ട്രെയിനിൽനിന്നിറങ്ങിപ്പോകാനുള്ള ഉല്ക്കണ്ഠാവേശം എവിടെയും കാണപ്പെട്ടു. സുദീർഘമായ പത്തൊൻ

പത്തുദിവസം കാത്തിരുന്ന സ്ത്രീപുരുഷന്മാർ പെട്ടെന്നു് അല്പനിമിഷനേരത്തെ താമസത്തെക്കുറിച്ചു കാരണംകൂടാതെ അക്ഷമരായി ത്തീൎന്നു. കടലിന്റെ നടുക്കുകിടന്നു ചീറുന്നതുകൊണ്ടു് ഒരു ഗുണവും ഇല്ലാതിരുന്നതിനാൽ അന്നേരം ആരും അനങ്ങിയില്ല. എന്നാൽ അവർ ഇപ്പോൾ ലണ്ടൻനഗരത്തിന്റെ നടുവിൽ സൌധവനങ്ങൾ കാണത്തക്കവണ്ണമെന്നോണം അവയോടു അത്ര അടുത്തിരിക്കേ, സകല ക്ഷമയും വിട്ടൊഴികയും, നിമിഷങ്ങൾ ദിവസങ്ങളെപ്പോലെതന്നെ പ്രധാനങ്ങളായി കലാശിക്കയും ചെയ്തു. ട്രെയിനിന്റെ എല്ലാ മുറികളും ആക്രമിച്ച പോർട്ടരന്മാർ സന്ദർഭത്തിനനുസരിച്ച സാമൎത്ഥ്യം കാണിക്കയും, യഥാൎത്ഥത്തിൽ വിസ്മയനീയമായ ത്വരയോടുകൂടി ടംകുകൾ, സൂട്ട്കേസുകൾ മുതലായ സാമാനങ്ങൾ ട്രെയിനിൽനിന്നിറക്കുകയും ഉണ്ടായി. ഝടിതിയിൽ കാൎയ്യം കഴിക്കാനുള്ള അവരുടെ ആവേശത്തിനിടയിൽ, മററുള്ളവരുടെ സാമാനങ്ങൾ എടുത്തുകൊണ്ടു പോകയും, അങ്ങനെ അവയുടെ ഭാഗ്യംകെട്ട ഉടമസ്ഥന്മാർ തങ്ങളുടെ മററു സാമാനങ്ങൾ പുറകിൽവിട്ടിട്ടു് പോർട്ടരന്മാരുടെ പിന്നാലെ ഓടേണ്ടിവരികയും ചെയ്യാറുണ്ടു്. എന്തെന്നാൽ, ഇങ്ങനെ പുറകെ ഓടുന്നതിനു് അല്പം താമസിച്ചുപോയാൽ, വല്ല വണ്ടിയിലും കയറി ആ സാമാനങ്ങൾ അനേകം മൈൽദൂരം പൊയ്ക്കഴിഞ്ഞിരിക്കും.

ഇൻഡ്യാക്കാരായ ഞങ്ങൾക്കു വീടുകളോ, സ്നേഹിതന്മാരോ, ബന്ധുക്കളോ ഇംഗ്ലണ്ടിൽ ഇല്ലായിരുന്നു എങ്കിലും അതുകൊണ്ടു എനിക്കോ, മറെറതെങ്കിലും ഇൻഡ്യാക്കാരനോ കൂടുതൽ ക്ഷമ ഉണ്ടായില്ല. മററുള്ളവരെക്കാൾ ഒരുനിമിഷമെങ്കിലും കൂടുതൽ ട്രെയിനിൽ താമസിക്കുന്നതിനു ഞങ്ങൾ ഒരു കാരണവും കണ്ടില്ല. മൂന്നു കൊല്ലമെങ്കിലും താമസിക്കേണ്ട ആ നൂതനലോകത്തിലേക്കു കുതിച്ചുചാടുന്നതിനു ഞങ്ങൾ ബദ്ധപ്പെടുകയായിരുന്നു. ഞങ്ങളുടെ ഇംഗ്ലീഷ്സഹയാത്രക്കാൎക്കു പഴയ വാസസ്ഥലങ്ങളും, സ്നേഹിതന്മാരേയും കാണുന്നതിനുള്ള ആഗ്രഹം എപ്രകാരമായിരുന്നോ, അപ്രകാരമായിരുന്നു പുതിയ ചുററുപാടുകൾ കാണുന്നതിനുള്ള അടക്കാൻവയ്യാത്ത ഞങ്ങളുടെ താല്പൎയ്യവും. സാമാനങ്ങളെല്ലാമായി ഞങ്ങൾ ട്രെയിനിൽ നിന്നിറങ്ങി. മററു പല സാമാനങ്ങളുടെ ഇടയിൽനിന്നു എടുക്കേണ്ടിയിരുന്ന എന്റെ പൈൻപെട്ടി കിട്ടാൻ അല്പസമയം വേണ്ടിവന്നു. പോർട്ടർ ഒരു സൂക്ഷ്മവും കൂടാതെ അതു് പ്ലാററുഫാറത്തിൽ കൊണ്ടിട്ടു. പക്ഷേ അതോടുകൂടി ആ നശിച്ച പെട്ടി ചെന്നിരുന്ന അയാളുടെ ഇടതുകാലിന്റെ തള്ളവിരൽ ചതഞ്ഞുപോയി. അയാൾ ഒരു വിളിയോടുകൂടി കാൽവിരലിൽനിന്നു് അതിനെ മാററിയിട്ടു് ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ, മാന്യന്മാർ, ഇങ്ങനെ

ത്തെ പെട്ടിയുംകൊണ്ടു നടക്കുന്നതെന്തു്? ഇൻഡ്യയിൽനിന്നു വരികയായിരിക്കും. ഈ നാട്ടിൽ യാത്രക്കാരുടെക്കൂടെ ഇത്തരം പെട്ടി കാണുകയില്ല. ഇവ പുസ്തകക്കുടെപ്പെട്ടികളാണു്.

ഞാൻ.—അതിലും പുസ്തകങ്ങൾ മാത്രമേയുള്ളു.

അനന്തരം പോർട്ടർ ഒരു ടാക്‌സിവണ്ടി വിളിച്ചു. ഞാനും മി. എസ്സും അതിൽ ഒരുമിച്ചുപോകാൻ തീർച്ചപ്പെടുത്തി. ഞങ്ങളുടെ സാമാനങ്ങൾ, വിശേഷിച്ചു് ആ ടെപൻപെട്ടി, അതിൽ കയററുന്നതുസംബന്ധിച്ചു അല്പം വിഷമം നേരിട്ടു. അത്രവളരെ ഭാരമുള്ള ധാരാളം സാമാനങ്ങൾ വണ്ടിയിൽ കയററുന്നതിനെപ്പററി വണ്ടിക്കാരൻ അല്പം വിസമ്മതം പ്രകടിപ്പിക്കയും, ഒരു ചെറിയതുക കൊടുത്താൽ ചുമട്ടുകാരാരെങ്കിലും ഏതു മേൽവിലാസത്തിലും ആ പെട്ടി എത്തിച്ചുതരുമെന്നു് അഭിപ്രായപ്പെടുകയുംചെയ്തു. പക്ഷേ എനിക്കു് ചുമട്ടുകാരെപ്പററി തീരെ വിശ്വാസമില്ലായിരുന്നു. എൻെറ സാമാനങ്ങളെല്ലാം എൻെറക്കൂടെ ഉണ്ടായിരിക്കുന്നതാണു് എനിക്കിഷ്ടം. വണ്ടിക്കാരനു് ഒരു ഷില്ലിംഗു കൂടുതൽ കൊടുക്കാമെന്നു പറഞ്ഞപ്പോഴേക്കു അവൻെറ ശങ്കകളെല്ലാം അകന്നു. ഞങ്ങളുടെ സാമാനങ്ങളെല്ലാം (മി. എസ്സിനു വളരേ കുറച്ചു സാമാനങ്ങളെ ഉണ്ടായിരുന്നുള്ളു) ആ ടാക്‌സിവണ്ടിയിൽ ഭംഗിയായി കയററിവച്ചു അതു് ഭാരക്കൂടുതൽമൂലം ഒന്നു ഞെരങ്ങുകയും, മുമ്പുണ്ടായിരുന്നതിൽ കൂടുതൽ കോണുകളോടുകൂടിയ ഒരു നൂതനരൂപം കൈക്കൊള്ളുകയും ചെയ്തു. ഈ ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ വളരെ ശ്രദ്ധയോടുകൂടി, ഡാക്ടർ ആർനോൾഡോ, 21-ക്രാംവെൽറോഡിൽനിന്നു അദ്ദേഹത്തിൻെറ വല്ല കീഴ്‌സിൽബന്തികളോ അവിടെങ്ങാനും വന്നിട്ടുണ്ടോ എന്നു് ഉററുനോക്കുകയായിരുന്നു. പുതിയ ഇൻഡ്യാക്കാർ വല്ലവരും വന്നിറങ്ങിയിട്ടുണ്ടോ എന്നു അന്വേഷിക്കാൻ 21-ക്രാംവെൽറോഡിൽനിന്നു ഡാക്ടർ ആർനോൾഡോ അദ്ദേഹത്തിൻെറ സിൽബന്തികളിലാരെങ്കിലുമോ ഓരോ മെയിൽ ട്രെയിൻസമയത്തും സ്റ്റേഷനിൽ വരുമെന്നാണു അഡൈ്വസറികമ്മററിയിൽനിന്നു തരുന്ന ചെറിയ ബുക്കു നോക്കിയതിനാൽ ഞാൻ വിചാരിച്ചതു്. എൻെറ സ്നേഹിതന്മാരും ഇപ്രകാരം പ്രതീക്ഷിച്ചിരുന്നു. പക്ഷെ ഞങ്ങൾ നിരാശപ്പെട്ടു. 21-ക്രാംവെൽറോഡിൽനിന്നു ആരും വന്നിരുന്നില്ല. അതിനാൽ ഞങ്ങൾതന്നെ അവിടം വിടേണ്ടിയിരുന്നു. പോർട്ടർക്കു് അരക്രൗൺ (ഒരു നാണയം) കൊടുത്തിട്ടു് ഞാനും മി: എസ്സും വണ്ടിയിൽ കയറിത്തിരിച്ചു. ആ ടാക്സിവണ്ടിക്കു് ഒരു "മാത്ര" (metre) ഉണ്ടായിരുന്നെങ്കിലും വണ്ടിക്കാരൻ നേർവഴിവിട്ടു മററുവഴികളിൽ കൂടി വണ്ടി

വിട്ടകയും ആറുഷില്ലിംഗിനു പകരം പന്ത്രണ്ടുഷില്ലിംഗ് ഞങ്ങളെക്കൊണ്ടു് കൊടുപ്പിക്കയും ചെയ്യതിനാൽ, അതുകൊണ്ടു വലിയ പ്രയോജനമുണ്ടായില്ല. പക്ഷെ ഞങ്ങൾ രണ്ടുപേരുണ്ടായിരുന്നതിനാലും, അങ്ങനെ ആറുഷില്ലിംഗ്‌വീതം മാത്രം കൊടുക്കേണ്ടിവരികയും, വഴിയിൽ ലണ്ടൻനഗരത്തിൻെറ ഒരു നല്ലഭാഗം കാണുകയും ചെയ്യതിനാലും ആ തുക കൊടുക്കുന്നതിൽ ഞങ്ങൾക്കു് മനസ്സു കേടു തോന്നിയില്ല. സൌത്ത് കെൻസിംഗ്ടൺ കാഴ്ചബംഗ്ലാവിൻെറ എതിരേയുള്ള ഒരു വലിയ കെട്ടിടത്തിനു മുമ്പിൽ ടാക്സിവണ്ടി ചെന്നുനിന്നു. "ഇവിടാണു്, സർ" എന്നു് വണ്ടിക്കാരൻ പറഞ്ഞു. ഞങ്ങൾ വണ്ടിയിറങ്ങി, വാതലിൽചെന്നു മുട്ടി. തടിച്ചു പൊക്കംകുറഞ്ഞ ഒരു മനുഷ്യൻ കതകുതുറന്നു കൈതിരുമ്മിക്കൊണ്ടു പ്രത്യക്ഷനായി. ഞാൻ പിന്നീടു് മനസ്സിലാക്കിയതുപോലെ അയാൾ പോർട്ടറന്മാരുടെ തലവനായിരുന്നു. ഞങ്ങൾക്കു ഒരു ശുഭയാത്രയാണുണ്ടായിരുന്നതു്, എന്നു വിശ്വസിക്കുന്നതായും ഇരുപത്തൊന്നുക്രാംവെൽ റോ ഡിലേക്കു ഞങ്ങളെ സ്വാഗതംചെയ്യുന്നതായും പറഞ്ഞുകൊണ്ടു പ്രസന്നവദനയായ നരച്ച ഒരു സ്ത്രീ ഞങ്ങൾക്കു ഹസ്തദാനംചെയ്തു ഇവർ ആ സദനത്തിൻെറ ചാർജ്ജുവഹിച്ചിരുന്ന മിസ് ബെക്ക് ആയിരുന്നു. മിസ് ബെക്ക് ഹസ്തദാനം ചെയ്യതിനുശേഷം അവരുടെ ദയാപൂർവ്വമായ കുശലപ്രശ്നങ്ങൾ ആവർത്തിച്ചുകൊണ്ടു താരതമ്യേന ചെറുപ്പക്കാരനായ ഒരു മനുഷ്യനും ഞങ്ങൾക്കു ഹസ്തദാനംചെയ്തു. അതു് ഹോസ്റ്റലിൻെറ വാർഡനായ മി: ഗോർഡൻ ജാർജ്ജ് എന്ന ആളായിരുന്നു. ഇന്ത്യാക്കാരായ ഞങ്ങൾക്കു ഇവർ ഇരുവരും ആദരപൂർവ്വം നൽകിയ സ്വാഗതവും, അവർ ചെയ്ത കുശലപ്രശ്നങ്ങളും അല്പം കൃത്രിമവും യാന്ത്രികവുമായി തോന്നിയെന്നിരുന്നാലും അവ സ്വീകാര്യം തന്നെയായിരുന്നു. താമസിയാതെതന്നെ മെ. ജി, എ, ബി, എൽ, എന്നിവർ വന്നുചേരുകയും, മിസ് ബെക്കും മി. ഗോർഡൻജാർജ്ജും അവരുടെ അടുക്കലേക്കു തിരിയുകയും ചെയ്തു. ടാക്സിവണ്ടിയിൽ നിന്നു് ഞങ്ങളുടെ സാമാനങ്ങൾ കെട്ടിടത്തിനകത്തു കൊണ്ടുവരാൻ പോർട്ടറന്മാരോടു ഞങ്ങൾ ആവശ്യപ്പെട്ടു. അനന്തരം വണ്ടിക്കാരനു 12 ഷില്ലിംഗു കൊടുത്തിട്ടു് അവനോടു പോകാൻ പറഞ്ഞപ്പോൾ അവൻ, "എൻെറ 'ചെറുസമ്മാനം' എവിടെ?" എന്നു ചോദിച്ചു.

ഞാൻ:—പന്ത്രണ്ടുഷില്ലിംഗ് പോരേ?

അവൻ:—അതുമാത്രയാണു എനിക്കുതന്നതു്. ചിലപാനമായി എനിക്കൊന്നും തരണ്ടേ?

അവിടെ അനേകംപേരുണ്ടായിരുന്നതിനാൽ ഞാൻ ഒരുഷില്ലിംഗ്കൂടി കൊടുത്തു അയാനെ പറഞ്ഞയച്ചു. അനന്തരം മി. എസ്സിൻെറ അടുക്കലേക്കു തിരിഞ്ഞു ഞാൻ ഇങ്ങനെ പറഞ്ഞു. "ചിലപ്പാനം പിടിച്ചുപറിക്കുന്ന കാൎയ്യത്തിൽ ഈ ടാക്സിവണ്ടിക്കാരും നമ്മുടെ റിക്ഷാക്കാരെക്കാൾ ഭേദമല്ല. അതിനു അവർ ചെറുസമ്മാനം എന്നു പേർ കൊടുത്തിരിക്കുന്നു എന്നേയുള്ളു." മി എസ്സ്. ഇതു സമ്മതിക്കയും, ഒരു സങ്കടഭാവത്തിൽ, എനിക്കു വരേണ്ടിയിന്ന ആറുഷില്ലിംഗ് ആറുപെൻസ് തരികയും ചെയ്തു ഡാക്ടർ ആർനോൾഡ് എവിടെയാണെന്നു ഞങ്ങൾ പോർട്ടറോടു ചോദിച്ചു അദ്ദേഹം ഇൻഡ്യാആഫീസിലാണെന്നു അയാൾ മറുപടിപറഞ്ഞു. അദ്ദേഹം 21 ക്രാംവെൽ റോഡിൻെറ ചാർജ്ജു വഹിക്കുന്ന ആളെന്നാണു ഞങ്ങൾ വിചാരിച്ചിരുന്നതു്. ഇംഗ്ലണ്ടിൽ പോകുന്ന ഇന്ത്യാക്കാരുടെ ഇടയിൽ ഈ വിശ്വാസം അത്ര ദൃഢമൂലമായിരുന്നതിനാൽ ഒരു ഇന്ത്യാക്കാരൻ പോർട്ടറന്മാരുടെ തലവനെ(ഹെഡ്പോർട്ടരെ) ഡാക്ടർ ആർനോൾഡെന്നും മിസ് ബെക്കിനെ മിസിസ്സ് ആർനോൾഡെന്നും മി. ഗോർഡൻജാർജ്ജിനെ അവരുടെ പുത്രനെന്നും തെററിദ്ധരിക്കുക എന്നുള്ള പരമവിഡ്ഢിത്തം കാണിച്ചു. ആ വിഡ്ഢി മിസ് ബെക്കിനേയും, മി. ഗോർഡൻ ജാർജ്ജിനേയും വിഗണിച്ചിട്ടു ഹെഡ്പോർട്ടൎക്കു ഹസ്തദാനം ചെയ്യുന്നതിനുപോലും മുതിൎന്നു. പക്ഷെ, പോർട്ടർ എന്തോ പന്തികേടു പററിയപോലെ, എന്നാൽ ബുദ്ധിപൂൎവ്വമായി, തിരിഞ്ഞു നടന്നുകളഞ്ഞതിനാൽ മറേറയാൾ മുന്നേതിലും കഷ്ടമായ ഒരുകഴുതയാകാതെ കഴിഞ്ഞുകൂടി.

ഞങ്ങൾക്കു മുറികളൊന്നുമില്ലെന്നും, എന്നാൽ മുകളിലത്തെ നിലയിലുള്ള വലിയ ഹാളിൽ മററു പലരുടെയുംകൂടെ താമസമാക്കാമെന്നും മിസ് ബെക്കു് ഞങ്ങളെ അറിയിച്ചു. വായനശാലയെ തൊട്ടുള്ളതും, ഒൻപതു കട്ടിലുകൾ അടങ്ങിയിരുന്നതും ആയ ആ ഹാൾ ഞങ്ങളെ കാണിക്കുകയുണ്ടായി. ഈ ഹാളിനെ തൊട്ടുതന്നെ മൂന്നു കട്ടിലുകളോടുകൂടിയ ഒരു വരാന്തയും ഒരുവശത്തുണ്ടായിരുന്നു. "തൽക്കാലം ആളെല്ലാം ഇവിടെ നിറഞ്ഞുപോയി; നിങ്ങൾക്കു ഇതിനേക്കാൾ നല്ല സ്ഥലസൌകൎയ്യം തരാൻ കഴിയാത്തതിൽ വ്യസനിക്കുന്നു" എന്നു് മിസ് ബെക്കു് ഞങ്ങളോടു പറഞ്ഞു.

ഞാൻ—അതിനു തരക്കേടില്ല. ദയവുചെയ്തു വിഷമിക്കാതിരിക്കണം.

ആ വലിയ മുറിയിൽ എനിക്കൊരു കട്ടിൽകിട്ടി. അതിനുശേഷം എൻെറ സാമാനങ്ങൾ നോക്കാൻ ഞാൻ താഴത്തേക്കു പോ

ന്നു. കേവലം ആവശ്യമുള്ള സാമാനങ്ങൾ മാത്രം മുകളിൽ കൊണ്ടുപോയാൽ മതിയെന്നും, ബാക്കിയുള്ളവയെല്ലാം താഴത്തെ സാമാനമുറിയിൽ തൻെറ ഭദ്രമായ സൂക്ഷിപ്പിൽ ഇരിക്കുമെന്നും പോർട്ടർ എന്നോടു പറഞ്ഞു എല്ലായ്പോഴും എൻെറ കണ്ണെത്താത്ത ഒരു സ്ഥലത്തു് സാമാനങ്ങൾ സൂക്ഷിക്കുന്നതിനെപ്പററി ഞാൻ അത്രതന്നെ അനുകൂലിയല്ലായിരുന്നു. പക്ഷേ, എപ്പോഴും ഒരു താവളസ്ഥലത്തെന്നപോലെ പല ആളുകൾ വന്നും പോയും ഇരിക്കുന്ന ഹാളിൽ അവ വച്ചേക്കുക എന്നുള്ളതു് അതിലുംകൂടുതൽ അസഹ്യവുമായിരുന്നു. അതിനാൽ, ഈ ലോകത്തു എത്രയോ സാധാരണയായി സംഭവിക്കാറുള്ളതുപോലെ, ഈ രണ്ടു ദോഷങ്ങളിൽ കൂടുതൽ അല്പസാരമായിട്ടുള്ളതിനേ ഞാൻ സ്വീകരിക്കേണ്ടിവരികയും എൻെറ സാമാനങ്ങളിൽ അധികപക്ഷവും താഴത്തെ നിലയിൽതന്നെ വയ്ക്കേണ്ടിവരികയും ചെയ്തു. ഈ ദോഷത്തെ ലഘുവാക്കുന്നതിനായി ദിവസമൊരിക്കലെങ്കിലും ഞാൻ എൻെറ സൂട്ട്കേസുകളും പെൻപെട്ടിയും പരിശോധിക്കയും, അങ്ങനെ സന്ദർഭവശാൽ ഈ ഗുണപ്രദമായ ശീലം മററുള്ളവരും അനുവത്തിക്കുന്നതായി കാണുകയും ഉണ്ടായി. മനുഷ്യലോകത്തെ അല്പമൊരു പുച്ഛരസത്തിൽ വീക്ഷിച്ചിരുന്ന ഒരു സ്നേഹിതനോടു ഞാൻ ഇക്കഥ പറഞ്ഞപ്പോൾ, അയാൾ പറഞ്ഞതു്, "തങ്ങളുടെ സാമാനങ്ങൾ അവിടെ വച്ചിരിക്കുന്നവരല്ല ആ സ്ഥലത്തു അത്ര കൂടക്കൂടെ ചുററിനടക്കുന്നതു്, നേരേമറിച്ചു് അങ്ങനെ അല്ലാത്തവരാണു്" എന്നായിരുന്നു.

ഞാൻ:—(ശ്രദ്ധാഗതിയിൽ) അവക്കു അതിൽ എന്തു താല്പര്യമാണുള്ളതു്?

അയാൾ:—(പുഞ്ചിരിയോടുകൂടി) അവക്കു അവിടെ വല്ലതും ഉണ്ടോ എന്നറിയാൻ.

• എൻെറ ഉൽകണ്ഠ ദ്വിഗുണീഭവിച്ചു "എങ്ങനെ ഈ അപകടത്തിൽനിന്നു് രക്ഷപ്പെടണം?" എന്നു ഞാൻ തുടന്നു.

അയാൾ:—സാമാനങ്ങളൊന്നുമില്ലാതെ സഞ്ചരിക്കണം.

ഞാൻ:—അതസാദ്ധ്യമാണു്.

അയാൾ:—ശരി. എന്നാൽ, ധാരാളം സാമാനങ്ങൾ ഉണ്ടായിരിക്കുക എന്നുള്ള ആഡംബരം വേണമെങ്കിൽ, സാധാരണ അപകടങ്ങൾ നേരിടുകതന്നെ വേണം

ഒരു തുച്ഛമായ ആശ്വാസം; ഞാൻ ഇതിനു് എൻെറ സ്നേഹിതനു് നന്ദിപറഞ്ഞതുമില്ല ഏതായാലും എൻെറ സാമാനമുറിസന്ദർശനം ഞാൻ കൂടുതൽ സാധാരണയാക്കി.

ഒരാഴ്ചത്തേക്കു താമസത്തിനും, ഭക്ഷണത്തിനും ഉള്ള ചാർജ്ജ് ഒരുപവൻ, പതിനൊന്നു ഷില്ലിംഗ്, ആറു പെൻസായിരുന്നു. ഒരു ലഞ്ച് വേണമെങ്കിൽ ഒരു ഷില്ലിംഗിനു ഒരു ടിക്കററുവാങ്ങണം. ഡിന്നറിന്ന് ഒരു ഷില്ലിംഗ് മൂന്നു പെൻസായിരുന്നു ടിക്കററുവില. ചായ വേണമെന്നുണ്ടെങ്കിൽ അതിനു പ്രത്യേകം ഏപ്പ്പാടുകളും ചെയ്യണം.

അന്നുരാത്രി ഡിന്നറിന്ന്, ഞാൻ, മി. എ., മി. ജി. എന്നിവരോടൊപ്പം മിസ് ബെക്കും ഒരേമേശയുടെഅരികിൽതന്നെ ഇരുന്നു. ആദ്യം സൂപ്പു കൊണ്ടുവന്നു എനിക്കു അതാവശ്യമില്ലെന്നു പറഞ്ഞിട്ട്, റൊട്ടി, പയറു, പുഴുങ്ങിയ ഉരുളൻകിഴങ്ങു എന്നിവ ഞാൻ തിന്നുതുടങ്ങി. ഒരു സ്പൂൺ സൂപ്പെടുത്തു രുചിച്ചുകൊണ്ട്, "ഇതു വളരെ നന്നായിരിക്കുന്നു. നിങ്ങളെന്താണു അതു കഴിക്കാത്തതു്, മി. അയ്യർ?" എന്നു മിസ് ബെക്കു് എന്നോടു ചോദിച്ചു.

ഞാൻ—ഞാൻ ഒരു സസ്യഭുക്കായതിനാൽ, ഒരുമാംസവും ഭക്ഷിക്കാറില്ലാത്തതുകൊണ്ട്.

മിസ് ബെ—ഇതിൽ മാംസമൊന്നുമില്ല.

ഞാൻ—അതിൽ മാംസാംശം ഒന്നുമില്ലെന്നാണോ പറയുന്നതു്?

മിസ് ബെ—ഇല്ലെന്നുതന്നെ പറയാം.

ഞാൻ—അത്രയും പറഞ്ഞാൽ മതി; ഞാൻ അതു തൊടുകയില്ല.

മിസ് ബെ--(സൂപ്പുകുടി തുടൎന്നുകൊണ്ടു) മൂന്നുകൊല്ലം ഇംഗ്ലണ്ടിൽ താമസിക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ അതു ഉപയോഗിച്ചു ശീലിക്കണം.

ഞാൻ--അതില്ലാതെ കഴിഞ്ഞുകൂടാമെന്നു എനിക്കു ധൈര്യമുണ്ട്.

എന്നുപറഞ്ഞു ഞാൻ എന്റെ പയറും ഉരുളൻകിഴങ്ങും തിന്നു. 21 ക്രാംവെൽറോഡിൽ മാംസഭക്ഷണം കൂടാതെ ഒരുവനു ഇംഗ്ലണ്ടിൽ കഴിഞ്ഞുകൂടാൻ സാധിക്കയില്ലെന്നുള്ളതു സുസ്ഥാപിതമായ ഒരു വിശ്വാസമാണെന്നു തന്നെയല്ല, ഉത്തമമായ ഉദ്ദേശത്തോടുകൂടിത്തന്നെ സസ്യഭുക്കുകളെ മാംസഭുക്കുകളാക്കുന്നതിനു ശരിക്കു പ്രചരണവേലകൾ നടക്കുന്നുമുണ്ട്. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരിൽ ചിലർ സൂപ്പിൽ ഇറച്ചിയില്ലെന്നും, ഇഞ്ചി മാത്രമേയുള്ളൂ എന്നും പറഞ്ഞു എന്റെ ഒരു സ്നേഹിതനെ വിശ്വസിപ്പിച്ചു അയാളെക്കൊണ്ടു ഒരുപാത്രം സൂപ്പു കുടിപ്പിച്ചു. ആ പാവപ്പെട്ട മനുഷ്യൻ അതു കുടിക്കയും, അങ്ങനെ ഇഞ്ചിയെന്നു പറയപ്പെട്ട സാധനം കൊത്തിയരിഞ്ഞ ഇറച്ചിയാണെന്നു മനസ്സിലാക്കുകയും ചെയ്തു. പക്ഷെ ഈ മതംമാററക്കാരുടെ ഉദ്ദേശം വിഫലമായി. എന്തെന്നാൽ

ഈ വഞ്ചനയേപ്പററി അമർഷവാനായി ആ മനുഷ്യൻ 21 ക്രാംവെൽറോഡ് വിട്ടുപോയി ഒരു കഠിനമായ സസ്യഭക്ഷണജീവിതം കൈക്കൊണ്ടു. അതിൻെറ ശാന്തതയിൽനിന്നു അയാഠം ഇളകുന്നതു് "21 ക്രാംവെൽറോഡ്" എന്ന പേരു കേഠംക്കുമ്പോഠം മാത്രമാണു്. തൻെറകൂടെ ഭക്ഷണത്തിനിരുന്നവർ, പരമാർത്ഥത്തിൽ അതിനികൃഷ്ടമായ ഉദ്ദേശത്താൽ പ്രേരിതരായി തന്നെ വെറുതെ ദൂഷിപ്പിക്കാൻ കരുതിയെന്നു അയാഠം ഇന്നും വിശ്വസിക്കുന്നു. വ്യാമോഹത്തിനധീനരായ ഈ ഭാരതസന്താനങ്ങളെപ്പററി 'ആഭാസന്മാർ' 'ദ്രോഹികഠം' എന്നൊക്കെയുള്ള പദങ്ങഠം കൂടാതെ പറയാൻ അയാഠംക്കു സാധിക്കയില്ല. ഏതായാലും ഈ മാന്യൻ സാമാന്യനിയമത്തിനു് ഒരു വ്യത്യസ്തമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഒരിക്കൽ ഇതുപോലെ ആരെങ്കിലും അകപ്പെട്ടുപോയാൽ പിന്നെ സന്ദർഭത്തിനൊത്തു് മത്സ്യമാംസങ്ങഠം അതിവേഗത്തിൽ തിന്നുതുടങ്ങുക എന്നുള്ളതാണു് സാധാരണചട്ടം. എന്തെന്നാൽ, അറിയാതെയാണെങ്കിലും, ആദർശത്തിൽനിന്നു ഒരിക്കൽ പതിച്ചുപോയാൽ പിന്നെ കോട്ടപൊളിഞ്ഞേടം രക്ഷിക്കുന്നതിൽ ഒരു ഗുണവും ഇക്കൂട്ടർ കാണുന്നില്ല. അവർ ഇന്നത്തെ ഹിന്ദുമതത്തിൽ എത്രയോ പ്രബലമായിരിക്കുന്ന ആത്മഹത്യാപരമായ ഗുണവിശേഷത്തോടുകൂടി, നന്മയിൽനിന്നുള്ള മനഃപൂർവ്വമായ പതനത്തിനും, യാദൃച്ഛികമായും, ബലപ്രയോഗത്താലും സംഭവിക്കുന്ന വീഴ്ചയ്ക്കും തമ്മിൽ യാതൊരു വ്യത്യാസവും കല്പിക്കാതിരിക്കയും ചെയ്യുന്നു.

ക്രാംവെൽറോഡിൽ മതിയാകത്തക്കവണ്ണം ഒന്നും തിന്നാൻ കിട്ടുന്നില്ലെന്നുള്ള ഒരു പരാതി സസ്യഭുക്കുകഠംക്കും, മാംസഭുക്കുകഠംക്കും പൊതുവെ ഉണ്ടായിരുന്നു. ആഹാരസംബന്ധമായ ശങ്കകഠം മൂലം വിളമ്പുന്നതിൽ കേവലം ഒരംശംമാത്രം തിന്നാൻ സാധിച്ചിരുന്ന സസ്യഭുക്കുകളെ ഈ പരാതി കൂടുതൽ ശക്തിയായി ബാധിച്ചു. 21 ക്രാംവെൽറോഡിൽ ഏർപ്പെടുത്തിയിരുന്ന നിരക്കുകഠം ഇംഗ്ലണ്ടിനെ അപേക്ഷിച്ചു വളരെ താഴ്ന്നവയായിരുന്നതിനാൽ കൂടുതലായൊന്നും കൊടുക്കാൻ സാധിക്കയില്ലെന്നുള്ളതാണു വാസ്തവം. ആദ്യം ചെല്ലുന്നവനു ആദ്യം വിളമ്പും, എന്നതായിരുന്നു സാമാന്യതത്വം. അതിനാൽ മണിയടിച്ചാലുടൻ ഇരിപ്പിടങ്ങഠംക്കുവേണ്ടി ഒരു തിക്കും തിരക്കും സാധാരണയായി ഉണ്ടായിരിക്കും. മിസ് ബെക്കും, മി. ഗോർഡൻജാൾജും ഇരിക്കുന്ന മേശകഠംക്കു ചുററും ഇരിപ്പിടം കിട്ടുന്നതിനു ഒരു വലിയ ആഗ്രഹം എല്ലാവർക്കും ഉണ്ടു്. എന്തെന്നാൽ താരതമ്യേന കൂടുതൽ ഭക്ഷണസാധനങ്ങഠം അവിടെ കിട്ടുമെന്നാണു ഒരു വിശ്വാസം. എന്നാൽ സ്വാനുഭവത്തിൽനി ട്ടു

ഇതിൽ വാസ്തവമൊന്നുമില്ലെന്നു പറയാൻ എനിക്കു കഴിയും. ഏതായാലും, ഈ ഔദ്യോഗികമേശകൾക്കു ചുററും ഇരുന്നാലുള്ള ഒരു ഗുണമെന്തെന്നാൽ, അവിടെ കൊണ്ടുവെയ്ക്കുന്ന ആഹാരസാധനങ്ങൾ കണിശമായി എല്ലാവക്കും ഒരുപോലെ ന്യായമായി വീതിച്ചു കിട്ടുന്നതാണു്. നേരേമറിച്ചു മററു മേശകളിൽ, ആദ്യം ചെന്നിരിക്കുന്നവൻ ന്യായമായ വിതരണംകൊണ്ടു തനിക്കു കിട്ടുന്നതിൽ വളരെ കൂടുതലായി മററു പാത്രങ്ങളിൽനിന്നും സ്വയം കടന്നെടുക്കുന്നതാണു പതിവു്. മദ്യം സേവിക്കാത്ത നിയമവിദ്യാത്ഥികൾ തങ്ങളുടെകൂടെ ഭക്ഷണത്തിനിരിക്കണമെന്നു മററുള്ളവരാൽ ക്ഷണിക്കപ്പെട്ടുകയും അവർ തങ്ങൾക്കു വിളമ്പുന്ന "ഷാംപേൻ" (ഒരുവക മദ്യം) മററുള്ളവക്കു കൊടുക്കുകയും ചെയ്യുകയാൽ ഡിന്നറുകൾ നടക്കുമ്പോൾ ജനപ്രീതി സമ്പാദിക്കുന്നതുപോലെ, സസ്യഭുക്കുകളായ ഞങ്ങൾക്കു വിളമ്പുന്ന ഇറച്ചി മററുള്ളവക്കു കൊടുക്കുകയാൽ അവരുടെകൂടെ ഇരിക്കണമെന്നു ക്ഷണിക്കപ്പെടുകയും, ജനപ്രീതി സമ്പാദിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ സസ്യഭുക്കുകൾ ജനസമ്മതമുള്ളവരായിതീൻ എന്നതാണു് ആഹാരസാധനങ്ങളുടെ കുറവുകൊണ്ടുണ്ടായ ഒരു വിശേഷപ്പെട്ട ഫലം.

21 ക്രാംവെൽറോഡിൽ ആഹാരം ആവശ്യമുള്ളിടത്തോളം ഇല്ലെന്നു് ഒരു സങ്കോചവുംകൂടാതെ സമ്മതിക്കാം. എന്നാൽ അവിടെ താമസിച്ചിരുന്നവർ ഈ കുറവിനെ അതിശയോക്തികൊണ്ടു് വളരെ വലുതാക്കിയെന്നാണു് ഞാൻ സ്വന്തമായി വിചാരിക്കുന്നതു്. അവർ ഇതേപ്പററി നേരമ്പോക്കുള്ള പല കഥകളും കെട്ടിച്ചമച്ചിട്ടുമുണ്ടു്. പഴക്കമുള്ളതും മിക്കവാറും ഭേദപ്പെടാൻ വഴിയില്ലാത്തതും ആയ അജീൎണ്ണരോഗം ബാധിച്ച ഒരുവനെ ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും വലിയ ഡാക്ടരന്മാരെല്ലാം കൈവെടിയുകയും ഒടുവിൽ അയാൾ ലണ്ടനിലെ ഒന്നാംതരം ഡാക്ടരെ ചെന്നു കണ്ടപ്പോൾ "21 ക്രോംവെൽ റോഡിൽ ചെല്ലണം, നിങ്ങളുടെ സുഖക്കേടു ഭേദപ്പെടും" എന്നു ഡാക്ടർ പറയുകയും ചെയ്തു എന്നുള്ളതാണു് ഒരു കഥ. 21 ക്രാംവെൽറോഡിൽ ഒരുവൻ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ "മുള്ളി"ൻെറ അററത്തു് വളരെ കുറച്ചു ഭക്ഷണസാധനംമാത്രം ഇരിക്കയാൽ, മുള്ളുതന്നെയാണു് ഭക്ഷണസാധനമെന്നു് കരുതി അയാൾ അതുതന്നെ അങ്ങു വിഴുങ്ങി, എന്നുള്ളതാണു് മറെറാന്നു്. ലഞ്ചിനോ ഡിന്നറിനോ എപ്പോൾ മണിയടിക്കുമെന്നു് താമസക്കാക്കെല്ലാവക്കും ജന്മവാസനയാലെന്നപോലെ അറിയാൻ കഴിവുണ്ടെന്നുള്ളതിനാൽ, ഉദരസംബന്ധമായ സ്തോത്രങ്ങൾ അന്യരുടെ ഉദരങ്ങളിലേക്കു് സ്വയം പകരുക

(Stomachic Telepathy) എന്നൊരു പ്രത്യേകകല 21 ക്രാംവെൽ റോഡിൽ പൂണ്ണവളച്ച്യിലെത്തിയിട്ടുണ്ടെന്നുള്ളതു് മററൊരു നേര മ്പോക്ക ആകുന്നു. 21 ക്രാംവെൽറോഡിലെ നിവാസികൾക്ക നേ രമ്പോക്ക പറയുന്നതിലുള്ള കൗതുകംമൂലം, യഥാർത്ഥത്തിൽ ഉള്ള തെങ്കിലും; അവർ പറയുന്നതിൻെറ പത്തിലൊരംശം ഇല്ലാത്ത ആ ന്ദ സൗകയ്യത്തെ അത്യധികം വലുതാക്കി കാണിക്കാൻ അവർ പ്രേ രിതരായി എന്നുള്ളതാണു് വാസ്തവം.

അവിടെ പ്രചാരത്തിലിരുന്നതും, എന്നാൽ ഒട്ടുമേ സാധൂകരി ക്കാൻ പാടില്ലാത്തതും ആയി 21-ക്രാംവെൽറോഡിലെ ഇൻഡ്യാ ക്കാരുടെയിടയിൽ ഉണ്ടായിരുന്ന ഒരു വിശ്വാസം എന്തെന്നാൽ, ആ സ്ഥാപനത്തിൻെറ നിയന്ത്രണംവഹിച്ചിരുന്ന ഇൻഡ്യാആഫീ സ്, വാർഡനേയും, മററുചിലരേയും, ഇൻഡ്യാക്കാരുടെ പെരുമാ ററങ്ങൾ സൂക്ഷിച്ചുകൊള്ളാൻ നിയോഗിച്ചിട്ടുണ്ടെന്നും, മിസ്സ് ബെ ക്കിനെ അത്തരം ചാരവൃത്തിക്ക പ്രധാനമായി ഏല്പെട്ടുത്തിയിരി ക്കയാണെന്നും ഉള്ളതായിരുന്നു. സി. ഐ. ഡി-ക്കാരെപ്പററിയു ള്ള ഭീതി അഭ്യസ്തവിദ്യരുടെയിടയിൽ പ്രബലമായിരുന്ന ഒരു നശി ച്ച കാലമായിരുന്നു അതു്. തൻമൂലം ഗവർമ്മേണ്ടിനോടു് ഒരു ബ ന്ധവുമില്ലാത്ത ആളുകൾ, എന്നല്ല, പ്രൊഫസറന്മാർ, സഹപാ ഠികൾ എന്നിവർപോലും, അതിർകടന്ന രാഷ്ട്രീയാഭിപ്രായങ്ങളോ ടുകൂടിയ വിദ്യാത്ഥികളാൽ സംശയിക്കപ്പെട്ടിരുന്നു യുദ്ധത്താൽ പുലത്തപ്പെട്ടതും, പൊതുവെയുള്ളതും ആയ സംശയം നിറഞ്ഞ ആ അന്തരീക്ഷത്തിൽ ഈ യുവഭാരതീയന്മാർ മിസ്സ് ബെക്കിനെ സംശയിക്കയും, അവരുടെ ദയാപൂർവ്വമായ കുശലപ്രശ്നങ്ങളെ നല്ല പരിശീലനംസിദ്ധിച്ച ഒരു ചാരൻെറ ഔദ്യോഗികമായ അന്വേ ഷണതല്പരതയാലുള്ള ചോദ്യങ്ങളെയെന്നപോലെ തെററിദ്ധരിക്കയും ചെയ്യതിൽ ആശ്ചയ്യത്തിനു വകയില്ല. ഞാൻ 21 ക്രാംവെൽറോ ഡിൽ ചെന്നദിവസംതന്നെ രണ്ടു ഇൻഡ്യാക്കാർ, ഈ സങ്കല്പവിപ ത്തിനേപ്പററി എനിക്ക മുന്നറിവുതരികയും മിസ്സ് ബെക്കിൻെറ റി പ്പോർട്ടുകൾമൂലം എനിക്കു വലിയ ഹാനിതട്ടുമെന്നുള്ളതിനാൽ, എ ൻെറ ഗതിവിഗതികളെപ്പററിഅവരെയാതൊന്നുംധരിപ്പിക്കരുതെന്നു വളരെ കായ്യമായി എന്നോടു നിർബന്ധിക്കയുംചെയ്തു. ഇങ്ങനെ അ റിവുകൊടുക്കുന്നവരെന്നു പറയപ്പെടുന്ന ആളുകൾ, നിരപരാധികളാ യ മനുഷ്യരെ നശിപ്പിക്കുന്നതിനു അവരുടെ റിപ്പോർട്ടുകളിൽ കായ്യ ങ്ങളെല്ലാം വികൃതമായും പവ്വതീകരിച്ചും കാണിക്കുമെന്നു ഈ ഇൻ ഡ്യൻവിദ്യാർത്ഥികൾ എപ്പോഴും വിശ്വസിച്ചിരുന്നതു ഒരു വിശേ ഷമായിരിക്കുന്നു! അക്കാലത്തു ഞാനും ഇതേ അഭിപ്രായക്കാരനായി

രുന്നതിനാൽ, ആ ദയാവതിയായ വൃദ്ധയ്ക്കു ഇത്തരം ദുഷ്ടവിചാരങ്ങളുണ്ടെന്നു വിശ്വസിക്കാൻ മനസ്സില്ലാതിരിക്കവേതന്നെ, ഞാൻ കരുതലോടുകൂടിയിരിക്കണമെന്നു തീരുമാനിച്ചു. അങ്ങനെ, രണ്ടോ മൂന്നോ തവണ ഞാൻ എവിടെപ്പോകുന്നു എന്നു അവർ എന്നോടു ചോദിച്ചപ്പോൾ "ദാ, അവിടെവരെ" എന്നു പിന്നീടു അവരുടെ പക്കൽനിന്നുള്ള ചോദ്യങ്ങളെ തടയത്തക്കവണ്ണം, വീണ്ടും വീണ്ടും ഞാൻ മറുപടിപറഞ്ഞു. പഴയ കാര്യങ്ങളെക്കുറിച്ചു ഇന്നു ഞാൻ ചിന്തിക്കുമ്പോൾ എന്റെ അന്നത്തെ ആ പെരുമാററത്തെപ്പററി എനിക്കു ചിരിയാണുണ്ടാകുന്നതു്. മൂന്നാംപ്രാവശ്യം ഇത്തരം മറുപടികൊടുത്തപ്പോൾ, മിസ്സു് ബെക്കിനു മനോവേദന തോന്നിയതായി ഞാൻ കണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ എന്റെ അപ്പോഴത്തെ മനഃസ്ഥിതിയിൽ വയസ്സ്ചെന്ന ആ സ്ത്രീയെപ്പററി എനിക്കു അനുകമ്പതോന്നിയില്ല പിന്നീടു കൂടുതൽ അടുത്തുള്ള പരിചയവും, അവരുടെ ദയാപൂർവ്വമായ നിരവധി പെരുമാററങ്ങളുംകൊണ്ടു അവരെ അന്യായമായി മററുള്ളവർ ചീത്തയാക്കുകയാണെന്നുള്ള ബോധം എനിക്കുണ്ടാകയും, എന്റെ അനീതിയായ സംശയങ്ങളെ ദൂരികരിക്കയുംചെയ്തു. ഞാൻ 21 ക്രാംവെൽറോഡിൽ താമസിച്ചിരുന്ന ആ കാലത്തെ അനുസ്മരിപ്പിക്കുമാറു ക്രിസ്തുമസ്സുതോറും എനിക്കു് അവരുടെ പക്കൽനിന്നും കരുണാപൂർവ്വമായ ഓരോ കാർഡ്ഢു് കിട്ടാറുണ്ടു്. തങ്ങളെ സൂക്ഷിച്ചുകൊള്ളുന്നതിനു വിദ്യാത്ഥികൾ ഉൾപ്പെടെ സകലതരത്തിലും, ജീവിതവൃത്തിയിലും ഉള്ള ചാരന്മാരെ ഇൻഡ്യാആഫീസിൽനിന്നു നിയമിച്ചിട്ടുണ്ടെന്നുള്ള വിശ്വാസം ഇംഗ്ലണ്ടിലെ ഇന്ത്യൻ വിദ്യാത്ഥികളുടെ ഇടയിൽ എത്രമാത്രം ദൃഢരൂഢമാണെന്നു കാണിക്കുന്നതിനു, ചാരന്മാരെപ്പററി പറയുന്ന ഈ സന്ദർഭം അപ്രകൃതമായിരിക്കയില്ല. ഇംഗ്ലണ്ടിൽചെന്നു് ഒരുകൊല്ലംകഴിഞ്ഞപ്പോൾ ഞാൻ ഷേക്സ്പിയർഹട്ട്, ഇൻഡ്യാക്കാക്കുള്ള വൈ. എം. സി. എ. ഹോസ്റ്റൽ, എന്നിവിടങ്ങളിൽ പോവുകയും, അങ്ങനെ ഒരു ദിവസം വൈകുന്നേരം, ബുദ്ധിമാനെന്നു തോന്നിക്കുന്ന ചെറുപ്പക്കാരനായ ഒരു ബംഗാളിവിദ്യാത്ഥിയെ കാണുകയും ചെയ്തു. ചിലകൂട്ടർ താൻ ഒരു ഇൻഡ്യാആഫീസ്ചാരനാണെന്നുള്ള ദുഷ്ടേരു പരത്തിയെന്നും, തന്നിമിത്തം ഇൻഡ്യാക്കാരെല്ലാം തന്നെ ഒഴിയുകയാണെന്നും അയാൾ അനുകമ്പാർഹമാംവണ്ണം എന്നോടു പറഞ്ഞു. ഞാൻ അയാളോടു സഹതപിച്ചെങ്കിലും, ഇത്ര വളരെ ആളുകൾ സംശയിക്കുന്ന ഒരുവനുമായി പെരുമാറുന്നതു അപകടകരമായിരിക്കുമെന്നുള്ളതിനാൽ, ഒന്നും കൂടുതലായി പറഞ്ഞില്ല. ഈ യുവാവിനേയും, അയാളുടെ ആവലാതിയേയുംപററി എന്റെ ചില സ്നേഹിതന്മാ

രോടു ഞാൻ പറഞ്ഞു. അവരെല്ലാം ഒന്നൊഴിയാതെ അയാളിൽ നിന്നു് അകലുകയും, ഞാൻ ഇതേപ്പററി അറിവു കൊടുത്തതിനു് ധാരാളമായി നന്ദിപറയുകയുംചെയ്തു.

ഞാൻ:—മിക്കവാറും, ആ മനുഷ്യൻ നിർദ്ദോഷിയായായിരിക്കും.

അവർ:—എങ്ങനെയും ആകട്ടെ, അപകടത്തിൽ ചാടാൻ നമ്മെക്കൊണ്ടു സാധിക്കയില്ല. കടം വാങ്ങിയ ധാരാളം പണം നാം ഇവിടെ ചെലവാക്കുന്നുണ്ടു്. വല്ലതരത്തിലും ഈയാളൊരു ചാരനാണെങ്കിൽ, അയാൾ നമ്മെയും നമ്മുടെ കുടുംബങ്ങളേയും മുടിക്കും. സംശയിക്കപ്പെടാത്തവരുടെകൂടെ പെരുമാറുന്നതുതന്നെയും കുഴപ്പമാണു്.

ഞാൻ മിണ്ടിയില്ല. ഒരു നാലുദിവസം കഴിഞ്ഞപ്പോൾ ബായിക്കാട്ടുകൊണ്ടു് വെറുപ്പുതോന്നി അയാൾ അവിടംവിട്ടു. മിക്കവാറും എല്ലാവക്കും അയാളൊരു ചാരനാണെന്നു് ബോധ്യം വരുകയും, അയാൾ പോയല്ലോ, എന്നൊരു ആശ്വാസനിശ്വാസം ചെയ്യുകയും ചെയ്തു. അതുപോലെതന്നെ, ഇൻഡ്യൻവിദ്യാത്ഥികളുടെ സ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനു ലിററൺകമ്മററി ആക്സ്ഫോർഡിൽ വന്നപ്പോൾ, തങ്ങളുടെ പെരുമാററങ്ങൾ സൂക്ഷിച്ചുകൊള്ളുന്നതിനു ഇന്ത്യാആഫീസിൽനിന്നു ചാരന്മാരെ നിയമിച്ചിട്ടുണ്ടെന്നു ഇന്ത്യൻവിദ്യാത്ഥികളുടെ പ്രതിനിധികൾ ലിററൺപ്രഭുവിനെ അറിയിക്കുകയും, അങ്ങനെയൊന്നുമില്ലെന്നു അദ്ദേഹം എത്രുതന്നെ ദൃഢമായി പറഞ്ഞിട്ടും അവർ പിന്നെയും പഴയ വിശ്വാസം വിടാതെയിരിക്കുകയും ഉണ്ടായി. 1922-ൽ ഇന്ത്യൻവിദ്യാത്ഥികൾക്കു് അതു നിശ്ചയംവന്നു. 1919-നും, 1921-നും മദ്ധ്യേ സങ്കല്പചാരന്മാരെ പീഡിപ്പിച്ചിരുന്ന പതിവിനു് ഇപ്പോൾ ഗണ്യമായ കുറവുണ്ടായിരിക്കണമെന്നു വിചാരിക്കുന്നു.

നമ്മുടെ കഥയിലേക്കു മടങ്ങാം. ഡിന്നർ കഴിഞ്ഞപ്പോൾ ഞാൻ മുകളിലത്തേ നിലയിലേക്കു പോയി. അതികഠിനമായ തണുപ്പുണ്ടായിരുന്നതിനാൽ, എല്ലാവരും വായനമുറിയിലെ തീയുടെ ചുററും ചേൎന്നു കൂടിയിരിക്കുകയായിരുന്നു. ചില വീരന്മാർ "പിംഗ്പോംഗ്" "ബില്ലിയാർഡ്സ്" മുതലായ കളികളിൽ ഏർപ്പെട്ടിരുന്നു. എനിക്കു എങ്ങനെയൊ രണ്ടു തടിയന്മാരുടെ ഇടയ്ക്കു് സ്ഥാനം കിട്ടുകയും, തീയിൽ നിന്നു കഷ്ടിച്ചു ഒരടിമാത്രം അകലെ രണ്ടുപേരുടെയിടയിൽ കുടുങ്ങിയിരിക്കുകയാൽ കുറച്ചു ചൂടു കിട്ടുകയും ചെയ്തു. ഒരു പത്തുമിനിട്ടു കഴിഞ്ഞപ്പോൾ ഏറാറക്കുറ

വോട്ടുക്രൂടിയാണ്  എനിക്ക ചൂടുകിട്ടുന്നതെന്നു മനസ്സിലായി. ക്രൂടാതെ കപ്പൽയാത്രയും, ട്രെയിൻയാത്രയുംകൊണ്ടു ഞാൻ ക്ഷീണിച്ചിരുന്നതിനാൽ, ഉറങ്ങുന്നതിനു അടക്കാൻവയ്യാത്ത ഒരു ആഗ്രഹവും എനിക്കുണ്ടായി. ഞാൻ ചെന്നു എൻെറ കട്ടിൽ തിരഞ്ഞു കണ്ടുപിടിച്ചു. ഒരുപക്ഷേ അനേകം മഞ്ഞുകാലങ്ങളോടു നേരിട്ടു തൻെറ മുഖ്യമായ പുറവശത്തിനു ധാരാളം നാശം പററി നൂലുമാത്രമായി ശേഷിച്ച ഒരു കട്ടികുറഞ്ഞ ബ്ളാങ്കററു (കിടക്കവിരിപ്പു) മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ഭാഗ്യവശാൽ ആ ബാംബേക്കാരൻ എനിക്കു കട്ടിയേറിയ രണ്ടു ബ്ളാങ്കററുകൾ തന്നിരുന്നു. അതിനാൽ ഉടനടി ഞാൻ താഴെച്ചെന്നു സാമാനമുറിയിൽനിന്നു അവകൊണ്ടുവന്നു കട്ടിലിൽ വിരിച്ചു. പിന്നീടു ഞാൻ നീണ്ടുനിവന്നു അതിൽകിടന്നു. അപ്പോഴേക്കു, എൻെറ സന്നാഹങ്ങളെല്ലാംകണ്ടു "എട്ടുമണിയായില്ല, അതിനുമുമ്പേ കിടന്നോ" എന്നു മിസ്ബെക്ക് ചോദിച്ചു.

ഞാൻ:— അതെ, മിസ്ബെക്ക്, ഞാൻ ക്ഷീണിച്ചു ചാകാറായി.

എന്നൊതുടൻ, അവിടെയിരുന്നവരെയെല്ലാം തങ്ങളുടെ നെട്ടനെട്ടങ്കൻകോട്ടുവാകൾകൊണ്ടു ഉപദ്രവിച്ചുകൊണ്ടിരുന്ന മററുചിലരും അപ്രകാരംചെയ്തു. "നിങ്ങൾക്കു ചൂടുവെള്ളം നിറച്ച കുപ്പിയില്ലേ?" എന്നു അടുത്തുകിടന്ന ഒരുവൻ ചോദിച്ചു. പക്ഷേ അയാൾ എന്തുദ്ദേശിച്ചാണ് അങ്ങനെ ചോദിച്ചതെന്നു എനിക്കു തീരെ മനസ്സിലായില്ല. പട്ടാളക്കാർ കുടിക്കാനുള്ള വെള്ളം ശേഖരിച്ചുവയ്ക്കുന്ന തുകൽക്കുപ്പികളെ ഉദ്ദേശിച്ചു ഞാൻ "ഇല്ലാ, ഞാൻ ആ വകയൊന്നും സൂക്ഷിക്കാറില്ല" എന്നു മറുപടി പറഞ്ഞു. എന്നാൽ അയാൾ ഉദ്ദേശിച്ചതു് പാദം ചൂടാക്കി വച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി ചൂടുവെള്ളം നിറച്ച കുപ്പിയാണ്. എൻെറ മറുപടി അതിനും പറവുന്നതായിരുന്നു. അഞ്ചുമിനിട്ടിനകം ഞാൻ ഗാഢനിദ്രയിലാണ്ടു.

പിറേറദിവസം രാവിലെ അഞ്ചരമണിക്കു ഞാൻ ഉണൎന്ന് പതിവുപോലെ കുളിക്കാൻ പോയി. കഠിനമായ തണുപ്പുണ്ടായിരുന്നു, എനിക്കു ചെരിപ്പുമില്ലായിരുന്നു. ബാംബെക്കാരൻ തന്നിരുന്ന മെതിയടികൾ ആകൃതിയിൽ ബഹുവിശേഷമായിരുന്നു എന്നു മാത്രമല്ല, എൻെറ കാലിനു പാകവുമല്ലായിരുന്നു. അതിനാൽ നഗ്നപാദനായി പിജാമാധരിച്ചുകൊണ്ടു് ടവ്വലും സോപ്പുമായി ഞാൻ നടന്നുപോയി. കുളിമുറിയിൽ പോകുന്നതിനു പല ഗോവണികയറി മൂന്നാംനിലയിൽ ചെല്ലേണ്ടിയിരുന്നു. തണുപ്പുകൊണ്ടു് വിറയ്ക്കുകയായിരുന്നെങ്കിലും കപ്പലിലേപ്പോലെ ആറാടിക്കുന്നതിനുമുമ്പു് കുളിക്കണമെന്നു ഞാൻ കരുതി. 21-ക്രാംവെൽറോഡിൽ എട്ടുമണിക

ഴിഞ്ഞാൽപിന്നെ ചൂടുവെള്ളം ചൂടായിരിക്കയില്ലെന്നുള്ളതു് ഒരു പരസ്യമായ രഹസ്യമായതിനാൽ, എല്ലാപേരും ഏഴുമണിക്കും എട്ടുമണിക്കും മദ്ധ്യേ കുളിമുറികളിൽ വന്നുകൂടുന്നതാണു്. മററു ഉപദ്രവമൊന്നും കൂടാതെ കേമമായി ഒരു കുളി നടത്തുന്നതിനു് 6- മണിയാണു് സമയം അതുകൊണ്ടു് മറെറാരാളോടൊന്നിച്ചു ഞാൻ ആ സമയംതന്നെ സ്വീകരിച്ചു ഞങ്ങൾ രണ്ടുപേരും ഓരോ കുളിമുറി കൈവശപ്പെടുത്തി, ഉൽക്കണ്ഠാഹേതുകമായ സകല സംഗതികളും, ക്ലേശങ്ങളും, കഠിനമായ തണുപ്പും, ആഹാരക്ഷാമവും, അപരിചിതമായ രാജ്യവും, അനിശ്ചിതമായ പ്രവൃത്തിപദ്ധതിയും, എല്ലാം മറന്നു്, കുളിമുറികളിൽതന്നെ മനമഴിഞ്ഞു രമിച്ചു. ഒരു നല്ല ഉറക്കം കഴിഞ്ഞുള്ള സുഖമായ കുളി സകല ബുദ്ധിമുട്ടുകൾക്കും, ക്ലേശങ്ങൾക്കും രസികൻ പ്രതിവിധിയാണെന്നാണു് എൻെറ അഭിപ്രായം. കുളിത്തൊട്ടിയിൽ ചൂടുവെള്ളത്തിൽ ഞാൻ മുഴകിക്കിടന്നപ്പോൾ ചൂടുള്ള ഊററുകളിൽ കിടന്നു കുളിയാടുന്നതായി ഭൂമിശാസ്ത്രഗ്രന്ഥങ്ങളിൽ പറയപ്പെടുന്ന മാവോറിവർഗ്ഗ(ന്യൂസിലാണ്ടിലെ ഒരു ജനവർഗ്ഗം)ക്കാരിൽ ഒരുവനാണു് ഞാൻ എന്നു എനിക്കുതന്നെ തോന്നിപ്പോയി. പ്രാതസ്സ്നാനം ബ്രാഹ്മണരുടെയിടയിൽ എപ്പോഴും മതവുമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയപതിവു് ഓർത്തു് ഞാൻ ചില സ്തോത്രങ്ങളും ശ്ലോകങ്ങളും ചൊല്ലി. എൻെറ മാതൃകയെ തുടൎന്നു അടുത്ത കുളിമുറിയിലുള്ള എൻെറ കൂട്ടുകാരനും, അയാളുടെ സ്ഥലത്തെ ചില സ്തോത്രങ്ങൾ ചൊല്ലി. ഈ ശബ്ദമെല്ലാം, അടുത്ത മുറികളിലെ ഉറക്കക്കാൎക്കു കുറെ കൂടുതലായി തോന്നുകയും, സ്തോത്രകഥനം നിറുത്താനുള്ള അപ്രമാദമായ താക്കീതെന്നമട്ടിൽ, കതകുകളിൽ ചില തട്ടലും മുട്ടലും എല്ലാം കേൾക്കുകയും ചെയ്തു. ഞങ്ങൾ കഥനമെല്ലാം മതിയാക്കി, താഴെച്ചെന്നു ഈറൻ മാറി. പ്രഭാതഭക്ഷണത്തിനിരുന്നപ്പോൾ, ആരാണു് ശബ്ദമുണ്ടാക്കിയതെന്നു സബ്‌വാർഡനായ മി: നാസ്റ്റർ ചോദിക്കുകയും, ഞാനും എൻെറ സ്നേഹിതനും കുററം സമ്മതിക്കുകയും ചെയ്തു. 'നിങ്ങൾ എട്ടുമണിക്കു കിടന്നിട്ടു് നാലുമണിക്കു ഉണരും. പക്ഷെ ഒരുമണിക്കു കിടന്നിട്ടു ഒൻപതുമണിക്കു എഴുന്നേൽക്കുന്നവരെപ്പററി ഓക്കണേ' എന്നു് അദ്ദേഹം പ്രാൎത്ഥിച്ചു. ഞങ്ങളുടെ കീൎത്തനങ്ങളും, സ്തോത്രങ്ങളും മേലാൽ അത്ര ഉച്ചത്തിൽ ചൊല്ലുകയില്ലെന്നു ഞങ്ങൾ വാഗ്ദാനംചെയ്തു. "അതു അപ്പാടെ വേണ്ടെന്നുവച്ചാലെന്തു്?" എന്നു അദ്ദേഹം തുടൎന്നുചോദിച്ചു. ഞങ്ങൾ മിസ് ബെക്കിനോടു ഇക്കാര്യം "ബോധിപ്പിക്കയും" ഒരു നല്ല സ്ത്രീയായിരുന്നതിനാൽ, സ്തോത്രങ്ങളും കീൎത്തനങ്ങളും ചൊല്ലേണ്ടതു ആവശ്യമാണെന്നും, എന്നാൽ അവ മന്ത്രിക്കുകയേ പാടുള്ളു എന്നും ഉള്ള കാൎയ്യത്തിൽ അവർ ഞങ്ങളോടു യോജിക്കയുംചെയ്തു.

പ്രഭാതഭക്ഷണത്തിനുശേഷം ഞങ്ങളെ സൌത്ത് കെൻസിംഗ്ടൻ കാഴ്ചബംഗ്ലാവിൽ കൊണ്ടുപോകാമെന്നു മിസ് ബെക്ക് പറഞ്ഞു. പക്ഷെ എനിക്കു ടാററാകമ്പനിയുടെ സ്ഥലം ഏജൻറായ മി: മേത്തായെ കാണേണ്ടിയിരുന്നു. അതിനാൽ ഞാൻ ന്യൂബ്രാഡ്തെരുവിലെ അദ്ദേഹത്തിൻെറ ആഫീസിൻെറ ടെലഫോൺ നമ്പർ അന്വേഷിക്കുകയും ഫോൺ ചെയ്യാൻ (ടെലഫോൺയന്ത്രത്തിൽക്കൂടി ദൂരസ്ഥലത്തിരിക്കുന്ന ആളിനോട് സംസാരിക്കാൻ) ശ്രമിക്കുകയും ചെയ്തു. ഈ വിദ്യ എനിക്കു പുത്തരിയായിരുന്നതിനാൽ സംഭവിച്ചതു വളരെ നേരംപോക്കാണ്. ഞാൻ യന്ത്രത്തിൻെറ "ശബ്ദഗ്രാഹി" എടുത്തു "ഹേയ്, ഹേയ്" എന്നു വിളിച്ചു. എക്സ്ചേഞ്ച് ആഫീസിലെ പെൺകുട്ടിയാണ് അതിനുത്തരം പറഞ്ഞതു്. എന്നിട്ടും നമ്പർ പറയുന്നതിനു പകരം "അതു മി മേത്തയാണോ" എന്നു ഞാൻ തുടന്നുചോദിച്ചു. ഒരു പെൺകുട്ടിയുടെ ചിരിയും "അല്ല, ഞാൻ എക്സ്ചേഞ്ചാണ്" എന്നുള്ള മറുപടിയും ഞാൻ കേട്ടു. അപ്പോഴേക്കു ഞാൻ എൻെറ തെററു മനസ്സിലാക്കി, നമ്പർ പറഞ്ഞു, മി. മേത്തായുമായി സംസാരിക്കാൻ തുടങ്ങി. അന്നു വൈകുന്നേരംതന്നെ കാണാമെന്നു അദ്ദേഹം എന്നെ അറിയിച്ചു. അതിനാൽ ലഞ്ച് കഴിഞ്ഞു ഞാൻ സൌത്ത്കെൻസിംഗ്ടൻസ്റ്റേഷനിൽ ചെന്നു ട്യൂബ്ട്രെയിൻ കയറി പുറപ്പെട്ടു. എന്നാൽ അതൊരു "ഇന്നർട്രെയിൻ" (ഭൂമിക്കടിയിൽ മാത്രം ഓടുന്ന ട്രെയിൻ) ആണെന്നു ഞാൻ മനസ്സിലാക്കിയില്ല. ന്യൂബ്രാഡ്തെരുവിലേക്കുള്ള സ്റ്റേഷനായ ലിവർപ്പൂൾ സ്ട്രീററിൽ 45 മിനിട്ടിനകം ഞാൻ ചെന്നുചേരുമെന്നു എന്നോടു അവർ പറഞ്ഞിരുന്നു. ഒന്നരമണിക്കൂർ കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും സൌത്ത്കെൻസിംഗ്ടൻസ്റ്റേഷനിൽ തന്നെയിരിക്കുന്നു. ഞാൻ അത്ഭുതപ്പെട്ടുപോയി. ഇത്രയും നേരം ട്രെയിൻ ഓടിക്കൊണ്ടിരുന്നു. അതു പിറകോട്ടു തിരിഞ്ഞതുമില്ല. എന്നിട്ടും ഞാൻ പുറപ്പെട്ട സ്ഥലത്തുതന്നെയിരിക്കുന്നു. അടുത്തിരുന്ന ഒരാളോടു ചോദിച്ചപ്പോൾ, ഞാൻ ശരിക്കു ഒരുവട്ടം മുഴുവൻ ചുററിയെന്നും ലിവർപൂൾസ്ട്രീററു അറിയാതെ കടന്നുപോന്നു എന്നും അറിഞ്ഞു.

ഉത്സാഹത്തിനു യാതൊരു കുറവും പററാതെയും കൂടുതൽ ശ്രദ്ധയുള്ള ദൃഷ്ടികളോടും ഞാൻ യാത്രതുടന്നു ലിവർപ്പൂൾസ്റ്റ്രീററിൽ ഇറങ്ങി. സൈനികഭാവവും അക്ഷയമായ സരസതയും മൂലം എൻെറ മനസ്സിൽ നല്ലവണ്ണം പതിഞ്ഞ ഒരു കാൺസ്ററബ്ളിൻെറ സഹായത്തോടുകൂടി ഞാൻ മി. മേത്തായുടെ ആഫീസ് സ്ഥിതിചെയ്യുന്ന ന്യൂബ്രാഡ്തെരുവിലെ ക്യാപ്പെൽഹൌസിലേക്കു പോ

യി. ഇംഗ്ലണ്ടിൽ പോലീസിൻെറ സഹായം ധാരാളമായി ആളുകൾ അന്വേഷിക്കുകയും, ജനങ്ങളുടെ സ്നേഹിതന്മാരായി അവരെ ഗണിക്കുകയും ചെയ്യുന്നു. നേരേമറിച്ചു നമ്മുടെ നാട്ടിൽ ജനവിരോധികളായി വെറും അന്യായമായി ഗണിക്കപ്പെടുന്ന പോലീസുകാരെ ജനങ്ങൾ ഒഴിയുകയാണു ചെയ്യുന്നതു്. ഈ വിശേഷപ്പെട്ട സ്ഥിതിയുടെ കാരണങ്ങളെപ്പററി ഇനിയൊരദ്ധ്യായത്തിൽ ഞാൻ പ്രതിപാദിക്കുന്നതാണു്.

ബാംബെയിൽ ടാററാക്കമ്പെനിക്കാക്കുള്ള രാജഹമ്മ്യസമാനമായ ആഫീസ്സ് കണ്ടപ്പോൾ, ലണ്ടനിൽ അവക്കൊരു കെട്ടിടം മുഴുവൻ കാണുമെന്നാണു് ഞാൻ വിചാരിച്ചതു്. എന്നാൽ ലണ്ടനിലെ അത്യധികമായ വാടക ഗണിക്കാതെയാണു ഞാൻ അങ്ങനെകരുതിയതു്. ആ കെട്ടിടത്തിൻെറ നാലുനിലകളിൽ ഒന്നുമാത്രമേ ടാററാക്കമ്പെനിക്കാക്കുണ്ടായിരുന്നുള്ളു. സർ ഫിറോസ്ഷാമേത്തായുടെ പുത്രനും, മര്യാദയുടെ ശരിപ്പകപ്പും ആയ മി. മേത്തായെ ഞാൻ കണ്ടു. അദ്ദേഹം നല്ല ഉപദേശങ്ങൾ നൽകുകയും, എൻെറ മേൽവിലാസം കുറിച്ചെടുക്കുകയും, ആവശ്യമുള്ളപ്പോൾ അദ്ദേഹത്തെ ചെന്നു കാണണമെന്നു പറയുകയും ചെയ്തു. അതിനുശേഷം ഞങ്ങൾ പിരിഞ്ഞു. ഏകദേശം അഞ്ചുമണിക്കു ഞാൻ ക്രാംവെൽ റോഡിൽ തിരിച്ചെത്തിയപ്പോൾ ചായകുടി നടക്കുന്നതുകണ്ടു. സാമാന്യമായിപ്പറയുന്നപക്ഷം, ക്രാംവെൽറോഡിൽ ചെല്ലുന്ന ഇന്ത്യൻ വിദ്യാത്ഥികൾക്കു ആഴ്ചയിൽ രണ്ടുതവണ ഇങ്ങനെ ചായസൽക്കാരം നടത്താറുണ്ടെന്നും, ആ അവസരങ്ങളിൽ പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാർ ഇന്ത്യൻവിദ്യാത്ഥികൾക്കു "അററ്ഹോം" നൽകുകയാണെന്നാണു് സങ്കല്പമെന്നും, അതേപ്പററി അന്വേഷിച്ചപ്പോൾ മനസ്സിലായി. ഈ അവസരങ്ങളിൽ പ്രശസ്തരായ ആളുകളുടെ പ്രസംഗങ്ങൾ സാധാരണയായി ഉണ്ടായിരിക്കും. ചായകുടി നടന്നുകൊണ്ടിരിക്കുന്നതുകണ്ടു ഞാൻ സന്തോഷിക്കയും, അതിൽ എൻെറ ന്യായമായ പങ്കു് പററുകയും ചെയ്തു. ആറു കുട്ടികളുടെ പിതാവെന്നു എന്നെ സ്വയം പരിചയപ്പെടുത്തിയ യുണൈറെഡ്പ്രാവിൻസുകാരനായ ഒരു മുസ്ലിം മുന്തിരിങ്ങാ ഓരോപിടി നിറയെ വാരിത്തിന്നുകയും ഞാനും അങ്ങനെ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ ഈ വൻമുടിവു് ചെയ്യാൻ ഞാൻ വഴിപ്പെട്ടില്ല. അതു മര്യാദയല്ലെന്നു ഞാൻ അയാളോടു പറകയും ചെയ്തു.

അയാൾ:—എന്തു്! ഈ ചായസൽക്കാരങ്ങൾക്കു ചെലവാക്കുന്ന പണം നമ്മുടേതാണു്. യുദ്ധത്തിനുള്ള സൈന്യബലങ്ങളെല്ലാം

ഇന്ത്യാആഫീസ് നൾകുന്നു. അതുകൊണ്ടാണ് ഇത്തരം സന്ദർഭങ്ങളിൽ ഞാൻ ഇവിടെ വന്നു്, ഭാരതമാതാവിനു എന്തു ഓഹരികിട്ടുമോ അതു പറവുന്നതു്.

ഞാൻ ഹാർദ്ദമായി ഒന്നുചിരിച്ചു. അയാൾക്കു് 6 മക്കളുണ്ടെന്നുള്ള പ്രസ്താവനയെ എത്ര ലഘുവായി ഞാൻ വിചാരിച്ചോ അത്രയും ലഘുവായിത്തന്നെ ഞാൻ ഈ മറുപടിയേയും ഗണിച്ചു. എന്നാൽ അയാളുമായുള്ള ആറുമാസത്തെ പരിചയത്താൽ ഈ രണ്ടു പ്രസ്താവനകളും എത്ര പരമാൎത്ഥമായിട്ടാണ് അയാൾ ചെയ്തതെന്നു് എനിക്കു മനസ്സിലായി. ലണ്ടൻ, എഡിൻബറോ, ആക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ സ്ഥലങ്ങളിൽനിന്നു വരുന്ന പല ഇന്ത്യാക്കാരേയും സന്ദർഭവശാൽ ഈ അവസരങ്ങളിൽ കാണുക പതിവായിരുന്നു. ചൈനാക്കാർ വിദേശികളോടു പെരുമാറുന്നതെങ്ങിനെയോ, അതുപോലെയാണ് ആക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നിവിടങ്ങളിലെ ഇന്ത്യക്കാർ മററുള്ള ഇന്ത്യക്കാരോടു പെരുമാറുന്നതു്. അതിനാൽ ഈ സൎവ്വകലാശാലാവിദ്യാർത്ഥികളെപ്പററി അത്രതന്നെ പ്രശംസാപരമല്ലാത്ത പല പാൎശ്വാഭിപ്രായങ്ങളും മററുള്ളവർ മന്ത്രിക്കാറുണ്ടു്.

ഞാൻ ക്രാംവെൽറോഡിൽ ചെന്നതിൻെറ മൂന്നാം ദിവസം വലിയ ഹാളിനെ തൊട്ടുള്ള വരാന്തയിൽ ഒരു കട്ടിൽ ഒഴിവു വരികയും, ഞാൻ അങ്ങോട്ടു മാറുകയും ചെയ്തു. അവിടെ ഉണ്ടായിരുന്ന മററു രണ്ടുപേർ പഞ്ചാബിഹിന്തുക്കളായിരുന്നെങ്കിലും, അവരുമായി കഴിഞ്ഞുകൂടാൻ വിഷമമൊന്നുമില്ലായിരുന്നു. കേംബ്രിഡ്ജിലെ ഏതാനും കാളജിൽ പ്രവേശനം കിട്ടുമോ എന്നറിയാൻ, ഒരു "ടെറ"ത്തിൻെറ (Term) പകുതിയായിരുന്നെങ്കിലും മി: ജി. പോയിരുന്നു ക്രാംവെൽ റോഡിലെ ആഹാരം വെറുത്തു മി. ഏ ഒരു ഇംഗ്ലീഷുകാരിയെ വിവാഹം ചെയ്തിരുന്ന ഈജിപ്തുകാരനായ ഒരുവനോടൊന്നിച്ചു ആഹാരത്തിനു പണംകൊടുക്കുന്ന ഒരു അതിഥിയായി താമസിക്കാനും പോയിരുന്നു. മി. ഏ-യുടെ സ്നേഹിതന്മാൎക്കു ഇന്ത്യാക്കാരും ഈജിപ്തുകാരും തമ്മിലുള്ള ബന്ധത്തെപ്പററി ചില ആശങ്കകളെല്ലാമുണ്ടായിരുന്നു. പോകുന്ന അവസരത്തിൽ മി. ഏ എന്നോടു പറഞ്ഞ വാക്കുകൾ ഇവയാണ്—"മി. അയ്യർ, നിങ്ങൾ ഐ. സി. എസ്സിൽ പ്രവേശിക്കുമെന്നുള്ളതു കണിശമാണ്. ഈ നരകതുല്യമായ ആഹാരം സഹിച്ചു കഴിയുന്നതെന്തിനു്? ഞാൻ പറയുന്നതു കേൾക്കുമെങ്കിൽ, നിങ്ങളുടെ വയറിനു മതിയാകത്തക്കവണ്ണം വല്ലതും കിട്ടുന്ന സ്ഥലം താമസത്തിനു് തിരഞ്ഞെടുക്കണം. ഇല്ലെങ്കിൽ നിങ്ങൾ ഐ. സി. എസ്സിൽ

പ്രവേശിക്കുന്നതിനുമുൻപ് പട്ടിണികിടന്നു ചത്തുപോയേക്കും." അനന്തരം അയാൾ ബലമായി എന്റെ കൈപിടിച്ചുകുലുക്കി അവിടംവിട്ടു. മി. എ. തന്റെ നീണ്ട പായ്ക്കറ്റിൽ ഉണ്ടായിരുന്ന പ്രസിദ്ധപ്പെട്ട മാതൃകകൾ പല പ്രശസ്തങ്ങളായ ലണ്ടൻവ്യവസായശാലകളിലും പ്രദർശിപ്പിച്ചു എന്നു ഞാൻ പിന്നീടു കേട്ടു. ലണ്ടൻ കമ്പോളത്തിൽ വലിയ വിപ്ലവമൊന്നും ഉണ്ടായില്ലെന്നു പറഞ്ഞാൽ മതിയല്ലോ. രണ്ടുമൂന്നുദിവസത്തിലൊരിക്കൽ ഞാൻ മി. എ.യെ ക്രാംവെൽറോഡിൽ കാണുമായിരുന്നു. ക്രമേണ ഈ സന്ദർശനങ്ങൾ കുറഞ്ഞുകുറഞ്ഞു് ഒടുവിൽ ഒട്ടുമില്ലാതെയായി.

മി. എ യുടെ ഉപദേശത്തിനു് അല്പം ഫലമുണ്ടായിരുന്നു. ക്രാംവെൽറോഡിലെ ശുഷ്കമായ ആഹാരത്തെ വെളിയിൽനിന്നു സാരമായ ലഞ്ചുകൾകൊണ്ടു പൂരിപ്പിക്കാൻ ഞാൻ തീരുമാനിച്ചു. ആദ്യത്തെ പരീക്ഷണം കേവലം യാദൃച്ഛികമായിട്ടായിരുന്നു അതു വളരെ ആശാജനകവുമല്ലായിരുന്നു. കാലത്തു അഞ്ചുമണിക്കു കുളിക്കുന്നതിനായി പിജാമാ ധരിച്ചുകൊണ്ടു കോവണിപ്പടികൾ കയറുന്നതു് അസാദ്ധ്യമായിരുന്നതിനാൽ എനിക്കു ഒരു ഡ്രസ്സിംഗ്ഗൗണിന്റെ അത്യാവശ്യം നേരിട്ടു. അതിനാൽ രണ്ടു സൂട്ടുകൾക്കു ആർഡർകൊടുക്കുന്നതിനും, ഒരു ഡ്രസ്സിംഗ്ഗൗൺ വാങ്ങുന്നതിനും വേണ്ടി ഞാൻ ഒരുദിവസം പ്രഭാതഭക്ഷണംകഴിഞ്ഞു പുറപ്പെടുകയുണ്ടായി. ബാംബേക്കാരൻ തന്നിരുന്ന സൂട്ടുകൾ അത്യന്തം പരിഹാസ്യമായിരുന്നതിനാലാണു് ഡ്രസ്സിംഗ്ഗൗൺ ആവശ്യമായിവന്നതു്. ആ വേഷത്തിൽ ലണ്ടൻനഗരത്തിൽ സഞ്ചരിക്കുന്നതിന്റെ അത്യസാദ്ധ്യത ഒരു സ്ത്രീദൃഷ്ടിയോടുകൂടിത്തന്നെ മിസ്. ബെക്ക് കണ്ടുപിടിച്ചെങ്കിലും, സ്ത്രീകൾക്കു എത്രയോ സഹജമായ നയചതുരതയോടുകൂടി, എന്നോടുതന്നെ നേരിട്ടു് ആ വിഷയത്തെപ്പറ്റി ഒന്നും സംസാരിക്കാതിരിക്കയാണു് ചെയ്തതു്. ഇൻഡ്യൻവിദ്യാർത്ഥികളുടെ അസിസ്റ്റൻറു ഉപദേശകനായ ഒരു മി. എൻ. സി. സേൻ എന്നയാൾ അദ്ദേഹത്തിന്റെ താമസസ്ഥലത്തുവച്ചു എന്നെ കാണാൻ ആഗ്രഹിക്കുന്നതായി അവർ എന്നോടു പറഞ്ഞു. ഞാൻ പോയി. പ്രായംകൂടി, ഗൗരവഭാവമുള്ള മി. എൻ. സി. സേൻ എന്നെ ആദരപൂർവ്വം സ്വീകരിച്ചു. ആ മനുഷ്യനെ ഞാൻ അതിനുമുൻപു് കണ്ടിട്ടില്ലായിരുന്നെങ്കിലും, മിസ് ബെക്ക്, മെ. നാസ്റ്റർ, ഗ്യാസ്റ്റർ, ഗോർഡർ ജാജ്ജ് എന്നിവരോടുള്ളതിനേക്കാൾ കൂടുതൽ സ്വാതന്ത്ര്യം എനിക്കു് അദ്ദേഹത്തോടുള്ളതായി തോന്നി. ഞങ്ങൾക്കിരുവർക്കും പൊതുവേയുള്ള മാതൃഭൂമി, ഇരുണ്ടതൊലി എന്നിവയായിരിക്കാം ഇതിനു കാരണം. ഞാൻ ആക്സ്ഫോർഡിൽ പോകു

ന്നതിനേപ്പററിയും, മററു പല സംഗതികളേപ്പററിയും അദ്ദേഹം എന്നോടു സംസാരിച്ചു. എന്നിട്ട്, കേവലം യാദൃച്ഛികമായെന്ന പോലെ, എൻെറ വസ്ത്രങ്ങൾ ഇംഗ്ലണ്ടിലെ മഞ്ഞുകാലത്തിന് തീരെ പോരെന്നും അതുകൊണ്ടു വേറെ സൂട്ടുകൾ വാങ്ങണമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹം വീണ്ടും ഒരു ഔദാര്യപൂർവ്വമായ പുഞ്ചിരിയോടുകൂടി തുടൻ: "പോരെങ്കിൽ, ആ ഉടുപ്പുംമററും ഇപ്പോഴത്തെ ഫാഷൻ അനുസരിച്ചുള്ളവയല്ല" ഞാൻ ഫാഷനെ വകവയ്ക്കുന്നില്ലെന്നു പറഞ്ഞു.

അദ്ദേഹം: ഇല്ല, ഞാനുമില്ല; പക്ഷെ നമ്മെ നോക്കി ആരും ചിരിക്കരുതല്ലോ.

ഞാൻ പോകുന്നവഴി പലരും എന്നെ നോക്കി പുഞ്ചിരിതൂകിയിരുന്ന കഥ ഞാൻ പെട്ടെന്ന് ഓത്തു. എന്നാൽ വെള്ളക്കാക്ക് ഒരു ഇരുണ്ട മനുഷ്യനെ കാണുമ്പോൾ സ്വാഭാവികമായി തോന്നുന്ന ഒരു രസംകൊണ്ടാണ് അങ്ങനെ ഉണ്ടായതെന്ന് ഞാൻ കരുതിയിരുന്നു. പക്ഷെ, അതിൻെറ യഥാത്ഥകാരണം എനിക്കിപ്പോൾ മനസ്സിലായി. കൂടുതൽ എതിർവാദങ്ങളൊന്നുംകൂടാതെ മി. സെൻ പറഞ്ഞതുപോലെ ഞാൻ സമ്മതിച്ചു. പിന്നീട്, ഞാൻ എപ്പോഴാണ് ആക്സ്ഫോർഡിൽ പോകേണ്ടതെന്നു അദ്ദേഹത്തോടു ചോദിച്ചു.

അദ്ദേഹം:—"ഇപ്പോഴത്ര ധിറുതിയൊന്നുമില്ല. ഒരു ടെറത്തിൻെറ പകുതിയായതിനാൽ ഇപ്പോൾ നിങ്ങൾക്കു കാളേജിൽ പ്രവേശനം കിട്ടുകയില്ല നിങ്ങളുടെ പുതിയ സൂട്ടുകൾ തയാറായികഴിയുമ്പോൾ, ആക്സ്ഫോർഡിൽചെന്നു്, അവിടത്തെ സ്ഥലം ഉപദേശകനായ മി. ബറോസിനെ കാണാം."

ഞാൻ മി: സെന്നിന് നന്ദിപറഞ്ഞു പിരിഞ്ഞു.

ലണ്ടനിലെ പ്രസിദ്ധനായ ഒരു തയ്യൽക്കാരൻെറ പക്കൽ രണ്ടുപുതിയ സൂട്ടുകൾക്കു ഞാൻ ഉടനടി ആർഡർകൊടുത്തു. ചേച്ചയില്ലാത്ത വേഷത്തിൽ എന്നെ കണ്ടപ്പോഴേക്കു് ആ തയ്യൽക്കാരൻെറ ഷാപ്പു മുഴവനും അടക്കാൻവയ്യാത്തവണ്ണം ചിരിച്ചു തലകുത്തി

തയ്യൽക്കാരൻ:—(അളവെടുത്തുകൊണ്ടു്) ഈ സൂട്ടെവിടെ ഉണ്ടാക്കിയതാരിക്കും, സർ?

ഞാൻ:—ബാംബയിൽ.

തയ്യൽക്കാരൻ:—അവർ ഇത്ര മോശമാണോ, സർ? ഞാനിങ്ങനെ-

ഇത്രയുംപറഞ്ഞിട്ട്, മയ്യാദകൊണ്ടായിരിക്കാം, അയാൾ വിരമിച്ചു. ഇംഗ്ലണ്ടിലെ പ്രസിദ്ധപ്പെട്ട മറെറല്ലാ വ്യാപാരശാലകളിലും ഉള്ളതുപോലെ ഇവിടെയും തീർച്ചവിലമാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷെ- ഈ തീർച്ച്വിലയുടെ സ്ഥിരത ഒരിക്കലും അചഞ്ചലമല്ലെന്നും, നേരേമറിച്ചു് അതു ആകപ്പാടെ ഇളക്കമുള്ളതാണെന്നും ഇൻഡ്യയിലുള്ള വഴക്കടിയോടു താരതമ്യത്തിനു വകയില്ലാത്തതെങ്കിലും, വില തക്കിക്കാൻ ധാരാളം ഇടകൊടുക്കുന്ന ഒരുതരം ദ്രവസ്ഥിരതയാണെന്നും, പിന്നീടു അനുഭവംകൊണ്ടു് എനിക്കു മനസ്സിലായി. ഈ ദ്രവസ്ഥിരത ഓരോരുത്തരുടെ സമ്പൎക്കമനുസരിച്ചു് ഒരു ബാറോമീററർ (വായുസമ്മർദ്ദം അറിയുന്നതിനുള്ള ഒരു യന്ത്രം) പോലെ ഉയരുകയും, താഴുകയും, ചെയ്യുമെന്നും ഞാൻ പിന്നീടറിഞ്ഞു.

"ഞാൻ മയ്യാദകേടാണു പറയുന്നതെങ്കിൽ ക്ഷമിക്കണം, സ്സാറിൻെറ ഹാററ് വല്ലാതെ തോന്നുന്നു." ഞാൻ ഒരു പുതിയ ഹാററുവാങ്ങാൻ തീരുമാനിക്കയും, തിരിച്ചുപോരുംവഴി ഒരു ഹാററ് ഷാപ്പിൽകയറി 45-ഷില്ലിംഗിനു് ഒരു ഒന്നാംതരം വേല്യൂർഹാററ് വാങ്ങുകയും ചെയ്തു. എൻെറ പഴയ ഹാററ് വല്ല ഹാററുകച്ചവടക്കാൎക്കും വിൽക്കാമെന്നു ഒരു സ്നേഹിതൻ പറഞ്ഞിരുന്നു. അങ്ങനെ അതു കളയാൻ ഈ അവസരംതന്നെ ഞാൻ സ്വീകരിക്കയും ചെയ്തു. എനിക്കു പുതിയ ഹാററുതന്ന പെൺകുട്ടിയോടു ഈ കാൎയ്യം പറഞ്ഞപ്പോൾ അവൾ ചിരിച്ചു തലയടിച്ചുകൊണ്ടു്, "ഓ, ഇല്ലാ സർ, ഞങ്ങൾ ഹാററു വാങ്ങാറില്ല. സർ, ഇതെവിടെനിന്നു വാങ്ങി?" എന്നു ചോദിച്ചു.

ഞാൻ:—ബാംബെയിൽനിന്നു്.

അവൾ:—അതാ, ആ മൂലയിൽ കാണുന്ന കച്ചവടക്കാരൻ അതു പക്ഷേ വാങ്ങിയേക്കും.

ഞാൻ എൻെറ പുതിയ ഹാററു ധരിച്ചുകൊണ്ടു്, അവൾ തന്ന ഒരു പത്രത്തിൽ പഴയ ഹാററു പൊതിഞ്ഞു്, അടക്കാൻവയ്യാത്തവണ്ണം ചിരിച്ചു തലകുത്താൻ അവളെ വിട്ടിട്ടു്, തെരുവിലിറങ്ങി അവൾ പറഞ്ഞ ഷാപ്പിലേക്കു പോയി. അതു് അപൂൎവ്വ സാധനങ്ങൾ വ്യാപാരംചെയ്യുന്ന ഒരു ഷാപ്പായിരുന്നു! ഞാൻ അതിൽ കയറിയില്ലെന്നുപറഞ്ഞാൽ മതിയല്ലോ. ആ പെൺകുട്ടി ഇങ്ങനെ കുട്ടത്തചിരി ചിരിച്ചതു എന്തുകൊണ്ടാണെന്നു എനിക്കു് മനസ്സിലായി. ആ ഹാററ് ദൂരെ വലിച്ചെറിയാമെന്നു ഞാൻ ആദ്യം വിചാരിച്ചു. എങ്കിലും, ആ ബാംബെക്കാരനെ നേരിടുന്നതി

നായി അതു് സൂക്ഷിക്കാമെന്നുതന്നെ പിന്നീടുകരുതി. കൂടാതെ, ആ പാവത്തോട്ട് എനിക്കൊരു വാത്സല്യവും തോന്നിത്തുടങ്ങിയിരുന്നു സ്ഥലത്തിലും, ജലത്തിലും കൂടി അതു് ആറായിരം നാഴികയോളം എന്നോടൊരുമിച്ചു യാത്രചെയ്തിരുന്നു. എന്നെ ശകാരിക്കാൻ ശബ്ദമില്ലെന്നു മാത്രം കരുതി ഇത്ര വിശ്വസ്തമായ ഒരു വസ്തുവിനെ ഉപേക്ഷിക്കുന്നതിൽ സാധുത്വമുണ്ടാകുമോ? ഇത്രയെല്ലാം ഉദാരമനസ്കമായ വികാരങ്ങൾ എനിക്കുണ്ടായെങ്കിലും, ഞാൻ ഇൻഡ്യയിലേക്കു തിരിക്കുന്നതിനു മുൻപു അതു ദൂരെയെറിഞ്ഞെന്നു പറയാൻ എനിക്കു നാണമാകുന്നു.

എനിക്കു വിശന്നുതുടങ്ങിയതിനാൽ, വഴിയരികിലുള്ള ഒരു ഭക്ഷണശാലയിൽ കയറി വല്ലതും കഴിക്കണമെന്നു ഞാൻ വിചാരിച്ചു. അതു് വെറും സാധാരണഭക്ഷണശാലയായിരുന്നു. കേവലം സസ്യവസ്തുക്കൾ വേണമെന്നു ഞാൻ പറഞ്ഞതു ധാരാളം ചിരിക്കു കാരണമായി. റൊട്ടി, വെണ്ണ, പുഴുങ്ങിയ ഉരുളൻകിഴങ്ങ്, കാളിഫ്ളവ്വർ, എന്നിവ കൊണ്ടുവന്നിട്ടു് "ഇത്രമാത്രമാണു് ഇവിടെയുള്ള സസ്യവസ്തുക്കൾ" എന്നു് അവിടത്തെ വേലക്കാരി പറഞ്ഞു. ഒരു തരക്കേടുമില്ല; അവകൊണ്ടു ഞാൻ ഭക്ഷണം കഴിക്കുന്നതു കണ്ടപ്പോൾ അവളും, എൻ്റെ അടുത്തിരുന്നവരും അൽഭുതപ്പെടുകയും, രസിക്കുകയും ചെയ്തു. മറെറാരവസരത്തിൽ റൊട്ടി, ജാം (പഴങ്ങൾ വരട്ടിയതു്) എന്നിവ മാത്രംകൊണ്ടു ഞാൻ തൃപ്തിപ്പെടേണ്ടിവന്നു. എന്നാൽ, "അബ്ദുള്ളാസ്", "ദി ഇൻഡ്യൻറെസ്റ്റാറൻറ്", "ദി ഇംഗ്ലീഷ്‌വെജിറേററിയൻ റെസ്റ്റാറൻറ്" മുതലായ ഒന്നാംതരം സസ്യഭക്ഷണശാലകളെപ്പററി ഞാൻ അറിഞ്ഞിട്ടില്ലാത്ത കാലമായിരുന്നു അതു്.

ക്രാംവെൽറോഡിലെ ജീവിതം അതിൻ്റെ ഒരേരീതിയിലുള്ള ഗതി തുടരുകയായിരുന്നു. പുതിയ ആളുകളെ വഴക്കി മരുക്കിയെടുക്കുന്നതിനു മിസ് ബെക്കിനു വലിയ വിഷമങ്ങളുണ്ടായിരുന്നെങ്കിലും ആ ജോലിയുടെ ഭീമപരിമാണത്തെപ്പററി അവർ ഭഗ്നാശയ ആയില്ല. ഡിന്നറിനും അഗ്നിസ്ഥലത്തു ചൂടേൽക്കുന്നതിനും അവർ ഹോസ്റ്റൽനിവാസികളോടൊരുമിച്ചുതന്നെയിരിക്കുകയും എല്ലാവിഷയങ്ങളെക്കുറിച്ചും സംസാരിക്കുകയും പതിവായിരുന്നു. ബ്രിട്ടീഷുമര്യാദകളെക്കുറിച്ചു ഒരു പരിചയവുമില്ലാതിരുന്ന ചില ഇന്ത്യാക്കാർ ചോദിക്കുന്ന അസുഖകരമായ ചോദ്യങ്ങൾകൊണ്ടു് അവർ ചില അവസരങ്ങളിൽ വിഷമിച്ചിട്ടുണ്ടു്. ഉദാഹരണമായി ഒരുദിവസം അവർ തൻ്റെ ജന്മദിനമാണതെന്നു പറഞ്ഞുകൊണ്ടു്, ഞങ്ങൾക്കെല്ലാം കുറേ ചോക്കലേററു തന്നു. ഇനിയും പല ജന്മദിനങ്ങളും

ഉണ്ടാകട്ടെ എന്നു ആശംസിച്ചുകൊണ്ടു അവരുടെ വയസ്സ് എന്താണെന്നു ഞാൻ ചോദിച്ചു. ഇന്ത്യയിൽ ആരോടും ചോദിക്കാമായിരുന്നതും എന്നാൽ യാതൊരു വൈരസ്യത്തിനും കാരണമാകാത്തതും ആയ ഈ ചോദ്യം അവരുടെ മനസ്സിന്റെ സമനിലയെ അല്പം ഒന്നിളക്കിയെന്നു തോന്നുന്നു അതു ഊഹിച്ചെടുക്കാൻ അവർ പറഞ്ഞു. പാശ്ചാത്യദേശമര്യാദകളെപ്പററി എനിക്കുണ്ടായിരുന്ന പരിചയക്കുറവുകൊണ്ടു്; "അറുപതോ?" എന്നു ഞാൻ നേരെ അങ്ങു ചോദിച്ചു.

മിസ് ബെക്കു:—(ശാന്തമായി) ഏയ് അതൊന്നുമില്ല

ഞാൻ എന്റെ ചോദ്യങ്ങളെല്ലാം ഇവിടെ അവസാനിപ്പിക്കേണ്ടതായിരുന്നു. പക്ഷെ ഞാൻ അതു ചെയ്തില്ല.

ഞാൻ:—അൻപതഞ്ചോ?

മിസ് ബെക്ക്:—ഇല്ല

ഇന്നു എന്നെ അത്ഭുതപരവശനാക്കുന്ന ഒരു തലതെററിയ നിർബ്ബന്ധബുദ്ധിയോടുകൂടി ഞാൻ വീണ്ടും "അൻപതോ?" എന്നു ചോദിച്ചു.

മിസ് ബെക്കു:—ഇല്ല.

ഞാൻ:—പിന്നെ നിങ്ങളുടെ വയസ്സെന്താണ്?

മിസ് ബെ:—നിങ്ങൾ വിചാരിക്കുന്നതുപോലെ എനിക്കു അത്ര വയസ്സു ചെന്നിട്ടില്ല.

മിസ് ബെക്കിനു എന്റെ മര്യാദയില്ലായ്മയെപ്പററി ദ്വേഷ്യം തോന്നാതിരുന്നതു് എനിക്കു പാശ്ചാത്യാചാരങ്ങളെപ്പററി ഒന്നുമറിഞ്ഞുകൂടെന്നു കണ്ടതുകൊണ്ടായിരിക്കാം.

ഞാൻ ക്രാംവെൽറോഡിൽ താമസിച്ച കാലത്തെ മറെറാരു വിശേഷപ്പെട്ട കഥ മി: എക്സ് എന്നു വിളിക്കപ്പെട്ടിരുന്ന ഒരു മനുഷ്യനെ സംബന്ധിക്കുന്നതായിരുന്നു. വാർഡന്റേയും മററും അടുക്കൽ നുണ പറഞ്ഞതിനാലും കാണുന്നവരോടെല്ലാം ഔദ്യോഗികമെന്നപോലുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ മറുപടികൾ നോട്ടുബുക്കിൽ കുറിച്ചെടുക്കുകയും ചെയ്തതിനാലും ഇങ്ങനെ അയാൾ ഒരു ചാരനാണെന്നുള്ള സംശയത്തിനു നിറപ്പകിട്ടുണ്ടായതിനാലും ഭാരതീയാചാരങ്ങളെപ്പററിയുള്ള പുച്ഛഭാവത്താലും, മററു ഇന്ത്യാക്കാരുടെയെല്ലാം കഠിനമായ വിപ്രതിപത്തിക്കു അയാൾ പാത്രമായിക്കലാശിച്ചു. എപ്പോഴെങ്കിലും ഒരു പുതിയ ഇന്ത്യാക്കാരൻ വന്നാലുടൻ, മി: എക്സ് അയാളുടെ പേരു്, അച്ഛന്റേയും അമ്മയുടെയും

പേരു്, അയാളുടെ ഗ്രാമം, വസ്തുക്കളുടെ വിവരങ്ങൾ, സഹോദരീസഹോദരന്മാർ, യൂറോപ്പിൽ എവിടെയെല്ലാം പോകാൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതിനെപ്പററിയുള്ള വിവരങ്ങൾ എന്നിവയെല്ലാം ചോദിക്കുക പതിവായിരുന്നു. മറുപടികളെല്ലാം ഒരു നോട്ടുബുക്കിൽ കുറിച്ചെടുക്കുകയും ചെയ്തിരുന്നു. അധികംപേക്കും ഇതുകൊണ്ടു ദേഷ്യം തോന്നിയിരുന്നു. എന്നു മാത്രമല്ല, ഒരു പഞ്ചാബിമുസ്ലിം തൻെറ സഹോദരിമാരുടെ പേരെല്ലാം ആവശ്യപ്പെട്ട മി. എക്സിനെ അടിക്കാൻ ഭാവിക്കുകയും ഉണ്ടായി. ഞങ്ങൾ ഒരഞ്ചാറുപേർ ഇടപെട്ടതുകൊണ്ടു അത്തവണ മി. എക്സിനു അടിയൊന്നും കിട്ടിയില്ല. പക്ഷെ അയാളുടെ വിരണ്ട നോട്ടവും, നോട്ടുബുക്കുപോലും കളഞ്ഞിട്ടു പെട്ടെന്നുള്ള "നെട്ടങ്കമ്പിനീട്ടലും" എല്ലാം അയാളുടെ നികൃഷ്ടമായ ഭീരുതപത്തെ പ്രഖ്യാപനംചെയ്തു. മാനഹാനി പററിയ മുസ്ലിം ആ നോട്ടുബുക്കു് വലിച്ചുകീറിക്കളയാൻ ഭാവിച്ചപ്പോഴേക്കു വാർഡൻ പ്രത്യക്ഷപ്പെട്ടു എല്ലാവരേയും ശാന്തരാക്കി നോട്ടുബുക്കു തിരികെ മി: എക്സിനെ ഏല്പിച്ചു. പാവപ്പെട്ട മി: എക്സ് ഒരാഴ്ചയ്ക്കകം ക്രാംവെൽറോഡ് വിടാൻ തീരുമാനിച്ചു. എന്നാൽ യഥാർത്ഥത്തിൽ ഒരു കയ്പേററവും കൂടുതൽ പരിഹാസവും ഏൽക്കാതിരിക്കത്തക്കവണ്ണം നേരത്തെ അയാൾ അവിടെനിന്നും പോയില്ല. ഒരു ആണർസ്സ്കൂളിൽ പ്രവേശനം അന്വേഷിച്ചു അയാൾ ആക്സ്ഫോർഡിൽ പോകുകയും ഒരു കാളേജിൻെറ തലവൻെറ പക്കൽ നിന്നും എന്നേക്കും സുപ്രസിദ്ധമായ മറുപടി അയാൾക്കു ലഭിക്കുകയും ചെയ്തു. മറുപടി ഇതായിരുന്നു. "മി. എക്സ്, പുതിയതായി എന്തെങ്കിലും പഠിക്കാൻ കഴിയാത്തവിധം നിങ്ങൾ വയസ്സുചെന്നുപോയി. അതുകൊണ്ടു നിങ്ങൾക്കു പ്രവേശനം നൽകുന്നതുമൂലം ഒരു ഗുണവും ഉണ്ടാകാനില്ല." ഒരു കൂടിക്കാഴ്ചയ്ക്കുവേണ്ടി വെളിയിൽ കാത്തുനിന്നിരുന്ന മറെറാരു ഇൻഡ്യാക്കാരൻ തുറന്നുകിടന്ന കതകിൽകൂടി ഇതു് ഒളിഞ്ഞുകേൾക്കുകയും, ക്രാംവെൽറോഡിലെ ഇൻഡ്യാക്കാരുടെ ഇടയിൽ ഈ വാർത്ത കാട്ടുതീപോലെ പരത്തുകയും ചെയ്തു. ഇതു് അറിഞ്ഞപ്പോഴത്തെ അവരുടെ ചാരിതാർത്ഥ്യം വളരെയായിരുന്നു അങ്ങനെ മി. എക്സ് തിരിച്ചുവന്നപ്പോഴേക്കു്, തൻെറ ആശകളെ ഭസ്മമാക്കിക്കളഞ്ഞ മറുപടിയെപ്പററി ക്രാംവെൽറോഡിലെ നിവാസികളെല്ലാം ആർത്തു് അട്ടഹസിക്കുന്നതാണു് അയാൾ കേട്ടതു്. ഇങ്ങനെ ചിരിച്ചവരിൽ കൂടുതൽ പ്രധാനികളായി കാണപ്പെട്ടതു് എഡിൻബറോയിൽനിന്നു വന്നിരുന്ന രണ്ടു മെഡിക്കൽ വിദ്യാർത്ഥികളായിരുന്നു. അവരിൽ ഒരുവൻ മി. എക്സിൻെറകൂടെ ഒരു മുറിയിൽ താമസിക്കണമെന്നായിരുന്നു വിധിച്ചിരുന്നതു്. മറേറയാളിനു വരാന്തയിൽ ഒരു ചെറിയമുറിയുമായിരു

ന്നു. തന്നെ പരിഹസിക്കുന്നവരിൽ ഒരുവനു തൻെറമുറിയിൽ സ്ഥാനം കിട്ടിയതിനെപ്പററി മി. എക്സ് പല്ലുകടിച്ചു പക്ഷെ ഒന്നും ചെയ്യുവാൻ കഴിവില്ലായിരുന്നു. അയാളുടെ രഹസ്യമായ രോഷം പെരുകിയതേയുള്ളു. പിറേറദിവസം രാവിലെ ആ രണ്ടു വിദ്യാത്ഥികൾക്കും ഒരു പരീക്ഷയ്ക്കു പോകേണ്ടിയിരുന്നതിനാൽ നേരത്തെ മുഖക്ഷൌരം ചെയ്യേണ്ടതായി വന്നു. വരാന്തയിൽ താമച്ചിരുന്ന മനുഷ്യനു കണ്ണാടിയില്ലാതിരുന്നതിനാൽ, രണ്ടുപാത്രം വെള്ളവും കണ്ണാടികളും ഉണ്ടായിരുന്ന തൻെറ സ്നേഹിതൻെറ മുറിയിൽ അയാൾ കയറിച്ചെല്ലുകയും രണ്ടുപേരും മുഖക്ഷൗരം ആരംഭിക്കുകയും ചെയ്തു. അപ്പോൾ ആറുമണിയേ ആയിരുന്നുള്ളു. മി: എക്സ് എട്ടുമണിക്കു മുമ്പ് എഴുനേൽക്കുന്ന പതിവും ഇല്ലായിരുന്നു. എന്നാൽ അന്ന് അയാൾ ആറുമണിക്കു ഉണരുകയും, തൻെറ ബേസിനിൽ (വെള്ളം നിറച്ചിരിക്കുന്ന പാത്രം) നിന്ന് വരാന്തയിലെ മനുഷ്യൻ വെള്ളംഎടുത്തു മുഖത്തു സോപ്പുതേയ്ക്കുന്നതു പ്രത്യക്ഷമായ കോപത്തോടുകൂടി ദശിക്കുകയും ചെയ്തു. അയാൾ കട്ടിലിൽനിന്ന് എഴുനേററ്, "ഹേ, മനുഷ്യാ, എൻെറ മുറിയിൽ കയറാൻ നിങ്ങളോടു ആർ പറഞ്ഞു? എൻെറ ബേസിൻ ഉപയോഗിക്കാൻ നിങ്ങൾക്കു ആർ അനുവാദംതന്നു? ഇറങ്ങുവെളിയിൽ; ഇല്ലെങ്കിൽ ഞാൻ കഴുത്തിനുപിടിച്ചു വെളിയിൽതള്ളും" എന്നിങ്ങനെ പറഞ്ഞു. മറേറയാൾ ഇത്രയും കേട്ടപ്പോഴേക്കു്, "നിങ്ങൾ അത്ര ബുദ്ധിമുട്ടേണ്ട" എന്നു പറഞ്ഞുകൊണ്ടു കത്തിയും മററും മേശപ്പുറത്തുവച്ചിട്ടു, എണീററു മി: എക്സിൻെറ അടുത്തുചെന്ന്, 25 വാര അകലെയുള്ള കുളിമുറികളിൽ വ്യത്തിയായി കേൾക്കത്തക്കവണ്ണം ഇടിവെട്ടുന്നതുപോലെ ഒരു നാലഞ്ചടി അടിച്ചുകൊടുത്തു. മറേറ മെഡിക്കൽവിദ്യാത്ഥി ഈ നേരമ്പോക്കു് നല്ലവണ്ണം രസിച്ചതിനുശേഷം മി: എക്സിനോടു അനുകമ്പതോന്നി തൻെറ സ്നേഹിതനെ പിടിച്ചുമാററുന്നതുവരെ അയാൾ വേദനകൊണ്ടു വിളിച്ചുകൂവി. കാൎയ്യം എന്തെന്നറിവാനായി കുളിമുറികളിൽനിന്നു ഞാനും മററുചിലരും പാഞ്ഞുവന്നപ്പോഴേക്കു് ഇങ്ങനെ പിടിച്ചുമാററുന്നതാണു് കണ്ടതു്. "എന്നെ ഒരു ചെണ്ടപോലെ തല്ലിക്കളഞ്ഞു" എന്നാണു് സംഗതി വ്യക്തമായി മനസ്സിലാകുന്നരീതിയിൽ മി: എക്സ് ഈ സംഭവത്തെപ്പററി പറഞ്ഞതു്. അടുത്തദിവസംതന്നെ അയാൾ ക്രാംവെൽറോഡിൽനിന്നു അവസാനമായി ഭാണ്ഡംമുറുക്കുകയുംചെയ്തു.

ദുഷ്കീത്തിയുള്ള സ്ത്രീകളാരുംതന്നെ ഹോസ്റ്റലിൽവന്നു വിദ്യാത്ഥികളുമായി ഇടകലരരുതെന്നു മിസ് ബെക്കിനു വലിയ നിർബന്ധമായിരുന്നു; അവർ അതിൽ സാധാരണയായി വിജയം പ്രാപി

ക്കകയും ചെയ്തിരുന്നു. ഇതിന്നു ഒരുവ്യത്യസ്തം ഏതായാലും ഉണ്ടായി. ഏതൊ ഒരു സുന്ദരിയായ ഫ്റഞ്ചുയുവതി ഹോസ്റ്റലിൽ വരാറുണ്ടായിരുന്നു. അവൾക്കു ദുരുദ്ദേശമുണ്ടെന്നു് ആരും സംശയിച്ചതുമില്ല. തന്റെ ആറു സഹോദരന്മാരും യുദ്ധത്തിൽ മരിച്ചുപോയെന്നും, അമീൻസിലുള്ള തന്റെ വീട്ട ജർമ്മൻകാർ തീവച്ചുകളഞ്ഞെന്നും, താൻ ഫ്റാൻസിൽനിന്നു ഓടി ഇംഗ്ലണ്ടിൽ അഭയം പ്രാപിക്കാൻ നിർബന്ധിതയായിത്തീൎന്നു എന്നും അവൾ പറഞ്ഞു. എല്ലാവരും അവളെ വിശ്വസിച്ചു പക്ഷെ മിസ് ബക്ക് ഇല്ലാത്ത അവസരങ്ങളിലെല്ലാം അവളുടെ നടപടി കൂടുതൽകൂടുതൽ സംശാസ്പദമായിത്തിൎന്നു. ഒരുദിവസം അവൾ ഒരു ഹിന്തുവിന്റെ പക്കൽ നിന്നും വജ്റഖചിതമായ ഒരു മോതിരം ആവശ്യപ്പെട്ടകയും, അവൾക്കതു കിട്ടുകയും ചെയ്തു. പക്ഷെ, പിറേറദിവസം രാവിലെ അയാൾ അതു കൊടുത്തതിനെപ്പററി പശ്ചാത്തപിച്ചു. അയാൾ ചില സ്നേഹിതന്മാരോടാലോചിച്ച് ഏഴ്ഷില്ലിംഗ് ആറുപെൻസുകൊടുത്തു് ഒരു ടിങ്കെററു (ഒരുതരം വിലകുറഞ്ഞ ആഭരണം) വാങ്ങി, "ആ മോതിരം എന്റെ ഹൃദയത്തിന്ന പ്രത്യേകം വിലയുള്ളതാണ്, മിസ് അതുകൊണ്ടു ഇതു സ്വീകരിക്കണം" എന്നുപറഞ്ഞു അവൾക്കുകൊടുത്തിട്ടു മോതിരം തിരികെ വാങ്ങിച്ചു. "ഓഹോ, നിങ്ങൾക്കു അല്പം ഉപദ്രവം ഉണ്ടാക്കിയതിനെക്കുറിച്ചു ഞാൻ വ്യസനിക്കുന്നു. മിസ്റ്റർ, ഞാൻ ആ മോതിരം സ്വീകരിച്ചതു നിങ്ങൾ തന്നതുകൊണ്ടാണ്," എന്നായിരുന്നു അവളുടെ ആശ്ചൎയ്യകരമായ മറുപടി. എന്നെ അത്ഭുതപ്പെടുത്തിയ ഒരു സംഗതി, ഈ മറുപടിയിൽ കാണുന്നതുപോലെയുള്ള അവളുടെ ബാഹ്യമായ സ്വഭാവസംസ്കാരമായിരുന്നു. കാഴ്ചയിൽ അവൾ കൃത്രിമബുദ്ധിയില്ലാത്ത ഒരു സാധുവുമായിരുന്നു. ഒരുകൊല്ലം കഴിഞ്ഞപ്പോൾ അവളുടെ കുട്ടിക്കു ജീവനാംശം കൊടുക്കണമെന്നു്, അതിന്റെ പിതൃസ്ഥാനം തനിക്കില്ലെന്നു ഉപേക്ഷിച്ചതും, എന്നാൽ ആഴ്ചയിൽ പത്തുഷില്ലിംഗ് കൊടുക്കാൻ വിധിക്കപ്പെട്ടതും ആയ ഒരു മനുഷ്യന്റെ പേരിൽ പരാതിപ്പെട്ടുകൊണ്ടു അവൾ കോടതികയറുകയുണ്ടായി. ഈ കേസുവിചാരണയിൽ തന്റെ ജോലി ഒരു "മാതൃക"യാണെന്നു അവൾ പറഞ്ഞു. ഇത്ര വിജയകരമായി അഭിനയിക്കാൻ അവൾക്കു കഴിഞ്ഞതെങ്ങിനെയെന്നു അപ്പോൾ ഞങ്ങൾക്കു മനസ്സിലായി.

വൈനാകട്ടെ, മററതെങ്കിലും ലഹരിദ്രവ്യമാകട്ടെ ക്രാംവെൽ റോഡിൽ വിററിരുന്നില്ല. അതുതന്നെയുമല്ല, അതു അവിടെ കൊണ്ടുവരാനും ആരെയും അനുവദിച്ചിരുന്നില്ല. പക്ഷേ, അതുകൊണ്ടു ക്രാംവെൽറോഡ്നിവാസികൾ കുടിക്കാതിരുന്നും മററുമില്ല എ

ന്നു പറയേ ിയിരിക്കുന്നു. അതു വേണമെന്നുതോന്നിയവർ വെളിയിൽപോയി വയറുന്നിറയെ കുടിക്കുമായിരുന്നു. ഈ ശീലം കൈവരുത്തിയിരുന്ന ചില ഇന്ത്യാക്കാർ മററുള്ളവരോടു കുടിക്കണമെന്നു പ്രസംഗിക്കുകയും, അനേകം പേർ അതിനു അടിപ്പെടുകയും ഉണ്ടായിട്ടുണ്ടു്. ഇന്ത്യാക്കാരെ കുടിയന്മാരാക്കിത്തീർക്കുന്ന ഒരു ഉപകരണമായിരുന്ന ബാർ (വക്കീൽസംഘം) അവരുടെ ഡിന്നറുകളിൽ വിളമ്പാറുള്ള ഷാംപേൻമദ്യം കുടിക്കാതിരിക്കാൻ വളരെ ചുരുക്കംപേർക്കേ കഴിവുണ്ടായിരുന്നുള്ളു.

ഐ സി. എസ്സ്. മത്സരപ്പരീക്ഷകളെല്ലാം ആകെ പുതുക്കിയെന്നും, പുതിയ സമ്പ്രദായം എൻെറ ആദ്യഗഡുവായ 1921-ൽ നടപ്പിൽ വരുമെന്നും ക്രാംവെൽറോഡിൽ താമസം തുടങ്ങി കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു സ്നേഹിതൻെറ അടുക്കൽനിന്നും എനിക്കു മനസ്സിലായി. എനിക്കു പാഠ്യപദ്ധതിയുടെ ഈ മാററം കൊണ്ടു വല്ലതും തോന്നിയെങ്കിൽ അതൊരു സന്തോഷമാണു്. എന്തെന്നാൽ എനിക്കു റോമൻലാ, റോമൻചരിത്രം, ലാററിൻ എന്നിവയൊന്നും പഠിക്കാനുള്ള വിഷമംകൂടാതെ കഴിക്കാമായിരുന്നു. ഇംഗ്ലീഷ്ചരിത്രം മുഴുവനും, യൂറോപ്യൻചരിത്രം, ഇംഗ്ലീഷ്പ്രൈവററുലാ എന്നിവയെല്ലാം ഐച്ഛികമായി എനിക്കു് എടുക്കുകയും ചെയ്യാമായിരുന്നു.

പുതിയ സൂട്ടുകൾ തയാറായിക്കഴിഞ്ഞപ്പോഴേക്കു ഞാൻ ആക്സ്ഫോർഡിലേക്കു പോകാൻ വട്ടംകൂട്ടി. ആക്സ്ഫോർഡിലെ സ്ഥലം ഉപദേശകൻെറ പേർക്കു് ഒരു കത്തുവാങ്ങാൻ ഞാൻ ഇൻഡ്യാആഫീസിൽചെന്നു. മദ്രാസു് അഡ്വൈസറിക്കമ്മിററിയുടെ പ്രസിഡൻറായ മി. ആർതർഡേവീസു ലണ്ടൻകമ്മിററിയുടെ പ്രധാനിയായ ഡാക്ടർ ആർനോൾഡിനു് ശക്തിയായി ഒരു ശുപാർശക്കത്തെഴുതിയിരുന്നു. ക്രാംവെൽറോഡിലെ ഇൻഡ്യാക്കാരിൽനിന്നു് പല കഥകളും കേട്ടിരുന്നതിനാൽ ഇംഗ്ലണ്ടിലെ ഉപദേശകന്മാരിൽ (അഡൈ്വസറന്മാർ) എനിക്കു വലിയ വിശ്വാസമില്ലായിരുന്നു എന്നു പറയേണ്ടിരിക്കുന്നു. ഒരു കഥ ഇതാണു്. മട്രിക്കുലേഷൻ പാസായ ഒരു പഞ്ചാബുകാരനു് ലണ്ടൻകമ്മററിക്കാർ ആക്സ്ഫോർഡ്കമ്മററിക്കാർക്കു പല പഞ്ചാരവാക്കുകളോടുകൂടി ഒരു എഴുത്തുകൊടുക്കയും, കാളേജുപ്രവേശനം നിശ്ചയമാണെന്നു അയാളെ പറഞ്ഞു ധരിപ്പിക്കയും ചെയ്തു. എന്നാൽ ആക്സ്ഫോർഡു് ഉപദേശകൻ അവിടെഇല്ലാതിരുന്നതുമൂലം ഈ പഞ്ചാബി കത്തുമായി തെരുവുനീളെ നടക്കാനിടയായപ്പോൾ മററുചില ഇൻഡ്യാക്കാർ അയാളെ കണ്ടു, ഉപദേശകന്മാരുടെ കള്ളത്തരങ്ങളെപ്പററി അയാ

ളോട്ട പറഞ്ഞു. അപ്പോഠം അയാഠം തൻെറ കത്തു പൊട്ടിച്ചുനോക്കി, താഴെ പറയുന്ന വാക്കുകഠം കണ്ടപോലും—"ഗ്രാഡുവേററുകഠംക്കു സവ്കലാശാലയിൽ പ്രവേശനം കിട്ടാത്തപ്പോഠം, ഈ മെട്രിക്കുലേഷൻകാരെ ഉദ്ദേശിച്ചു വിഷമിക്കുന്നതെന്തിനു്? ഈ മനുഷ്യനുള്ളതുപോലത്തെ അവകാശങ്ങഠം അങ്ങു തള്ളിക്കളയാനേ ഉള്ളു." കോപാവിഷ്ടനായ പഞ്ചാബി കത്തു് പിച്ചിക്കീറിക്കളഞ്ഞിട്ടു് തൻെറ നിരാശ്രയവും, സ്വാതന്ത്ര്യവും ആയ അവകാശവാദംകൊണ്ടു ഉടനടി മറെറാരു കാളേജിലെ തലവൻെറ പക്കൽനിന്നും പ്രവേശനം വാങ്ങിയത്രേ. ഇൻഡ്യാക്കാരുടെ ഇടയിൽ വളരെ പ്രചാരത്തിലിരുന്നതും,അവർ ആത്മാത്ഥമായിവിശ്വസിച്ചിരുന്നതും ആയ ഈ കഥയുടെസത്യാവസ്ഥ പരിശോധിക്കാൻഎനിക്കുകെഴിഞ്ഞില്ല. ഇൻഡ്യൻവിദ്യാത്ഥികളുടെ വികാരസാന്ദ്രമായ സ്വഭാവത്തിനു യോജിച്ചതരത്തിൽ വിരുതേറിയ ആരുടേയോ തലച്ചോറു കണ്ടുപിടിച്ചതാണു് ഈ കഥയെന്നത്രേ എൻെറ ഉദ്ദേശം. അതെങ്ങനെയെങ്കിലും ഇരിക്കട്ടെ; പ്രസ്തുത കഥയ്ക്കു് ഇത്രമാത്രം ഫലമുണ്ടായിരുന്നു. അതായതു്, ഡാക്ടർ ആർനോഠംഡ്തന്ന കത്തു് എന്നെ വായിച്ചുകേഠംപ്പിക്കാൻ ഞാൻ അദ്ദേഹത്തിൻെറ അസിസ്റ്റൻറിനെ നിർബ്ബന്ധിക്കയുണ്ടായി. അദ്ദേഹം അതു വായിച്ചുകേഠംപ്പിക്കയും, പരമാർത്ഥത്തിൽ എനിക്കനുകൂലമായി അദ്ദേഹം ശക്തിയായി എഴുതിയിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുകയും, അതോടുകൂടി എൻെറ സംശയങ്ങളെപ്പററി പശ്ചാത്തപിക്കുകയുംചെയ്തു. ഞാൻ പാഡിംഗ്ടൺ എന്ന സ്ഥലത്തുനിന്നു് ആക്സ്ഫോർഡിലേക്കു പോയി. പക്ഷെ ഞാൻ ആ സ്ഥലത്തു് പുതിയ ആളായിരുന്നതിനാൽ, എങ്ങും നിൽക്കാതെ നേരേ ആക്സ്ഫോർഡിലേക്കുപോകുന്ന ട്രെയിൻ കയറുന്നതിനുപകരം, റീഡിംഗ് എന്ന സ്ഥലത്തു് ഇറങ്ങി, വീണ്ടും വേറൊരു ട്രെയിൻ കയറേണ്ടിവരത്തക്കവണ്ണം ഒന്നിൽ കയറുകയാണുണ്ടായതു്. ലണ്ടൻനഗരത്തിലെ നയനശല്യമായ പുകയും പൊടിയും, പിന്നിട്ടുകഴിഞ്ഞപ്പോഠം—മഞ്ഞുകാലമായിരുന്നതുമൂലം ഇലകൊഴിഞ്ഞു് നഗ്നരൂപത്തിൽ നിന്നിരുന്ന വൃക്ഷങ്ങഠം ഒരു മ്ലാനത ഉളവാക്കിയെങ്കിലും—ഭൂരംഗത്തിൻെറ കാഴ്ച മനോഹരമായിത്തീന്നു. അന്നു് മഞ്ഞു ധാരാളം വീണിരുന്നു. ഒരു മഞ്ഞുമഴ കാണാൻ വളരെ മനോഹരമാണു്. അനേകം ചെറിയ വെള്ളത്തുവലുകഠം ആകാശത്തുനിന്നും കീഴോട്ടെറിയുന്നതുപോലിരിക്കും അതു്. പഞ്ഞിക്കാ പൊട്ടി പഞ്ഞി പറക്കുന്നതുപോലെയോ സമുദ്രത്തിലെ പത തിരയടിച്ചു പറത്തുന്നതുപോലെയോ ആണെന്നുപറഞ്ഞാൽ അതു ഏററവും അടുത്ത ഒരു ഉപമയാകുമെങ്കിലും,

അതൊന്നുംതന്നെ മഞ്ഞുമഴയുടെ ശരിയായ ഒരു ബോധം ഉളവാക്കുകയില്ല ചൂടുതരുന്നതിനുള്ള ഏർപ്പാടുകളെല്ലാം ട്രെയിനിൽ ഉണ്ടായിരുന്നു അതുകൊണ്ടു അകത്തു ഞങ്ങൾക്കു സുഖമായിരുന്നു. മഞ്ഞുമഴയും, കാഴ്ചയും കാണുന്നതിനു ഞാൻട്രെയിനിന്റെ ജനാലയോടു ചേൎന്നിരുപ്പായി. ഒരുതവണ ഞാൻ ജന്നാലൊന്നു തുറക്കാൻ ഭാവിച്ചപ്പോൾ "അങ്ങനെ ചെയ്യരുതെ, വെളിയിൽ വലിയ തണുപ്പാണു" എന്നു കമ്പാർട്ടുമെൻറിൽ ഇരുന്ന ഒരു സ്ത്രീ പറഞ്ഞതിനാൽ ഞാൻ പിന്നെ അതു ചെയ്തില്ല. ഇംഗ്ലണ്ടിൽ പുക വലിക്കാത്തവരിൽ സ്ത്രീകളുടെ സംഖ്യ 50 ശതമാനത്തിലും പുരുഷന്മാരുടെ സംഖ്യ ഒരു ശതമാനത്തിലും കൂടുതൽ വരികയില്ലെങ്കിലും എല്ലാ ട്രെയിനിലും അങ്ങനെയുള്ളവൎക്കു ഒരു പ്രത്യേകമുറി ഒഴിച്ചിട്ടിട്ടുണ്ടെന്നുള്ളതാണു എന്റെഹൃദയത്തിൽ നല്ലവണ്ണം പതിഞ്ഞ ഒരു സംഗതി. ഈ പ്രത്യേകമുറിയിലുള്ള മററു യാത്രക്കാരുടെ അനുവാദത്തോടുകൂടിയല്ലാതെ യാതൊരുവനും പുകവലിക്കാൻ പാടില്ലെന്നു മാത്രമല്ല ആരെങ്കിലും തടസ്സംപറഞ്ഞാലുടൻ അതു നിൎത്തുകയും വേണം. പുരുഷന്മാരുടെ ഇടയിൽ പുകവലിക്കാത്തവർ ഒരു ഭൂരിപക്ഷവും, സ്ത്രീകളുടെ ഇടയിൽ കേവലം ഭീമമായ ഭൂരിപക്ഷവും ഉള്ള ഇന്ത്യയിൽ ഒരു ട്രെയിൻമുറിയിലുള്ള സഹയാത്രക്കാരുടെ അനുവാദംകൂടാതെ അവിടെയിരുന്നു ആരും പുകവലിക്കരുതെന്നാണ് വ്യവഹാരത്തിൽ പറയുന്നതെങ്കിലും, പുകവലിക്കാത്തവൎക്കു പ്രത്യേകം മുറികളില്ലാത്തതിനാലും, സാമാന്യയാത്രക്കാൎക്കു ധൈര്യമില്ലാത്തതിനാലും, പുകവലിക്കുന്നവർ അതു് ഉപയോഗിക്കാത്തവരുടേയും, സ്ത്രീകളുടെപോലും മുഖത്തുതന്നെ പുകവിടുകയും, ആരെങ്കിലും ഒരുവൻ വിരോധംപറഞ്ഞാൽ മറെറങ്ങുമില്ലാത്ത മൎയ്യാദകേടോടുകൂടി അയാളോടു പെരുമാറുകയും, അങ്ങനെ പുകവലിക്കാത്തവരെ സംബന്ധിച്ചിടത്തോളം ട്രെയിൻമുറിയെ ഒരു നരകമായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇംഗ്ലണ്ടിൽ പുകവലിക്കാത്തവരുടേയും, വലിക്കുന്നവരുടേയും സ്വാതന്ത്ര്യം ആദരിക്കപ്പെടുകയും, നിയമത്താലും, പൗരന്മാരാലും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ട്രെയിനിൽ ഇരിക്കുന്നിടത്തോളം സമയം പുക ഉപയോഗിക്കാതെ കഴിച്ചുകൂട്ടാവുന്ന ഏതൊരുവനും പുകവലിക്കാത്തവരുടെ മുറിയിൽ ഇരിക്കാവുന്നതാണ്. അതിനാൽ, ഇൻഡ്യയിൽ ഈ ഏർപ്പാടു നടപ്പാക്കിയാലുണ്ടാകാൻ ധാരാളം ഇടയുള്ള ജാതീയമായ ഖരത്വം ഇംഗ്ലണ്ടിലെ ഈ കമ്പാർട്ടുമെൻറുവിഭജനത്തിനില്ല.

ട്രെയിൻ റീഡിംഗിൽനിന്നു. ആക്സ്ഫോർഡിലേക്കു പോകുന്ന ട്രെയിൻ കിട്ടുന്നതിനു രണ്ടു മണിക്കൂർ കാത്തുനില്ക്കേണ്ടിവന്നു.

ഞാൻ "ഹണ്ട്ലി ആൻഡു് പാമേഴ്സ്" കമ്പനിക്കാരുടെ ബിസ്കറവ്യവസായശാല സന്ദർശിച്ച പ്രയോജനകരമാംവണ്ണം ആ സമയം വിനിയോഗിച്ചു. ആരും കൈകൊണ്ടു് തൊടാതെതന്നെ അത്യദ്ഭുതമായ രീതിയിൽ ബിസ്കററു വ്യവസായംചെയ്യുന്നതു ഞാൻ കണ്ടു. ഇൻഡ്യാക്കാൎക്ക ഒരു അവസരം നല്കുന്നപക്ഷം അതുപോലെതന്നെ ചെയ്വാൻ കഴിയാത്തതായി യാതൊന്നും ഞാൻ അവിടെ കാണുകയുണ്ടായില്ല. പക്ഷെ ഇൻഡ്യ വ്യാവസായികമായ പുറംപോക്കിലാണെന്നു മാത്രമല്ല, തന്റെ സ്വന്തം അസംസ്കൃതസാധനങ്ങൾതന്നെ അഭിവൃദ്ധി പ്രാപിച്ച മററു രാജ്യക്കാർ പൊടിയിട്ടു മിനുക്കുന്നതു ഇറക്കുമതി ചെയ്യുന്നതിലാണു് കൂടുതൽ വ്യാപൃതമായിരിക്കുന്നതും. തന്റെ ആവശ്യങ്ങളെ താൻതന്നെ കഴിയുന്നിടത്തോളം സാധിക്കുന്നതിലല്ല ഇൻഡ്യ അധികം ഗൗരവമായി ശ്രദ്ധിക്കുന്നതു്.

ബിസ്കററുവ്യവസായശാലയിൽനിന്നു തിരിച്ചുവന്നു് ഞാൻ ആക്സ്ഫോർഡിലേക്കുള്ള ട്രെയിൻ കയറി. ഒരുമണിക്കൂറിനകം ആക്സ്ഫോർഡ്കാളേജുകളുടെ ഗോപുരങ്ങളും സ്തൂപികകളും ദൃഷ്ടിപഥത്തിലെത്തി. ഈ പ്രാചീനങ്ങളായ കെട്ടിടങ്ങൾ കണ്ടപ്പോഴേക്കു്, നമ്മുടെ പുരാതനക്ഷേത്രങ്ങളുടെ ഗോപുരങ്ങളും, കൊടിമരങ്ങളും കാണുമ്പോഴുണ്ടാകുന്ന ഭക്ത്യാദരങ്ങൾതന്നെ എന്നിൽ ഉളവായി. അനേകതലമുറക്കാലത്തെ വിദ്യാൎത്ഥികൾ അവരുടെ മനസ്സിനു് സമാശ്വാസം ദർശിച്ച സ്ഥലങ്ങൾ, അനേകതലമുറക്കാലത്തെ ജനങ്ങൾ തങ്ങളുടെആത്മാവിനു സമാശ്വാസം ദൎശിച്ച സ്ഥലങ്ങളെപ്പോലെതന്നെ ഇരിക്കുന്നതായി വിസ്മയകരമാംവണ്ണം എനിക്കനുഭവപ്പെട്ടു. ഞാൻ ട്രെയിനിറങ്ങി, ഒരു ടാക്സിവണ്ടിയിൽ കയറി റാൻഡോൾഫ്ഹോട്ടലിൽ ചെന്നു്, എന്റെ സാമാനങ്ങളെല്ലാംഅവിടെ വച്ചിട്ടു് 9-കാൻറർബെറിറോഡിൽ താമസിച്ചിരുന്ന സ്ഥലം ഉപദേശകനായ മി: ബറോസിനെ കാണാൻ അങ്ങോട്ടു പുറപ്പെട്ടു. മി: ബറോസ് എന്നെ ഔദാൎയ്യപൂൎവ്വം സ്വീകരിക്കയും, ഇൻഡ്യാആഫീസിൽനിന്നു തന്നിരുന്ന ശുപാർശക്കത്തു വായിക്കയും, അടുത്ത അക്ടോബർമാസത്തിൽ മഗ്ഡലൻകാളേജിലോ ക്രൈസ്റ്റ്ചർച്ച്കാളജിലോ പ്രവേശനം സാധിച്ചുതരാമെന്നു പറയുകയും ചെയ്തു. അടുത്ത ടെറത്തിൽതന്നെ എനിക്കു സൎവ്വകലാശാലയിൽ ചേരണമെന്നു ഞാൻ പറഞ്ഞു. "അങ്ങനെയാണെങ്കിൽ നിങ്ങൾ ഒരു * നാൺ - കൊളീജിയററ് ആകണം. എന്തെന്നാൽ ഒരുകൊല്ലത്തിന്റെ പകുതിയിൽ ഒരു കാളേജും വിദ്യാൎത്ഥികൾക്കു പ്ര

* കാളജിൽ ചേരാതെ സൎവ്വകലാശാലാ വിദ്യാഭ്യാസം ചെയ്യുന്ന ആൾ.

വേശനം നൾകാറില്ല. പോരെങ്കിൽ നിങ്ങളൊരു സസ്യഭുക്കായതിനാൽ കാളേജിൽ ചേരാതിരിക്കുന്നതാണ് കുറേക്കൂടി നന്ന്. കാളജിൽ ശുദ്ധമേ സസ്യാഹാരം കിട്ടുകയില്ല. വിടുതിവീടുകളിൽ അതു സാധിക്കും" എന്നു അദ്ദേഹം മറുപടിപറഞ്ഞു. ഞാൻ അതു് സമ്മതിച്ചു. അങ്ങനെ ഞങ്ങൾ നാൺ-കൊളിജിയററ് ഡെലഗസിയുടെ സെൻസർസ്ഥാനം വഹിക്കുന്ന മി. ബേക്കറിൻെറ അടുക്കൽ പോവുകയും, ജനുവരി 18 ാംനു- തുടങ്ങുന്ന പിന്നത്തെ ടെറത്തിൻെറ ആരംഭത്തിൽതന്നെ എനിക്കു പ്രവേശനം നൾകാമെന്നു അദ്ദേഹം ഉടനടി സമ്മതിക്കയും ചെയ്തു. അനന്തരം ഞാൻ റാൻഡോൾഫ്ഹോട്ടലിലേക്കു തിരിച്ചു, രാത്രി അവിടെ താമസിച്ചതിനുശേഷം പിറേറദിവസം രാവിലേതന്നെ ലണ്ടനിലേക്കു മടങ്ങി. പ്രസ്തുതഹോട്ടലിലെ ബിൽ (ചെലവിൻെറവിവരപ്പട്ടിക) തുക വളരെ കൂടുതലായിരുന്നു എന്നു മാത്രമല്ല, പരിചാരകന്മാൎക്കു കൊടുക്കുന്ന ചെറുസമ്മാനങ്ങളുടെ തുകയും ഒട്ടും അഗണ്യമായിരുന്നില്ല. ഒരു ഇംഗ്ലീഷ് ഹോട്ടലും സാമാന്യരീതിയിലുള്ള ഒരു ഇൻഡ്യൻ ഹോട്ടലും തമ്മിൽ കാണുന്ന മൂന്നു പ്രധാന വ്യത്യാസങ്ങൾ ഞാൻ ഇവിടെ പറയാം. ഇൻഡ്യയിൽ ഊണുകഴിക്കുന്നവൎക്കെല്ലാം ഒരേനിരക്കാണ്; അവൎക്കു വയറുനിറയെ ഊണു കൊടുക്കയും ചെയ്യും. ഇംഗ്ലണ്ടിൽ നേരേമറിച്ച്, എന്തെല്ലാം കഴിക്കുന്നോ അതിനെല്ലാം വില കൊടുക്കണം. സാധാരണയായി ഒരു തീൎച്ചനിരക്കില്ല. ലഞ്ചുകളും, ഡിന്നറുകളും ഉള്ളപ്പോഴും വയറുനിറയെ ഒന്നും കിട്ടുകയില്ല. എന്തെല്ലാം മുൻകൂട്ടി ആവശ്യപ്പെട്ടിട്ടുണ്ടോ അവ മാത്രമേ കിട്ടുകയുള്ളു. രണ്ടാമത്തെ വലിയ വ്യത്യാസം ഒരു ഇംഗ്ലീഷുഹോട്ടലിൽ ഇഷ്ടമുള്ളതു തിരഞ്ഞെടുക്കത്തക്കവണ്ണം പലപല സാധനങ്ങൾ ഉണ്ടെന്നുള്ളതാണ്. ഇൻഡ്യൻ ഹോട്ടലുകളിൽ ഒരേരീതിയിലുള്ള ഭക്ഷണംമാത്രമേ കിട്ടുകയുള്ളു. മൂന്നാമതായി, ഇംഗ്ലീഷുഹോട്ടലുകളിലെ പരിചാരകന്മാൎക്കു കൊടുക്കുന്ന ചെറുസമ്മാനത്തുകതന്നെ ഇൻഡ്യയിലെ ഭക്ഷണച്ചെലവിനെ അതിക്രമിക്കും എന്നതാണ്. ഒരു നല്ലഹോട്ടലിൽ പരിചാരകൻെറയോ, പരിചാരികയുടേയോ പക്കൽനിന്നും വെറുംമുറപ്രകാരമുള്ള ഇടതേമ്പി ചുരുങ്ങിയ "താങ്ക്യൂ, സർ" എന്ന നന്ദിവാചകത്തിനു പകരം യഥാൎത്ഥമായ ഒരു നന്ദിപ്രകടനം വേണമെങ്കിൽ ഒരു ഷില്ലിംഗ്തന്നെ സമ്മാനംകൊടുക്കണമെന്നിരുന്നാലും അവർ പ്രതീക്ഷിക്കുന്ന ഏററവും കുറഞ്ഞ ചെറുസമ്മാനം ആറുപെൻസാണ്. (പന്ത്രണ്ടു പെൻസാണല്ലോ ഒരു ഷില്ലിംഗ്) ഇങ്ങനെ ചെറുസമ്മാനം കൊടുത്തില്ലെങ്കിൽ, പിന്നെ വല്ലഅവസരത്തിലും ആ ഹോട്ടലിൽ ചെല്ലുമ്പോൾ, ചെറുസമ്മാനം നൾകുന്നവൎക്കു പരിചാരകവൎഗ്ഗം വലിയ ധിറുതി

യിൽ വേണ്ടതെല്ലാം കൊടുക്കയും മുമ്പു അതു കൊടുക്കാതിരുന്നാവ
നെ നോക്കിനിൎത്തി വളരെ താമസിപ്പിക്കയുംചെയ്യും. പിന്നീട്ട് വ
ന്നവർ ആഹാരം കഴിക്കുമ്പോൾ നേരത്തെ വന്നാവൻ നോക്കിനിൽ
ക്കുന്നതു സുഖപ്രദമോ അന്തസ്സിനു പററിയതോ അല്ലാത്തതിനാൽ,
ലജ്ജകൊണ്ടുമാത്രമെങ്കിലും ആളുകൾ ചെറുസമ്മാനം നൾകിത്തുട
ങ്ങുന്നു. ലയൺസു മുതലായ അനേകം ഹോട്ടലുകൾ ഈ ചെറുസ
മ്മാനദോഷം ലഘുവാക്കിയിട്ടുണ്ടെങ്കിലും, അതിനെ ആകെ നി
റുത്തൽചെയ്യുന്നതിൽ അവയൊന്നും വിജയം പ്രാപിച്ചിട്ടില്ല. ചി
ല വലിയ ഹോട്ടലുകളിൽ പരിചാരകന്മാൎക്ക ശമ്പളം ഒന്നും കൊടു
ക്കുന്നാപതിവില്ല. അതിനാൽ അവൎക്കു കിട്ടുന്ന സമ്മാനത്തുകയെ
ല്ലാം സൂക്ഷിച്ചുകൊള്ളാൻ അവരെ അനുവദിച്ചുവരുന്നു. ഈ ചെ
റുസമ്മാനദോഷം നിറുത്തൽചെയ്യുന്നതിനു, തെക്കെഫ്രാൻസിലെ
ചില ഹോട്ടലുടമസ്ഥന്മാർ, പരിചാരകവൎഗ്ഗം ഇത്തരം സമ്മാന
ങ്ങൾ വാങ്ങിക്കൂടെന്നു, ചട്ടംഉണ്ടാക്കുകയും, ഭക്ഷണത്തിനു വരുന്നവ
രുടെമേൽ അവർ കഴിക്കുന്നതിൻെറ ചെലവിൽ പത്തുശതമാനംകൂ
ടുതൽ ചുമത്തുകയും, ഇതിൽനിന്നുള്ള വരവിനെ പരിചാരകൎക്കും,
ഹോട്ടൽ ഉദ്യോഗസ്ഥന്മാൎക്കും മററും വീതിച്ചുകൊടുക്കുകയുംചെയ്തുവ
ന്നു. എന്നാൽ ഭക്ഷണത്തിനു വരുന്നവരിൽ ചിലൎക്ക മററുള്ളവരേ
ക്കാൾ നേരത്തെ ആഹാരംകിട്ടണമെന്നുള്ള അത്യാശമൂലം അവർ
സമ്മാനംകൊടുത്തുതുടങ്ങുകയും, തന്നിമിത്തം ഈ ദോഷംമുഴുവൻ
അപ്പാടെ പുനരുത്ഥാനംചെയ്യുകയും ഉണ്ടായി. ഇതോടുകൂടി പരി
ഭ്രാന്തചിത്തരായിത്തീൎന്ന പററുവരവുകാർ (ഭക്ഷണം കഴിക്കുന്നവർ)
പ്രസ്തുത ചട്ടംമൂലം തങ്ങളുടെ ചെലവിൽ പത്തുശതമാനം കൂടുതൽ
വെറുതെ പിഴയടയ്ക്കുകയാണെന്നു മനസ്സിലാക്കി, അതേപ്പററി
ക്ഷോഭിച്ചു ആ ചട്ടം റദ്ദുചെയ്യിച്ചു.

ലണ്ടനിലേക്കുള്ള എൻെറ യാത്രയിൽ വിശേഷവിധിയായി
ഒന്നും ഉണ്ടായില്ല. ജനുവരി 6-ാംതീയതിമുതൽ ആക്സ്ഫോർഡിൽ
ഞാൻ രണ്ടുമുറി എടുത്തിരുന്നു. ഇനിയും ഒന്നരമാസം എനിക്കുണ്ടാ
യിരുന്നതിനാൽ, ഞാൻ ആ സമയം മുഴുവൻ ലണ്ടനിലെ കാഴ്ച
കൾ കാണുന്നതിനായി വിനിയോഗിച്ചു.

# അദ്ധ്യായം ൧.

## ലണ്ടൻ.

ചരിത്രത്തിൽ അറിയപ്പെടുന്ന നഗരങ്ങളിൽ ഏററവും ഭീമമായതു് ലണ്ടനാണെന്നു് നിശ്ചയമാകുന്നു. വലിപ്പം, ജനസംഖ്യ, വാണിജ്യം, രാഷ്ട്രീയപ്രാധാന്യം എന്നിവയിൽ ലോകചരിത്രത്തിലെ യാതൊരു നഗരവും ലണ്ടനോടു കിടനിൽക്കുന്നില്ല. ബാബിലൺ, പാടലീപുത്രം, അലക്സാണ്ട്റിയാ, റോം, കാർത്തേജ്, ഏതൻസ് എന്നിങ്ങനെ പ്രാചീനലോകത്തിലുണ്ടായിരുന്ന ഭീമപരിമാണങ്ങളായ നഗരങ്ങൾ ലണ്ടനോടു താരതമ്യപ്പെടുത്തുമ്പോൾ വെറും അല്പപ്രാണികളാണു്. ന്യൂയാക്ക് മുതലായ ആധുനികനഗരങ്ങളും ജനസംഖ്യയിലും, പ്രാധാന്യത്തിലും അതിനെ ഉല്ലംഘിക്കാൻ നിഷ്ഫലമായി ശ്രമിച്ചിട്ടുണ്ടു്. ലണ്ടൻ നഗരത്തിൻെറ അത്യധികമായ വലിപ്പം ഒട്ടുംതന്നെ അഗണ്യമല്ലാത്ത ഒരു സംഗതിയാകുന്നു. അതിനെ ഒരു നഗരമെന്നു വിളിക്കാം. അതേ പരമാൎത്ഥത്തോടുകൂടിത്തന്നെ അതിനെ നഗരങ്ങളുടെ ഒരു സംഘാതമെന്നും പറയാം. പതിനേഴാംശതകത്തിൽ ലണ്ടൻ ഒരു വലിയ പട്ടണം മാത്രമേ ആയിരുന്നുള്ളു. * അഗ്നിബാധയ്ക്കുശേഷം, വിശിഷ്യ പത്തൊൻപതാംശതകത്തിൽ, അതിൻെറ വളൎച്ച ഭീമവും, നാനാമുഖവും ആയിരുന്നു. പെപ്പീസിൻെറകാലത്തെ ലണ്ടൻ ജാൺസൻെറ കാലത്തേതിനേക്കാൾ വളരെ ചെറുതായിരുന്നു. ഡിക്കൻസിൻെറകാലത്തെ ലണ്ടനേക്കാൾ വളരെ ചെറുതായിരുന്നു ജാൺസൻെറ കാലത്തെ ലണ്ടൻ. ഇന്നത്തെ ലണ്ടനേക്കാൾ വളരെ ചെറുതായിരുന്നു ഡിക്കൻസിൻെറ കാലത്തെ ലണ്ടനും. പതിനേഴാംനൂററാണ്ടിലെ ആനക്കുട്ടി ഇരുപതാംനൂററാണ്ടിൽ പൂൎണ്ണവളൎച്ച പ്രാപിച്ച ഒരാന ആയെന്നു മാത്രമല്ല, ഇനിയും വളൎന്നുകൊണ്ടുതന്നെയിരിക്കയും ചെയ്യുന്നു അതൊരു ആരോഗ്യകരമായ വളൎച്ചയാണോ, അതോ മന്തുപോലുള്ള വല്ല രോഗവുമാണോ, എന്നുള്ളതു കാലത്തിനു മാത്രമേ കാണിക്കാൻ കഴിവുള്ളു. ഒരു വലിയ താലൂക്കെന്നു പറയത്തക്കവണ്ണവും, അതിലെ നിവാസികളിൽ അനേകലക്ഷംപേർ അതു മുഴുവൻ കാണാതിരിക്കത്തക്കവണ്ണവും, ഇന്നു്

---

* 1666-ൽ ലണ്ടൻ നഗരത്തിനു തീപിടിച്ചു. 13200 വീടുകൾ, 89 പള്ളികൾ 400 തെരുവീഥികൾ എന്നിവ ഇങ്ങനെ നശിച്ചു. ഈ സംഭവം ചരിത്രപ്രസിദ്ധമാകുന്നു. ഒരു റൊട്ടിക്കടയിൽനിന്നാണത്രെ ആദ്യം തീപിടിക്കാൻ തുടങ്ങിയതു്. ഇന്നത്തെ ലണ്ടൻ പിന്നീടു പണികഴിച്ചതാണു്.

അതിൻെറ വലിപ്പം അത്ര അധികമായിത്തീൎന്നിരിക്കുന്നു. വിസ്താരത്തിൽ മാത്രമല്ല ലണ്ടൻ മററു നഗരങ്ങളെ ഉല്ലംഘിക്കുന്നതു്. അതിൻെറ ജനസംഖ്യ വിസ്താരത്തെക്കാറം ആശ്ചൎയ്യകരമാകുന്നു. എഴുപത്തിയഞ്ചുലക്ഷം ആളുകറം—നോർവേ, ഡെൻമാൎക്കു് എന്നീ രണ്ടു രാജ്യങ്ങളിലെജനസംഖ്യ ഒരുമിച്ചുകൂട്ടിയാൽ ഇത്രവരികയില്ല—ലണ്ടൻനഗരത്തിൽ താമസിക്കുന്നു. ഭീമാകാരങ്ങളായ വസ്തുക്കളും സാമാന്യാതീതമായ ഉൽപ്പന്നങ്ങളും ഉള്ള ഒരു യുഗത്തിൽപോലും ഇതു ഭീമഭീമമെന്നേ പറയേണ്ടു. മനുഷ്യൻ കേവലം വലിപ്പത്തിനു മാത്രം പ്രാധാന്യം കല്പിക്കുന്നതിനെ നാം എത്രതന്നെ അവമതിച്ചാലും, നമ്മിൽ അത്ഭുതം, ആരാധനാബുദ്ധി, മുതലായവയെ ജനിപ്പിക്കുന്ന എന്തോ ഒന്നു ഭീമത്വത്തിലുണ്ടു്. സമുദ്രം ഇത്രമാത്രം ഹൃദയസ്പൎശകമായിരിക്കുന്നതും, അതിനെപ്പററി ഇത്രവളരെ അത്ഭുതപ്പെടുന്നതും, സ്നേഹിക്കുന്നതും, ഭയപ്പെടുന്നതുംഎല്ലാം അതിൻെറ അതിരററ വലിപ്പത്താലും, അളവററ ജലസഞ്ചയത്താലുമാകുന്നു. അനാദ്യന്തമായ സ്ഥലവ്യാപ്തി, നിത്യമെന്നോണം നിലനില്ക്കുന്ന വെളിച്ചത്തോടുകൂടിയ സൂൎയ്യചന്ദ്രന്മാർ, നക്ഷത്രങ്ങറം, എന്നിവയുള്ള ആകാശത്തിൻെറ കാൎയ്യവും ഇതുതന്നെയാണു്. ആദ്യന്തവിഹീനതയിൽനിന്നുത്ഭവിക്കുന്ന മനുഷ്യാത്മാവു്, ആ അവസ്ഥയിലേക്കുതന്നെയോ അഥവാ സ്ഥലകാലങ്ങളിലോ എണ്ണത്തിലോ അതിനോടു സമീപിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അതിലേക്കുതന്നെയോ പ്രവണമായിരിക്കുന്നു. ആകാശം, സമുദ്രം, പൎവ്വതങ്ങറം, നദികറം എന്നിവയെപ്പററി മനുഷ്യനുള്ള ഭക്തിസ്നേഹങ്ങറംക്കും, മനുഷ്യരുടെ മഹാസമ്മേളനങ്ങറം കാണുമ്പോഴുള്ള അത്ഭുതം, ഹൃദയവികാസം എന്നിവയ്ക്കും കാരണം ഇതുതന്നെയാണു്. മനുഷ്യവദനങ്ങളുടേയോ, ശിരസ്സുകളുടേയോ കടൽപോലുള്ള ഒരു മഹാസമൂഹം കാണുമ്പോറം ആരാണു് ഒന്നിളകിപ്പോകാത്തതു്? എന്നിരുന്നാലും, അതിൽ വലിപ്പവും എണ്ണവും അല്ലാതെ മററെന്താണു് വിശേഷവിധിയായുള്ളതു്? വലിപ്പത്തിനു വലിപ്പം നോക്കുമ്പോറം, ഒരു എറുമ്പു് എക്കാലത്തും ഒരാനയേയോ, തിമിംഗലത്തേയോ കാറം എത്രയോ വിശിഷ്ടജീവിയാണു്. അങ്ങനെയൊക്കെയാണെങ്കിലും; കാൎയ്യക്ഷമത, ഗുണവിശേഷങ്ങറം എന്നിവയുടെ സന്ദേശവാഹകനാണെന്നുള്ളകാരണത്തിൻപേരിൽ ഒരു എറുമ്പിനെക്കാണാൻ ആരാണു് കാഴ്ചബംഗ്ലാവിലേക്കു പോകുന്നതു്? എന്നാൽ, ഒരാനയേയോ, തിമിംഗലത്തേയോ കാണാൻ എത്രയധികംപേർ പോകയില്ല? ജീവനുള്ള ഒരാനയോ, ഒരു തിമിംഗലത്തിൻെറ പൂൎണ്ണമായ അസ്ഥിക്കൂടമോ മൃഗശാലയിൽ ഉ

ണ്ടായിരിക്കുന്നതു ഒരഭിമാനമായി എല്ലാവരും ഗണിക്കുമെങ്കിലും എറുമ്പിനേക്കാണാൻ ആരും ഉണ്ടാകയില്ലെന്നുള്ളതു കേവലം സ്പഷ്ടമാകയാൽ, അതിനെ ഒരു കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കാമെന്നു ആരും വിചാരിച്ചിട്ടില്ല. എന്നാൽ ഒരു പത്തിരുന്നൂറുകോടി എറുമ്പുകൾ ഒരു സ്ഥലത്തു ഒരുമിച്ചുകൂടി നിന്നാൽ, ആ കാഴ്ച കാണാൻ അനേകം സ്ത്രീകളും പുരുഷന്മാരും അത്യന്തം ആഗ്രഹപ്പെടും. വലിപ്പം മഹത്വമല്ലെന്നു പ്രസംഗിക്കുന്നവരുടെ കാൎയ്യം കഷ്ടംതന്നെ! ആകൃതിവലിപ്പം കാണുമ്പോൾ മനുഷ്യൻ എക്കാലത്തും ഇളകിപ്പോകയും, അതിനെ മഹത്വത്തിന്റെ ഒരു ലക്ഷണമായി ഗണിക്കുകയും ചെയ്യും. ഇതിൽ മനുഷ്യൻ അബദ്ധം കാണിക്കുന്നു എന്നു പറയാൻ ഞാൻ തയാറില്ല. വിശിഷ്യ വലിപ്പത്തെ വെറുക്കണമെന്നുള്ള സിദ്ധാന്തത്തിന്റെ അപ്പോസ്തലന്മാർ സമുദ്രത്തേയും, ആകാശത്തേയും സംബോധനചെയ്തുകൊണ്ടു പ്രസംഗിക്കുകയും, അവയെപ്പററി മതിമറന്നു ആഹ്ലാദിക്കുകയും ചെയ്യുന്നവതന്നെ, കടലിൽനിന്നെടുത്ത ആഭാടരഹിതമായ വെറും സാധാരണ ഒരുകപ്പ് ഉപ്പുവെള്ളത്തെക്കുറിച്ചു അതേ ഉത്സാഹപ്രകർഷമൊന്നും പ്രദർശിപ്പിക്കാതിരിക്കുമ്പോൾ ഞാൻ അങ്ങനെ പറയാൻ ഒട്ടുമേ തയാറില്ല. എന്റെ പ്രിയതരമായ മാതൃഭൂമിയുടെ വലിപ്പവും ജനസംഖ്യയുംകൊണ്ടു ഞാൻ ഇളകിപ്പോകുന്നതുപോലെതന്നെ ലണ്ടന്റെ വലിപ്പവും ജനസംഖ്യയും നിമിത്തവും ഞാൻ ഇളകിപ്പോയെന്നു സമ്മതിക്കുന്നു. നമ്മുടെ രാജ്യം ഇത്രമാത്രം ലോകത്തിന്റെ ശ്രദ്ധയിൽ പെടുന്നതു അതിന്റെ വമ്പിച്ച ആകൃതിയും ജനസംഖ്യയും കൊണ്ടാണ്. മാൺടിനിഗ്രോ, സാൻമാരിനോ എന്നീ രാജ്യങ്ങളെപ്പോലെ ഇന്ത്യയും ജനസംഖ്യയിലും വിസ്തീർണ്ണതയിലും ഒരു ചെറിയ രാജ്യമായിരുന്നെങ്കിൽ തന്നിമിത്തം നിസർഗ്ഗഗുണങ്ങളിൽ കുറവൊന്നുമുണ്ടായില്ലെങ്കിലും അതു മറവിയിലും നിന്ദയിലും പെട്ടുപോകുമായിരുന്നു. ബ്രിട്ടീഷ്സാമ്രാജ്യത്തെപ്പററി ചിന്തിക്കുമ്പോൾ ഒരു ബ്രിട്ടൺകാരനുണ്ടാകുന്ന ആഹ്ലാദപൂർവമായ ഹൃദയവിജൃംഭണത്തിൽ പകുതിയിലധികവും അതിന്റെ ഉത്തമഗുണങ്ങളെ സംബന്ധിച്ച വിചാരങ്ങൾകൊണ്ടല്ല, നേരേമറിച്ചു അതിന്റെ അത്യധികമായ വിസ്തൃതിയും ജനസംഖ്യയുംകൊണ്ടാകുന്നു. ഞാൻ പറയുന്നതുപോലെ ലണ്ടൻനഗരത്തിന്റെ വലിപ്പത്താൽ ഞാൻ അത്ഭുതാദരങ്ങൾക്കു അധീനനായെന്നു മാത്രമല്ല ഇക്കാൎയ്യത്തിൽ ഞാൻ ഒരു ഏകാന്തവ്യത്യസ്തമാണെന്നു വിചാരിക്കാൻ ന്യായവുമില്ല.

ലണ്ടനിലെ ഭവനങ്ങളുടെ സമുദ്രതുല്യമായ ആധിക്യം ശരിയായി അറിഞ്ഞു മതിക്കണമെങ്കിൽ അതു മുഴുവനേ കാണുകതന്നെ

വേണം. കണ്ണെത്തുന്ന ദൂരത്തോളം വ്യവസായശാലകളും ഭവനങ്ങളും, ഭവനങ്ങളും വ്യവസായശാലകളും എന്ന മട്ടിൽ (സുന്ദരവും ആകൎഷകവുമായിരിക്കയില്ലെങ്കിലും) ആകെക്കൂടി നോക്കുമ്പോൾ അതിശക്തിയായി ഹൃദയത്തിൽ പതിയുന്നതരത്തിൽ കെട്ടിടങ്ങൾ മാത്രം കാണപ്പെടുന്നു. പലപ്പോഴും പട്ടാളങ്ങളുടെ കൂടാരങ്ങൾക്കുള്ള ഐകരൂപ്യത്തോടുകൂടി മുഴുവൻ തെരുവുകളും ഒരേ മാതൃകയിൽ പണിചെയ്യുന്നതിനാൽ അവ എത്രത്തോളം സൗന്ദൎയ്യബോധരഹിതമാണോ, അത്രത്തോളം അസുഖദർശനമായിരിക്കുന്നു. ഓരോരുത്തനും അവനവന്റെ സൗന്ദൎയ്യബോധമനുസരിച്ചു വീടുകൾ പണികഴിക്കുന്നതിനു പകരം, വല്ല മുതലാളികളും വാടകയ്ക്കു കൊടുക്കുന്നതിനായി തങ്ങളുടെ പ്രത്യേകരീതിയനുസരിച്ചു അവ എല്ലാം പണിചെയ്യുന്നതാണ് ഇതിനു കാരണം. മനുഷ്യനു പുതുതായി ഒന്നു കണ്ടുപിടിക്കുന്നതിനേക്കാൾ വളരെ എളുപ്പമാണ് അനുകരിക്കുന്നതു എന്നുള്ളതു സുപ്രസിദ്ധമാകുന്നു. അതിനാൽ, ലണ്ടനിലെ ചില തെരുവുകളിൽ, ഒരു തേനീച്ചക്കൂട്ടിലെ അറകൾപോലെ ഒരേ രൂപത്തിലുള്ള വീടുകളാണുള്ളതു്. അവയിലെ നിവാസികളും, സന്ദർശകരും ഇപ്പോഴത്തേക്കാൾ കൂടുതലായി വിട്ടുതെറ്റി മററു വീടുകളിൽചെന്നു കയറാത്തതാണ് അത്ഭുതം. ഒരു പക്ഷെ ഈ വൈഷമ്യത്തെപ്പററി മുന്നറിവുണ്ടായി, അവർ വീടുകളുടെ നമ്പരിന്റെ കാൎയ്യത്തിൽ വളരെ ശ്രദ്ധിക്കുന്നുണ്ടു്. നമ്പർ പോയാൽ പിന്നെ തെരുവു അറിയാമെങ്കിലും വീടറിയുന്ന കാൎയ്യം തകരാറിലാണ്. എന്തെന്നാൽ ഒരേ തെരുവിലുള്ള ആളുകൾക്കു അവരുടെ ഏററവും അടുത്ത അയൽവാസികളെ മാത്രമേ അറിവുള്ളു. ചിലപ്പോൾ ആ അറിവും കാണുകയില്ല. ഓരോ മനുഷ്യനും അവന്റെ ജീവിതവൃത്തിമാത്രം തുടരുന്നു. അവന്റെ സ്വന്തം പരിചയചക്രത്തിൽ മാത്രം പെരുമാറുന്നു. ആക്സ്ഫേർഡ്പോലുള്ള പട്ടണങ്ങളിൽതന്നെയും ഒരേരീതിയിലുള്ള വീടുകൾ കാണുമാറുണ്ടെങ്കിലും അവ ലണ്ടനിലേക്കാൾ ചുരുക്കമാണെന്നുതന്നെയല്ല, പട്ടണത്തിന്റെ വലിപ്പക്കുറവിനാലും, കൂടുതൽ വിപുലമായ പരിചയത്താലും, ഒരുവനെ തിരഞ്ഞു കണ്ടുപിടിക്കുന്നതിലുള്ള വൈഷമ്യം വളരെ കുറവാണ്. ഞാൻ പറഞ്ഞതുപോലെ മുന്നിലോ പിന്നിലോ മുററമാകട്ടെ അടുത്തു എവിടെയെങ്കിലും പച്ചപിടിച്ച ഒരു സ്ഥലമാകട്ടെ ഇല്ലാത്ത ലണ്ടൻവീടുകൾ തീരെ അനാകൎഷകമാകുന്നു. എന്നാൽ മാതൃനഗരത്തിന്റെ ചുററിനും വളൎന്നിട്ടുള്ള ഉദ്യാനനഗരങ്ങളിലെ സ്ഥിതി വളരെ വ്യത്യസ്തമാണ്. ഇവിടെ അതിന്റെ പേരുകൊണ്ടറിയുന്നതുപോലെ അനേകം വൃക്ഷങ്ങളും, പുഷ്പിക്കുന്ന ചെടികളും ഉള്ളതുകൂടാതെ, ഒരു നഗരജീവതത്തിന്റെയും,

ഗ്രാമീണജീവിതത്തിന്റേയും, ഗുണങ്ങളെ കൂട്ടിയിണക്കുന്നതിനു ധാരാളം വിജയകരമായ കഠിനശ്രമം നടക്കുന്നുമുണ്ട്. എന്തെന്നാൽ, വെറും ശുദ്ധമായ നഗരജീവിതം, നാടൻ ജീവിതത്തിന്റെ ലാഞ്ഛനപോലുമില്ലാതിരുന്നാൽ, കായികവും, മാനസികവും, സാന്മാർഗ്ഗികവും ആയ ജീവശ്ശക്തിയെ ക്ഷയിപ്പിക്കുന്നതാണു്. ഏതൊരു ജീവിതപഥത്തിലും ഉന്നതിപ്രാപിച്ചവരായി ലണ്ടനിലുള്ള ആളുകളെല്ലാംതന്നെ, ഒരു മൂന്നുതലമുറയ്ക്കുമുമ്പു നാട്ടുംപുറത്തുനിന്നും കുടിയേറിയവരുടെ അനന്തരഗാമികളാണെന്നു തെളിയിക്കാമെന്നു പ്രൊഫസർ മാർഷൽ പറഞ്ഞതിനു കാരണം ഇതുതന്നെയാണു്. ഉദ്യാനനഗരങ്ങൾ, പൊതുജനങ്ങൾക്കു കാററുകൊള്ളാനുള്ള വിശാലങ്ങളായ ഉപവനങ്ങൾ അഥവാ പാർക്കുകൾ, എന്നിവയുടെ രൂപത്തിൽ ലണ്ടൻനഗരത്തിൽ കർശനമായി നടപ്പിൽവരുത്തുന്ന അഭിവൃദ്ധി പൂർത്തിയായാൽപിന്നെ, ഇപ്പോഴത്തെപ്പോലുള്ള നഗരജീവിതത്തിന്റെ നാശകരമായ ഫലങ്ങൾ തുടർന്നുപോകുമോ എന്നുള്ളതു സംശയാസ്പദമാകുന്നു. ജനങ്ങൾക്കു വേണ്ടിടത്തോളം ശുദ്ധവായു ശ്വസിക്കത്തക്കവണ്ണം ഇപ്പോൾ ലണ്ടനിൽ ഭംഗിയേറിയ ധാരാളം പാർക്കുകളുണ്ടു്. ഹൈഡ്പാർക്ക്, ഫിൻസ്ബറിപാർക്ക്, ഹാംസ്റ്റെഡ്ഹീത്ത് എന്നിവ ചുരുക്കം ചില ദൃഷ്ടാന്തങ്ങൾമാത്രമാണു്. ഇവ "നഗരത്തിന്റെ ശ്വാസകോശങ്ങൾ" എന്നു ഉചിതമാംവണ്ണം വിളിക്കപ്പെടുന്നു ഇവയെ നിർമ്മിക്കാതിരുന്നെങ്കിൽ ലണ്ടൻ നിവാസയോഗ്യമല്ലാതായിത്തിരുന്നതാണു്. കഴിഞ്ഞകാലങ്ങളിൽ ഈസ്റ്റ്എൻഡ്, വെസ്റ്റ്എൻഡ്, എന്നീ നഗരവിഭാഗങ്ങൾതമ്മിൽ വ്യക്തമായ ഒരു ഭിന്നത ഉണ്ടായിരുന്നു. ഈസ്റ്റെൻഡിൽ തൊഴിലാളികൾ മുതലായ സാധാരണക്കാരും, വെസ്റ്റെൻഡിൽ അഭിജാതരായ പ്രഭുക്കന്മാരും താമസിക്കുന്നു. എന്നാൽ, വെറും സാധാരണക്കാർക്കും, അഭിജാതന്മാർക്കും മദ്ധ്യേയുള്ള ജനവിഭാഗം അധിവസിക്കുന്ന വടക്കേലണ്ടൻ, തെക്കേലണ്ടൻ എന്നിവ പിന്നീടു ഉത്ഭവിച്ചതിനാലും, ഈ മദ്ധ്യവർഗ്ഗീയർ പ്രഭുക്കന്മാരുടെ വെസ്റ്റെൻഡിനെ ആക്രമിക്കുകയാലും, ഈ വ്യത്യാസം കുറെയൊക്കെ തേഞ്ഞുമാഞ്ഞു പോയിട്ടുണ്ടു്. എന്നിരുന്നാലും, സൌത്തുകെൻസിംഗ്ടൺ, പിക്കാഡിലിസർക്കസ്, റസ്സൽ സ്ക്വയർ, എന്നിങ്ങനെ ആഭിജാത്യരീതിയിലുള്ള വെസ്റ്റൻഡ്സ്ഥലങ്ങളും, അവയേക്കാൾ എത്രയോ ദരിദ്രവും, മ്ലേഛവും ആയ ചാതാം, പോപ്ളാർ, ചൈനാടൗൺ, മുതലായ ഈസ്റ്റെൻഡ്സ്ഥലങ്ങളും തമ്മിൽ പറയത്തക്ക വ്യത്യാസം ഇപ്പോഴും ഉണ്ടു്. ഈസ്റ്റെൻഡിൽ സ്വാഭാവികമായി വെസ്റ്റെൻഡിലേക്കാൾ കൂടുതൽ കുററങ്ങൾ നടക്കുന്നു. പക്ഷെ ഈസ്റ്റെൻഡിലേ ഒരുവൻ വെസ്റ്റെൻഡിലേ ഒരു

വനേക്കാരം കൂടുതൽ കുററകരമായ മനഃസ്ഥിതിയുള്ളവനാണെന്നു ഞാൻ കരുതുന്നില്ല. രൂക്ഷവും മൃഗീയവും ആയ ഈസ്റ്റെൻഡ് കുററങ്ങളിലേക്കു ആനയിക്കപ്പെടുന്ന ശ്രദ്ധപോലുള്ള യാതൊന്നിനേയും ആകർഷിക്കാത്ത പല സംസ്കൃതങ്ങളായ കുററങ്ങളും വെസ്റ്റെൻഡിൽ നടക്കുന്നുണ്ട്. ബാംബെ, കൽക്കട്ടാ മുതലായവയെപ്പോലുള്ള നമ്മുടെ വ്യാവസായികനഗരങ്ങൾ, വെസ്റ്റെൻഡുകളേക്കാരം, എത്രയോ കൂടുതലായി ഈസ്റ്റെൻഡുകളെയാണ് പുലത്താനിടയുള്ളതെന്നതിനാലും, ഈസ്റ്റെൻഡിലെ സ്ഥിതിയെ ഭേദപ്പെടുത്താനുള്ള നടപടികളുടെ ഒരു പഠനം, ഇൻഡ്യയിലെ അത്തരം വിഷമപ്രശ്നങ്ങൾക്കു പോംവഴി കണ്ടുപിടിക്കുന്ന കാര്യത്തിൽ വളരെ ഉപകാരകമായിരിക്കുമെന്നുള്ളതിനാലും, ഈസ്റ്റെൻഡിനെ അടുത്തുകാണാൻ എനിക്ക് ഒരു പ്രത്യേകമായ ആഗ്രഹം ഉണ്ടായിരുന്നു. അതുകൂടാതെ, ഞാൻ വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ നല്ല തന്മയത്വത്തോടും, ബീഭത്സതയോടും കൂടി വർണ്ണിച്ചിരുന്ന ഈസ്റ്റെൻഡിലെ പുറംതെരുവുകൾ കാണാൻ എനിക്കു വലിയ ജിജ്ഞാസയും ഉണ്ടായിരുന്നു. അതിനാൽ മൂന്നു മുഴുവൻദിവസങ്ങൾ ഈസ്റ്റെൻഡിനെ അടുത്തുകാണുന്നതിനായി ഞാൻ വിനിയോഗിച്ചു. ഞാൻ ബസ്സിലും, കാൽനടയായും പല തെരുവുകളിലും സഞ്ചരിച്ചു. ജനങ്ങളെല്ലാം വെസ്റ്റെൻഡിലേക്കാരം കൂടുതൽ ദരിദ്രരും, അസംസ്കൃതചിത്തരും, ഷാപ്പുകളും, സിനിമായും മററും പ്രത്യക്ഷമായിത്തന്നെ കേവലം അഞ്ചാംതരവും ആയിരുന്നു. എന്നെ വിസ്മയിപ്പിച്ചതും, സന്തോഷിപ്പിച്ചതും ആയ ഒരു സംഗതി, അവയിൽ വളരെ മോശപ്പെട്ട വീടുകളെല്ലാം പൊളിച്ച്, കുറേക്കൂടി നല്ല രീതിയിൽ രണ്ടാമതു പണികഴിപ്പിക്കുന്നു എന്നുള്ളതാണ്. വെക്കേഷൻകാലമായിരുന്നതിനാൽ ആക്സ്ഫോർഡിൽനിന്ന് ഒരു സംഘം സർവ്വകലാശാലാവിദ്യാർത്ഥികൾ ഈ പുറംതെരുവുകളിൽ ഒരു ലാഭേച്ഛയുമില്ലാതെ സാധുജനങ്ങൾക്കു സഹായംചെയ്യുന്നതു് എന്നെ അതിലും കൂടുതൽ സന്തുഷ്ടചിത്തനാക്കി. ധനം, ഔഷധം, ബുദ്ധി, മതം എന്നീ വിഷയങ്ങളിലെല്ലാം സാധുക്കൾക്കു സഹായംചെയ്യുന്നതിനായി, പല സർവ്വകലാശാലകളിൽനിന്നും, ജീവകാരുണ്യസംഘടനകളിൽനിന്നും അനേകം സംഘങ്ങൾ ഇപ്രകാരം ഈസ്റ്റെൻഡിൽവന്നു വേലചെയ്യുന്നുണ്ടെന്നു ഞാൻ അറിഞ്ഞു. ഇംഗ്ലണ്ടിലെ തൊഴിലാളികളും, വ്യുല്പന്നമതികളും തമ്മിലുള്ള അനുഭാവപരമായ ഈ സുവർണ്ണബന്ധം, റഷ്യയിലെപ്പോലെ ബുദ്ധിമാന്മാരെ പീഡിപ്പിക്കുന്നതിനും, ബോൾഷെവിസം പരക്കുന്നതിനും എതിരായുള്ള ഒരു രക്ഷാവ്യവസ്ഥയാകുന്നു. ഇൻഡ്യൻസർവ്വകലാശാലാവിദ്യാർത്ഥികൾക്കും അവരുടെ ഈ പാശ്ചാത്യസഹോദരന്മാരുടെ പ്ര

ശംന്ദാർഫമായ പ്രവൃത്തിയെ പ്രയോജനകരമാംവണ്ണം അനുകരിക്കാവുന്നതാണ്. തൊഴിലാളിവർഗ്ഗത്തിന്ന അവരുടെ രാഷ്ട്രീയശക്തിയെപ്പററിയുള്ള വർദ്ധമാനമായ പ്രബുദ്ധതയാണ് ഇൗസ്റ്റേൻഡിൽ എന്നെ മൂന്നാമതായി വിസ്മയിപ്പിച്ചത്. ഇൻഡ്യയിലെ സാധാരണ കൂലിക്കാരനുള്ളതിനേക്കാൾ കൂടുതൽ ഉയൎന്ന മനഃസ്ഥിതിയൊന്നുമില്ലാത്ത പലതൊഴിലാളികളും, തങ്ങൾ മുൻസിപ്പാലിററികളിലും, പാർലമെൻററിലും മററും (പ്രാതിനിധ്യംമുഖേന) പ്രവേശിച്ച് സാധുക്കളുടെ സങ്കടങ്ങൾക്കു പരിഹാരം ഉണ്ടാക്കാൻ പോവുകയാണെന്നു വൎത്തമാനത്തിനിടയിൽ പറയുകയുണ്ടായി. പട്ടാളക്കാരെന്നനിലയിൽ കിട്ടിയ പുറംകോട്ടുകൾ അവരിൽ പലരും ധരിച്ചിരുന്നെങ്കിലും, യുദ്ധം തങ്ങളുടെ സ്ഥിതിയെ പഴയതിൽനിന്നു വളരെ കഷ്ടതരമാക്കിയെന്നു അവർ എന്നോടു പരാതിപ്പെട്ടു. അതു യുദ്ധത്തെ സമാപിപ്പിക്കാനുള്ള ഒരു യുദ്ധമാണെന്നും, അതിൻെറ അവസാനത്തിൽ ഇംഗ്ലണ്ട് വീരന്മാൎക്കു താമസിക്കാൻ യോഗ്യമായ ഒരു സ്ഥലമായിത്തീരുമെന്നും മി. ലായ്ഡ്ജാർജ്ജ് (യുദ്ധകാലത്തെ ഇംഗ്ലീഷ് പ്രധാനമന്ത്രി) അവരോടു പറഞ്ഞില്ലേ, എന്നു ഞാൻ ചോദിച്ചു. അവർ പൊട്ടിച്ചിരിച്ചുപോയി. "കൈസറിനെ വിസ്തരിക്കുമെന്നും, യുദ്ധം അവസാനിപ്പിക്കാൻ യുദ്ധം ചെയ്യുകയാണെന്നും, ഇംഗ്ലണ്ടിനെ വീരന്മാൎക്ക് അധിവാസയോഗ്യമാക്കുകയാണെന്നും മററുമുള്ള പോഴത്തമെല്ലാം മി. ലായിഡ്ജാർജ്ജ് വിളിച്ചുപറഞ്ഞപ്പോൾ നിങ്ങളെപ്പോലുള്ള വിദേശികളല്ലാതെ മററു വല്ലവരും അതു കാൎയ്യമായി ഗണിക്കുമോ? ഭയങ്കരമാംവണ്ണം ഉയൎന്ന പദാൎത്ഥവില, വെള്ളംചേൎത്ത ബിയർ (ഒരുവക മദ്യം) ഭീമമായ കരങ്ങൾ, നിരക്കുകൾ, എന്നിവയാൽ പരമാൎത്ഥത്തിൽ അദ്ദേഹം ഇംഗ്ലണ്ടിനെ വീരന്മാൎക്കു മാത്രം നിവാസയോഗ്യമാക്കിയിരിക്കയാണെന്ന് ഇംഗ്ലണ്ടിൽ സകല ആളുകൾക്കും അറിയാം. യുദ്ധം അവസാനിപ്പിക്കാനുള്ള യുദ്ധം എന്നതിനേപ്പററി പറയുകയാണെങ്കിൽ, ആ പ്രയോഗം ഇൗയിടെമാത്രം കണ്ടുപിടിച്ചതേയുള്ളു- എന്നു മാത്രമല്ല, ചരിത്രത്തിൻെറ പുറങ്ങളിലെല്ലാം വിതറിയിരിക്കുന്ന അനേകം 'ശാശ്വതസമാധാന'ങ്ങളേക്കാൾ അൎത്ഥമൊന്നും അതിന്നുണ്ടായിരിക്കയില്ല. സത്യവാന്മാരായ തൊഴിലാളികളെ ചെണ്ടകൊട്ടിക്കാൻ അതും വളരെ നൂററാണ്ടുകാലം പ്രയോഗിക്കപ്പെട്ടുമെന്നുള്ളതു് തക്കമെററ സംഗതിയുമാണ്." എന്നിങ്ങനെ അവരിൽ ഒരു രാഷ്ട്രീയസിദ്ധാന്തി പറയുകയുണ്ടായി. ഇൗ അഭിപ്രായങ്ങളിൽ കണ്ട ബുദ്ധിക്രൂർമ്മത എൻെറ മനസ്സിൽ നല്ലവണ്ണം പതിയുകയും, തൊഴിലാളികളുടെ ഇടയിൽനിന്നു് തലപൊക്കിവരുന്ന ഒരു രാഷ്ട്രീയവാദിയുടെ ശരിയായ ഒരു മാതൃകയാണ് ഇൗ മനുഷ്യനെങ്കിൽ, അവരു

ടെ കക്ഷിക്ക് എതിർകക്ഷികളുമായുള്ള താരതമ്യത്തെക്കുറിച്ച് ഭയപ്പെടാനൊന്നുമില്ലെന്നു ഞാൻ വിചാരിക്കുകയും ചെയ്തു. എൻെറ ഈസ്റ്റേൻഡ് സന്ദർശനങ്ങൾമൂലം, ആകപ്പാടെ ഈസ്റ്റേൻഡും വെസ്റ്റേൻഡുംതമ്മിലുള്ള വ്യത്യാസത്തെ (ഈസ്റ്റേൻഡിനു ദോഷകരമാംവണ്ണം) അതിശയോക്തികൊണ്ട് വളരെ വലുതാക്കിയിരിക്കയാണെന്ന് എനിക്കു ബോദ്ധ്യംവന്നു. ഗ്രന്ഥകൎത്താക്കന്മാരെല്ലാം വെസ്റ്റേൻഡുകാരോ, തൊഴിലാളികളോടുള്ളതിനേക്കാൾ കൂടുതൽ ബന്ധം പ്രഭുവൎഗ്ഗത്തോടാണെന്നു സ്വയം കരുതിയിരുന്ന മദ്ധ്യവൎഗ്ഗീയരോ ആയിരുന്നതിനാലാണ് ഇങ്ങനെ വന്നതു്. എച്ച് ജി വെൽസ്, ബെർണാഡ്ഷാ, ബെർട്രാൻഡ്റസ്സൽ, എന്നിങ്ങനെയുള്ള ഒന്നാംക്ലാസ്സ് സോഷ്യലിസ്റ്റ് ഗ്രന്ഥകാരന്മാരുടെ ആവിൎഭാവത്തോടുകൂടി കാൎയ്യങ്ങളെല്ലാം മാറിവരുന്നുണ്ട്.

ലണ്ടൻ, അതിൻെറ അതിവിപുലമായ ജനസംഖ്യയിൽ, സൂൎയ്യമണ്ഡലത്തിനുകീഴിലുള്ള സകല രാജ്യങ്ങളിലേയും ജനവൎഗ്ഗങ്ങളെ കുണക്കുകൂട്ടുന്നുണ്ട്. തന്നിമിത്തം, ഈ അതിഭീമമായ നഗരം ചെറിയതോതിലുള്ള ഒരു ഭൂലോകം തന്നെയാകുന്നു. ലണ്ടനിൽ ഒരുവനും അപരിചിതനാണെന്നു സ്വയം കരുതേണ്ട ആവശ്യമില്ല. അവന് ഉടൻതന്നെ അവൻെറ രാജ്യക്കാരിൽ ആരേയെങ്കിലും കാണാൻ കഴിയും. ഈ വാണിജ്യകേന്ദ്രത്തിൽ ലാപ്ലണ്ട്, ഫിൻലൻഡ്, ഐസ്ലൻഡ് എന്നീസ്ഥലവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സകല യൂറോപ്യൻരാജ്യങ്ങളിലേയും നിവാസികളെ കാണാൻ സാധിക്കുമെന്നുള്ളതു് വിസ്മയവിഷയമായിരിക്കാൻ ഇടയില്ല. ഇൻഡ്യാക്കാരും ബ്രിട്ടീഷ്സാമ്രാജ്യത്തെ അധിവസിക്കുന്ന മററു പല രാഷ്ട്രക്കാരും ധാരാളമായി ഇവിടെയുള്ളതും വളരെ വിസ്മയം ജനിപ്പിക്കുകയില്ല. എന്നാൽ, ലൈബീറിയ, ചൈനാ, സയാം, ആനാം, പേഴ്സ്യാ, അഫ്ഗാനിസ്ററാൻ, നേപ്പാളം, ടൎക്കി, അറേബിയാ, ഈജിപ്ത് നൂബിയാ, അബിസീനിയാ മുതലായ രാജ്യക്കാരെ ലണ്ടനിൽ കണ്ടാൽ ആൎക്കും ആശ്ചൎയ്യം തോന്നും. അവിടെ കാണുന്ന ജനവൎഗ്ഗങ്ങളുടെ വൈവിദ്ധ്യം ലണ്ടൻെറ ആകൎഷകത്വത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതിയാകുന്നു. പരമാൎത്ഥത്തിൽ ഒരുവൻ കണ്ണുതുറന്നു നടക്കുന്നപക്ഷം ലണ്ടൻ മാനവശാസ്ത്രസംബന്ധമായ ഒരു കാഴ്ചബംഗ്ലാവാണെന്നു കാണാം. തന്നിമിത്തം ലണ്ടൻകാരൻ പരിതപ്രദേശങ്ങളിലെ (നാട്ടുംപുറത്തെ) ഒരുവനേക്കാൾ വൎണ്ണവ്യത്യാസത്തെപ്പററി സഹിഷ്ണുതയുള്ളവനായിരിക്കുന്നു. എങ്കിലും സാധാരണയായി നാട്ടുംപുറത്തുകാരും വിദേശീയരുടെ വൎണ്ണവ്യത്യാസത്തെപ്പററി അകാരണമായ വെറുപ്പില്ലാത്തവരാണ്.

ലണ്ടനിൽ പ്രധാനമായി കാണുന്ന മററൊരു സംഗതി അതിന്റെ അത്യധികമായ വിവിധവ്യവസായങ്ങളാണ്. അനവസാനമായ ശല്യം നൾകുന്ന പുകയോടുകൂടി ശബ്ദബഹുലമായി വൃത്തികെട്ട ലണ്ടൻവ്യവസായശാലകൾ അവിടത്തെ ജനസംഖ്യയിൽ ഒരു വലിയ വിഭാഗത്തിന്റെ പ്രധാനാലംബമാകുന്നു. ഈ വ്യവസായശാലകൾ വമിക്കുന്ന പുകയെപ്പററി പറയുന്ന പലരും അതു നൾകുന്ന ആഹാരത്തെപ്പററി മിണ്ടുന്നില്ല. കൈകൊണ്ടു ലേസുണ്ടാക്കുക എന്നുതുടങ്ങി ആവിയന്ത്രം വിമാനം മുതലായവ ഉണ്ടാക്കുക എന്നുവരെയുള്ള എല്ലാ വ്യവസായങ്ങളും ലണ്ടനിൽചെയ്തുവരുന്നു. അനേകായിരം തൊഴിലാളികൾ ഉള്ള വ്യവസായശാലകൾ തുടങ്ങി കീഴോട്ടു രണ്ടോ മൂന്നോ തൊഴിലാളികൾമാത്രം ജോലിചെയ്യുന്ന വ്യവസായശാലകൾവരെ വലിപ്പത്തിൽ അവ പല വ്യത്യാസങ്ങളോടുകൂടിയിരിക്കയും ചെയ്യുന്നു.

ലണ്ടന്റെ വ്യവസായത്തേക്കാൾ ആശ്ചര്യകരമാണു അതിന്റെ കച്ചവടം. ലണ്ടൻവ്യാപാരത്തിന്റെ അളവു കേവലം ഭീമമാകുന്നു: പ്രാചീനകാലത്തെ ടയർ, കാർതേജ്, സിറാക്യൂസ് എന്നിവ ഒരാനയോടു എറുമ്പെന്നപോലെ മാത്രമേ ലണ്ടനോടു സാദൃശ്യം വഹിക്കുന്നുള്ളൂ. മഹായുദ്ധവും അതു വരുത്തിക്കൂട്ടിയ വാണിജ്യാധഃപതനവും, ഖനിവേലക്കാരുടെ ഉടനടനുള്ള പണിമുടക്കം എല്ലാം ഉണ്ടായിരുന്നിട്ടും, ലണ്ടന്റെ വമ്പിച്ച വ്യാപാരപരിണാഹം ഏതാണ്ടു അമ്പരപ്പിക്കുന്ന ഒന്നായിരിക്കുന്നു. ലോകപരിധികളിൽനിന്നു എന്നും കപ്പലുകൾ തെംസ് നദിയിൽ വന്നുകൊണ്ടിരിക്കുന്നു. ലോകപരിധികളിലേക്കു എന്നും കപ്പലുകൾ തേംസ്നദിയിൽനിന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഈസ്റ്റിൻഡ്യാ ഡാക്കുകൾ കാണേണ്ട ഒരു കാഴ്ച തന്നെയാണു്. തെംസ്നദി ഉള്ളതു ലണ്ടന്റെ ഒരു പ്രത്യേകഭാഗ്യമാകുന്നു. ഈ നദിയിലെ വൃത്തികെട്ട ജലം ഗംഗാനദിയിലെ ശുദ്ധജലത്തിൽനിന്നു് ആകെ വ്യത്യാസപ്പെട്ടതാണെങ്കിലും അതതു നദീമുഖത്തും, അവയുടെ ജലാഗമപരിധിക്കുള്ളിലും അധിവസിക്കുന്ന ജനങ്ങൾക്കു ആഹാരം നൾകുന്ന കാര്യത്തിൽ ഇവ രണ്ടും ഒരുപോലെ പാവനങ്ങളാകുന്നു. ഗംഗാനദി കൂടുതൽ നേരിട്ടു ദാനം ചെയ്യുന്നു. അതു നൾകുന്ന ആഹാരം അതിന്റെ സ്വന്തദേഹത്തുനിന്നുതന്നെയാകയാൽ അതു് വളരെ ഉചിതമാംവണ്ണം "ഗംഗമാതാ" എന്നു വിളിക്കപ്പെടുന്നു. നേരെമറിച്ചു തെംസ്നദി കൂടുതൽ കർശനബുദ്ധിയായ ഒരു യജമാനനെപ്പോലെ തീവ്രപ്രയത്നവും, കടുത്ത അപകടങ്ങളും, അളവററ ജോലിയും നിവർത്തിച്ചുകഴിയുമ്പോൾ അത്രതന്നെ നേരിട്ടല്ലാതെയുള്ള കൂലി കൊടുക്കുന്നു. അതിനാൽ അതിനെ "തെം

സ്പാതാ" എന്നു ശരിയായിത്തന്നെ ആളുകൾ വിളിക്കുന്നു. കൈമുറുക്കി, വളരെ വിഷമിച്ചു, അല്പാല്പം വല്ലതും വിട്ടുകൊടുക്കുന്ന ഇംഗ്ലണ്ടിനെ "പിതൃഭൂമി"യെന്നു വിളിക്കാൻ ഇംഗ്ലീഷുകാരൻ ഇഷ്ടപ്പെടുന്നതിലും, ദയാബുദ്ധിയോടുകൂടി എല്ലാം കൊടുത്തുകളയുന്ന ഇൻഡ്യയെ "മാതൃഭൂമി" എന്നു വിളിക്കാൻ ഇൻഡ്യാക്കാരൻ ഇഷ്ടപ്പെടുന്നതിലും ഇതേ വ്യത്യാസംതന്നെയാണു കാണുന്നതു്. ഇംഗ്ലീഷ്നദികളെപ്പററി ഒരുസംഗതി എനിക്കു പ്രത്യേകം ശക്തിയോടുകൂടിബോധപ്പെട്ടു. അവയിൽ എപ്പോഴും ധാരാളം വെള്ളമുണ്ട്. ഇതിനു രണ്ടുകാരണങ്ങളാണുള്ളതു്. ജലനിർഗ്ഗമനം എങ്ങനെ സാധിക്കാം, അഥവാ ആവശ്യത്തിൽ കവിഞ്ഞുള്ള വെള്ളം എങ്ങനെ ദൂരീകരിക്കാം എന്നുള്ളതാണു വിഷമപ്രശ്നമെന്നിരിക്കേ ഇംഗ്ലണ്ടിൽ നദികളെക്കൊണ്ടുള്ള ജലസേചനം ആവശ്യമില്ലാത്തതാണു് ആദ്യത്തെ കാരണം. തന്നിമിത്തം നദീജലം കഴുതപ്പാലുപോലെ ആരും ആവശ്യപ്പെടാതിരിക്കയും, അങ്ങനെ അവയിൽ ജലം ധാരാളം ഉണ്ടായിരിക്കയും ചെയ്യുന്നു. രണ്ടാമത്തെ കാരണം, ആവിയായിപ്പോകുന്നതുകൊണ്ടുള്ള നഷ്ടം വളരെ കുറവാണെന്നതാകുന്നു. നേരേമറിച്ചു ഇൻഡ്യയിൽ ജലസേചനപദ്ധതിക്കായി നദീജലം വളരെ ആവശ്യപ്പെടുന്നു എന്നു മാത്രമല്ല, ഭീമമായ ഗംഗാനദിക്കുപോലും ചില അവസരങ്ങളിൽ തന്റെ കൃഷിവലഭക്തന്മാക്കു ആവശ്യമുള്ള ജലം കൊടുക്കാൻ കഴിവല്ലാതെ വരുന്നുമുണ്ടു്. പോരെങ്കിൽ ആവിയാകുന്നതുകൊണ്ടുള്ള നഷ്ടം വളരെ കൂടുതലുമാണല്ലോ. പക്ഷേ ഇംഗ്ലീഷുനദികളെല്ലാം ഗതാഗതത്തിനു ഒന്നാംതരമാകുന്നു. എന്നാൽ നമ്മുടെ ചില നദികളൊഴിച്ചു മററുള്ളവയെല്ലാം, മണ്ണടിഞ്ഞിരിക്കുന്നതുമൂലമോ, ചുഴികൾ, ജലപാതങ്ങൾ, നീക്കുത്തുകൾ, ഭയങ്കരമായ പ്രവാഹം, ആഴക്കുറവു് എന്നിവയാലോ ഗതാഗതത്തിനു മിക്കവാറും ഉപയോഗശൂന്യമായിരിക്കുന്നു. കടൽമാർഗ്ഗമായി ലണ്ടനിൽ നടക്കുന്ന വ്യാപാരത്തിന്റെ അളവറിയുന്ന ഒരുവനു ഇംഗ്ലണ്ടിന്റെ നാവികാധിപത്യവും എന്തുവന്നാലും അതു കൈവെടിയാതിരിക്കാനുള്ള ഇംഗ്ലീഷുകാരുടെ ആഗ്രഹവും പെട്ടെന്നു മനസ്സിലാകുന്നതാണു്. ഇംഗ്ലണ്ട് പ്രധാനമായും ഒരു വ്യാപാരവ്യവസായ രാജ്യമാകുന്നു. അവിടത്തേക്കു ആവശ്യമുള്ള ധാന്യങ്ങളിലോ, മററു ആഹാരസാധനങ്ങളിലോ, നാലിൽ ഒരംശംപോലും അവിടെ കൃഷിചെയ്തുണ്ടാക്കുന്നുമില്ല. ഇംഗ്ലണ്ടിന്റെ നാവികാധിപത്യം നഷ്ടപ്പെടുകയോ, ബാംബെറിഞ്ഞു കപ്പലുകളെ മുക്കിക്കളയത്തക്കവണ്ണം വല്ല ശത്രുവും എന്തെങ്കിലും പ്രത്യേകവിമാനം കണ്ടുപിടിക്കുകയോ ചെയ്താൽ മൂന്നുമാസംകൊണ്ടു ഇംഗ്ലണ്ടു് പട്ടിണിയാൽ നശിക്കുന്നതാണു്. കഴിഞ്ഞ യുദ്ധത്തിൽതന്നെ ജമ്മ

നിയുടെ അന്തർവാഹിനിക്കപ്പലുകൾ ചെയ്ത നാശം വളരെ ദോഷങ്ങൾ വരുത്തിക്കൂട്ടുകയും, മാംസം, പഞ്ചസാര, വെണ്ണ, എന്നിവ ഓരോ കുടുംബക്കാൎക്കും ആളെണ്ണി ഗവൎമ്മെണ്ടിൽനിന്നു വിതിച്ചു കൊടുക്കത്തക്കവണ്ണം ആഹാരപദാൎത്ഥങ്ങളുടെ വില അത്യധികം പെരുകുകയും ചെയ്തു. "ഇംഗ്ലണ്ടിന്റെ നാവികാധിപത്യം വിട്ടുകളയാൻ പറയാമെങ്കിൽ, ഇൻഡ്യയോടു ഹിമാലയം വിട്ടുകളഞ്ഞിട്ടു ഗംഗാനദിയെ അതിർത്തിയായി സ്വീകരിക്കാനും പറയാം" എന്നു ഒരു ഇംഗ്ലീഷുകാരൻ അല്പം വികാരത്തോടുകൂടിത്തന്നെ എന്റെ അടുക്കൽ പറയുകയുണ്ടായി. അതിന്റെ ഫലവ്യാപ്തിയെ സംബന്ധിച്ചിടത്തോളം അയാൾ സത്യമാണു് പറഞ്ഞതും. പക്ഷെ ലണ്ടന്റെ ആഭ്യന്തരവ്യാപാരം നിസ്സാരമാണെന്നു ആരും വിചാരിച്ചുകൂടാ. എഴുപതുലക്ഷത്തിൽ ചില്വാനം ആളുകളുടെ പലതരത്തിലുള്ള ആവശ്യങ്ങൾ സാധിച്ചുപോരുന്ന ഒരു കമ്പോളം ഒരിക്കലും നിൎജ്ജീവമല്ല. ഹാരഡ്സ്, സെൽഫ്റിഡ്ജസ്, എന്നിങ്ങനെയുള്ള വമ്പിച്ച വ്യാപാരസ്ഥാപനങ്ങൾ നമുക്കു സങ്കല്പിക്കാൻ കഴിയുന്ന എല്ലാസാധനങ്ങളും ശേഖരിച്ചു, അതതിന്റെ ഗുണാനുസരണം വളരെ സഹായ വിലക്കു വില്ക്കുന്നു. ഫൻവഫൽ ഹാരഡ്സിൽ ഒരു ഗാന്ധിത്തൊപ്പി വിലയ്ക്കുവച്ചിരിക്കുന്നതു് താൻ കണ്ടെന്നു ഒരു സ്നേഹിതൻ എന്നോടുപറഞ്ഞു. ലണ്ടനിലെ പ്രധാനപ്പെട്ട കച്ചവടക്കാരുടെ ഊൎജ്ജിതബുദ്ധിയും സൎവ്വതോമുഖമായ പ്രവൎത്തനവും ഇതുമൂലം സൂചിതമാകുന്നു എന്തെങ്കിലും വാങ്ങണമെന്നുദ്ദേശിക്കുന്നവൎക്കു വലിയ കമ്പനിക്കാർ കാറുകൾ സൗജന്യമായി അയച്ചുകൊടുക്കുന്നു. അതുമൂലം എന്തെങ്കിലും വാങ്ങിയെ മതിയാവൂ എന്നു അവർ ശഠിക്കുന്നുമില്ല. എന്നാൽ, സാമാനങ്ങൾ നോക്കാൻ വരുന്നവർ തങ്ങളുടെ സ്ഥലത്തു പ്രവേശിച്ചുപോയാൽ പിന്നെ, ആകൎഷകമാംവണ്ണം അവയെ പ്രദൎശിപ്പിച്ചു അവരെക്കൊണ്ടു എന്തെങ്കിലും വാങ്ങിപ്പിക്കാമെന്നു വിരുതന്മാരായ കച്ചവടക്കാൎക്കറിയാം. ഒരു സാധനവും വാങ്ങാൻ ഉദ്ദേശിക്കാതെ ഒരു കാറിൽ സൗജന്യമായി യാത്രചെയ്യത്തക്കവണ്ണം വളരെ ചുരുക്കം മനുഷ്യജീവികൾ മാത്രമേ നീചന്മാരായിരിക്കയുള്ളൂ. ലണ്ടൻവ്യാപാരശാലകളിലെ തീൎച്ചവിലകൾ 'ആപേക്ഷികതാ' നിയമത്തിനു വിധേയമാണെന്നും അതിന്റെ സ്ഥിരത കേവലം ദ്രവശീലമുള്ള ഒന്നാണെന്നും ഞാൻ ഇതിനുമുമ്പു് പറഞ്ഞിട്ടുണ്ടു്. ഹാരഡ്സ്, സെൽഫ്റിഡ്ജസ്, മുതലായ ലോകപ്രസിദ്ധങ്ങളും, സാമാനംവാങ്ങാൻ ചെല്ലുന്നവരുടെ നിറം, വൎഗ്ഗം സ്വദേശം എന്നിവയെ ഗണിക്കാത്ത സ്ഥിരമായ സ്ഥിരതതന്നെയുള്ളവയും ആയ മഹാവ്യാപാരശാലകളെ ഇതു് സംബന്ധിക്കുന്നി

ല്ല. ആളുകളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും കച്ചവടം ഊർജ്ജിതമായി മുന്നണിയിൽ എത്തിക്കുന്നതിനും ഈ വലിയ വ്യാപാരശാലകൾക്കു അപായം ഗണിക്കാത്ത ധീരമായ പല മാർഗ്ഗങ്ങളുണ്ട്. അവയിലൊന്നു് മുൻപുപറഞ്ഞതുപോലെ സാമാനംവാങ്ങാൻ ഉദ്ദേശിക്കുന്നവർക്കു് സൗജന്യമായി കാറയച്ചുകൊടുക്കുകയാണു്. മനോഹരവും ഉജ്ജ്വലവും ആയ തരത്തിൽ സാമാനങ്ങൾ മാത്രമല്ല, അദൃഷ്ടപൂർവ്വമായ കരാർ വില്പനകളും പരസ്യം ചെയ്യുന്നതാണു് മറെറാന്നു്. (വിലപറഞ്ഞൊതുങ്ങുന്നതനുസരിച്ചു് വില്പനനടത്തുന്നതിനാണു് കരാർ വില്പനയെന്നു് പറഞ്ഞിരിക്കുന്നതു്) ഇത്തരം വില്പനകൾ പ്രശസ്തങ്ങളായ വലിയ വ്യാപാരശാലകളിൽ നടക്കുന്ന ദിവസം അവയുടെ വാതൽ തുറക്കുന്നതെപ്പോഴാണെന്നു ഉൽക്കണ്ഠയോടുകൂടി, അദ്യ്യംതന്നെ നല്ലനല്ല സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിനായി അനേകം സ്ത്രീകൾ നിരന്നുനിൽപ്പുണ്ടാവും. ഒന്നിരാടൻദിവസങ്ങളിലെല്ലാം കരാർവില്പനകളുണ്ടായിരിക്കും. ചില വ്യാപാരശാലകൾ എല്ലാദിവസവും ഇവ നടത്തുന്നുമുണ്ടു്. വില്പനയിലുള്ള അത്യധികമായ വർദ്ധനവുനിമിത്തം സാധനവില അല്പം കുറച്ചിരിക്കും. ഇൻഡ്യയിലാണെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ വളരെ സാധാരണയായി നടക്കാവുന്നതുപോലെ, ഒന്നിനും കൊള്ളാത്ത പഴയസാധനങ്ങൾ പുതിയവിലയ്ക്കു കൊടുത്തു കളിപ്പിക്കുക എന്നൊരേർപ്പാടു ഇവിടെ ഇല്ല. വ്യാപാരശാലകളുടെ മുകളിലത്തെ നിലകളിൽനിന്നു വൈദ്യുതവിളക്കുകൾ മൂലം ഏററവും നൂതനമായ വ്യാപാരവിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതാണു് മൂന്നാമത്തെവഴി. എന്നാൽ അമ്പതുവയസ്സുള്ള ഒരുവനും അഞ്ചുവയസ്സുള്ള ഒരു കുട്ടിക്കും ഒരുപോലെതന്നെയറിക്കുന്ന ന്യായമായ തീർച്ചവിലകളാലും സാമാനങ്ങളുടെ ഗുണക്കൂടുതലിനാലും ജനങ്ങളുടെ വിശ്വാസം സമ്പാദിക്കുന്നതാണു് കച്ചവടം നടക്കുന്നതിനുള്ള അവയുടെ ഉത്തമമായവഴി എന്നുള്ളതിൽ സംശയമൊന്നുമില്ല. പരസ്യത്തിനുള്ള ചെലവു, അതിവൃദ്ധി പ്രാപിച്ച പാശ്ചാത്യരാജ്യങ്ങളിൽ സാധനവിലയോളംതന്നെ വരുമെന്നു ഈ സന്ദർഭത്തിൽ പറയേണ്ടിയിരിക്കുന്നു. ഇതുമുഴുവൻ ഒരു ദുർവ്യയമായി കരുതണമെന്നില്ല. നേരേമറിച്ചു അതൊരു വ്യസനകരമായ ആവശ്യമെന്നു ഗണിച്ചാൽ മതിയാകും. സാമാനങ്ങളുടെ ഗുണങ്ങളെപ്പററി ഉൽഘോഷിക്കാതിരുന്നാൽ ആരും അവ വാങ്ങാനിടയില്ല. മത്സരവും സ്വാതന്ത്ര്യവ്യാപാരവും പരസ്യം ആവശ്യപ്പെടുന്നു. മതിയാംവണ്ണമുള്ള പരസ്യമില്ലായ്കയാൽ ഇൻഡ്യയിൽ പല പ്രയോജനകരങ്ങളായ വ്യാപാരങ്ങളും അസ്തമിച്ചുപോകുന്നു. ശരീരത്തിനും മനസ്സിനും ആത്മാ

വിനും ദോഷകരങ്ങളും ജീവനാശകങ്ങളും ആയ പല സാധനങ്ങ ൾ ഇൻഡ്യയിലെന്നപോലെ ഇംഗ്ലണ്ടിലും പരസ്യങ്ങൾ മുഖേന ദിനംപ്രതി വിററുവരുന്നുവെന്നുള്ളതു വാസ്തവംതന്നെ മററൊരുവഴിയുമില്ലാത്തപ്പോൾ മനുഷ്യൻെറ നാവ് തന്നെയാണ് ചെലവില്ലാത്ത ഏററവും വലിയ പരസ്യോപകരണം എന്നുതന്നെയല്ല, കച്ചവടക്കാരും വീടുതോറും വില്പന നടത്തുന്നവരും അവരവരുടെ സാമാനങ്ങൾക്കുള്ള ഗുണഗണങ്ങൾ വിളിച്ചുപറയാത്ത കാലവും ഉണ്ടായിട്ടില്ല. ധനോല്പാദകശക്തിയില്ലാത്ത ഒരു കാര്യത്തിനുവേണ്ടി ഇത്രയധികം പണം കളയേണ്ടിവരുന്നതിനെപ്പററി പരിതപിക്കേണ്ടതാണെങ്കിലും നീതിന്യായഭരണം, ന്യായാധിപന്മാർ, വക്കീലന്മാർ എന്നിവരുടെ ശമ്പിച്ചംപട്ടാളം, മുതലായവവയെപ്പററിയും ഇതുതന്നെ പറയാവുന്നതാണ്. മനുഷ്യർ വഴക്കില്ലാതെ അവരുടെ തർക്കങ്ങൾ തീർക്കുകയും വലിയചെലവുചെയ്തു പരസ്യപ്പെടുത്താതിരുന്നാലും സാധനങ്ങൾ വാങ്ങുകയും ചെയ്തിരുന്നെങ്കിൽ ഇന്നത്തെ ദുർവ്യയത്തിൽ അധികവും കൂടാതെ കഴിയുമായിരുന്നു. പക്ഷേ മനുഷ്യസ്വഭാവം അതുതന്നെയായിരിക്കവെ ഇവ രണ്ടും നടക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ അതിൻെറ ഭാവിഷ്യദ്ദോഷഫലങ്ങൾ സഹിക്കുകതന്നെ വേണ്ടിയിരിക്കുന്നു. ഇംഗ്ലണ്ടിലെ അതിസുന്ദരങ്ങളായ ഉൾനാട്ടുകളിൽ ചിലതിനെ, വിശിഷ്യ അവ വല്ല റെയിൽപാതയുടേയും അരികിലാണെങ്കിൽ, പുഛാർഹങ്ങളായ സാമാനങ്ങൾ, ഗുളികകൾ, ഉജ്ജീവിനികൾ (ഓജസ്സിനെ ഉജ്ജീവിപ്പിക്കുന്ന ഔഷധങ്ങൾ) മുതലായവയെ വലിയ കോലാഹലമായി പരസ്യംചെയ്യുന്ന വൃത്തികെട്ട ബോർഡ്കളും, കടലാസുകളും മററുംകൊണ്ടു ദുഷിപ്പിക്കുന്നതുമാത്രമാണ് എൻെറ കഠിനമായ സങ്കടം. ലണ്ടനിലെ ഭീമമായ ജനസംഖ്യ, വ്യവസായം, കച്ചവടം എന്നിവയുടെ നേരിട്ടുള്ള ഫലങ്ങളിലൊന്നു അത്യധികമായ ആൾസഞ്ചാരമാകുന്നു. ട്രെയിൻ, ട്യൂബ്, ട്രാം, ബസ്, ടാക്സി, എന്നീ വാഹനങ്ങൾ നിരവധി കാണാമെന്നുമാത്രമല്ല, അവയെല്ലാം എപ്പോഴും ആൾ നിറഞ്ഞിരിക്കയും ചെയ്യും. ചാറിംഗ്ക്രാസ്, വികടോറിയാ, ലിസ്റ്റർസ്ക്വയർ എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ചില റോഡുകളിൽ പരിചയംകുറഞ്ഞ കാൽനടക്കാർ കുറുകെ കടക്കുന്നതു് എപ്പോഴും ആപല്ക്കരമായിരിക്കും. ഗതാഗതം ക്രമപ്പെടുത്തുകയാണ് ലണ്ടൻപോലീസിൻെറ അതിപ്രധാനമായ ജോലികളിലൊന്നു്. കിളരംകൂടി യോധഭാവമുള്ള ആ പോലീസുകാർ പ്രസ്തുതജോലി വിസ്മയകരമാംവണ്ണം നിർവഹിക്കുന്നു- അവർ കയ്യൊന്നുപൊക്കുമ്പോഴേക്കു ഒരുവഴിക്കുള്ള ഗതാഗതം നിന്നുപോകുന്നു. കയ്യൊന്നുചുഴററുമ്പോഴേക്കു മററൊരുവഴിക്കു

നിന്നിരുന്ന ഗതാഗതം വീണ്ടും ഒഴുകിത്തുടങ്ങുന്നു. ഈ മൂകചിഹ്നങ്ങളെ ഉടനടി അനുസരിച്ചുകൊള്ളണമെന്നുതന്നെയല്ല, അനുസരിക്കാത്തവനെ ഇംഗ്ലണ്ടിലെ മജിസ്ട്രേട്ടന്മാർ ലഘുവായി അങ്ങു വിട്ടുകളയുകയുമില്ല. എന്തെന്നാൽ അനുസരണയില്ലായ്മകൾ ഉടനടി പ്രതിവിധി ചെയ്യാതെ അതു് പടരാൻ അനുവദിച്ചാൽ തന്മൂലം അശ്രദ്ധമായി വണ്ടി ഓടിക്കുന്നതുകൊണ്ടും മററും ഉണ്ടാകുന്ന ജീവനാശം അന്ധാളിപ്പിക്കത്തക്കതായിരിക്കും. ജനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തേക്കു പോകുന്നതിനുള്ള വിവരങ്ങൾ അവർക്കു നൽകുന്നതിനും സൂക്ഷ്മക്കുറവുള്ള യാത്രക്കാരെ താക്കീതുചെയ്യുന്നതിനും ഈ അത്യധികമായ ജോലികൾക്കിടയിൽ കാൺസ്റ്റബിൾമാർക്കു സമയമുണ്ടുതാനും. ഒരിക്കൽ ഞാൻ ലിസ്റ്റർസ്ക്വയർവഴി പോകുമ്പോൾ, വാഹനഗതാഗതത്തെ ഭയന്നു ചുററുംപററും നോക്കി, ആപൽശങ്കയോടുകൂടി പതുക്കെ നടന്നു, പലതരത്തിലുള്ള ഒരമ്പതു മോട്ടാർവാഹനങ്ങൾ തൊട്ടുതൊട്ടു പുറകിലുണ്ടായിരുന്ന ഒരു ടാക്സിവണ്ടി മേൽകയറിയെന്നു തോന്നത്തക്കവണ്ണം അതിനോടു അത്ര അടുത്തുപോയ ഒരു ഇന്ത്യാക്കാരനെ കണ്ടു ഗതാഗതത്തെ ക്രമവൽകരിക്കുന്ന കാൺസ്റ്റബിൾ ഉടൻ കൈപൊക്കി. എന്തു കഥയെന്നറിയാതെ സംഭ്രാന്തചിത്തനായി വേരുറച്ചതുപോലെ നിന്നുപോയ ഭീതനായ ഇന്ത്യാക്കാരന്റെ ഒരാറിഞ്ചു് അടുത്തെത്തി മുന്നിട്ടുവന്ന ടാക്സിവണ്ടി പെട്ടെന്നുനിന്നു. കാൺസ്റ്റബിൾ കുതിച്ചുചാടി അയാളെ ഒരുതകരാറുംകൂടാതെ പിടിച്ചുമാററി അയാൾ ആദ്യംനിന്നിരുന്നേടത്തുകൊണ്ടുചെന്നാക്കിയിട്ടു് ഇങ്ങനെ പറഞ്ഞു—"എന്റെപൊന്നേ, ദൃഷ്ടികൾ മുന്നിലും മനസ്സ് ശാന്തമായും വച്ചുകൊണ്ടിരിക്കുന്നതിനുപകരം ഇങ്ങനെ നടന്നുതുടങ്ങിയാൽ നിങ്ങൾ സ്വദേശത്തു തിരിച്ചെത്തുകയില്ല" വാഹനങ്ങളെല്ലാം പോയതിനുശേഷം, കാൺസ്റ്റബിൾ അയാളെ റോഡിന്റെ മറുവശത്തുകൊണ്ടാക്കുകയും, ദൃഷ്ടികൾ മുന്നിലും, മനസ്സ് ശാന്തമായും വച്ചുകൊണ്ടുമാത്രമേ റോഡുകൾ കടക്കാവൂ എന്നു് ഉപദേശിക്കുകയും ചെയ്തു. ക്ലാർക്കുകൾ, ടൈപ്പിസ്ററുകൾ, അക്കൌണ്ടന്മാർ, ബഹുവിധവ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നവർ, മുതലായവരുടെ പട്ടാളം (വലിയകൂട്ടം) പട്ടണത്തിലേക്കു പോകുകയും, അവിടെനിന്നു വരികയുംചെയ്യുന്ന പ്രഭാതസായാഹ്നങ്ങളിലാണ ട്രെയിനുകളിലും, ബസ്സുകളിലും വലിയ ആരംബഹളം ഉള്ളതു്. ആസമയങ്ങളിൽ വാഹനസർവീസുകൾ വളരെ കൂടുതലാണെങ്കിലും, മിക്കദിവസവും, ട്രെയിനിലും ബസ്സിലും ഉള്ള തിരക്കം അത്യധികമാണു്- ദൂരം അധികമില്ലാത്തതിനാൽ, പരാതിപ്പെടാതെയും പിടിച്ചുകൊണ്ടു

നിൽക്കുന്നതിന് ഒരു * തുകൽവാറുകിട്ടിയാൽ ഭാഗ്യമെന്നുകരുതിയും സിററുകളുടെ നടുവിലുള്ള നടവഴിയിൽ കൂട്ടംകൂടി നിൽക്കുന്നതുകൊണ്ടുമാത്രം ജനങ്ങൾ ധാരാളം തൃപ്തിപ്പെട്ടുന്നു. പലർക്കും ഇതുപോലും കിട്ടാറില്ലാത്തതിനാൽ വണ്ടി പെട്ടെന്നു് ഒന്നു കുലുങ്ങുമ്പോൾ അടുത്തിരിക്കുന്നവരുടെ ദേഹത്തു് അവർ ചെന്നു വീഴുന്നു. ആൾക്കൂട്ടത്തിൽ വീഴാൻ സ്ഥലമില്ലാത്തതിനാൽ ആരും നിലംപതിക്കുന്നില്ലെന്നേയുള്ളു. യുദ്ധംമൂലം റെയിൽവേസാമാനങ്ങളുടെ കുറവ് എന്നരൂപത്തിൽ ഉണ്ടായ തകരാറുനിമിത്തമായി, ക്രാംവെൽറോഡിലെ എൻെറ വാസക്കാലത്തു്, രാവിലെയും വൈകുന്നേരവും, ട്രെയിനിൻ, വിശിഷ്യ ഭൂമിക്കടിയിലുള്ളവയിൽ, ഭയങ്കരമാംവണ്ണം കഴിവിൽകവിഞ്ഞു ആൾ തിങ്ങി സഞ്ചരിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. അക്കാലത്തു യാത്രക്കാരുടെ വിശേഷിച്ച്, ആഫീസുജോലിക്കാരായ സ്ത്രീകളുടെ സങ്കടങ്ങൾ ചില്ലറയല്ലായിരുന്നു. മഹായുദ്ധം, സമ്മതിദാനാവകാശത്തിനു വേണ്ടയുള്ള സ്ത്രീകളുടെ പ്രക്ഷോഭണം, എന്നിവയുടെശേഷം സ്ത്രീകളോടുള്ള ധീരോദാത്തതയുടെ ക്ഷയംവരികയും, പല പുരുഷന്മാരും തങ്ങളുടെ ഇരിപ്പിടങ്ങളോ, തങ്ങൾ പിടിച്ചുകൊണ്ടുനിന്ന തുകൽവാറുകളോ സ്ത്രീകൾക്കു കൊടുക്കുന്നതിൽ വൈമനസ്യം കാണിക്കുകയും ചെയ്തിരുന്നു. മനസ്സുള്ളവർ കൊടുക്കാനൊന്നും കണ്ടില്ല. കൊടുക്കാൻ മനസ്സും, അതോടൊപ്പം തുകൽവാറും, ഇരിപ്പിടവും ഉള്ളവർ കൊടുക്കപ്പെടേണ്ടവർക്കും തങ്ങൾക്കും മദ്ധ്യേ വലിയ ആൾതിക്കൽ കണ്ടു, വഴികിട്ടുന്ന കാര്യത്തിൽ കേവലം നിരാശയടയുകതന്നെ ചെയ്തു. നിവൃത്തിയുള്ളിടത്തോളം മദ്ധ്യാഹ്നവേളയിൽ സഞ്ചരിച്ചു, കാലത്തും, വൈകുന്നേരവും ഉള്ള ആൾതിക്കൽ കുറയ്ക്കണമെന്നു ഭൂമിക്കടിയിലുള്ള ട്രെയിൻ അധികാരികൾ ചെയ്ത അഭ്യർത്ഥനകൾ ഷാപ്പുകളിൽനിന്നു വല്ലതും വാങ്ങാൻ പോകുന്നവരിൽ മാത്രമേ വല്ല ഫലവും ഉളവാക്കിയുള്ളു. അതൃപ്തി വളർന്നു മൂത്തു കൂടുതൽ ട്രെയിനും സ്ഥലസൗകര്യവും വേണമെന്നുള്ള മുറവിളി ആരംഭിച്ചു. ഈ പ്രക്ഷുബ്ധവിഷയത്തെപ്പററി അമർഷവാനായിത്തീർന്ന ഒരു പാർലമെൻറുമെമ്പർ പാർലമെൻറിൽ ഒരു ചോദ്യം ചോദിച്ചു. അങ്ങനെയൊരു ദോഷം ഉള്ളതാണെന്നു് സമ്മതിക്കുന്നതോടുകൂടിത്തന്നെ, ചെറിയ ദൂരങ്ങൾപോലും നടക്കാനുള്ള ജനങ്ങളുടെ വൈമുഖ്യവും, തന്നിമിത്തം അവർ ട്രെയിൻകയറാൻ തിരക്കു വർദ്ധിപ്പിക്കുന്നതും

* തുകൽവാറുകൾ ഇവിടങ്ങളിലുള്ള ജട്ക്കാവണ്ടികളുടെ ഉള്ളിൽ ഇരുവശത്തും തൂക്കിയിട്ടിരിക്കുന്നതുകാണാം. യാത്രക്കാർ ഇവയിൽ പിടിച്ചുകൊണ്ടിരിക്കുന്നതും വായനക്കാർ കണ്ടിരിക്കും. ചിലപ്പോൾ തുണികൊണ്ടുള്ള വാറും കാണാറുണ്ട്.

അതിന് കാരണമാണെന്നു മറുപടിയിൽ പറഞ്ഞിരുന്നു. "ലണ്ടൻകാൎക്കു നടക്കുക എന്ന കല നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണു് പരമാൎത്ഥം" എന്നായിരുന്നു ഫലിതമയമായമറുപടി. "അവൎക്കു ഇരിക്കുക എന്ന കലയും നഷ്ടപ്പെട്ടിരിക്കുന്നു" എന്നായിരുന്നു അതിലും നേരമ്പോക്കുള്ള പ്രത്യുത്തരം. താമസിയാതെതന്നെ കൂടുതൽ ട്രെയിൻ ഓടാൻ തുടങ്ങി. അങ്ങനെ കുറെയൊക്കെ ആൎത്തിക്കുകുറഞ്ഞെങ്കിലും ക്ലാൎക്കുകൾ വ്യാപാരികൾ മുതലായവരുടെ വമ്പിച്ച ജനക്കൂട്ടം പട്ടണത്തിലേക്കു പോകുകയും അവിടെനിന്നുവരുകയും ചെയ്യുന്ന പ്രഭാതസായാഹ്നങ്ങളിൽ അല്പം തിരക്കുണ്ടായിരിക്കും.

മഹത്തായ ജനസംഖ്യ, വ്യാപാരം, ഗതാഗതം, എന്നിവയാൽ അത്യന്തം കാൎയ്യക്ഷമമായ ഒരു പോലീസ്സൈന്യം ലണ്ടനിൽ ആവശ്യമാണു്. അങ്ങനെ നാം ഈ മഹാനഗരത്തിന്റെ അതിവിശിഷ്ടമായ മറെറാരു സ്വഭാവവിശേഷത്തിൽ—അതിന്റെ അത്ഭുതകരവും ലോകപ്രശസ്തവും ആയ പോലീസ്സൈന്യത്തിൽ —ശ്രദ്ധപതിക്കുന്നു ലണ്ടൻപോലീസിന്റെപ്രസിദ്ധിമഹത്തരവും അതുഅവർ അത്യന്തം അൎഹിക്കുന്നതുമാണു്. സൂൎയ്യമണ്ഡലത്തിനു കീഴുള്ള യാതൊരു രാജ്യത്തും ഒരുകാലത്തും ഇവരേക്കാൾ നല്ല ഒരുവൎഗ്ഗം ആളുകൾ പോലീസ്സൈന്യത്തെ അലങ്കരിച്ചിട്ടില്ല: ലണ്ടൻകാൺസ്റ്റബിൾ കുറെയൊക്കെ ലണ്ടൻ ഗതാഗതത്തിന്റേയും, ലണ്ടൻകള്ളന്മാരുടേയും സൃഷ്ടിയാകുന്നു. വലിപ്പം, വ്യാപാരം, ജനസംഖ്യ എന്നിവയാൽ ധനാൎജ്ജനംചെയ്യുന്നതിനും, ആരുംകണ്ടുപിടിക്കാതെ കഴിഞ്ഞുകൂടുന്നതിനും, വിസ്മയകരമായ സൗകൎയ്യങ്ങൾ നൽകുന്ന ലണ്ടനിൽ ലോകത്തിലെ അതിബുദ്ധിശാലികളായ ചില കള്ളന്മാരും പോക്കിരികളും, താമസിക്കുന്നുണ്ടു്. ഇവരോടു വേണ്ടവിധം പെരുമാറുന്നതിനു് ധീരത, ശക്തി, സ്വഭാവദാൎഢ്യം, ന്യായമായബുദ്ധിശക്തി, എന്നിവയുള്ള മനുഷ്യർ, മണ്ടന്മാരോ, ദുർബലന്മാരോ, ഭീരുക്കളോ അല്ലാത്ത മനുഷ്യർ, ഭയപ്പെട്ടുവാനോ, കൈക്കൂലി വാങ്ങാനോ കഴിയാത്ത മനുഷ്യർ ആവശ്യമാണു്. ഗതാഗതനിയന്ത്രണത്തിനും, ആരും ഒന്നു നോക്കിപ്പോകത്തക്കവണ്ണമുള്ള ശരീരവും, ചുമതലബോധവും, ഉള്ളവർ ആവശ്യമാകുന്നു. കവലകളിൽ ഒരു മുണ്ടൻ നിന്നാൽ അയാൾ മൃഗശാലയിൽ ഒരു പൂച്ചയെന്നോണം പരിഹാസ്യനായിരിക്കും ഈ രണ്ടു കാരണങ്ങളാലും കാഴ്ചയിൽ ആരും കീഴ്വഴങ്ങത്തക്കനിലയും, ചോദ്യത്തിനു വകയില്ലാത്ത സ്വഭാവദാൎഢ്യവും, വാട്ടംതട്ടാത്ത സരസതയും, ഭയപ്പെടാത്തവിധം ധീരതയും, സാമാന്യബുദ്ധിശക്തിയും ഉള്ള കിളുന്ന് ശക്തിയേറിയ ആളുക

ളെതന്നെ നിയമിക്കേണ്ടിയിരുന്നു; അങ്ങനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്വഭാവത്തെപ്പററിയുള്ള സാക്ഷിപത്രങ്ങൾ വേണമെന്നു നിർബന്ധിക്കയും വളരെ നല്ല ശമ്പളം നൽകുകയും ചെയ്തുയാൽ, ഇംഗ്ലണ്ടിൻെറ അഭിമാനനിദാനവും, ഇതരരാജ്യങ്ങളുടെ അസൂയാപാത്രവും, അന്യപോലീസ്സൈന്യങ്ങൾക്കു മാതൃകയും ആയ ഒന്നാംതരം ഒരു പോലീസ് സൈന്യം സൃഷ്ടിക്കപ്പെടുകയുണ്ടായി. ഈ പോലീസുകാരുടെ ഇടയിൽ കൈക്കൂലി മുതലായ ദൂഷ്യം വളരെ അപൂർവ്വമാണ്. എങ്കിലും. മഹായുദ്ധത്തിനുശേഷം പോലീസ്സിൻെറ ഗുണം വളരെ കുറഞ്ഞെന്നു ചില ഇംഗ്ലീഷുകാർ എന്നോടു പറഞ്ഞു. ഫൻഫർ-നുമുൻപ് ലണ്ടൻപോലീസുകാർ കൈക്കൂലിയോ ചെറുസമ്മാനമോ വാങ്ങാറുണ്ടായിരുന്നില്ല പക്ഷെ യുദ്ധാനന്തരം അവർ കൈക്കൂലിയില്ലെങ്കിലും ചെറുസമ്മാനം വാങ്ങിത്തുടങ്ങിയെന്നാണു് തോന്നുന്നതു്. സാമാന്യമായി പറയുകയാണെങ്കിൽ ഇവതമ്മിലുള്ള വ്യത്യാസം ഇതാണ്: താൻ ചെയ്യേണ്ടാത്ത ഒരു സഹായം (തൻെറ ജോലിക്കപ്പുറമെ) ചെയ്യുന്നതിനു ലഭിക്കുന്ന ദാനമാണു ചെറുസമ്മാനം. ഒരു പോലീസുകാരൻ ഒരു വണ്ടിപിടിച്ചുകൊടുക്കുന്നതു് ഇതിനു് ഒരു ഉദാഹരണമാണ്. നേരേമറിച്ചു് കൈക്കൂലി എന്നതു്, പോലീസുകാരൻ അവൻെറ ഡ്യൂട്ടിക്കു വിരുദ്ധമായ ഒരു പ്രവൃത്തി ചെയ്യുയോ, ചെയ്യാതിരിക്കയോ, ചെയ്യുന്നതിനു് അവനു കിട്ടുന്ന കൂലിയാകുന്നു. ടാക്സിവണ്ടി പിടിച്ചു കൊടുക്കുക മുതലായ കൂടുതൽ സഹായങ്ങൾ (ഡ്യൂട്ടിയിൽ കവിഞ്ഞ സഹായങ്ങൾ) ചെയ്യുന്നതിനു ചില ലണ്ടൻ കാൺസ്ററബിൾമാർ ചെറുസമ്മാനം പററുന്നതു് ഞാൻ നേരിട്ടുകണ്ടിട്ടുണ്ട്. ഇതു് യുദ്ധത്തിനുമുൻപിലത്തെ ഉയർന്നനിരപ്പിൽനിന്നു ഒരു അധഃപതനമാണെന്നുള്ളതിനു സംശയമൊന്നുമില്ല. പണിമുടക്കം എന്ന ഒരു മനഃസ്ഥിതിയും പോലീസുകാരെ പിടികൂടിയിട്ടുണ്ടെന്നും, അതു് അവരുടെ സ്വഭാവത്തേയും, കാര്യക്ഷമതയേയും പ്രതികൂലേന ബാധിച്ചിട്ടുണ്ടെന്നും ചിലർ പറയുന്നു. ഞാൻ ഇതോടു യോജിക്കുന്നില്ല. തങ്ങളുടെ ശമ്പളംമാത്രം ഒരേനിലയിൽ നിൽക്കയും, മററുള്ളവരുടെയെല്ലാം ശമ്പളങ്ങൾ ഉയർന്നുപോകയും ചെയ്യുന്നതു കണ്ടു് ലണ്ടൻ പോലീസ് പണിമുടക്കിയെന്നുവച്ചുമാത്രം അവരെ കുററപ്പെടുത്താൻ പാടില്ല. ഗതാഗതനിയന്ത്രണവും അപസർപ്പണകൃത്യവും വിഗണിക്കാത്ത അവരുടെ അന്തസ്സായ പണിമുടക്കംതന്നെയും ലണ്ടൻപോലിസിൻെറ യോഗ്യതയ്ക്കും, കർത്തവ്യബോധത്തിനും ഒരു തെളിവാണ്. ലോകത്തിലെ മറെറല്ലാ പോലീസുവകുപ്പിനേക്കാളും കൂടുതലായി കുററം സംബന്ധിച്ചു് കുഴപ്പമേറിയ അനേകം 'കടംകഥ'കൾക്കു് പോംവഴി കണ്ടുപിടിക്കുന്ന വിദഗ്ദ്ധന്മാരായ അപ

സ്പെക്ടന്മാരുടെ ഒരു വിഭാഗം അടങ്ങിയ * സ്കാട്ട്ലൻഡ്‌യാർഡ് പോലീസാണ് ലണ്ടൻ പോലീസിന്റെ ബലവത്തായ ഒരു സഹായകസംഘം. ലണ്ടൻ പോലീസിന്റേയും, സ്കാട്ട്ലൻഡ്‌യാർഡ് പോലീസു സ്റ്റാഫിന്റേയും ഗുണമഹിമയാൽ, ലണ്ടനിൽ ന്യൂയാക്ക്, ചിക്കാഗോ മുതലായ നഗരങ്ങളിലേക്കാൾ വളരെ ചുരുക്കമാണ് കൊല തുടങ്ങിയ കുറ്റങ്ങൾ.

ലണ്ടൻനഗരം വാണിജ്യപരമാണെങ്കിലും, അതു് ഒരു മഹത്തായ ധിഷണാകേന്ദ്രവുമാകുന്നു. ലണ്ടൻസർവ്വകലാശാല, സൗത്ത് കെൻസിംഗ്ടൺകാഴ്ചബംഗ്ലാവ്, സ്കൂൾ അഫ് ഓറിയന്റൽ സ്റ്റഡിസ് (പൗരസ്ത്യദേശജീവിതങ്ങളെപ്പറ്റി പഠിക്കാനുള്ള സ്കൂൾ) സ്കൂൾ അഫ് ട്രാപ്പിക്കൽമെഡിസിൻസ് ഉഷ്ണമേഖലയിൽ ഉണ്ടാകുന്ന ഔഷധങ്ങളെപ്പറ്റി പഠിക്കാനുള്ള വിദ്യാലയം) സാമ്പത്തികശാസ്ത്രവിദ്യാലയം, എന്നിവയെ വെറുതെ ഒന്നു സന്ദർശിച്ചാൽ ഇതു് നമുക്കു ബോദ്ധ്യമാകുന്നതാകുന്നു.

ലണ്ടൻനഗരം നൽകുന്ന നേരമ്പോക്കിനുള്ള അപരിമിതമായ രീതിവൈവിദ്ധ്യമായിരിക്കാം അതിന്റെ ഏറ്റവും മഹത്തായ മോഹനത. ഒന്നാംതരം നാടകശാലകൾ, സിനിമാ, ഹോട്ടലുകൾ സംഗീതശാലകൾ, പ്രദർശനങ്ങൾ എന്നിവയുടെ സംഖ്യ അത്യധികമാണ്. നമുക്കു ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാനുള്ള വിനോദപംക്തി അതിവ്യാപ്തമാകുന്നു. അത്യഭിനവമായ സജ്ജീകരണങ്ങളോടുകൂടി, ഒരു ഇൻഡ്യാക്കാരൻ ആശ്ചര്യത്താൽ വാപിളർന്നുപോകത്തക്കരീതിയിലുള്ള ചില ഒന്നാംതരം നാടകശാലകൾ അവയുടെ വർഗ്ഗത്തിനു കേവലം മാതൃകകളായിത്തന്നെയിരിക്കുന്നു. നടനകല ഒരു ഉന്നതനിലയിലെത്തിയിരിക്കുന്നു എന്നുതന്നെയല്ല, സുപ്രസിദ്ധരായ നടീനടന്മാർ ഭീമമായ ജനക്കൂട്ടങ്ങളെ ആകർഷിക്കയും ചെയ്യുന്നു. സ്ത്രീകളുടെഭാഗം അഭിനയിക്കാൻ സ്ത്രീകൾതന്നെ ഉണ്ടായതു് ആദ്യമായി ഇൻഡ്യയിലാണെങ്കിലും, അതു വളരെക്കാലം അധോഗതിയിലകപ്പെടുകയും, ഇന്നും അതിന്റെ നഷ്ടമായ സ്ഥാനം വീണ്ടുകിട്ടാതിരിക്കയും ചെയ്യുന്നു. എന്നാൽ, ഒരു 250- കൊല്ലത്തിനുമുമ്പുവരെ നടികൾ ഇല്ലാതിരുന്ന ഇംഗ്ലണ്ടിൽ ഇന്നു ചില സുപ്രസിദ്ധരായ നടികൾ ഉണ്ടെന്നു മാത്രമല്ല, അവർ തങ്ങളുടെ അതിപ്രശസ്തമായ അഭിനയംകൊണ്ട്, അനേകായിരംപേർക്ക് അന്തമറ്റ സന്തുഷ്ടി

---

* മഹാത്മജിയുടെ ലണ്ടൻസന്ദർശനവേളയിൽ അദ്ദേഹത്തിന്റെ അംഗരക്ഷകന്മാരായിരുന്നതു് ഈ സ്കാട്ട്ലൻഡ് പോലീസാണെന്നു് വായനക്കാർ ഇപ്പോൾ ഓർക്ക യാർഡ്‌മായിരിക്കും.

നിൎക്കുകയും ചെയ്യുന്നു. ചാർലിചാപ്ലിൻ, മേരിപിക്ക്ഫോർഡ് തുടങ്ങിയ ചലനചിത്രതാരങ്ങളെ മിക്കവാറും ആരാധിക്കത്തക്കവണ്ണം ഇംഗ്ലീഷ് പൊതുജനങ്ങൾക്കു അഭിനയകലയോടുള്ള ബഹുമാനം അത്ര അധികമാണ്. ബെർണാഡ്ഷാ, ഡ്രിങ്കുവാട്ടർ, * ഗ്യാൽസ്‌വർതി, ബാരീ മുതലായ ജീവൽഗ്രന്ഥകരന്മാരുടെ നാടകങ്ങൾ നാടകശാലകളിൽ അഭിനയിക്കയും അങ്ങനെ പഴയ ശ്രേഷ്ഠനാടകങ്ങളെ അപ്പടി ഉപേക്ഷിക്കാതെതന്നെ ജീവിച്ചിരിക്കുന്നവരുടെ ധിഷണാവൈഭവത്തെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു എന്നുള്ളതാണ് ലണ്ടനിൽ ഗുണപ്രദമായികാണുന്ന ഒരു സംഗതി. നേരേമറിച്ച്, ഇൻഡ്യയിൽ ഒട്ടു മിക്ക നാടകങ്ങളും വളരെവളരെ പഴക്കംചെന്നവയാകുന്നു. ലണ്ടനിൽ ചില അവസരങ്ങളിൽ ചില നാടകങ്ങൾ അനേകം മാസത്തേക്കു നടന്നുകൊണ്ടിരിക്കയും, വലിയ ആൾക്കൂട്ടത്തെ ആകർഷിക്കയും ചെയ്യുന്നു. ഇതിനു കാരണം അപ്പോടെ വ്യക്തമാകുന്നില്ല. വളരെ മാസക്കാലം നടന്നതും, ധാരാളം ഉദ്ദേജകമായ "അന്തരാത്രികൾ" ഉണ്ടായിരുന്നതും ആയ അത്തരം ഒരുനാടകം "ചു-ചിൻ-ചോ" എന്നതായിരുന്നു. ലണ്ടനിലെ സംഗീതശാലകളിൽ അധികവും, ഡ്രെസ്ഡനിലോ, അഥവാ ബർലിൻ, ലിപ്സ്സിഗ്ഗ് എന്നിവിടങ്ങളിൽപോലുമോ ഉള്ളവയുമായി സാദൃശ്യം വഹിക്കുകയല്ല. ലോകത്തിലെ നല്ലവസ്തുക്കൾ അനുഭവിക്കണമെന്നതിൽ ഇംഗ്ലീഷുകാർ വിശ്വസിക്കുന്നു എന്നുള്ളതിനാൽ വിനോദസ്ഥലങ്ങൾ ആരും കൈവെടിയുന്നില്ല. ഒരു ദൈവാധീനംകൊണ്ടു, ദേശീയമോ, വർഗ്ഗീയമോ ആയ സ്പർദ്ധ ഇംഗ്ലീഷുകാരുടെ കലാബോധത്തെ വികൃതമാക്കാൻ അനുവദിക്കപ്പെടാത്തതിനാൽ മഡാംപവ്ലോവായുടെ നൃത്തവും, ക്രെസ്‌ലറിന്റെ വിയോളിൻ (ഒരുതരം വീണ) പ്രയോഗവും — ഇവർ റഷ്യാക്കാരിയും ആസ്ത്രിയാക്കാരനും ആയിരുന്നെങ്കിലും — അദൃഷ്ടപൂർവ്വമായ ജനസമൂഹത്തെ ആകർഷിച്ചു. ഈ സംഗതി ക്രെസ്‌ലറിന്റെ കാര്യത്തിൽ പ്രത്യേകശക്തിയോടുകൂടി എനിക്കനുഭവപ്പെട്ടു. എന്തെന്നാൽ കഴിഞ്ഞ യുദ്ധത്തിൽ അയാൾ സങ്കലിതശക്തികളോടും (ഇംഗ്ലീഷുകാരോടും കൂട്ടരോടും) യുദ്ധംചെയ്തു, അപ്പോഴും പുതിയതായിരുന്ന ചില മുറിവൻപാടുകൾ മുഖത്തുണ്ടാകുന്ന അവശേഷിപ്പിച്ചിരുന്ന ഒരു + ആസ്ത്രിയാക്കാരൻ ആയിരുന്നതിനാൽ, ജനങ്ങളുടെ ഈ മഹത്തായ സ്വരാജ്യസ്നേഹത്തെ ഉപകരണമാക്കിക്കൊണ്ടു ഇംഗ്ലീഷുപത്രങ്ങളുടെ ഒരുവി

---

* ഗ്യാൽസ്‌വർതി ഈയിടെ നിര്യാണമടഞ്ഞു.

+ ആസ്ത്രിയാക്കാർ ജർമ്മനിയോടു ചേർന്നു് ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്തതാണെന്നു ഓർക്കുമല്ലോ.

ഭാഗം അയാളുടെ സംഗീതപ്രകടനം ബായിക്കാട്ടുചെയ്യാൻ അവരെ കഴിയുംവിധമെല്ലാം പ്രേരിപ്പിച്ചുനോക്കി. ഈ പുച്ഛാർഹമായ ഉപദേശം ഇംഗ്ലീഷുകാർ നിരസിച്ചതിനാൽ ഇംഗ്ലണ്ടിൻെറ കലാഹൃദയം നിർദ്ദോഷമായിരിക്കുന്നു എന്നു എനിക്കു മനസ്സിലായി. "ഞങ്ങൾ അയാളുടെ പാട്ടുകേൾക്കാനാണു പോകുന്നതു്, രാഷ്ട്രീയകാര്യം കേൾക്കാനല്ല" എന്നായിരുന്നു ഈ വലിവേകയാൾ മുറപറയുന്ന പത്രങ്ങൾക്കു മുഖത്തടിച്ചതുപോലെ കിട്ടിയ മറുപടി.

വൃത്താന്തപത്രങ്ങളുടേയും, ഗ്രന്ഥകാരന്മാർ, പുസ്തകവില്പനക്കാർ, പ്രസാധകന്മാർ എന്നിവരുടേയും വമ്പിച്ച സമൂഹങ്ങൾ ലണ്ടനിൽ ഒട്ടുമേ അഗണ്യമല്ലാത്ത സംഗതിയാകുന്നു. ലോകാഭിപ്രായസൃഷ്ടിക്കുള്ള അതിപ്രധാനകേന്ദ്രങ്ങളിലൊന്നു് ലണ്ടൻനഗരമാണു്. ടൈംസ്, ഡെയിലിടെലഗ്രാഫ്, മാർണിംഗ്പോസ്ററു്, ഡെയിലിമെയിൽ, ഡെയിലിക്രാണിക്കിൾ, ഡെയിലിഹെറാൾഡ് മുതലായ പത്രങ്ങൾ ഈ അഭിപ്രായത്തിൽ ഏററവും ഉല്പാദിപ്പിക്കുകയോ, ദൂരപ്രക്ഷേപണം ചെയ്യുകയോ ചെയ്യുന്നു. ഒരു പ്രജായത്തഭരണരാജ്യത്തു വർത്തമാനപത്രങ്ങൾ ആവശ്യംതന്നെയാണു്. എന്നാൽ പൊതുജനങ്ങളുടെ ആവശ്യം സാധിച്ചുപോരുന്ന ഇവയെ അവർ സശ്രദ്ധം നിയന്ത്രിക്കയും, സൂക്ഷിക്കുകയും ചെയ്തില്ലെങ്കിൽ ഇവ ഒരു ഭയങ്കരമായ ശല്യമായി കലാശിക്കും. പത്രങ്ങൾ സ്വാർത്ഥബുദ്ധിയോടുകൂടിയ കക്ഷ്യാധികാരികളുടേയോ, മുതലാളികളുടേയോ അധീനതയിൽ അകപ്പെട്ടുപോകയും, പ്രധാനപ്രശ്നങ്ങളേസംബന്ധിച്ച പൊതുജനങ്ങൾ സുപ്തരായിരിക്കയും ചെയ്താൽ, ലോകാഭിപ്രായത്തിൻെറ പ്രതിനിധികളെന്നു പറയപ്പെടുന്ന ഇവ ആളുകളെ വഴിപിഴപ്പിക്കുകയും, പ്രയോജനരഹിതവും, വ്യയകരവും ആയ യുദ്ധങ്ങൾ, ലജ്ജാവഹമായ ഉടമ്പടികൾ, ദോഷകരമായ നിയമനിർമ്മാണം, എന്നിവയിലേക്കു രാജ്യത്തെ ഇഴുത്തുകൊണ്ടുപോകയും ചെയ്യും. ഇംഗ്ലണ്ടിൻെറ ഭാഗ്യത്താൽ, അവിടത്തെ പാർലമെൻറു കക്ഷികൾ, ക്ലബ്ബുകൾ, സംഘങ്ങൾ മുതലായവ വർത്തമാനപ്പത്രങ്ങളെ ശരിയായ നിയന്ത്രണത്തിനധീനമാക്കിവച്ചുകൊണ്ടിരിക്കുന്നു.

എച്ച്. ജി. വെൽസ്, ബെർണാഡ്ഷാ, ബെർട്രാൻഡ്റസ്സൽ മുതലായ മഹാന്മാർ വിവിധവിഷയങ്ങളെപ്പററി നടത്താറുള്ള അനവധി പ്രസംഗങ്ങളാണു എൻെറ ഏററവും സന്തോഷജനകമായ സ്മരണാവിഷയം. ലോകത്തിലെ ഒരു രസികൻ സാഹിത്യവും ഗ്രന്ഥോൽസുകമായ ഒരു ജനവർഗ്ഗവും ഉള്ള ഒരു രാജ്യത്തിൻെറ തലസ്ഥാനനഗരിയിൽ പ്രതീക്ഷിക്കപ്പെടാവുന്നതുപോലെ, ലണ്ടനിൽ

കാണുന്ന ഗ്രന്ഥകാരന്മാരുടെ സംഖ്യ മഹത്താകുന്നു. പലരും പുസ്തകത്തിന്റെ ഓരോ പ്രതിയും വായിക്കുമെങ്കിലും, വളരെ ചുരുക്കം പേർമാത്രം അതു വാങ്ങുന്ന ഇൻഡ്യയിൽ സ്വപ്നംപോലും കാണാത്ത ഒരു തോതിലാണു, ഇംഗ്ലണ്ടിൽ ആളുകൾ പുസ്തകംവാങ്ങുന്നതു്. ലണ്ടനിൽ പുസ്തകവില്പനക്കാർ നിരവധിയാണെന്നുതന്നെയല്ല, അവർ ഗ്രന്ഥകാരന്മാരുടേയും, വായനക്കാരുടേയും, ആവശ്യങ്ങൾ പൂർണ്ണമായി സാധിച്ചുകൊടുക്കയും ചെയ്യുന്നു. ജേർണലിസ്റ്റുകൾ, പല ലേഖകന്മാർ മുതലായവർ വളരെ അധികമാണു്. അവർ ഫ്ളീറ്റ് സ്ട്രീറ്റിനു ചുററുപാടുമായിത്തന്നെ സ്വഭാവോചിതമായ വസതികളും, പ്രവൃത്തികളും കണ്ടുപിടിച്ചുകൊള്ളുകയും ചെയ്യുന്നു.

ലണ്ടനിൽ കാഴ്ച കാണുന്നതിയായി ഞാൻ 56 ദിവസത്തോളം ചെലവഴിച്ചെങ്കിലും അവിടെ കാണാനുള്ളതെല്ലാം ഞാൻ കണ്ടില്ല ജീവനുണ്ടെന്നു തോന്നിക്കുന്ന മഡാംടാസ്സാഡിന്റെ മെഴുകുകൊണ്ടുള്ള അത്ഭുതകരമായ പ്രതിമാശേഖരമാണു ഞാൻ ആദ്യമായി കണ്ടതു്. ഞങ്ങളിൽ ഒരുസംഘം ഇൻഡ്യാക്കാരെ മിസ് ബെക്ക് അവിടെ കൊണ്ടുപോയി. ഞങ്ങൾ ആ സ്ഥാപനത്തിൽ പ്രവേശിച്ചപ്പോഴേക്കു പ്രായോഗികമായ ഒരു നേരമ്പോക്കു കാണിക്കുന്നതിനായി കൗണ്ടറിൽനിന്ന ഒരുപെൺകുട്ടിയുടെപക്കൽനിന്നും പ്രവേശനടിക്കററുവാങ്ങാൻ മിസ്സ് ബെക്ക് എന്നോടുപറഞ്ഞു. ആ പെൺകുട്ടി എന്റെ ചോദ്യത്തിനു മറുപടിപറയാതെ പഴയപോലെ എന്നെ മിഴിച്ചു നോക്കിക്കൊണ്ടു മാത്രം നിന്നതിനാൽ ഞാൻ ചോദ്യം ആവർത്തിച്ചു. മിസ് ബെക്കു ചിരിച്ചുകൊണ്ടു്, "മി. അയ്യർ, കളയണം- അതൊരു പാവയാണു്. ഉത്തരം പറയുകയില്ല" എന്നു പറഞ്ഞു. ഇതുകേട്ടു എല്ലാവരും ഉച്ചത്തിൽ ചിരിക്കുകയും എന്റെ മഠത്തരത്തപ്പററി എന്നെ കളിയാക്കുകയും ചെയ്തു അനന്തരം ചാരിത്രികവും, സാങ്കല്പികവും ആയ പല മനുഷ്യരൂപവും ഞങ്ങൾ കാണുകയും ഈ നിർജീവവസ്തുക്കൾക്കു ജീവൻ കൊടുത്തിരിക്കുന്നതുപോലെ തോന്നിക്കുന്നതു കണ്ടു ആശ്ചര്യപ്പെടുകയും ചെയ്തു നടയിൽ എനിക്കു പററിയ അബദ്ധത്തിനു കൂടുതൽ ഉച്ചത്തിൽ ചിരിച്ച മി. എസ്. ഭിത്തിയിൽ ചാരിനിന്ന ഒരു പോലീസുകാരന്റെ രൂപം ചൂണ്ടിക്കാണിച്ചിട്ടു "അയ്യോ, അതെങ്ങനെ ജീവനുള്ളതുപോലിരിക്കുന്നു എന്നു നോക്കണം." എന്നു പറഞ്ഞപ്പോഴേക്കു പെട്ടെന്നു എല്ലാവരും പൊട്ടിച്ചിരിക്കയും മി. എസ്. അത്യന്തം വിഷമിക്കയും ചെയ്യത്തക്കവണ്ണം പോലീസുകാരൻ ഒന്നു മന്ദഹസിച്ചുകൊണ്ടു പതുക്കെ നടന്നുതുടങ്ങി. എന്റെയും മി. എസിന്റെയും അബദ്ധങ്ങൾ വിപരീതപ്രക്രിയകളാമൂലം മഡാംടാസ്സാഡിന്റെ ഈ രൂപങ്ങളുടെ വൈശിഷ്ട്യം തെളിയിക്കുന്നു. ധീരമാം

വണ്ണം തുനിഞ്ഞിറങ്ങിയ ഈ സ്ത്രീ (മഡാംടാസ്സാഡു്) * പരന്ത്രീസു വിപ്ലവകാലത്തു ഇംഗ്ലണ്ടിനെ അഭയം പ്രാപിച്ച ഒരു പരന്ത്രീസുകാരി (ഫ്റഞ്ചുകാരി) യാണു്. അതാണു ഇത്രയധികം വസ്തുക്കൾ ശേഖരിക്കപ്പെട്ടുകയും ചരിത്രപുരുഷന്മാരുടെ രൂപങ്ങൾ കൂടുതലായിരിക്കയും, അവയെല്ലാം ഭംഗിയുള്ളവയും നേത്രാനന്ദകരവും ആയിരിക്കുന്നും ചെയ്യുന്നതു്. മഡാംടാസ്സാഡിൻെറ രാജ്യക്കാർ അവരെ അനുകരിക്കണമെന്നു കരുതിയതും, പാരീസിലെ "മസ്സിഗ്രെവിൻ" മൂലമാതൃകയേക്കാൾ മോശമായതും ആണു അവരെപ്പററിയുള്ള ഉത്തമമായ പ്രശംസ. നമുക്കു ഇത്തരം ഒരു സ്ഥാപനം ഇന്ത്യയിൽ ഇല്ലാത്തതു ശോചനീയം തന്നെ. ഇതിനേക്കാൾ മഹത്തായ ഒരു വിദ്യാഭ്യാസസഹായമോ, കൂടുതൽ നിർദ്ദോഷവും യഥാർത്ഥവും ആയ സന്തോഷനിദാനമോ സങ്കല്പിക്കാൻ പ്രയാസമാകുന്നു

പാർലമെൻറു മന്ദിരങ്ങൾ മായാത്തവണ്ണം അവയുടെ അടയാളം എൻെറ മനസ്സിൽ അവശേഷിപ്പിച്ചു കാമൺസ്മന്ദിരവും, അതോടു അടുത്തുതന്നെ തെംസ്നദിയും കണ്ടതോടുകൂടി + 17-ാം

* ഏ. ഡി. 1789-ൽ ഫ്റാൻസിൽ (പരന്ത്രീസുരാജ്യത്തു്) നടന്ന ഏററവും ചരിത്രപ്രസിദ്ധമായ ഒരു മഹാവിപ്ലവം. ജനങ്ങൾ രാജാവിനെയും രാജ്ഞിയേയും കഴവിലേററി രാജസ്ഥാനത്തോടുള്ള വൈരനിര്യാതനം നിർവഹിച്ചതാണു് ഈ വിപ്ലവത്തിലെ പ്രധാന സംഭവങ്ങളിലൊന്നു്. രാജാവിൻെറ ദുർഭരണമത്രെ ഇതിനുകാരണം. അക്കാലത്തു പലരും ഇംഗ്ലണ്ടിനെ അഭയം പ്രാപിച്ചിട്ടുണ്ടു്.

+ 1600 മുതൽ 1649-വരെ ഇംഗ്ലണ്ടിനെഭരിച്ച ചാറൽസ് ഒന്നാമൻ ജനങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായിട്ടാണു് തൻെറ രാജശക്തിപ്രയോഗിച്ചതു്. ഫ്റാൻസും സ്പെയിനും ഇംഗ്ലണ്ടിൻെറ ശത്രുക്കളായി. അവരോടു യുദ്ധത്തിനും മററും അദ്ദേഹത്തിനു് പണത്തിൻെറ ആവശ്യംവന്നപ്പോൾ, പാർലമെൻറിൻെറ അനുവാദം കൂടാതെ ചിനികുതികൾപിരിച്ചു. ഇതു പാർലമെൻറിനു രസിച്ചില്ല. ചാറൽസിൻെറ ഈ ദുർഭരണത്തെപ്പററി പാർലമെൻറിൽ പ്രതിഷേധം പുറപ്പെടുവിച്ചവരിൽ പ്രധാനി എലിയട്ടു് ആയിരുന്നു. എലിയട്ടിനെ ചാറൽസ് തടവിലാക്കി. അദ്ദേഹം അവിടെകിടന്നു മരിച്ചു. ഒട്ടും കൂസാതെ ചാറൽസ് വീണ്ടും "ഷിപ്പ്മണി" എന്നൊരുനികുതി ഏർപ്പെടുത്തി. അതിനു കീഴടങ്ങാത്തവരിൽ പ്രധാനിയായിരുന്നു ഹാംഡെൻ. 1640-ൽകൂടിയ പാർലമെൻറിൽ രാജസ്ഥാനത്തോടുള്ള വെറുപ്പു് അത്യന്തം പ്രകടമായിത്തീന്നു. മെമ്പറന്മാർ തനിക്കു വിരുദ്ധമായി ചില പ്രമേയങ്ങൾ പാസാക്കാൻപോകുന്നു എന്നറിഞ്ഞ ചാറൽസ് കുറെ പട്ടാളങ്ങളുമായി കാമൺസ്മന്ദിരം ആക്രമിച്ചു തൻെറവിരോധികളിൽ പ്രധാനികളായ പിം, ഹാംഡെൻ, ഹോൾസ്, ഹെസിൽറയ്ജ്, സ്ട്രോഡ്, എന്നീ അഞ്ചുമെമ്പറന്മാരെ പിടികൂടാൻ ശ്രമിച്ചു. പക്ഷെ ഈ അപകടം നേരത്തെഅറിഞ്ഞു അവർ രക്ഷപെട്ടു. ചാറൽസ് പട്ടാളവുമായിവന്നപ്പോൾ അവർ രക്ഷപെട്ടിരിക്കുന്നതായി അറിഞ്ഞു തിരിച്ചുപോയി. പിന്നീടുണ്ടായ ആഭ്യന്തരയുദ്ധത്തിൽ ചാറൽസിനെ പിടിച്ചു ജനങ്ങൾ ഗളച്ഛേദംചെയ്തു. ചാറൽസിനോടു യുദ്ധംചെയ്ത ജനകക്ഷിയുടെ നായകൻ ക്രാംവെൽ ആയിരുന്നു. ക്രാംവെൽതന്നെയാണു് രാജാവിനെ കൊല്ലാൻ സഹായിച്ചതു്. ചാറൽസിൻെറ മരണശേഷം ക്രാംവെൽ കുറേനാൾ ഇംഗ്ലണ്ടിനെ ഭരിച്ചു. അതു് കഠിനമായ രാജനീതിയനുസരിച്ചായിരുന്നതുമൂലമത്രേ ക്രാംവെല്ലിൻെറ ഇരുമ്പുമുഷ്ടികൊണ്ടുള്ള ഭരണം എന്നു പറഞ്ഞിരിക്കുന്നതു്. ക്രാംവെല്ലിൻെറ മരണാനന്തരം, ചാറൽസിൻെറ വംശജനായ ചാറൽസ് രണ്ടാമൻ ഇംഗ്ലണ്ടിലെ സിംഹാസനത്തിൽ ആരോഹണംചെയ്തു. ഇങ്ങനെ ചാറൽസിൻെറ രാജവംശത്തിനു പുനർപ്രാപ്തിയുണ്ടായി.

ശതകത്തിലെ ഭരണസംബന്ധമായ ഇംഗ്ലണ്ടിന്റെ കലഹങ്ങൾ എന്റെ മനസ്സിൽ തള്ളിക്കയറിവന്നു. എലിയട്ട്, പിം, ഹാംഡെൻ, അഞ്ചു മെമ്പറന്മാരുടെ സ്വരക്ഷാപരമായ പ്രവാസം, ഹതഭാഗ്യനായ ചാറത്സിന്റെ ഗളച്ഛേദം, ആഭ്യന്തരയുദ്ധങ്ങൾ, ക്രാംവെല്ലിന്റെ ഇരുമ്പുമുഷ്ടികൊണ്ടുള്ള ഭരണം, ചാറത്സിന്റെ വംശത്തിന്റെ പുനർപ്രാപ്തി, വമ്പിച്ച അഗ്നിബാധ, പുതിയ പാർലമെൻറുമന്ദിരങ്ങൾ എന്നിവയുടെ സ്മരണകൾക്ക് ഞാൻ ആകപ്പാടെ വശഗനായിത്തീൎന്നു. അലസമായി ഒഴുകിപ്പോകുന്ന വൃത്തികെട്ട തെംസ്നദിയേയും, അതിന്റെ കരയിലുള്ള പ്രത്യേകതയോടുകൂടിയ മന്ദിരസമൂഹത്തേയും സമ്മോഹിതനെന്നപോലെ ഞാൻ ഉററുനോക്കിക്കൊണ്ടിരുന്നു. സ്വേച്ഛാഭരണം, മർദ്ദനം, എന്നിവയോടുള്ള എണ്ണമററ യുദ്ധങ്ങൾ ഇവിടെ, ഈ കെട്ടിടങ്ങളിൽവച്ചാണു നടത്തപ്പെട്ടതു്. ഇവിടെവച്ചുതന്നെയാണ് പല യുദ്ധങ്ങളും സന്ധികളും തീരുമാനിക്കപ്പെട്ടതു്. രാജവംശങ്ങൾ സൃഷ്ടിക്കപ്പെട്ടതും, നശിപ്പിക്കപ്പെട്ടതും ഇവിടെവച്ചുതന്നെയാണ്. സമസ്തസൃഷ്ടിസ്നേഹത്തിന്റെ സ്മാരകമായ ആ നിയമം—അടിമകൾക്കു സ്വാതന്ത്ര്യം നൽകിയ ആ നിയമം പാസ്സായതും മറെറങ്ങുമല്ല. എന്റെ പ്രിയതരമായ മാതൃഭൂമിക്ക് സ്വാംഭരണത്തിനുള്ള അവകാശവും —ഇതിന്റെആദ്യത്തെ ഇളംതൈകൾ അല്പമാസങ്ങൾക്കുമുൻപുമാത്രമേ നടുകയുണ്ടായുള്ളു —ഇവിടെത്തന്നെ യുദ്ധം ചെയ്തു നേടേണ്ടിയിരിക്കുന്നു. പ്രധാനപ്പെട്ട ചില വ്യുല്പന്നമതികളുടേയും, തൊഴിലാളിവർഗ്ഗത്തിൽ ഒരു ഭാഗത്തിന്റേയും ഇടയിൽ പാർലമെന്റിനെപ്പററി തോന്നിത്തുടങ്ങിയിരുന്ന വർദ്ധമാനമായ വിശ്വാസമില്ലായ്മയെക്കുറിച്ച് ഞാൻ ചിന്തിക്കയും, ഈ പ്രബലമായ സ്ഥാപനംപോലും അതിന്റെ പരമകാഷ്ഠയിലെത്തിയോ എന്നും, അതിനുമേലാൽ തന്റെ അധഃപതനകാലംമാത്രമേ പ്രതീക്ഷിക്കാനുള്ളോ എന്നും അത്ഭുതപ്പെടുകയും ചെയ്തു. ഈ ചിന്ത എന്നെ വ്യാകുലചിത്തനാക്കിത്തീൎത്തു. “മനുഷ്യസൃഷ്ടമായ വസ്തുക്കളെല്ലാം നാശത്തിനു വിധേയമാണു” എന്നുള്ള ഡ്രൈഡന്റെ സുപ്രസിദ്ധമായ വരി ഞാൻ സ്വഗതമായി ഉച്ചരിച്ചു.

ബ്രിട്ടീഷ്കാഴ്ചബംഗ്ലാവിനു ചുററും വെറുതേ ഒന്നു നടക്കുന്നതിനുപോലും എനിക്കു മൂന്നുദിവസം മുഴുവനും വേണ്ടിവന്നു. എന്തൊരത്ഭുതകരമായ വസ്തുശേഖരമാണു് അവിടെ ഉള്ളതു്! അസ്സീറിയൻ, ബാബിലോണിയൻ, ഈജിപ്ഷ്യൻ, ഗ്രീക്ക് എന്നീ വിഭാഗങ്ങൾ പ്രത്യേകിച്ചും കൗതുകകരമായിരുന്നു. ഞാൻ ആ അതിപ്രഗത്ഭസൃഷ്ടികളാൽ എന്റെ കണ്ണുകൾക്കു ഒരു സദ്യതന്നെ നൽകി. യൂറോപ്പിലെ ശില്പവേലകളിൽ വളരെ അപൂ

വ്വും ഇൻഡ്യൻശില്പവേലകളിൽ സാമാന്യം സാധാരണവും
ആയ ഒരു കലാഗാംഭീര്യം ഉള്ള എം റോഡിൻെറ ശില്പവേലകൾ
കണ്ടു് ഞാൻ അത്യന്തം ആകൃഷ്ടനായിത്തീൎന്നു എൻെറ ബ്രിട്ടീഷ്
കാഴ്ചബംഗ്ലാവുസന്ദൎശനംകഴിഞ്ഞു്, ഞാൻ നാഷനൽഗ്യാലറിയെ
ന്നുകണ്ടു. ഇവിടെ ഞാൻ അനേകശതം ഒന്നാംതരം എണ്ണച്ഛായ
പടങ്ങൾ കണ്ടെങ്കിലും പാരീസിലെ ലൂവർ, ഡ്രെസ്ഡനിലെ
നാഷനൽഗ്യാലറി എന്നിവ ഇതിനേക്കാളൊക്കെ വളരെ അധികം
ആകൎഷകമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. കാരണം ലഘു
വാണു്. സാക്സനി രാജാക്കന്മാരുടേയോ, ഇലക്ടറന്മാരുടേയോ വാ
സന ഇംഗ്ലീഷ്‌രാജാക്കന്മാൎക്കില്ലായിരുന്നു. ഫ്രാൻസിനുവേണ്ടി
നെപ്പോളിയൻ ചെയ്തതുപോലെ, അന്യരാജ്യങ്ങളിലെ കലാസമ്പ
ത്തിനെ കുത്തിക്കവൎന്ന രാജാക്കന്മാരും ഇംഗ്ലണ്ടിനില്ലായിരുന്നു. സൗ
ത്ത കെൻസിംഗ്ടൺകാഴ്ചബംഗ്ലാവും ഒരു സന്ദൎശനം അൎഹിക്കുന്ന
താണെന്നു മാത്രമല്ല, അതു ക്രാംവെൽറോഡിൻെറ നേരെ എതിർ
വശത്തായിരുന്നതിനാൽ പല വിശിഷ്ടദിവസങ്ങളും ഞാൻ അവിടെ
ചെലവാക്കിയിട്ടുമുണ്ടു്. ലണ്ടൻടൗവർ വിശേഷപ്പെട്ട ഒരു പഴയ
കെട്ടിടമാകുന്നു. അതിനെ സന്ദൎശിക്കുന്നതും ധാരാളം പ്രയോജനക
രമായിരിക്കും. (ഇംഗ്ലണ്ടിലെ ഒരു രാജാവായിരുന്ന, റിച്ചേർഡ മൂന്നാ
മൻെറ ആജ്ഞപ്രകാരം (സിംഹാസനാവകാശികളായ) രണ്ടു രാജകു
മാരന്മാരെ കൊലപ്പെടുത്തിയതായി വിശ്വസിക്കപ്പെടുന്ന സ്ഥല
ങ്ങൾ ഇപ്പോഴും സന്ദൎശകന്മാരെ കാണിച്ചുകൊടുക്കുന്നുണ്ടു്. അതു
പോലെതന്നെ രാജാവിൻെറ ആഭരണങ്ങളും പ്രദൎശിപ്പിക്കപ്പെടുന്നു.
സെൻറുപാൾസ കതീഡ്രൽ (ഒരു വലിയപള്ളി) സ്റ്റുവർട്ടു രാ
ജവംശത്തിൻെറ രണ്ടാമത്തെ സിംഹാസനപ്രാപ്തിക്കാലത്തെ രസി
കൻ ഒരു എടുപ്പാണു്. അതും ഒരു സന്ദൎശകനും കാണാതിരി
ക്കയോ ഹൃദയസ്പൃക്കമാകാതിരിക്കയോ ചെയ്യുന്നതല്ല. അവിട
ത്തെ മന്ത്രമണ്ഡപം * സുപ്രസിദ്ധമാകുന്നു. ഇംഗ്ലണ്ടിലെ ഒന്നാംത
രം പുരോഹിതപ്രസംഗങ്ങളിൽ ചിലതു് ഇവിടെയാണു് നടക്കുന്ന
തു. തുറന്നുപറയുന്ന സ്വഭാവം, സ്പഷ്ടമായ ആത്മാൎത്ഥത, ആത്മാ
ൎത്ഥതഇല്ലായ്മയോടുള്ളദ്വേഷം എന്നീ ഗുണങ്ങളാൽ ഒരു നവോന്മേ
ഷം നൾകുന്ന ഡീൻഇഞ്ജൻെറ ഒരു പുരോഹിതപ്രസംഗം കേൾ
ക്കാൻഎനിക്കു ഭാഗ്യമുണ്ടായി. (ഇഞ്ജ് ഇന്നത്തെ സുപ്രസിദ്ധനായ
ഒരു ഇംഗ്ലീഷു് ഗദ്യകാരനും വൈദികനും ആകുന്നു. ഡീൻ എന്നതു്

* ഇംഗ്ലീഷിൽ ഇതിനു് Whispering Gallery എന്നു പറയുന്നു. താ
ഴ്ന്ന സ്വരത്തിൽ പറയുന്നതുപോലും ദൂരെ ഇരിക്കുന്നവൎക്കു കേൾക്കത്തക്കവണ്ണമാണു ഇതു
പണിചെയ്തിരിക്കുന്നതു്.

മതപരമായ ഒരു സ്ഥാനമാണ്) യാതൊരു ലണ്ടൻ സന്ദർശകനും ഉപേക്ഷിക്കാത്ത ഒരു പ്രശസ്തിയേറിയ സ്ഥലമാണ് വെസ്ററ് മിനിസ്ററർ ആബി. ഞാൻ ആ ആബി നല്ലവണ്ണം കണ്ടു. അവിടെ അവസാനനിദ്രചെയ്യുന്ന ഇംഗ്ലീഷു മഹാന്മാരുടെ ലിസ്റ്റിൽ കൊള്ളിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചാണ്, അല്ലാതെ ആ ബഹുമതി യഥാർത്ഥത്തിൽ നൽകപ്പെട്ടിരിക്കുന്നവരെപ്പററിയല്ല, ഞാൻ അത്ഭുതപ്പെട്ടതു്. അവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നവരിൽ പലരും ആ ബഹുമതി നിഷേധിക്കപ്പെട്ട പലരേയുംകാൾ കുറവായിതന്നെയാണു അതർഹിക്കുന്നതു്. അങ്ങനെയൊക്കെയിരുന്നാലും ആ ആബി ഇംഗ്ലണ്ടിൻെറ ഏററവും മഹാന്മാരായ ചില സന്താനങ്ങളുടെ അവശിഷ്ടങ്ങൾക്കുള്ള സൂക്ഷിപ്പുസ്ഥലമാകയാൽ, ആ കാരണത്തിൻപേരിൽ മാത്രമെങ്കിലും അതു പവിത്രമാകുന്നു. ആൽബേർട്ടുമെമ്മോറിയൽ എന്ന സ്ഥാപനം മനസ്സിൽ പരിശുദ്ധതക്കുളുതന്നെയെങ്കിലും സ്നേഹിക്കത്തക്ക ഒരു സ്മാരകമല്ല. ഇംഗ്ലണ്ട് ബഹുമാനിച്ചെങ്കിലും, സ്നേഹിക്കാത്ത ആൽബേർട്ടു രാജകുമാരനെപ്പോലെതന്നെയാണതു്

മൃഗശാലയിൽ ഒരു സന്തോഷകരമായ സായാഹ്നം ഞാൻ കഴിച്ചുകൂട്ടി. ഒരു മൂന്നാംകിട ആനയെ കുറെയധികം ഇംഗ്ലീഷുകാർ നോക്കിക്കൊണ്ടുതന്നെ നിൽക്കുന്നതുകണ്ടു എനിക്കു വളരെ നേരമ്പോക്കുതോന്നി. അതിൽ അത്ഭുതമൊന്നുമില്ലെന്നുതന്നെ ഞാൻ പറയുന്നു. ഒരു മൂന്നാംകിട മകരമത്സ്യത്തെ ഞാനും നോക്കിക്കൊണ്ടുതന്നെ നിന്നുപോകുമായിരുന്നു. ഞാൻ ഒന്നാംകിടയിലുള്ള പല ആനകളെ കണ്ടതിനുശേഷം മാത്രമേ, മൃഗശാലയിലുള്ള ഈ നിസ്സാരമാതൃക അതുളവാക്കിയ ബഹുമാനത്തിൽ പകുതിപോലും അർഹിക്കുന്നില്ലെന്നു എനിക്കു തോന്നിയുള്ളു. ഒരു സഹാർദ്ദബുദ്ധിയായ പോലീസുകാരൻ എന്നെ മൃഗശാലയിൽ കൊണ്ടുപോയി ഒരു മൂന്നുമണിക്കൂർനേരം ആ സ്ഥലം മുഴുവൻ ചുററിക്കാണിച്ചു. ഞാൻ തിരിച്ചുപോരാറായപ്പോൾ അയാൾ അത്യന്തം വിഷമിച്ചതിനു രണ്ടു ഷില്ലിംഗ് സമ്മാനമായി നീട്ടി. "വേണ്ട, സർ. ഞാനും മൃഗശാല കണ്ടു. അപ്പോൾ പിന്നെ വിഷമം എവിടെയാണു്?" എന്നു പറഞ്ഞു അയാൾ അതു നന്ദിപൂർവം നിരസിച്ചു

കാഴ്ചകാണുന്നതിനായി ലണ്ടൻനഗരത്തിൽ ചുററിനടന്നപ്പോൾ, ഇംഗ്ലീഷുജീവിതരീതിയുടെ ചില വശങ്ങളിൽ പ്രകാശവർഷം ചെയ്യു ചില സംഗതികൾ യദൃച്ഛയാ കാണാൻ എനിക്കു അവസരം ലഭിച്ചു. തെരുവുകളിൽ തെണ്ടുന്നതു് നിരോധിക്കപ്പെട്ടിരിക്കു

യാൽ യാചകന്മാരെ പോലീസുകാർ അറസ്ററുചെയ്യുന്നു. എന്നാൽ യാചനയ്ക്കുള്ള ചിലരുടെ വാസന അപ്പാടെ ഉന്മൂലനം ചെയ്യാൻ സാധിക്കാത്തവിധം അത്ര ദൃഢമാകുന്നു. അതിനാൽ യാചന എന്നതിൻെറ അക്ഷരം ഉപേക്ഷിച്ചിട്ട് അതിൻെറ പൊരുളിനെ മാത്രംനിലനിൎത്തുന്ന രണ്ടുമൂന്നുവിരുതൻ സമ്പ്രദായങ്ങൾ ഞാൻ കണ്ടു. അങ്ങനെപലരും,അധികപക്ഷവുംമുമ്പ് സവീസിലിരുന്നവർ, കൈകൊണ്ടു പ്രവൎത്തിപ്പിക്കുന്ന ഒരുതരം സംഗീതോപകരണം പ്രയോഗിച്ച്, സംഗീതമെന്നു മിഥ്യാനാമം നൽകപ്പെട്ടിരുന്ന ഒരുവക അസഹ്യമായ ശബ്ദം ജനങ്ങളുടെയെല്ലാം വാതില്ക്കൽചെന്നു കേൾപ്പിക്കാറുണ്ടായിരുന്നു. സാധാരണയായി വീട്ടുടമസ്ഥന്മാർ ഈ ഭയങ്കരപ്പെട്ട ശബ്ദം തങ്ങളുടെ കൎണ്ണങ്ങളെ അസഹ്യപ്പെടുത്തുന്നതിനേക്കാൾ കൂടുതലായി വല്ലതും കൊടുക്കുന്നതിനാണു ഇഷ്ടപ്പെട്ടതു്. മററൊരുവഴി, തങ്ങളുടെ മുമ്പിൽതന്നെ റോഡിൽ പരിഹാസ്യമായ എന്തെങ്കിലും രൂപമോ, ചിത്രമോ വരച്ചുവച്ചിരുന്നിട്ട്, ഉദാരമതികളായ വഴിപോക്കർ കൊടുക്കുന്നതു വാങ്ങുക എന്നതായിരുന്നു. ഇത്തരം ഒരു മനുഷ്യനു ഒരു മൂന്നുപെനി നാണ്യം കൊടുത്തിട്ട്, "ഇതൊരു വെറും യാചനയല്ലേ?" എന്നു ഞാൻ ചോദിച്ചു.

യാചകൻ:— അങ്ങനെയല്ല, സർ. ഇതു അങ്ങയുടെ കലാപരമായ ധൎമ്മബുദ്ധിയോടും, ഉദാരബുദ്ധിയോടും ഉള്ള ഒരു നിവേദനമാണ്. അതൊരു കുററമല്ല.

തീപ്പെട്ടിവില്ക്കുന്ന എന്നുള്ള നാട്യമാണ് മൂന്നാമതൊരുവഴി. ചുരുട്ടും സിഗറും കത്തിപ്പാൻ തീപ്പെട്ടി കൊള്ളാമെന്നുംമററും പറഞ്ഞു എന്നെ അലട്ടിയ ഒരുവനോടു, ഞാൻ പുകവലിക്കാറില്ലെന്നും, അതിനാൽ എനിയ്ക്കു അയാളുടെ തീപ്പെട്ടി ആവശ്യമില്ലെന്നും മറുപടി പറഞ്ഞു.

അയാൾ —പുക ഉപയോഗിക്കാതിരിക്കുന്നതുമൂലം അങ്ങു ധാരാളം സമ്പാദിക്കുമ്പോൾ ഒരു ദരിദ്രനു വല്ലതും കൊടുത്താൽ അങ്ങേയ്ക്കു ദോഷമൊന്നും വരാനില്ലല്ലോ.

ഇതായിരുന്നു അയാളുടെ മനഃസാന്നിദ്ധ്യപുഷ്കലമായ മറുപടി. ഞാൻ ഒരു പെനികൊടുത്തിട്ടു എൻെറ വഴിക്കുപോയെന്നു പ്രത്യേകം പറയേണ്ടതല്ല. പ്രച്ഛന്നരായ മററു യാചകന്മാരും ഈരീതിയിൽ ചിത്രമുള്ള കാർഡ്കൾ, കത്രികകൾ, മുതലായവ വില്ക്കുന്നുണ്ട്.

ഞാൻ ക്രാംവെൽറോഡിൽ പോയി ഒരുമാസം കഴിയുന്നതിനു മുമ്പ് നല്ല ഇൻഡ്യൻകറികളും, ഉപ്പിലിട്ടതുകളും, പലഹാരങ്ങളും മററും കിട്ടുന്ന ഒരു ഇൻഡ്യൻ ഹോട്ടൽ ലിസ്റ്റർസ്ക്വയറിൽ കാണുകയുണ്ടായി ഞാൻ പലപ്പോഴും അവിടെ പോകയും, ലഞ്ച് കഴിക്കുകയും ചെയ്തിരുന്നു. ഒരുദിവസം ഒരു സ്നേഹിതനും എന്റെകൂടെ വന്നു. അയാൾ ഒരു സിൻഡുസ്വദേശിയായിരുന്നു എന്നുതന്നെയല്ല പണത്തിന്റെ വിലയെക്കുറിച്ചു നല്ല ബോധവും ഉള്ളവനായിരുന്നു. പരിചാരികയ്ക്കു ഞാൻ ആറു പെനി നാണയം കൊടുത്തപ്പോൾ ഞാൻ ധൂർത്തുകാണിക്കുകയാണെന്നും, ഒരുപെനി ധാരാളം മതിയാകുമെന്നുമാത്രമല്ല, കുറെ ക്രൂരതല്യമാണെന്നും അയാൾ പറഞ്ഞു

ഞാൻ നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യണം

അങ്ങനെ അയാൾ ഒരുപെനി മേശപ്പുറത്തുവച്ചു. പരിചാരിക ആറുപെനി എടുത്തുകൊണ്ടു എനിക്കു നന്ദിപറയുകയും, എന്റെ സ്നേഹിതൻ വച്ചിരുന്ന ഒരുപെനി കണ്ടില്ലെന്നുള്ള ഭാവത്തിൽ പോകാൻ ഭാവിക്കുകയുംചെയ്തു അപ്പോഴേക്കു അയാൾ വമ്പിച്ച മുഠത്തരംകൊണ്ടു അവളെ വിളിച്ചു "മിസ്, നിങ്ങൾക്കു അല്പം വല്ലതും വേണമെങ്കിൽ ഇതാ ഇരിക്കുന്നു" എന്നു പെനിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

അവൾ:—അതു നിങ്ങൾതന്നെ സൂക്ഷിച്ചുകൊള്ളണം, സർ. ഞാൻ അതു കാണാതിരുന്നില്ല.

ഇതായിരുന്നു മുഖത്തടിച്ചതുപോലുള്ള ആ മറുപടി. മററൊരു അവസരത്തിൽ, ആദ്യരാത്രിയിലെ ഒരു നാടകം കാണുന്നതിനായി ഞാൻ ഒരു നാടകശാലയിൽ പോയി. വെളിയിൽ അനേകം ആളുകൾ നിരന്നുനില്പുണ്ടായിരുന്നു ഞാൻ അതിന്റെ ഒടുവിൽ പോയി നിന്നു. അപ്പോഴേയ്ക്കു മറെറാരു ഇൻഡ്യാക്കാരൻവന്നു് എന്റെ ഉപദേശത്തിനു വിരുദ്ധമായി അയാൾക്കുമുമ്പുനിന്ന പലരുടേയും മുമ്പിൽചെന്നു നിലയായി- ഇതേപ്പററി ആരോ ഒരു പോലീസുകാരനറിവുകൊടുത്തപ്പോൾ, നേരത്തേതന്നെ ശരിയാംവണ്ണം പ്രവത്തിച്ചിരുന്നെങ്കിൽ അയാൾക്കു കിട്ടുമായിരുന്ന സ്ഥാനത്തിന്റെ ഒരു പത്തുസ്ഥാനത്തിനു പിറകിൽ കൊണ്ടുചെന്നു് ആ യോഗ്യൻ അയാളെ നിറുത്തി ലണ്ടനിൽ ഒരു നാലഞ്ചുദിവസം താമസിച്ചുകഴിഞ്ഞപ്പോൾ എനിക്കു 15-റാത്തൽ തൂക്കം കുറയുകയും മുട്ട തിന്നാതിരുന്നാൽ ക്ഷയം പിടിപെടുമെന്നു ഡാക്റ്റർ പറയുകയുംചെയ്തു. "നിങ്ങൾ സസ്യങ്ങൾ ഭക്ഷിക്കുന്നു- പക്ഷെ നിങ്ങൾ

ക്കു തുവരയും, നെയ്യും ഒന്നും കിട്ടുന്നില്ല. ആഴ്ചയിൽ ഒരു ഔൺസ് വെണ്ണമാത്രം കിട്ടത്തക്കവണ്ണമുള്ള ഈ നശിച്ച ആഹാരവിതരണ സമ്പ്രദായം നിലനില്ക്കുന്നതുവരെ നിങ്ങൾക്കു അതു വേണ്ടിടത്തോളം കിട്ടുകയില്ല ഈ ഔൺസുവെണ്ണ ഇത്തരം തണുപ്പുള്ളരാജ്യത്തു നിങ്ങൾക്കു വേണ്ട കൊഴുപ്പുതരാൻ ഒട്ടുമേ മതിയാകയില്ല. നിങ്ങൾ മാംസവും മത്സ്യവും കഴിക്കേണ്ട. പക്ഷേ നിങ്ങൾക്കാരോഗ്യം പരിപാലിക്കണമെങ്കിൽ, മുട്ട അനുപേക്ഷണീയമാണു" എന്നാണു് ഡാക്ടർപറഞ്ഞതു്. അതിനാൽ എനിക്കു മാനസികവും ആത്മികവുമായ ഒരുസമരം നടത്തേണ്ടിവന്നു. എന്റെ മുൻനിശ്ചയംവിടാതെ, എന്തുവന്നാലും മുട്ടതിന്നുകയില്ലെന്നുതന്നെ ഞാൻ ആദ്യം കരുതി. ഒടുവിൽ എന്റെ ബാലപത്നി, ഞാൻ മരിച്ചുപോയാലുള്ള അവളുടെ കഷ്ടസ്ഥിതി, ടാററാക്കമ്പെനിക്കു കൊടുത്തുതീർക്കാനുണ്ടായിരുന്ന വമ്പിച്ചകടം, എന്നിവയെപ്പററിയുള്ള ചിന്തകൾമൂലം മനസ്സില്ലാമനസ്സോടെ മുട്ടതിന്നാൻ ഞാൻ തീരുമാനിച്ചു. ആ തീരുമാനത്തിനുശേഷവും, അതു പ്രയോഗത്തിൽ കൊണ്ടുവരാൻ വിഷമമായിരുന്നു. മുട്ടയെപ്പററി സ്വന്തേയുള്ള വെറുപ്പിനെ ജയിക്കേണ്ടിയിരുന്നു ചാറിംഗ്ക്രാസിലെ യൂസ്റേറസ് മൈൽസിന്റെ സസ്യഭക്ഷണശാലയിൽ ചെന്നു് സസ്യാഹാരത്തിനുപുറമേ, തോടുകളഞ്ഞ ഒരുമുട്ടയും ഞാൻ ആവശ്യപ്പെട്ടു. അതു തിന്നാൻ എനിക്കു മനസ്സുവന്നില്ല. അതു തിന്നാതെ ഞാൻ എഴുന്നേററുപോകുന്നതുകണ്ടു പരിചാരികയ്ക്കു് അത്ഭുതംതോന്നി. അവളുടെ ചോദ്യത്തിനുത്തരമായി ഞാൻ എന്റെ വിഷമംപറഞ്ഞു.

അവൾ: ഉപ്പിലോ, കുരുമുളകുപൊടിയിലോ പൊതിഞ്ഞു് അതു് തിന്നാലെന്തു്? അങ്ങനെയാവുമ്പോൾ അതിന്റെ സ്വാദു് അറികയില്ലല്ലോ.

അവളുടെ ഉപദേശപ്രകാരം ഞാൻ കുരുമുളകിൽപൊതിഞ്ഞു് അതു ഒററവായ്ക്കു് വിഴുങ്ങിക്കളഞ്ഞു. ക്രമേണ തോടുകളഞ്ഞമുട്ട കുരുമുളകിൽപൊതിഞ്ഞു തിന്നാൻ ഞാൻ ശീലിച്ചു. പുഴുങ്ങിയ മുട്ട തിന്നാൻ വളരെനാൾ പിടിച്ചെങ്കിലും ഒടുവിൽ അതും എനിക്കു സാധിച്ചു. ആഹാരവിതരണസമ്പ്രദായം നിറുത്തിയപ്പോൾ എന്റെ മുട്ടവെറുപ്പും കുറഞ്ഞുകുറഞ്ഞു് ഒടുവിൽ ഒട്ടുമില്ലാതെയായി.

ഞായറാഴ്ച എല്ലാ ലണ്ടൻഷാപ്പുകളും അടച്ചിരിക്കും. ഒരു ഞായറാഴ്ച എനിക്കു അത്യാവശ്യമായി കുറേ കടലാസു വാങ്ങേണ്ടിവന്നപ്പോൾ ഒരു യഹൂദസ്ത്രീയുടെ ഷാപ്പിൽ ചെല്ലണമെന്നു് ഒരുവൻ

പറഞ്ഞുതന്നു. അതു തുറന്നിരുന്നു. ഞാൻ കടലാസുവാങ്ങുകയും ചെയ്തു. ഞായറാഴ്ച എന്താണ് ഷാപ്പുതുറന്നിരിക്കുന്നതെന്നു ഞാൻ ചോദിച്ചു.

അവൾ:—ഞാൻ ഒരു ക്രിസ്തീയസ്ത്രീയല്ലാത്തതുകൊണ്ടു്. ഞാനോ നിങ്ങളോ ഞായറാഴ്ച വകവെയ്ക്കുന്നതെന്തിനു്?

ഞാൻ:—അതു് സൂര്യന്റെ ദിവസമാകയാൽ ഞാൻ വകവെയ്ക്കുന്നുണ്ടു്.

അവൾ:—ഓ, ശരി; അങ്ങനെ. പക്ഷേ ക്രിസ്ത്യൻരീതി അങ്ങനെയല്ല.

മറെറാരുദിവസം അതേ ആൾതന്നെ, ആ യഹൂദസ്ത്രീയുടെ അടുക്കൽചെന്നു് ഒരു സ്വാസ്തിക ആവശ്യപ്പെടാൻ അനർത്ഥം കണ്ടു രസിക്കാനുള്ള കൗതുകത്തോടുകൂടി എന്നെ പ്രേരിപ്പിച്ചു. ഇതിൽ അന്തർഭവിച്ചിരുന്ന ഉദ്ദേശം എനിക്കറിവില്ലാതിരുന്നതിനാൽ യാതൊരു ദോഷചിന്തയും കൂടാതെ ഞാൻ അപ്രകാരംചെയ്തു. ആ യഹൂദസ്ത്രീ കുപിതയായിത്തീർന്നു. അവൾ പറകയാണു:—"ക്രിസ്ത്യാനികൾ നിങ്ങളെ ഇങ്ങനെ എന്റെ അടുക്കലേക്കു വിട്ടിരിക്കണം; അവിശ്വാസികളായ നിങ്ങൾ യഹൂദരായ ഞങ്ങളെ വെറുക്കുന്നില്ലല്ലോ."

ഞാൻ:—നിങ്ങൾ സ്വാസ്തികത്തെ വെറുക്കുന്നതെന്താണു്?

അവൾ:—അതിന്റെ അർത്ഥം കൂട്ടക്കൊല എന്നാണു്. റഷ്യയിലും, പോളൻഡിലും യഹൂദന്മാരോടു് എങ്ങനെയാണു് പെരുമാറുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടാ.

ഇത്രയും പറഞ്ഞപ്പോഴേക്കു് അവളുടെ മുഖം, അനേകനൂററാണ്ടുകളിലെ സമുദായപീഡനത്തിന്റെ ഭയാനകതയെ മുഴുവൻ ഒന്നായി പ്രത്യക്ഷപ്പെടുത്തി. എന്റെ വിചാരശൂന്യമായ പ്രവൃത്തിയെക്കുറിച്ചു ഞാൻ പശ്ചാത്തപിക്കുകയും, സകല സമുദായപീഡനത്തേയും ഞാൻ അതിരറു വെറുക്കുന്നു എന്നു പറഞ്ഞിട്ടു തിരികെ പോരുകയും ചെയ്തു.

ലണ്ടനിൽ നല്ല ആളുകളെപ്പോലെ നീചിത്ത ആളുകളും ധാരാളമുണ്ടു്. കാഴ്ചയിൽ മാന്യന്മാരെന്നു തോന്നിക്കുന്നവർപോലും പുതിയ ആളുകളെ അനേകം തരത്തിൽ കുഴിയിൽ ചാടിക്കയും, അങ്ങനെ സൂത്രത്തിൽ അവരുടെ പണമെല്ലാം പിടുങ്ങുകയും ചെയ്യുന്നു. യുണൈറെറഡ് പ്രാവിൻസുകാരനും, അവധിയിൽ പോന്നിരുന്ന ഒരു ഗവമ്മെണ്ടു് ഉദ്യോഗസ്ഥനായിരുന്ന എന്റെ ഒരു സ്നേഹിതനു് ഇത്തരം ഒരു കളിപ്പുപററി. അദ്ദേഹത്തിനു് ഒരു നാല്പത്തഞ്ചുവയസ്സു പ്രായമുണ്ടായിരുന്നു. ഒരുദിവസം അദ്ദേഹം ക്രോപ്പുചെയ്യാൻ അത്യാവശ്യപ്പെട്ടു് കൂടിയതരത്തിലുള്ളതെന്നു ഭവിക്കുന്ന ഒരു ക്ഷൗര

സ്ഥലത്തുകയറി ക്രാപ്പും മററും ചെയ്യിച്ചു. അനന്തരം ആ വിദ്വത്തേറിയ ക്ഷൌരക്കാരൻ, ഒന്നു ഷാംപൂ ചെയ്യുന്നതിന് അദ്ദേഹത്തെക്കൊണ്ട് അനുവദിപ്പിക്കയുണ്ടായി. ഷാംപൂ ചെയ്യുക എന്നുവെച്ചാൽ നമ്മുടെ രസികൻ തേച്ചുകുളിയുടെ ഒരാഭാസമാണെന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. ക്ഷൂരകൻ മുഴുവനേ നരച്ചിരുന്ന അദ്ദേഹത്തിൻെറ തലയിൽനോക്കി ഒരു ഗൌരവഭാവത്തിൽ, "സർ, അങ്ങയുടെതലമുടിയുടെ വേരുകളിൽ ഒരു ഭയങ്കരരോഗം ബാധിച്ചിരിക്കുന്നു. അങ്ങയുടെ പ്രായത്തിൽ ഒരു പത്തുവയസ്സു കൂടുതലായി അതുമൂലം തോന്നുന്നതിൽ അത്ഭുതമൊന്നുമില്ല" എന്നുപറഞ്ഞു. ആ യൂണൈറഡ് പ്രാവിൻസുകാരനായ മാന്യൻ ആകപ്പാടെ ഉൽക്കണ്ഠാകുലനായി കഴിഞ്ഞു:

അദ്ദേഹം:—എന്താ ചെയ്യേണ്ടതു്?

ക്ഷൂരകൻ:—അതിനുള്ള മരുന്നുതന്നെ ഞങ്ങളുടെ പക്കലുണ്ട്. ഞങ്ങളുടെ വിദഗ്ദ്ധാസതന്ത്രശാസ്ത്രജ്ഞന്മാർ അതു കണ്ടുപിടിച്ചു. അതിന് 25-സംവത്സരവും വേണ്ടിവന്നു. തലമുടിയുടെ അററമെല്ലാം ഒന്നു കത്തിച്ചിട്ട് അതു പുരട്ടാൻ അങ്ങ് അനുവദിക്കുമോ? അങ്ങയുടെ ഭംഗിയേറിയ തലയിൽനിന്ന് ഈ മുടിയെല്ലാം കൊഴിഞ്ഞു് മുട്ടത്തോട്ടുപോലെ കഷണ്ടിയായാൽ അതു് ഒരു സങ്കടംതന്നെയാണ്.

വ്യാമോഹിതനായ ആ ഭാരതസന്താനം അതിന് അനുവദിച്ചു. അങ്ങനെ അദ്ദേഹത്തിൻെറതലമുടിയുടെ അററമെല്ലാം കുറേശ്ശകത്തിച്ചതിനുശേഷം, ഒരു ക്ഷൂരകൻ തല നേരേപിടിക്കയും, മറെറാരുവൻ, 25 കൊല്ലത്തെ കണ്ടുപിടിത്തം, അഥവാ, ആ വാഴ്ത്തപ്പെട്ട ഔഷധം, അദ്ദേഹത്തിൻെറ തലയിൽ തൂററുക (spray)യുംചെയ്തു. ആ ഇൻഡ്യന് ഇതു നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സന്തോഷകരമായ പ്രതീതിഉണ്ടാകയും, ഇത്ര ക്ഷണം അതെല്ലാം തീൎന്നുപോയല്ലോ, എന്ന് യഥാൎത്ഥത്തിൽ വ്യസനിക്കയുംചെയ്തു. എന്നാൽ ക്ഷൌരം, ഷാംപൂ, തലമുടികരിയ്ക്കൽ, എന്നിവയ്ക്കു ഏഴുഷില്ലിംഗും അനൎഘമായ ആ ഔഷധത്തിനും, അതിൻെറ പ്രയോഗത്തിനുംകൂടി മൂന്നുപവൻ, മൂന്നു ഷില്ലിംഗും, ഉൾപ്പെടെ മൂന്നുപവൻ പത്തു ഷില്ലിംഗിൻെറ ഒരു ബിൽ ക്ഷൂരകൻ കൊടുത്തപ്പോഴേക്കും അദ്ദേഹത്തിൻെറ സന്തോഷദ്യോതകമായ നോട്ടംമാറി, കഠിനമായനിരാശയും, ഭയങ്കരമായ ദ്വേഷവും തൽസ്ഥാനംപ്രാപിച്ചു. "ഈ ഔഷധപ്രയോഗത്തിനു കഴിവില്ലായിരുന്നു എങ്കിൽ, അതു് പറയേണ്ടിയിരുന്നു" എന്നായിരുന്നു ക്ഷൂരകപ്രധാനിയുടെ രൂക്ഷമായമറുപടി. സാധുഇൻഡ്യൻതന്നെത്തന്നെശപിച്ചുകൊണ്ട്, ഒരുവിധത്തിൽ പണമെടുത്തുകൊടുത്തിട്ടു ഈ

അഗ്നിപരീക്ഷയാൽ മുന്നേക്കാരം ഇരട്ടിനരച്ച തലയുമായി അവിടെ നിന്നിറങ്ങിപ്പോയി. "ശബ്ദായമാനമായ പേരുകളംകേട്ടു ഇനി ഞാൻ ഇളകിപ്പോകുന്നില്ല. ഇത്തരം ആളുകളെക്കൊണ്ടു ഈ നശിച്ചപ്രയോഗം ചെയ്യിക്കുമ്പോരം, ഞാൻ ആദ്യമായി അതിന്റെ ഫീസിനെപ്പററി അന്വേഷിക്കും" എന്നു് അദ്ദേഹം സാവധാനത്തിൽ എന്നോടുപറഞ്ഞു. അദ്ദേഹം ലണ്ടനെ അതിന്റെ ദോഷപാരമ്യത്തിൽ ദർശിച്ചു.

---

## അദ്ധ്യായം വ്യ.

---

### ആക്സ്ഫോർഡ്.

ആക്സ്ഫോർഡിലേക്കുള്ള എന്റെ രണ്ടാമത്തെ യാത്രയിൽ വിശേഷവിധിയായി ഒന്നും ഉണ്ടായില്ല. എങ്ങുംനില്ക്കാത്ത ഒരു തീവണ്ടിയിൽ പാഡിംഗ്ടണിൽനിന്നു പുറപ്പെട്ടു, 70 മിന്നിട്ടുകൊണ്ടു ഞാൻ ആക്സ്ഫോർഡിൽ എത്തുകയും ഒരു ടാക്സിയിൽകയറി നേരത്തേ ഏർപ്പാടുചെയ്തിരുന്ന 15-ചാൽഫ്റൺട്റോഡിലെ എന്റെ വസതിയിൽ ചെന്നുചേരുകയുംചെയ്തു ഞാൻ അവിടെയെത്തി ഒരു മണിക്കൂറിനകം സുഖമായി താമസമുറച്ചു, ലഞ്ചുകഴിക്കുകയായിരുന്നു. ഒരു അജ്ഞാതമായ പ്രതീതി എനിക്കുണ്ടായി നംക്കൂരമിട്ടുകിടക്കുന്ന ഒരു കപ്പൽപോലെയാണു് എന്നെപ്പററി എനിക്കു് തോന്നിയതു്. കപ്പലുടഞ്ഞു നഷ്ടപ്പെട്ട ഒരു സാമാനം കടലിൽ പൊങ്ങിക്കിടക്കുന്നതുപോലെ ലണ്ടനിൽവച്ചു് എനിക്കു തോന്നിയിരുന്നു. എന്റെ വീട്ടുതിവീട്ടുടമസ്ഥയായ സ്ത്രീ ഉദാരചിത്തയായ ഒരു വൃദ്ധയായിരുന്നതിനാൽ ഞാൻ ലഞ്ചുകഴിച്ചുകൊണ്ടിരുന്നപ്പോരം, അവർ ആക്സ്ഫോർഡിലെ പല സംഗതികളെപ്പററിയും വർത്തമാനം പറഞ്ഞുകൊണ്ടുതന്നായിരുന്നു. അവരുടെ പ്രധാനവിഷയം കാളേജുകളായിരുന്നു. ഇവയെപ്പററിയുള്ള വർത്തമാനം അത്രവളരെ കൌതുകാവഹമായിരുന്നതിനാൽ അവ ഒന്നു കാണുന്നതിനായി ലഞ്ചുകഴിഞ്ഞ ഉടൻ ഞാൻ പുറപ്പെട്ടു.

സ്ത്രീകരംക്കുമാത്രം ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന നാലു കാളേജുകരം ഉരംപ്പെടെ ആക്സ്ഫോർഡിൽ ആകെ 26 കാളേജുകരം ഉണ്ടു്. ആരംസോരംസു്, ബല്ലിയാരം, ബ്രേസ്നോസ്, ക്രൈസ്റ്റ്ചർച്ച്, കൊർപ്പസ്ക്രിസ്ററി, എക്സിററർ, ഹെർട്ട്ഫോർഡ്, ജീസസ്,

ലിങ്കൺ, മക്ഡലൺ, മെർട്ടൺ, ന്യൂകാളേജ്, ഓറീയൽ, പെംബ്രോക്ക്, ക്വീൻസ്, സെൻറ്ജോൺസ്, ട്രിനിററി, യൂണിവേഴ്സിററി, വാഡ്ഹാം, വഴ്സ്ററർ, കെബിൾ, സെൻറ് എഡ്മൺസ്ഹാൾ, എന്നിവയാണ പുരുഷന്മാക്കുള്ള കാളേജുകൾ. ലേഡിമാർഗററഹാൾ, സോമർവിൽ, സെൻറ്ഹ്യൂസ്സെൻറ്ഹിൽഡാസ് എന്നിവ സ്ത്രീകൾക്കുള്ളവയുമാണ്. ഈ കാളേജുകൾക്ക പുറമേ, പുരുഷന്മാക്ക നാൺകൊളീജിയററ്സൊസൈററിയും, സ്ത്രീകൾക്ക ആക്സ്ഫോർഡ്ഹോം സ്ററുഡൻറ്സ്സൊസൈററിയുംഉണ്ട്. വിശാലമനസ്കരായ ക്രൈസ്തവമതവിദ്യാത്ഥികൾക്ക ഒരു മാഞ്ചെസ്ററർ കാളേജും കാണപ്പെടുന്നു. ഈ കാളേജുകളെല്ലാം ഒരു ചതുരശ്രമൈൽ വിസ്താരത്തിനകത്തു സ്ഥിതിചെയ്യുന്നു. ഇവ ആകെ ഒന്നുകാണുന്നതിനു ഒരുദിവസം മതിയാകുമെങ്കിലും, ഓരോ പ്രധാനസ്ഥാപനവും ശരിയായി സന്ദശിക്കുന്നതിനു ഓരോദിവസം തന്നെ വേണ്ടിയിരിക്കുന്നു.

പ്രാചീനങ്ങളായ പ്രൗഢമന്ദിരങ്ങൾ, ചരിത്രസ്മരണകളുടെസമൃദ്ധി, എന്നിവയോടുകൂടിയ പഴയ കാളേജുകൾ എനിക്ക അത്യധികം ഹൃദയംഗമമായി തോന്നി. ഞാൻ തെന്നിന്ത്യയിലെ പുരാതന ക്ഷേത്രങ്ങളെപ്പററി അനുസ്മരിച്ചു. പക്ഷേ അവയുടെ പക്ഷത്തേക്ക സുദീർഘമായ ഒരു ദുർഭരണചരിത്രംഉണ്ടായിരിക്കയും പ്രശാന്തമായ അവയുടെ ജീവിതകാലമെല്ലാം വളരെനാൾമുമ്പുതന്നെ കഴിഞ്ഞുപോയിരിക്കയുംചെയ്യവേ, അവയുടെ ആക്സ്ഫോർഡ് പ്രതിരൂപങ്ങൾക്ക് അങ്ങനെയൊരുലജ്ജാവഹമായ ചരിത്രമില്ലെന്നും, ജനപ്രതിപത്തയിലും, ബഹുമാനത്തിലും, അവ ദിനംപ്രതി അഭിവൃദ്ധിപ്പെടുന്നതേയുള്ളൂന്നും ഞാൻ മനസ്താപത്തോടുകൂടിത്തന്നെ ഉള്ളാൽ സ്വയം സമ്മതിച്ചു. കാലം അവയുടെ ജീവശ്ശക്തിയെ ക്ഷയിപ്പിക്കുകയോ, പ്രയോജനം കുറയ്ക്കുകയോ ചെയ്തിട്ടില്ല. നമ്മുടെ പ്രസിദ്ധപ്പെട്ട ക്ഷേത്രങ്ങളെ അപേക്ഷിച്ചു അവയുടെ കെട്ടിടങ്ങൾ ശരിയായി കുറതീത്തു സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. എനിക്ക ഏററവും ഹൃദയസ്പർശകമായിത്തോന്നയതു് ക്രൈസ്ററ് ചർച്ച് മഗ്ഡലൻ എന്നീ രണ്ടുകാളേജുകളത്രേ. ക്രൈസ്ററ്ചർച്ചുകാളേജിന്റെ ഗോപുരവും പ്രാത്ഥനാമന്ദിരവും പ്രത്യേക പ്രസ്താവന അർഹിക്കുന്നു. പൊതുവേയുള്ള കാഴ്ചയിൽ മഗ്ഡലൻകാളേജ് ക്രൈസ്ററ്ചർച്ചിനേപ്പോലും അതിശയിക്കുന്നു. മെർട്ടൺ, വഴ്സ്ററർ, യൂണിവേഴ്സിററി തുടങ്ങിയ പഴയ ചില കാളേജുകളും ഒരു സന്ദർശനം അർഹിക്കുന്നവതന്നെയാണ്. ക്രൈസ്ററ്ചർച്ചും, മഗ്ഡലനും, കഴിഞ്ഞാൽ പിന്നെ ബാല്ല്യോൾ കാളേജാ

ണു് ആക്സ്ഫോർഡിൽ കൂടുതൽ കേളികേട്ടതെങ്കിലും, അതിന്റെ തത്വശാസ്ത്രപരമായ ഗുണപൌരുഷ്കല്യം മററുള്ളവയെ അപേക്ഷിച്ച് തുച്ഛമാകുന്നു.

കാളേജ്കെട്ടിടങ്ങൾക്കൂടാതെ കാൺവൊക്കേഷനെല്ലാം നടക്കുന്ന ഷെൽഡോണിയൻ തിയേററർ, ബോഡ്ലിയൻ ഗ്രന്ഥശാല, ഇൻഡ്യൻഇൻസ്ററിററ്യൂട്ട്, ക്ലാരൻഡൻപ്രെസ്സ്, എന്നിവയാണു കൌതുകകരങ്ങളായ മററു പ്രധാന സർവ്വകലാശാലാമന്ദിരങ്ങൾ ഒരു ആക്സ്ഫോർഡ്കൺവൊക്കേഷനു്, അനേകനൂററാണ്ടുകളായി പരമ്പരാഗതമായിത്തീർന്നിട്ടുള്ള അനാദി പ്രാചീനാചാരങ്ങളും പരിപാലിക്കപ്പെടുന്നു. അതിനാൽ വെളിയിൽനിന്നുവരുന്ന ഒരുവനു അതു ഹൃദയസ്പർശകമായിരിക്കുന്നതുപോലെതന്നെ രസാവഹവുമാകുന്നു. പ്രത്യേകമായി എന്തെങ്കിലും പറയേണ്ട കാര്യമില്ലാതിരിക്കത്തക്കവണ്ണം, ബോഡ്ലിയൻഗ്രന്ഥശാല അത്രമാത്രം പ്രശസ്തമാണു്. വിലയൊന്നും കൊടുക്കാതെതന്നെ എളുപ്പംകിട്ടുന്ന ടിക്കററുകൾ ഉള്ളവർക്കു കാലത്തു പത്തുമണിമുതൽ വൈകുന്നേരം പത്തുമണിവരെ അതു തുറന്നിരിക്കുമെന്നും, സർവ്വകലാശാലയിലെ പല ഗവേഷണവിദ്യാർത്ഥികളും, മററനേകം സാധാരണവിദ്യാർത്ഥികളും അവിടെ മുറയ്ക്കു വായിക്കാൻ പൊയ്ക്കൊണ്ടിരിക്കുന്നു എന്നും പറഞ്ഞാൽ മതിയാകും. ബോഡ്ലിയനോടു തൊട്ടു പണിചെയ്തിരിക്കുന്ന റാഡ്ക്ലിഫ്ക്യാമെറായിൽ (വായനമുറിയിൽ) കേവലം നിശ്ശബ്ദത പ്രചരിക്കുന്നു. എന്നുതന്നെയല്ല, വൈദ്യുതവിളക്കുകൾ, ഒപ്പുകടലാസു, മുതലായവ വെറുതെ കൊടുക്കുകയും ചെയ്യുന്നുണ്ടു്. 1597-ൽ ഈ ഗ്രന്ഥശാലയെ പുനർസ്ഥാപിച്ച സർ തോമസ് ബോഡ്ലി എന്ന ആളിൽനിന്നാണു ഇതിനു ബോഡ്ലയൻഗ്രന്ഥശാല എന്ന നാമധേയം സിദ്ധിച്ചതു്. 1647-ൽ റാഡ്ക്ലിഫ്ക്യാമറാ ഉണ്ടായി സാധാരണ വ്യക്തികൾ നൽകുന്ന ഒന്നാംതരം ദാനങ്ങളാലും ബ്രിട്ടീഷ്ദ്വീപങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഏതുപുസ്തകത്തിന്റെയും ഒരു പ്രതി ഈ ഗ്രന്ഥശാലയ്ക്കു വെറുതെ കൊടുക്കണമെന്നു നിബന്ധനചെയ്യുന്നകപ്പിറൈററു് നിയമം (പകർപ്പവകാശനിയമം) മൂലം കിട്ടുന്ന പുസ്തകങ്ങളാലുമാണു ബോഡ്ലിയൻ ഇന്നത്തെ നിലയിലെത്തിയിരിക്കുന്നതു്. ദാനംചെയ്യപ്പെട്ട ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ, നേപാളത്തിലെ മഹാരാജാവും, സചിവപ്രധാനനും നൽകിയ ഹസ്തലിഖിതമായ രസികൻ സംസ്കൃതഗ്രന്ഥങ്ങളുടെ ഒരു ശേഖരംകണ്ടു ഞാൻ സന്തോഷിച്ചു. ഇൻഡ്യൻപണ്ഡിതന്മാരുൾപ്പെടെയുള്ള സകല പണ്ഡിതന്മാർക്കും, അവയുടെ ഉള്ളടക്കമെല്ലാം പുഴതിന്നുപോകുന്നതിനു മുമ്പു ലോകത്തെ അറിയിക്കത്തക്കവണ്ണം നിർബാധംകൈകാര്യംചെ

യ്യുന്നതിനായി അപ്രസിദ്ധവും, ദുർഗ്ഗമവും ആയ * കാഷ്ഠമണ്ഡപനഗരത്തിൽനിന്നും അവയെ ഈ പ്രസിദ്ധഗ്രന്ഥശാലയിലേക്കു മാററിയതു വളരെ നന്നായിപ്പോയെന്നു എനിക്കു തോന്നി. ഇൻഡ്യാക്കാരായ നാം കുറെ അതിർകടന്ന വിമർശനബുദ്ധിയുള്ളവരാണ്. നേപാളരാജാവിൻെറ പ്രവൃത്തി തീരെ സ്വരാജ്യസ്നേഹമില്ലാത്ത ഒന്നാണെന്നു എൻെറ ചില സ്നേഹിതന്മാർ അദ്ദേഹത്തെ വിമർശിച്ചു. എന്നാൽ കുറേക്കൂടി പ്രാചീനവും, നല്ലതും ആയ ഒരു പ്രതി കാഷ്ഠമണ്ഡപത്തിൽ സൂക്ഷിക്കാത്ത ഒരു കയ്യെഴുത്തുഗ്രന്ഥവും ആക്സ്ഫോർഡിലേക്കു കൊടുത്തിട്ടില്ലെന്നും, ബോഡ്ലിയൻഗ്രന്ഥശാലയ്ക്കു നൽകിയ കയ്യെഴുത്തുഗ്രന്ഥങ്ങൾക്കു, പണം, സയൻസ്, ശ്രദ്ധ എന്നിവയാൽ എത്രത്തോളം ദീർഘമായ ആയുസ്സു സുനിശ്ചിതമാക്കാമോ അത്രത്തോളം ആയുസ്സു അവയ്ക്കു തീർച്ചയായുണ്ടാകുമെന്നും ഞാൻ പറഞ്ഞു. ഞങ്ങളെല്ലാംകൂടി അത്ഭുതകരമായ ആ കയ്യെഴുത്തുഗ്രന്ഥങ്ങളെല്ലാം നോക്കുകയും, അതു അവസാനിച്ചപ്പോഴേക്കു ഇത്രമാത്രം വാത്സല്യത്തോടുകൂടി അവയെ ശേഖരിച്ചു തങ്ങളുടെ പിൻതലമുറക്കാർക്കു നൽകിയ ആ അജ്ഞാതനാമാക്കളായ മഹാരാജാക്കന്മാരെപ്പററി ഞങ്ങൾക്കു ഒരു സ്നേഹം തോന്നുകയും ചെയ്തു. കാഷ്ഠമണ്ഡപം, തഞ്ചാവൂർ, തിരുവനന്തപുരം, മൈസൂർ, ഉദയപുരം, ശ്രീനഗരം എന്നിവിടങ്ങളിലെ രാജകീയഗ്രന്ഥശാലകൾ ഇൻഡ്യയുടെ മാഹാത്മ്യത്തിനു നിദാനങ്ങളാണെന്നു മാത്രമല്ല, ഒരു സാമാന്യഭാരതീയനു രാജസ്ഥാനത്തെപ്പററി തോന്നുന്ന സ്നേഹാദരങ്ങൾക്കു ഗണ്യമാംവണ്ണം കാരണഭൂതമായിരിക്കുന്നു എന്നു നിശ്ചയവുമാണ്. നമ്മുടെ മഹാരാജാക്കന്മാർ ലോകത്തിൽ ഏററവും സംസ്കൃതചിത്തന്മാരും വിദ്വാന്മാരും ആയിരുന്നു- രണ്ടുദാഹരണംമാത്രം ഉദ്ധരിക്കുകയാണെങ്കിൽ രത്നാവലി, നാഗാനന്ദം, പ്രിയദർശിക എന്നിവ എഴുതിയ ശ്രീഹർഷനോടോ, യുക്തികല്പതരു എന്ന ആ അത്യത്ഭുതകരമായ ഗ്രന്ഥമെഴുതിയ ഭോജനോടോ സമന്മാരായി അന്യരാജ്യങ്ങളിൽ രാജാക്കന്മാരെ കാണാൻ വളരെ വിഷമമാണ്. ഈയിടെ ഉള്ള രാജാക്കന്മാർ ഹർഷൻെറയും ഭോജൻെറയും ഉന്നത നിലയിൽനിന്നു് വളരെ അധഃപതിച്ചെങ്കിലും, നേപാളം, തഞ്ചാവൂർ, തിരുവിതാംകൂർ, മൈസൂർ എന്നിവിടങ്ങളിലെ രാജാക്കന്മാരിൽ കാണുന്നതുപോലെ, വിജ്ഞാനത്തെ പരിരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന പഴയ രാജകീയരക്ഷാധികാരിത്വത്തിൽ അല്പമൊക്കെ ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്.

---

* കാഷ്ഠമണ്ഡപം നേപാളരാജ്യത്തിൻെറ തലസ്ഥാനമായ ഇന്നത്തെ കട്ട്മണ്ഡു ആണ്.

ബോഡ്ലിയൻ ഗ്രന്ഥശാലയിൽ പുസ്തകം നിറഞ്ഞു അവ ചുററുപാടുമുള്ള കെട്ടിടങ്ങളെ ആക്രമിച്ചിരിക്കുന്നു. എന്നാലും പുതിയ പുസ്തകങ്ങളുടെ ശരിക്കുള്ള പ്രവാഹത്തിനു തക്ക സ്ഥലമൊന്നുമില്ല. ഈ വിഷമപ്രശ്നം എങ്ങനെ തീരുമാനിക്കണമെന്നുള്ളതിനേപ്പററി സർവ്വകലാശാലയുടെ അധികൃതന്മാർ തീക്ഷ്ണമായി ചിന്തിക്കുന്നു. ഗ്രന്ഥശാലയെ പല വിഭാഗങ്ങളായി ഭാഗിച്ചു ഓരോ ഭാഗത്തേയും ഓരോ കെട്ടിടത്തിൽ സ്ഥാപിക്കണമെന്നു ചിലരും അപ്രധാനങ്ങളായ പുസ്തകങ്ങളെല്ലാം നശിപ്പിച്ചിട്ടു, അവയുടെ വമ്പിച്ച സ്ഥലമെല്ലാം ഒഴിച്ചിടണമെന്നു മററു ചിലരും അഭിപ്രായപ്പെട്ടുന്നെങ്കിലും ഇപ്പോഴത്തേയും ഭാവിയിലേയും ആവശ്യങ്ങൾക്കു മതിയാകത്തക്കവണ്ണം വലുതായ ഒരു കെട്ടിടംപണിയിക്കണമെന്നാണു അധികംപേരും പറയുന്നതു്. ഇംഗ്ലീഷുകാരുടെ പൊതുക്കാര്യപ്രസക്തിയും, ആക്സ്ഫോർഡിനെപ്പററിയുള്ള അവരുടെ സ്നേഹവും, മൂന്നാമതുപറഞ്ഞ വഴിനോക്കുന്നകാര്യത്തിൽ ധനശേഖരം ചെയ്യുന്നതിനു ഒരു പ്രയാസവും ഉണ്ടാകാതിരിക്കത്തക്കവണ്ണമുള്ളവയാണു. ഇന്ത്യയിൽ ഒരു പുതിയസ്ഥാപനം തുടങ്ങുന്നതിനു പണം പെട്ടെന്നു കൊടുക്കുമെങ്കിലും, ആദ്യത്തെ ഉത്സാഹമെല്ലാം വേഗം പുകഞ്ഞുതീരുകയും, പല അസ്ഥിവാരങ്ങളും നശിക്കുകയും, അതിനിടയിൽ പുതിയ പലതും തുടങ്ങുകയും ചെയ്യുന്നു. നശിച്ചുകൊണ്ടിരിക്കുന്ന അനേകം ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, കുളങ്ങൾ, കിണറുകൾ, നാട്ടുംപുറങ്ങളിലുള്ള വിശ്രമസ്ഥലങ്ങൾ, എന്നിവയും, അവയോടൊപ്പംതന്നെ അതേതരത്തിലുള്ള അനേകം പുതിയസ്ഥാപനങ്ങളും, ഞാൻ പറഞ്ഞതിനെ തെളിയിക്കുന്നു. ജനങ്ങൾ അവരുടെ സ്വാതന്ത്ര്യപൂർവ്വമായ പ്രശസ്തിയെപ്പററി കുറവായും, രാജ്യനന്മയെപ്പററി കൂടുതലായും ശ്രദ്ധിച്ചിരുന്നെങ്കിൽ, അവർ തങ്ങളുടെ പണം പഴയതു് പുതുക്കുന്നതിനും, ജീർണ്ണോദ്ധാരണം ചെയ്യുന്നതിനും ചെലവഴിക്കുകയും, തന്മൂലം അവരുടെ ധർമ്മബുദ്ധികൊണ്ടു് കൂടുതൽ ഗുണം പ്പെടുകയും ചെയ്യുമായിരുന്നു. ഇക്കാര്യത്തിൽ നമുക്കു് ഇംഗ്ലണ്ടിൽനിന്നു ഒരു പാഠം പഠിക്കാവുന്നതാണു്.

ബ്രോഡ് തെരുവിന്റെ അവസാനത്തിലുള്ള ഒരു ഉറപ്പുള്ള കെട്ടിടമാണു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്. ഇൻന്ത്യാചരിത്രം, ഇന്ത്യൻ ഭാഷകൾ, എന്നിവയെപ്പററിയുള്ള പ്രസംഗങ്ങൾ നടക്കുന്നതു ഇവിടെയാണു്. ഇവിടെ ഒരു രസികൻ ഗ്രന്ഥശാല ഉണ്ടെങ്കിലും, പുസ്തകം എടുക്കേണ്ടവർ ഒരു നിബന്ധനയിൽ ഒപ്പുവയ്ക്കണമെന്നുള്ളതിനാൽ, ഈ സൗകര്യത്തെ ചുരുക്കം ഇൻഡ്യാക്കാർ മാത്രമേ ഉപയോഗപ്പെടുത്താറുള്ളൂ. ഇൻഡ്യൻവിദ്യാർത്ഥികളുടെ ഉപദേശകന്റെ

ആഫീസു ഇവിടെയാണു്. ഇൻഡ്യാക്കാരിൽ അധികംപേരും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു അകന്നു്, വളരെ അത്യാവശ്യമുള്ള സന്ദർഭങ്ങളൊഴിക്കെ, മറ്റെല്ലായ്പോഴും അതിന്റെ നടയിൽപോലും ചെല്ലാതെ കഴിച്ചുകൂട്ടുന്നു. ബോഡ്ലിയനിലോ, ആക്സ്ഫോർഡിലെ മറേറതെങ്കിലും താവളസ്ഥലത്തോ ഉള്ളതുപോലെ സ്വാതന്ത്ര്യം, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ അവർ കാണുന്നില്ല. ഒരുപക്ഷെ ഇതെല്ലാം ആ പരിതഃസ്ഥിതികളിൽ ആവശ്യമായിരിക്കാം. എങ്കിലും ഇതു ദയനീയംതന്നയെന്നേ പറയേണ്ടു

സർവ്വകലാശാലയുടെ ഔദ്യോഗികമായ പ്രസ്സാണു ക്ലാരൻഡൻ പ്രസ്സ്. ഇതു ക്ലാരൻഡൻപ്രഭു സ്ഥാപിച്ചതും, "മഹാലഹളയുടെ ചരിത്ര"ത്തിന്റെ പ്രതികൾ വിററുകിട്ടിയ പണം കുറയൊക്കെ ഇതിനായി ചെലവഴിച്ചിട്ടുള്ളതുംആണു്. ഈ പ്രസ്സിൽ പ്രൂഫ് വായിക്കുന്നവർ എം. ഏക്കാരാകയാൽ, ഇൻഡ്യയിലെ നഗരപ്രാന്തങ്ങളിലുള്ള ഉൾനാടുകളിലെ പ്രസ്സുകളിൽ അച്ചടിക്കുന്ന പുസ്തകങ്ങളിൽ കാണുന്നതുപോലുള്ള നിരവധി അച്ചടിപ്പിശകുകൾ കാണ്മാനില്ല.

പ്രൊഫസരന്മാർ, ലെക്ചറന്മാർ എന്നിവരുടെ സ്റ്റാഫുകൾ അനുബന്ധിക്കപ്പെട്ടിട്ടുള്ള ഹോസ്റ്റലുകളാണു് ആക്സ്ഫോർഡിലെ കാളേജുകൾ. സർവ്വകലാശാലാംഗങ്ങളും മററു ആവശ്യമുള്ളവരും എല്ലാ കാളേജുകളിലേയും പ്രസംഗങ്ങൾകേൾക്കാൻ ഹാജരാകാവുന്നതാണു്. ഓരോടെററത്തിലും നടക്കാനുള്ള പ്രസംഗങ്ങളുടെയെല്ലാം ഒരു പട്ടിക ഓരോ അണ്ടർഗ്രാഡ്വേററിനും നൾകുന്നുണ്ടു്. താൻ കേൾക്കേണ്ട പ്രസംഗമേതു, അല്ലാത്തതേതു എന്നു അയാൾ തന്നെ അതിൽനിന്നു നിശ്ചയിക്കുന്നതാണു. അയാൾ കേൾക്കണമെന്നു വിചാരിക്കുന്ന പ്രസംഗങ്ങൾ ഏതെല്ലാമെന്നു ട്യൂട്ടരെ അറിയിക്കണം. എന്തെന്നാൽ അയാളുടെ വിവേചനബുദ്ധി ശരിയായി ഉപയോഗിച്ചിട്ടുണ്ടോ എന്നു ട്യൂട്ടർ പരിശോധിക്കണമല്ലോ. കൂടാതെ ഒരു അണ്ടർഗ്രാഡ്വേററും ഒരു പ്രസംഗവും കേൾക്കണമെന്നു നിർബന്ധവുമില്ല. ഇൻഡ്യയിലെപ്പോലെ ഇവിടെ ലെക്ച്ചറന്മാർക്കും, പ്രൊഫസരന്മാർക്കുംവേണ്ടി നിർബന്ധിച്ചു ഒരു സദസ്സിനെ സൃഷ്ടിക്കുന്നില്ല. അതിനാൽ ആക്സ്ഫോർഡിലെ ലെക്ച്ചറന്മാർ നല്ലവണ്ണം പഠിച്ചുതയാറാകുകയും പരമാർത്ഥത്തിൽ നല്ല പ്രസംഗങ്ങൾ ചെയ്യുകയും ചെയ്താൽമാത്രമേ അനേകം വിദ്യാർത്ഥികളെ ആകർഷിക്കാൻ സാധിക്കയുള്ളു. ഉജ്ജ്വലപ്രാസംഗികന്മാർ വളരെ ആളുകളെ ആകർഷിച്ചുകൂട്ടുകയും ബോറുകൾ ശ്രോതാക്കളുടെ ക്ഷമയെ പരീക്ഷിക്കുന്നവർ) സാധാരണയായി ഒഴിഞ്ഞ പ്രസംഗശാലക

ളോട്ടു പ്രസംഗിക്കുകയും ചെയ്യുന്നു. നമ്മുടെ കാളേജുകളിലും പ്രസംഗങ്ങൾ കേൾക്കാൻ നിർബന്ധിച്ചു ആളുചേക്കുന്ന സമ്പ്രദായം നിറുത്തിയിരുന്നെങ്കിൽ പ്രസംഗങ്ങളുടെ ഗുണം കണിശമായും വർദ്ധിക്കുമായിരുന്നു.

സാധാരണയായി ഓരോവിദ്യാത്ഥിക്കും ഓരോ ട്യൂട്ടറെ കൊടുക്കുകയും അദ്ദേഹത്തിൻെറ അടുക്കൽ വിദ്യാർത്ഥി ആഴ്ചയിലൊരിക്കൽ പോവുകയും ചെയ്യുന്നു. ട്യൂട്ടർ കൊടുക്കുന്ന വിഷയത്തെപ്പററി ഒരു ഉപന്യാസമെഴുതി വിദ്യാത്ഥി അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കണം എന്നതാണു സാധാരണപതിവ്. അതേ തുടന്നു തുറന്നമനസ്സോടുകൂടിയ ഒരു വാദപ്രതിവാദംനടക്കുന്നു. അതിനുശേഷം അടുത്ത ആഴ്ചത്തേക്കുള്ള വിഷയം കൊടുക്കുന്നു. ഈ ട്യൂട്ടോറിയൽ സമ്പ്രദായം പ്രാചീന ഭാരതത്തിൽ ഗുരുവും ശിഷ്യനും ഒരുമിച്ചിരുന്നു വാദപ്രതിവാദം ചെയ്ത ഔപനിഷദികസമ്പ്രദായത്തോടു സാമ്യംവഹിക്കുന്നു. സാധാരണയായി വിദ്യാത്ഥിയും ട്യൂട്ടറും ഒരേ കാളേജുകാരായിരിക്കുമെങ്കിലും മറെറാരുകാളേജിൽനിന്നു ഒരു ട്യൂട്ടറെ തൻെറ കാളേജിലെ പ്രിൻസിപ്പാൾമുഖാന്തരം തിരഞ്ഞെടുക്കുന്നതിൽ ഒരു വിദ്യാത്ഥിയെ തടയാൻ യാതൊന്നുമില്ല. പണം കൊടുക്കാൻ തയാറുണ്ടെങ്കിൽ ഒരു അണ്ടർഗ്രാഡ്വേററിനു ഒന്നിലധികം ട്യൂട്ടന്മാരുമാകാം. പ്രസംഗങ്ങൾ കേൾക്കുന്നതിനും ട്യൂട്ടറന്മാർ പഠിപ്പിക്കുന്നതിനും സവ്കലാശാലയിലേക്കു ഒരു നിശ്ചിതതുക ഫീസായിക്കൊടുക്കണം.

ആക്സ്ഫോർഡ് ഒരുഗുരുകുലസവ്കലാശാലയാകയാൽ എല്ലാവിദ്യാർത്ഥികളും സവ്കലാശാലയുടെ അതിത്തിക്കുള്ളിൽ തന്നെ താമസിക്കണമെന്നുണ്ട്. മൈക്കേൽമസ്, ഹൈലാറി, ട്രിനിററി എന്നിങ്ങനെ കൊല്ലത്തിൽ മൂന്നു ടെറംുണ്ടു്. അക്ടോബർ മദ്ധ്യത്തിൽതുടങ്ങി എല്ലാപരീക്ഷകളും നടക്കുന്ന ജൂൻ പകുതിയാകുമ്പോഴേക്കാണു ഒരു വിദ്യാലയവർഷം അവസാനിക്കുന്നതു്. ഓരോടെറവും എട്ടാഴ്ചക്കാലമുള്ളതിൽ ആറാഴ്ചയെങ്കിലും സവ്കലാശാലയിൽ താമസിച്ചെങ്കിൽമാത്രമേ ഹാജർ ശരിയായി കണക്കാക്കപ്പെടുകയുള്ളൂ. കാളേജുകളിലോ സവ്കലാശാലയുടെ അനുവാദമുള്ള വസതികളിലോ മാത്രമേ താമസിക്കാൻപാടുള്ളൂ എന്നു നിർബ്ബന്ധമാണു്. നാൺ—കൊളീജിയററ് ഡെലഗസിയിലേയും, ആക്സ്ഫോർഡ് ഹോംസ്ററുഡൻറ്സ് സൊസൈററിയിലേയും, വിദ്യാത്ഥീവിദ്യാത്ഥിനികൾ ഇങ്ങനെ ലൈസൻസുള്ള കെട്ടിടങ്ങളിൽ മാത്രമേ താമസിക്കുന്നുള്ളൂ. യുദ്ധത്തിനുശേഷം പണ്ടെങ്ങുമില്ലാത്തവിധം വിദ്യാ

ത്ഥികൾ പെരുകിയതിനാൽ, കാളേജുകളിൽതന്നെ സ്ഥലമില്ലാതെ വരുകനിമിത്തം, ചില പഴയവിദ്യാത്ഥികളും ഇപ്രകാരം ചെയ്യുന്നു. കാളേജുകളിൽ താമസിക്കണമെങ്കിൽ ഓരോ ടെൎമ്മിലും വളരെ വലിയതുകകൾ കൊടുക്കണം. ഈ തുക ഓരോ കാളേജിലും, ഓരോ വിദ്യാത്ഥിയേസംബന്ധിച്ചും പലതായിരിക്കും. ഏററവും ചെലവുകൂടിയതു മഗ്ഡലൻകാളേജും ക്രൈസ്റ്റ് ചൎച്ചുകാളേജും ആണെങ്കിലും, അവിടെപ്പോലും, സാധാരണയിൽ പകുതി ചെലവുചെയ്യുന്ന മിതഭോഗികളായ ചില വിദ്യാത്ഥികൾ താമസിക്കുന്നുണ്ട്. വായുസഞ്ചാരമുള്ള മുറി, കളിമുറി മുതലായവയോടുകൂടിയ മററു താമസസ്ഥലങ്ങളിൽ, മൂന്നുതവണ ആഹാരം, ചായ, രണ്ടുമുറി, എന്നിവയ്ക്കു ആഴ്ചയിൽ രണ്ടുഗിനിയ്ക്കും മൂന്നുഗിനിയ്ക്കും മദ്ധ്യേ സാധാരണ ചെലവുവരുന്നതാണ്. സൽക്കാരവിനോദങ്ങൾ മുതലായവയെല്ലാം ഇതിനുപുറമേയാണെന്നുമാത്രമല്ല, അവയ്ക്കെല്ലാം വലിയതുകകൾ ചെലവാകയുംചെയ്യും. പഠിത്തമുള്ളകാലത്തു ആക്സ്ഫോർഡിലും, വെക്കേഷൻകാലത്തു കടൽതീരത്തും കഴിച്ചുകൂട്ടുന്ന ഒരു വിദ്യാത്ഥിക്കു സുഖജീവിതത്തിനു ആകപ്പാടെ എല്ലാത്തിനുംകൂടി ആണ്ടൊന്നുക്കു 400 പവനെങ്കിലും വേണ്ടിവരും. യൂറോപ്പിലെ സഞ്ചാരം, മദ്യം, സിഗററ്, ചുരുട്ടുമുതലായ ചെലവുകൾ പുറമേയായിരിക്കും. ഇവയിൽ, ഒരു ഭാരതീയവിദ്യാത്ഥിക്കു അവന്റെ മനസ്സിനെ വിശാലമാക്കണമെന്നുണ്ടെങ്കിൽ, യൂറോപ്പിലെ സഞ്ചാരം ഒഴിച്ചുകൂടാൻപാടില്ലാത്തതാണ്. എന്നാൽ പുകവലി, മദ്യസേവ, എന്നിവയ്ക്കായി എന്തെല്ലാം വാദാഭാസങ്ങൾ കൊണ്ടുവന്നാലും, അവ തീരെ അനാവശ്യമാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഇവയെ ഉപേക്ഷിക്കുന്ന ഭാരതീയനു ഇത്രത്തോളം ആരോഗ്യനാശകരമായ ഈ ശീലങ്ങൾ കൈവരുത്തിപ്പോയ അവന്റെ സഹോദരനെ അപേക്ഷിച്ചു ദൃഢതരമായ ആരോഗ്യവും ഹാനിതട്ടാത്ത ഒരു ധനകോശവും ഉണ്ടായിരിക്കും. ശൈത്യമേറിയ സ്ഥിതിയിൽ, ഉഷ്ണകാലത്തേക്കാൾ കൂടുതൽ മദ്യവും പുകയും ആവശ്യമില്ല. ശൈത്യകാലസ്ഥിതിയുടെ ഒരു ഗുണമെന്തെന്നാൽ, ഇവയുടെ ദോഷഫലങ്ങൾ ഉഷ്ണകാലസ്ഥിതിയിലുള്ളതിനേക്കാൾ കുറച്ചുമാത്രമേ പ്രകടമാകുന്നുള്ളു എന്നുള്ളതാണ്. ദുഷിച്ച സംസൎഗ്ഗശീലത്തിനല്ലാതെ മറെറാന്നിനും മദ്യാദികൾ ആവശ്യമില്ല. മദ്യധൂമാദികൾ ഉപേക്ഷിക്കുന്ന ഒരുവനെ ഇന്നു സാധാരണ ഇംഗ്ലീഷുകാരുടെ കൂട്ടത്തിൽ ഒരു കിറുക്കനായി കരുതുമെന്നുള്ളതു വാസ്തവംതന്നെ. അതേസംസ്കാരനിലയുള്ള ഇൻഡ്യാക്കാരുടെകൂട്ടത്തിൽ വെററിലമുറുക്കാത്തവനെയും അതുപോലെതന്നെ ഗണിക്കുന്നതാണ്. ഇതെല്ലാംകൊണ്ട്, ഒരുവൎഗ്ഗത്തിൽ ഭൂരിപക്ഷവും, അവരുടെ ദോഷങ്ങളെപ്പോലും

സ്നേഹിക്കുന്നു എന്നും മററുള്ളവർ അവരെ അനുഗമിക്കണമെന്നു വിചാരിക്കുന്നു എന്നും മാത്രമേ തെളിയുന്നുള്ളു. ഇംഗ്ലണ്ടിലെ ഇൻഡ്യാക്കാരുടെ ഇടയിൽ ഞാൻ പ്രത്യേകമായ ഒരുകാൎയ്യം മനസ്സിലാക്കി. ഇംഗ്ലണ്ടിൽ ചെന്നിറങ്ങിയതിനുശേഷം മദ്യപാനം തുടങ്ങിയവർ മിതമെന്നുള്ളതു എന്തെന്നറിയാൻവയ്യാത്തവിധം അതു ശീലിക്കയും, അപമാനകരമാംവണ്ണം നിലത്തുവീണുകിടന്നുകൊണ്ടു കെട്ടമദ്യവും, അതിലും കെട്ടഭാഷയും ഛർദ്ദിക്കുന്നതുവരെ കഴിവിൽക്കൂടുതലായി കുടിയ്ക്കുകയും ചെയ്തിരുന്നു. മററുതരത്തിൽ ചില നല്ലമനുഷ്യർ ഇത്തരം ലജ്ജാവഹമായ സ്ഥിതിയിൽ കിടക്കുന്നതു കണ്ടപ്പോൾ, ഇൻഡ്യയിൽ മദ്യനിരോധനത്തിൻെറ ആവശ്യം എൻെറ ഹൃദയത്തിൽ പതിഞ്ഞു. പക്ഷെ, തെങ്ങു, പന മുതലായ വൃക്ഷങ്ങൾ ലക്ഷക്കണക്കിനുള്ളതും, കള്ളു ചെത്താനുള്ള ഉപകരണങ്ങളായി ഒരു കുടവും കത്തിയും മാത്രം ആവശ്യമുള്ളതും ആയ ഒരു രാജ്യത്തു നിയമവിരുദ്ധമായ മദ്യവ്യവസായം ഇല്ലാതെ യഥാൎത്ഥമായ നിരോധനം നടപ്പിലാക്കാൻ കഴിയുമെങ്കിൽ അതു കൊള്ളാമെന്നും എനിക്കുതോന്നി. അതുകൊണ്ടുള്ള നികുതിക്കുറവിനെ പരിഹരിക്കുന്നതെങ്ങനെയെന്നുള്ള പ്രശ്നം മഹത്തരമെങ്കിലും, നീതിവിരുദ്ധമായ മദ്യവ്യവസായത്തെ തടയുന്നതിനെ അപേക്ഷിച്ചു നിസ്സാരമാകുന്നു. ഒരുകാലത്തു നാം ഇതിനെല്ലാം പോംവഴി കണ്ടുപിടിക്കും. പക്ഷെ അതിനുമുമ്പു തന്നെ, രാജ്യത്തിലെ ഒന്നാംതരം ധിഷണാശാലികൾ ഈ പ്രശ്നത്തിൻെറപ്രായോഗികഭാവത്തെപ്പററി നല്ലവണ്ണം അറിയാവുന്ന അബ്കാരിഉദ്യോഗസ്ഥന്മാരുമായിഒത്തുചേൎന്നു അതേപ്പററിതലകാഞ്ഞു ആലോചിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലണ്ടിൽ 95 ശതമാനം ആളുകളിൽകുറയാതെ മദ്യം ഉപയോഗിക്കുന്നുണ്ടെങ്കിലും, ഇൻഡ്യയിലെപ്പോലെ കുടിയന്മാർ പൊതുജനങ്ങളെ ഉപദ്രവിക്കുന്നില്ല. കുടിയന്മാരിൽ ഒരു ബഹുഭൂരിപക്ഷം അവരുടെ ആത്മനിയന്ത്രണം കൈവെടിയാത്തതും, അവർ വഴിപോക്കരെ കയ്യേററംചെയ്യുകയോ, ശകാരിക്കുകയോ ചെയ്യുന്നതിനെ തടയാൻ സദാ ജാഗരൂകരായ പോലീസുകാരുള്ളതും ആണു ഇതിനുകാരണം. കുടിച്ചു ക്രമക്കേടുപ്രവൎത്തിച്ചു എന്ന കുററം ചുമത്തപ്പെടുന്നവരോടു മജിസ്ട്രേട്ടുമാരും അല്പം കഠിനബുദ്ധികളായിരിക്കുന്നു. മദ്യവും, ചുരുട്ടും ഇംഗ്ലണ്ടിൽ വളരെ വിലക്കൂടിയിരിക്കുന്നു. എന്നുമാത്രമല്ല, അവയ്ക്കു ഇരയായിത്തീരുന്ന യുവാക്കളായ ഇടത്തരം ഇന്ത്യാക്കാരുടെ ചിരസ്ഥായിയായ പണഞെഴുപ്പത്തിനു അവ പ്രധാനകാരണങ്ങളുമാണു്.

ആക്സ്ഫോർഡിനെ ഒരു സൎവ്വകലാശാലാകേന്ദ്രമായിട്ടാണു ബാഹ്യലോകം അറിയുന്നതെങ്കിലും അതു തകൃതിയായി കച്ചവടം

നടക്കുന്ന ഗണ്യമായ ഒരു പട്ടണം കൂടിയാണ്. അതിന്റെ പേരിൽനിന്നുതന്നെ ആ സ്ഥലത്തു തെംസ് നദിക്കു കുറുകെയായി പ്രധാനമായ ഒരു തരണഘട്ടം ഉണ്ടായിരുന്നതായി കാണാം. ഇപ്പോൾ കച്ചവടത്തിന്റെ പകുതിയിലധികവും പ്രൊഫസറന്മാരും അണ്ടർഗ്രാഡ്‌വേററുകളുമായിട്ടാണു നടക്കുന്നതു്. ആക്സ്ഫോർഡിൽതന്നെ സർവ്വകലാശാലയിലുള്ളവരെ "ഗൗൺ" എന്നും പട്ടണവാസികളെ "ടൗൺ" എന്നുമാണു വിളിച്ചുവരുന്നതു്. പല നോട്ടീസുകളിലും "ഗൗണി"ന്റെയും "ടൗണി"ന്റെയും സാന്നിദ്ധ്യത്തെ ഒരുപോലെ ക്ഷണിക്കാറുണ്ടു്. ഇംഗ്ലണ്ടിൽ പണ്ടുണ്ടായിരുന്ന രാജാക്കന്മാർ "ഗൗണി"നു വിശേഷാവകാശങ്ങൾ നൽകിയിരുന്നതുകൊണ്ടു അവരാണു "ടൗണി"നേക്കാൾ പ്രാബല്യം കൂടുതലുള്ളവർ. സർവ്വകലാശാലയുടെ പരിധിക്കുള്ളിൽ, അതായതു കാൺമാക്സിലുള്ള നാഴികമണിയിൽനിന്നു മൂന്നു മൈലിനകത്തുള്ള സ്ഥലങ്ങളിൽ ഗൗണും ടൗണും തമ്മിലുള്ള എല്ലാ കേസുകളും വൈസ് ചാൻസലരുടെ കോടതിയാണു വിചാരണ ചെയ്യുന്നതു്. ആണ്ടുതോറും ഗൗണും ടൗണും തമ്മിൽ ഒരു പടകളി നടത്തുകയും അതിൽ ടൗൺ നിരന്തരമായി പരാജയപ്പെടുകയും ചെയ്യാറുണ്ടു്.

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സന്മാർഗ്ഗികവും ആയ ക്ഷേമത്തിൽ ആക്സ്ഫോർഡ് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ടു്. വള്ളംകളി, ഫുട്ട്ബാൾ, ക്രിക്കററു്, ഹോക്കി, ടെന്നിസ് മുതലായവ ശാരീരികമായ ആവശ്യങ്ങളെ നിറവേററുന്നു. ഇവയിൽ വിദ്യാർത്ഥികൾക്കു ഏററവും ഉത്സാഹമുള്ളതു വള്ളംകളിയിലാണു്. പുരുഷന്മാരായ അണ്ടർഗ്രാഡ്‌വേററുകൾക്കുള്ള ഓരോ സ്ഥാപനത്തിനും ഐസിസ് നദിയിൽ ഒരു വള്ളവും ഒന്നോ രണ്ടോ സെററു മത്സരക്കളിക്കാരും ഉണ്ടു്. പരിശീലനം വളരെ ക്ലേശകരവും പരിശീലിപ്പിക്കുന്നവർ നിർദ്ദാക്ഷിണ്യന്മാരുമാണു്. ഓരോ ടെറവും അവസാനിക്കുമ്പോൾ ബഹുശതം പ്രേക്ഷകരുടെ സാന്നിദ്ധ്യത്തിൽ വിവിധകാളേജു ടീമുകൾ തമ്മിൽ മത്സരക്കളി നടത്താറുണ്ടു്. ഓരോ വിദ്യാഭ്യാസവർഷത്തിന്റെയും അവസാനത്തിൽ, ജൂൺമാസത്തിൽ, വാർഷികമത്സരം നടത്തിയാണു ഓരോ വള്ളത്തിന്റെയും സ്ഥാനമുറ നിർണ്ണയിക്കുന്നതു്. ഈ മത്സരക്കളികൾ കാണാൻ ബഹുസഹസ്രം ജനങ്ങൾ കൂടാറുണ്ടു്. ഉദ്വേഗവും വളരെ തീവ്രമാണു്. ആണ്ടുതോറും ലണ്ടനിൽവച്ചു ആക്സ്ഫോർഡിലെയും കേംബ്രിഡ്ജിലെയും ടീമുകൾതമ്മിൽ മത്സരക്കളി നടത്തുകപതിവാണു്. പ്രാദേശികമായി ഐസിസ് എന്നു അറിയപ്പെടുന്ന തെംസ് നദിയിൽവച്ചാണു ആക്സ്ഫോർഡിലെ മത്സരിച്ചുള്ള വള്ളംക

ളി നടത്താറുള്ളതു്. ഉല്ലാസത്തിനുവേണ്ടി സ്ത്രീകളുൾപ്പെടെയുള്ള അണ്ടർഗ്രാഡ്വേറ്റുകൾ തെംസ് നദിയുടെ ചെറുതെങ്കിലും ആഴമുള്ള ഒരു പോഷകനദിയായ ചെർവെലിൽ തോണി കളിക്കുക പതിവാണു്. ചെർവെലിലും അപായങ്ങളില്ലാതില്ല. വീഡ് എന്നൊരുതരം ഉപദ്രവകരമായ നീർച്ചെടി അടിത്തട്ടിൽ വളരുന്ന ആഴമുള്ള ഒരു പുഴയാണു അതു്. മററു രണ്ടു ഇൻഡ്യാക്കാരുമായി ഞാൻ തോണികളിച്ചുകൊണ്ടിരിക്കുമ്പോൾ തോണി ഒരു കരയിലുള്ള മുള്ളിൽ ഉടക്കുകയും അതു വിട്ടുവിക്കുന്നതിനായി എൻെറ സ്നേഹിതന്മാർ രണ്ടും പെട്ടെന്നു ചാടിയെത്തുകയും ചെയ്തു. വള്ളത്തിൻെറ സമനില തെററുകയാൽ എല്ലാവസ്ത്രങ്ങളോടുംകൂടി ഒരു കല്ലുപോലെ ഞാൻ ആററിൽ വീണു. അതിശീതളമായ തണുപ്പിൽ നീന്തിക്കരപററാനല്ല, മലബാറിലുള്ള നദികളിലും കുളങ്ങളിലും ചെയ്യാറുള്ളതുപോലെ മുങ്ങി അടിയിൽനിന്നു കുറെ മണ്ണുവാരിക്കൊണ്ടുവരാനാണു എനിക്കു പെട്ടെന്നു തോന്നിയതെന്നുള്ളതാണു നേരംപോക്കു്. പക്ഷെ മണ്ണിനു പകരം ഞാൻ കണ്ടതു നീർച്ചെടികളായതുകൊണ്ടു ശ്വാസംമുട്ടുന്നതിനുമുമ്പു ഞാൻ പൊങ്ങി പെട്ടെന്നു ഞാൻ താമസസ്ഥലത്തുപോയി വസ്ത്രംമാറി ഒരു ഗ്ലാസ്സു ചൂടുള്ള ലെമനേഡ് കുടിച്ചുകൊണ്ടു ഉറങ്ങാൻപോയി. നേരം വെളുത്തപ്പോൾ എനിക്കു വളരെ സുഖംതോന്നി. ചെർവെലിലുള്ള അപായങ്ങളെല്ലാം ഇത്ര ശുഭപ്രദമായി പര്യവസാനിക്കാറില്ല. ഒരിക്കൽ, പുതുതായി വിവാഹം കഴിഞ്ഞ ഒരു പുരോഹിതൻ തൻെറ ഭാര്യയുമായി നദിയിൽ തോണികളിച്ചുകൊണ്ടിരുന്നു. തോണിയുടെ തുഴ ചെളിയിൽ തറച്ചുപോയി അതു വലിച്ചെടുക്കുന്നതിനുള്ള ശ്രമത്തിൽ നിർഭാഗ്യവാനായ ആ മനുഷ്യൻ നില തെററിമറിഞ്ഞു നദിയിൽ വീഴുകയും, നിസ്സഹായയായി വ്യസനപാരവശ്യത്തോടുകൂടി തോണിയിലിരുന്നിരുന്ന ഭാര്യയുടെ കൺമുമ്പിൽവച്ചുതന്നെ, നീർച്ചെടിയിൽ കുടുങ്ങി ജലമൃത്യു അടയുകയും ചെയ്തു. ആറു മണിക്കൂറിനുശേഷം ശവശരീരവും ഒരു നൂറാത്തൽ നീർച്ചെടിയുംകൂടി നദിയിൽനിന്നു വലിച്ചെടുത്തു. മറെറാരവസരത്തിൽ ഒരു ചെറുപ്പക്കാരൻ പുതുതായി വാങ്ങിയ ഒരു സൈക്കിളിൽ കയറി അതിവേഗത്തിൽ ഓടിച്ചുവരവെ നദിക്കു സമീപമുള്ള ഒരു വളവു തിരിയാൻ സാധിക്കാതെ സൈക്കിളോടുകൂടിത്തന്നെ നദിയിൽ വീണു. ഒരു മാന്യൻ നദിയിൽചാടി ആ യുവാവിനെ രക്ഷപ്പെടുത്തിയെങ്കിലും കോച്ചിവലിച്ചു അദ്ദേഹം പരലോകം പ്രാപിച്ചു. വള്ളംകളിയാണു അണ്ടർഗ്രാഡ്വേറ്റുകളുടെ പ്രിയമുള്ള വിനോദമെങ്കിലും ക്രിക്കററും ഫുട്ബാളും ടെന്നിസും വളരെ പ്രചാരമുള്ളവയാണു്. ഓക്സ്ഫോർഡും കേംബ്രിഡ്ജും തമ്മിൽ ആ

ണ്ടുതോറും ക്രിക്കററുമാച്ചും ടെന്നിസ്സുമാച്ചും നടത്താറുണ്ട്. ട്യൂട്ടർമാരും ലക്ച്ചറർമാരും കായികവിനോദങ്ങളിൽ വിദ്യാൎത്ഥികളെ പ്രേരിപ്പിക്കയും പലപ്പോഴും അവക്കു പരിശീലനം നൽകുകയും ചെയ്യുന്നു എന്നുള്ളതാണു ആക്സ്ഫോർഡിലെ ഒരു പ്രത്യേകത. നമ്മുടെ ട്യൂട്ടറന്മാരും, ലെക്ചറർമാരും, അവരുടെ ആക്സ്ഫോർഡ് ഭ്രാതാക്കളും തമ്മിൽ ഇവിടെ ഒരു വ്യത്യാസം കാണുന്നു. നമ്മുടെ റ്റ്യൂട്ടറന്മാരും മററും കളികളിൽ പങ്കുകൊള്ളുന്നില്ലെന്നു തന്നെയല്ല, അവയിൽ പങ്കുകൊള്ളുന്നതിൽ അവർ വിദ്യാൎത്ഥികളെ ജാഗ്രതയായി ഭഗ്നോത്സാഹരാക്കാതിരുന്നാൽ ഭാഗ്യമെന്നേ കരുതണ്ടതുള്ളു. എന്നാൽ ഇതെല്ലാം മാറിവരുന്നുണ്ട്. ആക്സ്ഫോർഡിലെ അണ്ടർഗ്രാഡ്വെററുകളിൽ കളികളിൽ പങ്കുകൊള്ളാതിരിക്കുന്നവർ എത്രതന്നെ ഉയർന്നതരത്തിൽ പരീക്ഷജയിച്ചാലും, അവർ നിന്ദിക്കപ്പെടുകയാണു ചെയ്യുന്നത്. സാധാരണമായി കളികൾ പഠിത്തത്തിനു് ഒരു ബാധകമായിരിക്കുന്നില്ല. പക്ഷെ, "ബ്ളൂസ്" എന്നറിയപ്പെടുന്ന കളികളിൽ ഒന്നാമന്മാർ അവയ്ക്കുവേണ്ടി വളരെ സമയം ചെലവഴിക്കുന്നതുമൂലം പരീക്ഷാവിഷയകമായി പരുങ്ങലിലായെന്നു വരാവുന്നതാണു്. കളികൾ ആക്സ്ഫോഡുവിദ്യാൎത്ഥികളുടെ ശരീരഘടനയെ ദൃഢമാക്കുന്നതുകൂടാതെ, ന്യായമായ പെരുമാററം, ഒത്തൊരുമിച്ചുള്ള കൃത്യനിർവഹണം, ആത്മവിശ്വാസം, ദുർഘടനിവാരണത്തിനുള്ള മനസ്സാന്നിദ്ധ്യംഎന്നിവ അവരെ അഭ്യസിപ്പിക്കുകയും ചെയ്യുന്നു.

മാനസികമായി പറയുകയാണെങ്കിൽ, അത്യന്തമായ ധിഷണാസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്ന പഴയകാലങ്ങളിൽ, വിശേഷിച്ച് മതപുരോഹിതന്മാർ, അഭിപ്രായപ്രകടനശ്രമങ്ങളെ അടിച്ചമത്തിയിരുന്നെങ്കിലും ഇന്നു അന്യൂനമായ സ്വാതന്ത്ര്യമാണുള്ളത്. ട്യൂട്ടറന്മാർപോലും നിസ്സങ്കോചമായ വാദപ്രതിവാദത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നുമാത്രമല്ല, അവർ പറയുന്നതെല്ലാം അനുസരണഭാവത്തിൽ സമ്മതിച്ചുകൊണ്ടിരിക്കുന്നവരെപ്പററി നിരാശരായിത്തീരുകയും ചെയ്യുന്നു. മീററിംഗിലും, അസോസിയേഷനിലും വിദ്യാൎത്ഥികൾക്കു തോന്നുന്നതു പറയാൻ അനുവദിക്കപ്പെട്ടിട്ടുണ്ടു. ആക്സ്ഫോർഡ് യൂണിയനാണു ഇത്തരം അസോസിയേഷനിൽ മഹത്തമമായുള്ളതു. അതിൻെറ വിശാലമായ മുറികളിൽ നിർബാധവും, സംപൂൎണ്ണവും ആയി എല്ലാവിഷയങ്ങളെപ്പററിയും വാദപ്രതിവാദം നടക്കുന്നു. ഇംഗ്ലണ്ടിലെ ഏററവും പ്രസിദ്ധരായ ചില രാഷ്ട്രീയവാദികളും, വാഗ്മികളും അവരുടെ ആഗ്നേയമായ മാമൂസാ മുങ്ങയത്തു ഇവിടെയാകുന്നു: ഒരു സാമാന്യം വമ്പിച്ച ഫിസോട്ടുകൂടി സൎവകലാ-

ശാലയിലെ എല്ലാമെമ്പറന്മാക്കും ഇതിൽ അംഗങ്ങളായി ചേരാവുന്നതാണു്. ചുരുക്കം ചില നിസ്സാരവ്യത്യസ്തങ്ങൾ ഒഴിച്ചു ബാക്കി ആക്സ്ഫോർഡിലെ സകല ഇൻഡ്യാക്കാരെയും ഉൾപ്പെടുത്തുന്ന ആക്സ്ഫോർഡ് മജ്‌ലിസ് എന്നൊരു അസോസ്സ്യേഷൻ ഇൻഡ്യാക്കാൎക്കു സ്വന്തമായുണ്ടു്. മജ്‌ലിസ് എന്ന പേരു പേഴ്സ്യൻഭാഷയിലുള്ളതാണു്. ഒരു വിശേഷപ്പെട്ട കാരണത്താലാണു് അതു സ്വീകരിക്കപ്പെട്ടതും. ഈ അസോസ്സ്യേഷൻ തുടങ്ങിയപ്പോൾ അതിന്റെ ഹൈന്ദവോൽക്കൎഷകന്മാർ ചിഹ്നമായി ഒരു താമരയും, മുദ്രാവാക്യമായി, ദേവനാഗരിലിപികളിൽ, പ്രസിദ്ധമായ "വന്ദേമാതര"വും തിരഞ്ഞെടുത്തു. അവരുടെ മുസ്ലിംസഹപ്രവൎത്തകന്മാർ അല്പം കുഴങ്ങുകയും, ഇവ എവിടെനിന്നു വന്നെന്നു അറിയുവാൻ ആഗ്രഹിക്കുകയും ചെയ്തു. അപ്പോഴത്തേ "ഉടൻ ബുദ്ധി"യുള്ള ഹിന്ദുക്കൾ അസോസ്സ്യേഷനെ മജ്‌ലിസ് എന്ന പേർവിളിക്കണമെന്നു സമ്മതിച്ചു. അങ്ങനെ മുസ്ലിങ്ങളെ പ്രീണിപ്പിക്കയുണ്ടായി. ഇതു ലക്നൌവിൽവച്ചു നടന്ന ഹിന്ദുമുസ്ലീം ഉടമ്പടിയ്ക്കു വളരെ മുമ്പാണു — അതായതു: ഇരുകൂട്ടർക്കും സമ്മതമായ അനൗദ്യോഗികരഞ്ജനയ്ക്കു വക നൽകാതിരിക്കത്തക്കവണ്ണം ഹിന്ദുമുസ്ലീം ഭിന്നതയെ അത്രമാത്രം പറഞ്ഞു പരത്തുന്നതിനുംമുമ്പു. മജ്‌ലിസ്സിൽ കേവലമായ വാദപ്രതിവാദസ്വാതന്ത്ര്യമാണുള്ളതു്. അത്രതന്നെയുമല്ല, ഒരു പക്ഷെ വെറും സ്വാഭാവികമായിത്തന്നെയായിരിക്കാം, അതിർകടന്ന അഭിപ്രായങ്ങൾ ഹസ്തതാഡനഘോഷങ്ങളുടെ ഇടയിൽ പലപ്പോഴും പ്രകടമാകയും ചെയ്യുന്നുണ്ടു്. കേംബ്രിഡ്ജിലും ഒരു മജ്‌ലിസ് ഉണ്ടു് ലണ്ടനിലും,എഡിൻബറോയിലും ഇൻഡ്യൻഅസോസ്സ്യേഷനാണുള്ളതു്. ആക്സ്ഫോർഡ യൂണിയൻ, മജ്‌ലിസ് എന്നിവകൂടാതെ, * മനുഷ്യശാസ്ത്രസംബന്ധമായ അസോസ്സ്യേഷൻ, ലോട്ടസ് ക്ലബ്ബ് എന്നിങ്ങനെ മററു പല അസോസ്സ്യേഷനും ആക്സ്ഫോർഡിൽ ഉണ്ടു്. ഓരോ കാളേജിലും പല അസോസ്സ്യേഷനും ഉണ്ടായിരിക്കുന്നതുമാണു്.

സാന്മാൎഗ്ഗികമായ് ആക്സ്ഫോർഡ് അതിന്റെ വിദ്യാൎത്ഥികൾക്കുവേണ്ടി മൂന്നു തരത്തിലാണു കരുതൽ ചെയ്യുന്നതു്. തത്വചിന്താഭ്യസനം, ലക്ചറന്മാരും വിദ്യാൎത്ഥികളും തമ്മിലുള്ള ഗുണകരമായ പെരുമാററം, സന്മാൎഗ്ഗവിലോപികളെ വേട്ടയാടപ്പിടിച്ചു

* മനുഷ്യൻ ലോകത്തിൽ ആവിർഭവിച്ച കാലംമുതൽ ഇന്നുവരെയുള്ള അവന്റെ ശാരീരികവും മാനസികവും ആയ ഘടന, സ്വഭാവം അവന്റെ വർഗ്ഗം എന്നിവയുടെ ചരിത്രമാണു് ഇവിടെ മനുഷ്യശാസ്ത്രമെന്നു പറഞ്ഞതു്.

വേണ്ടവിധം ശിക്ഷിക്കുന്നതിനായി പ്രൊക്ടറരന്മാരെയും "ബുൾംപട്ടി"കളേയും ഏല്പെടുത്തുന്ന പതിവു എന്നിവയാണു് ആ മൂന്നുരീതികൾ. യുദ്ധാനന്തരം, പഠനകാലം ചുരുക്കിയ സമ്പ്രദായമനുസരിച്ചു പഠിക്കാൻ വന്ന പല വിദ്യാർത്ഥികളും യുദ്ധംചെയ്തിരുന്നവരായിരുന്നു. തന്നിമിത്തം അവർ ക്ലാസ്സ്സമയം, കൂട്ടുകാർ മുതലായ സംഗതികളെപ്പററിയുള്ള സർവകലാശാലയുടെ ചട്ടങ്ങൾ അത്ര എളുപ്പം അനുസരിച്ചില്ല. എന്നു മാത്രമല്ല, അവർ എപ്പോഴും ന്യായത്തിനു കീഴടങ്ങിയുമില്ല. അങ്ങനെ ആക്കാലം പ്രൊക്ടറരന്മാർക്കും, "ബുൾംപ്പട്ടി"കൾക്കും വളരെ വിഷമമേറിയ ഒന്നായിരുന്നു.

പഠനകാലത്തു വിദ്യാർത്ഥികൾ സാധാരണയായി ആക്സ്ഫോർഡിൽ തന്നെ താമസിക്കുകയും മൂന്നു വെക്കേഷൻകാലങ്ങളിലും അവർ സ്വഗൃഹങ്ങളിലൊ ഇംഗ്ലണ്ടിൻെറ തെക്കേതീരത്തുള്ള സുഖവാസസ്ഥലങ്ങളിലൊ, യൂറോപ്പിലോ പോവുകയും ചെയ്യുന്നു. എൻെറ ആദ്യവെക്കേഷൻകാലത്തു് ഞാൻ ബൂൺമത്തിലും മററു ചില വെക്കേഷൻ കാലങ്ങളിൽ ടാർകേ, സൗത്ത്സീ, ബ്രൈററൺ എന്നീ സ്ഥലങ്ങളിലും പോവുകയുണ്ടായി. ഈ സ്ഥലങ്ങളെല്ലാം സുഖാനുഭോഗത്തിനുവേണ്ടി തയാറാക്കിയിട്ടുള്ളതാണെന്നുതന്നെയല്ല അവയെല്ലാം സുഖാന്വേഷികളാൽ നിബിഡമായിരിക്കയും ചെയ്യുന്നു. ചാറബാങ്കു് എന്ന വാഹനം എല്ലാവഴിക്കും ഓടിക്കൊണ്ടിരിക്കുന്നു. ഓരോ വാരാവസാനവും പ്രസന്നമായ സുഖാന്വേഷിസംഘങ്ങളുടെ എണ്ണം കൂടിവരികയും ചെയ്യുന്നു. ലണ്ടനിലെയൊ ഓക്സ്ഫോർഡിലെയൊ രസശൂഷ്കമായ ജീവിതത്തിൽനിന്നുള്ള ഒരാശ്വാസമെന്ന നിലയിൽ അതു് ഒന്നാംതരമാണു്. പക്ഷെ ഈ സമുദ്രതീരസുഖവാസസ്ഥലങ്ങളിലൊന്നിൽ ദീർഘകാലം താമസിക്കുന്നതു ഒരുതരത്തിലും നല്ലതല്ല. ഒരു മാററത്തിനുവേണ്ടി ഇംഗ്ലണ്ടിലെ അനേകം ആളുകൾ ഇവിടെ വരുകയും അതുകൊണ്ടു അത്യധികം ഗുണപ്പെടുകയും ചെയ്യുന്നു. രമണീയമായ ആരാമങ്ങൾ, നടവഴികൾ, കുന്നുകളോടു കൂടിയ ഭൂരംഗത്തിൻെറ കാഴ്ച എന്നിവയെല്ലാം ഓരോ സുഖവാസസ്ഥലത്തും ഉണ്ടു്. പലതരത്തിലുള്ള താമസസ്ഥലങ്ങൾ ഹോട്ടലുകൾ മററു വസതികൾ എന്നിവയുടെ എണ്ണമില്ലതാനും. ബൂൺമത്തിൽനിന്നു ഞാൻ ക്രൈസ്റ്റ്ചർച്ചിലേക്കും ന്യൂഫാറസ്റ്റിലേക്കും പോയി. എഡ്വേർഡ് ദി കൺഫെസ്സർ എന്ന പഴയ ഒരു രാജാവിൻെറ കാലത്തുള്ള ഒരു പ്രാചീനമായ പള്ളി ബൂൺമത്തിൽ ഉണ്ടു്. ന്യൂഫാറസ്റ്റിൽ ചില വമ്പിച്ച ഓക്ക് മരങ്ങളുണ്ടെങ്കിലും ഫാറസ്റ്റ് (വനം) എന്നതിനെ നാം ഇൻഡ്യയിൽ മനസ്സി

ലാക്കുന്ന അൎത്ഥത്തിൽ അതൊരുവനമല്ല. പശ്ചിമഘട്ടങ്ങളിലു
ള്ള ഒരുവനത്തേക്കാൾ കൂടുതലായി അതു നിലനൂരുള്ള ഒരു തോട്ടം
പോലെ ഇരിക്കുന്ന രസികൻ വൃക്ഷക്കൂട്ടമാകുന്നു. * വില്യംറൂഫസി
നെ കൊന്നസ്ഥലം ഞാൻ സന്ദൎശിച്ചു ഞാൻ ന്യൂഫാറസ്ററിൽ
നടന്ന ആ അവസരം മുഴുവനും മേരിയററു എന്ന ഗ്രന്ഥകാരന്റെ
"ചിൽഡ്റൺ അഫ് ദി ന്യൂഫാറസ്റ്റ് (ന്യൂഫാറസ്റ്റിലെകുട്ടികൾ) എ
ന്ന കൃതിയെ അനുസ്മരിച്ചുകൊണ്ടിരുന്നു. ടാർകേയിൽനിന്നും ഞാൻ
ഹീതർ(ഒരുതരം പാഴ്ച്ചെടി) നിറഞ്ഞ അതിവിസ്തൃതവും വിജ
നവും ആയ ഡാർട്ട്മൂർ എന്ന ഒരു സ്ഥലത്തേക്കുപോയി. അതെ
ന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു അവിടെ കാണുന്ന
"കുററക്കാരുടെ താമസസ്ഥലം" മ്ലാനതയും വിരസതയും നിറഞ്ഞ
ആ അന്തരിക്ഷത്തിനു വളരെ യോജിക്കുന്ന ഒന്നാണു്. സൗത്ത്സീ
യിൽനിന്നു് ഞാൻ കപ്പൽ കയറുകയും പോർട്ട്സ്മത്തിൽ ന
ങ്കൂരമിട്ടുകിടക്കുന്ന ചില യുദ്ധക്കപ്പലുകളെ അടുത്തു കാണുകയും ചെ
യ്തു. ഞാൻ പോയ അവസരത്തിൽ സൗത്ത്സിയിൽ ഒരു ചന്ത
നടക്കുന്നുണ്ടായിരുന്നു. ഈ ചന്തകളിൽ കൂടുതൽ വിനോദമാണു് ക
ച്ചവടമല്ല നടന്നുകൊണ്ടിരിക്കുന്നതു്. ഇവ മദ്ധ്യകാലങ്ങളുടെ ഒരു
അവശിഷ്ടമാകുന്നു. ഞാൻ ചെന്നപ്പോൾ ഒരുവൻ നെപ്റ്റ്യൂണി
ന്റെ വേഷം കെട്ടി അഭിനയിക്കുകയായിരുന്നു. ഇങ്ങനെയുള്ള
ചന്തകൾ ഇംഗ്ലണ്ടിലാകപ്പാടെ ധാരാളമായുണ്ടു്. ആക്സ്ഫോർ
ഡിൽ സെൻറുജൈൽസ് ചന്ത എന്നൊരു ചന്തയാണുള്ളതു്. അതു
രണ്ടുരാത്രി ഉണ്ടായിരിക്കുമെന്നുതന്നെയല്ല, ചുററുപാടുമുള്ള സ്ഥലങ്ങ
ളിൽ നിന്നെല്ലാം വലിയ ജനക്കൂട്ടങ്ങളെ ആകർഷിക്കയുംചെയ്യുന്നു.
രാത്രിയിൽ പെൺകുട്ടികൾ യുവാക്കന്മാരുടെ മുഖത്തു പൗഡർ തേ
യ്ക്കുകയും, യുവാക്കന്മാർ പകരം അവരെ ചുംബിക്കുകയും ചെയ്യുന്നു
എന്നതാണു് ഈ ചന്തയുടെ വിശേഷപ്പെട്ട ഒരു പ്രത്യേകത. ഒ
രു സഞ്ചാരംകഴിഞ്ഞു വെക്കേഷനുശേഷം ആക്സ്ഫോർഡിൽ തി
രിച്ചുവരുന്ന ഒരു വിദ്യാൎത്ഥി രണ്ടാമതു പഠനം തുടങ്ങാൻ തയ്യാറായും,
നവോന്മേഷത്തോടുകൂടിയും ഇരിക്കുന്നതായി സ്വയം അനുഭവപ്പെടു
ന്നതാണു്. കൈവിട്ടുകളഞ്ഞ പലകാൎയ്യങ്ങളുടെയും ഒരു നികേതന
മാണു് ആക്സ്ഫോർഡ് എന്നും, നിരാശാജനകമാംവണ്ണം അതുയാ
ഥാസ്ഥിതികമായിരിക്കുന്നു എന്നും മുദ്രയടിക്കപ്പെട്ടിരിക്കുന്നെങ്കിലും,

---

* വില്യംറൂഫസ് ഇംഗ്ലണ്ടിലെ പ്രബലനും ദുഷ്ടനും ആയ ഒരു രാജാവായിരുന്നു. എ. ഡി: 1056 മുതൽ 1100വരെ ഇംഗ്ലണ്ടിനെ ഭരിച്ചു. ഒടുവിൽ ന്യൂഫാറസ്ററിൽ വേട്ടയാടി നടന്നപ്പോൾ ഒരു അസ്ത്രംനെഞ്ചിൽ തറച്ചു അദ്ദേഹം മരിച്ചു. കൂടെ ഉണ്ടായിരുന്നവരുടെ ലാക്കുതെററി അമ്പു യദൃച്ഛയാ അദ്ദേഹത്തിന്റെ മാറിൽ കൊണ്ടതാണെന്നും, അതല്ല അവർ മനഃപൂൎവ്വം അദ്ദേഹത്തെകൊന്നതാണെന്നും പറയപ്പെടുന്നു.

ഈ കല്പ്രസിദ്ധി, അതിന്റെ ഇന്നത്തെ ഒരു വിവരണമാകുന്നില്ല; നേരേമറിച്ച അത്ല ആക്സ്ഫോർഡിന്റെപൂർവ്വചരിത്രത്തിൽനിന്നും ഉണ്ടായതാണു്. പ്രാതീപികമായ ആക്സ്ഫോർഡ് പരീക്ഷകളേയും, ബിരുദങ്ങളെയും സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം പ്രത്യേകതകൾ അനുവദിക്കുമ്പോൾ, വിപ്ലവപരമെന്നു പറയപ്പെട്ടുന്ന കേംബ്രിഡ്ജ് അവയ്ക്കു വിരുദ്ധമായി ഉദർജ്ജിതമായി പോർ നടത്തുന്നു എന്നുമാത്രമല്ല, അവിടെയും ഈ പ്രത്യേകാവകാശങ്ങൾ അനുവദിക്കണം എന്നുള്ള നിർദ്ദേശം ഉണ്ടായപ്പോഴേക്കു ചില വിദ്യാർത്ഥികൾ ഒരു ലഹള ഉണ്ടാക്കുകപോലും ചെയ്തു.

പഴന്തുണികൊണ്ടും മററും വേഷം കെട്ടിക്കുക എന്നനേരമ്പോക്കു ഇപ്പോഴും വിദ്യാർത്ഥികളുടെ ഇടയിൽ സാധാരണമാണു്. എന്നാൽ ഈ നേരമ്പോക്കിനു പലപ്പോഴും ഇരയായിത്തീരുന്നവർ പുതിയതായി കാളജിൽ ചേർന്നവരായിരിക്കും. ഇതു സാധാരണ നിർദ്ദോഷമായ ഒരു പ്രായോഗികവിനോദമാണെങ്കിലും, ചീത്തപറയുന്നതിൽ താല്പര്യമുള്ള ഒരു പരദൂഷകനെ പതിരായ്ക്കു കുളത്തിൽ മുക്കി കീലടച്ച (ടാർതേച്ച) തുവലുകളും മററുംകൊണ്ടു വേഷം കെട്ടിച്ചപ്പോഴത്തേപ്പോലുള്ള ചില സന്ദർഭങ്ങളിൽ അതു ചട്ടസ്വഭാവത്തിന്റെ അതിർ കടന്നുപോകാറുണ്ടു്.

വിദേശീയരോടു, വിശേഷിച്ച ഇന്ത്യാക്കാരോടു, ആക്സ്ഫോർഡിൽ മര്യാദകാണിക്കുന്ന ഒരു പഴയ സ്വഭാവമുണ്ടു്. ഒരു ദിവസം ഇംഗ്ലീഷുചരിത്രത്തെപ്പററിയുള്ള മൂലരേഖകളെക്കുറിച്ചു്, ഞാനും വേറെ ൭ ഇംഗ്ലീഷുകാരും ഒരുമിച്ചു, ഞങ്ങൾ കൊണ്ടുചെല്ലുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന പാഠ്യപുസ്തകങ്ങളൊന്നും കൂടാതെ ഒരു പ്രസംഗം കേൾക്കുകയായിരുന്നു. ഞങ്ങളെല്ലാം അടുത്തിരുന്നവരുടെ പുസ്തകങ്ങളിൽതന്നെ കുനിഞ്ഞുകിടന്നുനോക്കിക്കൊണ്ടിരുന്നെങ്കിലും, പ്രാസംഗികൻ ഒരൊററ നോട്ടംകൊണ്ടു് ഞങ്ങളെ കണ്ടുപിടിച്ചു. ആ ൭ ഇംഗ്ലീഷുകാരേയും പേരു പറഞ്ഞുവിളിച്ചു അദ്ദേഹം ക്ലാസിനു വെളിയിലാക്കിയെങ്കിലും, എനിക്കും പുസ്തകമില്ലെന്നറിഞ്ഞിട്ടും ഞാൻ വെളിയിൽപോകാൻ അദ്ദേഹം പറഞ്ഞില്ല. "പുസ്തകമില്ലാത്തവരെല്ലാം ക്ലാസ്സിനു വെളിയിൽ പോകണം" എന്നു അദ്ദേഹം പറഞ്ഞിരുന്നെങ്കിൽ ഞാനും അങ്ങനെ ചെയ്യുമായിരുന്നു. അദ്ദേഹം പ്രത്യേക ഉദ്ദേശത്തോടുകൂടിതന്നെയാണു് പേർ പറഞ്ഞുവിളിച്ചതു്. അദ്ദേഹത്തിനു അപ്പോൾ എന്നെ അറിയാൻ പാടില്ലായിരുന്നു. അതിനാൽ എന്നോടു പ്രത്യേകാനുകൂല്യം കാണിച്ചതു് എന്റെ ദേശവ്യത്യാസംകൊണ്ടാണു. പക്ഷേ ഞാൻ ഒരു പാഠം പഠിച്ചെന്നുമാത്രമല്ല, പിന്നൊരിക്കലും പുസ്തകമില്ലാതെ എന്നെ അവിടെ എ

ങ്ങും കണ്ടിട്ടില്ലാ എന്നു പറഞ്ഞാൽ മതിയല്ലോ. കൂടാതെ, മജ്‌ലിസിന്റെ ആഭിമുഖ്യത്തിൽ ബെട്രാൻഡ്‌റസ്സൽ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ തത്വങ്ങളേയും അതികഠിനമായി വെറുക്കുകയും, ആക്സ്ഫോർഡിൽ വരുന്നതിൽ നിന്നു അദ്ദേഹത്തെ തടയണമെന്നുപോലും വിചാരിക്കയും ചെയ്തിരുന്ന ഇംഗ്ലീഷു ബിരുദധാരികളുടെ ഗണ്യമായ ഒരു വിഭാഗം മീററിംഗിനെ ഉപദ്രവിക്കാൻ യാതൊന്നും ചെയ്തില്ല. (മജ്‌ലിസ് ഇന്ത്യാക്കാരുടെ വകയായിരുന്നതുകൊണ്ടാണു് ഇംഗ്ലീഷുബിരുദധാരികൾ അങ്ങിനെ ചെയ്യാതിരുന്നതു എന്നോക്കണം) എന്നാൽ അതേ പ്രശസ്തനായ വിജ്ഞാനി തൊഴിലാളികക്ഷിയിലെ ഇംഗ്ലീഷുബിരുദധാരികളുടെ ആഭിമുഖ്യത്തിൽ പ്രസംഗിച്ചപ്പോൾ, എതിർ കക്ഷിക്കാർ ധാരാളമായി അവിടെ കയറി ഒരു വലിയ ലഹള ഉണ്ടാക്കുകയും, അതു ഒടുവിൽ ഒരു തടവററ പോരടിയായി പര്യവസാനിക്കയും ചെയ്യുകയാണുണ്ടായതു്. നാം ഭ[illegible]ടാത്ത വിദേശികളെപ്പററി ഇത്രമാത്രം ബഹുമാനം നാം പ്രദർശിപ്പിക്കുമെന്നു നിഷ്കളങ്കമായി ഇന്ത്യാക്കാരായ നമുക്കു പറയാൻ കഴിയുമോ? ഈ തരം രണ്ടുദാഹരണം കൂടി ഉദ്ധരിച്ചുകൊള്ളട്ടെ. ഒരിക്കൽ മജ്‌ലിസിൽ നിന്നു തിരിച്ചുവരുമ്പോൾ രാത്രി മണി പതിനൊന്നരയായിരുന്നു. എനിക്കു എന്റെ വസതിയിലേക്കു രണ്ടര മൈൽ സൈക്കിൾ ചവിട്ടേണ്ടതായും വന്നുകൂടി. വഴിയിൽ സൈക്കിൾ പഞ്ചറാകുകയും, എന്തുചെയ്യേണ്ടു എന്നറിയാതെ ഞാൻ കുഴങ്ങുകയും ചെയ്തു. ഞാൻ സൈക്കിൾ പഠിച്ചുതുടങ്ങിയേ ഉള്ളായിരുന്നതിനാൽ, മുൻചക്രത്തിലെ ടയർ ഒട്ടിപ്പോയിരുന്ന വണ്ടി തള്ളിക്കൊണ്ടുപോകാനും വിഷമമായിരുന്നു. ഒന്നേമുക്കാൽമൈൽ അതു ചുമന്നുകൊണ്ടുപോകുന്നതിനെപ്പററി ചോദിക്കാനുമില്ല. അതുവഴി പോയ ഒരു ഇംഗ്ലീഷുകാരൻ എന്റെ വിഷമതകണ്ടു ഔദാര്യപൂർവ്വം ഒരു മൂന്നുഫർലാംഗ്ദൂരം സൈക്കിൾ തള്ളി സെന്റ്ജാൺസ് കാളജിൽ കൊണ്ടുവരുകയും, അവിടെ ഒരു സ്നേഹിതന്റെ സ്ഥലത്തു ഞാൻ അതു സൂക്ഷിക്കുകയും ചെയ്തു. ഞാൻ തിരിച്ചുവരുംമുൻപു എന്നെക്കൊണ്ടു വീണ്ടും നന്ദിപറയിക്കാൻ നില്ക്കാതെ അയാൾ കടന്നുകളഞ്ഞു. പിന്നീടൊരിക്കൽ, ഞാനും ഒരു ഇൻഡ്യൻസ്നേഹിതനുംകൂടി ആക്സ്ഫോർഡിനടുത്തുള്ള ഒരു നാടൻഗ്രാമത്തിൽകൂടി സൈക്കിൾ ഓടിച്ചുപോകുമ്പോൾ, സ്നേഹിതൻ താഴെ വീണു ചില പരുക്കുകൾ ഏററു. അടുത്തുണ്ടായിരുന്ന ഒരു സ്ത്രീ അയാളെ വീട്ടിൽകൊണ്ടുപോയി കട്ടിലിൽകിടത്തി, പരുക്കുകൾ കെട്ടി, ചായ കൊടുക്കുകയും, എനിക്കും അതിൽ കുറെ തരുകയും ചെയ്തു. ആ സ്ത്രീയെ ഞങ്ങൾ അറിയുകയില്ലായിരുന്നു. അവൾ ഒരു തരത്തിലും അത്ര സമ്പന്നയുമല്ലായിരുന്നു.

ഇതുകൊണ്ടൊന്നും ആക്സ്ഫോർഡിൽ നിറത്തെ പററിയുള്ള സ്വദ് ഇല്ലെന്നു അത്ഥമാക്കണമെന്നില്ല. അതു വളരെ കുറവായിട്ടേ ഉള്ളു. പക്ഷെ അതു അത്യധികമായുള്ളതു് പെൻഷൻപററിയ ഒരു തരം ആംഗ്ലേന്ത്യന്മാരുടെയും, അവരുടെ കൂട്ടക്കാരുടേയും; മി ഹോറേഷ്യോബാട്ടംലിയുടെ സ്വാധീനശക്തിയിൽ പെട്ടവരുടേയും ഇടയിലാണു്. ഒരുദിവസം ഒരു സ്നേഹിതനു താമസിക്കാൻ ഒരു സ്ഥലം വേണ്ടിവന്നു. ആക്സ്ഫോർഡിൻെറ നട്ടറിൽ താമസക്കക്ക് ബോർഡിംഗ്ഹൗസ് (താമസസ്ഥലം) ഉണ്ടെന്നു പരസ്യംചെയ്യുന്ന ഒരു പലക (ബോർഡ്) ഞങ്ങൾ കണ്ടു. ഒരു മണിയടിച്ചപ്പോൾ സ്ഥലം ഉടമസ്ഥയായ സ്ത്രീ മുകളിലത്തെ നിലയിലുള്ള ജനാലയിൽക്കൂടി തല വെളിയിലേക്കു നീട്ടി ഞങ്ങൾ കറമ്പന്മാരാണെന്നുകണ്ടു്, ആ മുറികളെല്ലാം വേറെ ആളുകൾ എടുത്തുപോയെന്നു് ഞങ്ങളെ അറിയിക്കാൻ വേലക്കാരിയെ പറഞ്ഞയച്ചു അവരുംകൂടി താഴെ വന്നു ആ പലക എടുത്തുകളഞ്ഞിട്ടു്, "നിങ്ങൾ ഒരു ദിവസം താമസിച്ചുപോയി" എന്നു ഞങ്ങളോടു വ്യസനിച്ചുപറഞ്ഞുകൊണ്ടു് നിഷ്കളങ്കതയുടെ ഒരു ചേതോഹരസ്മിതം തൂകി. ഞങ്ങൾക്കു സംശയംതോന്നാതിരുന്നില്ലെന്നു മാത്രമല്ല പിറേറദിവസവും ആ വഴി പോകയും ചെയ്തു. ഞങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലെ പലക പിന്നെയും അവിടെ വച്ചിരുന്നു. ഞങ്ങൾ മണിയടിച്ചു. താഴത്തെനിലയിൽതന്നെയുണ്ടായിരുന്ന ആ പാവപ്പെട്ട സ്ത്രീ ഞങ്ങളെ തീരെ പ്രതീക്ഷിക്കാതെ വാതൽതുറന്നുനോക്കിയപ്പോൾ ഞങ്ങളെത്തന്നെ കണ്ടു പരിഭ്രാന്തയായി. "മററു നിറക്കാരായ മാന്യന്മാരെ താമസിപ്പിക്കുന്നതിൽ അന്യർ വിരോധം ഭാവിക്കുന്നു. അല്ലാതെ എൻെറ കുററമല്ല" എന്നു അവർ പറയുകയും, ഞങ്ങളുടെ സൂത്രം ഫലിച്ചതുമൂലം അത്യന്തം മാനസോല്ലാസത്തോടുകൂടി ഞങ്ങൾ അവിടം വിടുകയുംചെയ്തു. കാളേജുകളിലും എല്ലാ ഇംഗ്ലീഷ്വിദ്യാത്ഥികളും ഇന്ത്യാക്കാരോടു തടവറവു ഇടകലരുന്നില്ല. ഗവമ്മേൻറുദ്യോഗസ്ഥന്മാരാകാനുള്ളവർ, പാതിരിമാർ, തൊഴിലാളിപക്ഷിക്കാർ എന്നിവർ വളരെ അടുത്തു പെരുമാറുന്നു. "ആത്മവിപ്ലവക്കാർ, വിപ്ലരഹിതന്മാർ, ലോകവിപ്ലവക്കാർ എന്നീ കൂട്ടർ ഇന്ത്യാക്കാരോടു വളരെ അടുക്കുന്നു" എന്നു ഒരു നേരംപോക്കുകാരൻ പറഞ്ഞിട്ടുണ്ടു്. (ആത്മവിപ്ലവക്കാർ പാതിരിമാരും, വിപ്ലവരഹിതന്മാർ ഉദ്യോഗസ്ഥന്മാരും ലോകവിപ്ലവക്കാർ തൊഴിലാളികളുമാണെന്നോക്കണം) കളികളിൽ തല്പരന്മാരും ഇന്ത്യാക്കാരോടു സ്നേഹപൂർവം പെരുമാറുന്നുണ്ടു്. ചിലപ്പോൾ അഹിതം പ്രവത്തിച്ചില്ലെങ്കിലും ചിലർ അതുണ്ടെന്നു് സംശയിച്ചു് പരിഭവം ഭാവിക്കുന്നു. എൻെറ വീട്ടുടമ

സ്ഥയുടെ പത്തുവയസ്സപ്രായമുള്ള ഒരു പെൺകുട്ടി എന്റെ രാജ്യമേതെന്നു ചോദിച്ചു. "ഇന്ത്യ" എന്നു ഞാൻപറഞ്ഞു-

കുട്ടി— ഛെ, വിഡ്ഢിത്തം പറയാതെ. ഇന്ത്യ ഞങ്ങളുടെയാണു്. നിങ്ങളുടെ രാജ്യമേതു്?

എനിക്കു് ഒരു കുത്തേററതുപോലെ തോന്നി- പക്ഷെ അവളുടെ അറിവില്ലായ്മ മനസ്സിലാക്കി ഞാൻ മിണ്ടാതിരുന്നു. അവരം ജയിച്ച ഭാവത്തിൽ "ഇന്ത്യ നമ്മുടേതാണു്" എന്നുള്ള വാചകത്തോടുകൂടി ഇന്ത്യയെപ്പററിയുള്ള പാഠംതുടങ്ങുന്ന ഒരു പുസ്തകം എന്നെ കാണിച്ചു.

ഇംഗ്ലണ്ടിലെ മററുഭാഗങ്ങളിലും യൂറോപ്പിലുമെന്നപോലെ ആക്സ്ഫോർഡിലും ഒരുവനെ അമ്പരപ്പിക്കത്തക്ക അജ്ഞാനമാണ് ഇന്ത്യയെപ്പററിയുള്ളതു്. തന്റെ ജാമാതാവായ ഒരു മി. ബ്രൗൺ ഇന്ത്യയിൽ പട്ടാളത്തിലുണ്ടായിരുന്നതിനെ ഉദ്ദേശിച്ചു വയഃപ്രാപ്തിയുള്ള ഒരു സ്ത്രീ, "നിങ്ങരം ബ്രൗണിനെ അറിയും, ഇല്ലേ" എന്നു എന്നോടു ചോദിച്ചു. "അയാരം ഇന്ത്യയിൽ പെഷവാറിലോ, ബാംബയിലോ ആണു്" എന്നു് അവർ തുടൎന്നു. ഈ സ്ത്രീ ഇന്ത്യയുടെ വലിപ്പത്തേയോ, പൗരസ്ത്യദേശങ്ങളൽ ഇന്ത്യാക്കാരേയും സായ്പന്മാരേയും തമ്മിൽ അകററുന്ന വലിയ അന്തരത്തേയോ ഭീമമായ ജനസംഖ്യയേയൊ പററി തെല്ലും അറിഞ്ഞിരുന്നില്ല. വേറെ ഒരവസരത്തിൽ മറെറാരുത്തി, അവളുടെ ഒരു ആൽബം (കൗതുകകരങ്ങളായ ചിത്രങ്ങളും മററും ശേഖരിക്കുന്നതിനു പുസ്തകരൂപത്തിലുള്ള ഒരു ഉപകരണം) എന്റെ അടുക്കൽ കൊണ്ടുവന്നിട്ടു "ഇന്ത്യൻ"ഭാഷയിൽ എന്തെങ്കിലും അതിൽ എഴുതിക്കൊടുക്കണമെന്നു് എന്നോടു പറഞ്ഞു.

ഇന്ത്യയിലെ മുപ്പത്തിയേഴു പ്രധാന ഭാഷകളെപ്പററി അവർ കേട്ടിരുന്നില്ലായിരിക്കണം. പക്ഷെ അവരെ അനാദരിക്കാതിരിക്കുന്നതിനുവേണ്ടി "മററുള്ളവരുടെ ദോഷങ്ങളെപ്പററി അറിയാതിരിക്കുന്നതു് അവ അറിയുന്നതിനേക്കാരം നന്നു്; എന്തെന്നാൽ അതു് ദുരഹങ്കാരവും, വെറുപ്പും ഉളവാക്കുന്നില്ല" എന്നൎത്ഥം വരുന്ന ഒരു സംസ്കൃതശ്ലോകം എഴുതിക്കൊടുത്തു.

ഈ അജ്ഞാനം ഇന്ത്യയെപ്പററി മാത്രമല്ല, അന്യനിറക്കാരായ വൎഗ്ഗക്കാരുടെ രാജ്യങ്ങളെയെല്ലാംപററിയുള്ളതാണു്. മി; ജെ.

എന്നറിയപ്പെട്ടന്ന ഒരു നീഗ്രോസ്നേഹിതന് ആക്സ്ഫോർഡിൽ ഒരു താമസസ്ഥലം കിട്ടാൻ വളരെ വിഷമമായിരുന്നു. വീട്ടടമസ്ഥകളുടെ അല്പമാത്രമായ വിദ്യാഭ്യാസവും, അവർ വായിച്ചിരുന്ന വിലകുറഞ്ഞ പുസ്തകങ്ങളുംമൂലം, നീഗ്രോജാതിക്കാരെല്ലാം വിശേഷിച്ച ആഫ്രിക്കായിലുള്ളവർ, കിരാണപന്മാരാണെന്ന അവർ കരുതുകയും, ക്രുത്ത്, ശരിയായിനിറന്നിരുന്ന എന്റെ സ്നേഹിതന്റെ പല്ലുകൾ ഈ ബോധത്തെ ദൃഢതരമാക്കുകയും ചെയ്തു. ഒരു രസികൻ പ്രഭാതത്തിൽ ഉണൎന്നുനോക്കുമ്പോൾ തങ്ങൾ ആയാളുടെ വയററിനകത്തിരിക്കുന്നതു കാണുന്നതിലുള്ള അവരുടെ ഭയം അയാളെ ഒരു താമസക്കാരനാക്കുന്നതിൽ വിസമ്മതം ജനിപ്പിച്ചു. എന്റെ സ്നേഹിതൻ ആകപ്പാടെ അസ്വസ്ഥനാകുകയും "ഈ ഇംഗ്ലീഷുകാർ അവിശ്വാസികളും, അപരിഷ്കൃതമതക്കാരുമായ നിങ്ങളോട്, അവരുടെ സ്വജാതീയരും പുത്തൻക്രൂരകാരും ആയ ഞങ്ങളോട്ട പെരുമാറുന്നതിനേക്കാൾ നന്നായി പെരുമാറുന്നു" എന്നു പറയുകയും ചെയ്തു. ഞാൻ ഒന്നു ചിരിച്ചു. മി: ജെ. എല്ലാ "മാർഗ്ഗക്കാരെയും" (മതം മാറിയവർ) പോലെ ഇതരമതക്കാരെ അവിശ്വാസികളെന്നുംമററുമാണു വിളിച്ചിരുന്നതു്. ഇതിൽ അയാൾക്കു ദുരുദ്ദേശമൊന്നുമില്ലായിരുന്നുതാനും. ഒടുവിൽ അയാളുടെ നിറഭേദത്തിന് "വട്ടവാശി"യെന്നപോലെയും, വിഴുങ്ങിക്കളയാതിരിക്കുന്നതിനു ഒരു ഇൻഷൂറൻസ് എന്നപോലെയും ആഴ്ചയിൽ രണ്ടുഷില്ലിംഗ് കൂടുതൽ പററിക്കൊണ്ടു് ഒരു വീട്ടടമസ്ഥ അയാളെ താമസിപ്പിച്ചു. മി. ജെ. യുടെസ്ഥലമായ നൈജീറിയായിൽ ഇപ്പോഴും കിരാണപന്മാർ ഉണ്ടായിരിക്കുമെന്നു ഞാൻതന്നെ കരുതിയിരുന്നതിനാൽ "നൈജീറിയായിൽ ഇപ്പോൾ നരഭുക്കുകൾ ഉണ്ടോ?" എന്നു ഞാൻ ചോദിച്ചു.

അയാൾ - ഇല്ല. പക്ഷെ ഈ വെള്ളക്കാരെയെല്ലാം തിന്നുകളയാൻ അവരുണ്ടായിരുന്നാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു.

ഇംഗ്ലണ്ടിൽചെല്ലുന്ന ഇന്ത്യാക്കാരിൽ ഒരു പംകു ഗവൎമ്മെൻറും മററെ പംകു് പാതിരിമാരും അയയ്ക്കുന്നതാണെന്നും, അവർ എല്ലാം ക്രിസ്ത്യാനികളാണെന്നും ചില ഇംഗ്ലീഷുകാരുടെ ഇടയിൽ ഒരു വിചാരമുണ്ടു്. ഒരു ദിവസം ഒരു കിഴവി ഏതു ക്രൈസ്തീയവിഭാഗത്തിലാണു് ഞാൻ ഉൾപ്പെടുന്നതെന്നു് എന്നോടു ചോദിച്ചു.

ഞാൻ - ഞാനൊരു ഹിന്ദുവാണു്.

കിഴവി—നിങ്ങൾ ആ കത്തോലിക്കരിലൊരുവനല്ലെന്നുള്ളതിനാൽ സന്തോഷിക്കുന്നു.

ഈ ഉത്തരം അത്ഭുതകരമായിരുന്നു. ഞാൻ തുടൎന്നുചോദിച്ചു—"എന്തുകൊണ്ട്?"

കിഴവി—എന്തെന്നാൽ ഒരു ഹിന്തുവിനെ പുത്തൻകൂററുകാരനാക്കാം. പക്ഷെ ഒരു കത്തോലിക്കനെ അങ്ങനെയാക്കാൻ സാധിക്കയില്ല.

൩

മ്ലേച്ഛന്മാരെ മതംമാററാൻ വിദേശങ്ങളിലുള്ള പാതിരിജോലിക്കാൎക്കവേണ്ടി കൊല്ലത്തിലൊരിക്കൽ ബാലികാവാളണ്ടിയർമാർ പണംപിരിക്കുന്നു. അവർ ഒരു പുഷ്പംകൊടുക്കയും, അന്യർ വഞ്ചിയിൽ നിക്ഷേപിക്കുന്നതിനെ സ്വീകരിക്കയും ചെയ്യുന്നു. ഞാനും ഒരു ഇന്ത്യൻക്രിസ്ത്യൻ സ്നേഹിതനുംകൂടി ഫ്ളൈറ്റ്സ്ട്രീററിൽകൂടി പോകുമ്പോൾ, മുക്കാലും നാണയംനിറഞ്ഞ ഒരു വഞ്ചി കിലുക്കിക്കൊണ്ടു ഒരു വാളണ്ടിയർ ഞങ്ങളെ സമീപിച്ച് "അവിശ്വാസികൾക്കുവേണ്ടി പണം തരണേ" എന്നു യാചിച്ചു. എന്റെ സ്നേഹിതൻ ഒരു ഷില്ലിംഗ് കൊടുക്കുകയും, ആ സുന്ദരിയായ വാളണ്ടിയർ അദ്ദേഹത്തിന്റെ കോട്ടിന്മേൽ ഒരു റോസാപ്പൂ ചൂടുകയും ചെയ്തു. എന്റെ അടുക്കൽ ഇങ്ങിനെ ചോദിച്ചപ്പോൾ, "ഞാൻ അവിശ്വാസിയാണു, എനിക്കു തരണം പണമെല്ലാം" എന്നുഞാൻ പറഞ്ഞു. എല്ലാവരും വളരെ ചിരിച്ചു. ഞാൻ പലപ്പോഴും ഇംഗ്ലീഷുപള്ളികളിൽ പോവുകപതിവായിരുന്നു. ഒരു ദിവസം ഞാൻ പള്ളിയിൽ ഇരിക്കുമ്പോൾ, ഞാൻ ഒരു ഹിന്തുവാണെന്നറിയാമായിരുന്ന ഒരുവൻ എന്റെ അടുത്തുവന്നു, "നിങ്ങൾ പള്ളിയിൽ വരുന്നതിനെപ്പററി സന്തോഷിക്കുന്നു" എന്നു പറഞ്ഞു.

ഞാൻ—വല്ലപ്പോഴുമൊക്കെ പള്ളിയിൽ പോകാൻ ഞാൻ ഇഷ്ടപ്പെടുന്നു.

അയാൾ—(ഉദാരമായ ഒരു പുഞ്ചിരിയോടുകൂടി) അതു ആദ്യത്തെ പടിയാണു.

ഞാൻ—അതു അവസാനത്തേതുമാണ്. എന്തെന്നാൽ ഞാൻ പല പള്ളികളിലും പോകാറുണ്ട്. അതു വെറും ജിജ്ഞാസകൊണ്ടാണുതാനും.

വേറെ ഒരവസരത്തിൽ ഞാൻ ഒരു പള്ളിയിൽ ഇരിക്കുമ്പോൾ ഹിന്ദുക്കളെ മതം മാററുന്നതിനു ധനശേഖരത്തിനായി, അവരെപ്പററി അക്രമപരമായ ഒരു പ്രസംഗം ഇൻഡ്യയിലേക്കു പോരാൻ ഭാവിച്ചിരുന്ന ഒരു പാതിരി നടത്തി. "ഹിന്തുക്കളെപ്പോലെ ഇത്ര ദു

ഷിച്ച കൂട്ടങ്ങൾ വേറെ ഇല്ല. അവരെ കാണാത്ത ഒരുവൻ അവരുടെ സന്മാർഗ്ഗാധഃപതനത്തിൻെറയും, ദുഷ്ടതയുടേയും ഒരു സങ്കല്പം അസാദ്ധ്യമാണ്. എങ്കിലും അവരെ യേശുവിങ്കലേക്ക വീണ്ടെടുക്കുമ്പോൾ, ഇതിനേക്കാൾ നല്ലവരും, സൗമ്യബുദ്ധികളും, 'പുണ്യവാള'ന്മാരെപ്പോലായവരും വേറെ ഉണ്ടായിരിക്കയില്ല. അനേകം ഹിന്തുക്കൾ അവരുടെ ശിശുക്കളെ കൊല്ലുന്നു മററനേകംപേർ ഒരു വയസ്സ മാത്രമുള്ള അവരുടെ ശിശുക്കളെ വിവാഹം ചെയ്യിക്കുന്നു. കേവലം വെറുക്കത്തക്ക അവിശ്വാസികളായ ഈ മനുഷ്യവർഗ്ഗത്തിൻെറ ദോഷങ്ങൾ പറയാൻപോലും പാടില്ല." ഇങ്ങനെയായിരുന്നു പ്രസംഗം. അതിനുശേഷം ക്രിസ്തുവിൻെറ സത്യവാദിയായ ഈ സന്ദേശവാഹകൻെറ മുമ്പിൽ ഞാൻ ഒരു ഹിന്തുവാണെന്നു പറഞ്ഞുകൊണ്ടുചെന്നു. അയാൾ പ്രത്യക്ഷമായിത്തന്നെ പരുങ്ങി.

അയാൾ—നിങ്ങളുടെ ഹൃദയത്തെ ക്ഷതപ്പെടുത്തിയതിനു ഞാൻ ക്ഷമായാചനം ചെയ്യുന്നു നിങ്ങൾ അവിടെ ഉണ്ടായിരുന്നു എന്നു ഞാൻ അറിഞ്ഞില്ല.

ഞാൻ—മതപുരോഹിതൻ സത്യമേ പറയാവൂ. നിങ്ങൾ പല കള്ളങ്ങളും, പകുതിക്കള്ളങ്ങളും പറഞ്ഞെന്നു നിങ്ങൾക്കുതന്നെ അറിയാമല്ലോ.

അയാൾ വാ പിളുന്നു നിൽക്കുമ്പോഴേക്കും ഞാൻ പോയി. * സ്ക്രിപ്ച്ചർ പറയാത്ത അക്രൈസ്തവരായ ഏഷ്യാക്കാക്കു × പ്ലേറോയുടെ + ഫെയ്ഡോ, അപ്പോളജി എന്നിവ ആക്സ്ഫോർഡു സർവ്വകലാശാല അനുവദിച്ചിരിക്കുന്നു എന്നു മാത്രമല്ല, ഇവയേക്കാൾ മഹനീയമായ ഗ്രന്ഥങ്ങൾ തിരഞ്ഞു നിശ്ചയിക്കാൻ ഇല്ലതാനും.

---

* ക്രിസ്തീയവേദപുസ്തകം. ഹിന്തുക്കളും ഈ വേദപുസ്തകത്തിൽനിന്നു് ചില ഭാഗങ്ങൾ കാണാതെ പഠിച്ചു ചൊല്ലണമെന്നു് ചില ക്രൈസ്തവവിദ്യാലയങ്ങൾ നിർബന്ധം പിടിക്കുന്നുണ്ടു്.

× പുരാതനഗ്രീസിലെ സോക്രട്ടീസ് പരമ്പരയിൽപെട്ട ഒരു മഹാതത്വജ്ഞാനി. ബി. സി. 428-മുതൽ 348-വരെ ജീവിച്ചിരുന്നു.

\+ പ്ലേറോയുടെ രണ്ടു കൃതികളാണു് ഫെയ്ഡോ, അപ്പോളജി, എന്നിവ. ആത്മാവു് അനശ്വരമാണെന്നുള്ള വിശ്വാസത്തെ ഫെയ്ഡോയിൽ അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചിരിക്കുന്നു. അപ്പോളജി എന്ന ഗ്രന്ഥം പ്ലേറോ തൻെറ ഗുരുവായ സോക്രട്ടീസിനെപ്പററി എഴുതിയതാണു്. അദ്ദേഹത്തിൻെറ ജീവിതസന്ദേശം എന്തെന്നും അതു മനസ്സിലാക്കാതെ അദ്ദേഹത്തിനു വിഷംകൊടുത്തു കൊന്നതു് എത്രമാത്രം വിഡ്ഢിത്തമായിരുന്നെന്നും ആ ഗ്രന്ഥത്തിൽനിന്നു വിശദമാകും.

ചിലപ്പോൾ ആക്സ്ഫോർഡിൽപോലും വിദേശികളെപ്പററി അന്തർലീനമായികിടക്കുന്ന സംശയം പെട്ടെന്നു കത്തിജ്വലിക്കുന്നു. ചോക്ക്ലേററു എന്ന മധുരപദാർത്ഥത്തിൽ ആഴ്സെനിക്ക് എന്ന വിഷംചേർത്തു ഏതോ അപായം വരുത്തിയതിനേപ്പററി ഉദ്വേഗജനകമായ ഒരു കേസ് വിചാരണനടന്നുകൊണ്ടിരിക്കുമ്പോൾ നിരുത്തരവാദിയായ ഒരു വിദ്യാർത്ഥി പൈശാചികമനഃസ്ഥിതിയോടുകൂടി ചോക്കലേററിൽ കണ്ണാടിപ്പൊടിചേർത്തു് സർവകലാശാലയുടെ വൈസ് ചാൻസലറിന്ന അയച്ചുകൊടുത്തു. അപ്പോഴേക്കു എന്തോ പൗരസ്ത്യമായ വിഷം ഈജിപ്തുകാരോ, ഇന്ത്യാക്കാരോ അയച്ചുകൊടുത്തതാണെന്നുള്ള ഒരു ശ്രുതി പരന്നു. എന്നാൽ ഒരു ഇംഗ്ലീഷ്‌വിദ്യാർത്ഥി താനാണ് അതു അയച്ചതെന്ന് ഉദാരബുദ്ധിയോടുകൂടി സമ്മതിക്കയും അങ്ങനെ സാർവത്രികമായ ഒരു വലിയ ചിരിയിൽ കാര്യം അവസാനിക്കയുംചെയ്തു.

ഈയിടെയായി വിദേശിയർ ഇംഗ്ലീഷ് സ്വദേശികളായിത്തീരുന്നതിനെപ്പററിയുള്ള നിയമം പുതുക്കിയിരിക്കുന്നതിനാൽ പഴയപോലെ ഏററു നിറക്കാർക്ക് ഇംഗ്ലീഷ് പൗരന്മാരാകുന്നതിനോ, ജനനംകൊണ്ടോ, ദീർഘമായ താമസംകൊണ്ടോ പാർലമെൻററിലേക്കു വോട്ടുചെയ്യുന്നതിനുള്ള അവകാശം ലഭിക്കുന്നതിനോ നിവൃത്തിയില്ല. എന്നിരുന്നാലും എല്ലാ ആക്സ്ഫോർഡ് ബിരുദധാരകൾക്കും സർവകലാശാലാമെമ്പറന്മാരെ തിരഞ്ഞെടുക്കുന്നതിൽ നിറം, ജാതി, രാഷ്ട്രം എന്നിവ ഗണിക്കപ്പെടാതെതന്നെ വോട്ടുചെയ്യാമെന്നു മാത്രമല്ല, എപ്പോഴെങ്കിലും തിരഞ്ഞെടുപ്പുണ്ടാകുമ്പോൾ ഇന്നും എനിക്കു ഒരു ബാലട്ട്പേപ്പർ പോസ്ററുവഴി കിട്ടുന്നുമുണ്ട്. (വോട്ടുചെയ്യാനുള്ള കടലാസുകഷണമാണു് ബാലട്ടുപേപ്പർ) അതു എന്റെ കയ്യിൽ കിട്ടിക്കഴിയുമ്പോഴേക്കു തിരഞ്ഞെടുപ്പു നടന്നിരിക്കും എന്നൊരു ദോഷമേ ഉള്ളു. ഇതു് ഈ പ്രാചീനസർവകലാശാലയുടെ വിശാലമനസ്കമായ പാരമ്പര്യങ്ങൾക്കും അതിന്റെ ഏററവും എളിയ പൂർവവിദ്യാർത്ഥികളെപ്പററിയുള്ള അന്യൂനമായ ബഹുമാനത്തിനും ഒരു അർത്ഥവത്തായ പ്രശംസാപാത്രമാകുന്നു.

ഒരു വിദ്യാർത്ഥിയിൽ ഉള്ള സ്വാതന്ത്ര്യബോധത്തിന്റേയും, ആത്മാഭിമാനത്തിന്റേയും ലക്ഷണകലികകളെ ഞെരിച്ചുകളയാൻ വളരെ ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്ന ഇന്ത്യയെ അപേക്ഷിച്ചു്, ആക്സ്ഫോർഡിൽ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തെ ട്യൂട്ടറന്മാരും പ്രൊഫസറന്മാരും പോലും പോററിക്കൊണ്ടുവരുകയാണു് ചെയ്യുന്നതു്. ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഗ്രന്ഥശാലയിൽനിന്നു പുസ്തകമെടുക്കുന്നതി

ന്നുള്ള ഒരു വാഗ്ദാനപത്രം (പുസ്തകങ്ങൾ കേടുപാടുകൾകൂടാതെ തി
രിച്ചേല്പിക്കുന്നതാണെന്നും മററും ഉറപ്പുകൊടുക്കുന്ന പ്രസ്താവന)
എന്റെ ട്യൂട്ടരുടെ അടുക്കൽ കൊണ്ടുചെന്നപ്പോൾ, "മി. അയ്യർ,
ഇതു് ഒരു ഉറപ്പോടുകൂടി ഒപ്പുവെയ്ക്കുന്നതു നിങ്ങളുടെ അന്തസ്സിനു
പററിയതല്ല. ഞാൻ ഇതു ഒപ്പുവെയ്ക്കുകയില്ല. നിങ്ങൾ അങ്ങനെ
ചെയ്യുകയില്ലെന്നു ഞാൻ വിചാരിക്കുകയും ചെയ്യുന്നു" എന്നു അദ്ദേ
ഹം പറഞ്ഞു. ഞാൻ ഉടൻതന്നെ എന്റെ തെററു മനസ്സിലാക്കു
കയും അതു തിരികെ ഇൻസ്റ്റിററ്യൂട്ടിൽ ഏല്പിക്കുകയും ചെയ്തു. മറെറാ
രു ദൃഷ്ടാന്തവും ഇതിനെ തെളിയിക്കുന്നതാണു്. ഞാനും എന്റെ
സ്നേഹിതനും ഒരേ ട്യൂട്ടരുടെ കീഴിലായിരുന്നു. ഞങ്ങൾ അദ്ദേഹ
ത്തിന്റെ അടുക്കൽ പോകുന്നതും ഒരു സമയത്തായിരുന്നു. ഞാൻ
ട്യൂട്ടരുമായി തടവററു വാദപ്രതിവാദം ചെയ്കയും, അദ്ദേഹത്തിനു
റിവുള്ള അഭിപ്രായങ്ങൾക്കു നേരെ വിരുദ്ധമായ അഭിപ്രായങ്ങൾ പ്ര
കടിപ്പിക്കയും ചെയ്യുമ്പോൾ, "നമ്മുടെ യഥാർത്ഥമായ ഭിന്നാഭിപ്രാ
യത്തെ പ്രകടിപ്പിച്ചു് അദ്ദേഹത്തെ എന്തിനു് ക്ഷോഭിപ്പിക്കുന്നു?"
എന്നു രഹസ്യമായി എന്നോടു പറഞ്ഞുകൊണ്ടു എന്റെ സ്നേഹി
തൻ അദ്ദേഹം പറയുന്നതെല്ലാം സമ്മതിച്ചുകൊടുക്കുക പതിവാ
യിരുന്നു. എന്നാൽ ആണ്ടവസാനത്തിൽ ഞങ്ങൾ ട്യൂട്ടരുമായിപ്പി
രിഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ എന്നോടു പറയുകയുണ്ടായി:—
"മി. അയ്യർ, നിങ്ങൾക്കു സ്വന്തമായി അഭിപ്രായം രൂപവൽക്കരി
ക്കാനും, അതു ദുർബ്ബലമാകാതെ സൂക്ഷിക്കുന്നതിനും കഴിവുണ്ടെന്നു
ള്ളതിൽ ഞാൻ സന്തോഷിക്കുന്നു" അനന്തരം അദ്ദേഹം എന്റെ
സ്നേഹിതന്റെ അടുക്കലേക്കു തിരിഞ്ഞു "നിങ്ങളെപ്പററി ഞാൻ
നിരാശപ്പെടുന്നു. ഞാൻ പറയുന്നതെല്ലാം വകവെച്ചുതരുന്നതുകൊ
ണ്ടു നിങ്ങൾ തൃപ്തിപ്പെടുന്നു. സ്വയം വിചിന്തനംചെയ്യുക എന്ന
ശീലം നിങ്ങൾ പോഷിപ്പിക്കേണ്ടതുണ്ടു"

സ്നേഹിതൻ—എനിക്കു് സ്വാതന്ത്ര്യമുണ്ടു്. ഞാൻ അങ്ങയോടു
യോജിച്ചതു് അങ്ങയുടെ അഭിപ്രായംതന്നെ എനിക്കും ഉള്ളതു
കൊണ്ടാണു്.

അദ്ദേഹം—അങ്ങനെയല്ല എന്നു ഞാൻ വിചാരിക്കുന്നു. ആഴ്ചതോ
റും അത്യന്തം ഭിന്നങ്ങളായ പല വിഷയങ്ങളിൽ നിങ്ങൾ എ
ന്നോടു യോജിക്കുകയാണു ചെയ്തതെങ്കിൽ ഭവിഷ്യത്തു ഭയങ്കര
മായിരിക്കും.

എന്റെ സ്നേഹിതൻ ഉരിയാടിയില്ല. വെളിയിൽ വന്ന
പ്പോൾ, "എനിക്കു തെററിപ്പോയി. നിങ്ങൾ ശരിയായി പെരു

മാറി. ഇനിമേൽ ഞാൻ നമ്മുടെ ഇന്ത്യൻ ട്യൂട്ടറന്മാരുടെ ദൃഷ്ടാന്തത്തെ മാർഗ്ഗദർശിയായി സ്വീകരിക്കയില്ല" എന്നു അയാൾ എന്നോടു പറഞ്ഞു.

ഞാൻ ആക്സ്ഫോർഡിൽവച്ചു സൈക്കിൾ പഠിച്ചു. ആദ്യത്തെ ശ്രമങ്ങളെല്ലാം, പതിവുപോലെ ഭയങ്കരമാംവണ്ണം നിരാശാജനകമായിരുന്നു. വീഴ്ചകൾമൂലം ഞാൻ ലജ്ജിച്ചു. എന്നുതന്നെയല്ല എന്റെ 150 റാത്തൽഭാരം ശരിയായി സൈക്കിളിന്റെസീററിൽതന്നെ വച്ചുകൊണ്ടിരിക്കാൻ ശ്രമിച്ചതിൽ വീട്ടുടമസ്ഥനായ മി. റിഗ്നൽ ഞെരുങ്ങിപ്പോകയും ചെയ്തിരിക്കണം. എങ്ങനെയോ, എന്തോ ഞാൻ സൈക്കിൾ ഓടിക്കുന്നതു വല്ല ഓടയിലേക്കോ, വേലിയിലേക്കോ ആയിരിക്കും. എന്റെ ഈ പ്രയോഗങ്ങൾക്കെല്ലാം തിരഞ്ഞെടുത്ത സമയം രാത്രിയാണ്. എന്തെന്നാൽ, ഞാൻ മറിഞ്ഞടിച്ച് വീഴുന്നതൊന്നും വഴിപോക്കർ കാണുകയില്ലല്ലോ. "വീഴ്ച കൂടാതെ നടക്കുവാനോ, സൈക്കിൾ ഓടിക്കാനോ പഠിക്കുന്നതു് അസാദ്ധ്യമാണ്" എന്നു മി. റിഗ്നൽ എന്നോടു പറഞ്ഞു. അതിനുശേഷം എന്റെ അതിർകടന്ന ലജ്ജയ്ക്കു് അല്പം കുറവുണ്ടായി. അതനുസരിച്ചു സൈക്കിൾ കുറേക്കൂടി വേഗം പഠിക്കയും ചെയ്തു. അത്രയ്ക്കും മാത്രമായി റിഗ്നൽ ഓരോ മണിക്കൂർവീതം അഞ്ചുതവണ എന്നെ പഠിപ്പിക്കേണ്ടതായും വന്നു. മി: റിഗ്നൽ ഇത്രയും വിഷമം സഹിച്ചതിനു് ഒരു സമ്മാനമായി ഞാൻ ഒരു പവൻ കൊടുത്തെങ്കിലും, അയാൾ അമർഷത്തോടുകൂടി അതു് നിരസിക്കുകയും, മിസിസ് റിഗ്നൽ അയാളെ അക്കാര്യത്തിൽ പിൻതാങ്ങുകയും ചെയ്തു. "മി. അയ്യർ, എന്റെ സ്ഥാനത്തു് നിങ്ങളായിരുന്നെങ്കിൽ, അതു സ്വീകാര്യമായിരുന്നോ?" എന്നു് മി. റിഗ്നൽ എന്നോടു ചോദിച്ചപ്പോൾ, സമ്മാനദാനത്തിനു ശ്രമിച്ചതിനെപ്പററി എനിക്കു ലജ്ജതോന്നി.

ആദ്യമായി സൈക്കിൾപഠിക്കുന്നവൻ ഒരു സൈക്കിൾ വിദഗ്ധനായിരിക്കുന്നില്ല. ഞാൻ ഈ നിയമത്തിനു ഒരു വ്യത്യസ്തമല്ലായിരുന്നു. ഒരിക്കൽ ബാൻബറിറോഡുവഴി വിക്ടോറിയാറോഡിലുള്ള എന്റെ വസതിയിലേക്കു ഞാൻ പോകുമ്പോൾ, ബാർക്ലേബാങ്കിൽ എനിക്കു അല്പം കാര്യമുണ്ടായിരുന്നതിനാൽ ഞാൻ അതിനെതിരേ സൈക്കിൾതിരിച്ചു. ഞാൻ അറിയാത്ത ഒരു പുരോഹിതൻ എന്റെ നേരേ പുറകിൽ സൈക്കിൾ ഓടിച്ചുവരുന്നുണ്ടായിരുന്നു. ഞാൻ നിറുത്താൻപോകുന്നു എന്നു മുൻകൂർ അറിയാതിരുന്ന അദ്ദേഹം എന്റെ സൈക്കിളിൽ വന്നിടിച്ചു ഉരുണ്ടുവീണു. അദ്ദേഹത്തിന്റെ വസ്ത്രം അല്പം കീറിയെങ്കിലും, അശേഷം ക്ഷോഭി

ക്കാതെ, "മുന്നറിവുതരാതെയോ പുറകോട്ടുനോക്കാതെയോ ഇങ്ങനെ നടുവിൽകൊണ്ടു നിർത്തരുതു." എന്നുമാത്രം പറഞ്ഞു. ഞാൻ ക്ഷമായാചനം ചെയ്കയും അദ്ദേഹം പോവുകയും ചെയ്തു.

മറെറാരവസരത്തിൽ ഞാൻ ഒരു റോഡിൽക്കൂടി സാമാന്യം വേഗത്തിൽ സൈക്കിൾ ഓടിച്ചുപോകുമ്പോൾ, ഒരു തൊഴിലാളി ഒരുവശത്തുള്ള ഇടവഴിയിൽനിന്നു പെട്ടെന്നു റോഡിൽ കുറുകെ വന്നു ചാടുകയും, എൻെറ സൈക്കിൾ അയാളെ ചെന്നടിക്കുകയും, ഞങ്ങൾ ഇരുവരും വീഴുകയും ഉണ്ടായി. ഈ അപകടത്തെപ്പററി ഞാൻ വ്യസനിക്കുന്നതായി പറഞ്ഞു. "സാരമില്ല, സാർ, എനിക്കു ഇതു ധാരാളം പരിചയമാണു്" എന്നു അയാൾ മറുപടിപറഞ്ഞിട്ടു, ഞാൻ നൽകിയ ഒരു ഷില്ലിംഗു നന്ദിപൂർവം നിരസിച്ചു.

എൻെറ ജീവിതത്തിൽ ആദ്യമായി ഞാൻ ആക്സ്ഫോർഡിൽ വച്ചു ഒരു വിമാനത്തിൽ പറന്നു. രണ്ടുപേരെമാത്രം കയററാവുന്ന ആ ചെറിയവിമാനത്തിൻെറ ചുററിനും വളരെ ആളുകൾ കൂടിയിരുന്നു. പത്തുമിനിട്ടുനേരം പറക്കുന്നതിനു ഒരു ഗിനിയാണുകൂലി. (ഒരു പവൻ+ഒരു ഷില്ലിംഗ്=ഒരു ഗിനി) ഞാൻ ഒരുഗിനി കൊടുത്തിട്ടു വ്യോമചാരികൾ ധരിക്കാറുള്ള തൊപ്പിവച്ചുകൊണ്ടു സുഖപ്രദമായ ഇരിപ്പിടത്തിൽ കയറി ഇരുന്നു. മറേറ ഇരിപ്പിടത്തിൽ ഒരു സ്ത്രീയും ഇരുന്നു. കർണ്ണശല്യമായ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചതിനുശേഷം, വിമാനം വിരൂപമായ വൃത്താകാരത്തിൽ ഉയർന്നു. താമസിയാതെ അതിൻെറ വേഗംകൂട്ടുകയും പെട്ടെന്നു രണ്ടു ഫർലാംഗോളം മേല്പോട്ടു കുതിച്ചിട്ടു ആക്സ്ഫോർഡിനു ചുററും ഒരുനിരപ്പിൽ പറക്കുകയും ചെയ്തു. ഞങ്ങൾക്കു ടൌണിൻെറ ഒരു നല്ലദർശനം ലഭിച്ചു. അവരോഹണം ത്വരിതവും, ആനന്ദകരവും ആയിരുന്നു. വായുമണ്ഡലത്തിൽ ചുററിക്കൊണ്ടിരുന്നപ്പോൾ, എന്നേക്കും സ്വർഗ്ഗഭൂമികളുടെ മദ്ധ്യത്തിൽ നിൽക്കാൻ വിധിക്കപ്പെട്ട ത്രിശങ്കുവിനെ ഞാൻ സ്മരിക്കുകയും, അയാളുടെ വിധിയെപ്പററി മിക്കവാറും അസൂയപ്പെടുകയും ചെയ്തു. വിമാനത്തിൻെ ഉടമസ്ഥൻ അയാളുടെമേൽ കണക്കററ കൂലിചുമത്തുമായിരുന്നു. ആരോഹണാവരോഹണങ്ങൾ ഒരു * ലിഫ്ററിന്മേലുള്ള അനുഭവംപോലെ തോന്നി. ആകാശവാഹനങ്ങളെപ്പററി ആദ്യമായി ഒരുബോധം ഉളവായതു ഇൻഡ്യയി

---

* അനേകം നിലകളുള്ള ഒരു കെട്ടിടത്തിൻെറ താഴത്തെനിലയിൽനിന്നു മുകളിലത്തെ മററുനിലകളിലേക്കു് ആളുകളേയും സാമാനങ്ങളേയും കയററി ഉയർത്തുന്നതിനു് ഇരുമ്പുമുതലായ ലോഹങ്ങൾകൊണ്ടുള്ള ഒരു പലകയാണു് ലിഫ്ററു്. വിദ്യുച്ഛക്തിമൂലമാണു് ഇതു് പ്രവർത്തിക്കുന്നതു്.

ലാണെന്നുള്ളതിനെക്കുറിച്ചു എനിക്കു അഭിമാനം തോന്നി. ആകാശവിമാനങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്നു പുരാതനഭാരതീയർക്കറിയാമായിരുന്നതായി തെളിയിച്ചിട്ടില്ലെന്നു പറഞ്ഞാൽതന്നെയും, അവ ഒരു സാദ്ധ്യതയായിത്തന്നെ അവർ കരുതിയിരുന്നു എന്നു തെളിഞ്ഞിട്ടുണ്ടു. അത്രമാത്രം അവർ ബഹുമതി അർഹിക്കുകയും ചെയ്യുന്നു.

സന്ധിദിനം (മഹായുദ്ധം അവസാനിച്ചദിനം) ഗൈഫാക്സ് ദിനം (മറ്റൊരു വിശേഷദിനം) എന്നിവയെ വിദ്യാർത്ഥികൾ ആഘോഷിക്കുകയും അപ്പോൾ ധാരാളം മദ്യപാനവും, പ്രായോഗികമായ പല നേരമ്പോക്കുകളും, കളികളും നടക്കുകയും ചെയ്യുന്നു. എന്നാൽ ഏതാ കേംബ്രിഡ്ജ് വിദ്യാർത്ഥി ഒരു പോലീസുകാരനെ പിടിച്ചു അയാളുടെ കണ്ണിൽ മുളകുപൊടി ഇടുകയും, പിഴ വിധിക്കപ്പെടുകയും ചെയ്ത അവസരത്തേയോ, അതേ സർവ്വകലാശാലയിലെ ചില വിദ്യാർത്ഥികൾ, സ്ത്രീകൾക്കും ബിരുദങ്ങളേസംബന്ധിച്ചിടത്തോളം തങ്ങളോടൊപ്പമുള്ള പ്രത്യേകതകൾ അനുവദിക്കാൻ പോകുന്നതിനെപ്പററി അമർഷവാന്മാരായി സ്ത്രീകളുടെ ഒരു കാളേജിനെ ആക്രമിച്ചു അതിന്റെ മുഖപ്പു് അററകുററപ്പെടുത്തുകയും, കൂടുതൽ ശാന്തമായ സന്ദർഭത്തിൽ അതു നന്നാക്കുന്നതിനായി ധനസംഭാവനചെയ്യുകയുംചെയ്ത അവസരത്തേയോ പോലുള്ള ചില വേളകളിൽ ഈ പ്രവൃത്തിപരമായ നേരമ്പോക്കുകൾ സാമാന്യം ഗൗരവാവഹമായിത്തീരാറുണ്ടു്-

ആക്സ്ഫോർഡിലെ നാടൻജനങ്ങൾ സംസാരിക്കുന്നതു അംഗീകൃതമായതോതിലുള്ള ഇംഗ്ലീഷല്ല വീട്ടുടമസ്ഥകളും മററുള്ളവരും + "യൂവാസു്", "അസ് ഡിൻറു് നോ" എന്നുംമററും പറയുന്നതുകേൾക്കുന്നതു ഒട്ടും അപൂർവ്വമല്ല. എന്നാൽ നിർബന്ധിതവിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി അംഗീകൃതഭാഷ അതിന്റെ സ്പർശിനികൾ (Tentacles) നീട്ടി ഗ്രാമ്യഭാഷയെക്രമേണ ഞെരിച്ചുകളയാൻ തുടങ്ങിയിട്ടുണ്ടു്. ഈ പ്രവൃത്തി ഇതുവരെയും പൂർത്തിയായിട്ടില്ല. ഞാൻ ഒരു ഇംഗ്ലിഷ്സ്നേഹിതനോടുകൂടി ഡെവൺഷയറിലെ ബോവിട്രേസി എന്ന സ്ഥലത്തായിരുന്നപ്പോൾ, ഒരു തൊഴിലാളിയുമായി സംഭാഷണംചെയ്യാൻ ശ്രമിച്ചെങ്കിലും, അയാളുടെഭാഷ എനിക്കു തീരെ മനസ്സിലായില്ല. ആ തൊഴിലാളിപറയുന്നതെന്തെന്നു ഞാൻ സ്നേഹിതനോടു ചോദിച്ചപ്പോൾ അയാൾ തന്റെ തോളുകൾ ഒന്നു ചലിപ്പിച്ചിട്ടു, "ഈയാളുടെ പ്രാകൃതമിശ്രഭാഷ

---

+ ഇവ വ്യാകരണവിരുദ്ധങ്ങളായ ചില പ്രയോഗങ്ങളാണു് ആക്സ്ഫോർഡിലെ ജനസാമാന്യം തെററായ ഭാഷയാണു് സംസാരിക്കുന്നതു് എന്നു കാണിപ്പാനുള്ള ചില ദൃഷ്ടാന്തങ്ങൾമാത്രമാണിവ.

നിങ്ങൾക്കെന്നപോലെ എനിക്കും ഒട്ടും അറിവില്ല" എന്നു പറഞ്ഞു. കാർനാർവൺ എന്ന സ്ഥലത്തും, വെയിത്സിലെ മററുഭാഗങ്ങളിലും, ഇതു കുറേക്കൂടി പ്രകടമായതേയുള്ളു. നിർബ്ബന്ധിതവിദ്യാഭ്യാസംമൂലം, ഇംഗ്ലണ്ടിൽ നിരക്ഷരന്മാർ വളരെ കുറവായിരിക്കുന്നു. നിയമാനുസാരം പ്രവൎത്തിക്കാതെ കുട്ടികളെ സ്ക്കൂളിലയക്കാൻ മടിക്കുന്ന പിതാക്കളെപ്പററി, "പിതാവു ജയിലിലേക്കും കുട്ടി പള്ളിക്കൂടത്തിലേക്കും" എന്നുള്ള ജൎമ്മനിയിലെ പ്രായോഗികതത്വവും ഇംഗ്ലണ്ടിൽ അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ എന്റെ താമസക്കാലമെല്ലാംകൂടി ഞാൻ നിരക്ഷരനായ ഒരൊററ ഒരുവനെ മാത്രമെ കണ്ടുള്ളു. ഞാൻ ടാർകേ-യിലേക്കു ട്രെയിനിൽകയറിഇരിക്കയായിരുന്നു. ബ്രിസ്റ്റളിൽവച്ചു 65 വയസ്സുള്ള ഒരു വൃദ്ധൻകയറി എന്റെ അടുത്തിരുന്നു. ഞാൻ എന്റെ വൎത്തമാനക്കടലാസു വായിച്ചുതീൎന്നപ്പോൾ, ഇംഗ്ലണ്ടിൽ പതിവുള്ളതുപോലെ "ഇതൊന്നു നോക്കുന്നോ?" എന്നു ഞാൻ അയാളോടുചോദിച്ചു "ഇല്ല സർ, എനിക്കു വായിക്കാൻ അറിഞ്ഞുകൂടാ. പാവങ്ങൾക്കു പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനു വളരെ മുമ്പാണ്, ഞാൻ ജനിച്ചതെന്നുള്ളതു കഷ്ടമായിപ്പോയി" എന്നായിരുന്നു അയാളുടെ ദയനീയമായ മറുപടി. അശോകചക്രവൎത്തിയുടെ കാലത്തു നിശ്ചയമായും ലോകത്തിലേക്കും ഏററവും വലിയ സാക്ഷരസംഖ്യയുണ്ടായിരുന്ന ഭാരതഖണ്ഡം, ഇപ്പോൾ ഏററവും താഴ്ന്ന പടിയിലേക്കു അധഃപതിച്ചിരിക്കുന്നു എന്നു മാത്രമല്ല, നീഗ്രോജാതിക്കാരുടെ അമേരിക്കയലുള്ളതിനേക്കാൾ ഇവിടെ സാക്ഷരശതമാനം വളരെ കുറവായിത്തീരുകയും ചെയ്തിരിക്കുന്നു.

ഞാൻ പല പൊതുയോഗപ്രസംഗങ്ങളും കേൾക്കുക പതിവായിരുന്നു. ഒന്നു ജനനനിയന്ത്രണത്തെപ്പററിയായിരുന്നതിൽ പ്രധാനപ്പെട്ട പ്രാസംഗികന്മാർ തൊഴിലാളികക്ഷിക്കാരുമായിരുന്നു ഒരു പ്രാസംഗികൻ ലോകത്തിൽ അനപേക്ഷിതമായുണ്ടാകുന്ന കുട്ടികളുടെ ആധിക്യത്തെപ്പററി വ്യാകുലപ്പെട്ടതിനുശേഷം, പല രാജ്യങ്ങളിലും അസ്വാസ്ഥ്യജനകമാംവണ്ണം ജനനം പെരുകുന്നതിന്റെ കാരണങ്ങളെ അപഗ്രഥനം ചെയ്തുകൊണ്ടു ഇങ്ങനെ പറഞ്ഞു. "ഇംഗ്ലണ്ടിൽ അനവധി ജനനം ഉണ്ടാകുന്നതും വെള്ളക്കാരെക്കൊണ്ടു സാമ്രാജ്യം നിറയ്ക്കുന്നതിനും രക്ഷിക്കുന്നതിനും ഉള്ള മുറവിളിമൂലമാകുന്നു. ഫ്രാൻസിൽ രാജ്യരക്ഷയ്ക്കും, സൈനികകാൎയ്യങ്ങൾക്കും; ജൎമ്മനിയിൽ പ്രതികാരസമരത്തിന്; സെക്കോസ്ലോവേകിയായിൽ രാജ്യത്തിനകത്തും വെളിയിലും ഉള്ള ജൎമ്മൻകാരുടെ കയ്യിൽനിന്നും സ്വരക്ഷനേടുന്നതിന്; റഷ്യയിൽ ബോൾഷേവിക്കുകാർ പ്രചരിപ്പിച്ചിരിക്കുന്ന ശിശുപക്ഷപാതത്തിനു; ഇന്ത്യയിൽ മോക്ഷത്തിനും പുണ

ത്തിനും; ചൈനയിൽ ഒരുവൻ മരിച്ചുകഴിയുമ്പോൾ സ്ഥാനമാനങ്ങൾ ലഭിക്കുന്നതിന്; വാളൈവാളൈയിൽ സവ്സാധാരണമായ നരചാരണത്തിൻ ഒരുവനെയെങ്കിലും അവശേഷിപ്പിക്കുന്നതിന്. എന്നാണു ലോകം കിറുക്കുവിടുന്നതു്?" എന്റെ അടുത്തിരുന്ന ഒരു സ്ത്രീ, "ഇവരെല്ലാം ഒരു കൂട്ടം ബോൾഷേവിക്കുകാരാണു്" എന്നു പറഞ്ഞു. "ഇവർ ഗൂഢാലോചന നടത്തുന്ന 'സാമുദായികവിപ്ലവത്തിന്റെ കാലത്തു മാന്യരായ ഞങ്ങൾ ദുർബ്ബലരായിരിക്കണമെന്നാണു് ഉദ്ദേശം. അന്നു ഞങ്ങളെ രക്ഷിക്കാൻ മക്കളുണ്ടായിരിക്കരുതു് എന്നു കരുതിയാണു് ഇതെല്ലാം പറയുന്നതു്" എന്നു അവർ തുടർന്നു. ആ സന്ദർഭത്തിലെ നേരമ്പോക്കുമൂലം ഞാൻ അത്രമാത്രം വശീകൃതനായിപ്പോയതിനാൽ, അവരോടു ഞാൻ ഹാർദ്ദമായി യോജിച്ചു.

ആക്സ്ഫോർഡിലെ എന്റെ താമസക്കാലത്തിൽ അധികഭാഗവും, അത്യന്തം ഔദാര്യവും, ദയയും ഉള്ള മിസ്റ്റർ റിഗ്നലിന്റെയും, അദ്ദേഹത്തിന്റെ പത്നിയുടേയും ഗൃഹത്തിൽ ഒരു താമസക്കാരനായിരിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. എന്റെ ആക്സ്ഫോർഡ് ജീവിതം കഴിയുന്നത്ര സന്തോഷപൂർണ്ണമാക്കുന്നതിനു അവർ ശ്രമിക്കയും, കുടുംബത്തിൽനിന്നു വേർപെട്ട എനിക്കു ഒരു കുടുംബസുഖം നൾകുകയും ചെയ്തു. എന്റെ സ്നേഹിതന്മാരിൽ ചിലരേപ്പോലെ ഞാൻ സ്വകുടുംബചിന്തയാൽ ആർത്തനായിത്തിരാതിരിക്കുന്നതിനു് ഇതൊരു കാരണമായിരിക്കണം. ഇന്ത്യയിലെ പല പ്രാവിൻസുകളിൽ നിന്നു വന്നിരുന്ന അനേകം സ്നേഹിതന്മാർ എനിക്കുണ്ടായിരുന്നതും, ചായ കഴിയ്ക്കുന്ന വേളയിൽ അവരെയെല്ലാം പലപ്പോഴും കാണാനിടയായതും മറെറാരുകാരണവുമായിരുന്നു.

ഇംഗ്ലണ്ടിൽ ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിൽ യാതൊരു കലഹവുമില്ല. എന്നാൽ അവർ തമ്മിൽ മിക്കപ്പോഴും കണ്ടുമുട്ടാറുമില്ല. യുണൈറഡ് പ്രാവിൻസുകാരും രസികന്മാരുമായ ചില മുസ്ലീങ്ങളുമായി ഞാൻ പരിചയപ്പെടാനിടയായി. അവർ നല്ലവരുമായിരുന്നു. ഒരിക്കൽ, ഇന്ത്യാക്കാരുടെയിടയിൽ മരണാനന്തരം നടക്കുന്ന പണച്ചെലവേറിയ അടിയന്തരങ്ങളെപ്പററി സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ അതിലൊരുവൻ ഇങ്ങനെ പറഞ്ഞു. "മി. അയ്യർ, മരണം ഒരു വലിയ ദൂഷ്യമാണു്. പക്ഷെ മരണത്തിനുശേഷം, അതിനേക്കാൾ വലിയ ഒരു ദൂഷ്യം പിൻതുടരുന്നു—സതെല്ലാം തിന്നുതീർക്കുന്ന ബന്ധുക്കൾ. ഒരു മനുഷ്യൻ മരിച്ചാൽ പിന്നെ അയാളുടെ വകയെല്ലാം വെച്ചേക്കുന്നതെന്തിനു് എന്നുള്ളതാണു് ഇവരുടെ തത്വമെന്നു തോന്നുന്നു."

ഇതേ മുസ്‌ലിം തന്നെ വളരെ വിശ്വാസശീലമുള്ളവനായിരുന്നു എന്നുമാത്രമല്ല, * മനഃപ്രാപണവിദ്യ, ജ്യോതിഷം എന്നിവയുടെ പരമാൎത്ഥത്തെപ്പററി ബോദ്ധ്യപ്പെടുത്താൻ ഇയാൾ എന്നെ സെൻറുഗൈതസ്ഫെയറിൽ കൊണ്ടുപോകയും ചെയ്തു. അത്രതന്നെ ശരിയല്ലാത്ത അയാളുടെ ദൃഷ്ടാന്തം എന്തെന്നാൽ ആരുടെയെങ്കിലും കയ്യിൽ ഇരിക്കുന്ന ഒരു നാണയത്തിൻെറ കൊല്ലം(അതു് അടിച്ചവൎഷം) അതു നോക്കാതെതന്നെ ഒരു നീഗ്രോവിനു പറവാൻകഴിയുമെന്നുള്ളതായിരുന്നു അതു നീഗ്രോ ഒരു സമൎത്ഥനായിരുന്നു. അവൻ ഓരോ നാണയത്തിൻേറയും വൎഷംപറയുന്നതുകേട്ടു എൻെറ സ്നേഹിതൻ അത്യന്തം കുതൂഹലചിത്തനാകുകയും ചെയ്തു. പെട്ടെന്നു ഞാൻ മലയാളത്തിൽ വൎഷംപറഞ്ഞിരുന്ന ഒരു തിരുവിതാംകൂർനാണയമെടുത്തു് അതു് അടിച്ചകൊല്ലം ഏതെന്നുചോദിച്ചു. ഞാൻ ഉദ്ദേശിച്ചിരുന്നതുപോലെ നീഗ്രോ കുഴയുകയും തലതാഴ്ന്നു പോയ സ്നേഹിതനുമായി വിജയഭാവത്തിൽ ഞാൻ അവിടെനിന്നു പോരുകയുംചെയ്തു. എന്നാൽ വിശ്വാസശീലനായിരുന്ന ആ സ്നേഹിതൻപോലും മൂന്നു പെനികൊടുത്താൽ കാണാമായിരുന്നതും വളരെ അടുത്തുതന്നെ പ്രദൎശിപ്പിക്കപ്പെട്ടിരുന്നതും ആയ ഒരു "ഭീമമൂഷികൻ" മൂലം കളിച്ചുപോയില്ല. ഞങ്ങൾ രണ്ടുപേരും അതു കണ്ടു. എൻെറ സ്നേഹിതൻ അമൎഷത്തോടുകൂടിത്തന്നെ "ഇതൊരു ഭീമമൂഷികനല്ല, ചെറിയ പന്നിയെലിയാണു്. നാം കളിച്ചുപോയി" എന്നു വിളിച്ചുപറഞ്ഞു.

ആക്സ്ഫോർഡ് വിദ്യാൎത്ഥികൾ രാഷ്ട്രീയകാൎയ്യങ്ങളിൽ പ്രവൃത്തിപരമായി പംകുകൊള്ളുന്നില്ലെങ്കിലും, അവരുടെ മീററിംഗുകളിൽ അതേപ്പററി നിൎബാധം വാദപ്രതിവാദം നടത്തുന്നു അവൎക്കു സ്വരാജ്യത്തോടുള്ള കൎത്തവ്യത്തെപ്പററി നല്ല ബോധവും ഉണ്ടു്. + നിൎബന്ധിതസൈനികസേവനം നടപ്പിലാക്കുന്നതിനുമുമ്പുതന്നെ പല വിദ്യാൎത്ഥികളും വാളണ്ടിയർമാരായി നാസീരപംക്തികളിലെത്തിയിരുന്നു. പുരുഷന്മാൎക്കുള്ള ഓരോ കാളേജിലും രാജ്യത്തിനും രാജാവിനുംവേണ്ടി യുദ്ധത്തിൽ മരിച്ചുപോയ അതിൻെറ പൂൎവ്വവിദ്യാ

---

* ഇംഗ്ലീഷിൽ ഇതിനു് clairvoyance എന്നു പറയുന്നു. മനസ്സിനെ ദൂരദേശങ്ങളിൽ പ്രാപിപ്പിച്ചു് അവിടെ നടക്കുന്ന സംഗതികൾ അറിയുന്നതിനാണു് മനഃപ്രാപണവിദ്യ എന്നു പറഞ്ഞതു്.

+ യുദ്ധകാലങ്ങളിൽ അധികാരികൾ നിൎബന്ധിച്ചു് ആളുകളെ പട്ടാളത്തിൽ ചേൎക്കുന്ന പതിവുണ്ടു്. യുദ്ധത്തിൽ ആളുകൾ നശിച്ചു വീണ്ടും ആൾ വേണ്ടിവരുമ്പോഴാണു് ഇങ്ങനെ ചെയ്യുന്നതു്. എന്നാൽ ആക്സ്ഫോർഡ് വിദ്യാൎത്ഥികൾ സ്വമേധയാ പട്ടാളത്തിൻെറ മുന്നണിയിൽ എത്തിയതിൽനിന്നു് അവരുടെ കൎത്തവ്യബോധം ഊഹ്യമാണു്.

ർത്ഥികളുടെ ഒരു "ബഹുമതിപംക്തി" ഉചിതമാംവണ്ണം സൂക്ഷിക്കപ്പെടുന്നു. യുദ്ധത്തിൽനിന്നു തിരിച്ചുവരുന്നവർക്ക് ബിരുദസമ്പാദനത്തിനുള്ള പഠനകാലാവധി ചുരുക്കിക്കിട്ടുന്നതാണ്. യുദ്ധത്തിൽ പ്രശസ്തമാംവണ്ണം പലതുംചെയ്ത ഒരുവനോടു ഞാൻ ഇങ്ങനെ ചോദിച്ചു:—"സ്വരാജ്യത്തിനുവേണ്ടി യുദ്ധംചെയ്തുകൊണ്ടിരുന്ന നിങ്ങൾക്ക് അതു മഹനീയമായ ഒരു കാലമായിരുന്നിരിക്കണം."

അയാൾ.—ഒരിക്കലുമല്ല. നിലംപതിച്ചുപോയ സഹോദരനെ ചവട്ടി നിർഗ്ഗമനോന്മുഖമായ അവൻെറ ജീവനെ കാൽകൊണ്ടു ഞെരിച്ചു വെളിയിൽ കളഞ്ഞിട്ട് അവൻ വീണതുകൊണ്ടുണ്ടായ വിടവടച്ചു നിന്നാണു യുദ്ധംചെയ്യേണ്ടതു്. ഹോ! അതു ഭയങ്കരംതന്നെ. ഇനിയൊരിക്കൽക്കൂടി എനിക്കു അതു സാധിക്കാമെന്നു തോന്നുന്നില്ല.

മനഃപൂർവ്വം യുദ്ധവിമുഖരാകുന്നവർ യുദ്ധാനന്തരം അഞ്ചുകൊല്ലത്തേക്ക് സിവിൽസർവ്വീസിനു മത്സരിക്കുന്നതിൽനിന്ന് ഒഴിവാക്കപ്പെടുന്നു. ഇതു യുദ്ധകാലത്തു അവർ അനുഭവിക്കുന്ന തടവുശിക്ഷയ്ക്കു പുറമേയാണുതാനും. ടാർക്കേയിലെ ഒരു താമസസ്ഥലത്തുവച്ചു ഞാൻ ഒരു സ്വകാര്യസംഭാഷണത്തിൽ ഇവരെക്കുറിച്ചു അനുതപിച്ചപ്പോൾ, ഒരു വൃദ്ധ "അനുതാപമോ! എന്തു്, ഇക്കാലമെല്ലാം പണമുണ്ടാക്കിക്കൊണ്ടിരുന്ന ഈ നശിച്ചക്കൂട്ടത്തെ രക്ഷിക്കാൻ എൻെറ മക്കൾ മുന്നണിയിൽ എത്തി. അവരിൽ ഒരാൾ മരിക്കയുംചെയ്തു. ഈ ഭീരുക്കളായ രാജ്യദ്രോഹികളോട് എന്തൊരു അനുതാപമാണുവേണ്ടതു്?" എന്നു ഗർജ്ജിച്ചു. അതായിരുന്നു അന്നത്തെ ഹൃദയഗതി. ഞാൻ അവരുടെ മാതൃഹൃദയത്തെ ബഹുമാനിച്ചു മിണ്ടാതിരുന്നു. ആക്സ്ഫോർഡിൽ ഒരു "ഉദ്യോഗസ്ഥസൈനികപരിശീലനവകുപ്പ്" (ഒരു പട്ടാളവകുപ്പ്) ഉണ്ട്. പക്ഷെ അതിൽ ഇൻഡ്യാക്കാർക്ക് പ്രവേശനമില്ലെന്നു എൻെറ ഒരു ഇൻഡ്യൻക്രിസ്ത്യൻ സ്നേഹിതൻ അന്വേഷണത്തിൽ മനസ്സിലാക്കി.

എൻെറ ആക്സ്ഫോർഡ് ജീവിതം വളരെ ആനന്ദകരമായിരുന്നു. ഏതെങ്കിലും കുഗ്രാമത്തിൽ പോയി ചുററുപാടുമുള്ള നാട്ടുംപുറംകണ്ട് ഞാൻ ആകപ്പാടെ സമ്മോഹിതനാകാറുണ്ടായിരുന്നു.

ടൗണിലെ മൈതാനങ്ങൾ, ഉപവനങ്ങൾ, ഒരു പ്രത്യേകതയോടുകൂടിയ പഴയ കെട്ടിടങ്ങൾ, പരിതഃസ്ഥിതങ്ങളായ മോഹനഗ്രാമങ്ങൾ എന്നിവ ആക്സ്ഫോർഡിൻെറ ആകർഷകത്വത്തിനുചി

ല്ലറയായിട്ടല്ല ഹേതുഭൂതങ്ങളായിരിക്കുന്നത്. ഈ രമ്യവസ്തുക്കളെ സംരക്ഷിക്കുന്നതിനും ഇടതിങ്ങി താമസിക്കുന്നതിന്റെ ഞെരുക്കംകുറയ്ക്കുന്നതിനും, വെയിൽസ് രാജകുമാരൻമുതൽ കീഴോട്ട അനേകംപേർ 5000 പവൻമുതൽ അര ക്രൌൺ (രണ്ടര ഷില്ലിംഗ്=ഒരുക്രൌൺ) വരെ സംഭാവന ചെയ്തിട്ടുള്ള ഒരു "ആക്സ്ഫോർഡ്സംരക്ഷകസംഘം" ഈയിടെ തുടങ്ങിയിട്ടുണ്ട്. ജനങ്ങൾക്ക് ഈ പ്രാചീനസർവ്വകലാശാലയോടുള്ള വാത്സല്യത്തേയും, അവർ അനന്യസുലഭമായ അതിന്റെ സൗന്ദര്യത്തെ അറിഞ്ഞു മതിയ്ക്കുന്നു എന്നുള്ളതിനേയും ഇതു് സ്പഷ്ടമാക്കുന്നു. ആക്സ്ഫോർഡിലെ പഴയ വിദ്യാർത്ഥികളായിരുന്ന അനേകംപേർ തങ്ങളുടെ പത്നിമാരോടും കുട്ടികളോടുംകൂടി കൊല്ലംതോറുംഅവിടെചെന്നു കാളേജുകൾ സന്ദർശിക്കയും സാധുകരിക്കപ്പെടാവുന്ന അഭിമാനത്തോടുകൂടിത്തന്നെ ഇവയെല്ലാം അവരെ കാണച്ചുകൊടുക്കുകയും ചെയ്യുന്നു.

ആക്സ്ഫോർഡിന്റെ ചുററുപാടുമുള്ള സമതലങ്ങളെ അഭിമുഖീകരിക്കുന്ന ഉയരംകുറഞ്ഞ കുന്നുകളാൽ നഗരം അത്യന്തം സുരക്ഷിതമായിരിക്കുന്നു. ഇംഗ്ലണ്ടിലെ * അന്തഃഛിദ്രകാലത്തു പ്രസിദ്ധിപെററ ചില ദുർഗ്ഗങ്ങൾ ഞാൻ സന്ദർശിച്ചു. ഇവയിൽ ഒന്നുബാൻബറി എന്ന സ്ഥലത്തിനു സമീപം സ്ററുവർട്ട് രാജവംശത്തിന്റെ ഭരണകാലത്തെ മഹനീയമായ ഒരു ദുർഗ്ഗമാതൃകയായി സ്ഥിതിചെയ്യുന്നു. പട്ടാളങ്ങളാൽ നിബിഡമായിരുന്ന ഒരു മുറിയിൽ വച്ചു ക്രോംവെൽ ദ്രുതഗതിയിൽ കൂടിയാലോചന നടത്തിയ ഈ സ്ഥലത്തുനിന്നും ക്രോംവെല്ലിന്റെ പിടിയിൽ പെടാതെ ചാറൽസ് ഒന്നാമൻ അൽഭുതകരമാംവണ്ണം രക്ഷപ്പെടുകയുണ്ടായി. ഇന്നത്തെ സെന്റ് ഉടമ ഈ ദുർഗ്ഗം സന്ദർശിക്കുന്നവരിൽനിന്ന് രണ്ടു ഷില്ലിംഗ്‌വീതം പിരിച്ചെടുക്കുന്നു. പൊതുജനങ്ങൾക്കു വെറുതെ തുറന്നുകൊടുത്തിരിക്കുന്ന ഒരു രസികൻ ഉപവനത്തോടുകൂടി വുഡ്സ്റ്റാക്ക് എന്ന സ്ഥലത്തു × മാറൽബറൊ ഡ്യൂക്കിന്റെ വകയായി

---

* ഇംഗ്ലണ്ടിൽ സ്ററുവർട്ട് രാജവംശത്തിൽപെട്ട ചാറത്സ് ഒന്നാമൻ സ്വേച്ഛാപരമായി, ജനഹിതത്തെ ആദരിക്കാതെ ദുർഭരണം നടത്തിയതിന്റെ ഫലമായി ക്രാംവെല്ലിന്റെ കീഴിൽ അവർ അദ്ദേഹത്തെ യുദ്ധംചെയ്തു തോൽപിക്കയും, ഒടുവിൽ അദ്ദേഹത്തെ പിടിച്ചു വിസ്തരിച്ചു തൂക്കാൻ വിധിക്കയും, തൂക്കിക്കൊല്ലുകയും ചെയ്തതാണ് അന്തഃഛിദ്രത്തിന്റെ സംക്ഷിപ്തചരിത്രം.

× മാറൽബറോഡ്യൂക്ക് (1650-1722) അന്നത്തെ ഇംഗ്ലണ്ടിലെ ഏററവും മഹാനായ സേനാനിയായിരുന്നു. അക്കാലത്തു് ഇദ്ദേഹത്തെപ്പോലെ പ്രശസ്തനായ ഒരു യുദ്ധവീരൻ യൂറോപ്പിൽപോലും ഇല്ലായിരുന്നത്രേ.

സ്ഥിതിചെയ്യുന്ന കോട്ടയും കൗതുകാവഹമാണ്. + മാഗ്നാകാർട്ടാ, ചാറൽസ് ഒന്നാമന്റെ പേർക്കുള്ള മരണവാറണ്ടു, എന്നിവയുടെ മൂലരേഖകൾ ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ സശ്രദ്ധം സൂക്ഷിച്ചിരിക്കുന്നു. അവയെ ഞാൻ അധികൃതരുടെ അനുവാദത്തോടുകൂടി കയ്യിൽ എടുത്തുനോക്കുകയും ചെയ്തു.

÷ തക്ഷശില, കാശി, വിക്രമശില, എന്നിവിടങ്ങളിലെ പഴയ ഭാരതീയ സർവ്വകലാശാലകളെ, വിശിഷ്യ നളന്ദാസർവ്വകലാശാലയെ ആക്സ്ഫോർഡ് എന്നെ അനുസ്മരിപ്പിച്ചു. ഇവയ്ക്കു തമ്മിൽ വളരെ സാമ്യമുണ്ടു്. പലേതരത്തിലുള്ള അനേകം വിഷയങ്ങൾ വിദഗ്ദ്ധാചാര്യൻമാർ അഭ്യസിപ്പിക്കുക, നിസ്സങ്കോചമായ വാദപ്രതിവാദം നിർഭയചിന്ത എന്നിവയെ പോററുക, സ്വാഭിപ്രായത്തെ പ്രോത്സാഹിപ്പിക്കുക, വലിയ പ്രതിഭാശാലികളേയും വിജ്ഞാനികളേയും ഉൽപ്പാദിപ്പിക്കുക, ഒരു വിശാലമായ മനഃസംസ്കാരത്തെ അതിനാവശ്യമായ പ്രത്യേക നൈപുണിയോടുകൂടി നൽകുക, ആചാര്യന്മാരും ശിഷ്യന്മാരും തമ്മിൽ എല്ലായ്പ്പോഴുമുള്ള വ്യക്തിപരമായ സമ്പർക്കത്തെ അതിപ്രധാനമാക്കിത്തീർക്കുക, സ്വാതന്ത്ര്യബുദ്ധിയേയും വിജ്ഞാനതൃഷ്ണയേയും, പുലർത്തുക, എന്നിവയിൽ ഈ സർവ്വകലാശാലകളെല്ലാം ഒരുപോലിരുന്നു. ഇവയുടെ അഭ്യസനം പ്രായോഗികമല്ലാതെ, വെറും സിദ്ധാന്തപരമായിരുന്നു എന്നുള്ള മഹത്തായ ദൂഷ്യത്തിലും ഇവയ്ക്കു സാമ്യമുണ്ടായിരുന്നു നളന്ദയും മററും കലാപോഷണം രാജധാനികൾക്കു വിട്ടുകൊടുത്തതുപോലെ ആക്സ്ഫോർഡും അതിനെ ബർമിങ്ങാം, മാഞ്ചെസ്റ്റർ മുതലായ പ്രായംകുറ

---

+ ഇംഗ്ലണ്ടിനെ ഭരിച്ചിരുന്ന മറെറാരു സ്വേച്ഛാപ്രഭുവായിരുന്നു ജാൺ എന്നു പേരുള്ള രാജാവു്. ദുർഭരണത്തെക്കുറിച്ചു ക്ഷോഭിച്ച ഇംഗ്ലണ്ടിലെ മാടമ്പിവർഗ്ഗം 1215-ൽ ഇദ്ദേഹത്തിന്റെ പക്കൽനിന്നും കരബലംകൊണ്ടെന്നപോലെ എഴുതിവാങ്ങിയ ഒരു അവകാശദാനരേഖയാണ് മാഗ്നാകാർട്ടാ. കുററംചെയ്ത ഒരു സ്വതന്ത്രനേയും വിചാരണചെയ്യാതെ ശിക്ഷിച്ചുകൂടാ; അളവുകളും തൂക്കങ്ങളും രാജ്യത്തെങ്ങും ഒരുപോലെയിരിക്കണം; ഭരണസഭയുടെ അനുവാദം കൂടാതെ വിശേഷാൽ കരമൊന്നും ചുമത്തരുതു്; വിദേശിവ്യാപാരികൾക്കു് ഇംഗ്ലണ്ടിൽ വ്യാപാരസ്വാതന്ത്ര്യം അനുവദിക്കണം; എന്നിങ്ങനെ പല വ്യവസ്ഥകളും അതിൽ അടങ്ങിയിരിക്കുന്നു. ഇതെല്ലാം സമ്മതിച്ചു് ജാൺമാഗ്നാകാർട്ടാ എഴുതി ഒപ്പിട്ടുകൊടുത്തു് പിന്നീടുള്ള രാജാക്കന്മാരും ഈ വ്യവസ്ഥകൾ അനുസരിച്ചു് ഭരിച്ചുകൊള്ളാമെന്നു് സ്ഥാനാരോഹണവേളയിൽ സത്യംചെയ്യുന്ന പതിവുണ്ടു്.

÷ പുരാതനഭാരതത്തിൽ ശ്രീധനകടകം, തക്ഷശില, നളന്ദ, ഉദന്തപുരി, ശാരദാപീഠം വാരാണസി (കാശി) എന്നിവിടങ്ങളിൽ ലോകപ്രശസ്തങ്ങളായ വിദ്യാപീഠങ്ങൾ ഉണ്ടായിരുന്നു. ഇന്നത്തെ ഇന്ത്യയിൽ ടാഗോറിന്റെ ശാന്തിനികേതനവും മഹാത്മാ ഗാന്ധിയുടെ ഗുജറാത്തു വിദ്യാപീഠവും ഉണ്ടെന്നഭിമാനിക്കാം. മുകളിൽപറഞ്ഞ പ്രാചീനവിദ്യാപീഠങ്ങളിൽ സ്ത്രീകൾക്കു പ്രത്യേകം കലാശാലകളുണ്ടായിരുന്നു. തത്വശാസ്ത്രത്തിൽ മൈത്രേയി, ഗാർഗി ഗണിതശാസ്ത്രത്തിൽ ലോപാമുദ്ര, ലീലാവതി, ശബ്ദശാസ്ത്രത്തിൽ, മലയവതി, തർക്കശാസ്ത്രത്തിൽ ലക്ഷ്മീദേവി, സസ്യശാസ്ത്രത്തിൽ ഭാനുമതി, കവിതയിൽ തമസ, മുരള എന്നിങ്ങനെയുള്ള സ്ത്രീരത്നങ്ങളെ ഉൽപാദിപ്പിച്ച അന്നത്തെ കലാശാലകൾ ലോകോത്തരങ്ങളെന്നു പറയേണ്ടു.

ഞ്ഞ സർവ്വകലാശാലകൾക്കു വിട്ടുകൊടുത്തിരിക്കുന്നു. ചരിത്രം വിദേശഭാഷകൾ ഗവേഷണവേലകൾ, എന്നിവയെ അഗണ്യമാക്കുക, കണ്ടുപിടിത്തങ്ങളെ മറയ്ക്കുക, ശൂദ്രർ അധഃകൃതർ എന്നിവരെ നിന്ദിക്കുക, നിലനില്പിനുവേണ്ടി രാജാക്കന്മാരേയും പ്രഭുക്കന്മാരേയും അടിമത്വമനഃസ്ഥിതിയോടുകൂടി ആശ്രയിക്കുക, എന്നിങ്ങനെ നമ്മുടെ പ്രാചീനവിദ്യാപീഠങ്ങൾക്കുണ്ടായിരുന്ന പ്രധാനദോഷങ്ങൾ ആക്സ്ഫോർഡിനെ ബാധിച്ചിട്ടില്ല. മാനവശാസ്ത്രം, ഭൂമിശാസ്ത്രം, ഭൂമിയുടെ ജീവിതചരിത്രം, പുരാണവസ്തുപര്യന്വേഷണം മുതലായി ചില കൂടുതൽ വിഷയങ്ങൾ ആക്സ്ഫോർഡിൽ അഭ്യസിപ്പിക്കുന്നുമുണ്ടു്. ഇന്ത്യൻ പണ്ഡിതന്മാർ ചൈനായിൽ പോയതിനുശേഷം ചീനഭാഷ പഠിക്കേണ്ടിയിരുന്നു. പഴയ ബുദ്ധമതപ്രചാരകന്മാർ ആ ഭാഷ വളരെ എളുപ്പം പൂർണ്ണമായി വശപ്പെടുത്തിയെങ്കിലും അവർ അവിടെ പോകുന്നതിനുമുൻപു അതു പഠിച്ചിരുന്നെങ്കിൽ ഒരു ഉപകാരമായിരുന്നേനെ. ആക്സ്ഫോർഡിൽ ഗവേഷണവേലകൾക്കു് ഒരു അതിപ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നതു്, വളരെ ഉചിതമായിട്ടാണുതാനും. ഇന്ത്യയിൽ നാം ഈയിടെവരെ അതു് അഗണ്യമാക്കിയിരുന്നു എന്നുള്ളതു ലജ്ജാവഹമാകുന്നു. എന്നാൽ നമ്മുടെ പ്രാചീനവിദ്യാപീഠങ്ങൾക്കു് ഇല്ലാതിരുന്ന ചില ദോഷങ്ങൾ ആക്സ്ഫോർഡിനുണ്ടു്. അവിടത്തെ വിദ്യാഭ്യാസം വളരെ ചെലവുള്ളതാകയാൽ അതു പാവങ്ങളുടെ സാദ്ധ്യതാപരിധിക്കു് വെളിയിലാണു്. പക്ഷേ ഈയിടെയായി വിദ്യാർത്ഥിവേതനങ്ങൾ മൂലം ഈ ദോഷം കുറെയൊക്കെകുറഞ്ഞിട്ടുണ്ടു്. അങ്ങനെ ആക്സ്ഫോർഡിൽ ബുദ്ധിമാന്മാരായ സാധുക്കൾക്കു വിദ്യാഭ്യാസം സാദ്ധ്യമല്ലാതിരിക്കുന്നു. നമ്മുടെ പ്രാചീനസർവ്വകലാശാലകളിൽ ജാതിരാക്ഷസൻ വളരെ അനർത്ഥം വരുത്തിക്കൂട്ടിയെങ്കിലും സമ്പന്നന്മാരും ദരിദ്രന്മാരും സമത്വം അനുവദിക്കപ്പെട്ടിരുന്നു. കൂടാതെ ആക്സ്ഫോർഡിൽ മോക്ഷമല്ല, ഈ ലോകത്തിൽ കഴിഞ്ഞുകൂടുന്നതു എങ്ങനെയെന്നുള്ളതാണു് വിദ്യാഭ്യാസലക്ഷ്യമായി കരുതപ്പെട്ടിരിക്കുന്നതു്-തന്നിമിത്തം ആത്മികവിഷയങ്ങളെക്കാൾ ഭൗതികവിഷയങ്ങൾ കൂടുതൽശ്രദ്ധിക്കപ്പെടുന്നു. ലോകത്തിൽ കഴിഞ്ഞുകൂടുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി മിക്കപ്പോഴും അവർസാന്മാർഗ്ഗികമായ ശങ്ക പ്രദർശിപ്പിക്കാറുമില്ല. അതുപോലെതന്നെ,വിമാനങ്ങളെബാംബെറിയുക, മുന്നൂറുമൈൽദൂരം വെടിയുണ്ട പായുന്ന തോക്കുകൾ കണ്ടുപിടിക്കുക,വിഷവായു തയാറാക്കുക, എന്നങ്ങനെ നശീകരണവിദ്യകൾക്കായിട്ടാണു ഗവേഷണവേലകൾ അധികപക്ഷവും ചെയ്തുവരുന്നതു്. "യൂറോപ്പു ലോകത്തെ നടത്തുന്നു; വെള്ളക്കാരൻ എല്ലാററിന്റേയും അ

ധീശനാണ്'' എന്നിങ്ങിനെയുള്ള തത്വം അറിഞ്ഞോ, അറിയാതെയൊ പഠിപ്പിക്കുകയും തദ്വാരാ ഭാവിലോകസമാധാനത്തിന് എത്രയും അപായകരമായ വർഗ്ഗീയദുരഭിമാനം പോററി വളത്തുകയും ചെയ്യുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സ്പർദ്ധയും കാര്യജ്ഞാനവുമുണ്ടായിരിക്കേണ്ടവർ ചരിത്രത്തെ ഇഷ്ടംപോലെ വളച്ചുതിരിക്കുന്നതിനു സഹായിക്കുന്നു.

മനുഷ്യൻ സാന്മാർഗ്ഗികവും, മാനസികവും കായികവും ആയി ഒരു ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും, അവനെ അവൻെറ ജീവിതവൃത്തിക്കു അനുഗുണമാക്കിത്തിക്കുകയും തന്മൂലം അവൻ ലോകകാര്യങ്ങളുടെ സംവിധാനത്തിൽ ശരിയായ സ്ഥാനം പ്രാപിക്കുകയും ചെയ്യുന്നതിനും, മിഥ്യയായ കാര്യസാരം കളഞ്ഞിട്ടു ശരിയായ കാര്യസാരം ഗ്രഹിക്കുന്നതിനു അവനെ പ്രാപ്തനാക്കുന്നതിനും, ഒരിക്കലും തൃപ്തിയടയാത്തവണ്ണം ജ്ഞാനത്തേയും സത്യത്തേയും പററിയുള്ള ഒരു തൃഷ്ണ അവനിൽ ഉളവാക്കുന്നതിനും അപ്രമാദമായ വിചിന്തനം, വാദപ്രതിവാദം, അഭിപ്രായപ്രകടനം എന്നിവയുംമറ്റുമുള്ള ബുദ്ധിവിശേഷത്തെ പുലത്തുന്നതിന്നും, ശരിയായിട്ടുള്ള സ്നേഹിതന്മാരെയും കൂട്ടുകാരെയും തിരഞ്ഞെടുക്കുന്നതിന് അവനെ സഹായിക്കുന്നതിനും അവനെ സമുദായത്തിലെ ഏററവുംവിലയേറിയ ഒരംഗമാക്കുന്നതിനും, അവൻെറ ജ്ഞാനം, പരിചയാനുഭവങ്ങൾ, യുക്തി, സമ്പത്ത്, ശക്തി, എന്നിവയെ അനഹാല്ലാത്ത അവൻെറ സമസൃഷ്ടങ്ങൾക്കുവേണ്ടി പ്രയോഗിച്ച് സാധുക്കളെയും അറിവില്ലാത്തവരെയും, മർദ്ദിതരെയും, ദുഷ്ടരേയും അധോഗതി അടഞ്ഞവരേയും, സഹായിക്കയും, അങ്ങനെ അവൻ ലോകത്തെ ആദ്യം കണ്ടതിനെക്കാൾ നല്ലനിലയിൽ ദശിച്ചിട്ടു മരിക്കയും ചെയ്യത്തവണ്ണം അവനെ മനുഷ്യവർഗ്ഗത്തിൻെറ സേവകനാകുന്നതിനു ശേഷിമാനാക്കുന്നതിനും ആയിരിക്കണം ഒരു ആദർശവിദ്യാഭ്യാസത്തിൻെറ യഥാർത്ഥോദ്ദേശം. ആക്സ്ഫോർഡോ, നളന്ദയോ, തക്ഷശിലയോ, വാരണാസിയോ, അവയുടെ പൂർവ്വവിദ്യാർത്ഥികൾക്കുവേണ്ടി ഇതെല്ലാം ചെയ്യുന്നതിൽ പൂർണ്ണവിജയം പ്രാപിച്ചിട്ടില്ല. എന്നിരുന്നാലും പലരുടേയും കാര്യത്തിൽ അവ ഇപ്രകാരം ചെയ്തിട്ടുണ്ടെന്നുള്ളതും എല്ലാവരുടേയും കാര്യത്തിൽ അങ്ങനെ ചെയ്വാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതും അവയുടെ പ്രയോജനത്തിന് ധാരാളം മതിയാകുന്ന പ്രശംസയും കൃതജ്ഞതാസമന്വിതമായ ഒരു മനുഷ്യവർഗ്ഗം അവയുടെ പേരിൽ കരുതിയിരിക്കുന്ന സ്നേഹത്തിനും, ഭക്ത്യാദരങ്ങൾക്കും തികഞ്ഞ സാധൂകരണവും ആകുന്നു.

ഒന്നാംഭാഗം സമാപ്തം.

—*—

Indic Digital Archive Foundation
gpura.org